ചിത്രമെഴുത്ത് കെ. എം. വറുഗീസിന്റെ സാഹിത്യ സംഭാവനകൾ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഓറിയന്റൽ ഫാക്കൽറ്റിയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം

ലീലമ്മ ജോർജ്ജ്
സെലക്ഷൻ ഗ്രേഡ് ലക്ചറർ, മലയാളം വിഭാഗം,
ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര.

മലയാളം റിസർച്ച് സെന്റർ
കാതോലിക്കേറ്റ് കോളേജ് പത്തനംതിട്ട
മഹാത്മാഗാന്ധി സർവ്വകലാശാല
2007

THE LITERARY CONTRIBUTIONS OF CHITRAMEZHUTHU K. M. VARGHESE

THESIS SUBMITTED TO THE MAHATMA GANDHI UNIVERSITY
FOR THE DEGREE OF DOCTOR OF PHILOSOPHY IN THE FACULTY
OF ORIENTAL STUDIES

LEELAMMA GEORGE

S.G. LECTURER, DEPARTMENT OF MALAYALAM

BISHOP MOORE COLLEGE,

MAVELIKARA

Malayalam Research Centre

Catholicate College, Pathanamthitta

Mahatma Gandhi University

2007

DECLARATION

I hereby declare that this thesis entitled "The literary contributions of Chitramezhuthu K. M. Varghese" is a bonafide record for the research work done by me under the valuable guidance of Dr. T.V.Mathew, Guide, Malayalam Research Centre, Department of Malayalam, Catholicate College, Pathanamthitta. No part of this thesis has been submitted earlier for any other purpose.

Leelamma George

LEELAMMA GEORGE

Dr. T.V. Mathew M.A; PhD
Catholicate College
Principal Investigator
Pathanamthitta
University Grants Commission
Research Centre, Malayalam Research Centre.

CERTIFICATE

This is to certify that this thesis "The literary contributions of Chitramezhuthu K. M. Varghese" submitted for the award of the Degree of Doctor of Philosophy in the faculty of Oriental Studies of Mahatma Gandhi University is a record of bonafide research carried out by Smt. Leelamma George under my supervision.

Dr. T.V.Mathew

Pathanamthitta

17../12 / 2007.

ആമുഖം.

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു സാഹിത്യകാരനായിരുന്നു ചിത്രമെഴുത്ത് കെ.എം. വറുഗീസ്. ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ സ്പന്ദനം ഉൾക്കൊള്ളാൻ കഴിഞ്ഞ അദ്ദേഹം മലയാള ഗദ്യകവിതാപ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകൻ ആയിരുന്നു. ചെറുകഥ, ഗദ്യകവിത, ലേഖനങ്ങൾ, ചരിത്രനോവൽ, തൂലികാചിത്രങ്ങൾ, അവതാരികകൾ, അഭിപ്രായങ്ങൾ, നിരൂപണങ്ങൾ എന്നിങ്ങനെയുള്ള വിവിധ സാഹിത്യശാഖകളിൽ അദ്ദേഹത്തിന്റെ സർഗ്ഗസ്വത്വം പ്രകടമായി. ചിത്രമെഴുത്തിലൂടെ പ്രശസ്തനായ അദ്ദേഹം സാഹിത്യരചനയിലും മികവ് പുലർത്തി. ചിത്രകാരന്റെ സൗന്ദര്യബോധം സാഹിത്യവൈഭവത്തിന്റെയും അന്തർധാരയായിരുന്നു. അന്നത്തെ ഭരണാധികാരികളാലും സമകാലികരാലും അദ്ദേഹം ആദരിക്കപ്പെട്ടിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ രചനകൾ പ്രകാശിതങ്ങളായി. പ്രശസ്ത സാഹിത്യകാരന്മാരുമായി ബൗദ്ധിക സൗഹൃദം പുലർത്തിയിരുന്ന അദ്ദേഹം സമൂഹത്തിന്റെ ചലനങ്ങളിൽ തൂലികയിലൂടെ പങ്കാളിയായി. സമകാലിക സമൂഹത്തിൽ മാനിതനായിരുന്ന അദ്ദേഹം പുത്തൻ തലമുറകൾക്ക് അപരിചിതനായിക്കൊണ്ടിരിക്കുകയാണ്. അരനൂറ്റാണ്ട് കാലം അക്ഷരങ്ങളിലൂടെ സമൂഹവുമായി സംവദിച്ചുപോന്ന ചിത്രമെഴുത്ത് കെ.എം. വറുഗീസിന്റെ സാഹിത്യ സംഭാവനകളുടെ പഠനമാണ് ഈ ഗവേഷണപ്രബന്ധത്തിന്റെ ലക്ഷ്യം.

കെ.എം. വറുഗീസിന്റെ രചനകളെപ്പറ്റി ആധികാരികമായ പഠനങ്ങൾ വേണ്ടുവോളം ഉണ്ടായിട്ടില്ല. സാഹിത്യചരിത്രകാരന്മാർ അദ്ദേഹത്തെ പരാമർശിച്ചു കടന്നുപോവുകയാണ് ചെയ്തിട്ടുള്ളത്. സമകാലിക പ്രസിദ്ധീകരണങ്ങളിലെ ചില വിവരണങ്ങളും കൊടുപ്പുന്നഗോവിന്ദഗണകൻ രചിച്ച തൂലികാചിത്രവും മാത്രമാണ് കെ.എം. വറുഗീസിനെക്കുറിച്ചുള്ള ഏകദേശവിവരണം നൽകുന്നത്. പള്ളിപ്പാട്ട് കുഞ്ഞികൃഷ്ണൻ 'നമ്മുടെ സാഹിത്യകാരന്മാർ' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ജീവചരിത്രക്കുറിപ്പും കെ.എം. മാമ്മൻ രചിച്ച ജീവചരിത്രവും പോൾ മണലിലിന്റെ 'കെ.എം. വറുഗീസിന്റെ തിരഞ്ഞെടുത്ത രചനകൾ' എന്ന പഠനവും അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുന്നു. ഇവയിൽ കെ.എം. വറുഗീസിന്റെ സാഹിത്യകൃതികളുടെ അപഗ്രഥനാത്മകപഠനം പൂർണ്ണമായി നടന്നിട്ടില്ല. ഈ പശ്ചാത്തലത്തിൽ ആണ് അദ്ദേഹത്തിന്റെ സമ്പൂർണ്ണസാഹിത്യസംഭാവനകളെക്കുറിച്ചുള്ള പഠനത്തിനു തയ്യാറാകുന്നത്.

ഈ ഗവേഷണപ്രബന്ധം ഏഴ് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

ഒന്നാം അദ്ധ്യായത്തിൽ കെ.എം. വറുഗീസിന്റെ സാഹിത്യരചനയുടെ പശ്ചാത്തലം അപഗ്രഥിക്കുന്നു. രണ്ടാം അദ്ധ്യായത്തിൽ അദ്ദേഹത്തിന്റെ ജീവിതചിത്രവും സാഹിത്യസംഭാവനകളുടെ വിവരണവും ഉൾപ്പെടുത്തുന്നു,. മലയാളത്തിലെ ചെറുകഥകളുടെ അപഗ്രഥനവും കെ.എം. വറുഗീസിന്റെ ചെറുകഥകളുടെ വിശദമായ പഠനവുമാണ് മൂന്നാം അദ്ധ്യായം. കെ.എം. വറുഗീസിന്റെ മുദ്രമുദ്രയായ ഗദ്യകവിതകളുടെ വിശകലനം നാലാം അദ്ധ്യായത്തിൽ ചേർക്കുന്നു. അഞ്ചാം അദ്ധ്യായം വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ലേഖനങ്ങളുടെ പരിശോധനയും പഠനവുമാണ്. മലയാളത്തിലെ ചരിത്രനോവലുകളുടെ ചരിത്രവും കെ.എം. വറുഗീസ് രചിച്ച ചരിത്രനോവലുകളുടെ സൂക്ഷ്മനിരീക്ഷണവുമാണ് ആറാം അദ്ധ്യായം.

ഏഴാം അദ്ധ്യായത്തിൽ കെ.എം. വറുഗീസിന്റെ വ്യത്യസ്ത രചനകളുടെ പഠനമാണ് നിർവ്വഹിച്ചിരിക്കുന്നത്.

ഉപസംഹാരം മുൻ അദ്ധ്യായങ്ങളുടെ പഠനത്തിൽ നിന്ന് ഉരുത്തിരിയുന്ന ഉപദർശനമാണ്. അരനൂറ്റാണ്ടിന അപ്പുറമുള്ള ഒരു കലാകാരൻ ഇന്നും പ്രസക്തനാകുന്നു എന്ന സത്യം വസ്തുതകളുടെ പഠനമനനങ്ങളിലൂടെ സമർത്ഥിക്കപ്പെടുന്നു. അനുബന്ധമായി ചിത്രമെഴുത്ത് കെ.എം. വറുഗീസിന്റെ സാഹിത്യരചനകളുടെ ചില മാതൃകകളും അദ്ദേഹം രചിച്ച ചിത്രങ്ങളുടെ പട്ടികയും ചേർത്തിരിക്കുന്നു. മലയാള മനോരമ എഴുതിയ മുഖപ്രസംഗം, കൊടുപ്പുന്ന രചിച്ച തൂലികാചിത്രം, എന്നിങ്ങനെ അദ്ദേഹത്തെപ്പറ്റിയുള്ള അഭിപ്രായങ്ങൾ സ്ഥലപരിമിതിമൂലം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

മാവേലിക്കര കല്ലുമല സ്വദേശിയായ കെ.എം. വറുഗീസിന്റെ രചനകൾ പലതും സ്വദേശത്ത് ലഭ്യമല്ല. മലയാള മനോരമ, നസ്രാണി ദീപിക തുടങ്ങിയ പത്രമോഫീസുകളിലെ മൈക്രോഫിലിം രേഖകളിലൂടെ നിരന്തരം സഞ്ചരിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മനസ്സാ ജീവിച്ചുകൊണ്ടാണ് കെ.എം. വറുഗീസിന്റെ രചനകളുടെ പഠനം നിർവ്വഹിച്ചത്. തൃശ്ശൂർ സാഹിത്യ അക്കാഡമി, അപ്പൻ തമ്പുരാൻ ജേർണൽ ലൈബ്രറി, മലയാളമനോരമ ലൈബ്രറി കോട്ടയം, നസ്രാണി ദീപിക ലൈബ്രറി കോട്ടയം, വഞ്ചിയൂർ ശ്രീചിത്തിര തിരുനാൾ ലൈബ്രറി, എന്നീ സ്ഥാപനങ്ങളിൽ നിന്ന് പല വസ്തുതകളും ശേഖരിച്ചു. മദ്രാസ്, നിലമ്പൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന കെ.എം. വറുഗീസിന്റെ പുത്രപൗത്രന്മാർ, മാവേലിക്കര നിവാസികളായ സഹൃദയർ എന്നിവരോടെല്ലാം കെ.എം. വറുഗീസിന്റെ ജീവചരിത്രസംബന്ധമായ വസ്തുതാശേഖരണത്തിൽ ഞാൻ കടപ്പെട്ടിരിക്കുന്നു.

ഈ ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിന മാർഗ്ഗനിർദ്ദേശം നൽകിയ ഡോ. റ്റി. വി. മാത്യുവിനോട് എനിക്ക് അളവറ്റ നന്ദിയുണ്ട്. കെ.എം. വറുഗീസിന്റെ സാഹിത്യ സംഭാവനകളെ അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മപഠനത്തിന എന്നെ നിയോഗിച്ച യശ:ശരീരനായ ഡോ. സാമുവേൽ ചന്ദനപ്പള്ളിയുടെ സ്മരണക്കു മുമ്പിൽ ആദരാഞ്ജലിയർപ്പിക്കുന്നു. ഗവേഷണ സാഹചര്യമൊരുക്കിത്തന്ന പത്തനംതിട്ട കോളേജ് പ്രിൻസിപ്പൽ റവ. പ്രൊ. കെ.ടി. മാത്തുക്കുട്ടി, മലയാളവിഭാഗത്തിലെ അദ്ധ്യാപക-അനദ്ധ്യാപകർ, ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പൽ, മലയാള വിഭാഗ ത്തിലെ സഹപ്രവർത്തകർ, ലൈബ്രറി സ്റ്റാഫ് എന്നിവരോടും നന്ദിയുണ്ട്. എനിക്ക് പിന്തുണയും പ്രോത്സാഹനവും നൽകിയ എന്റെ കുടുംബാംഗങ്ങൾ, ഡി.റ്റി.പി ജോലികൾ ചെയ്ത സന്തോഷ് എന്നിവരോടും നന്ദി രേഖപ്പെടുത്തുന്നു.

ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ
സാഹിത്യസംഭാവനകൾ

<u>ഉള്ളടക്കം</u>

		പേജ്
അദ്ധ്യായം ഒന്ന്	**സാഹിത്യരചനാപശ്ചാത്തലം**	**1–12**
അദ്ധ്യായം രണ്ട്	**വ്യക്തിയും ജീവിതവും**	**13–25**
അദ്ധ്യായം മൂന്ന്	**ചെറുകഥകൾ**	**26–50**
അദ്ധ്യായം നാല്	**ഗദ്യകവിതകൾ**	**51–85**
അദ്ധ്യായം അഞ്ച്	**ലേഖനങ്ങൾ**	**86–154**
അദ്ധ്യായം ആറ്	**ചരിത്രനോവലുകൾ**	**155–202**
അദ്ധ്യായം ഏഴ്	**വ്യത്യസ്ത രചനകൾ**	**203–227**
ഉപസംഹാരം		**228–231**
ആധാരഗ്രന്ഥസൂചി		**232–250**
അനുബന്ധം		**251–303**

അദ്ധ്യായം ഒന്ന്

കെ.എം. വറുഗീസ്

സാഹിത്യ രചനാപശ്ചാത്തലം

ചിത്രമെഴുത്തു കെ.എം. വറുഗീസിന്റെ സാഹിത്യസംഭാവനകൾ കാലഘട്ടത്തോടു ചേർന്നു നിൽക്കുന്നു. അദ്ദേഹത്തിന്റെ രചനകൾക്ക് പശ്ചാത്തലമൊരുക്കിയത് പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളാണ്.

തിരുവിതാംകൂറിന്റെ ചരിത്രത്തിൽ പത്തൊൻപതാം ശതകം നവോത്ഥാനകാലഘട്ടമായിരുന്നു. പാശ്ചാത്യശക്തികളുടെ ആഗമനം നൂതന സാംസ്കാരികതരംഗം സൃഷ്ടിച്ചപ്പോൾ അത് മലയാളികളുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രസരിച്ചു. വാണിജ്യാർത്ഥം കടന്നുവന്ന വൈദേശികർ മതപ്രചരണത്തിന പാശ്ചാത്യവിദ്യാഭ്യാസം ഉപാധിയാക്കി. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടുത്തെ യാഥാസ്ഥിതിക മനസ്സുകളെ തിരുത്തിക്കുറിയ്ക്കുകയും പുരോഗമനത്തിന് വഴിയൊരുക്കുകയും ചെയ്തു. ബൗദ്ധികവും വൈകാരികവുമായ പരിവർത്തനം സ്വതന്ത്രചിന്തകൾക്കും സാംസ്കാരികോന്നമനത്തിനും പാത ഒരുക്കി. വിപ്ലവകരമായ മാറ്റങ്ങൾ ആദ്യമായി ഭരണസംവിധാനത്തിൽ പ്രകടമായി. നിലവിലുള്ള ഭരണവ്യവസ്ഥയെ വിമർശനാത്മകമായി വീക്ഷിച്ചുതുടങ്ങിയ തിരുവിതാംകൂർജനത രാഷ്ട്രീയ സമരങ്ങളിലേക്കും ജനാധിപത്യഅവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളിലേക്കും തിരിഞ്ഞു.

1.1 രാഷ്ട്രീയ രംഗം

പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽത്തന്നെ ഇവിടുത്തെ പ്രബുദ്ധ ജനത പ്രതികരിച്ചുതുടങ്ങി. വേലുത്തമ്പിദളവാ ജനങ്ങളുടെ സംഘടിതശക്തിയുടെ പിൻബലത്തോടുകൂടി ജനവിരോധികളായ മന്ത്രിമാർക്കെതിരെ രാഷ്ട്രീയസമരം നയിക്കുകയും ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭണം നടത്തുകയും ചെയ്തു.[1]

വിദ്യാസമ്പന്നരായ മദ്ധ്യതലവർത്തികൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ വ്യവസ്ഥാപിതപ്രക്ഷോഭണം സംഘടിപ്പിച്ചു. ഭരണത്തിന്റെ പല തലങ്ങളുമായി ജനങ്ങൾക്കു ബന്ധം സ്ഥാപിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. സർക്കാർ നിയമനങ്ങളിൽ ഉചിത മായ ഒരു വിഹിതം വിദ്യാസമ്പന്നരായ നാട്ടുകാർക്ക് നൽകുവാൻ അഭ്യർത്ഥിക്കുന്ന പ്രമേയം മലയാളി മെമ്മോറിയൽ - 1891 ൽ മഹാരാജാവിന സമർപ്പിക്കപ്പെട്ടു.2 ഇത് സാമൂഹ്യസമത്വത്തിനു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾക്ക് തുടക്കം കുറിച്ചു. ജാതി യുടെ പേരിലുള്ള അസമത്വങ്ങൾ ഈഴവസമുദായത്തെ പ്രകോപിതരാക്കി. തിരുവി താംകൂറിലെ ഹൈന്ദവസമുദായത്തിൽപ്പെട്ട പിന്നോക്കസമുദായക്കാർ സാമൂഹികസ മത്വവും നീതിയും നേടുവാൻ നടത്തിയ പരിശ്രമത്തിന്റെ ഫലമായി 1896 ൽ ഈഴവ മെമ്മോറിയൽ മഹാരാജാവിന സമർപ്പിക്കപ്പെട്ടു. [3]

പൗരാവകാശസമത്വം സമ്പാദിക്കുന്നതിൽ അവർണ്ണഹിന്ദുക്കളും ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങളും സംഘടിച്ചു പ്രവർത്തിച്ചത് ഈ കാലഘട്ടത്തിന്റെ പ്രത്യേക തയായിരുന്നു. ദേവസ്വങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്നതുകൊണ്ട് ക്ഷേത്രപ്രവേശനത്തിന അർഹരല്ലാത്ത അവർണ്ണരും അഹിന്ദുക്കളും അവിടെ ഉദ്യോഗത്തിന അർഹരല്ല എന്ന സർക്കാർ നിലപാടിനെ തിരെ നിരോധിതസമുദായങ്ങൾ ചേർന്ന് 1919 ൽ പൗരാവകാശലീഗിന രൂപം കൊടു ത്തു. പൗരസമത്വവാദപ്രക്ഷോഭണം ആരംഭിക്കുകയും ഓരോ സാമുദായികനേതാ ക്കന്മാരും അവരവരുടെ സമുദായങ്ങളുടെ പൗരബോധമുണർത്തുവാൻ ശ്രമിക്കു കയും ചെയ്തു. കക്കാഴം ബാവ, ആറാട്ടുപുഴപ്പണിക്കൻ, ഇ. ജോൺ ജേക്കബ്, ജേക്കബ് കുര്യൻ, ചിത്രമെഴുത്തു കെ. എം. വറുഗീസ് എന്നിവർ സ്വസമുദായാംഗ ങ്ങളെ പ്രബുദ്ധരാക്കുവാൻ ശ്രമിച്ചു.

മഹാത്മാഗാന്ധിയുടെ രാഷ്ട്രീയരംഗപ്രവേശം കേരളീയരുടെ രാഷ്ട്രീയാ വേശം ജ്വലിപ്പിച്ചു. തിരുവനന്തപുരത്തെ വിദ്യാർത്ഥിസമൂഹം ഘോഷയാത്രകൾ, സമ്മേളനങ്ങൾ, വിദേശവസ്തുബഹിഷ്കരണം എന്നിവ സംഘടിപ്പിച്ചു. 1922 ൽ

ദിവാൻ രാഘവയ്യയുടെ ഭരണകൂടം വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചതിനെതിരായി തിരുവനന്തപുരത്തും തിരുവിതാംകൂറിന്റെ മറ്റുഭാഗങ്ങളിലും പ്രതിഷേധപ്രക്ഷോഭണങ്ങൾ നടത്തി. വിദ്യാർത്ഥിലഹളയും വിദ്യാർത്ഥിവേട്ടയും അന്നത്തെ പ്രധാനസംഭവങ്ങളായിരുന്നു.

സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളോടൊപ്പം ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളും ഇക്കാലത്ത് ശക്തമായി. പൗരസമത്വവാദത്തിന്റെ അനുരണനമെന്നവണ്ണം സാമുദായികാസമത്വങ്ങൾക്ക് രാഷ്ട്രീയ പരിഹാരം കണ്ടെത്തുവാനുള്ള പ്രയത്നങ്ങൾ സംഘടിപ്പിക്കപ്പെട്ടു. കരം തീരുവയുടെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം മാനദണ്ഡമാക്കി ഈഴവ - ക്രൈസ്തവ - മുസ്ലീം സമുദായങ്ങളെ നിയമസഭയിൽ നിന്നും സർക്കാർ സർവ്വീസിൽനിന്നും ഒഴിച്ചുനിർത്തിയിരുന്നു. 1933 ൽ അവഗണിത സമൂഹം സമ്മേളിച്ച് നിയമസഭകളിൽ നിന്ന് വിട്ടുനിൽക്കുക എന്ന നിവർത്തനപ്രമേയം പാസ്സാക്കി. തുടർന്ന് പ്രക്ഷോഭണങ്ങളിലൂടെ വോട്ടവകാശവും സീറ്റു സംവരണവും നേടിയെടുത്തു.

തിരുവിതാംകൂറിലെ ജനങ്ങൾക്ക് പൂർണ്ണമായ ഉത്തരവാദഭരണം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 1938 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനം ആരംഭിച്ചു. സർ സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാഭരണം അക്രമങ്ങൾക്കും പ്രതിഷേധങ്ങൾക്കും പ്രകടനങ്ങൾക്കും കാരണമായി. ക്ഷോഭജനകമായ ഒട്ടേറെ സംഭവവികാസങ്ങൾക്കുശേഷം 1948 മാർച്ച് 24-ാം തീയതി ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരത്തിൽ വന്നു.

കെ. എം. വറുഗീസ് രചനാരംഗത്തേക്കു കടന്നുവന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ രാഷ്ട്രീയ സാഹചര്യം തിരുവിതാംകൂർ ജനതയെ മുഴുവൻ പൗരാഭിമാനപ്രചോദിതരാക്കുവാൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഈ രാഷ്ട്രീയ ചലനങ്ങളുടെ സ്വാധീനം പ്രകടമായിരുന്നു.

1.2 സാമുദായിക രംഗം

പാശ്ചാത്യവിദ്യാഭ്യാസവും മിഷനറിമാരുടെ പ്രവർത്തനങ്ങളും മതപരവും സാമൂഹികവുമായ അടിസ്ഥാന പരിഷ്കരണങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു. ഇരുപതാം ശതകത്തിന്റെ പ്രാരംഭദശകങ്ങളിൽ സുശക്തമായ സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. ഹൈന്ദവസമുദായ ത്തിലാകമാനം പുരോഗമനപ്രവർത്തനങ്ങൾ ശക്തമായി. രാമകൃഷ്ണമിഷൻ, ബ്രഹ്മ വിദ്യാസംഘം, ആര്യസമാജം മുതലായ സംഘടനകളുടെ നേതൃത്വത്തിൽ ശക്തി യാർജ്ജിച്ചുവന്ന അഖിലഭാരത ഹിന്ദുമതപരിഷ്കരണശ്രമങ്ങൾ കേരളീയ ഹിന്ദു ക്കളെയും പ്രബുദ്ധരാക്കി.

കേരളത്തിൽ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുസ്വാമികളും സമകാ ലികസാമൂഹികവ്യവസ്ഥിതിയെ വിമർശിക്കുകയും ഹൈന്ദവർക്ക് ആദ്ധ്യാത്മിക നവോത്ഥാനദർശനം പകരുകയും ചെയ്തു. ചട്ടമ്പിസ്വാമികൾ ബ്രാഹ്മണർക്ക് സമൂ ഹത്തിലുണ്ടായിരുന്ന പ്രാമാണ്യത്തെ എതിർക്കുകയും നായന്മാർക്കും ഈഴ വർക്കും സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കണമെന്ന അവബോധം നൽകു കയും ചെയ്തു. നായർ സമുദായത്തിന്റെ ഉത്ഥാനം മറ്റ് അബ്രാഹ്മണ വിഭാഗ ങ്ങൾക്ക് ഉത്തേജകമായി. ശ്രീനാരായണഗുരു ഈഴവസമുദായത്തിന് നവോത്ഥാന ചൈതന്യം നൽകി. അദ്ദേഹം ജാതിപരമായ അനാചാരങ്ങൾക്കെതിരെ പ്രവർത്തി ച്ചു. ഈഴവരുടെ സമഗ്രമായ അഭ്യുദയത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇതര സമുദായങ്ങൾക്കും ഉത്തേജകമായി. അയ്യൻകാളി ഹരിജനങ്ങളെ സംഘടിപ്പിക്കുന്ന തിനും വ്യക്തിപരമായ അവകാശങ്ങളെപ്പറ്റി ബോധവത്ക്കരിക്കുന്നതിനും ശ്രീനാരാ യണഗുരുവിനെ മാതൃകയാക്കി. വക്കം അബ്ദുൾ ഖാദർ മൗലവി മുസ്ലീം സമുദായ ത്തിന് വിദ്യാഭ്യാസത്തിലൂടെ സാംസ്കാരിക സമുദ്ധരണം നൽകി. ഈ സമുദായിക പരിഷ്ക്കരണശ്രമങ്ങൾ മിക്കവാറും എല്ലാ കേരളീയ മതവിഭാഗങ്ങളിലും അനുകര

ണമോ പരസ്പര സ്വാധീനമോ എന്ന നിലയിൽ വളരെ പ്രകടമായിരുന്നു എന്ന് പി. കെ. ഗോപാലകൃഷ്ണൻ രേഖപ്പെടുത്തുന്നു. ശ്രീനാരായണഗുരു കാണിച്ച പാതയിൽക്കൂടി അവർണ്ണസമുദായങ്ങൾ മാത്രമല്ല സവർണ്ണ സമുദായങ്ങളും വളർന്നുതുടങ്ങി. [5]

ഇരുപതാം നൂറ്റാണ്ടിൽ രൂപം പ്രാപിച്ച സാമുദായിക സംഘടനകൾ സാമൂഹിക പരിഷ്കരണ ശ്രമങ്ങൾക്ക് ചുക്കാൻപിടിച്ചു. 1903 ൽ സ്ഥാപിതമായ എസ്. എൻ. ഡി. പി. യോഗം ശ്രീനാരായണ ഗുരുവിന്റെ ഉപദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ഈഴവസമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കായി പ്രവർത്തിച്ചു. 1914 ൽ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ സംഘടിതമായ നായർ സർവ്വീസ് സൊസൈറ്റി നായർസമുദായത്തിന്റെ ഉന്നമനവും സാമുദായികനാചാരങ്ങളുടെ നിർമ്മാർജ്ജനവും ലക്ഷ്യമാക്കി. 1907 ൽ ഹരിജനോദ്ധാരണത്തിനായി അയ്യൻകാളി സാധുജനപരിപാലനസംഘം സ്ഥാപിച്ചു. നമ്പൂതിരിസമുദായത്തിൽ ആധുനികവിദ്യാഭ്യാസം പ്രചരിപ്പിക്കുക, നമ്പൂതിരിവിവാഹസമ്പ്രദായത്തിലും അന്തർജ്ജനങ്ങളുടെ പാരതന്ത്ര്യത്തിലും മാറ്റങ്ങൾ വരുത്തുക എന്ന ലക്ഷ്യങ്ങൾ മുൻനിർത്തി 1908 ൽ യോഗക്ഷേമസഭ സംഘടിപ്പിക്കപ്പെട്ടു. തിരുവിതാംകൂർ മുസ്ലീംമഹാസഭയും ചിറയിൻകീഴ് താലൂക്ക് മുസ്ലീംസമാജവും മുസ്ലീംസമുദായ നവോത്ഥാനത്തിനായി പ്രയത്നിച്ചു. ക്രൈസ്തവസമുദായവും ഈ പരിഷ്ക്കരണപ്രക്രിയയുടെ ചലനങ്ങൾ ഉൾക്കൊണ്ടു.

1.3 സാഹിത്യരംഗം

പത്തൊൻപതാം ശതകത്തിലെ സാഹിത്യരംഗം യൂറോപ്യൻ ശക്തികളുടെ ത്വരിതഗമനമായ പ്രവർത്തനങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടിരുന്നു. അച്ചടിശാലയും മലയാളനിഘണ്ടുക്കളും വ്യാകരണഗ്രന്ഥവും മലയാളഭാഷയ്ക്കും സാഹിത്യത്തിനും വളരുവാനുള്ള പശ്ചാത്തലം സജ്ജമാക്കി. പത്തൊൻപതാം ശതകത്തിന്റെ പ്രാരംഭ

ത്തിൽ റവ. ബഞ്ചമിൻ ബെയ്‌ലി കോട്ടയം സി.എം. എസ്. പ്രസ് സ്ഥാപിക്കുകയും ഭാഷ, വ്യാകരണം, ചരിത്രം, മതതത്വശാസ്ത്രം എന്നിവയെ അധികരിച്ചുള്ള പ്രസിദ്ധീകരണങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്തു. ഡോ. ഹെർമൻഗുണ്ടർട്ടിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടുവും റവ. ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണവും തുടർന്നുള്ള ഗദ്യരചനകളും ഭാഷയ്ക്ക് സുവ്യക്തമായ ഘടനയും സ്വതന്ത്രവും മൗലികവുമായ വിദ്യാഭ്യാസവും ഉറപ്പാക്കി. പാശ്ചാത്യസാഹിത്യസമ്പർക്കം മലയാളസാഹിത്യത്തിലും പുതിയ ശാഖകൾ തുറന്നു. ആർച്ചു ഡീക്കൻ കോശി 1882 ൽ രചിച്ച പുല്ലേലിക്കുഞ്ചുവും അപ്പു നെടുങ്ങാടി 1887 ൽ രചിച്ച കുന്ദലതയും മലയാള നോവൽപ്രസ്ഥാനത്തിന ആരംഭം കുറിച്ചു. 1889 ൽ ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ' പുറത്തുവന്നു. അത് മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യത്തെ നോവലായി[6]. തെക്കൻ തിരുവിതാംകൂറിൽ സി. വി. രാമൻപിള്ള ചരിത്രനോവലിലൂടെ ഒരു പുതിയ രചനാശില്പം സൃഷ്ടിച്ചു. അപ്പൻതമ്പുരാൻ ചെങ്ങളത്തുകുഞ്ഞിരാമമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, കപ്പന കൃഷ്ണമേനോൻ, സർദാർ കെ.എം. പണിക്കർ എന്നിവർ ചരിത്രനോവൽ രചയിതാക്കളുടെ മുൻഗാമികളായി.[7] പാശ്ചാത്യ നോവലുകളിലെ നൂതന സങ്കേതങ്ങളും നവരൂപങ്ങളും സ്വീകരിച്ചു കൊണ്ട് മലയാള നോവൽസാഹിത്യം വളർന്നു. 1930 നു ശേഷം നോവൽരംഗത്ത് പുതിയ പരീക്ഷണങ്ങൾ പ്രകടമായി.

മലയാള ചെറുകഥാരംഗം ഫ്രഞ്ച്, ഇംഗ്ലീഷ്, റഷ്യൻ സാഹിത്യകാരന്മാരുടെ കലാസൃഷ്ടികളുടെ സ്വാധീനം മൂലം നവചൈതന്യം ആർജ്ജിച്ചു. കവിതാരംഗത്ത് ശ്രദ്ധേയരായിരുന്ന സാഹിത്യകാരന്മാർ വ്യത്യസ്തമായ ഒരു ശാഖ എന്ന നിലയിൽ ചെറുകഥാരചനയിലേയ്ക്കു പ്രവേശിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ രൂപമെടുത്ത മലയാളചെറുകഥകൾക്ക് നിയതമായ രൂപമോ നിശ്ചിതമായ നിയമങ്ങളോ കുറിക്കപ്പെട്ടിരുന്നില്ല. ഇരുപതാംനൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തോടടുത്ത് ചെറുക

ഥാരൂപസങ്കല്പങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടു. അതുവരെ വായനയുടെ നവ്യാനുഭവം എന്ന സവിശേഷത മാത്രമാണ് അവയ്ക്ക് അർഹമായിരുന്നത്. അനന്തരം തകഴി, ദേവ് തുടങ്ങിയ നവോത്ഥാനകാഥികരിലെത്തുമ്പോൾ മാനദണ്ഡങ്ങൾക്കനുസൃതമായ ജീവിതഗൗരവമാർന്ന ചെറുകഥകൾ മലയാളസാഹിത്യത്തിന സ്വന്തമായി. വേങ്ങയിൽ കുഞ്ഞിരാമൻനായനാരിൽ പ്രാരംഭം കാണുന്ന മലയാള ചെറുകഥാസാഹിത്യം നാല്പതുവർഷത്തോളം വ്യത്യസ്തമാനദണ്ഡങ്ങൾ പുലർത്തുന്ന കഥകളിലൂടെ നിലനിന്നു എന്നത് ആദ്യകാലചെറുകഥകളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളം തർജ്ജമ മലയാളനാടകരംഗത്ത് ഒരുപുതിയ കാൽവെയ്പായിരുന്നു. സംസ്കൃതനാടക തർജ്ജമങ്ങളും അനുകരണങ്ങളും അനുരണനങ്ങളും നിരവധി രൂപമെടുത്തു. സാമൂഹ്യജീവിതത്തെ ബോധപൂർവ്വം ഫലിപ്പിച്ചുകൊണ്ട് ഗൗരവമുള്ള സാഹിത്യശാഖയായി നാടകവും വളർന്നു. ഗദ്യനാടകങ്ങൾ നവോത്ഥാനചിന്തകളെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു. എൻ.കൃഷ്ണപിള്ളയുടെ നാടകങ്ങൾ രൂപഭാവങ്ങളിൽ പുതുപരീക്ഷണങ്ങൾ നടത്തിയപ്പോൾ മലയാളനാടകപ്രസ്ഥാനം വളർച്ചയുടെ മറ്റൊരു പാതയിലെത്തി.

പാശ്ചാത്യസാഹിത്യ സങ്കല്പങ്ങളുടെയും പൗരസ്ത്യ കാവ്യമാതൃകകളുടെയും സമന്വയം മലയാളകവിതയ്ക്ക് പ്രചോദനമായി. കേരളവർമ്മ വലിയകോയിത്തമ്പുരാനും എ. ആർ. രാജരാജവർമ്മയും നേതൃത്വം നൽകിയ പത്തൊൻപതാം നൂറ്റാണ്ടിലെ മലയാളകവിത സാഹിത്യസൗന്ദര്യശാസ്ത്രങ്ങളിൽ ചുവടുറപ്പിച്ചിരുന്നു. സംസ്കൃത പണ്ഡിതനായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ പൗരസ്ത്യ സങ്കല്പങ്ങൾക്ക് പ്രചാരം നൽകി. പഞ്ചഗ്രന്ഥങ്ങളിലൂടെ[8] മലയാളസാഹിത്യത്തിന് അടിത്തറപാകിയ എ. ആർ. രാജരാജവർമ്മ മലയാളകവിതയിൽ റൊമാന്റിസിസത്തിന അംഗീകാരം നൽകി. കവിതയെ വ്യവഹാരഭാഷയോടടുപ്പിച്ച കാവ്യരചനാരീ

തിയും ദ്വിതീയാക്ഷരപ്രാസവാദം, പച്ചമലയാളപ്രസ്ഥാനം തുടങ്ങിയ സാഹിത്യവിവാദങ്ങളും കവിതയുടെ ത്വരിതഗമനത്തിന കൊടുങ്ങല്ലൂർ കോവിലകം സമ്മാനിച്ച മാർഗ്ഗങ്ങളായി. കവിത്രയത്തിന്റെ കാവ്യപരിശ്രമങ്ങൾ നവോത്ഥാനകേരളത്തിന്റെ ചലനങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ നിദാനമായി. കാവ്യരൂപത്തിൽ നവീനതയായി ഗദ്യകവിതാപ്രസ്ഥാനവും ആവിഷ്കൃതമായി.

സാഹിത്യനിരൂപണശാഖയിൽ ആധുനികത കൈവരിക്കുവാൻ എ. ആർ. രാജരാജവർമ്മ പ്രേരകനായി. മൗലികമായ കാവ്യതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നിരൂപണം ചെയ്യപ്പെട്ട കാന്താരതാരകം വ്യാഖ്യാനവും സമകാലിക കവിതാവിമർശനമായ നളിനിയുടെ അവതാരികയും കാവ്യനിരൂപണത്തിന പുതിയ മാർഗ്ഗം തുറന്നു. പാശ്ചാത്യസാഹിത്യവിമർശനം അടിസ്ഥാനമാക്കിയ പി. കെ. നാരായണപിള്ളയും നൂതനസാഹിത്യപ്രസ്ഥാനങ്ങളെ മലയാളികൾക്കു സുപരിചിതമാക്കിയ കേസരി ബാലകൃഷ്ണപിള്ളയും നിരൂപണത്തിന പുതിയ മാനം സൃഷ്ടിച്ചു.

ചെറുകഥാ-നോവൽപ്രസ്ഥാനങ്ങൾക്ക് മാനദണ്ഡം കുറിച്ച എം. പി. പോളും രൂപഭദ്രതാവാദത്തിന്റെ അവതാരകനായ ജോസഫ് മുണ്ടശ്ശേരിയും നിഷ്പക്ഷനിരൂപണത്തിന നിയമം കുറിച്ച കുട്ടികൃഷ്ണമാരാരും ഇരുപതാംനൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടങ്ങളിൽ മലയാളനിരൂപണത്തിൽ ക്രമീകൃതമായ ഒരു തലം സൃഷ്ടിച്ചു.

ഇരുപതാം ശതകത്തിലെ സാഹിത്യപരീക്ഷണങ്ങൾ നിരവധി പുതിയ ശാഖകൾക്ക് രൂപം നൽകി. ഉപന്യാസങ്ങളും ലേഖനങ്ങളും ആത്മകഥകളും തൂലികാചിത്രങ്ങളുമെല്ലാം ഗദ്യശാഖയിലെ പുതുമകളായിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ മലയാളിത്വരൂപീകരണത്തിൽ ഈ പ്രവാഹം ഒരു പ്രചോദനമായിരുന്നു. സാഹിത്യ രചനാരംഗത്തിനു മുഖം തിരിക്കുവാൻ ജന്മവാസനയുള്ള ആർക്കും സാധ്യമായിരുന്നില്ല.

1.4 ക്രൈസ്തവമതരംഗം

കേരളീയ സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും പാശ്ചാത്യരുടെ ആഗമനം ചലനങ്ങൾ സൃഷ്ടിച്ചു. കേരളക്രൈസ്തവസഭയുടെ വളർച്ചയും പിളർപ്പും ഇതിന്റെ പരോക്ഷഫലങ്ങൾ ആയിരുന്നു. വാണിജ്യാർത്ഥം കടന്നു വന്ന പോർട്ടുഗീസുകാർ ഇതിന തുടക്കം കുറിച്ചു. അച്ചടിവിദ്യയും തദ്വാരാ മതപ്രചരണവും ലക്ഷ്യമാക്കിയ അവർ കേരളക്രൈസ്തവരെ മലങ്കര നസ്രാണികൾ എന്നും കേരള കത്തോലിക്കർ എന്നും രണ്ടു വിഭാഗമാക്കി. പതിനേഴാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ മേല്ക്കോയ്മയ്ക്ക് വിധേയമാകേണ്ടി വന്ന മലങ്കരസഭയിൽ മെത്രാൻകക്ഷി, ബാവാ കക്ഷി വിഭജനമുണ്ടായി. ക്രൈസ്തവ സഭയിൽ ഇന്നും വ്യവഹാരമുണർത്തുന്ന ഈ പ്രശ്നം ഇരുപതാം നൂറ്റാണ്ടിൽ വേണ്ടതിലേറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

ക്രൈസ്തവമതത്തിൽ ആധുനികസംസ്കാരം പ്രകടമാകുവാൻ ബ്രിട്ടീഷുകാരുടെ കടന്നുവരവ് കാരണമായി. പാശ്ചാത്യസമ്പർക്കത്തിലൂടെ സി. എം. എസ്, എൽ. എം. എസ് സഭകൾ രൂപീകൃതമായി. നവീകരണപ്രസ്ഥാനത്തിന്റെ പ്രചോദനം മൂലം അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധികാരപത്രത്തിന്റെ പിൻബലത്തിൽ മർത്തോമ്മാ സഭ രൂപമെടുത്തു.

മതമേലദ്ധ്യക്ഷൻമാരുടെ അധികാരവടംവലികളും നവീനചിന്താഗതികളും ഇരുപതാം നൂറ്റാണ്ടിലെ ക്രൈസ്തവ സഭയിൽ കോളിളക്കം ഉണ്ടാക്കി. ലൗകിക അധികാരങ്ങളുടെ നിലനിൽപ്പിനു വേണ്ടിയുള്ള പ്രയത്നത്തിനിടയിൽ സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങൾ അവഗണിക്കപ്പെടുന്നു എന്നത് ഓരോ വിഭാഗത്തിന്റെയും ന്യൂനതയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ തന്നെ ക്രിസ്ത്യാനികൾ വ്യവസായത്തിന്റെയും വാണിജ്യത്തിന്റെയും മേഖലകളിൽ ആധിപത്യം

സ്ഥാപിച്ചു കഴിഞ്ഞിരുന്നു. മന്നത്തുപത്നാഭപിള്ള മാവേലിക്കര താലൂക്കിൽ നായർ മഹാസമ്മേളനത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

> ക്രിസ്ത്യൻ സമുദായത്തെ നോക്കുക അവർ വനംവെട്ടിത്തെളിച്ചു. കനകം വിളയുന്ന തോട്ടം സ്വന്തമാക്കി വ്യവസായവും കച്ചവടവും ക്രിസ്ത്യാനിയുടെ വകയായി. മുസൽമാനും അതുപോലെ തന്നെ. തൊഴിൽ ഇല്ലാത്ത ഒരെണ്ണത്തെ അവരുടെ ഇടയിൽ കാണാനില്ല.[10]

ഈ സാഹചര്യം ക്രൈസ്തവരുടെ ധർമ്മബോധത്തെ ഒരു പരിധി വരെ പ്രതികൂലമായി ബാധിച്ചു. മാർഗ്ഗനിർദ്ദേശത്തിന്റെ അപര്യാപ്തതയിൽ ക്രൈസ്തവ ധർമ്മങ്ങൾ യഥായോഗ്യം പാലിക്കപ്പെടാത്ത അവസ്ഥയിലെത്തി. ഇത്തരുണത്തിൽ വിശ്വാസപരമായി ലേഖനങ്ങൾ രചിക്കുവാനും വാദപ്രതിവാദങ്ങൾ പ്രസിദ്ധപ്പെടുത്തുവാനും മതപണ്ഡിതൻമാർ ശ്രമിച്ചു. തത്ഫലമായി ക്രൈസ്തവചരിത്രത്തെയും സംസ്കാരത്തെയും കുറിച്ചുള്ള അമൂല്യമായ പല അറിവുകളും സമൂഹത്തിന ലഭിച്ചു. ഇതരസമുദായങ്ങളിലെ നവോത്ഥാനപ്രവർത്തനങ്ങൾ ക്രൈസ്തവർക്കും മാതൃകയായി. സമുദായവിമർശനാത്മകവും പൂർവ്വിക പാരമ്പര്യസ്മൃതിജനകവുമായ സാഹിത്യരചനകളിലൂടെ ക്രിസ്ത്യാനികളെയും ഉദ്ബുദ്ധരാക്കുവാനുള്ള ശ്രമങ്ങൾ നടന്നു. ക്രൈസ്തവ സംസ്ക്കാരമുൾക്കൊണ്ട് വ്യക്തിത്വബോധമാർജ്ജിച്ച് രാജ്യസേവനോത്സുകരും ദേശീയബോധപ്രചോദിതരുമായ ഒരു സമൂഹത്തിന ഊർജ്ജം പകരുവാൻ ക്രൈസ്തവ സാഹിത്യകാരന്മാരുടെ തൂലിക ചലിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിലെ നവോത്ഥാനപ്രവർത്തനങ്ങൾ സൃഷ്ടിച്ച ആധുനിക സംസ്കാരപശ്ചാത്തലത്തിലാണ് ഇരുപതാംനൂറ്റാണ്ട് കടന്നു വരുന്നത്. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രതിഭയും പൗരബോധവും ഉള്ള ഒരു വ്യക്തിക്ക് ഈ പ്രതിഭാസങ്ങളിൽ നിന്ന് അന്യനാകുവാൻ സാധ്യമായിരുന്നില്ല. ഈ ലോകവു

മായുള്ള ബന്ധത്തിൽ നാം അനിവാര്യരാണെന്ന ബോധമാണ് ഒരു കലാസൃഷ്ടി യുടെ ഏറ്റവും പ്രധാനമായ ലക്ഷ്യം[11]. സാമൂഹ്യാനുഭവത്തിൽ നിന്ന് ദീപ്തമാകുന്ന സവിശേഷഭാവങ്ങൾ അവരുടെ കലാസൃഷ്ടികൾക്ക് കളമൊരുക്കി. രചനയിലെ നൂതനപരീക്ഷണങ്ങളും പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും പ്രതിഭാശാലികൾക്ക് പ്രചോദനമേകി. സാമൂഹ്യാനുഭവങ്ങളെ ക്രാന്തദർശിത്വത്തോടെ കാണുകയും വിമർശനാത്മകമായി ചിന്തിക്കുകയും അവയിൽ നിന്ന് നവജീവിതത്തിന ആവശ്യ മായ തിരുത്തലുകൾക്ക് വേണ്ടിയുള്ള ഉദ്ബോധനങ്ങൾ ഉൾക്കൊള്ളുകയും ചെയ്ത എഴുത്തുകാർ തങ്ങളോടൊപ്പം ചിന്തിക്കുവാൻ സമൂഹത്തെ പ്രേരിപ്പിച്ചു. ഇപ്രകാരം പ്രചോദനാത്മകമായ സാംസ്കാരികസാഹചര്യത്തിലാണ് ചിത്രമെഴുത്ത് കെ. എം. വറുഗീസ് സാഹിത്യസപര്യ ആരംഭിച്ചത്. 1888 ൽ ജനിച്ച് 1963 ൽ കഥാവശേഷനായ അദ്ദേഹം സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുകയും വിവിധ സാഹിത്യമേഖ ലകളിലേക്ക് കടന്നുചെല്ലുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാല ഘട്ടത്തോളമുള്ള അര നൂറ്റാണ്ടുകൾ കെ. എം. വറുഗീസിന്റെ സാഹിത്യരചനകൾക്ക് പശ്ചാത്തലം ഒരുക്കി. അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകളുടെ പഠനമാണ് ഈ പ്രബന്ധം ലക്ഷ്യമാക്കുന്നത്.

അടിക്കുറിപ്പുകൾ

1. ശ്രീധരമേനോൻ എ. കേരള ചരിത്രം സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം 1978 പുറം 403

2. ,, ആധുനിക കേരളം സാ. പ്ര. സ. സംഘം, കോട്ടയം 1988 പുറം 20

3. ,, ആധുനിക കേരളം സാ. പ്ര. സ. സംഘം 1988 പുറം 22

4. ,, കേരള ചരിത്രം സാ. പ്ര..സ. സംഘം 1978 പുറം 476

5. ഗോപാലകൃഷ്ണൻ പി.കെ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1974 പുറം 514

6. കൃഷ്ണപിള്ള എൻ. കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം 2002 പു. 227

7. ശ്രീധരമേനോൻ എ., കേരള ചരിത്രം, സാഹിത്യപ്രവർത്തക സഹകരണസംഘം കോട്ടയം 1988 പുറം 509

8. രാജരാജവർമ്മയുടെ പഞ്ചഗ്രന്ഥങ്ങൾ -

1. കേരളപാണിനീയം, 2. ഭാഷാഭൂഷണം, 3. സാഹിത്യസാഹ്യം, 4. വൃത്തമഞ്ജരി
5. ശബ്ദശോധിനി

9. സഖറിയ റ്റി. ജി. ഫാ. ഇരുപതാം നൂറ്റാണ്ടിലെ മലങ്കര സഭ, എം. ഒ. സി. പബ്ലിക്കേഷൻസ്, കോട്ടയം 1977 പുറം 300

10. മന്നത്തുപദ്മനാഭപിള്ള, മാവേലിക്കര താലൂക്ക് മഹാസമ്മേളനം, മലയാള മനോരമ കോട്ടയം, 1959 ഏപ്രിൽ 10

11. ജീൻ പോൾ സാർത്ര് : "Why I write' 20th Century Literary Criticism, Longman Group, London, 1972 p 371.

അദ്ധ്യായം രണ്ട്

വ്യക്തിയും ജീവിതവും

ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ ജനനം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ആയിരുന്നു. സാഹിത്യരചനയിലും ചിത്രരചനയിലുമുള്ള അസാമാന്യ പാടവം മൂലം അദ്ദേഹം പില്ക്കാലത്ത് കീർത്തിനേടി. കൈരളീസപര്യയ്ക്ക് നൂതനമാർഗ്ഗങ്ങൾ കണ്ടെത്തിയ വറുഗീസ് രചനാവൈവിദ്ധ്യത്തിലൂടെ ശ്രദ്ധേയനായി. അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളുടെ പഠനവും മനനവും അതിന്റെ പൂർണ്ണതയിൽ എത്തണമെങ്കിൽ അതിനു പശ്ചാത്തലമൊരുക്കിയ ഘടകങ്ങളുടെ അപഗ്രഥനം അനുപേക്ഷണീയമാണ്. ജന്മസ്ഥലം, കുടുംബപശ്ചാത്തലം, വിദ്യാഭ്യാസം, രാഷ്ട്രീയസാമൂഹികസാഹിത്യസാഹചര്യങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, സുഹൃത്തുക്കൾ എന്നിവ അതിൽ പ്രധാന ഘടകങ്ങളാകുന്നു.

2.1 ജനനം

കേരളസംസ്കാരത്തിന്റെ ചൈതന്യം നിറഞ്ഞ മാവേലിക്കരയിലാണ് കെ. എം. വറുഗീസിന്റെ ജനനം. കലാസാഹിത്യപരിപോഷണത്തിൽ തല്പരരായ ഇവിടുത്തെ രാജാക്കൻമാർ നവാഗതരുടെ കലാപരിശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. അക്കാലത്ത കവിതയെഴുത്തും ചിത്രരചനയും കഥകളിയും കളരിയഭ്യാസങ്ങളും അറിഞ്ഞാദരിക്കപ്പെട്ടിരുന്നു. ജന്മസിദ്ധമായ കലാവാസനകളെ തട്ടിയുണർത്തുന്നതിനും വളർത്തുന്നതിനും അനുകൂലമായ പശ്ചാത്തലം പത്തൊൻപതാം നൂറ്റാണ്ടിലെ മാവേലിക്കരയുടെ പ്രത്യേകതയായിരുന്നു. വ്യത്യസ്തമതങ്ങളുടെ സംഗമഭൂമിയായിരുന്ന ഈ പ്രദേശത്ത് ക്രൈസ്തവ ചരിത്രത്തിൽ പ്രദ്യോതമായ പകലോമറ്റം തറവാടിന്റെ ശാഖയിലുള്ള മാവേലിക്കര കാമ്പുശ്ശേരി വീട്ടിൽ കുഞ്ഞുനൈനാമാത്തയുടെ പുത്രനായി കൊല്ലവർഷം 1064 മേടം 11-ാം തീയതി ഉത്രാടം നക്ഷത്രത്തിൽ കെ. എം. വറുഗീസ് ജനിച്ചു.[1]

2.2 ബാല്യം, വിദ്യാഭ്യാസം

കെ. എം. വറുഗീസിൽ ജന്മസിദ്ധമായ കലാവാസന ബാല്യത്തിൽത്തന്നെ പ്രകടമായിരുന്നു. വസ്തുക്കളുടെ സൗന്ദര്യാസ്വാദനവും സ്രഷ്ടാവിന്റെ ശില്പചാതുരീദർശനം മൂലമുളവാകുന്ന ആത്മനിർവൃതിയും അദ്ദേഹത്തിന്റെ മനസ്സിൽ നന്നേ ചെറുപ്പത്തിലെ അങ്കുരിച്ചു തുടങ്ങിയതായി അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.[2] ചലനാത്മകമായ വിനോദങ്ങളായിരുന്നു അദ്ദേഹത്തിനു പഥ്യം. ഇംഗ്ലീഷ് - ബുവർ യുദ്ധത്തിന്റെ ദിനങ്ങളിൽ യുദ്ധവിനോദവും കോഴിപ്പോരുകളും ബാലസുഹൃത്തുക്കളോടൊപ്പം നടത്തി അദ്ദേഹം രസിച്ചിരുന്നു. പൊരുതുവാനും നേടുവാനുമുള്ള മനോഭാവമുണർത്തുവാൻ ഈ ബാല്യവിനോദങ്ങൾ പര്യാപ്തമായി. പൂർവ്വികരുടെ ആയുധവിദ്യയും ആയോധനവൃത്തിയും ഉണർത്തിയ സമരകലാവാസന പില്ക്കാലത്ത് ക്രിസ്ത്യാനികളുടെ യുദ്ധവൃത്തിയെ ആധാരമാക്കി ശ്രദ്ധാർഹങ്ങളായ ലേഖനങ്ങൾ രചിക്കുന്നതിനും ചരിത്രാഖ്യായികകളിൽ ദ്വന്ദയുദ്ധം, മല്പിടുത്തം, സമരരംഗവർണ്ണന എന്നിവ അവതരിപ്പിക്കുന്നതിനും ഉത്തേജകമായി.

കെ. എം. വറുഗീസ് പ്രാഥമിക വിദ്യാഭ്യാസം മാവേലിക്കര കോട്ടയ്ക്കകം മലയാളം പള്ളിക്കൂടത്തിലും ഉപരിപഠനം മാവേലിക്കര രാജകീയ ഇംഗ്ലീഷ് സ്ക്കൂളിലും നടത്തി. ക്ഷേത്രസമീപത്തുള്ള വിദ്യാലയങ്ങളിലെ പഠനം മൂലം കഥകളിയാസ്വാദനതൃഷ്ണ അദ്ദേഹത്തിൽ തെളിഞ്ഞുവന്നു. പുതിയകാവു ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള കഥകളി വറുഗീസിന്റെ ലളിതകലാവാസനയ്ക്കു തിരികൊളുത്തിയതായി അദ്ദേഹം ആത്മകഥയിൽ രേഖപ്പെടുത്തുന്നുണ്ട്.[3] പാട്ടിലെ സാഹിത്യവർണ്ണനകളും കഥകളിനടന്മാരുടെ സ്തോഭപ്രകടനങ്ങളും നൃത്യവിധാനങ്ങളും പില്ക്കാലത്ത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ വലിയ സാഹിത്യസാദ്ധ്യത ഉളവാക്കി.

ആർച്ചുഡീക്കൻ ഉമ്മൻ മാമ്മൻ പാതിരിയുമായുള്ള ബന്ധം വറുഗീസിന്റെ ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവായിരുന്നു. അദ്ദേഹത്തിന്റെ പുസ്തകം പകർത്തിയെഴുതുവാനുള്ള ചുമതല സാഹിത്യചിന്തകളിലേയ്ക്കും പാതിരിയുമായുള്ള സാഹിത്യചർച്ചകളിലേയ്ക്കും ഉള്ള ഒരു കവാടമായിരുന്നു. അവിടെ നിന്നു ലഭ്യമായ മലയാളമിത്രം, ജ്ഞാനനിക്ഷേപം, കുടുംബപ്രിയവാദിനി, കേരളതാരക, മലയാള മനോരമ തുടങ്ങിയ ആനുകാലികപ്രസിദ്ധീകരണങ്ങളിലൂടെ വറുഗീസിന്റെ വായനാലോകം വിപുലമായി. ക്രൈസ്തവമതവിശ്വാസാചാരസംബന്ധമായി ഇടവക പത്രികയും മലയാളമിത്രവും തമ്മിൽ നടത്തിയിരുന്ന വാദപ്രതിവാദങ്ങളുടെ സൂക്ഷ്മവിചിന്തനം വറുഗീസിന്റെ യുവഹൃദയത്തിൽ യുക്തിവാദതാല്പര്യത്തിനാവേശം നൽകി.

രചനാരംഗത്തേയ്ക്കു കടക്കുവാനുള്ള ശ്രമം സ്വന്തപരിമിതികളെപ്പറ്റി ചിന്തിക്കുവാനദ്ദേഹത്തെ പ്രേരിപ്പിച്ചു. തന്റെ ഇംഗ്ലീഷ്പഠനത്തിന്റെ അപര്യാപ്തതയും സംസ്കൃത പഠനത്തിന്റെ ആവശ്യകതയും പുരോഗമനകാംക്ഷിയായ അദ്ദേഹം തിരിച്ചറിഞ്ഞു. ചരിത്രം, മതം, ശാസ്ത്രം, സാഹിത്യം തുടങ്ങിയവയുടെ അദ്ധ്യയനത്തിലൂടെ അറിവിന്റെ ചക്രവാളം പരമാവധി വിപുലമാക്കുവാനും പദവിജ്ഞാനം വർദ്ധിപ്പിക്കുവാനും അദ്ദേഹം ശ്രമിച്ചു.

2.3 ചിത്രമെഴുത്ത്

ചിത്രരചനാകൗതുകം ലാളിക്കപ്പെട്ടിരുന്ന ബാല്യം കെ. എം. വറുഗീസിനുണ്ടായിരുന്നു. ഈ നൈസർഗ്ഗികവാസന യാദൃച്ഛികമായി ശ്രദ്ധയിൽപ്പെട്ട കോളേലിൽ ഫെർണാണ്ടസ് എന്ന ധ്വര അത് പോഷിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തു. വിശ്രുതകലാകാരനും തിരുവനന്തപുരം പാലസ് ആർട്ടിസ്റ്റും ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാന്റെ ശിഷ്യനുമായിരുന്ന ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ ശിഷ്യത്വം സ്വീകരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. രവിവർമ്മ ചിത്രങ്ങളെ

മാതൃകയാക്കി ചിത്രരചന ആരംഭിച്ച വറുഗീസ് മനുഷ്യമുഖച്ഛായാലേഖനത്തിൽ സമർത്ഥനാവുകയും പതിനെട്ടാം വയസ്സിൽ ചിത്രകാരനെന്ന നിലയിൽ ബഹുജനദൃഷ്ടിക്കു വിഷയീഭവിക്കുകയും ചെയ്തു. പ്രശസ്ത വ്യക്തികളുടെ എണ്ണച്ഛായചിത്രങ്ങളുടെ രചന അദ്ദേഹത്തിന കീർത്തി നേടിക്കൊടുത്തു. ചിത്രരചനയിലുള്ള അസാമാന്യപാടവം നിമിത്തം അദ്ദേഹം ചിത്രമെഴുത്തു കെ. എം. വറുഗീസ് എന്നറിയപ്പെട്ടു.

2.4 ആനുകാലിക പ്രസിദ്ധീകരണങ്ങൾ.

അച്ചടിയുടെ പ്രചാരവും പത്രമാസികകളുടെയും ദിനപ്പത്രങ്ങളുടെയും വളർച്ചയും ഇരുപതാംനൂറ്റാണ്ടിലെ എഴുത്തുക്കാർക്ക് പൊതുവെ പ്രോത്സാഹനജനകം ആയിരുന്നു. രചയിതാക്കളെ അനുവാചകരും അംഗീകരിച്ചിരുന്നു. അന്നത്തെ പ്രധാന പ്രസിദ്ധീകരണങ്ങൾ കേരളചിന്താമണി, സുജനാമിത്രം, ആത്മപോഷിണി, കേരളകൗമുദി, ദേശാഭിമാനി, നവഭാരതി, പൗരദ്ധ്വനി, ഇടവകപത്രിക, ചർച്ച് വീക്കിലി, ഉത്തരതാരക, പശ്ചിമതാരക, മലയാളരാജ്യം, ദേശബന്ധു, ഭാഷാപോഷിണി, കേരളാഭിമാനി, നസ്രാണിദീപിക, മലയാളമനോരമ, പൗരപ്രഭ തുടങ്ങിയവ ആയിരുന്നു. സാഹിത്യരചയിതാക്കൾക്ക് പരസ്പരബന്ധം നിലനിർത്തുന്നതിനും തദ്വാരാ രചനകൾക്ക് പരിഷ്കരണം നേടുന്നതിനും പ്രസിദ്ധീകരണങ്ങൾ അവസരം നൽകിയിരുന്നു.

കെ. എം. വറുഗീസിന്റെ സമകാലികരും സാംസ്കാരിക രംഗത്തെ സമാരാദ്ധ്യരുമായിരുന്ന പല വിശിഷ്ടവ്യക്തികളുമായുള്ള ബന്ധം അദ്ദേഹത്തിന്റെ സാഹിത്യരചനാതാല്പര്യത്തെ ശക്തമാക്കി. കലാസാഹിത്യരംഗങ്ങളിൽ, രാജകീയ ബഹുമതികളും സാക്ഷ്യപത്രങ്ങളും അദ്ദേഹം നേടി. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാൻ, ചെങ്ങന്നൂർ വഞ്ഞിപ്പുഴത്തമ്പുരാൻ, രാമവർമ്മ അപ്പൻ തമ്പുരാൻ, മതമേലദ്ധ്യക്ഷന്മാർ തുടങ്ങിയ പല ശ്രേഷ്ഠവ്യക്തികളും

അദ്ദേഹത്തിന്റെ രചനകൾക്ക് അംഗീകാരം നൽകി. മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ ചിത്രരചനാപാടവത്തെ പ്രശംസിച്ചിട്ടുണ്ട്. സമകാലികരായിരുന്ന വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ എന്നിവരുമായി സാഹിത്യചിന്തകൾ കൈമാറുന്നതിനും ആത്മപോഷിണി മാസികയിൽ ഒന്നിച്ചു പ്രവർത്തിക്കുന്നതിനും ലഭിച്ച അവസരങ്ങൾ കെ. എം. വറുഗീസിന്റെ ധൈഷണിക പുരോഗതിക്ക് നിദാനമായി.

കെ. എം. വറുഗീസിന്റെ ജീവിതസാഹചര്യങ്ങൾ പില്ക്കാല സാഹിത്യജീവിതത്തിന ഊർജ്ജസ്രോതസ്സുകളായിരുന്നു. പുതിയകാവുക്ഷേത്രത്തിലെ കഥകളിയും ആർച്ചുഡീക്കൻ ഉമ്മൻ മാമ്മൻ പാതിരിയുടെയും മുകുന്ദൻ തമ്പിയുടെയും സഹവാസവും ആണ് തന്നെ സാഹിത്യരംഗത്തു നയിച്ചതെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. സമകാലികജീവിതാനുഭവങ്ങൾ ആശയാവിഷ്കരണത്തിന അദ്ദേഹത്തെ പ്രേരിപ്പിച്ചു. വരകളും വാക്കുകളും മാദ്ധ്യമങ്ങളായി അദ്ദേഹം കണ്ടെത്തി. ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ

> ഒരാൾ താൻ ജീവിച്ചനുഭവിച്ച അനുഭൂതിവിശേഷങ്ങളെ ബാഹ്യപ്രതീകങ്ങളിലൂടെ ബോധപൂർവ്വം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും മറ്റുള്ളവർ അതേ അനുഭൂതികളെ ഉൾക്കൊള്ളുകയും ആ അനുഭൂതികൾക്ക് വിധേയരായിത്തീരുകയും ചെയ്യുന്ന മാനുഷികവ്യവഹാരമാണ് കല[4]

2. 5 സാഹിത്യരചനകൾ

കെ. എം. വറുഗീസ് ഇരുപത്തിരണ്ടാം വയസ്സിൽ സാഹിത്യരംഗത്തേയ്ക്കു പ്രവേശിച്ചു. രേഖാഭേദങ്ങളിലൂടെ ഭാവസംവേദനം ആവിഷ്കരിച്ചു തുടങ്ങിയ അദ്ദേഹം അക്ഷരങ്ങളെ കരുക്കളാക്കിക്കൊണ്ടുള്ള ആശയസംവേദനപരിശ്രമങ്ങളാരംഭിച്ചു. സാഹിത്യവിഷയകമായ കഴിവും വൈജ്ഞാനികവിഷയങ്ങളിലുള്ള പരി

ജ്ഞാനവും സ്വാഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള അദ്ദേഹത്തിന്റെ ആത്മധൈര്യത്തെ പ്രോജ്വലിപ്പിച്ചു. ചിത്രമെഴുത്തിൽ പ്രകടമായ താളബോധവും വർണ്ണബോധവും സാഹിത്യസൃഷ്ടികർമ്മത്തിലും പ്രത്യക്ഷമായി. ചിത്രകലാപരിചയത്തിൽ നിന്നാർജ്ജിച്ച ആവിഷ്കരണ ശൈലി സാഹിത്യസർഗ്ഗപ്രക്രിയയിലും രചനാവൈവിധ്യത്തിലും സഹായകമായി.

കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെട്ടു.

> നിറങ്ങളുടെയും വരകളുടെയും വിചിത്രസംവിധാനമാണ് ആലേഖ്യകല. ഈ വിധം പദങ്ങളുടെ - വാക്കുകളുടെ താളാനുസാരിയും വിചിത്രോചിതവുമായ സംവിധാന ഭംഗിയാണ് സാഹിത്യകല. [5]

വിജ്ഞാനത്തിന്റെയും വിചിന്തനത്തിന്റെയും പരിശീലനം സമ്മാനിച്ച മേധാശക്തിയോടു കൂടി അദ്ദേഹം സാഹിത്യരചന ആരംഭിച്ചു.

തുടർന്നാണ് അദ്ദേഹം ഒരു ഉപന്യാസകാരനായി രംഗപ്രവേശം ചെയ്യുന്നത്. കേരളത്തിലെ സ്ഥലങ്ങളെപ്പറ്റി ചരിത്രവും ഐതിഹ്യവും ആധാരമാക്കി ഗവേഷണ പഠനങ്ങൾ നടത്തുകയും ലബ്ധമായ അറിവുകൾ ശ്രദ്ധാർഹമാംവിധം അവതരിപ്പിക്കുകയും ചെയ്തു. 'രാമയ്യൻ ദളവായും മാവേലിക്കര താലൂക്കും', 'തിരുവിതാംകൂർ രാജകുടുംബവും രാജ്യദ്രോഹികളും' എന്നീ ആദ്യ ലേഖനങ്ങൾ 1081 ൽ മലയാളമനോരമയിൽ പ്രകാശിതമായി. മതപരമായ പ്രസിദ്ധീകരണങ്ങളിൽ നടന്ന വിശ്വാസാചാരപരമായ വാദപ്രതിവാദങ്ങളിൽ യുക്തിബോധവും തീക്ഷ്ണമായ വാക്കുകളും സമന്വയിപ്പിച്ച് സ്വമതം അദ്ദേഹം രേഖപ്പെടുത്തി. ചെറുകഥ, ചരിത്രനോവൽ, ഗദ്യകവിത, ലേഖനങ്ങൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകൾ വിവിധങ്ങളായിരുന്നു. ഭിന്നസാഹിത്യശാഖകളിലുള്ള പ്രവർത്തനംമൂലമാണ് സാഹിത്യചരിത്രത്തിൽ നിശ്ചിതമായ ഒരു ശാഖയിലുള്ള രേഖപ്പെടുത്തൽ അദ്ദേഹത്തിനു ലഭിക്കാ

തിരുന്നത്. കെ. എം. വറുഗീസിന്റെ സാഹിത്യസംഭാവനകളുടെ ഗവേഷണം വർത്തമാനകാല സമൂഹത്തിൽ അവയ്ക്കുള്ള പ്രസക്തി വ്യക്തമാക്കുന്നു.

2.5.1. ചെറുകഥകൾ

പ്രാചീനതാരകയിൽ 1081 ൽ പ്രസിദ്ധപ്പെടുത്തിയ 'ബുൾപ്പട്ടിക്കുവെച്ച കാടി' എന്ന കഥ വറുഗീസിന്റെ ചെറുകഥാരചനയുടെ പ്രാരംഭം കുറിച്ചു. 'മിനിട്ടു തെറ്റി', 'ഇതെന്റെ നഷ്ടജാതകമാണല്ലോ' എന്നീ കഥകൾ പ്രാചീനതാരകയിൽ പ്രസിദ്ധീകൃതമായി. 'രാമയ്യൻ ദളവാ' (1089) എന്ന ചരിത്രകഥയും 'ഇതു വേണ്ടിയിരുന്നില്ല' (1092) എന്ന ചെറുകഥയും കേരളാഭിമാനിയിലൂടെ പുറത്തു വന്നപ്പോൾ വറുഗീസിന്റെ നാമധേയം അനുവാചകർക്ക് പരിചിതമായിത്തുടങ്ങി. അദ്ദേഹത്തിന്റെ 'ആനന്ദഭൈരവി' എന്ന കഥ 1093 ൽ ഭാഷാപോഷിണി നടത്തിയ ചെറുകഥാ മത്സരത്തിൽ സമ്മാനാർഹമായി. പ്രസിദ്ധീകരണങ്ങളിൽ ചിതറിക്കിടക്കുന്ന ചെറുകഥകൾ സമാഹരിച്ച് 'സുചരിതമുകുരം' എന്ന പേരിൽ പിന്നീട് പ്രസിദ്ധപ്പെടുത്തി.

2.5.2 ഗദ്യകവിതകൾ

മലയാളകവിതയിൽ അപൂർവ്വമായിരുന്ന ഗദ്യകവിതാപ്രസ്ഥാനം കെ. എം. വറുഗീസിന്റെ ശ്രദ്ധയാകർഷിച്ചു. കവിതാശയങ്ങൾ കാവ്യഭംഗിക്കു കുറവു കൂടാതെ ഗദ്യത്തിലെഴുതി ഒരു പുതിയ രചനാരീതിയ്ക്ക് അദ്ദേഹം പ്രചാരം നൽകി. ആത്മപോഷിണിയിൽ 'സുസ്വപ്നാമൃതം' (1091) 'കവിതാദേവി' (1095) 'ആ ചെറിയ വഴിത്താര' എന്നീ ഗദ്യകവിതകൾ രചിച്ചു. 1103 ൽ സമസ്തകേരള സാഹിത്യപരിഷത്തിന്റെ ദ്വിതീയവാർഷികത്തിൽ കെ. എം. വറുഗീസിന്റെ 'പ്രസ്ഥാനസുധാലഹരി' എന്ന ഗദ്യകവിത പുത്തൻകാവ് മാത്തൻതരകൻ പാരായണം ചെയ്തു. ഗദ്യകവിതാരചനയ്ക്ക് ലബ്ധമായ പ്രോത്സാഹനം ഈ രംഗത്ത് കൂടുതൽ സംഭാവനകൾ നൽകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ ഗദ്യകവിതകൾ 'ചെങ്കോലും മുരളിയും' എന്ന പേരിൽ സമാഹൃതമായി. മലയാളഗദ്യകവിതയുടെ ഉപജ്ഞാതാവ്

എന്ന നിലയിൽ കേസരി ബാലകൃഷ്ണപിള്ളയും ടി. എം. ചുമ്മാറും കെ. എം. വറുഗീസിനെ സ്മരിക്കുന്നുണ്ട്.

2.5.3 ലേഖനങ്ങൾ

രാഷ്ട്രീയ -സാമൂഹിക നവോത്ഥാനത്തിന്റെ കാലഘട്ടം തിരുവിതാംകൂർ പൗരന്മാർക്ക് രാജ്യസ്നേഹവും സർഗ്ഗബോധവും ഉണർത്തുവാൻ പര്യാപ്തമായിരുന്നു. കെ. എം. വറുഗീസ് അക്കാലത്തെ സാംസ്ക്കാരിക ചലനങ്ങളിൽ സ്വാഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിരുന്നു. പ്രസിദ്ധീകരണങ്ങൾ ലേഖനകർത്താക്കളുടെ ആശയസംവേദനത്തിന വേദി സജ്ജമാക്കുകയും ചെയ്തിരുന്നു. അനനുകരണീയമായ ഭാഷാശൈലിയും യുക്തിബോധവും തികഞ്ഞ ലേഖനങ്ങളിലൂടെ ഇരുപതാംനൂറ്റാണ്ടിലെ ലേഖനകർത്താക്കളിൽ അദ്ദേഹവും പരിഗണിക്കപ്പെട്ടിരുന്നു. നസ്രാണിദീപിക, മലയാള മനോരമ എന്നീ പത്രമോഫീസുകളിൽ മൈക്രോഫിലിം രൂപത്തിൽ സംരക്ഷിക്കപ്പെടുന്ന പ്രാരംഭകാലദിനപത്രങ്ങളിൽ കെ. എം. വറുഗീസിന്റെ ലേഖനങ്ങൾക്ക് ഗണനീയമായ സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ലഭ്യമായ ലേഖനങ്ങളെ വിഷയവൈവിദ്ധ്യം പരിഗണിച്ച് നാലു വിഭാഗമായി തിരിക്കുന്നു.

1. സാഹിത്യലേഖനങ്ങൾ
2. രാഷ്ട്രീയ ലേഖനങ്ങൾ
3. ചിത്രകലാവ്യാപാര സംബന്ധമായ ലേഖനങ്ങൾ
4. സാമുദായിക ലേഖനങ്ങൾ

കെ. എം. വറുഗീസിന്റെ വിപുലമായ ഗ്രന്ഥപാരായണം രചനകളിൽ മൗലികത്വം പുലർത്തുവാൻ സഹായകമായി. പല അംഗീകൃതാശയങ്ങളെയും തിരുത്തിപ്പ

റയുവാനും സ്വാർജ്ജിതവിജ്ഞാനത്തിന്റെ തനിമ ലേഖനങ്ങളിൽ പ്രകടമാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കവി സാർവ്വഭൗമ ത്വം, കേരളകാളിദാസബിരുദം, സി. വി. കുഞ്ഞുരാമന്റെ ഗദ്യശൈലി ഇത്യാദി വിഷ യങ്ങളിൽ മാസികകളിലൂടെ കെ. എം. വറുഗീസ് സാഹിത്യവിവാദത്തിന് തിരികൊളുത്തി.

പൗരസമത്വവാദത്തിന്റെ നാളുകളിൽ സമുദായോൽക്കർഷത്തിലൂടെ രാജ്യസ മുദ്ധാരണത്തിനു പ്രചോദനം നൽകുവാനുതകുന്ന ലേഖനങ്ങൾ അദ്ദേഹം രചിച്ചു. ഓരോ സമുദായക്കാരും അവനവന്റെ പാരമ്പര്യത്തെപ്പറ്റി അറിവു നേടുമ്പോൾ ആ വ്യക്ത്യഭിമാനം മതസങ്കുചിതത്വത്തിലേക്കല്ല, പ്രത്യുത ആത്മാഭിമാനത്തോടു കൂടി രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള മനഃസ്ഥിതിയിലേക്ക് അവനെ നയിക്കു മെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽ തന്റെ സമുദായത്തിന രാജ്യത്തോടും രാജാ ക്കന്മാരോടും ഉണ്ടായിരുന്ന ബന്ധവും രാജാക്കന്മാർ തങ്ങൾക്ക് നൽകിയിരുന്ന അംഗീകാരവും പദവികളും സമകാലികർക്ക് സുവിദിതമാക്കുവാനും സ്വസമുദായാം ഗങ്ങളുടെ വ്യക്തിബോധം ഉണർത്തുവാനും ചരിത്രാധിഷ്ഠിതവും ആധികാരികവു മായ ലേഖനങ്ങൾ അദ്ദേഹം രചിച്ചു. 'സുറിയാനി ക്രിസ്ത്യാനികളുടെ രാഷ്ട്രസേ വനം' എന്ന കൃതിയിൽ ഈദൃശലേഖനങ്ങൾ സമാഹരിച്ചിരിക്കുന്നു. സമകാലിക രാഷ്ട്രീയ സംഭവവികാസങ്ങളിൽ പലതും അദ്ദേഹം രചനാവിഷയമാക്കി. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ലേഖന ങ്ങൾ പഠനാർഹങ്ങളാണ്.

കെ. എം. വറുഗീസ് ഉൾപ്പെടുന്ന നസ്രാണിസമുദായത്തിന അന്നും ആഭ്യന്തര പ്രശ്നങ്ങൾ കുറവായിരുന്നില്ല. ഭരണപരമായ പരദേശബന്ധവും പ്രാദേശികമായ വിഭജനശ്രമങ്ങളും നിരന്തരം ചർച്ചാവിഷയമായിരുന്നു. സഭാ പ്രസിദ്ധീകരണങ്ങളിൽ നടന്നിരുന്ന വിശ്വാസാചാരപരമായ വാദപ്രതിവാദങ്ങളിൽ ലേഖനങ്ങളിലൂടെ അദ്ദേ

ഹവും പങ്കുകൊണ്ടു. കെ. എം. വറുഗീസിന്റെ തൂലികാസൃഷ്ടി എന്ന നിലയിൽ ഈ ലേഖനങ്ങൾ പഠനാർഹങ്ങളാകുന്നു.

ബാല്യം മുതൽ ശ്രദ്ധചെലുത്തിയ ചിത്രമെഴുത്തിന്റെ സാങ്കേതിക മേഖലക ളെപ്പറ്റി കെ. എം. വറുഗീസ് ഗവേഷണം നടത്തി ലേഖനങ്ങൾ രചിച്ചു. ഭാരതീയ ചിത്രകലയുടെ പാരമ്പര്യത്തെയും വൈശിഷ്ട്യത്തെയും വ്യക്തമാക്കുവാനദ്ദേഹം ലേഖനങ്ങളിലൂടെ ശ്രമിച്ചു. ചിത്രമെഴുത്തിൽ ആര്യന്മാർക്കുണ്ടായിരുന്ന ആശയവി ശേഷങ്ങൾക്ക് അദ്ദേഹം പ്രത്യേക പ്രാധാന്യം നൽകി. ചിത്രകല, ച്ഛായാകർഷണ വിദ്യ എന്നിവയെപ്പറ്റി നേടാൻ കഴിഞ്ഞ ഗഹനങ്ങളായ അറിവുകൾ അനുവാചകർക്ക് പകർന്നുകൊടുത്തു.

കെ. എം. വറുഗീസിന്റെ ലേഖനങ്ങൾ തിരുവിതാംകൂർ - കൊച്ചി രാജ്യചരി ത്രം, നസ്രാണിസമുദായ ചരിത്രം, പൊതുവിജ്ഞാനം, സാഹിത്യചരിത്രം എന്നിവ യുടെ പശ്ചാത്തലത്തിൽ പുനർവായനയിലൂടെ വർത്തമാനകാലസമൂഹത്തിന അറി വുനൽകുന്നു.

2.5.4 ചരിത്രനോവലുകൾ

മലയാളനോവൽ സാഹിത്യത്തിന്റെ വളർച്ചയിൽ സി. വി. രാമൻപിള്ളയുടെ ചരിത്രനോവലുകൾ ഒരു പുതിയ വെളിച്ചം പകർന്നു. പൗരാവകാശസമത്വവാദം പൗരബോധമുണർത്തുന്ന ചരിത്രനോവലുകളെഴുതുവാൻ ഈ സാഹചര്യം കെ. എം. വറുഗീസിനെ പ്രേരിപ്പിച്ചു. ക്രിസ്ത്യാനികളെ ജാത്യാഭിമാനികളാക്കി രാജ്യസേ വനോത്സുകരാക്കുവാൻ അദ്ദേഹം ചരിത്രനോവലുകൾ രചിച്ചു. മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി (1926) ആയിരുന്നു ആദ്യനോവൽ. ഈ കൃതിയുടെ വിമർശനമായി മന്നത്തുപത്മനാഭൻ 'പഞ്ചകല്യാണി നിരൂപണം' രചിച്ചു. 'തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ', 'വലിയ മാർ ദീവന്നാസ്യോസും തരണന ല്ലൂർ നമ്പൂതിരിപ്പാടും', 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി', 'അഞ്ചാം മാർത്തോമ്മാ

യുടെ പീഡനം' അഥവാ ഡച്ചുകാരുടെ പന്തീരായിരം, 'പുണ്യവാളനായ ശൗരിയാർ' എന്നിവയായിരുന്നു മറ്റു നോവലുകൾ. പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിലെ രാജ്യചരിത്രവും സാമുദായികനിലയും ആധാരമാക്കിയുള്ള ഈ ചരിത്രനോവലുകൾ ആ കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന കൈത്തിരികളാണ്.

2.5.5 തൂലികാചിത്രങ്ങൾ

കെ. എം. വറുഗീസിന്റെ സാഹിത്യഭാവനയുടെ മറ്റൊരു മേഖലയായിരുന്നു തൂലികാചിത്രങ്ങൾ. പ്രവർത്തന വൈശിഷ്ട്യത്താൽ സമാരാധ്യരായി പരിഗണിക്കപ്പെട്ടിരുന്ന പ്രതിഭാധനന്മാരായ ചില വ്യക്തികളുടെ രൂപഭാവാവതരണം അക്ഷരങ്ങൾ കൊണ്ട് സാദ്ധ്യമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. മന്നത്തു പത്മനാഭൻ, കെ. സി. മാമ്മൻമാപ്പിള, ഐ. സി. ചാക്കോ, റാവുസാഹിബ് ഓ. എം. ചെറിയാൻ, മുകുന്ദൻ തമ്പി തുടങ്ങിയ പ്രമുഖരുടെ സൂക്ഷ്മാവലോകനം സാധ്യമാക്കുന്നവയായിരുന്നു തൂലികാചിത്രങ്ങൾ.

2.5.6 അവതാരികകൾ, അഭിപ്രായങ്ങൾ, നിരൂപണങ്ങൾ

അനായാസമായി ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവും ഭാഷാപദസ്വാധീനവും മൂലം ഇതര രചനാരീതികൾ സ്വീകരിക്കുവാൻ കെ. എം. വറുഗീസിനു സാധിച്ചു. വള്ളത്തോൾ നാരായണമേനോന്റെ 'മഗ്ദലനമറിയം', ജോസഫ് ചെറുവത്തൂരിന്റെ 'അശ്രുധാര', പി. എം. ജോസഫിന്റെ 'പ്രേമസമ്രാട്ട്', കെ. വി. സൈമന്റെ 'വേദവിഹാരം' എന്നീ കൃതികൾക്ക് അദ്ദേഹം അഭിപ്രായങ്ങളും അവതാരികകളും എഴുതി. സർദാർ കെ. എം. പണിക്കരുടെ 'നൂർജിഹാൻ', ആർച്ച്ഡീക്കൻ കോശിയുടെ 'പുല്ലേലിക്കുഞ്ചു' എന്നിവയ്ക്ക് നിരൂപണവും എഴുതി.

പ്രതിഭാസമ്പന്നനായ ഒരു കലാകാരൻ എന്ന നിലയിലാണ് വറുഗീസിന്റെ സംഭാവനകൾ വിലയിരുത്തേണ്ടത്. അനുഗൃഹീതനായ ചെറുകഥാകൃത്ത്, സത്യസന്ധനായ ഒരു ചരിത്രകാരൻ, ഭാവനാസമ്പന്നനായ ഒരു കവി, പ്രതിഭാധനനായ ഒരു

സാഹിത്യകാരൻ, ഹൃദ്യമായ ഉപന്യാസരചനയിൽ തല്പരനായ രമ്യോപന്യാസകാരൻ, സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരെഴുത്തുകാരൻ, തെളിമയേറിയ ഒരു ചിത്രകാരൻ എന്നീ നിലകളിലുള്ള ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ സംഭാവനകളുടെ സമഗ്രമായ പഠനമാണ് തുടർന്നു നടത്തുന്നത്.

അടിക്കുറിപ്പുകൾ

1. വറുഗീസ് കെ. എം.	കൈയെഴുത്തു ഡയറി 1952		പു. 3
2. ,,	,,		പു. 13
3. ,,	,,		പു. 24
4. ലിയോ ടോൾസ്റ്റോയി	എന്താണു കല സാ. പ്ര. സ		
	കോട്ടയം	1976	പു. 24
4. ലിയോ ടോൾസ്റ്റോയി.	എന്താണുകല സാ. പ്ര.സ.സംഘം,		
	കോട്ടയം	1976	പു 46
5. കുട്ടികൃഷ്ണമാരാർ	മാരാരും മലയാളസാഹിത്യവും മാരാർ		
	സാഹിത്യപ്രകാശം കോഴിക്കോട്		
		1963.	പു. 96

അദ്ധ്യായം മൂന്ന്

ചെറുകഥകൾ

3.1 ആദ്യകാലചെറുകഥകൾ

ഭാരതീയർ കഥ എന്ന ശബ്ദത്തിന്റെ ധൈഷണികവിസ്തൃതി പൂർവ്വകാലം മുതൽ അനുഭവിച്ചറിഞ്ഞിരുന്നു. കുറെ സത്യമായും രസാനുഗുണമായും സംഭവങ്ങൾ കൂട്ടിച്ചേർത്ത് ചിട്ടപ്പെടുത്തിയ വാക്യരചനയാണ് കഥ. ഉപരികഥ, ഖണ്ഡകഥ, ഉപകഥ, ബൃഹദ്കഥ ഇങ്ങനെ ഇതിനെ പലതായി പൂർവ്വികർ കണ്ടിരുന്നു. വൃത്താന്തം, ആഖ്യാനം, ഹിതോപദേശം, പുരാവൃത്തം ഇവ ഒക്കെ ഭാരതീയർക്ക് കഥയാണ്. പഴയ നാടോടിക്കഥകളാണ് ഭാരതീയകഥയുടെ ഉറവകൾ. കഥയ്ക്കുള്ളിൽ കഥ ഒളിപ്പിക്കുന്ന രീതിയും ഭാരതീയരുടേതാണ്. കഥാസരിത്സാഗരത്തിലെ രചനാതന്ത്രം ഭാരതീയരുടെ കഥാരചനയുടെ സവിശേഷതകൾ എടുത്തു കാണിക്കുന്നു.

പാശ്ചാത്യസമ്പർക്കം വന്നപ്പോൾ ഭാരതീയരുടെ കഥ ചെറുകഥയായി. പാശ്ചാത്യസ്വാധീനം മൂലം മലയാളകഥയിൽ പരീക്ഷണങ്ങൾ വന്നു. കഥാഘടന, പ്രമേയം, ആവിഷ്കരണം, രചനാശൈലി, ഭാഷ ഇവയിലെല്ലാം മലയാളത്തിലുണ്ടായ വികാസപരിണാമങ്ങൾ ശ്രദ്ധേയമാണ്.

പാശ്ചാത്യചിന്തകളോടുള്ള ആധമർണ്ണ്യം, ബുദ്ധിപരതയുടെ തള്ളിക്കയറ്റം, വൈയക്തികതയുടെ മരവിപ്പ്, ആസുരതയുടെ ആധിക്യം, ജുഗുപ്സാവഹമായ ആധുനികോത്തര ബിംബങ്ങൾ ഒക്കെച്ചേർന്ന് മലയാളകഥ സമ്മിശ്രമായപ്പോൾ വായനക്കാരൻ മലയാളകഥയോടു പതുക്കെ അകലാൻ തുടങ്ങി. ഇത് മലയാളകഥയുടെ ലഘുപരിണാമചരിത്രം. ഇതിൽ ആദ്യകാലകഥാകാരന്മാരോടാണ് വറുഗീസിന് സാധർമ്മ്യം.

പത്തൊൻപതാം നൂറ്റാണ്ടിലാണ് ചെറുകഥ ഒരു സാഹിത്യരൂപമെന്ന നിലയിൽ പരിഗണിക്കപ്പെടുന്നത്. ഓരോ ജനതയ്ക്കും തങ്ങളുടേതെന്നവകാശപ്പെടാവുന്ന കഥകളുണ്ടായിരുന്നു. ഈസോപ്പുകഥകൾ, യവനകഥകൾ, ഈജിപ്ഷ്യൻ മാന്ത്രിക കഥകൾ, ബാബിലോണിയൻ കഥകൾ, ബൈബിൾ കഥകൾ, വേദകഥകൾ, ഉപനിഷദ്കഥകൾ, ജാതകകഥകൾ, കഥാസരിത്സാഗരം, ദശകുമാരകഥകൾ, പഞ്ചതന്ത്രം, വിക്രമാദിത്യകഥകൾ തുടങ്ങിയവയിൽ ചെറുകഥയുടെ രൂപസാദൃശ്യങ്ങൾ പ്രകടമായിരുന്നു. കാലഗതിക്കനുസരിച്ച് കഥാകഥനത്തിന്റെ രൂപഭാവങ്ങൾ മാറിവന്നു. ഇതരസാഹിത്യശാഖകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന സാഹിത്യകാരന്മാരിൽ പലരും ചെറുകഥാരംഗത്ത് പരീക്ഷണങ്ങൾ നടത്തി.

3.2 മലയാള ചെറുകഥാപ്രസ്ഥാനം

1066 – ൽ വിദ്യാവിനോദിനിയിൽ പ്രസിദ്ധം ചെയ്ത വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യചെറുകഥ. വാസനാവികൃതിക്കു ശേഷം നിരവധി ചെറുകഥാകൃത്തുക്കൾ രംഗത്തു വരികയും മലയാള ചെറുകഥ ഒരു സാഹിത്യപ്രസ്ഥാനമെന്ന നില പ്രാപിക്കുകയും ചെയ്തു.

ആദ്യകാല മലയാള ചെറുകഥാകൃത്തുക്കൾ രസനീയതയ്ക്കാണ് പ്രാമുഖ്യം നൽകിയത്. നാടകീയസംഭവങ്ങൾ കോർത്തിണക്കിയും അത്ഭുതവും ഫലിതവും ലക്ഷ്യമാക്കിയുമുള്ള രചനകൾക്കവർ അവസരം ഒരുക്കി. വീരാരാധന, പ്രണയം, കുറ്റാന്വേഷണം, അമളികൾ, വ്യവഹാരം, വൈയക്തികവികാരങ്ങൾ എന്നിങ്ങനെ പലതും അതിനു കരുക്കളാക്കി. തകരുന്ന ഫ്യൂഡൽവ്യവസ്ഥിതിയും നവോത്ഥാനത്തിന്റെ ചൈതന്യവും സമൂഹകേന്ദ്രീകൃതമായ അവസ്ഥയെ തിരുത്തി വ്യക്തികേന്ദ്രീകൃതമായ അവസ്ഥയ്ക്ക് ശക്തി നൽകി. കുടുംബബന്ധങ്ങൾ പ്രധാനമായി. സ്ത്രീ പുരുഷബന്ധത്തിന്റെ വിവിധ മുഖങ്ങൾ കഥാവിഷയകമായി. ഉദാത്തമായ പ്രണയവും മൃഗീയമായ കാമവും കഥകളിൽ തെളിഞ്ഞു.[1] കുറ്റാന്വേഷണവും വ്യവ

ഹാരവും കഥകൾക്കു വിഷയമായിരുന്നു.[2] വീരാപദാനകഥകളും നായാട്ടുകഥകളും പ്രാരംഭകാല ചെറുകഥകളിൽ ജിജ്ഞാസയും അത്ഭുതവും നിലനിർത്തി.[3] വിവിധ സാഹചര്യങ്ങളിൽ പിണഞ്ഞ അമളികളും രസകരമായി അവതരിപ്പിക്കപ്പെട്ടു. സ്വപ്നാത്മകമായ ഭ്രമഭാവനകളുൾപ്പെടെ വ്യത്യസ്തങ്ങളായ വിഷയങ്ങളും സ്വീകരിക്കപ്പെട്ടിരുന്നു. ആദർശപ്രേമം, ഭൂതകാലാഭിമുഖ്യം, വീരാരാധന, ആത്മപരത എന്നിവയും അന്നത്തെ ചെറുകഥകളിൽ പ്രകടമായിരുന്നു.

ചെറുകഥാ ശില്പത്തെപ്പറ്റി നിയതമായ ധാരണകളോ സങ്കല്പങ്ങളോ അന്ന് മലയാള സാഹിത്യത്തിൽ രൂപം കൊണ്ടിരുന്നില്ല. എന്നാൽ പാശ്ചാത്യസാഹിത്യത്തിൽ നിലവിലിരുന്ന ചെറുകഥാസങ്കല്പങ്ങൾ നമ്മുടെ ചെറുകഥാകൃത്തുക്കൾക്കും മാതൃകയായിരുന്നു.

> ഒരു ചെറുകഥയിൽ സജീവമായ ഒരാശയം ഉണ്ടാവണം. ഒന്നേ ഉണ്ടാകാവൂ എന്ന കാര്യം നിയമമെന്ന നിലയിൽ അനുശാസിക്കാം[4]

എന്ന് ഹഡ്സന്റെ ആശയം പ്രമേയസംവിധാനത്തിന് നിയാമകമായിരുന്നു.

ഒരു സംഭവത്തെയോ, രംഗത്തെയോ വികാരത്തെയോ ഏകാഗ്രത നഷ്ടപ്പെടാതെ സൂക്ഷ്മവും സന്തുലിതവുമായി ആവിഷ്കരിക്കുകയാണ് ചെറുകഥയിൽ ചെയ്യുന്നത്.[5] കഥയുടെ പ്രമേയം ഫലപ്രദമായി നിർദ്ദിഷ്ടപരിധികൾക്കുള്ളിൽ വികസിപ്പിക്കുന്നതാവണം എന്ന് ഒരു സങ്കല്പവും നിലനിന്നിരുന്നു. ഒരു പ്രത്യേക വൈകാരിക മുഹൂർത്തത്തിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളുടെ മനോനില ചെറുകഥയിൽ ആവിഷ്കരിക്കപ്പെട്ടിരുന്നു. ഉൾക്കൊള്ളുന്നതും അനുഭവിക്കുന്നതുമായ ഘടകങ്ങളുടെ ഏകത കഥയിലെ വ്യത്യസ്ത ഘടകങ്ങളിലൂടെ ലക്ഷ്യപ്രാപ്തിയിലെത്തിക്കുമ്പോൾ കഥാകൃത്തിന്റെ ശ്രമം സഫലമാകുന്നു. കഥയും സാഹച

ത്യവും ചേർന്ന് മനസ്സിൽ സൃഷ്ടിക്കുന്ന അനുഭവൈകകാഗ്ര്യത്തിന അല്പൻപോ പ്രാധാന്യം നൽകി.

1904 – ൽ രസികരഞ്ജിനിയിൽ ചെറുകഥാമത്സരത്തെപ്പറ്റിയുള്ള ഒരു പരസ്യത്തിൽ ഇപ്രകാരം ചേർത്തിരിക്കുന്നു.

> ചെറുകഥയ്ക്ക് ഭാഷയ്ക്കു സാമാന്യമായി വേണ്ടുന്ന വാചക ഭംഗി, പദശുദ്ധി മുതലായവയും ആഖ്യായികയ്ക്ക് പ്രത്യേകിച്ചു വേണ്ടുന്ന കഥക്കെട്ട്, സ്വഭാവവർണ്ണന, ഉപദേശരൂപമായ സാരം മുതലായ ഗുണങ്ങളും ഉണ്ടായിരിക്കണമെന്നു പറയേണ്ടതി ല്ലല്ലോ.[6]

ആദ്യകാലചെറുകഥകൾക്ക് പല പരിമിതികളുണ്ടായിരുന്നു ആഴമുള്ള ജീവിത ദർശനമോ കെട്ടുറപ്പുള്ള കഥാശില്പമോ എന്നതായിരുന്നില്ല അന്നു പ്രധാനം. ഗദ്യ സാഹിത്യശാഖകൾ രൂപപ്പെട്ടുവരുന്ന അക്കാലത്ത് അംഗീകൃത സാഹിത്യരൂപസ്വ ഭാവം ഉൾക്കൊണ്ട് അനുവാചകർക്ക് പാരായണയോഗ്യമായ വിഭവം തയ്യാറാക്കുക എന്നതായിരുന്നു ചെറുകഥാകൃത്തുക്കളുടെ ലക്ഷ്യം. 1891 മുതൽ മലയാള ചെറുക ഥാസാഹിത്യം വളരുവാനും നിലനിൽക്കുവാനുമുള്ള സാഹചര്യം ഒരുക്കിയതിനാൽ പ്രാരംഭകാല ചെറുകഥകൾ പ്രധാന പരിഗണന അർഹിക്കുന്നു. പ്രചാരത്തിലിരുന്ന ചെറുകഥകളുടെ അടിസ്ഥാനത്തിൽ നാല്പതോളം വർഷങ്ങൾക്കു ശേഷമാണ് മല യാള ചെറുകഥാപ്രസ്ഥാനത്തിൽ ലിഖിതമായ ധാരണകളും മാനദണ്ഡങ്ങളും രൂപ പ്പെടുന്നത്. അംഗീകൃതസങ്കൽപങ്ങളിൽ നിന്ന് നേരിയ വ്യതിയാനങ്ങളോടെയും ന്യൂനതകളോടെയും ആണ് അന്നത്തെ പല ചെറുകഥകളെയും ഇന്നു നാം കാണു ന്നത്. എന്നാൽ ആ കാലത്ത് അനുവാചകന്റെ ആസ്വാദനതൃഷ്ണയും അംഗീകാ രവും നേടുവാൻ അവയ്ക്കു കഴിഞ്ഞിരുന്നു. പൂർവ്വകാല ചെറുകഥാരചയിതാക്കളിൽ ഒരു പ്രമുഖ വ്യക്തിയായിരുന്നു ചിത്രമെഴുത്തു കെ. എം. വറുഗീസ്. [7]

3.3 കെ. എം. വറുഗീസിന്റെ ചെറുകഥകൾ

1088 – ൽ പ്രാചീനതാരകയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'ഇത് എന്റെ നഷ്ടജാതകമാണല്ലോ' എന്ന കഥ കെ. എം. വറുഗീസിന്റെ ചെറുകഥാരംഗത്തെ ആദ്യ ചുവടു വെയ്പായിരുന്നു. തുടർന്ന് 'മിനിട്ടു തെറ്റി', 'ബുൾപ്പട്ടിയ്ക്കു വെച്ച കാടി' എന്നിവയും അതേ മാസികയിൽ പ്രകാശിതമായി. കേരളാഭിമാനിയിൽ 'രാമയ്യൻദളവാ' എന്ന സ്വതന്ത്ര കഥയും 'ഇതു വേണ്ടിയിരുന്നില്ല' എന്ന ചെറുകഥയും അദ്ദേഹം എഴുതി. മലയാളചെറുകഥാസാഹിത്യത്തിന്റെ വളർച്ചയുടെ പ്രഥമഘട്ടത്തിൽ കെ. എം. വറുഗീസ് രചിച്ച ചെറുകഥകളുടെ പഠനമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

രചനാലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ കെ. എം. വറുഗീസിന്റെ ചെറുകഥകളെ മൂന്നു വിഭാഗത്തിൽപെടുത്താം.

1.. സ്ത്രീപുരുഷബന്ധത്തിന്റെ വ്യത്യസ്തമുഖങ്ങൾ പ്രകടമാക്കുന്ന ചെറുകഥകൾ

2. സമുദായസംസ്കരണം ലക്ഷ്യമാക്കുന്ന ചെറുകഥകൾ

3. രസകരമായ അവതരണം പ്രധാന ലക്ഷ്യമാക്കുന്ന സംഭവകഥകൾ.

3.3.1 സ്ത്രീപുരുഷബന്ധത്തിന്റെ വ്യത്യസ്ത മുഖങ്ങൾ പ്രകടമാക്കുന്ന ചെറുകഥകൾ.

1891 മുതൽ അരനൂറ്റാണ്ടോളമുള്ള മലയാള ചെറുകഥകൾക്ക് പ്രമേയത്തിലും പ്രതിപാദനത്തിലും സമാനതകളുണ്ടായിരുന്നു. പ്രതിപാദ്യത്തിന്റെ ഏകാഗ്രത നഷ്ടപ്പെടാതെ ആവിഷ്കരിച്ച് ജീവിതത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചയോടു കൂടി അവതരിപ്പിക്കുന്നവയായിരുന്നു മിക്ക കഥകളും. നവോത്ഥാനത്തിന്റെ പരിണിതഫലമായ വ്യക്തികേന്ദ്രീകൃതമായ വ്യവസ്ഥിതി മനോഭാവങ്ങൾക്കും മാറ്റം വരുത്തി. ശൃംഗാരരസത്തിന്റെ വ്യത്യസ്ത അവസ്ഥാഭേദങ്ങൾ ചെറുകഥകളിലെ ഒരു മുഖ്യവിഷയമായി.

നിഷ്കളങ്കതയുടെയും നിസ്വാർത്ഥതയുടെയും വഞ്ചനയുടെയും സ്വാർത്ഥതയുടെയും ഭിന്നമുഖങ്ങൾ പ്രകടിപ്പിക്കുന്ന ശൃംഗാരരസം പ്രാരംഭകാലകഥകളുടെ പൊതുസ്വഭാവമെന്ന നിലയിൽ കെ. എം. വറുഗീസിന്റെ ചില കഥകളിലും അവതരിപ്പിച്ചിരുന്നു. ഈ മാതൃക തെളിയുന്ന ആറു കഥകൾ ഇവിടെ പരിഗണിക്കുന്നു.

1. ഒരു സമർപ്പണം

ശിഥിലമായ ഒരു കുടുംബ ബന്ധത്തിന്റെ കഥയാണ് ഒരു സമർപ്പണം. ജനാർദ്ദനന്റെയും ജഗദമ്മയുടെയും ദാമ്പത്യബന്ധത്തിൽ കരിനിഴലായി സരോജിനി കടന്നുവരുന്നു. ഭർത്തൃസുഖം പരമധർമ്മമായി കരുതിയ ജഗദമ്മ സരോജിനിയെ മക്കളുടെ ചുമതല ഏൽപിച്ച ശേഷം ആത്മഹത്യ ചെയ്തു.

2. തൃപ്പൂത്താറാട്ട്

ചെങ്ങന്നൂർ ശിവക്ഷേത്രത്തിലെ പ്രശസ്തമായ തൃപ്പൂത്താറാട്ടാണ് കഥാപശ്ചാത്തലം. വടക്കൻ മലബാറിലെ ധനികവ്യാപാരിയായ രാമവർമ്മ മഹാരാജാവ്, തൃപ്പൂത്താറാട്ടിൽ പൊലിവിളക്കുമായി വന്ന സരോജിനിയെ മോഹിക്കുകയും വിവാഹം കഴിച്ച് വഞ്ചിക്കുകയും ചെയ്യുന്നു. വഞ്ചന തിരിച്ചറിഞ്ഞ സരോജിനി മറ്റൊരു തൃപ്പൂത്താറാട്ടു വേളയിൽ ക്ഷേത്രസന്നിധിയിൽ ആത്മഹത്യ ചെയ്യുന്നു.

3. ആനന്ദഭൈരവി

ഒരു നാദസ്വരഗാനാലാപനമത്സരത്തിൽ വിധികർത്ത്രിണി ആയിരുന്നു ആനന്ദഭായി. നായകനായ മാധവപ്പണിക്കർക്ക് നായികയിലുണ്ടായ അനുരാഗവൈവശ്യത്താൽ തോടിരാഗം ആനന്ദഭൈരവിരാഗമായി രാഗവിഭ്രമം സംഭവിച്ചു. നായകൻ മത്സരത്തിൽ പരാജിതനായി. ഇനി താളഭംഗം സംഭവിക്കാതിരിക്കാൻ നായിക വിഷം കഴിച്ച് ആത്മഹത്യ ചെയ്തു.

4. പ്രതികാരവെള്ളിടി

ആയില്യം തിരുനാളിന്റെ ഭരണകാലമാണ് കഥാ പശ്ചാത്തലം. മാതാപിതാക്കളുടെ അകാലനിര്യാണം മൂലം ജ്യേഷ്ഠസഹോദരനായ കുഞ്ഞോമന്റെ സംരക്ഷണയിൽ വളർന്ന ഔതക്കുട്ടി വിവാഹിതനായപ്പോൾ ഇരുകുടുംബങ്ങളും തമ്മിലുള്ള സൗഹൃദം തകരാറിലാകുന്നു. ഔതക്കുട്ടിയുടെ ഭാര്യ ത്രേസ്യാമ്മയുടെ കാമുകൻ ക്ഷുരകൻ മാധവൻ ഔതക്കുട്ടിയെ വധിക്കുകയും കുഞ്ഞോമനിൽ കുറ്റമാരോപിക്കുകയും ചെയ്യുന്നു. കുഞ്ഞോമന്റെ വധശിക്ഷാവേളയിൽ അപ്രതീക്ഷിതമായി വെള്ളിടി വെട്ടുകയും മാധവനും ത്രേസ്യാമ്മയും തൂക്കുകയറും കരിഞ്ഞുപോവുകയും കുഞ്ഞോമൻ രക്ഷപെടുകയും ചെയ്യുന്നു.

5. ചിട്ടിത്തലയാൾ.

ധനമോഹം മാത്രമുള്ള ചെമ്പ്രാക്കോട്ടു ചെറിയാൻമാപ്പിള എന്ന ചിട്ടിത്തലയാളും സമ്പന്നജീവിതം സ്വപ്നം കണ്ട സ്ക്കൂൾഫൈനൽകാരി മന്നാണ്ടമ്മയും ചേർന്നുള്ള ദാമ്പത്യജീവിതം പൊരുത്തക്കേടുകൾ നിറഞ്ഞതായിരുന്നു. മക്കളെപ്പോലും ഭാരമായികരുതിയ ഭർത്താവിൽ നിന്ന് മുക്തി നേടുവാൻ ഭാര്യ മരണത്തിന് കീഴടങ്ങേണ്ടിവന്നു.

6. അസ്വാതന്ത്ര്യതമസ്സ്.

മാതാപിതാക്കളുടെ നിര്യാണം മൂലം സഹോദരനായ ചെറിയാൻ മാപ്പിളയുടെ സംരക്ഷണയിൽ കഴിയേണ്ടി വന്ന ഉണ്ണിട്ടൻ വിവാഹിതനാവുന്നു. അയാളും ഭാര്യ ശോശമ്മയും ജ്യേഷ്ഠഭാര്യയുടെ ക്രൂരതകൾക്ക് ഇരയാകേണ്ടിവരുന്നു. അവസാനം ദാമ്പത്യബന്ധത്തിലെ അസ്വസ്ഥകൾ നിമിത്തം ശോശമ്മ ആത്മഹത്യ ചെയ്യുന്നു. ഉണ്ണിട്ടൻ ആശ്രമജീവിതം സ്വീകരിക്കുകയും കാലതാമസമെന്യേ മൃതനാവുകയും ചെയ്യുന്നു.

സ്ത്രീപുരുഷബന്ധത്തിന്റെ വ്യത്യസ്തവിധാനങ്ങൾ കെ. എം. വറുഗീസ് ചെറുകഥകളിൽ അവതരിപ്പിച്ചു. 'ഒരു സമർപ്പണം' നിയന്ത്രണമില്ലാത്ത ധനതൃഷ്ണയും സുഖകാംക്ഷയും കുടുംബങ്ങളെ നശിപ്പിക്കുന്നുവെന്ന കാലാതിവർത്തിയായ യാഥാർത്ഥ്യത്തിന്റെ ആവിഷ്കരണമാണ്. ഗൃഹനാഥന്റെ ധനമോഹവും സ്വഭാവചാപല്യവും മൂലം ഗൃഹനായിക ത്യാഗസുരഭിലമായ ആത്മാർപ്പണം വരിക്കുമ്പോൾ അനാഥത്വത്തിന്റെ വേദനയനുഭവിക്കേണ്ടി വരുന്ന നിഷ്കളങ്കരായ കുഞ്ഞുങ്ങൾ ബലിയാടുകളാകുന്നുവെന്നും കെ. എം. വറുഗീസ് സൂചിപ്പിക്കുന്നു. മനുഷ്യന്റെ മൃഗീയചോദനകൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് സമൂഹഭദ്രത ഉറപ്പുവരുത്തുന്ന കുടുംബസങ്കൽപത്തെപ്പറ്റി ചിന്തിക്കുവാൻ കഥാകൃത്ത് ഇവിടെ പ്രേരണ നൽകുന്നു. ഇതിനു സമാനമായി കാമത്തിന്റെ മറ്റൊരു ദുർമ്മുഖം 'തൃപ്പൂത്താറാട്ടി'ൽ തെളിയുന്നു. തുച്ഛമായ കാമത്തിന്റെ നിവൃത്തിക്കായി - താല്ക്കാലികമായ മനസംതൃപ്തിക്കായി മാത്രം ജീവിതരംഗത്തിൽ നടനം ചെയ്യുന്ന വിടന്മാരെ കഥാകൃത്ത് വിമർശിക്കുന്നുണ്ട്. സരോജിനിയുടെ മരണം കണ്ടിട്ടും നിർവികാരനായി നടന്നു മറഞ്ഞ രാമവർമ്മ ഇക്കാലത്തും നാം കണ്ടുമുട്ടുന്ന ഒരു കഥാപാത്രം തന്നെയാണ്. 'ആനന്ദഭൈരവി' പരസ്പരാനുരാഗത്തിന്റെ ഉദാത്തസങ്കല്പം ഉൾക്കൊള്ളുന്നു. ഇവിടെ നിഷ്കളങ്കമായ പ്രേമം ഒ. ഹെന്റിയുടെ 'ഗിഫ്റ്റ് ഓഫ് ദ മജൈ'[8] ൽ കാണുന്നതുപോലെ പരസ്പരത്യാഗത്തിൽ കലാശിക്കുന്നു.

ദാമ്പത്യബന്ധത്തിൽ പുരുഷൻമാരുടെ ദുർമ്മുഖം വരച്ചു കാണിച്ച കെ. എം. വറുഗീസ് ജീവിതതൃഷ്ണയും വഞ്ചനയും നിറഞ്ഞ സ്ത്രീകഥാപാത്രങ്ങളെയും ചിത്രീകരിച്ചു. ഒരു പ്രാദേശിക സംഭവത്തിന്റെ ചുവടുപിടിച്ച് മെനഞ്ഞെടുത്ത പ്രതികാരവെള്ളിടിയിലെ ദുഷ്ടകഥാപാത്രം ത്രേസ്യാമ്മ എന്ന സ്ത്രീയാണ്. കുടുംബനായികയുടെ അസ്ഥാനസമർപ്പിതമായ കാമം ആണ് ഈ കഥയുടെ അന്തർധാര. ഭർത്തൃവധത്തിനു കളമൊരുക്കുന്ന ഭാര്യ, നിരപരാധിയെ കുറ്റവാളിയാക്കുവാൻ

തെളിവുകളും. ഈ സംഭവത്തിന കാലഭേദമില്ല. രണ്ടു കുടുംബങ്ങളുടെ നാശമാണ് ഇതിന്റെ ഫലം. ശില്പഭദ്രതയുടെ ചില അപാകതകളൊഴിച്ചാൽ ദൃശ്യസാധ്യത നൽകുന്ന ഒരു കഥയാണ് പ്രതികാരവെള്ളിടി. നിരപരാധിയായ കുഞ്ഞോമൻ തൂക്കു മരം വരെ എത്തിയെങ്കിലും വിധിവശാൽ രക്ഷപെടുന്നു. അപ്രതീക്ഷിതമായ വെള്ളിടി നിരപരാധിയെ രക്ഷിക്കുന്നു. ആത്യന്തികമായി സത്യം വിജയിക്കുമെന്നുറപ്പുള്ള ഒരു തലമുറയുടെ പ്രതിനിധിയായ കെ. എം. വറുഗീസ് കഥയിൽ ആ ധാർമ്മികബോധത്തെ ശക്തിപ്പെടുത്തുന്നു. മറ്റൊരു കുടുംബകഥയാണ് അസ്വാതന്ത്ര്യതമസ്സ്. ഇവിടെ ദാമ്പത്യബന്ധം ശക്തമാണ്. എന്നാൽ ബാഹ്യശക്തികൾ കുടുംബജീവിതത്തെ തകർക്കുന്നു. ഉണ്ണിട്ടന്റെ ഭാര്യയായി കടന്ന വന്ന ശോശമ്മയെ യഥാവിധി സംരക്ഷിക്കുവാൻ മാതൃതുല്യയായ ചേച്ചമ്മ അനുവദിക്കുന്നില്ല. കുതന്ത്രങ്ങളിലൂടെ ഇരുവരെയും അവർ മാറ്റിനിർത്തുന്നു. ഒടുവിൽ ആ ദമ്പതികളുടെ പ്രശ്നം മരണത്തിലൂടെ പരിഹരിക്കപ്പെടുന്നു. കൂട്ടുകുടുംബവ്യവസ്ഥിതി നിലനിന്നിരുന്ന ഹൈന്ദവകുടുംബങ്ങൾക്ക് അപരിചിതവും വിവാഹസമ്പ്രദായം അംഗീകരിക്കപ്പെടുന്ന ക്രൈസ്തവകുടുംബങ്ങൾക്ക് പരിചിതവുമായിരുന്നു അമ്മായിയമ്മ - മരുമകൾ ബലപരീക്ഷണം. അന്ന് ക്രൈസ്തവ ഗൃഹങ്ങളിൽ കടന്നു വരുന്ന മരുമകൾക്ക് പ്രത്യേക നിയന്ത്രണങ്ങളും നിയമങ്ങളും രൂപപ്പെടുത്തിയിരുന്നു. മുതിർന്ന കുടുംബാംഗങ്ങളുടെ അനുമതിയോടു കൂടി മാത്രം ഭർത്തൃസാമീപ്യം ലഭിച്ചിരുന്ന അവൾ എപ്പോഴും നിരീക്ഷണവിധേയയായിരുന്നു. കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മ' നാടകം ഈ മത്സരത്തിന്റെ കഥയാണ്.[9] പില്ക്കാലത്ത് എൻ കൃഷ്ണപിള്ള 'ബലാബലം' എന്ന നാടകത്തിൽ[10] ഈ വിഷയം അവതരിപ്പിച്ചു. മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ അംഗമായ ഈ മരുമകൾ പ്രതികരിക്കുവാൻ ശക്തിയാർജ്ജിച്ച വനിതയാണ്. പുരുഷൻ അമ്മ, ഭാര്യ എന്നീ വിരുദ്ധധ്രുവങ്ങൾക്കിടയിൽ നട്ടം തിരിയുന്നു. മുതിർന്നവരെ ധിക്കരിക്കുവാനാവാതെ സ്വജനങ്ങളിൽ നിന്നും ക്രൂരതകൾ

സഹിക്കേണ്ടി വരുന്ന യുവദമ്പതികൾ ഒരു പ്രത്യേക കാലത്തിന്റെ സൃഷ്ടിയല്ല. പുരോഗമനചിന്താഗതികളോ ആദ്ധ്യാത്മികോദ്ബോധനമോ വിദ്യാഭ്യാസമോ ഈ പ്രശ്നത്തിന പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചിട്ടില്ല.

ചിട്ടിത്തലയാൾ എന്ന കഥ പ്രണയത്തിന്റെ കല്പിതലോകമോ ബാഹ്യശക്തികളുടെ ഇടപെടലോ അല്ല പ്രമേയമാക്കുന്നത്. കുടുംബനാഥന്റെ ധനമോഹവും സ്ത്രീയുടെ നിസ്സഹായതയുമാണ് ഇവിടെ കുടുംബനാശത്തിന കാരണം. പത്തൊൻപതാം നൂറ്റാണ്ടവസാനിക്കാറായപ്പോൾ ക്രിസ്ത്യാനികൾ വാണിജ്യതാല്പര്യങ്ങൾ വികസിപ്പിച്ചിരുന്നു. ലേലച്ചിട്ടി വ്യവസായത്തെ ധനാപഹരണമാർഗ്ഗമായി മാത്രം കരുതുന്ന ചിട്ടിത്തലയാളന്മാരുടെ ജീവിതാദർശവും ചിന്താഗതികളും കുടുംബസമ്പ്രദായവും ഈ കഥയിൽ അദ്ദേഹം ചിത്രണം ചെയ്തു. ചെറിയാൻ മാപ്പിളയുടെ ധനസമ്പാദനാവേശം മൂലം എരിഞ്ഞടങ്ങേണ്ടി വന്ന മന്നാണ്ടമ്മയുടെ ജീവിതം സമകാലികസാഹചര്യങ്ങളിൽ നിന്നു രൂപം കൊണ്ടതാണ്.

മേല്പറഞ്ഞ കഥകൾ ദാമ്പത്യത്തെയും കുടുംബസങ്കൽപത്തെയും കുറിച്ചുള്ള കേരളീയ ചിന്താശക്തിയുടെ സൃഷ്ടിയാണ്. വൈവാഹിക സദാചാരത്തെപ്പറ്റിയുള്ള വറുഗീസിന്റെ കാഴ്ചപ്പാട് ഇവയിൽ വ്യക്തമാണ്. പ്രേമത്തിനും ദാമ്പത്യസങ്കല്പത്തിനും സംഭവിച്ച പരിണാമമാണ് ഈ കഥകളിലെ ദർശനം. വിവാഹേതരബന്ധങ്ങളും പ്രേമത്തിന്റെ ചതിക്കുഴികളും വാർത്താപ്രാധാന്യം നേടുന്ന ആധുനികയുഗത്തിലും സാംസ്ക്കാരികോന്നമനം വേണ്ടത്ര സിദ്ധിച്ചിട്ടില്ലാത്ത പുരാതനയുഗത്തിലും അടിസ്ഥാനമനുഷ്യസ്വഭാവം സമാനത വഹിക്കുന്നു എന്ന് ഈ കഥകൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ചെറുകഥകൾ ധാർമ്മികോദ്ബോധനത്തിനും സംസ്കാരവിമലീകരണത്തിനും ഉപാധികളാകണമെന്ന സങ്കല്പം പരിലാളിക്കുന്ന പ്രാരംഭകാല ചെറുകഥാകൃത്തുക്കളുടെ നിരയിൽ കെ. എം. വറുഗീസിനും ഈ കഥകൾ സ്ഥാനം നൽകുന്നു. ബാഹ്യശക്തികളുടെ കരിനിഴൽ പുരളാത്ത, പരസ്പരാനു

രാഗത്താൽ പ്രശോഭിതമായ ദാമ്പത്യബന്ധത്തിന്റെ പവിത്രത മാനിക്കപ്പെടുന്നതിനാൽ ഈ കഥകളിലെ പ്രമേയം കാലാതിവർത്തിയായിരിക്കുന്നു.

കഥാപാത്രത്തിന്റെ ഭാവപ്രകാശനത്തിലൂടെയാണ് ആശയങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. ഏതെങ്കിലുമൊരു വ്യക്തിയുടെ അനുഭവത്തിന്റെ ഭാഗമായി ആശയങ്ങൾ അവതരിപ്പിക്കപ്പെടുന്നതിന്റെ സാംഗത്യത്തിന് ജോർജ്ജ് എലിയറ്റ് പ്രാധാന്യം നൽകി. റൊമാന്റിക് കഥാകാലത്തിന്റെ ഭാവനാ സൃഷ്ടികളാണ് ആദർശവത്കൃതരായ കഥാപാത്രങ്ങൾ. വൈയക്തികവികാരങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഈ ദുരന്തകഥകൾ കഥാകൃത്തിന്റെ മാനസികഭാവത്തിന്റെ പ്രത്യക്ഷവത്കരണമാവാം. പ്രധാന കഥാപാത്രങ്ങൾ ശോകാകുലരാണ്. പ്രതികൂലസാഹചര്യങ്ങളോട് അടിയറവു പറയുന്ന ദുർബലകഥാപാത്രങ്ങൾക്ക് ആത്മഹത്യ മാത്രമേ മോചനം നൽകുന്നുള്ളൂ. ആത്മകഥയിൽ വറുഗീസ് എഴുതുന്നു.

> ഞാൻ എഴുതിയിട്ടുള്ള കഥകളിൽ അധികവും ശോകപര്യവസായികളാണ്. ജീവിതത്തിലെ വിഷാദാത്മകത്വത്തെപ്പറ്റിയുള്ള നിരന്തരചിന്തകളാൽ എന്റെ ചിന്താഗതികൾ മിക്കവാറും വ്യസനസങ്കലിതമത്രേ. ഏതു പരിതഃസ്ഥിതിയിലും ഒരു തുള്ളി കണ്ണീരൊഴുക്കേണ്ടി വരുന്ന ഒരു കഥാപാത്രത്തെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം സഹതാപനിർഭരമായി ചമയുന്നു. വിങ്ങുന്നവരോടും വേദനപ്പെടുന്നവരോടും എന്റെ കരൾക്കാമ്പു വേഗത്തിൽ അലിഞ്ഞു ചേരുന്നു. അവർ എന്റെ ഭാവനാസൃഷ്ടികളായ കേവലവ്യക്തികളാണെന്ന ചിന്തയില്ലാതെ സ്വന്തം ജീവിതവൃത്തിയുമായി എന്നോടിടപഴകുന്നവരാണെന്നുള്ള അനന്യബോധത്തോടു കൂടി ഞാൻ അവരോടിടപെടുകയും അവരോടൊരുമിച്ച് കണ്ണീരൊഴുക്കുകയും ചെയ്തിരുന്നു.[11]

അസ്വാതന്ത്ര്യതമസ്സ് എന്ന കഥയിലെ ശോശാമ്മ തന്റെ പാവപ്പെട്ട ഭർത്താവിന്റെ സ്വാതന്ത്ര്യസൗഭാഗ്യത്തിനു വേണ്ടി എന്നെന്നേക്കുമായി അന്ധകാരത്തിൽ മറയുന്നതായ രംഗം ഓർമ്മിക്കുമ്പോൾ കണ്ണുനീർ വാർത്തുപോകുമായിരുന്നു. എന്ന് കഥാകൃത്തു തന്നെ രേഖപ്പെടുത്തുന്നുണ്ട്.

വറുഗീസിന്റെ കഥാനായികമാർ ആദർശവതികളും പതിവ്രതകളുമാണ്. സ്ത്രീ പുരുഷ ബന്ധങ്ങളിൽ നാലുവിധം ത്യാഗസന്ദർഭങ്ങൾ തെളിയുന്നു. 1) സ്ത്രീ 2) പുരുഷൻ 3) രണ്ടു വ്യക്തികളും 4) രണ്ടു വ്യക്തികളും സഹനത്തിലെത്തുന്നില്ല. കെ. എം. വറുഗീസിന്റെ കഥകളിൽ പൊതുവെ സ്ത്രീ വിധിക്കു കീഴ്പ്പെടുന്നു. ചുരുക്കം സന്ദർഭങ്ങളിൽ ഇരുവരും ത്യാഗം സഹിക്കുന്നു. ഇത് അക്കാലത്തെ സാമൂഹിക ധാർമ്മിക വ്യവസ്ഥിതികളുടെ പ്രതിഫലനം ആണ്. പ്രേമഭാജനങ്ങളായ പുരുഷന്മാരുടെ നന്മയ്ക്കായി അവർ ജീവിതം സമർപ്പിക്കുന്നു. സ്ത്രീപുരുഷ ബന്ധങ്ങളിലെ പൊരുത്തക്കേടുകളും അവയ്ക്കിടയിൽ നൊമ്പരപ്പെടുന്ന ഹൃദയങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ശൃംഗാരരസത്തിന്റെ വിവിധ പരിണാമങ്ങളിലൊന്നായി നായികാനായകന്മാരുടെ ദുരന്തത്തെ അദ്ദേഹം അവതരിപ്പിച്ചു. അന്നത്തെ സാമൂഹികാവസ്ഥയുടെ പ്രതീകങ്ങൾ ആയ നിസ്സഹായരായ സ്ത്രീ കഥാപാത്രങ്ങൾക്ക് അദ്ദേഹം രൂപം നൽകി.

കഥാഗാത്രത്തിന ഉചിതമായ തലക്കെട്ട് ഈ കഥകളിൽ ശ്രദ്ധാർഹമാണ്. ഒരു സമർപ്പണം, തൃപ്പൂത്താറാട്ട്, ആനന്ദഭൈരവി, പ്രതികാരവെള്ളിടി, അസ്വാതന്ത്ര്യതമസ്സ് എന്നീ അഭിധാനങ്ങൾ ആഖ്യാനവിഷയത്തോട് നീതി പുലർത്തുന്നു.

3.3.2 സമുദായ സംസ്കരണം ലക്ഷ്യമാക്കുന്ന കഥകൾ.

ഇരുപതാം ശതകത്തിന്റെ പ്രാരംഭദശകങ്ങളിൽ നടന്ന സാമൂഹികപരിഷ്കരണത്തിന്റെ അലകൾ എല്ലാ സമുദായങ്ങളുടെയും ഉൾപ്പരപ്പിലേക്ക് കടന്നു ചെന്നു. സ്വസമുദായാംഗങ്ങളെ പ്രബുദ്ധരാക്കി രാജ്യസേവനോത്സുകരാക്കുവാൻ എല്ലാ മത

നവീകരണതല്പരരും ശ്രമിച്ചു. ഇത് പ്രതിഭാശാലികളായ എഴുത്തുക്കാർക്ക് പ്രചോദനം നൽകി. ക്രൈസ്തവ സമുദായഗാത്രത്തെ ബാധിച്ചിരിക്കുന്ന ധനതൃഷ്ണയെയും ലൗകികജീവിതാസക്തിയെയും കൃത്യവിലോപത്തെയും വിമർശിക്കുവാൻ കെ. എം. വറുഗീസ് കഥകളിലവസരം സൃഷ്ടിച്ചു. തന്റെ ചെറുകഥാസമാഹാരമായ സുചരിതമുകുരത്തിന്റെ മുഖവുരയിൽ അദ്ദേഹം എഴുതി.

> ചെറുകഥാപ്രസ്ഥാനം ദൈനംദിനം അഭിവൃദ്ധിപ്പെട്ടു വരുന്നതായ ഇന്നത്തെ സാഹിത്യകലാവ്യവസ്ഥിതിയിൽ ക്രൈസ്തവസംസ്കാരത്തെ അധിഷ്ഠിതമാക്കിയിട്ടുള്ള ഏതാനും ചെറുകഥകളുടെ സമാഹാരം സമീചീനമായിരിക്കുമെന്നു വിശ്വസിക്കുന്നു.12

സാമുദായികവിമർശന ലക്ഷ്യം വ്യക്തമാക്കുന്ന കഥകൾ സുചരിതമുകുരത്തിൽ ഉൾപ്പെടുന്നു.

1. ബൂബിലി അഥവാ നിസ്സർഗ്ഗപൗരോഹിത്യം

റിട്ട. ചീഫ് മെഡിക്കൽ ഓഫീസർ ദിവാൻ ബഹദൂർ ഡോ. വി. വറുഗീസ് അവർകളുടെ കനിഷ്ഠപുത്രനായിരുന്ന ബൂബിലിയുടെ വ്യക്തിപ്രഭാവം മൂലം വധശിക്ഷയ്ക്കു വിധിക്കപ്പെട്ട അറുകൊലത്താരുവിന മനഃപരിവർത്തനം സംഭവിക്കുകയും ദൈവബോധത്തോടു കൂടി കൊലമരത്തിലേറുകയും ചെയ്തു.

2. മാരാമൺ കൺവെൻഷൻ

മദ്ധ്യതിരുവിതാംകൂറിൽ പരിചിതമായ മാരാമൺ കൺവെൻഷനാണ് പശ്ചാത്തലം. ശാന്തിമനയ്ക്കൽനാരായണൻഭട്ടതിരിപ്പാട് കൺവെൻഷൻപ്രസംഗം കേട്ട് മനഃപരിവർത്തനവും മതപരിവർത്തനവും നേടി. എന്നാൽ നിത്യപരിചയം മൂലം പുതുക്രിസ്ത്യാനി എന്ന നിന്ദ ഏറ്റ് വീണ്ടും ഹൈന്ദവ സന്യാസിയായി. രോഗബാധിതനായപ്പോൾ ഒരു ക്രൈസ്തവ യുവഡോക്ടറുടെ പരിചരണം ലഭിച്ചു. ആചാരങ്ങ

ഉല്ല ക്രിസ്ത്യാനിത്വം എന്ന തിരിച്ചറിവ് അയാളെ മാരാമൺ കൺവെൻഷൻ പന്തലിലെത്തുവാൻ പ്രേരിപ്പിച്ചു. അങ്ങനെ അയാൾ വീണ്ടും ക്രിസ്ത്യാനിയായി.

3. ക്രിസ്തുദാസനും സത്യദാസനും

സർക്കാർ സർവ്വീസ് ഗുമസ്തനായിരുന്ന സുബ്രഹ്മണ്യഅയ്യർ സുവിശേഷപ്രസംഗം ശ്രവിച്ച് ഉണർന്ന ജിജ്ഞാസമൂലം ഒരു വൈദികന്റെ ശുപാർശയാൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ സമീപം എത്തി. പക്ഷേ ക്രൈസ്തവ സഭയുടെ ലൗകിക പ്രശ്നങ്ങളിൽ ദത്തശ്രദ്ധനായിരുന്ന തിരുമേനി അത് അവഗണിച്ചു. എന്നാൽ വസ്തുതകൾ ബോധ്യമായപ്പോൾ പശ്ചാത്താപഭരിതനായി അയ്യരെ യഥായോഗ്യം സ്വീകരിച്ചു തൃപ്തനാക്കി.

4. പാപ്പാച്ചി അഥവാ ഭക്തഭിക്ഷു

വേഷപ്രച്ഛന്നനായി ഭിക്ഷക്കാരോടൊപ്പം വസിച്ച മലബാറിലെ ഒരു മെത്രാൻ സ്വഭാവമഹിമ മൂലം മാനിതനാകുന്നു. പള്ളിക്കപ്യാരുടെ മോഷണശ്രമം തടയപ്പെട്ടതിന പ്രതികാരമായി അയാൾ മെത്രാനെ കുറ്റവാളിയാക്കുന്നു. എന്നാൽ മെത്രാൻ സത്യാവസ്ഥ ബോധിപ്പിക്കുവാൻ ശ്രമിക്കാതെ തന്റെ പേരു കൊത്തിയ കാസായും പീലാസായും മദ്ബഹായിൽ സമർപ്പിച്ച് മറയുന്നു.

ക്രൈസ്തവധർമ്മം പ്രായോഗിക ജീവിതത്തിലൂടെ അവതരിപ്പിക്കുക എന്ന ലക്ഷ്യം ഈ കഥകളിൽ സഫലമാക്കുന്നു. ബൂബിലിയുടെ നിഷ്കളങ്കമായ മുഖവും വേദപുസ്തകവും ദർശിച്ച കൊലപാതകി പശ്ചാത്താപഭരിതനാകുന്നു എന്നാണ് ബൂബിലി അഥവാ നിസർഗ്ഗപൗരോഹിത്യം എന്ന കഥ. വിക്ടർ ഹ്യൂഗോയുടെ 'ബിഷപ്സ് കാൻഡിൽസ്റ്റിക്സിൽ'[13] ബിഷപ്പിന്റെ വ്യക്തിത്വത്തിലൂടെ മനഃപരിവർത്തനം സാധ്യമാക്കുന്ന കുറ്റവാളിയുടെ കഥ ഇവിടെ സ്മരിക്കപ്പെടുന്നു. നോമ്പും വ്രതാനുഷ്ഠാനങ്ങളും ചിട്ടപ്പെടുത്തുന്നതിൽ മാത്രമല്ല ഹൃദയവിശുദ്ധിയോടു കൂടിയ ജീവിതത്തിലൂടെ ക്രൈസ്തവ ചൈതന്യം പ്രസരിപ്പിക്കുന്നതിലും ശ്രദ്ധ പുലർത്തണ

മെന്ന് കഥാകൃത്ത് ഉദ്ബോധിപ്പിച്ചു. ക്രിസ്ത്യാനിയുടെ ജീവിതം തന്നെ സുവിശേഷ മാകണമെന്ന സന്ദേശം ഈ ചെറുകഥ ഉൾക്കൊണ്ടു. ക്രൈസ്തവ ജീവിതത്തിന്റെ കറുത്ത രേഖകൾ തെളിയുന്ന മാരാമൺ കൺവെൻഷൻ ക്രിസ്ത്യാനിത്വത്തിനൊരു താക്കീതാണ്.

> എന്നാൽ ക്രൈസ്തവസേവനങ്ങൾ എല്ലാറ്റിനും തന്നെ കോളവും നമ്പരും മാർക്കും ഇട്ടു പരിചയിച്ചു മടുത്ത മലയാള ക്രൈസ്തവന ഒരു ഹൈന്ദവക്രിസ്ത്യാനിയുടെ ആത്മീയ സേവ നങ്ങളിൽ എന്തൊരു വൈശിഷ്ട്യം ദർശിപ്പാനാണ്. ശാസ്ത്രിക്ക് ബാങ്കില്ല, ചിട്ടിയില്ല, തോട്ടമില്ല, വാണിജ്യ വ്യവസായങ്ങളില്ല, മണി മന്ദിരവും സ്വാധീനബലവുമില്ല.[14]

ധനദേവതയെ പൂജിക്കുന്ന മനോഭാവം ഈ വരികളിൽ പ്രകടമാകുന്നു. കൺവെൻഷനുകളും ദിവ്യബോധനങ്ങളും സുവിശേഷപ്രചരണത്തിന്റെ മാധ്യമമായി കരുതുകയും ധനസമ്പാദനവും ചേരിപ്പോരുകളും ജീവിതകർമ്മമായി കരുതുകയും ചെയ്യുന്ന ക്രിസ്ത്യാനിത്വത്തെ ഈ കഥയിൽ അദ്ദേഹം അപലപിച്ചു.

മതമേലദ്ധ്യക്ഷന്മാരെയും അദ്ദേഹം കഥകളിൽ വിമർശിച്ചു. വ്യവഹാരങ്ങളും മറ്റു ലൗകികപ്രശ്നങ്ങളും മൂലം മേലദ്ധ്യക്ഷന്മാർ സാധാരണ മനുഷ്യരുടെ ആത്മീയ ദാഹം ശമിപ്പിക്കുന്നതിൽ അനവധാനത പുലർത്തിയേക്കാം. എന്നാൽ ഞെട്ടൽ ചികിത്സ പോലെ സംഭവിക്കുന്ന ചില യാദൃച്ഛികസംഭവങ്ങൾ തിരുത്തൽശക്തിക ളായി പ്രവർത്തിക്കും എന്ന് ക്രിസ്തുദാസനും സത്യദാസനും എന്ന കഥയിൽ അദ്ദേഹം സമർത്ഥിച്ചു. തെറ്റുകൾ അംഗീകരിക്കുവാൻ തയ്യാറാകുന്ന മതനേതൃത്വ ത്തിനു വേണ്ടി അദ്ദേഹം ആഗ്രഹിച്ചു. ഒരു ആദ്ധ്യാത്മികാചാര്യന്റെ ഉത്തരവാദി ത്തവും സ്ഥാനവും ഉൾക്കൊള്ളുന്ന ശ്രേഷ്ഠത ഈ കഥയിൽ അദ്ദേഹം വ്യക്തമാ ക്കി. 'പാപ്പാച്ചി അഥവാ ഭക്തഭിക്ഷു' ഒരു മെത്രാപ്പോലീത്തായെപ്പറ്റിയുള്ള ഉദാത്ത

മായ സങ്കല്പത്തിന്റെ സൃഷ്ടിയാണ്. ക്രൈസ്തവർ ലൗകികാധികാരങ്ങൾക്കു വേണ്ടി കലമ്പൽ കൂട്ടുകയും ആദ്ധ്യാത്മികനേതൃത്വങ്ങൾ ക്രൈസ്തവ ലക്ഷ്യം വിസ്മരിക്കുകയും ചെയ്യുമ്പോൾ ഒരു സാധാരണ ക്രൈസ്തവന്റെ മനസ്സിലുണരുന്ന മോഹം ഇതിൽ അദ്ദേഹം അവതരിപ്പിച്ചു. സന്യാസസമൂഹത്തിലെ മൂല്യച്യുതിയേയും ലൗകിക ജീവിതാസക്തിയേയും വിമർശിക്കുവാൻ ചെറുകഥകളിൽ അവസരം കണ്ടെത്തിയ ആന്റൺ ചെഖോവിന്റെ കഥകളും[15] മലയാളസാഹിത്യത്തിലെ പൊൻകുന്നം വർക്കിയുടെ കഥകളും സമാനസ്വഭാവം വഹിക്കുന്നു.

ക്രൈസ്തസമുദായത്തിന്റെ വിവിധ അംശങ്ങളെ–മതമേലദ്ധ്യക്ഷൻമാർ, സമുദായാംഗങ്ങളുടെ പാരസ്പര്യം, വ്യക്തിജിവിതത്തിന്റെ സംസ്ക്കാരമഹിമ - കഥാവിഷയമാക്കിയ കെ. എം. വറുഗീസ് താനുൾപ്പെടുന്ന വിഭാഗത്തിന്റെ തിരുത്തിക്കുറിക്കൽ വലിയൊരു പരിഷ്കരണശ്രമത്തിൽ അനല്പമായ പങ്ക് വഹിക്കും എന്ന് വിശ്വസിച്ചു. അത്മായ ജീവിതത്തിന്റെ അപര്യാപ്തതയും മതനേതൃത്വത്തിന്റെ അനവധാനതയും പൂർണ്ണമായി പരിഹരിക്കപ്പെടുകയില്ല. എന്നാൽ തൂലികയിലൂടെ ചിന്തകളിൽ തരംഗങ്ങൾ സൃഷ്ടിക്കാൻ സാധിച്ചാൽ നവീകരണ സാദ്ധ്യത വർദ്ധിക്കുമെന്ന് അദ്ദേഹം കരുതി. വൈക്കം മുഹമ്മദ്ബഷീറിന്റെ കഥകളിൽ കടന്നു വന്ന മുസ്ലീം സമുദായത്തിലെ തിരുത്തപ്പെടേണ്ട അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വി. ടി. ഭട്ടതിരിപ്പാടിന്റെ രചനകളിൽ ദർശിച്ച നമ്പൂതിരിസമുദായത്തിന്റെ അപാകതകളും അതതു സമുദായങ്ങൾക്ക് ഗുണകരമായി ഭവിച്ചു. ചിട്ടിയും ബാങ്കും റബറും ആധിപത്യം വഹിക്കുന്ന ക്രിസ്ത്യൻ ജീവിതത്തെ വിമർശിക്കുവാനുള്ള ഒരു ഉപാധിയായി ക്രൈസ്തവാംശം നിറഞ്ഞ ചെറുകഥകളെ അദ്ദേഹം ഉപയോഗിച്ചു. ക്രൈസ്തവ സമുദായസംസ്കരണം സംബന്ധിച്ചുള്ള വറുഗീസിന്റെ കഥകൾ സ്വസമുദായ വിമർശനവും ഇതരമതസ്ഥർക്ക് സ്വയവിശകലനത്തിനുള്ള സാധ്യതയും ഒരുക്കി.

'സുചരിതമുകുര'ത്തിലെ കഥാപാത്രങ്ങൾ വളർച്ചയുള്ളവരാണ്. അറു കൊലത്താരു, നാരായണ ഭട്ടതിരി, മെത്രാപ്പോലീത്താ എന്നിവരുടെ അന്തരംഗത്തിൽ സംഭവിക്കുന്ന സൂക്ഷ്മവ്യതിയാനങ്ങളെ യഥായോഗ്യം കഥാകൃത്ത് അവതരിപ്പിക്കു ന്നു. ഈ വ്യതിയാനങ്ങളെല്ലാം നന്മയിലേക്കു തന്നെ. ആത്മജ്ഞാനവും ലോകപരി ചയവും തികഞ്ഞ ചെറുകഥാകൃത്ത് പാത്രസൃഷ്ടിയിൽ വിജയിക്കുന്നു എന്ന് എം. പി. പോൾ പറയുന്നു.16 ക്രൈസ്തവ സമുദായത്തിന്റെ ന്യൂനതകൾ തിരിച്ചറിയുന്ന കഥാകൃത്ത് കഥാപാത്രസംവിധാനത്തിലൂടെ പൂർണ്ണതയിലെത്തുവാൻ ശ്രമിക്കുന്നു വെന്ന സത്യം പരിവർത്തനവിധേയരാകുന്ന കഥാപാത്രങ്ങൾ തെളിയിക്കുന്നു.

ഈ വിഭാഗത്തിൽപെടുന്ന തലക്കെട്ടുകൾക്ക് ധ്വനനശകതി പരിമിതമത്രേ, ബൂബിലി അഥവാ നിസർഗ്ഗപൗരോഹിത്യം, പാപ്പാച്ചി അഥവാ ഭക്തഭിക്ഷു എന്നി ങ്ങനെ ചഞ്ചലമായ അഭിധാനം കഥാഗാത്രത്തിന ശോഭ കുറയ്ക്കുന്നുണ്ട്.

3.3.3 സംഭവകഥകൾ

ചെറുകഥകളെ വർഗ്ഗീകരിക്കുമ്പോൾ വസ്തുസ്ഥിതി അഥവാ സാഹചര്യകഥ കൾ എന്നൊരു വിഭാഗത്തെപ്പറ്റി എം. പി. പോൾ സൂചിപ്പിക്കുന്നുണ്ട്.

> ഏതെങ്കിലും ഒരു കാലത്തിന്റെയോ ദേശത്തിന്റെയോ സമുദാ യത്തിന്റെയോ ആന്തരികമോ ബാഹ്യമോ ആയ അവസ്ഥയു ടെയോ ദർശനീയമായ ഒരു വസ്തുവിന്റെയോ പ്രതീതി വായന ക്കാരിൽ ഉളവാകത്തക്കവണ്ണം ചില സംഗതികൾ കാലക്രമത്തിൽ ആഖ്യാനം ചെയ്യുകയോ വർണ്ണിക്കുകയോ ചെയ്യുന്ന കഥയാണ് വസ്തുസ്ഥിതി അഥവാ സാഹചര്യ കഥ എന്ന അഭിധാനത്തിൽ ഇവിടെ വിവക്ഷിച്ചിരിക്കുന്നത്.[17]

പരിചയസീമയിൽപ്പെട്ട സംഭവങ്ങളെയും വ്യക്തിപരമായ അനുഭവങ്ങളെയും കേന്ദ്രപ്രമേയമാക്കി വറുഗീസ് ആര്യൊനം നിർവ്വഹിച്ച സംഭവകഥകളാണ് മൂന്നാമത്തെ വിഭാഗം.

1. മഹർഷീമന്ത്രണം

1682 വരെ ഇരുപത്തഞ്ചുവർഷക്കാലം കേരളത്തിൽ ജീവിച്ച് കുണ്ടറപ്പള്ളിയിൽ കബറടങ്ങിയ അന്ത്രയോസ് ബാവായുടെ ജീവിതത്തിൽ നിന്നടർത്തിയെടുത്ത സംഭവകഥയാണ് മഹർഷീമന്ത്രണം. അതിപരിചയം മൂലം ബാവായോട് അനാദരവു പ്രകടിപ്പിച്ച ദേശവാസികൾ അനുഭവിച്ച ശിക്ഷ, ഔഷധമായിത്തുടങ്ങിയ മദ്യസേവ ബലഹീനതയായി മാറിയ ബാവായുടെ ധർമ്മസങ്കടം, മിഷൻഅംഗമായ ഉമ്മൻ മുതലാളിക്കു നേരിട്ട കർമ്മഫലം എന്നിങ്ങനെ വിവിധ സംഭവങ്ങൾ ബാവായുടെ കഥയ്ക്കു രൂപം നൽകുന്നു.

2. മത്തിച്ചിറ്റപ്പൻ

ക്രൈസ്തസഭാ മേലദ്ധ്യക്ഷനായിരുന്ന മാർ മാത്യൂസ്അത്താനാസ്യോസും പുത്തൻകാവു കമ്പോളത്തിലെ മത്തിച്ചുമട്ടുകാരൻ മാപ്പിളയും തമ്മിലുള്ള ബന്ധമാണ് കഥാവിഷയം.

3. ആകാശമണ്ഡലത്തിൽ നടന്ന അത്ഭുതസംഭവം

തിരുവിതാംകൂർസ്റ്റേറ്റ്മാനുവലിൽ പ്രസിദ്ധപ്പെടുത്തുവാൻ പരുമലത്തിരുമേനിയുടെ ഫോട്ടോ പകർത്തുവാൻ എത്തിയ മി. ഡിക്രൂസ് തിരുമേനിയുടെ സമയവും പ്രകൃതിയുടെ നിലയും ഒത്തുവരാതെ ബുദ്ധിമുട്ടുന്നു. ഇതു മനസ്സിലാക്കിയ തിരുമേനി ഫോട്ടോഗ്രാഫർക്കു വേണ്ടി തന്റെ ആത്മീയശക്തി കൊണ്ട് വെളിച്ചത്തിന്റെ നില സജ്ജീകരിച്ചു കൊടുത്തു.

4. ഒരു ഐതിഹ്യം

കണ്ടിയൂർ ശിവക്ഷേത്രത്തിൽ നടന്ന ചാക്യാർ കൂത്താണ് പ്രമേയം. കള്ളച്ചൂതിൽ സർവ്വവും നഷ്ടപ്പെട്ട പാണ്ഡവരുടെ ദൈന്യവും സർവ്വവും നേടിയ ദുര്യോധനാദികളുടെ അഹങ്കാരവും ചാക്യാർ തന്മയത്വമായവതരിപ്പിച്ചു. സദസ്യരിലൊരാൾ ആസ്വാദനത്തിന്റെ പാരമ്യതയിൽ വെട്ടുകത്തിയുമായിച്ചെന്ന് ചാക്യാരുടെ കഴുത്തു മുറിച്ചുവെന്ന ഐതിഹ്യത്തിന കെ. എം. വറുഗീസ് ആവിഷ്കരണം നൽകി.

5. ഒരു ധർമ്മനിഷ്ഠ

തക്കലയിൽ ഒരു ഭവനത്തിൽ ഒരു ചെട്ടിയും കുടുംബവും താമസിച്ചിരുന്നു. ചെട്ടിയുടെ പുത്രിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ തിരുവിതാംകോട്ടുകാരൻ നായർപ്രഭുവിന്റെ ഉപദ്രവം അസഹ്യമായപ്പോൾ അഭിമാനിയായ പിതാവു തന്നെ മകളെ കൊന്നു കുഴിച്ചുമൂടുകയും നാടുവിടുകയും ചെയ്തുവെന്ന് കഥ.

6. സംഗീതസദസ്സിൽ സമാധി പൂണ്ട സർപ്പശ്രേഷ്ഠൻ

1068 ൽ മാവേലിക്കര കൊച്ചുകൊട്ടാരത്തിൽ വൃശ്ചികമണ്ഡലമഹോത്സവാഘോഷങ്ങളിൽ സംഗീതവിദഗ്ദ്ധരുടെ കച്ചേരി സംഘടിപ്പിച്ചു. അപ്പോൾ നാഗവരാളി രാഗാലാപനം നടത്തിയ സുന്ദരശാസ്ത്രിയുടെ മടിയിൽ ഗംഭീരനായ ഒരു കൃഷ്ണസർപ്പം തിറ കൂടി പത്തി താഴ്ത്തി കാണപ്പെട്ടു. ഉദയവർമ്മത്തമ്പുരാൻ അവസരോചിതധൈര്യം പാലിച്ച് ഈ സർപ്പത്തിൽ നിന്നും ശാസ്ത്രിയെ രക്ഷിച്ചു.

7. മുട്ടത്തുനമ്പൂതിരിയുടെ വ്യാജച്ചരക്ക്

തിരുവിതാംകൂർ മഹാരാജാവിന്റെ വാത്സല്യഭാജനമായ മുട്ടത്തുനമ്പൂതിരി തൃശൂർപൂരം കഴിഞ്ഞു മടങ്ങുമ്പോൾ കൈയിൽ കാശും മുറുക്കാനും ജാസ്തിയായി. അപ്പോൾ ലഹരിപദാർത്ഥങ്ങൾ കടത്തിക്കൊണ്ടുപോകുന്നവരെ പരിശോധിക്കുവാൻ നിയോഗിക്കപ്പെട്ട ചവുക്കയിലെ മേലധികാരികളെ കബളിപ്പിക്കുവാൻ തന്റെ പക്കൽ അവ ഉണ്ടെന്നു തോന്നത്തക്കവിധത്തിൽ വേഷവും നടപ്പും അഭിനയിച്ചുകൊണ്ട്

അദ്ദേഹം അവരുടെ പിടിയിലായി. പറ്റിയ അമളി തിരുത്തി കുറ്റവിമുക്തരാകുവാൻ അദ്ദേഹത്തിനും സംഘത്തിനും മുറുക്കാനും പണവും ഒരുകുത്തുപാവുമുണ്ടും മേലധികാരികൾ കൊടുക്കേണ്ടിവന്നുവെന്നാണ് കഥ.

8. വെള്ളിപ്പണം.

ശ്രീ. ചിത്തിരതിരുനാളിന്റെ ഭരണകാലത്ത് നാഗരികസംസ്ക്കാരം ഗ്രാമങ്ങളിലേക്കു പടർന്നപ്പോൾ അജ്ഞരായ ഗ്രാമീണരിലുണ്ടായ പ്രതികരണമാണ് വിഷയം. വൈദ്യുതി പോസ്റ്റിനെപ്പറ്റിയുള്ള അബദ്ധധാരണ മൂലം തേവൻപുലയൻ കമ്പിത്തൂണിലടിച്ച് തമ്പുരാനോട് നൂറ്റൊന്നു പണം ആവശ്യപ്പെട്ടു. തേവനെ കുട്ടികൾ കബളിപ്പിച്ചതാണെന്നു മനസ്സിലാക്കിയ ഒരു മാന്യൻ തമ്പുരാനു വേണ്ടി പണം തേവനു നൽകി.

സംഭവകഥകൾ കെ. എം. വറുഗീസ് സ്വാനുഭവത്തിന്റെ ഊർജ്ജം പകർന്ന് വിശ്വാസ്യതയോടെ അവതരിപ്പിച്ചു. അന്ത്രയോസ് ബാവായെ സംബന്ധിക്കുന്ന കഥകൾക്ക പ്രാദേശിക പ്രാധാന്യം നേടാൻ കഴിഞ്ഞു. മത്തിച്ചിറ്റപ്പൻ പണത്തിനും പദവിയ്ക്കും പെരുമയും മാന്യതയും കൽപിക്കുന്ന ക്രൈസ്തവർക്ക് മനുഷ്യനന്മയുടെ അമൂല്യപാഠം നൽകുന്നു. ശ്രേഷ്ഠപദവിയിലെത്തിയിട്ടും ചുവടുകൾ മറക്കാത്ത മെത്രാപ്പോലീത്തായും ധർമ്മധീരനും തൊഴിലിന്റെ മാന്യത പാലിക്കുന്നവനുമായ ചെറിയാൻ മാപ്പിളയും കെ. എം. വറുഗീസിന്റെ കഥയിലൂടെ പ്രതിഷ്ഠ നേടി. മദ്ധ്യതിരുവിതാംകൂറിൽ പ്രകീർത്തിതനായ പരുമലത്തിരുമേനിയുടെ സാത്വികപ്രഭാവത്തിന്റെ പ്രതിഫലനമായ അത്ഭുതസംഭവം അദ്ദേഹം അനുവാചകഹൃദയത്തിലേക്കു പകർന്നു. സ്വദേശത്തിനടുത്തുള്ള കണ്ടിയൂർ ക്ഷേത്രത്തിലെ ചാക്യാർകൂത്തിന്റെ കഥ ശുദ്ധഗതിക്കാരനായ ശങ്കരക്കുറുപ്പിനേക്കാൾ ചാക്യാരുടെ അഭിനയമികവിനാണ് സ്ഥാനം നൽകുന്നത്. കുറുപ്പിന് സംഭവിക്കുന്ന സ്ഥലകാലവിഭ്രമം ചാക്യാരുടെ കലാചാതുരിയുടെ സാഫല്യമാണ്. വാർത്താപ്രാധാന്യം നേടിയ ഒരു സംഭവമാ

യിരുന്നു സർപ്പത്തിന്റെ സംഗീതപ്രേമം. കെ. എം. വറുഗീസിന്റെ ചിത്രകലാചാര്യനായിരുന്ന മുകുന്ദൻ തമ്പിയുടെ അച്ഛനായ ഉദയവർമ്മരാജായാണ് കഥാനായകൻ. സംഗീതം, സാഹിത്യം, മനഃശാസ്ത്രം എന്നിവയിൽ കഥാകൃത്തിനുള്ള ജ്ഞാനം ഈ സംഭവകഥയുടെ അവതരണത്തിന പ്രയോജനപ്പെട്ടു.

കഥ സ്വാഭാവികമായും ലളിതമായും ഓരോ ഘട്ടത്തിലും പരമാവധി താല്പര്യം ജനിപ്പിക്കത്തക്കവിധത്തിലും പറയാനാവുക എന്നത് ആഖ്യാതാവിന്റെ മേന്മയായി ഹഡ്സൺ രേഖപ്പെടുത്തുന്നു.18 അവിശ്വസനീയവും നാടകീയവുമായ സംഭവങ്ങൾ കോർത്തിണക്കി പരിണാമഗുപ്തി ദീക്ഷിച്ച് അത്ഭുതരസദ്യോതകമായ കഥകളോ ഫലിതപ്രധാനമായ സ്വച്ഛന്ദരചനകളോ നിർവ്വഹിക്കുന്നതിൽ പ്രാരംഭകാലചെറുകഥാകൃത്തുക്കൾ ശ്രദ്ധിച്ചിരുന്നു. ഉപരിപ്ലവമായ പ്രമേയങ്ങളായിരുന്നുവെങ്കിലും കെ. എം. വറുഗീസിന്റെ സംഭവകഥാഖ്യാനം സമകാലികകഥാസ്വഭാവം ഉൾക്കൊണ്ടിരുന്നു.

കെ. എം. വറുഗീസിന്റെ കഥകളെ അപഗ്രഥിക്കുമ്പോൾ സമകാലികജീവിത സ്പന്ദനം ഉൾക്കൊള്ളുവാൻ ശ്രമിച്ച ഒരു കഥാകൃത്തായിരുന്നു അദ്ദേഹം എന്നു ബോധ്യമാകും. പ്രമേയത്തിലും പ്രതിപാദനത്തിലും അന്നു പ്രചാരത്തിലിരുന്ന ചെറുകഥാ പ്രസ്ഥാനത്തിന്റെ സ്വഭാവം ആവിഷ്കരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ധാർമ്മികോദ്ബോധനത്തിനും ഉദാത്തമായ കുടുംബസങ്കൽപത്തിനും ചെറുകഥകളിൽ അദ്ദേഹം പ്രാധാന്യം നൽകി. വിഷയഭേദത്തെ അടിസ്ഥാനമാക്കി പ്രവൃത്തി, സ്വഭാവം, സാഹചര്യം എന്നീ വിഭജനം അദ്ദേഹത്തിന്റെ ചെറുകഥകളിൽ പ്രകടമായിരുന്നു. ഒരു സമർപ്പണം, തൃപ്പൂത്താറാട്ട്, ആനന്ദഭൈരവി, അസ്വാതന്ത്ര്യതമസ്സ് എന്നീ കഥകൾ കഥാപാത്രങ്ങളുടെ പ്രവൃത്തിയിൽ കേന്ദ്രീകൃതമാണ്. മനുഷ്യസ്വഭാവത്തിന വന്നുചേരുന്ന പരിവർത്തനങ്ങളുടെ വസ്തുത സുപരിചതമുകുരത്തിലെ കഥകളിൽ ദീക്ഷിക്കുന്നു. വർണ്ണനാപ്രധാനങ്ങളായ സംഭവകഥകൾ സാഹചര്യസ്പ

ഷ്ടികളാണ്. ശോകം, ആദർശം, അത്ഭുതം എന്നിവ കെ. എം. വറുഗീസിന്റെ കഥക ളിൽ പരിഗണനാർഹമാം വിധം ആവിഷ്കരിക്കപ്പെടുന്നു.

കെ. എം. വറുഗീസിന ചിത്രകലയിലും സംഗീതകലയിലുമുള്ള പാണ്ഡിത്യം കഥാരചനയ്ക്ക് കൈത്താങ്ങായിട്ടുണ്ട്. ആനന്ദഭൈരവി, സർപ്പത്തിന്റെ സംഗീത പ്രേമം എന്നീ കഥകളിൽ സംഗീതത്തിന്റെ സാങ്കേതികതയിലേക്ക് കഥാകൃത്ത് കടന്നു ചെല്ലുന്നു. കഥാപാത്രങ്ങളുടെയും സാഹചര്യങ്ങളുടെയും അവതരണം ഒരു ചിത്രകാരന്റെ സൂക്ഷ്മനിരീക്ഷണചാതുര്യത്തെയും വർണ്ണബോധത്തെയും പ്രകടമാ ക്കുന്നു. വർണ്ണനകളിലും ഇത് ദർശിക്കാം.

കെ. എം. വറുഗീസിന്റെ ചെറുകഥകളിൽ വർണ്ണനകൾക്ക് പ്രാധാന്യം നൽകി യിരുന്നു. കഥാപാത്രങ്ങൾ, മനോഭാവം, പ്രവൃത്തികൾ എന്നിവ അനുഭവവേദ്യമാക ത്തക്കവിധം അദ്ദേഹം അവതരിപ്പിച്ചു.

മാരാമൺ കൺവെൻഷനിൽ പമ്പാനദിയുടെ സജീവസാന്നിദ്ധ്യം ചേർത്തിരി ക്കുന്നു.

> മലങ്കരമാർത്തോമ്മാ സഭയുടെ അന്തർഹൃദയത്തിൽ അനുനി മിഷം അലതല്ലുന്ന കർത്തവ്യ ധർമ്മ ചിന്താതന്തുക്കളെ അടിയോ ളവും തഴുകിത്തണുപ്പിക്കുമാറ്, മദ്ധ്യതിരുവിതാംകൂറിന്റെ മരതകമ ണിമാർവ്വിൽ കുഴഞ്ഞ് മാഴ്കി മീളുന്ന സർവ്വസുഭിക്ഷപ്രദായിനി യായ പമ്പാദേവിയുടെ പാർശ്വതലത്തിൽ പരന്ന് പാറുന്ന വെൺപ ട്ടുസാരിക്കൊപ്പം എങ്ങെങ്ങും മാനമാണ്ട മാരാമൺ മധുരച്ചരൽപ്പ രപ്പ് ശിശിരകാലശുഭ്രതയിൽ അതാ കണ്ണെത്താദൂരം കുളിർമ്മ യാർന്ന് തെളുതെളിമ ചിന്തി വിളങ്ങുന്നു.[19]

താളാത്മകമായി മന്ദഗമനം ചെയ്ത് മദ്ധ്യതിരുവിതാംകൂറിനെ പുളകമണി യിച്ച പമ്പാനദി കഥാന്ത്യത്തിൽ വികാരഭരിതയാകുന്നു.

ദേവദൂതഗണങ്ങളെ ആഹ്ലാദപുളകം അണിയിക്കുന്നതായ ആ വിശിഷ്ടരംഗം കാണ്മാൻ അറേബ്യൻ സമുദ്രത്തിന്റെ ആശ്ലേഷസീൽക്കാര മാധുര്യത്തെ അവഗണിച്ച് പൂർവ്വദിഗ്വഭിമുഖിയായി കുതിച്ചുപാഞ്ഞെത്തിയ പുണ്യതീർത്ഥവാഹിനിയായ പമ്പ, മാരാമൺ മണൽപ്പുറത്ത് ഏറ്റം കയറി നമസ്കരിച്ചു.20

ചെറുകഥകളിലെ ആഖ്യാനങ്ങളിൽ അതിഭാവുകത്വവും സ്ഥൂലവർണ്ണനകളും ആദ്യകാലഘട്ടങ്ങളിൽ അപാകതകളായി അനുഭവപ്പെട്ടിരുന്നു. കെ. എം. വറുഗീസിന്റെ ചെറുകഥകളിലും ഈ സ്വഭാവം ദൃശ്യമായിരുന്നു. എന്നാൽ സഹൃദയരായ അനുവാചകർ കാവ്യാത്മകമായ വർണ്ണനകളെ അംഗീകരിച്ചിരുന്നു. പ്രകൃതിയെയും സജീവകഥാപാത്രമായി വർണ്ണിച്ചവതരിപ്പിക്കുന്ന രീതി അദ്ദേഹം സ്വീകരിച്ചിരുന്നു. നദിയും സന്ധ്യയും കിളികളും കഥാഗാത്രത്തോടിണങ്ങി നീങ്ങുന്നതായി കാണാം.

ധർമ്മബോധമുള്ള സമൂഹത്തിനായുള്ള അഭിലാഷം കെ. എം. വറുഗീസിന്റെ കഥകളിൽ തീക്ഷ്ണമായിരുന്നു. വ്യക്തിബന്ധങ്ങളിലും സാമുദായികജീവിതത്തിലും നടത്തേണ്ട പൊളിച്ചെഴുത്തുകൾ അദ്ദേഹം കഥകളിൽ വെളിപ്പെടുത്തി. പരിണാമഗുപ്തി ദീക്ഷിച്ചുകൊണ്ട് ചെറുകഥാരചന നിർവ്വഹിച്ചു. കഥാസന്ദർഭങ്ങളുടെ കുലം കുത്തിയിടിച്ചും കുഴികൾ നികത്തിയും മാലിന്യങ്ങൾ തുടച്ചു നീക്കിയും കലങ്ങി മറിഞ്ഞ അന്തരീക്ഷം മാറ്റി ഒഴുകുന്ന ഒരു സംശുദ്ധമായ നദി അതായിരുന്നു കഥാകൃത്തിന്റെ വാഗ്ദത്തനാടും. അത്തരം ഒരു സ്വർഗ്ഗം സൃഷ്ടിക്കുവാനാണ് കഥാപാത്രങ്ങളും സാഹിത്യകാരനും ശ്രമിക്കുന്നത്. ക്രൈസ്തവദർശനപാലനവും ഒപ്പം സർവ്വമതസംസ്ക്കാരപ്രകാശനവും ലക്ഷ്യമാക്കുന്നതിനാൽ കെ. എം. വറുഗീസിന്റെ ചെറുകഥകൾ മലയാള ചെറുകഥാസാഹിത്യപ്രസ്ഥാനത്തിന ഒരു മുതൽക്കൂട്ടാണ്.

അടിക്കുറിപ്പുകൾ

1. സി. പി. അച്യുതമേനോൻ എന്റെ ആദ്യത്തെ ഫീസ്
ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ കല്യാണിക്കുട്ടി
ശീവൊള്ളിയുടെ ചിരുതേയി, സി. വി. കുഞ്ഞുരാമന്റെ എനിക്കാത്മഹത്യ ചെയ്യാൻ മതിയായ കാരണമില്ലയോ എന്നിവ ഉദാഹരണങ്ങൾ

2. അമ്പാടി നാരായണപ്പൊതുവാളിന്റെ ഉളി പിടിച്ച കൈ, എം. ആർ. കെ. സി. യുടെ കണ്ണിപറമ്പിലെ കൊലപാതകം, മൂർക്കോത്തു കുമാരന്റെ ഒരു മരണപത്രം എന്നിവ മാതൃകകൾ.

3. മൂർക്കോത്തു കുമാരന്റെ ഒരു നരിയെ കൊന്ന വെടി, കെ. സുകുമാരന്റെ ആനനായാട്ട്, വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ പരമാർത്ഥം, സി. എസ്. ഗോപാലപണിക്കരുടെ ഒരു മുതലനായാട്ട് എന്നിവ ഉദാഹരണങ്ങൾ.

4. William Henry Hudson An Introduction to the study of Literature.
Kalyani Publishers Ludhiana Delhi 1995
'A short story must contain one and only one informaing idea.'

5. Brander Mathews The Philosophy of short story 1907.
www.classicreader.com
'A short story deals with a single charecter, single event, a single emotion, or the series of emotions called forth. by a single situation.'

6. രസികരഞ്ജിനി 1 904 (1079) മകരം പുസ്തകം 2 ലക്കം 6

7. അച്യുതൻ എം. ചെറുകഥ ഇന്നലെ ഇന്ന് സാഹിത്യ പ്രവർത്തക സഹകരണ സംഘം 1973 പു. 70
രവികുമാർ. കെ. എസ്. ആദ്യകാലകഥകൾ, കറന്റ് ബുക്ക്സ് - 1992 പു. 15

ബഷീർ എം. എം. ഡോ. ചെറുകഥാശതാബ്ദിയും നൂറുകഥയും

ഭാഷാപോഷിണി ലക്കം 5 ഫെബ്രുവരി, മാർച്ച് 1992 പു. 69

8. O Hentry 'The Gift of the Magi' 100 Selected stories Wordsworth Edition Ltd. 1995 P.1

9. കൊച്ചീപ്പൻ തരകൻ - മറിയാമ്മ സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം 1903

10. കൃഷ്ണപിള്ള എൻ. ബലാബലം സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം 1945

11. കെ. എം. വറുഗീസ് ആത്മകഥ 1953 പു. 107

12. ,, 'മുവെവുര' സുചരിതമുകുരം - വള്ളക്കാലിൽ പ്രസ്, മാവേലിക്കര, 1950 പു. 8

13. Victor Hugo 'The Bishops Candle sticks', Les Miserables Wordsworth Editions Paris 1994

14. കെ. എം. വറുഗീസ്. മാരാമൺ കൺവെൻഷൻ സുചരിതമുകുരം 1950 പു. 42

15. Anton Chekov 'Without a title' selected stories of wordsworth editions ltd., Heartforshire 1996 Page 155

16. പോൾ എം. പി. ചെറുകഥാപ്രസ്ഥാനം സാഹിത്യ പ്രവർത്തക സഹകരണസംഘം 1932 പു. 89

17. പോൾ എം. പി. ചെറുകഥാ പ്രസ്ഥാനം സാഹിത്യ പ്രവർത്തക സഹകരണസംഘം 1932 പു 23

18. ഹഡ്സൺ സാഹിത്യപഠനത്തിന ഒരു ആമുഖം പരിഭാഷ ഡോ. എസ്. കെ. വസന്തൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1993 പു. 154

19. കെ. എം. വറുഗീസ്. മാരാമൺ കൺവെൻഷൻ സുചരിതമുകുരം 1950 പു. 25

20. കെ. എം. വറുഗീസ്. മാരാമൺ കൺവെൻഷൻ സുചരിതമുകുരം 1950 പു. 63

അദ്ധ്യായം നാല്

ഗദ്യകവിതകൾ

ഇരുപതാം നൂറ്റാണ്ടിൽ ശക്തമായ ഒരു കാവ്യപ്രസ്ഥാനമെന്ന നിലയിൽ ഗദ്യ കവിത പ്രാധാന്യമർഹിക്കുന്നു. ആംഗലേയസാഹിത്യത്തിൽ വാൾട്ട് വിറ്റ്മാൻ, റസ്കിൻ, ന്യൂമാൻ, കാർലൈൻ, ഡികിൻസി എന്നിവരുടെ കവിതകളിൽ ഗദ്യകവി താശൈലി രൂപപ്പെട്ടിരുന്നു. ഫ്രഞ്ചു സാഹിത്യത്തിലും ജർമ്മൻ സാഹിത്യത്തിലും ഗദ്യകവിത സ്ഥാനം പിടിച്ചിരുന്നു. പാശ്ചാത്യസാഹിത്യത്തിൽ ബൈബിൾ ഭാഷാരീ തിയ്ക്ക് പ്രചാരം നേടുവാൻ കഴിഞ്ഞിരുന്നു. ടാഗോറിന്റെ ഗീതാഞ്ജലി ഗദ്യകവിതാ രചയിതാക്കൾക്ക് ഈ പ്രസ്ഥാനത്തിൽ പ്രത്യേക താല്പര്യം നൽകി. മലയാളഭാഷാ സാഹിത്യത്തിൽ ഗദ്യകവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ കെ. എം. വറുഗീസ് ശ്രദ്ധാർഹനാകുന്നു.

പദ്യകവിതയിൽ ശബ്ദഘടനയ്ക്കു നൽകുന്ന പ്രാധാന്യം ഗദ്യകവിതയിൽ വികാരഘടനയ്ക്കു നൽകപ്പെടുന്നു. രസാത്മകമായ വിധത്തിൽ രമണീയാർത്ഥ പ്രദ്യോതകമായ ആശയങ്ങൾ ഗദ്യത്തിലെഴുതുന്നതു കൊണ്ട് യാതൊരു പോരാ യ്മയും വരുന്നതല്ലെന്ന് കെ. എം. വറുഗീസ് ചിന്തിച്ചു. താളബോധമാണ് ഗദ്യകവിത യുടെ ജീവൻ എന്ന് അദ്ദേഹം കണ്ടെത്തി. വൃത്തനിയമങ്ങളുടെ പരിധികളെ അവഗ ണിച്ചു കൊണ്ടുള്ള രചനാരീതി അദ്ദേഹം ഗദ്യകവിതയിൽ സ്വീകരിച്ചു. പദസ്വീകര ണത്തിനും പ്രാസബോധത്തിനും ആലങ്കാരികതയ്ക്കും ഇതിൽ പ്രാധാന്യം നൽക പ്പെട്ടു.

പദ്യത്തിനു സ്വതവേ ഉള്ള ഗീതകകലാഭംഗി ഗദ്യത്തിലും വരുത്തുവാൻ കഴി യുമെന്നുള്ള ദൃഢവിശ്വാസത്തോടു കൂടി 1918 ൽ എഴുതിയ സുപ്രസ്വപ്നാമൃതം ആത്മപോഷിണിയിൽ വള്ളത്തോൾ പ്രസിദ്ധപ്പെടുത്തി. തുടർന്ന് ഇരുപത്തഞ്ച്

വർഷങ്ങളിലായി അദ്ദേഹം നിരവധി ഗദ്യകവിതകൾക്കു രൂപം നൽകി. വിവിധ പ്രസിദ്ധീകരണങ്ങളിൽ പ്രകാശിതമായ ഗദ്യകവിതകൾ സമാഹരിച്ച് 'ചെങ്കോലും മുരളിയും' എന്ന പേരിൽ ഒരു ഗദ്യകാവ്യസമാഹാരം 1944 ൽ ജോൺപീറ്റർ തോട്ടം പുറത്തിറക്കി. കെ. എം. വറുഗീസ് നവീനമായ ഈ പ്രസ്ഥാനത്തിൽ ആദ്യമായി പാദസ്പർശം ചെയ്ത കാലത്ത് ഈ രീതിയിൽ സ്വതന്ത്രമായി കവിതാനിർമ്മാണം ചെയ്വാൻ കേരളീയരിൽ മറ്റാരും തന്നെ ഉദ്യമിച്ചിരുന്നില്ല. കേസരി ബാലകൃഷ്ണ പിള്ള, ഉള്ളൂർ എസ. പരമേശ്വരയ്യർ തുടങ്ങിയവർ ഈ പുതിയ പ്രസ്ഥാനത്തെ സ്വാഗതം ചെയ്തു. അവതാരികാകാരനായ ഡോക്ടർ കെ. ഗോദവർമ്മ രാജാ ഇങ്ങനെ എഴുതി.

> ചിത്രണനിപുണമായ ഒരു തൂലികയിൽ നിന്നും നിർഗ്ഗളിച്ചിട്ടുള്ള സുമോഹനങ്ങളായ ഏതാനും ഗദ്യകവിതകളുടെ സമാഹരണ രൂപമായ ഈ ഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിന എനിക്ക് അളവറ്റ ആഹ്ലാദമുണ്ട് - നിർമ്മലമായ ഹൃദയവും സുന്ദരമായ ഭാവനയും ആനന്ദസാന്ദ്രമായ ആത്മാവും ആണ് ഈ കൃതിയിൽ സാർവ്വത്രികമായി സ്ഫുരിക്കുന്നത്.[1]

4.1 സമകാലിക ഗദ്യകവിതകൾ

ഈ പുതിയ കാവ്യസരണിയിലേക്ക് പലരും കടന്നുവന്നു. 1939 ൽ പൊൻകുന്നം വർക്കി 'തിരുമുല്ക്കാഴ്ച' രചിച്ചു. തുടർന്ന് 'നീരാവി'യും ഉള്ളൂരിന്റെ 'ക്ഷേത്രസന്നിധിയിൽ', മാതൃഭൂമിയുടെ 'തൃപ്പാദങ്ങളിൽ', 'അരുണോദയം', മുത്തിരിങ്ങോടിന്റെ 'മറുപുറം', ടി.കെ.സി.വടുതലയുടെ 'ഹൃദയത്തുടിപ്പുകൾ', എൻ. ബാലകൃഷ്ണൻ നായരുടെ 'ആത്മഗീതം', വി. വി. കെ. വാലത്തിന്റെ 'ഇടിമുഴക്കം', 'ചക്രവാളത്തിനപ്പുറം', 'മിന്നൽ വെളിച്ചം', എം. ആർ. ബി യുടെ 'വളപ്പൊട്ടുകൾ', എം. ജെ. ചാവറയുടെ 'കാൽവരിയിലെ ക്രിസ്തു', കെ. വി. മണലിക്കരയുടെ 'മനുഷ്യൻ

പിറക്കുന്നു', പി. കുഞ്ഞിരാമൻ നായരുടെ 'പ്രതിഭാങ്കുരം', ബഷീറിന്റെ 'അനർഘനിമിഷം' തുടങ്ങിയ നിരവധി ഗദ്യകവിതകൾ രൂപം കൊണ്ടു. അയ്യപ്പപ്പണിക്കർ, കടമ്മനിട്ട രാമചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയ ആധുനികരിൽ പലരും ഈ കവിതാ രീതിയ്ക്ക് പുനരാവിഷ്കരണം നൽകി.

ഗദ്യകവിതാപ്രസ്ഥാനം അന്നത്തെ സാഹിത്യവേദിയിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ടു. ഗദ്യകവിതയിൽ വികാരപരമായ താളത്തെ ശബ്ദഘടനയുടെ താളം ശക്തിപ്പെടുത്താതിരുന്നാൽ പദ്യകവിതയുടെ ആകർഷകത്വം ആർജ്ജിക്കുവാൻ സാദ്ധ്യമല്ല എന്നതായിരുന്നു പൊതു സങ്കല്പം. രൂപത്തെ ആസ്പദമാക്കിയുള്ള ഒരു ഉപപ്രസ്ഥാനമെന്ന നിലയിൽ കേസരി ഇതിനെ വീക്ഷിച്ചു. വികാരതീക്ഷ്ണതയ്ക്കു ഹാനി വരുത്താതെയും, ക്ലേശിക്കാതെയും രചിക്കപ്പെടുന്ന ഗദ്യകവിതകളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഗദ്യകവിതയുടെ അലങ്കാരശബളിമയേയും വ്യഥാസ്ഥൂലതയേയും വിമർശിച്ച എം. പി. പോൾ അനാഡംബരമായ ശബ്ദഭംഗിയും ആലോചനാമൃതമായ സൂക്ഷ്മാശയത്വവും വികാരദീപ്തിയും നിറഞ്ഞ വാക്യങ്ങൾ ഗദ്യകവിതയെ സ്വീകാര്യമാക്കുമെന്ന നിഗമനം അവതരിപ്പിച്ചു. ആശയത്തിന്റെ സ്വാരസ്യം കവിതാഗുണമായി അദ്ദേഹം കരുതി. വികാരാർദ്രമായ ആശയങ്ങളുടെ നിർഗ്ഗമനമായി ഗദ്യകവിത കുറേക്കാലം ശ്രദ്ധിക്കപ്പെട്ടു. അസ്തഃപ്രഭമായ വിധം കവിതയുടെയും ഗദ്യത്തിന്റെയും പിൻനിരയിൽ നീങ്ങിയ ഗദ്യകവിത ആധുനികസാഹിത്യത്തിൽ പുനഃപ്രതിഷ്ഠ നേടിയിട്ടുണ്ട്.

സാമൂഹ്യവ്യവസ്ഥിതിയിൽ സംഭവിച്ച പരിണാമം ഗദ്യകവിതയിലും സാരമായവ്യതിയാനം വരുത്തി. വ്യക്തികേന്ദ്രീകൃതമായ സാമൂഹ്യാവസ്ഥയുടെ ആഗമനം ഗദ്യകവിതയിൽ പ്രകടമായി. പൂർവ്വകാലഗദ്യകവിതകൾ ആദ്ധ്യാത്മികതയിൽ സമ്പന്നമായിരുന്നു. ഈശ്വരനെയും പ്രകൃതിയെയും ഉൾക്കൊള്ളുന്ന മനുഷ്യന്റെ ഹൃദയതാളമാണ് അവയിൽ നിറഞ്ഞു നിന്നിരുന്നത്. ഭക്തിയും പ്രേമവും പ്രധാന വികാര

ങ്ങളായിരുന്നു. പ്രകൃതിയും പ്രപഞ്ചവുമായി സമഞ്ജസമായി നീങ്ങുന്ന മനുഷ്യനായിരുന്നു അന്നത്തെ നായകൻ. ആധുനിക ഗദ്യകവിതകൾ വൈയക്തിക വികാരങ്ങളിൽ കേന്ദ്രീകൃതവും അന്തർമുഖത്വത്തിന്റെ ഭാവം ഉൾക്കൊള്ളുന്നവയുമാണ്. നിത്യജീവിതത്തിലെ മാനസിക സംഘർഷങ്ങളിൽ നിന്നു രൂപം കൊള്ളുന്നവയാണ് ആധുനിക ഗദ്യകവിതകളിൽ മിക്കവയും. ഇവിടെ മൃദുലവികാരങ്ങളിൽ വിലയം പ്രാപിക്കുവാനും സ്വാത്മവിസ്മൃതിയിൽ ഗാനമാലപിക്കുവാനും ആധുനിക മനുഷ്യൻ അശക്തനാണ്. അതിനാൽ വ്യക്തിജീവിതത്തിലെ പൊരുത്തക്കേടുകൾക്ക് അവൻ പ്രാധാന്യം കണ്ടെത്തുന്നു. ഭക്തിയും പ്രേമവും ഇന്ന് പുത്തൻ സങ്കല്പങ്ങളിൽ നിന്നുടലെടുക്കുന്നവയാണ്. എങ്കിലും ഗദ്യത്തിന്റെ പരുഷതയിൽ നിന്നു മാറി കവിതയുടെ രൂപത്തിലൊതുങ്ങാതെ ശ്ലഥബദ്ധമായ കലാഭംഗി ഗദ്യകവിതയിൽ ഇന്നും പാലിക്കപ്പെടുന്നു.

4.2. കെ. എം. വറുഗീസിന്റെ ഗദ്യകവിതകൾ

കെ.എം.വറുഗീസിന്റെ ഗദ്യകവിതകളിൽ ആത്മനിഷ്ഠകവിതകളായ ആദ്ധ്യാത്മികദർശനങ്ങളും പ്രേമാലാപനങ്ങളും, വസ്തുനിഷ്ഠകവിതകളായ മംഗളാശംസകളും ഉൾപ്പെടുന്നു.

4.2.1 ആദ്ധ്യാത്മിക ദർശനങ്ങൾ

ചെങ്കോലും മുരളിയും എന്ന സമാഹാരത്തിൽ അവതരിപ്പിക്കുന്ന ആദ്ധ്യാത്മിക ദർശനങ്ങളിൽ സുഖസ്വപ്നാമൃതം. പ്രസ്ഥാനസുധാലഹരി, ജഗന്മണാളൻ, ചെങ്കോലും മുരളിയും, കവിതാദേവി എന്നീ അഞ്ചു കവിതകൾ ഉൾപ്പെടുന്നു.

1 സുഖസ്വപ്നാമൃതം

കെ. എം. വറുഗീസിന്റെ പ്രസിദ്ധീകൃതമായ ആദ്യഗദ്യ കവിതയാണ് സുഖസ്വപ്നാമൃതം. പഞ്ചേന്ദ്രിയങ്ങളെയും സംതൃപ്തമാക്കുന്ന പ്രപഞ്ചസൗന്ദര്യത്തിൽ സർവ്വേശ്വരസാന്നിദ്ധ്യം ദർശിക്കുന്ന കവിത്വത്തിന്റെ കാലഘട്ടം അദ്ദേഹത്തിന്റെ കവി

തകളെയും സ്വാധീനിച്ചു. ജീവിതത്തിന്റെ ഓരോ ചുവടുവെയ്പിലും ഈശ്വരസാന്നിദ്ധ്യം അദ്ദേഹം തിരിച്ചറിഞ്ഞു. ബാല്യത്തിന്റെ നിഷ്ക്കളങ്കതയിൽ, മനക്കണ്ണുകൾക്ക് പരമാത്മനടനം ആദൃശ്യമായിരുന്നില്ല. മാതാവിന്റെ സ്തന്യത്തിലൂടെ, ജഗദ്സ്രഷ്ടാവിന്റെ ദൃഢപ്രേമത്തിന്റെയും നിർമ്മലാനന്ദത്തിന്റെയും അമൃതകണങ്ങൾ ആവോളമാസ്വദിച്ചു. ബാഹ്യലോകത്തിൽ നിന്നു മുക്തമായ അവസ്ഥയിൽ സൗന്ദര്യവും പ്രേമവും മാധുര്യവും മാത്രം താൻ അറിഞ്ഞു. പ്രപഞ്ചസംഗീതം താരാട്ടാവുകയും ദേവദൂതഗണങ്ങൾ തൊട്ടിലാട്ടുകയും രാത്രികാല സ്വപ്നങ്ങളിൽ ഈശ്വരദർശനം സാധ്യമാവുകയും ചെയ്ത നിഷ്ക്കളങ്കശൈശവം, ആമ്പൽപ്പൂ വിടരുന്നതും നെയ്യാമ്പലുകൾ പൂവുതിർക്കുന്നതും തനിക്കു വേണ്ടിയാണെന്ന് കരുതി ആനന്ദിച്ചു.

കാലദേവത ഓടി മുമ്പോട്ടു നീങ്ങിയപ്പോൾ യുവത്വം കടന്നു വന്നു. വിഷയഗ്രഹണത്തിനായി ഇന്ദ്രിയങ്ങൾ മുതിർന്നപ്പോൾ പ്രപഞ്ചപരാശക്തി നേത്രേന്ദ്രിയങ്ങൾക്ക് അഗോചരമായി. വിശ്വജനയിതാവിന്റെ സ്വരൂപദർശനം ശൈശവദശയെ അനുഗ്രഹീതമാക്കിയതിന്റെ കൃതജ്ഞതയും അഭിമാനവും കൊണ്ട് ഹൃദയം കവിയുമ്പോൾ ഒരു സുഖസ്വപ്നമായെങ്കിലും ആ മനോഹരത്വം കവി ആഗ്രഹിക്കുകയാണ്. കവിയുടെ ആശ സഫലീകൃതമാകുന്നു. ജാഗ്രദവസ്ഥയെ മറികടന്ന് സുഖസ്വപ്നമായി ഈശ്വരചൈതന്യം ദർശനമേകുന്നു. ചന്ദ്രനിൽ വെൺകളി പൂശുകയും പുഷ്പസഞ്ചയങ്ങൾക്ക് നിറം പിടിപ്പിക്കുകയും ചെയ്യുന്ന ആലേഖ്യവൈദഗ്ദ്ധ്യമാർന്ന തൂലികയും കോകിലങ്ങളെ രാഗാഭ്യാസം ചെയ്യിക്കുന്ന മുരളിയും മാന്തളിരുകളുടെ മൃദുത്വമുള്ള വിരലുകളും കവിയെ പുളകിതനാക്കുന്നു. ആ സുഖസ്വപ്നാമൃതം നുകർന്ന് ലഹരിയാർന്ന കവി പാടുന്നു.

> എന്റെ നാഥാ, പുഷ്പസഞ്ചയങ്ങളിൽ ആനന്ദനർത്തനം ചെയ്യുന്ന
> പ്രാണപ്രിയനായുള്ളോവേ, അത്യാഹ്ളാദത്താൽ ഞാനിതാ മതിമ
> റന്നിരിക്കുന്നു. അങ്ങയുടെ മുരളീനാദത്തിന്റെ മാധുര്യത്താൽ

ഞാനിതാ ആഹ്ലാദപരവശനായിരിക്കുന്നു. സന്തോഷനൃത്തത്താൽ എന്റെ കാലടികൾ കുഴയുന്നു. ഞാൻ അവിടുത്തെ വിശാലമായ മാറിടത്തിൽ പറ്റിക്കിടന്ന് കുറച്ചു നേരത്തേക്ക് ഒന്നാശ്വസിക്കട്ടെയോ? [2]

പ്രപഞ്ചപരമാത്മാവിന്റെ മുമ്പിൽ താൻ വെറുമൊരു ശിശു മാത്രമാണെന്നും ആ ദിവ്യ സന്നിധിയിൽ നൃത്തം ചെയ്യുവാൻ ഈശ്വരാനുഗ്രഹം കൂടിയേ തീരു എന്നും അദ്ദേഹം അനുഭവിച്ചറിയുന്നു. ജീവിതത്തിലും കവിതയിലും യുവത്വത്തിലേയ്ക്കു കടക്കുന്ന ഒരു ഭക്തന്റെ ആത്മാലാപമാണ് ഈ കവിതയിൽ മുഴങ്ങുന്നത്.

2 പ്രസ്ഥാന സുധാലഹരി

ഒരു നൂതനകാവ്യപ്രസ്ഥാനത്തിലേയ്ക്ക് കടക്കുന്ന കവി ആശങ്കാകുലനാണ്. എങ്കിലും അദമ്യമായ ഉൾപ്രേരണയാൽ മുമ്പോട്ടു നീങ്ങുമ്പോൾ തനിയ്ക്കു കൈത്താങ്ങാകണമെന്ന് ഈശ്വരനോടഭ്യർത്ഥിക്കുന്നു.

ഈശ്വരൻ നൽകിയ പ്രകാശരേണുക്കളെ ജ്വലിപ്പിച്ചു കൊണ്ട് ഒരു പുതിയ പ്രസ്ഥാനത്തിലേക്ക് പ്രവേശിക്കുന്നതായി കവി അഭിമാനിക്കുന്നു. അല്പമാത്രവൈഭവനായ തന്നെ ഉപമിക്കുന്നത് ചെറുകമുകിൻ പാളയിൽ ഗർഭശയ്യാസൗഖ്യത്തെ അന്വേഷിച്ചു കൈപ്പൂന്തളിരുകൾ കുടഞ്ഞ് കുതിച്ചിളകുന്ന കുരുന്നു പൂങ്കഴന്തയോടാണ്. തന്റെ തോണി മുമ്പോട്ടു പോകുമ്പോൾ ചുറ്റും കാണപ്പെടുന്ന മനോഹരലോകം കവിയെ ആനന്ദിപ്പിക്കുന്നു. തന്റെ നേത്രേന്ദ്രിയത്തിനു വിഷയീഭവിച്ചിട്ടില്ലാത്ത മനോഹരവസ്തുക്കളെ അത്ഭുതത്തോടു കൂടിയാണ് അദ്ദേഹം വീക്ഷിക്കുന്നത്. അറിയാൻ ശ്രമിക്കുന്തോറും അഗോചരത്വത്തിലേക്ക് മറഞ്ഞു പോകുന്ന ഈശ്വരനെപ്പറ്റി കവി വിവശനാകുന്നു. ഭാവനയുടെ ആകാശഗമനത്തേക്കാളധികം ഈശ്വരന്റെ പ്രേമോഷ്മള ശക്തിയുടെ ലഹരിയിൽ ലയിക്കുവാനുള്ള ആഗ്രഹമാണ് അദ്ദേഹത്തിന്റെ കവിതയിൽ മുഴങ്ങുന്നത്. മനുഷ്യന്റെ സർഗ്ഗവൈഭവത്തിലൂടെ

അസ്തിത്വം നേടുന്ന ഈശ്വരചൈതന്യത്തെ വാഴ്ത്തുമ്പോൾ ജഗന്നിയന്താവിന്റെ കൈകളിലെ തൂലിക മാത്രമാണ് താനെന്ന് അദ്ദേഹം സ്മരിക്കുന്നു. മാതാവിന്റെ പ്രേമകനകമൃണാളത്താൽ ബന്ധിതനാവുന്നതിനു മുമ്പ് ഗർഭരത്നഹർമ്മ്യത്തിലേക്ക് വഴി നടത്തിയതും, പ്രകൃതിയുടെ ജീവനാഡികളിൽ സ്വയംവികാസശക്തിയെ ഉല്പാദിപ്പിച്ചതും, ജ്യോതിർഗോളമദ്ധ്യത്തിൽ ശാശ്വതപ്രണയത്തെ പ്രതിഷ്ഠിച്ചതുമായ ഈശ്വരന്റെ പീയൂഷനിഷ്യന്ദിയായ മധുരസ്വരം തന്റെ ഈ നവീന പ്രസ്ഥാനത്തിൽ സർവ്വദാ മുഴങ്ങിക്കൊണ്ടിരിക്കണമെന്ന് കവി ആഗ്രഹിക്കുന്നു.

പ്രേമസ്വരൂപനായ ഈശ്വരന്റെ പ്രേമത്തെ അറിഞ്ഞാരാധിക്കുവാനും നിഷ്ക്കളങ്കപ്രേമത്തെ നിക്ഷേപിക്കുവാനുമാണ് മനുഷ്യജീവിതം എന്ന് കവി തിരിച്ചറിയുന്നു. നിരതിശയാനന്ദസ്വരൂപനായ ഭഗവാൻ പ്രേമപ്പൂമഴയാൽ പഞ്ചേന്ദ്രിയ മാർഗ്ഗേണ ചെറുകൈവഴികളിലായി ദാസരിലേക്കൊഴുകുന്നതായി അദ്ദേഹം കരുതുന്നു. വിശ്വമഹാശക്തനും, ബൃഹൽപ്രവാഹശക്തിയാൽ ഘോരവർണതലങ്ങളെ തല്ലിത്തകർക്കുന്നവനും അഗ്നിപർവ്വതമുഖദ്വാരത്തിലൂടെ ഭയങ്കരനിശ്വാസം ചെയ്യുന്നവനും ചുഴലിക്കാറ്റിൽ അട്ടഹസിക്കുന്നവനും ആയ മഹാശക്തിയുടെ പ്രേമചുംബനത്താൽ ലഭിച്ച ഉൽക്കർഷം ഓർത്ത് അല്പപ്രാണിയായ കവിയുടെ ഹൃദയം വികാരതരംഗിതമാകുന്നു. ഈശ്വരപ്രേമം ആഗ്രഹിക്കുന്ന ഒരു ലോകമുണ്ടെന്നും ഈശ്വരന്റെ ഹൃദയവല്ലരിയിൽ ഘടിപ്പിച്ചിട്ടുള്ള പ്രേമതന്ത്രികളെ പ്രളയാന്തത്തോളം യഥാസ്ഥാനം വലിച്ചു ബന്ധിക്കണമെന്നും ഉള്ള നിയോഗം കവി ഏറ്റെടുക്കുന്നു.

സൗന്ദര്യസ്നേഹസ്വരൂപനായ ഈശ്വരന്റെ പരിപൂർണ്ണ അഭിവ്യക്തിയാണ് പ്രപഞ്ചമെന്നും അദ്വൈതബോധമുണരുമ്പോൾ മാത്രമേ അവ ഗോചരമാവുകയുള്ളൂ എന്നും അദ്ദേഹം മനസ്സിലാക്കുന്നു. ഈ ദർശനം തന്നിലെ അപക്വതകളെ പൂർണ്ണതയിലെത്തിക്കുന്ന പ്രപഞ്ചശക്തിയിലുള്ള വിശ്വാസം ദൃഢമാക്കുന്നു. പൗരോഹിത്യാനുഷ്ഠാനത്തിനായി വിശുദ്ധമന്ത്രമോതുന്ന മന്ദമാരുതനും സുഗന്ധകർപ്പൂരധൂളി

ചൊരിയുന്ന തീരപ്രദേശത്തെ കുതിരവാലണിപ്പൂക്കളും മരചന്ദനച്ചാറുള്ള കരിംകൂവ ളക്കുമ്പിളും പുഷ്പമാല്യങ്ങൾ നിറഞ്ഞ താമരയിലത്താമ്പാളങ്ങളും ജഗദീശ്വരതൃപ്പാ ദങ്ങളുടെ ആരാധനോത്സവത്തിനുള്ള പൂജോപകരണങ്ങളായി കവി കരുതുന്നു. ബഹുനാമങ്ങളറിയപ്പെടുന്ന പ്രകൃതിയിലെ ജീവജാലങ്ങളെ ശുശ്രൂഷിപ്പാനുള്ള അസുലഭ സന്ദർഭവുമായി പ്രവേശിച്ചിരിക്കുന്ന ഈ ചെറു തോണി ലോകമഹാവാ ഹിനിയിലൂടെ വിജയപൂർവ്വം പ്രയാണം ചെയ്യട്ടെ എന്നാണ് കവിയുടെ പ്രാർത്ഥന.

റൊമാന്റിക് മിസ്റ്റിക് ഭാവനകളുടെ സങ്കലനമാണ് ഈ കവിതയിൽ തെളിയു ന്നത്. ഈശ്വരന്റെ പ്രതിരൂപമായി മനുഷ്യനെയും പ്രകൃതിയെയും കവി കാണുന്നു. കവിയിലെ ചിത്രകാരന്റെ മനസ്സ് ഇവയെ തമ്മിലിണക്കിക്കാണുവാൻ പ്രേരിപ്പിക്കു ന്നു. പുതിയ കാവ്യപ്രസ്ഥാനമാകുന്ന സുധാപാനം മൂലം ലഹരിയാർന്ന കവി യശഃപ്രാർത്ഥനയർപ്പിക്കുന്നു. ടാഗോർക്കവിതയുടെ സ്വാധീനം ശക്തമായിരിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. പ്രസിദ്ധ കവികളായ വള്ളത്തോൾ, ഉള്ളൂർ എന്നി വർ ഈ കാവ്യരചനാരീതി പരീക്ഷിച്ചു നോക്കിയിരുന്നു. കവിത്വവാസന സിദ്ധമായി രുന്ന ഒരാൾക്ക് കാലഘട്ടത്തിന്റെ പ്രചോദനമായി ലഭിച്ച പ്രേരണയായിരുന്നു ഗദ്യക വിതാരചന.

3. ജഗന്മണാളൻ

ജഗന്മണാളനെ തേടി വരണമാല്യവുമായി അലയുന്ന കന്യക പരമാത്മസാ യൂജ്യം കൊതിച്ച് വഴിയറിയാതെ കുഴങ്ങുന്ന നിർമ്മലനായ ജീവന്റെ ആലോചനാമൃ തമായ ചിത്രം അവതരിപ്പിക്കുന്നു.

> ആകാശമണ്ഡലം അതിന്റെ അരികുപാളങ്ങളിൽ അരി
> മ്പൊൻ കസവിടുന്നതായ പുലർകാലവേളയിൽ ഞാൻ വരണമാല
> യുമായി എന്റെ പ്രാണനായകനെ അന്വേഷിച്ചു. പ്രഭാതകാലത്തെ

> ഇളം കുളിർവായുവിൽ അവന്റെ കനകരഥം കടന്നുപോയ മാർഗ്ഗം
> തേടി ഞാൻ രാജപാതയിലൂടെ മുന്നോട്ടു കുതിച്ചു.[3]

നഗരവീഥികളിലും വിശാലസ്ഥലങ്ങളിലും പ്രാണപ്രിയനെ അന്വേഷിക്കുന്ന പ്രണയിനിയെ ഉത്തമഗീതത്തിൽ കാണുന്നു.[4] പരമാത്മാവിനെ തേടി അലയുന്ന ജീവാത്മാവിന്റെ അന്വേഷണത്വര ഗീതാഞ്ജലിയിലുണ്ട്.[5] ആരാമഗായകനായ ആൺകോകിലം കാഹളനിർദ്ദേശം നൽകിയതനുസരിച്ച് നഗരമദ്ധ്യത്തിലെ ഇടവഴികളിലൂടെ രാജകുമാരനെ തേടിപ്പോകുന്നു. നഗരവാതിൽക്കൽവെച്ച് പുരോഹിതനെ കാണുന്നു.

> ആ നിഷ്കണ്ടകനായ പുരോഹിതൻ ദേവാലയത്തിനുള്ളിൽ വെച്ച് എന്റെ മൂടുപടം വലിച്ചു നീക്കി വിവാഹ നികുതിയ്ക്കായി എന്റെ രത്നാംഗുലീയം ഊരിയെടുത്ത് എന്നെ പുറത്തേക്ക് തള്ളി.[6]

സുവർണ്ണമുദ്രാംഗുലിയമെന്ന പ്രേമചിഹ്നം പരമ്പരാഗത സങ്കല്പമാണ്. ശാകുന്തളത്തിൽ മുദ്രാംഗുലീയം നഷ്ടപ്പെട്ടതിനാൽ ശകുന്തള പരിത്യക്തയാകുന്നു.
സോളമൻ ഉത്തമഗീതത്തിൽ പാടുന്നു.

> എന്നെ ഒരു മുദ്രമോതിരമായി നിന്റെ ഹൃദയത്തിന്മേലും ഒരു
> മുദ്രമോതിരമായി നിന്റെ ഭുജത്തിന്മേലും വെച്ചു കൊള്ളണമേ.[7]

രാജകുമാരന്റെ രഥയാത്രയെ പിൻതുടർന്ന് ചെന്ന പ്രണയിനി, വൃത്തികെട്ട ചെറ്റകുടിലിന്റെ പാർശ്വതലത്തിൽ ഒരു ഏഴസ്ത്രീയോടു കൂടി ചകിരിപ്പിണി നൂൽക്കുകയും, റാട്ടു കറക്കുകയും ചെയ്യുന്ന നാഥനെ കണ്ട് അടുത്തുചെന്നു. അപ്പോൾ അവിടെ നിന്നു മുമ്പോട്ടു നീങ്ങിയ വിശ്വമോഹനനായ പ്രാണനാഥനെ പാടത്ത് അദ്ധ്വാനിക്കുന്ന കൂലിവേലക്കാരനിൽ കണ്ടു. വീണ്ടും വധൂരത്നം തുറമുഖത്തേക്ക് നീങ്ങി. ഭാരം ചുമക്കുകയും കൂടം അടിക്കുകയും ചെയ്യുന്ന തൊഴിലാളിയിൽ

രാജകുമാരനെ ദർശിച്ചു. ഈ അഗതികളോട് രോഷം കൊള്ളുമ്പോൾ പ്രാണനാഥന്റെ തേര് അകന്നു പായുന്നതു കണ്ടു. അവിടെ നിന്നു ആതുരശാലയുടെ പുരോഭാഗത്ത് എത്തി. സൂക്ഷിപ്പുകാരൻ പറഞ്ഞു.

> ഭവതി അന്വേഷിക്കുന്ന രാജകുമാരൻ അലയുന്നവരും വലയുന്നവരും ഉഴലുന്നവരും ഇരക്കുന്നവരുമായ പാവങ്ങളുടെ പരിചാരകനാണെങ്കിൽ അതു ഞാനാണ്.[8]

അന്വേഷണത്തിന്റെ സമാപ്തിയിൽ ദേവസന്നിധിയിലെത്തി. കഠോരവെയിലിൽ ചെളിക്കുഴമ്പു തിളയ്ക്കുന്ന വയൽപ്പരപ്പിലും, തുറമുഖത്തെ കനൽത്തീപ്പൊരിമണലിലും, ആതുരാലയത്തിന്റെ ദുർഗന്ധശയ്യാപരിസരങ്ങളിലും, ദിനംതോറും കരിയുന്നവനും, പൊരിയുന്നവനും, ഞെരുങ്ങുന്നവനും, നെടുവീർപ്പിടുന്നവനും വേദനപ്പെടുന്നവനും വ്രണം കഴുകുന്നവനുമായി താൻ കാണപ്പെടുന്നുവെന്നും ദീനരും ദുഃഖിതരുമായവർക്കു നൽകുന്നതെല്ലാം ചോരഹാര്യമല്ലാത്ത എന്റെ കൈകളിൽത്തന്നെയാണ് വീഴുന്നതെന്നും ജഗന്മണാളനരുളി ചെയ്തു. പ്രപഞ്ചസൗന്ദര്യാരാധന സമസ്തജീവിസ്നേഹത്തിലേയ്ക്ക് കവിയെ നയിക്കുന്നു. ജീവാത്മപരമാത്മബന്ധത്തിന വധുവരസങ്കല്പം നൽകുന്ന ഈ കവിത സഹജീവികളെ സ്നേഹിക്കലാണ് ഈശ്വരാരാധന എന്ന സന്ദേശം നൽകുന്നു.

4. ചെങ്കോലും മുരളിയും

ഭാവനാ സാമ്രാജ്യത്തിന്റെ പ്രജാപതിയായി ചെങ്കോലും ധരിച്ച് നീങ്ങുന്ന കവി ശാന്തമായ മുരളീഗാനത്തിലൂടെ പ്രപഞ്ചത്തിനു മാധുര്യം പകരുന്ന ജഗന്നിയന്താവിനു മുമ്പിൽ തലകുനിച്ച് പോകുന്നു.

പരിപൂർണ്ണ യൗവ്വനത്തിന്റെ പരമപ്രഭാവത്തിലൂടെ നവ്യതേജസ്സോടു കൂടി തന്റെ ജീവിതയാനപാത്രം ജൈത്രയാത്ര തുടരുന്നതായി കവി അറിയുന്നു. ഉന്മേഷവും ആഹ്ളാദവും സുരക്ഷിതത്വവും അദ്ദേഹത്തിന കരുത്തേകി. യൗവനവും

കലാബോധവും നൽകുന്ന അഹന്തയാൽ താൻ സർവ്വാധിപതിയാണെന്നും സർവ്വവും തന്റെ ചെങ്കോലിൻകീഴാണെന്നും ഭ്രമിച്ച് ജീവിതനദീമദ്ധ്യത്തിലൂടെ താൻ നർമ്മയാത്ര ചെയ്യുന്നതായി കവി ചിന്തിച്ചു.

തോണി മുമ്പോട്ടു നീങ്ങുമ്പോൾ ഒരു പിത്തളമുരളിയും നാറത്തുണിക്കെട്ടും ഭേസിയ വൃത്തിഹീനനായ മനുഷ്യൻ, ഒരു പാട്ടുകാരൻ തോണിയിലിടം ചോദിച്ചു. എന്നാൽ കവിയാകട്ടെ തോണിയുടെ കിളിവാതിൽ അഭിമാനഗർവ്വത്തോടു കൂടി ആഞ്ഞടച്ചിട്ട് ചെങ്കോൽ ചുഴറ്റിക്കളിച്ചു. ഈ നിരാസം മൂലം ബ്രഹ്മാണ്ഡശക്തി കുപിതമായി. കോൾ ഇളകി. ഇടിമുഴക്കം വ്യാപിച്ചു. കൊടുങ്കാറ്റു വർദ്ധിച്ചു. കൂരിരുൾ പരന്നു. കര എവിടെയാണെന്നറിയാതെ വലഞ്ഞു. ചെങ്കോൽ പിടിച്ച മഹാബല ശാലി ഭയം കൊണ്ട് വിറ കൊള്ളുവാൻ തുടങ്ങി. ഈ തകിടം മറിച്ചിലിൽ കവിയുടെ അഹംബുദ്ധി നശിച്ചു. ഒരേ പരാശക്തിയുടെ മുമ്പിൽ തലകുനിക്കുകയും ആരാധി ക്കുകയും ചെയ്യുന്ന പ്രകൃതിയെ തിരിച്ചറിഞ്ഞു. ഇടിമുഴക്കവും വിദ്യുൽപ്പിണരുകളും ജലധാരങ്ങളും ഉഗ്രവാതങ്ങളും മഹാന്ധകാരവും എല്ലാം ഒരേ ശക്തിയെ വാഴ്ത്തു കയും പ്രതിദ്ധ്വനിപ്പിക്കുകയും ചെയ്യുന്നു. ഈ അവബോധം തന്നിലെ നിസ്സാരതയെ പ്പറ്റിയുള്ള ബോധമുണർത്തി. താൻ വെറും മൺകട്ടയും മനുഷ്യകീടവും പുൽക്കൊടിയുമാണെന്നുള്ള തിരിച്ചറിവ് കവിയെ പശ്ചാത്താപഭരിതനാക്കി.

സ്വശക്തിയിൽ അഭിമാനിക്കും തോറും ഈ ചെറുതോണി അപഥത്തിലൂടെ യാണു നീങ്ങുന്നതെന്നു മനസ്സിലാക്കി നാശത്തിൽ നിന്നും അജ്ഞതയിൽ നിന്നും അഹംബുദ്ധിയിൽ നിന്നും പ്രാപഞ്ചികസരിത്തിലെ അഗാധഗർത്തത്തിൽ നിന്നും ഉദ്ധരിക്കുവാൻ ശരണാർത്ഥിയായി ഈശ്വരനോട് നിലവിളിച്ചു. തീരപ്രദേശത്തു നിന്നു മുരളീനാദം കേൾക്കുകയും കോൾ കെട്ടടങ്ങുകയും തോണി തീരത്തെത്തു കയും ചെയ്തു. ചെറുതോണിയിൽ നിന്ന് ചെങ്കോലുമായി കവി പിടഞ്ഞെണീറ്റ പ്പോൾ ആ പഴയഭിക്ഷു തന്റെ വസ്ത്രഭാണ്ഡവും, കടച്ചിരട്ടയും പിത്തളമുരളിയു

മായി മൃദുസ്മേരാമൃതം ചൊരിഞ്ഞ് മന്ദമായി അടുത്തു വന്നു. ആ യാചകൻ വിശ്വ വിഭവസമ്പന്നനായ ഈശ്വരനായിരുന്നുവെന്ന തിരിച്ചറിവ് തന്റെ ഘോരാപരാധ ത്തിനു വേണ്ടി പശ്ചാത്തപിക്കുവാൻ കവിയെ പ്രേരിപ്പിക്കുന്നു. പശ്ചാത്താപവും പ്രായശ്ചിത്തവുമാണ് കവിതയുടെ അടുത്ത ഭാഗം.

ഈശ്വരന്റെ സ്നേഹത്തെപ്പറ്റി പ്രകൃതിയോട് അന്വേഷിച്ചപ്പോൾ പുരുഷത്വമാ കുന്ന സ്നിഗ്ദ്ധകഞ്ചുകത്താൽ തന്നെത്തന്നെ മറച്ച് പ്രേമാർദ്രമായ സ്ത്രീത്വത്തിന്റെ വിവിധ ഭാവങ്ങളാൽ നരജീവിതശൃംഖലയുടെ ഓരോ കണ്ണിയെയും കാരുണ്യപൂർവ്വം പിന്നിട്ട് കടന്നുപോകുന്നതായറിയിച്ചു. കല്പാന്തകാലത്തോളം കരുണാപൂരിതവും വിശ്വസനീയവുമാണ് ഈശ്വരനിലെ സ്ത്രീത്വം എന്ന് കവി കണ്ടെത്തി. ആരാധന ത്തിനും സേവനത്തിനും ആയി ഈശ്വരൻ തന്ന ജീവൻ താൻ കിരീടം ചൂടുന്നതിനും ചെങ്കോൽ പിടിക്കുന്നതിനും ഉപയോഗിച്ചു.

> എന്റെ അധിനാഥത്വത്തെക്കാൾ നിന്റെ യാചകത്വവും എന്റെ ആജ്ഞാശക്തിയേക്കാൾ അങ്ങയുടെ വേണുപ്രസാദവും എന്റെ സാമ്രാജ്യത്തേക്കാൾ അവിടുത്തെ നാറത്തുണിക്കെട്ടും എത്രയോ മഹത്തരവും അതുല്യപ്രഭാവ പൂർണ്ണവുമാണ്.[9]

എന്ന് കവി വിലപിച്ചു. അതിനാൽ ചെങ്കോലിനു മുരളിയും രാജത്വത്തിനു യാചകത്വവും യജമാനത്വത്തിനു സേവകത്വവും കനകസിംഹാസനത്തിനു കടച്ചിരട്ടയും പകരം ഏറ്റുവാങ്ങി തന്റെ പഞ്ചേന്ദ്രിയങ്ങളും ഈശ്വരനു സമർപ്പിക്കുവാൻ കവി ശ്രമിക്കുന്നു. അതിരുകളില്ലാതെ സർവ്വപരിപാലക നായി വർത്തിക്കുന്ന ജഗന്നിയന്താവിനെ സ്തുതിച്ചു കൊണ്ട് കവിത ഉപ സംഹരിക്കുന്നു.

> എന്റെ ബാഹുലതകളും സ്വസ്തികബന്ധവും കൂപ്പുകൈയും എല്ലാം ശാന്തിമയനും ശമദജ്യോതിസ്വരൂപനുമായ അങ്ങേ കോമള

> ഗളത്തിൽ ചാർത്തുന്നതിനുള്ള വനമാലയും കൗസ്തുഭവും, ബോധിപത്രവും കുരിശും, ചന്ദ്രക്കലയുമായി പരിണമിക്കട്ടെ.[10]

യൗവനത്തിന്റെ പരമപ്രഭാവം മൂലം അദമ്യമായ അഹങ്കാരം പൂണ്ട് എല്ലാം തന്നിലും അധമമാണെന്നു കരുതുന്ന ജീവിതഭാവം സർവ്വസാധാരണമാണ്. എന്നാൽ പരമപദത്തിൽ നിന്നിറങ്ങിത്തുടങ്ങുമ്പോൾ യാഥാർത്ഥ്യബോധം തിരിച്ചറിവു നൽകുന്നു. യൗവനത്തിന്റെ അഭിമാനവുമായി അധികാരവും പദവിയും കൊതിക്കുന്ന മനുഷ്യനെന്ന നിലയിലുള്ള തിരിച്ചറിവിന്റെയും പശ്ചാത്താപത്തിന്റെയും ആലാപനമാണ് ചെങ്കോലും മുരളിയും.

5. കവിതാദേവി

കാവ്യസാമ്രാജ്യത്തിലെ നവാഗതനായ തനിയ്ക്ക് പ്രകൃതിയേയും ഈശ്വരനേയും പറ്റി പാടുവാനുള്ള വൈഭവം നൽകി കവിതാദേവിയെ ഉപാസിക്കുവാൻ അനുവദിക്കണമെന്ന് കവി ഈശ്വരനോട് അഭ്യർത്ഥിക്കുന്നു.

ജീവിതത്തിലെ തിരമാലകളിൽ അല്പനേരത്തേക്കുണ്ടായ സന്തോഷനൃത്തം കൊണ്ട് പരവശമായ ഹൃദയം ജീവദായകനെ തിരിച്ചറിഞ്ഞില്ല. കവിഹൃദയമാകുന്ന ചെന്താമരപുഷ്പത്തിന ഈശ്വരന്റെ ഉള്ളംകൈകളുടെ മൃദുലതയും ശോണിമയും ആണുള്ളതെന്ന സ്മരണ കവിതാദേവിയെ സമീപിക്കുവാൻ ധൈര്യം നൽകി. രാത്രിയുടെ സൗന്ദര്യവും പകലിന്റെ ഉന്മേഷവും കവിയ്ക്കു പ്രചോദനം നൽകി.

> നടനവിലാസത്താൽ ശിഥിലവസ്ത്രയായ നിശാദേവിയുടെ പോർകൊങ്കകൾക്കിടയിൽ നക്ഷത്രങ്ങൾ പളുങ്കുമാലകൾ കണക്ക് തൂങ്ങി പ്രകാശിച്ചിരുന്നു. ആയാസത്താൽ നെടുവീർപ്പിടുന്ന ആ മോഹനാംഗിയുടെ തൃഷ്ണാശമനത്തിനായി അംബരപീഠത്തിൽ വെയ്ക്കപ്പെട്ടിരുന്ന വെള്ളിപ്പാൽപ്പാത്രം കമിഴ്ന്നു പോയതിനൊപ്പം

ശീതാംശുബിംബം പച്ചപുൽമെത്തകളിലും വൃക്ഷശിഖരങ്ങളിലും
ക്ഷീരധാരയൊഴുക്കി എങ്ങെങ്ങും സമുല്ലസിച്ചു.[11]

പകൽസമയം മുഴുവൻ ഉന്മേഷപ്രദമായിരുന്നു. പക്ഷിവർഗ്ഗങ്ങളുടെ കളകളനിനദവും മത്തഭൃംഗങ്ങളുടെ ശംഖനാദവും പുലക്കിടാങ്ങളുടെ താരാട്ടു പാട്ടുകളും ദിവസത്തിന രസം പകർന്നു. സായന്തനമാരുതൻ ശൃംഗാരഗീതങ്ങളുമായി അടുത്തു വന്നു. അസ്തമയസൂര്യൻ നൃപകുമാരിമാരെ ചെങ്കതിർപ്പാണികൾ കൊണ്ട് കുങ്കുമപ്പൊടിയണിയിച്ചു. നിശീഥിനിയും സായന്തനമാരുതനും കിളിനാദവും ഭൃംഗാലാപനവും എല്ലാം കവിഹൃദയത്തിൽ കാവ്യസ്വപ്നങ്ങളുണർത്തുന്നവയാണ്. ഈ പൂഞ്ചോലയുടെ അധിദേവത കവിതാദേവി തന്നെയാണ്.

മന്ദവായുവിൽ ജലശീകരങ്ങളെ മുത്തുമണികളാക്കുന്നതും ചെറുതരംഗങ്ങളുടെ മൃദംഗധ്വനികൾക്കിടയിൽ മൃണാളതന്ത്രികളിൽ നിന്നു വീണാനാദത്തെ പുറപ്പെടുവിക്കുന്നതും മഴവില്ലിനെ വിവിധ വർണ്ണങ്ങളായ പുഷ്പങ്ങൾ കൊണ്ടലങ്കരിക്കുന്നതും, താമരയിലയിൽ കെട്ടിനില്ക്കുന്ന ജലശകലങ്ങളിൽ വെള്ളിപ്പൊടികൾ കലർത്തുന്നതും ദേവിയുടെ നർമ്മലീലകളാണ്. വിശ്വപിതാവിന്റെ കാഞ്ചനമുരളിയിൽനിന്നുള്ള പ്രപഞ്ചസംഗീതത്തിന കവി കാത്തു നിന്നു. ആ പ്രസാദസുധാരസത്തിൽ നിന്ന് ഒരു ചെറുതുള്ളി തന്റെ വരണ്ട നാവിലേക്ക് പ്രക്ഷേപിക്കണമേ എന്ന് അപേക്ഷിച്ചു. തൃപ്പാദയുഗ്മങ്ങളെ മൃണാളങ്ങളോടു ചേർത്ത് താമരനൂലുകൾ കൊണ്ടോ, നക്ഷത്രങ്ങളിൽ നിന്നു നാലുപാടും ചിതറുന്ന കിരണകന്ദളങ്ങൾ കൊണ്ടോ ബന്ധിച്ച് സാമീപ്യം നിലനിർത്തുവാനനുവാദം ചോദിച്ചു. ഉഗ്രവാതത്തെ മന്ദീഭവിപ്പിക്കുകയും, വൃക്ഷചലനങ്ങളെ പ്രശാന്തമാക്കുകയും താമരമൊട്ടുകളിൽ തേൻതുള്ളികൾ നിറയ്ക്കുകയും ആൺകുയിലുകളുടെ കണ്ഠനാളങ്ങളിൽ വീണക്കമ്പികൾ നിർമ്മിക്കുകയും ചെയ്യുന്ന ഗാനമാധുര്യത്തെ കവി വന്ദിച്ചു.

ഉപാസനയിലൂടെ ''കടന്നുപൊയ്ക്കൊൾക'' എന്ന അനുമതി നേടിക്കൊണ്ട് ഭൂലോകത്തിലെ കാവ്യസാമ്രാജ്യം എന്ന കൊച്ചുസ്വർഗ്ഗത്തിലേക്കു കടന്നുവന്നു. കവിതാദേവിയോടൊരുമിച്ച് സംഗീതനൃത്തം ചെയ്യുവാനും കവിതാദേവിയുടെ മാറിട ത്തിൽ പറ്റിക്കിടന്ന് ജീവലോകത്തെയും സ്വർഗ്ഗസദനത്തെയും ദർശിക്കുവാനും അനുവദിക്കണമെന്ന് ജഗൽപിതാവിനോടഭ്യർത്ഥിച്ചു. ഒടുവിൽ,

> ഞാൻ പരമാനന്ദമാത്രനായ ജഗദീശ്വരന്റെ തൃപ്പാദ യുഗ്മത്തിലെ ശോണവർണ്ണം പൂണ്ടു പരിലസിയ്ക്കുന്ന ഒരു ചെന്താമരപ്പൂവായി കവിതാദേവിയുടെ പാർശ്വഭാഗത്തിൽ എന്നെ ന്നേയ്ക്കുമായി പറ്റിച്ചേർന്നു.[12]

എന്ന് കവി സമാശ്വസിച്ചു.

പുതിയ കവിതാപ്രസ്ഥാനത്തിലേക്ക് കടക്കുവാൻ തനിക്കു അനുമതിയും അംഗീകാരവും ലഭിച്ചു എന്ന ആത്മവിശ്വാസം അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞു നിന്നു.

4.2.2 പ്രേമാലാപങ്ങൾ

ഭക്തിയും പ്രേമവും സീമാതീതമാവുമ്പോൾ ലഹരിയാകുന്നു. നിഷ്ക്കളങ്ക മായ പ്രേമം നിറയുന്ന മനസ്സിൽ നിന്നുയിർകൊണ്ടവയാണ് പ്രേമാലാപങ്ങൾ. പ്രേമ തപ്തമായ മനസ്സ് പ്രകൃതിയിലും സർവ്വചരാചരങ്ങളിലും അലയുന്നു. പ്രേമസർവ്വ സ്വത്തിന്റെ ഏതൊരു പെരുമാറ്റവും ആനന്ദദായകമാണ്. അതുപോലെ ജഗദീശ്വരന്റെ അനിർവചനീയമായ സ്നേഹപ്രഭാവത്തെ സമസ്തപ്രകൃതിയിലും ദർശിച്ച് സായൂജ്യമട യുന്ന ഒരു ഭക്തന്റെ മനസ്സാണ് ഈ കവിതകളുടെ പശ്ചാത്തലം. ഈ വിഭാഗത്തിൽ പ്രേമാഭ്യർത്ഥനം, പ്രേമാഭിഷേകം, പ്രേമസായൂജ്യം, വിരഹദാഹം, ആ ചെറിയവഴി ത്താര, സൗന്ദര്യാരാധനം എന്നീ ആറു കവിതകൾ ഉൾപ്പെടുന്നു.

1. പ്രേമാഭ്യർത്ഥനം

പ്രേമവിവശനായ കാമുകന്റെ പ്രണയാഭ്യർത്ഥനയാണ് ഈ കാവ്യം. പ്രാണനാഥയുടെ പ്രേമഗീതങ്ങളെ ശ്രവിപ്പാനും പ്രേമാമൃതം ലഭിപ്പാനുമായി കവി അലയുന്നു. കോമളങ്ങളായ ചെന്താമരപ്പൂക്കളുള്ള പൊയ്കകളും നക്ഷത്രങ്ങൾ വിരിഞ്ഞു നിൽക്കുന്ന ആകാശമണ്ഡലവും അദ്ദേഹം തിരഞ്ഞു. കാമുകിയുടെ കളേബരമൃദുലതയെ ഹിമകണപരിഭൂഷിതമായ ചെമ്പനിനീർക്കുസുമങ്ങളുടെ ദളങ്ങളിൽ സ്പർശിച്ചറിഞ്ഞു. നവവർഷബിന്ദു രൂപത്തിൽ കുന്തളഭാരത്തിൽ മുല്ലപ്പൂക്കൾ ചൂടി ചികുരമധുരിമയെ തിരിച്ചറിഞ്ഞു. പൊയ്കകളിൽ പച്ചനീരാളം വിരിയ്ക്കുന്ന താമരയിലകൾ പോലെ മധുരമകരന്ദം തേടുന്ന മധുപയുവാവെന്നവണ്ണം, നേത്രാഭിരാമമായ പൊൻതാമരപ്പൊയ്കയിലേക്കു വിരഹവിക്ളബനായ മരാളവര്യൻ വിശ്രമാന്വേഷിയായി ചെല്ലുംപോലെ, തൃഷ്ണാശാന്തിക്കായി താനെത്തുന്നുവെന്നു കവി പറയുന്നു. അടച്ചും തുറന്നും മാറ്റിയും മറിച്ചും മായക്കളി കാട്ടുന്ന ബ്രഹ്മാണ്ഡച്ചെപ്പിനെപ്പറ്റിയുള്ള ഭാവന

> സായാഹ്നകന്ദുകം പ്രത്യക്ഷപ്പെടുന്നു. നിശാന്തതമസ്സിനെ അടച്ചു വയ്ക്കുന്നു. വിഭാതശോണിമയെ തുറന്നുകാട്ടുന്നു. കരിമേഘങ്ങളെ മൂടിവെയ്ക്കുന്നു. ശരമേഘങ്ങളെ വാരിച്ചിതറുന്നു. അന്തിനേരത്ത് അടയ്ക്കപ്പെടുന്ന ആകാശച്ചെപ്പിലെ ശുദ്ധശൂന്യത. അർദ്ധരാത്രിയിലെ അറുതിയില്ലാത്ത നക്ഷത്രഗോളങ്ങൾ. മദ്ധ്യാഹ്നത്തിലെ മൗക്തികദീപ്തി. സായാഹ്നത്തിലെ തങ്കവർണ്ണ സ്ഫൂർത്തി. അന്തിച്ചുകപ്പിലെ വൈവർണ്ണ്യഗുപ്തി. അന്ധകാരത്തിലെ കാളിമവ്യാപ്തി. അവസാനമില്ലാത്ത മറിമായങ്ങൾ അത്യത്ഭുതങ്ങളായ വിവിധ വിവർത്തനങ്ങൾ! അവിശ്വസനീയങ്ങളായ മഹേന്ദ്രജാലപ്രവർത്തനങ്ങൾ.[13]

എന്നാൽ ഈ അനിത്യപ്രകൃതിയെ എല്ലാം ലംഘിച്ചുകൊണ്ട് പ്രേമസമ്പന്നയായ കാമുകി ശോഭിക്കുന്ന ദിവ്യവും പരിശുദ്ധവുമായ പ്രേമാഗ്നിയുടെ ഒരു ചെറുകണിക തന്റെ അന്തരാത്മാവിനെ പ്രകാശിപ്പിച്ചിരുന്നെങ്കിൽ എന്നാണ് കവിയുടെ പ്രാർത്ഥന.

ഹൃദയതന്ത്രികളിൽ വീണക്കമ്പികൾ മുറുക്കി പ്രേമസർവ്വസ്വത്തിന്റെ കരാംഗുലീ സ്പർശനത്തിനായി കാത്തിരിക്കുകയാണ്.

> കരാംഗുലികൾ സ്വരപ്രവർത്തനോത്സുകകളായി വീണത്തണ്ടിൽ നൃത്തം ചെയ്കയും, രമണീയമായ രാഗപ്രവാഹത്തിൽ പൂന്തേൻ കുമിളകൾ അങ്കുരിക്കുകയും, കൈത്താലങ്ങൾ മഞ്ജുളശിഞ്ജിതത്തെ ധ്വനിപ്പിക്കുകയും മൃദംഗനിനാദം രസക്കൊഴുപ്പിനെ പൊലിപ്പിക്കുകയും സീൽക്കാരശബ്ദങ്ങളാൽ അധരദളങ്ങൾ നിർവൃതി കൊള്ളുകയും ചെയ്യുന്നതായ ആ സംഗീതമഹോത്സവത്തിനായി, എന്റെ ഓമനെ, എന്റെ പ്രാണപ്രിയയായുള്ളോവേ, വസന്തകാലത്തിന്റെ ഈ അന്ത്യഘട്ടത്തിലെങ്കിലും ഭവതി എന്റെ സമീപത്തേക്ക് വന്നു ചേരേണമേ[14] എന്നാണ് കവിയുടെ പ്രാർത്ഥന

പ്രേമാലാപനം വൈയക്തികതലത്തിനപ്പുറം കടന്ന് പ്രകൃതിയിലും പ്രപഞ്ചത്തിലും തുടിച്ചു നിൽക്കുന്ന പ്രേമഭാവനയിലെത്തുന്നു. പുഷ്പങ്ങളും നക്ഷത്രങ്ങളും കുന്നുകളും താഴ്വരകളും മിന്നൽപ്പിണരുകളും സൂര്യചന്ദ്രഗോളങ്ങളും മഴത്തുള്ളികളും പ്രകൃതിസംഗീതവും വീണക്കമ്പികളും എല്ലാം പ്രേമസങ്കല്പത്തിന് ആവിഷ്കാരം നൽകുന്ന മാധ്യമങ്ങളത്രേ. പ്രകൃതിയുടെ സൗന്ദര്യവും കവിതാകാമിനിയോടുള്ള ദിവ്യവും പരിശുദ്ധവും ആയ പ്രേമവും ഈ കവിതയിൽ അദ്ദേഹം ആവോളം അവതരിപ്പിച്ചു.

2. പ്രേമാഭിഷേകം

പ്രിയതമയാൽ പ്രേമാഭിഷേകം നടത്തപ്പെട്ട ഒരു പ്രേമഭിക്ഷുവിന്റെ ആത്മാലാപനമാണ് പ്രേമാഭിഷേകം. വസന്തകാലത്ത് ഗ്രീഷ്മവിരാമം പ്രമാണിച്ച് പ്രേമവിഗ്രഹത്തെ കാണുവാൻ കവി സ്വഗൃഹത്തിലെത്തുന്നു. പിച്ചകവല്ലികളും ചെമ്പനിനീർത്തണ്ടുകളും മല്ലികപ്പൂക്കളും പൂമാന്തളിരുകളും ഈ വിരഹകാമുകനെ തിരിച്ചറിഞ്ഞു. ഒടുവിൽ മുല്ലവള്ളികൾക്കപ്പുറത്ത്, പുൽപ്പൂമെത്തയിൽ ഇരുന്ന് പ്രാണനാഥന്റെ ഛായാപടത്തോട് ആഹ്ളാദോന്മേഷവിഭ്രാന്തിയോടു കൂടി സംസാരിക്കുന്നതു കണ്ടു. പ്രകൃതിയേയും പ്രേമത്തേയും പറ്റി പാടുമ്പോൾ കാളിദാസന്റെ ശാകുന്തളം അദ്ദേഹത്തിനു മാതൃകയാകുന്നു. പ്രേമഭാജനത്തെ കാണുവാൻ സ്വഗൃഹത്തിലെത്തിയ നായകൻ മുല്ലവള്ളികളുടെ അപ്പുറത്ത് പുൽപ്പൂമെത്തയിൽ തന്റെ ഛായാപടത്തോടു സംസാരിക്കുന്ന നായികയെ കണ്ടു.

അസ്തമയസൂര്യന്റെ കിരണകന്ദളങ്ങളാൽ അനുഗ്രഹിക്കപ്പെട്ട തങ്കത്തളിർപ്പാളികൾ കൊണ്ടുമെടഞ്ഞ പച്ചിലക്കിരീടവും നവപുഷ്പമാല്യങ്ങളും തുലാഭാര കർമ്മത്തിനായുള്ള കനകക്കട്ടികളും, രത്നങ്ങളും അഭിഷേകകർമ്മത്തിനായി നേത്രകലശങ്ങളിലെ അശ്രുതീർത്ഥവും അവൾ സംഭരിച്ചിരിക്കുന്നു. ചിത്രത്തിലൂടെ നായകസാന്നിദ്ധ്യം അനുഭവിക്കുന്ന നായിക ഹൃദയാവേഗത്തോടു കൂടി ഛായാപടത്തെ പച്ചിലമാല്യങ്ങൾ കൊണ്ട് ചുറ്റിപ്പൊതിഞ്ഞു മാറോടു ചേർത്ത് ഓമനിക്കുകയും സ്മേരപ്രവാളാധരപുടത്തിൽ തുളുതുളുമ്പുന്ന പൂന്തേൻചാറിനാൽ പുണ്യകളഭം പൂശി ഹർഷാശ്രുതീർത്ഥത്താൽ അഭിഷേകം ചെയ്ത് അനുഗ്രഹിക്കുകയും ചെയ്തു.

പ്രിയതമൻ ആകസ്മികമായി മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ വ്രീളാവിവശയായി വികാരതരളിതയായി തന്റെ ദുകൂലാഞ്ചലത്താൽ അവന്റെ കണ്ണിണകളും മാലതീമാലകൾ കൊണ്ട് കൈകളും ബന്ധിച്ച് ലീലാവിനോദങ്ങളിലേർപ്പെട്ടു. തടവുകാരനായി കാൽച്ചുവടുകൾ വച്ച് നീങ്ങുമ്പോൾ അഗാധമായ ഗർത്തത്തിന്റെ വക്കിൽ

അവൻ എത്തി. പെട്ടെന്ന് പാശ്ചാത്താപഭരിതയും ഭയചകിതയുമായി എത്തിയ പ്രിയതമ ഓടിയെത്തി അവനെ ആലിംഗനം ചെയ്തു.

> ലഘുപരിമളോഷ്മളമായ ദീർഘനിശ്വാസപരമ്പരകളാൽ എന്റെ ശ്വാസോച്ഛ്വാസം പ്രതിബന്ധിക്കപ്പെട്ടു. തുരുതുരാ പ്രേമഴ ചൊരിച്ചിലിനൊത്ത ചുംബനപരമ്പരകളാൽ എന്റെ കവിൾത്തടം കുഴിഞ്ഞു. മിഴികളുഴന്നു. അധരം അലിഞ്ഞു. മാധുര്യം നിറഞ്ഞു. മാനസം അഴിഞ്ഞു. മദനനുണർന്നു. നിശാദൂതിയോ കൊത്തുംകോളും ഒത്തു കണ്ടതിനൊപ്പം, നാണം സഹിയാതെ ഓലത്തുഞ്ചാണികളുടെ ഇടയിലൂടെ കാണപ്പെടുന്ന വാതായനസഹസ്രങ്ങളിലും പ്രവേശനദ്വാരങ്ങളിലും ശ്യാമളയവനിക വലിച്ചിട്ട് ഒരു പുഞ്ചിരിക്കുണുങ്ങലോടെ അന്ധകാരഭിത്തികൾക്കിടയിൽ മറഞ്ഞു.[15] എന്ന് ആ പുളകിതനിമിഷത്തെപ്പറ്റി കവി സ്മരിക്കുന്നു.

3. പ്രേമസായൂജ്യം

ഒരു ചിത്രകാരന്റെ ഭാവനയുമായി പ്രേമം എന്ന അലൗകികവികാരത്തെ ആവിഷ്കരിക്കുകയാണ് ഈ കവിതയിൽ.

> ഭവതിയുടെ ദിവ്യവദനകനകാംബുജത്തിൽ നിന്ന് പ്രതിനിമിഷം വഴിയുന്ന സ്വർഗ്ഗീയ സുപ്രഭാകന്ദളങ്ങളെ പ്രലേപനം ചെയ്യുന്നതിനുള്ള അഭൗതിക വർണ്ണം ഏതൊന്നാണെന്നറിയാതെ ഞാനിതാ നെടുവീർപ്പെട്ട് നിലവിളിക്കുന്നു. അയ്യോ! ഒരു ചിത്രകാരനെന്ന് എന്നെത്തന്നേ വിളിപ്പാൻ ഞാൻ അത്യന്തം ലജ്ജിക്കുന്നു. [16]

അമ്പരത്തിപ്പൂക്കളുടെ ചെറുചെന്തളിർവല്ലിനുകരുന്ന ലോലംബവര്യന്റെ കിളികിഞ്ചിതത്തിനൊപ്പം പ്രേമസർവ്വസ്വത്തിന്റെ ദയാഗാരമായ വിശുദ്ധാങ്കതലത്തിൽ ശിരസ്സണച്ച് നിശ്ചേഷ്ടനിർവൃതി പ്രാപിക്കുവാൻ കവി ആഗ്രഹിക്കുന്നു. പ്രേമസാ

മ്രാജ്യത്തിൽ പട്ടാഭിഷേകം ചെയ്യപ്പെട്ട്, ആ പൊൻകരാംഗുലീവല്ലികളാൽ രത്നക്കി രീടം ചൂടി, അവളുടെ കരിമ്പൂക്കുഴലാൽ മരതക മാലകൾ ചാർത്തി, കനകമൃണാള കോമളമായ പൊൻകൈത്തണ്ടുകൾ കൈത്തലത്തിൽ ചേർത്ത് ചെങ്കോലിന അവ കാശിയാക്കി ചക്രവർത്തിയായി വാഴിച്ചു.

ഒരു പിടി മണൽപ്പൊടിക്കുടമയാണ്ട വിഭവസമൃദ്ധനായ സാർവ്വഭൗമൻ [17]

ഈ പരിപാവനമായ പ്രേമം ജീവിതായോധനത്തിൽ പുതിയ ശക്തിയെ പക രുകയും വിശ്വജനയിതാവിന്റെ ശക്തിയെ സർവ്വഭൂതങ്ങളിലും കണ്ടറിഞ്ഞ് ആരാധി ക്കുവാൻ പ്രേരിപ്പിക്കുകയും സമജീവികളെ സ്നേഹിക്കുവാനുള്ള പ്രചോദനം നൽകുകയും അനശ്വരമായ സനാതനധർമ്മസ്ഥാനത്തേക്ക് മാർഗ്ഗനിർദ്ദേശം നൽകു കയും ചെയ്യുന്നു. രാഗാലാപം ചെയ്യുവാനും കവിത എഴുതുവാനും ജീവിതം പുതുക്കി മുമ്പോട്ടു നീങ്ങുവാനും പ്രേമാർദ്രമായ ഹൃദയം ശക്തി നൽകുന്നു. പ്രിയ തമയോടുള്ള ദിവ്യപ്രേമത്തെ പ്രകാശിപ്പിക്കുന്നതായ സ്വർഗ്ഗീയകവിതാശകലത്തെ ഭൗമികലിപികളിൽ പകർത്തി വെയ്ക്കുവാനുള്ള ലിപിസഞ്ചയത്തിന്റെ സാങ്കേ തികരേഖകൾ കവിഹൃദയം അന്വേഷിക്കുകയാണ്. കവി ചെറുവള്ളികളോടും തൃണാങ്കുരങ്ങളോടും ഓമനപ്പക്ഷികളോടും പ്രേമത്തിന്റെ മനോഹരമായ ഭാഷ തിര യുന്നു. ലിപികളാലും അലങ്കാരങ്ങളാലും ഭൂഷിതമാവാത്ത ആ പ്രേമരാഗം തന്റെ അന്തരാത്മാവിനെ ആശ്വസിപ്പിക്കുകയും ജീവിതഭാരത്തെ ലഘൂകരിക്കുകയും ചെയ്യുന്ന പരമശക്തിയായി ചുറ്റും വർത്തിക്കട്ടെ എന്നദ്ദേഹം ആഗ്രഹിക്കുന്നു.

ഈശ്വരനും താനും മാത്രം നിറയുന്ന ലോകം പ്രകൃതീദേവിയുടെ സൗന്ദര്യ ഗാനാലാപനത്തിന തന്നെ പ്രാപ്തനാക്കുന്നതായി കവി അറിയുന്നു.

എന്നാൽ സാക്ഷാൽ ഞാനാവുന്ന ഈ ഞാനോ– ഈ പ്രേമ
സ്വരം, ഈ അനശ്വരശബ്ദബ്രഹ്മം, എന്നേയ്ക്കും ജീവിക്കും. അത്
നിഴലുകളിൽ നിന്നും വിവിധങ്ങളായ വീണക്കമ്പികളിൽ നിന്നും

> കാലചക്രഭ്രമണത്തിൽ നിന്നും, സർവ്വവിധ ബന്ധങ്ങളിൽ നിന്നും നിർമ്മുക്തമായി ജഗദംബികയായ എന്റെ പ്രിയമാതാവിന്റെ പരമാനന്ദപരിപൂരിതമായ പ്രേമസായൂജ്യത്തിൽ ശാന്തിപൂർവ്വം എന്നെന്നേയ്ക്കുമായി ലയിക്കുകയും ചെയ്യും.[18]

കവി പ്രേമത്തെ അത്യുന്നതമായ നിലയിൽ ദർശിക്കുന്നു. അത് യഥാർത്ഥ കവിതയെ സ്പർശിക്കുന്നതായി നാം തിരിച്ചറിയുന്നു. ആദ്ധ്യാത്മിക ചിന്തയാൽ ഹൃദയവികാരങ്ങളെ ശുദ്ധീകരിക്കുന്ന കവിതയിലൂടെ ഈശ്വരനോടുള്ള നിർവ്യാജ കൃതജ്ഞതയർപ്പിച്ച് പരമസായൂജ്യം നേടുകയാണ് ഈ കവിതയുടെ ലക്ഷ്യം.

4. വിരഹദാഹം

വസന്താഗമത്തിൽ പ്രകൃതിയുടെ ഉത്സവമേളങ്ങൾ യുവഹൃദയങ്ങളെ മദനവിഭ്രാന്തിയിൽ വൈവശ്യപ്പെടുത്തുമ്പോൾ പ്രേമഭാജനത്തെ പിരിഞ്ഞിരിക്കുന്ന കവിയുടെ ഹൃദയം വിരഹദാഹത്താൽ തപ്തമാകുന്നു.

> മുല്ലവള്ളികളിൽ മുത്തുമണികൾ, ചെത്തിത്തണ്ടുകളിൽ ചെന്തീക്കല്ല്, ചെമ്പനീനീർതൊത്തുകളിൽ ചെമ്പവിഴത്താലങ്ങൾ, പത്മപുടങ്ങളിൽ പത്മരാഗരത്നങ്ങൾ, ചെമ്പകമൊട്ടുകളിൽ ചെങ്കനകപ്പൊടി, സർവ്വത്ര മന്ദഹാസതരംഗം, മധുവർഷപൂരം, നവരത്നദീപ്തി, പ്രേമരസവ്യാപ്തി, മഞ്ജുസ്വനഗാനം മാന്താർശരബഹളം, മണിതരഘോഷം, മാരസമരകലാപം.[19]

ചന്ദ്രബിംബത്തിന്റെ വെൺപാൽക്കതിരുകൾക്കുള്ളിൽ കൂർത്ത മൂർത്ത വജ്രശലാകകളാണ് കവി കാണുന്നത്. ചെന്താമരയല്ലിയെ ചുഴന്നു നിൽക്കുന്ന കോമളദള സ്ഫടികങ്ങളുടെ അന്തർഭാഗത്തു നിക്ഷിപ്തമായിരിക്കുന്ന ചെന്തീക്കനൽ കട്ടകളുടെ തീഷ്ണാരുണഛവിയിൽ കവിയുടെ അന്തർമർമ്മങ്ങൾ ചുട്ടുനീറുന്നു. ശീതോപചാരങ്ങൾ ആശ്വാസദായകമാകുന്നില്ല. പികകുലങ്ങളുടെയും മധുപകുലങ്ങളു

ടെയും ഗാനങ്ങൾ വിരഹാർത്തരെ വലയ്ക്കുന്നു. പ്രകൃത്യംബയുടെ ദിവ്യപ്രേമത്താൽ നിറയപ്പെട്ട് പാടുവാനുള്ള മാധുര്യം വാക്കുകളിൽ നിറച്ച് അതികഠിനമായ മാരജ്വരപാരവശ്യത്തിൽ നിന്ന്, അഗ്നിക്കടലിൽ നിന്ന് രക്ഷിക്കുവാൻ കവി തന്റെ പ്രേമഭാജനത്തോട് അപേക്ഷിക്കുകയാണ്.

5. ആ ചെറിയവഴിത്താര

കെ. എം. വറുഗീസിന്റെ പത്നിയായ സാറാമ്മയുടെ കാല്പാദങ്ങളെ കേന്ദ്രമാക്കി രചിച്ച ആ ചെറിയ വഴിത്താര പ്രപഞ്ചത്തിലെ ഏതു വസ്തുവിലും കവിത കണ്ടെത്തുന്ന ഒരു കാലഘട്ടത്തിന്റെ സൃഷ്ടിയാണ്.

> പൂത്ത പുൽത്തറകളുടെ നടുവിൽ വെള്ളത്തിരശീല വിരിച്ച മാതിരി വീതി കുറഞ്ഞു നീണ്ടുപോകുന്ന ഈ ഉറച്ച പഞ്ചസാര മണൽപ്പാതയിൽ ഞാൻ എന്റെ ഹൃദയവല്ലഭയുടെ കാലടികൾ അതിസൗമ്യമായി പതിഞ്ഞിരിക്കുന്നതു കാണുന്നു.[20]

അതിസുന്ദരിയായ പ്രിയതമയുടെ അതിമനോഹരമായ പൂഞ്ചേവടികൾ തക്ഷകലാകുശലനായ ശില്പിവര്യന്റെ കരകൗശലചാതുര്യത്തെ നാണിപ്പിക്കുന്നവയാണെന്ന് അദ്ദേഹം കരുതുന്നു. ആനക്കൊമ്പിൽ പണിതെടുത്ത് ഓളം തടവിയ പ്രതിമാപാദം പോലെയുള്ള കാലടികൾ അതിമൃദുവായി പതുപതുത്ത കനകസൂര്യപടത്തേക്കാൾ ലാളിത്യഭംഗിയുള്ളതാണ്. മിനുമിനുത്ത മൃദുകിരണങ്ങൾ ചിതറുന്ന കോമളനഖങ്ങൾ, ലഘു ലോഹിതവർണ്ണം ചേർന്നു മിനുങ്ങുന്ന ചരണകനകാംബുജങ്ങളുടെ പാർശ്വഭാഗങ്ങൾ ഇവ ചേർന്ന പരിപാവനപാദകുസുമങ്ങളുടെ ഭംഗി വർണ്ണനാവിഷയമാകുന്നു. ആ പാദാഗ്രങ്ങളിൽ നിന്ന് കവർന്നെടുക്കുന്ന അരുണവർണ്ണവുമായി ബാലാദിത്യൻ ചെമ്പനീനീർക്കുസുമങ്ങളെ ആശ്ലേഷിക്കുന്നു. വെണ്ണക്കല്ലിൽ ആഴ്ത്തി മിനുക്കിയ കാൽച്ചുവടുകണക്കുള്ള കാല്പാടുകൾ ആരാധകന്റെ ആനന്ദബാഷ്പകണങ്ങളും മാർദ്ദവ ഹൃദയവും സംഗ്രഹിച്ചു വെയ്ക്കുന്നതിനുള്ള മനോഹര

ചഷകമാണ്. കാല്പാടുകളുടെ സുകുമാരഭംഗിയെ ആരാധിപ്പാനായി വനദേവതകൾ എത്തുവോളം തന്നെ തടസ്സപ്പെടുത്തരുതെന്ന് നിദ്രാദേവിയോടും ഇതിനുചുറ്റും മാധവീലതകൾ കൊണ്ട് ഒരു മേല്പുര നിർമ്മിക്കുവോളം മറ്റൊരു മാർഗ്ഗത്തിൽ കൂടി കടന്നുപോകണമെന്ന് കാർമ്മേഘ ശകലങ്ങളോടും സംഖ്യാതീതങ്ങളായി വീണ് കാൽപ്പാടുകളെ മൂടിക്കളയരുതേ എന്ന് ഭംഗിയുള്ള ചെറുപുഷ്പങ്ങളോടും കവി അപേക്ഷിക്കുന്നു.

മൃദുത്വമേറിയ പൂഞ്ചേവടികളും ഭാരമേറിയ പാദാഗ്രങ്ങളും ചേർന്നതാണ് ആ പാദങ്ങൾ. സൂര്യപ്രകാശത്തെ മോഷ്ടിച്ചെടുത്ത മിന്നാമിന്നുങ്ങുകളെ പൂഞ്ചേലകളുടെ ഇളനൂൽകൊണ്ട് ബന്ധിച്ച് കസവുവസ്ത്രങ്ങളുടെ ലോലവിലാസപൂർവ്വമായ മർമ്മരശബ്ദത്താൽ വശ്യപ്രഭാവയുക്തമായ മാർവ്വിടത്തിൽ ചേർത്ത്, വൃക്ഷസമൂഹങ്ങളുടെ മേൽഭാഗത്തുള്ള വിശാലവഴിയിൽ കൂടി പ്രേമഗാനം പാടിക്കൊണ്ട് തന്നെയും കൂടി നക്ഷത്രമണ്ഡപത്തിലേക്ക് മന്ദയാനം ചെയ്യിക്കണമെന്ന് കവി അഭ്യർത്ഥിക്കുന്നു. പ്രേമവല്ലഭയുടെ പാദമുദ്ര പതിഞ്ഞ മണൽത്തരികളിൽ നിന്ന് സൗന്ദര്യത്തേയും പ്രേമത്തെയും മാധുര്യത്തെയും കുറിച്ചുള്ള ഗാനം വായുഭഗവാൻ ഉദ്ധരിക്കുകയാണ്. അചേതന വസ്തുക്കളിൽ ജീവചൈതന്യത്തെ ഉല്പാദിപ്പിക്കുന്ന പാദസംഗമവിലാസവും അനർഘപ്രേമത്തിലൂടെ കർണ്ണപുടങ്ങളിൽ പൂന്തേൻതുള്ളികൾ നിറയ്ക്കുന്ന സൗന്ദര്യധോരണിയും അതിനുണ്ട്.

ഓമനപ്പദങ്ങളുടെ കാന്തിവിശേഷത്തെപ്പറ്റി ചെറുഗാനമുണ്ടാക്കി ചെത്തിപ്പൂക്കളോടും വൻകദളിപ്പൂക്കളോടും പാടിക്കൊണ്ടിരിക്കുവാൻ കവി അനുമതി തേടുന്നു. സർവ്വലോകനിയന്താവിന്റെ നിർമ്മാണ ചാതുര്യത്തെപ്പറ്റിയുള്ള അഭിമാനബോധത്തോടു കൂടി ആ ഓമൽപ്പാദങ്ങളുടെ ലാളിത്യഭംഗിയെപ്പറ്റി സങ്കീർത്തനാലാപനം ചെയ്യാൻ ആ കാൽപ്പാടുകളിലെ ഒരു മണൽത്തരിയായി ജനിപ്പിക്കുവാൻ ഈശ്വരനോട് അപേക്ഷിക്കുന്നു. രാത്രി സമീപിക്കുമ്പോൾ പാദമുദ്രകൾ മറഞ്ഞേക്കാം.

ശീതാംശുഭഗവാന്റെ ആനന്ദഹർഷബാഷ്പത്താൽ കാൽപ്പാടുകളുടെ പരിപാവനകോമളിമ നഷ്ടപ്പെട്ടേക്കാം. അതിനാൽ പ്രിയതമയോടുള്ള പ്രേമാഭ്യർത്ഥനയോടു കൂടി കവിത അവസാനിപ്പിക്കുന്നു.

> എങ്കിലും എന്റെ ഓമനേ! ജീവനായികയായുള്ളോവേ, നിന്റെ പുഞ്ചേവടികളിൽ സാഷ്ടാംഗം വീണു ചുംബിച്ചു സ്വർഗ്ഗസുഖം അനുഭവിപ്പാനായി നിന്റെ പൂങ്കാൽപ്പാടുകളെ നോക്കി ദീർഘനിശ്വാസം വിടുന്ന ഈ നിന്റെ ദാസന്റെ കണ്ണിണയെ കുളിർപ്പിച്ചാശീർവദിക്കുന്നതിനായി വിദ്യാലയത്തിലേക്കുള്ള നിന്റെ മനോഹരയാത്രയിൽ, ഭവതി ഈ ചെറിയ വഴിത്താരയിലേയ്ക്ക് ഒരിക്കൽ കൂടി കടന്നു വരേണമേ! കടന്നുവരേണമേ.[21]

6. സൗന്ദര്യാരാധനം

ക്രൈസ്തവ സമുദായത്തിലെ ഒരു സുപ്രശസ്ത സുന്ദരിക്കു സമർപ്പിച്ചതാണ് ഈ ഗദ്യകവിത. കവിതയ്ക്കു വിഷയമായ യുവതിയുടെ അപ്രമേയ സൗന്ദര്യം ഇന്ദ്രിയങ്ങളിൽ സ്വർഗ്ഗീയസുഖാനുഭൂതിയെ ജനിപ്പിക്കുകയും ഹൃദയകേന്ദ്രത്തിൽ, പരിശുദ്ധ വികാരങ്ങളെ അങ്കുരിപ്പിക്കുകയും ചെയ്യുന്നു. പ്രേമമാത്രസ്വരൂപനായി പ്രകൃതിയിൽ പ്രകാശിക്കുന്ന ദൈവത്തെ പുഷ്പ സമൂഹങ്ങളിലും കുളിർതിങ്കളിലും കുയിൽനാദത്തിലും അസ്തമയമേഘങ്ങളിലും നിസർഗ്ഗസുന്ദരികളുടെ ദിവ്യകളേബരത്തിലും കവി ദർശിക്കുന്നു. ദൈവത്വം യഥാർത്ഥമായും മനുഷ്യത്വം പൂണ്ടത് സ്ത്രീസൗന്ദര്യമായിട്ടുമാകുന്നു എന്ന് കവി വിശ്വസിക്കുന്നു.

> അതെ സൗന്ദര്യപൂജ കൊണ്ട് ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. സൗന്ദര്യാരാധനം കൊണ്ട് ഞാൻ ദൈവത്തോളം വികസിക്കുന്നു. സൗന്ദര്യസ്തോത്രം കൊണ്ട് ഞാൻ പൂർണ്ണനായിത്തീരുന്നു. സൗന്ദര്യസങ്കീർത്തനം കൊണ്ട് ഞാൻ ദൈവ

> ത്തോട് ഏകീഭവിക്കുന്നു. സ്ത്രീസൗന്ദര്യത്തിനും ദൈവത്വ ത്തിനും മദ്ധ്യേ ഞാൻ ദേവത്വം പ്രാപിക്കുന്നു. ദൈവമായി രൂപാ ന്തരപ്പെടുകയും ചെയ്യുന്നു.[22]

ഈ സൗന്ദര്യസങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ, വനിതാരത്നത്തിന്റെ സൗന്ദര്യത്തെ വാഴ്ത്തുന്നു. അത് വർണ്ണനാതീതമെന്നറിയുന്നു. കായികയും നിന്ദ്യത രവുമായ യാതൊരു ദുർവികാരങ്ങളും കൂടാതെ പരിശുദ്ധ സൗന്ദര്യത്തെ ആരാധി ക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്ന് കവി ബോധിപ്പിക്കുന്നു.

> ഏണനേത്രയായ ഭവതിയുടെ കൃപാവീക്ഷണശീതളിമ യാൽ എന്റെ പാപങ്ങൾ പരിഹരിക്കപ്പെടട്ടെ. ഭവതിയുടെ സുഗന്ധ നിശ്വാസത്തിന്റെ ലഘുതരംഗങ്ങളാൽ എന്റെ ഹൃദയത്തിൽ വെളിച്ചം പരക്കട്ടെ. ഭവതിയുടെ മണിനാദതുല്യമായ മഞ്ജുള ശബ്ദത്താൽ ഞാൻ എന്നെന്നും സംസ്കൃതചിത്തനും പുണ്യസ മ്പന്നനുമായി ഭവിക്കട്ടെ. ഞങ്ങളുടെ അഭിമാനസ്തംഭമായ സുന്ദ രീരത്നമേ, ഭവതി നീണാൾ വിജയിച്ചാലും വിജയിച്ചാലും.[23]

4.2.3 മംഗളാശംസകൾ

മംഗളാശംസകളും സ്തുതികളും ചേർന്ന കവിതകൾക്ക് പ്രസക്തിയുണ്ടായി രുന്ന കാലഘട്ടം പ്രസ്തുത രചനാരീതി സ്വീകരിക്കുവാൻ കെ. എം. വറുഗീസിനെ പ്രേരിപ്പിച്ചു. വിവിധ സന്ദർഭങ്ങളിൽ കുറിച്ചിട്ട മംഗളകവിതകൾ ഈ വിഭാഗ ത്തിൽപ്പെടുന്നു. ഷഷ്ടിപൂർത്തി മംഗളം, വിവാഹമംഗളം, ഉഷഃപ്രകാശം, കുടുംബ യോഗസന്ദേശം എന്നീ കവിതകൾക്ക് സുപരിചിതരായ വ്യക്തികളും സാഹചര്യങ്ങ ളുമാണ് പ്രചോദനം.

1. ഷഷ്ടിപൂർത്തി മംഗളം

മദ്ധ്യതിരുവിതാംകൂറിലെ ഒരുധനാഢ്യനും പൗരപ്രമാണിയുമായ മാവേലിക്കര നന്ത്യത്തുവരിക്കോലിൽ ശ്രീമാൻ നാരായണൻ ഉണ്ണിത്താൻ അവർകളുടെ ഷഷ്ടി പൂർത്ത്യുത്സവത്തിൽ സമർപ്പിയ്ക്കപ്പെട്ടതാണ് ഈ ഗദ്യകവിത.

ഒരു പുതിയ ജീവിത ദശയിലേക്ക് നയിക്കുന്ന ബാലർക്ക് ദേവനെ പ്രതീക്ഷിച്ചു കൊണ്ട് വെണ്മതിഭഗവാനും രാഗാലാപകലാപത്തിൽ വിശ്രമ സൗധ്യത്തെ പ്രതീക്ഷിച്ചു കൊണ്ട് നാഗസ്വരക്കുഴലുകളും വിരാമാവസരത്തെ അന്വേഷിച്ചു കൊണ്ട് തകിൽനാദങ്ങളും വിശ്രമവേളയെ അഭിനന്ദിച്ചു കൊണ്ട് ജ്വാലാശിഖകളും പള്ളിവേട്ടയുടെ അന്ത്യത്തിൽ നിലകൊള്ളുന്നു. ഭഗവദ്വിഗ്രഹം ശ്രീകോവിലിനുള്ളിൽ വിശ്രമമാരംഭിച്ചു. കരിവീരനാകട്ടെ തളക്കല്ലുവിട്ട് ക്ഷേത്രാങ്കണത്തിലെ വടവൃക്ഷഛായയിലേക്ക് വിശ്രമാർത്ഥം മന്ദയാനം ചെയ്തു. വിശ്രമത്തിന വളരെയധികം പ്രാധാന്യം കവി നൽകുന്നു. ജീവിതയാത്രയെ നയിക്കുന്നതിനുള്ള പുതിയ പുതിയ പന്ഥാക്കളെ കണ്ടുമുട്ടുന്നതും ജീവിതായോധനത്തിലെ ജയാപജയങ്ങളെയും ലാഭനഷ്ടങ്ങളെയും പരിശോധിക്കുന്നതും ജീവിതഗ്രന്ഥത്തിൽ ആലേഖനം ചെയ്തിട്ടുള്ള കർമ്മപ്രതിഛായകളെ അവധാനപൂർവ്വം വീക്ഷിക്കുന്നതും ജീവിതാധ്യായികയുടെ പരിണാമഗുപ്തിയിലേക്ക് പ്രവേശിക്കുമ്പോഴാണ്. ഷഷ്ടിപൂർത്തിയിൽ ഒരു നവീന ലോകത്തിലേയ്ക്ക് പ്രവേശിക്കുന്നു. മനുഷ്യൻ പ്രകാശമാനമായ ലോകത്തിൽ നിന്നു കൊണ്ട് അദ്ധ്യാത്മലോകത്തിന്റെ കനകദ്വാരങ്ങളെ ദർശിക്കുന്നു. ജീവിതയുദ്ധങ്ങളിൽ നിന്നു വിമുക്തനായി വാനപ്രസ്ഥത്തിലേക്കു കടക്കുന്ന കഥാപുരുഷന കവി മംഗളം നേരുന്നു. [74]

2. വിവാഹമംഗളം

ആത്മപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയ കവിതയാണ് വിവാഹമംഗളം. എ. ആർ. പി. പ്രസ് സൂപ്രണ്ട് ശ്രീമാൻ പി. ഐ. ഇട്ടൂപ്പ് അവർകളും തെക്കേക്കര സൗഭാ

ഗ്യവതി കുഞ്ഞാണിയമ്മ അവർകളും ആയിരുന്നു വധൂവരന്മാർ; വള്ളത്തോൾ, നാല പ്പാട്ടുനാരായണമേനോൻ, വള്ളത്തോൾ ഗോപാലമേനോൻ, കുറ്റിപ്പുറത്ത് കിട്ടുണ്ണി മേനോൻ, ജി. ശങ്കരക്കുറുപ്പ്, ചിത്രമെഴുത്ത് കെ. എം. വറുഗീസ് എന്നിവർ മംഗളക വിതകൾ രചിച്ചു.

ഗദ്യകവിത ഇങ്ങനെ തുടങ്ങുന്നു.

> ആഗർഭഗൃഹത്തിനുള്ളിലെ കനകശ്രീപീഠത്തിൽ ആരാധ്യ ചരിതയായി വാണരുളുന്ന ദേവീവിഗ്രഹത്തിന്റെ ആനന്ദക്കുളി രൊളിതിരളുന്ന പൊൻപൂങ്കൈത്തളിരുകളിൽ ജീവിതതന്ത്രോദ്യു ക്തനായ യുവസുഭഗോപാസകൻ മംഗളമന്ത്രോൽ ഘർഷപൂർവ്വം സ്വാത്മനിവേദ്യം അർപ്പിച്ചു നിർവൃതികൊള്ളുന്നതായ മംഗല്യോ ത്സവകോലാഹലം എത്രയോ മധുരതരം.[25]

ആത്മപോഷിണിയുടെ ഉപനാഥോദാരന്റെ വിവാഹമഹോത്സവത്തിന്റെ താള മേളങ്ങളെ വാഴ്ത്തുന്നു. വിശുദ്ധ സമ്മേളനനർത്തനങ്ങളായും ദിവ്യരാഗചഞ്ചരീക മായും അഭൗമിക കാകളിസ്വരനിർദ്ദേശമായും ചിന്താസുഗന്ധകർപ്പൂരധൂമമായും സുമന്ദസംഘോഷശബ്ദങ്ങളുടെ പ്രതിദ്ധ്വനിയായ മർമ്മരതാളമേളങ്ങളായും ഈ മഹോത്സവത്തെ അദ്ദേഹം അവതരിപ്പിച്ചു. ജഗൽക്കാമുകനായ ഈശ്വരന്റെ പരമപ്രേ മത്തെ ചക്രാകാരരൂപേണ ഈ പ്രാപഞ്ചിക ജീവിതത്തിൽ ഭാവനാസന്താനങ്ങളുടെ ചെറുഹൃദയങ്ങളിൽ ശാശ്വതമായി നിക്ഷേപിച്ചിരിക്കുകയാണെന്ന് അദ്ദേഹം നന്ദി പൂർവ്വം സ്മരിക്കുന്നു.

വിവാഹ മംഗളാശംസയിലും വിശ്വജനയിതാവിനെ വിടർന്ന നേത്രങ്ങളോടും നന്ദിനിറഞ്ഞ ഹൃദയത്തോടും കൂടി സംബോധനചെയ്യുന്നു. ആ കരവിരുതിനെ അഭി നന്ദിക്കുന്നു.

3. ഉഷഃപ്രകാശം

മലങ്കര ഓർത്തഡോക്സ് സഭയിലെ കണ്ടനാട് ഇടവകയുടെ മാർ തേവോദോസ്യോസ് എപ്പിസ്കോപ്പയുടെ മെത്രാൻസ്ഥാനാഭിഷേകം പ്രമാണിച്ച് പ്രസിദ്ധപ്പെടുത്തിയ വിശേഷാൽ പ്രതിയിൽ കെ. എം. വറുഗീസ് രചിച്ച ഗദ്യകവിതയാണ് ഉഷഃപ്രകാശം.

ദീർഘകാലം പീഡനമനുഭവിച്ചിരുന്ന സുറിയാനി സഭയ്ക്ക് വിഭാതദീപ്തി വന്നുചേർന്നു കഴിഞ്ഞു എന്ന ശുഭപ്രതീക്ഷയാണ് ഈ ഗദ്യകവിതയിൽ നിറയുന്നത്.

> പുലർപ്പിറപ്പിന പുണ്യാകാശത്തിൽ പുളകശ്രീ പുലർത്തുന്ന വെള്ളിനക്ഷത്രമേ വിജയിച്ചാലും! അന്ധതമസ്സിന്റെ അന്തിമാക്രമണത്തെ അസ്തഃപ്രായമാക്കിയ ആ വെൺപാൽക്കതിരുകൾ പ്രകൃതിയുടെ ജീവശക്തിയെ ഇതാ എന്നേക്കുമായി സമുദ്ധാരണം ചെയ്യുന്നു.[26]

ചെങ്കോൽ കൈയാണ്ട ഗോണ്ടഫോറസിന അരമനലോകത്തിൽ അരമന ചമച്ച ശില്പാശാരിക്ക് പരശുരാമക്ഷേത്രത്തിൽ പരവതാനിവിരിക്കുകയും അജ്ഞാനാന്ധകാരം ബാധിച്ച നിടിലകോടികളിൽ ശാന്തിയുടെ വിജയ സ്ലീബാമുദ്ര ആലേഖനം ചെയ്യുകയും ചെയ്ത ക്രൈസ്തവ സഭാഗാത്രം പരമയാഗാർപ്പിതനായ പാവന മൂർത്തിയുടെ ദൃശ്യശരീരമാകുന്നു. ആ സുറിയാനിസഭാജനനി തോരാത്ത കണ്ണീരിന്റെ മറവിലൂടെ വിഭാതദീപ്തി കാണുന്നു.

ശതാബ്ദപരമ്പരകളിലെ പീഡാവലയങ്ങളെപ്പറ്റി കവി വേദനയോടെ സ്മരിക്കുന്നു. പാശ്ചാത്യഭൗതികശക്തിപ്രമത്തത മതത്തിന്റെ പേരിൽ അവളുടെ കനകക്കിരീടം കവർച്ച ചെയ്യുകയും ഭണ്ഡാരം കൊള്ളയടിക്കുകയും ചെയ്തു. ദണ്ഡിതയും, മഥിതഹൃദയയും, മൗനമറ്റവളും, മുറിവേറ്റവളും ആയ സുറിയാനി സഭാജനനി

പുതിയ ഇടയന്റെ വരവിൽ പ്രതീക്ഷയർപ്പിക്കുന്നു. ക്രോധവും മാത്സര്യവും വിദ്വേഷവും കഠോരതരമായി പ്രായോഗിക നർത്തനം നടത്തിയ ദിനങ്ങളിൽ കലയും സമ്പത്തുമെല്ലാം അവൾക്ക് കൈമോശം വന്നു. അവസാനം തിഗ്രീസുമായുള്ള ബന്ധം ആദിമചരിത്രദശയിലെ ചൈതന്യശക്തി തിരികെ കൊണ്ടുവന്നു.

മെത്രാൻസ്ഥാനാഭിഷേകം സുറിയാനിസഭയ്ക്ക് പ്രതീക്ഷനൽകുന്നു എന്ന് കവി സമാധാനം കണ്ടെത്തുന്നു. ഭയവും ആശങ്കകളും അകന്ന് സാമാധാനവും സംതൃപ്തിയും തികഞ്ഞകാലം ക്രൈസ്തവസഭയ്ക്ക് വന്നു ചേർന്നിരിക്കുന്നതായി അദ്ദേഹം തിരിച്ചറിയുന്നു.

4. കുടുംബയോഗസന്ദേശം

1126 വൃശ്ചികം 17-ാം തീയതി പൗവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ഒരു യോഗം പ്രായിക്കര വഞ്ഞിപ്പുഴശ്ശേരിയിൽ ഐസക് ഇട്ടിയവിരായുടെ വസതിയിൽ വെച്ച് നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ വായിക്കുന്നതിന കെ. എം. വറുഗീസ് ഈ ഗദ്യകവിത എഴുതി.

പൂർവ്വപിതാക്കൾ കുടുംബയോഗം കാണുന്നതിനും അനന്തര തലമുറയെ അനുഗ്രഹിക്കുന്നതിനും എത്തിയിരിക്കുന്നതായി കവി സങ്കല്പിക്കുന്നു.

> അങ്ങനെ നമ്മുടെ പരേതരായ പാവനാത്മാക്കൾ പറുദീസായിലെ പളുങ്കുമണിഗോപുരത്തിന്റെ കനകകവാടത്തിൽ ഒരുമിച്ചുകൂടി അവരുടെ ധവളപരിശുഭ്രമായ വെള്ളനിലയങ്കികളുടെ കലകലധ്വനികൾ പറുദീസായിലെ സുവർണ്ണ വൃക്ഷങ്ങളുടെ കനകദളപാളികളിൽ മധുരമർമ്മരം പൊഴിച്ചു. അവർ അന്യോന്യം പറഞ്ഞു. നമുക്ക് അനുവദിച്ചിട്ടുള്ള മണിക്കൂറുകൾ അല്പമാണ് എങ്കിലും പരാപരനായ യഹോവ നമ്മുടെ ഓമനസന്താനങ്ങളുടെ

മുഖകമലങ്ങൾ ഒരിക്കൽകൂടി വീക്ഷിപ്പാൻ നമുക്ക് അനുവാദം അരുളിയിരിക്കുന്നു. പുറപ്പെടുക തന്നെ.[27]

അങ്ങനെ അക്ഷയമായ ആശിസ്സുകളും സൗരഭ്യപൂരിതമായ സുഗന്ധവർഗ്ഗങ്ങളും വാട്ടമില്ലാത്ത രത്നദീപങ്ങളും പറുദീസായിലെ വാടാത്ത പൂന്തേൻ കനികളും എടുത്തുകൊണ്ട് പരേതാത്മാക്കൾ വഞ്ചിപ്പുഴശ്ശേരിയിലെ കുടുംബയോഗപ്പന്തലിൽ എത്തി. ഓമനസന്താനങ്ങളെ കണ്ടു മനസ്സുകുളിർത്ത ആ പുണ്യാത്മാക്കൾ ആശംസകളും ഉപദേശങ്ങളും പകർന്ന് സംതൃപ്തരായി.

പൂർവ്വപിതാക്കളുടെ ഭാഷയിൽ സ്നേഹത്തിന്റെ ആവശ്യകത അദ്ദേഹം അവതരിപ്പിച്ചു. കാലത്തിന്റെ അതിർഭിത്തികളില്ലാത്ത പരേതാത്മാക്കൾ വേദനയും കണ്ണുനീരും ഇല്ലാത്ത ലോകത്തിലാണ്. എന്നാൽ അനന്തരഗാമികൾ ഒളിവിലും തെളിവിലും ദുഷ്കൃത്യം ചെയ്യുമ്പോൾ, കുടുംബാംഗങ്ങൾ ദ്രോഹകൃത്യങ്ങളിലും പരപീഡനങ്ങളിലും ഏർപ്പെടുമ്പോൾ അവർ അദൃശ്യരായി കണ്ണീരൊഴുക്കുന്നു. സ്വന്തം കുടുംബാംഗങ്ങളെ നിന്ദിക്കുകയും അപഹസിക്കുകയും ചെയ്യുമ്പോൾ കാണ്മാൻ ബുദ്ധിമുട്ടുന്നു. സമ്പത്തും സമാധാനവും സൗഖ്യവും ദൈവം നൽകുന്ന അനുഗ്രഹങ്ങൾ മാത്രമാണെന്നും പരസ്പരമുള്ള കരുതലിലും സ്നേഹത്തിലും കുടുംബത്തിന്റെ വ്യക്തിത്വവും സംസ്ക്കാരവും നിലനിർത്തണമെന്നും ഓർമ്മിപ്പിച്ചു. പൈതൃകസ്നേഹത്തിന്റെ വികാരം നിറയുന്ന ഭാഷാശൈലി അതിൽ ശക്തമായിരുന്നു.

ഗദ്യകവിതാരംഗത്ത് തുടക്കം കുറിച്ച കവിതകളെന്ന നിലയിൽ കെ. എം. വറുഗീസിന്റെ രചനകൾ പ്രാധാന്യം അർഹിക്കുന്നു. ഭാഷാപോഷിണി, മലയാളമനോരമ, ആത്മപോഷിണി തുടങ്ങിയ മാസികകളിലൂടെ അദ്ദേഹത്തിന്റെ ഗദ്യകവിതകൾ ശ്രദ്ധിക്കപ്പെട്ടു. പ്രതിപാദ്യ വിഷയത്തെ ആസ്പദമാക്കി അദ്ദേഹത്തിന്റെ ഗദ്യകവിതകളെ ആദ്ധ്യാത്മിക കവിതകൾ, പ്രേമകവിതകൾ, മംഗളാശംസകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം. കെ. എം. വറുഗീസിന്റെ ഗദ്യകവിതകൾക്കെല്ലാം ആദ്ധ്യാത്മിക

പരിവേഷമുണ്ട്. ആദ്ധ്യാത്മിക കവിതകൾക്കടിസ്ഥാനം ആ കാലഘട്ടത്തിന്റെ സംസ്ക്കാരമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മനുഷ്യവിജയങ്ങളേക്കാൾ ഈശ്വരന്റെ അപരിമേയമായ ശക്തിക്കു പ്രാധാന്യം കല്പിച്ചിരുന്നു. അതിനാൽ മനുഷ്യജീവിതത്തിന്റെ നിസ്സാരതാബോധം കെ. എം. വറുഗീസിന്റെ കവിതകളിൽ ശക്തമാകുന്നു. ഈശ്വരനെയും ഭക്തനെയും കാമുകീകാമുകഭാവത്തിൽ അവതരിപ്പിച്ചുകൊണ്ട് മിസ്റ്റിക്ഭാവം കവിതയിൽ അദ്ദേഹം ആവിഷ്ക്കരിച്ചു. ടാഗോർക്കവിതകളും ബൈബിളിലെ സങ്കീർത്തനങ്ങളും സോളമന്റെ ഉത്തമഗീതങ്ങളും മനസ്സിൽ സൃഷ്ടിച്ച പശ്ചാത്തലം ഗദ്യകവിതാരചനയ്ക്കു പ്രേരകമായി. പ്രേമാലാപങ്ങൾ കാമത്തിന്റെ കറപുരളാത്ത സൗന്ദര്യാരാധന ആയിരുന്നു. പ്രിയതമയുടെ പാദമുദ്രകളെ കേന്ദ്രമാക്കിക്കൊണ്ട് രചിച്ച ആ വഴിത്താര സ്ത്രീസൗന്ദര്യത്തെ മുഴുവൻ ആവാഹിച്ചു. പ്രേമകവിതകളിൽ നിറയുന്ന ഭാവം കാമമല്ല. സർവ്വചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്ന, സർവ്വചരാചരങ്ങളെയും നില നിർത്തുന്ന ഈശ്വരന്റെ സ്നേഹമാണ്. ഒരു കാമുകന്റെ പ്രണയതപ്തമായ മനസ്സിന്റെ ആവിഷ്കാരമെന്നതിലുപരി സൗന്ദര്യത്തിലൂടെ ഈശ്വരചൈതന്യത്തെ ദർശിച്ച് ശരീരേന്ദ്രിയങ്ങളെ അതിവർത്തിച്ച് ആത്മാരാധനം അനുഷ്ഠിച്ച് പരമസായൂജ്യം നേടുന്ന ഒരു കലാകാരന്റെ മോഹനസങ്കല്പങ്ങളുമാണ്. മംഗളാശംസകളിലും ആദ്ധ്യാത്മികത മുന്നിട്ടുനിൽക്കുന്നു. കെ. എം. വറുഗീസിന്റെ ഗദ്യകവിതകൾ അദ്ദേഹത്തിന്റെ യൗവനകാലരചനകളാണ്. ഇരുപതാം വയസ്സിൽ തുടങ്ങി ഇരുപത്തഞ്ചുവർഷങ്ങളോളം അദ്ദേഹം ഗദ്യകവിതാരചനയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. യുവത്വത്തിന്റെ ഊർജ്ജസ്വലതയും സൗന്ദര്യാസ്വാദന താല്പര്യവും ഗദ്യകവിതകളിൽ അദ്ദേഹം ആവിഷ്ക്കരിച്ചു. നിർമ്മലമായ ഹൃദയവും സുന്ദരമായ ഭാവനയും ആനന്ദസാന്ദ്രമായ ആത്മാവും ആണ് ഈ കവിതകളിൽ തെളിയുന്നത്.

ഗദ്യകവിതകളിൽ വൃത്തനിയമത്തിന്റെ ക്ലിഷ്ടത ഒഴിവാക്കപ്പെടുന്നുണ്ടെങ്കിലും അതിൽ തുടിച്ചു നിൽക്കുന്ന താളബോധമാണ് അതിന്റെ ജീവൻ. കാവ്യാത്മകമായ പ്രയോഗങ്ങൾ ശ്രദ്ധാപൂർവ്വം അദ്ദേഹം അവതരിപ്പിക്കുന്നു. അർത്ഥപുഷ്ടവും ചമത്കാരസമ്പന്നവുമായ പദസംയോഗം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കെ. എം. വർഗീസിന്റെ ഗദ്യകവിതകൾ അന്നത്തെ സാഹിത്യലോകത്തിന്റെ ശ്രദ്ധ നേടിയെടുത്തു മഹാകവി ഉള്ളൂർ ആദ്യകവിതയ്ക്കു അഭിപ്രായം എഴുതി.

> നിങ്ങളുടെ സാഹിത്യവ്യവസായത്തെ ഞാൻ നിരന്തരം അവേക്ഷണം ചെയ്കയും അനുമോദിക്കുകയും ചെയ്യുന്നു. ഈ സരണിയിൽത്തന്നെ സഞ്ചരിക്കുന്നതിന നിങ്ങൾ ലേശവും അധൈര്യപ്പെടേണ്ട ആവശ്യമില്ലെന്ന് ഞാൻ ഉറപ്പുപറഞ്ഞു കൊള്ളുന്നു. ഇത് നിഷ്പക്ഷമായ അഭിപ്രായമാണ്.[28]

തിരുവനന്തപുരം സമദർശിപത്രാധിപരായിരുന്ന കുന്നത്തു ജനാർദ്ദന മേനോൻ എഴുതി.

> നിങ്ങൾ നിർമ്മിച്ചിരിക്കുന്ന ആവഴിത്താര ഏറ്റവും രസകരമായിരിക്കുന്നു. ഒന്നാം തരം കവിത.[29]

നിമിഷത്തിന്റെ അവതാരികയിൽ കേസരി എഴുതി.

> രൂപത്തെ ആസ്പദിച്ചുള്ള ഒരു ഉപപ്രസ്ഥാനമായ ഗദ്യകവിത ഭാഷാസാഹിത്യത്തിൽ തുടങ്ങിയിട്ട് ഒരു ഇരുപതോളം കൊല്ലം കഴിഞ്ഞിരിക്കുന്നു. ശ്രീ ചിത്രമെഴുത്തു വർഗീസാണ് ഇതിന്റെ സ്ഥാപകനെന്നു തോന്നുന്നു.[30]

ടി. എം. ചുമ്മാർ പദ്യസാഹിത്യചരിത്രത്തിൽ ഈ അഭിപ്രായം അവതരിപ്പിച്ചു.

> മലയാളത്തിൽ ഈ പ്രസ്ഥാനത്തിന്റെ പ്രാരംഭകൻ ചിത്രമെഴുത്തു വർഗീസാണെന്നു തോന്നുന്നു. ആത്മപോഷിണി, ഭാഷാ

പോഷിണി തുടങ്ങി അക്കാലത്തെ ചില മാസികകൾ വഴിയാണ് ഈ പ്രസ്ഥാനം അന്നു നാമ്പെടുക്കുന്നത്.[31]

4.3 ഗദ്യകവിതയും ചിത്രരചനയും

കെ. എം. വർഗീസിന്റെ ഗദ്യകവിതകൾ ഭാവതാളത്തിന്റെയും പദതാളത്തിന്റെയും തലത്തിൽ സമ്പന്നമായിരുന്നു. കഥകളിയുടെ വാദ്യാനുസാരിയായ താളബോധവും ചിത്രകലയുടെ വർണ്ണസംയോജനതാളവും അദ്ദേഹത്തിന്റെ ഗദ്യകവിതയെ പരിപുഷ്ടമാക്കി. അവയുടെ സാങ്കേതികത്വങ്ങളെപ്പറ്റി അടിസ്ഥാനപരമായ അവബോധവും അദ്ദേഹം ആർജ്ജിച്ചിരുന്നു. ചിത്രകാരനായ കെ. എം. വറുഗീസിന്റെ വൈഭവം ഗദ്യകവിതയിൽ പൂർണ്ണത തേടുന്നു. ഗദ്യകവിതയിൽ ഭാവം, താളം, പശ്ചാത്തലം എന്നിവയെപ്പറ്റി ചിത്രകാരനുള്ള അറിവ് അദ്ദേഹം പ്രകടമാക്കുന്നു. രൂപപരവും ഭാവപരവുമായ താളം ചിത്രത്തിന പൂർണ്ണത നൽകുന്നു. വർണ്ണങ്ങളുടെ, നിറങ്ങളുടെ സമഞ്ജസമായ സമ്മേളനം ചിത്രകാരന്റെ താളബോധത്തിന്റെ സൃഷ്ടിയാണ്. വർണ്ണങ്ങളുടെ -അക്ഷരങ്ങളുടെ -താളാത്മകമായ കലർപ്പ് ഗദ്യകവിതയെ ഭദ്രമാക്കുന്നു. സൗന്ദര്യബോധമാണ് ചിത്രകാരന്റെ ശക്തി. ഗദ്യകവിതകളിൽ കെ. എം. വറുഗീസിന്റെ നിരീക്ഷണപാടവം ചിത്രകാരന്റേതാണ്. പ്രകൃതിയിലും പ്രകൃതിവസ്തുക്കളിലും ഈശ്വരസ്നേഹത്തെയും സൗന്ദര്യത്തെയും തേടിയലയുന്ന സൗന്ദര്യാന്വേഷിയുടെ മനസ്സും പ്രപഞ്ചത്തിന്റെ വിവിധതലങ്ങളിൽ ആദ്ധ്യാത്മിക ചൈതന്യത്തെ തിരയുന്ന കവിഹൃദയവും സമന്വയിച്ചപ്പോൾ ഗദ്യകവിത എന്ന പുതിയ സാഹിത്യരൂപമായി.

അടിക്കുറിപ്പുകൾ

1. ഡോ. കെ. ഗോദവർമ്മരാജാ — അവതാരിക, ചെങ്കോലും മുരളിയും 1941 കലാവിലാസിനി പ്രസ്സ്
2. കെ. എം. വറുഗീസ് — സുരസ്വപ്നാമൃതം, ചെങ്കോലും മുരളിയും കലാവിലാസിനി പ്രസ്, തിരു. 1941 പു 26
3. „ — ജഗന്മണാളൻ, അതേ പുസ്തകം പു. 1
4. സോളമൻ — ഉത്തമഗീതം ബൈബിൾ അദ്ധ്യായം 3 പു. 665
5. ടാഗോർ — ഗീതാഞ്ജലി പരിഭാഷ അ: പന്ത്രണ്ട്
6. കെ. എം. വറുഗീസ് — ജഗന്മണാളൻ, ചെങ്കോലും മുരളിയും, കലാവിലാസിനി പ്രസ് 1914 പു. 3

7 - സോളമൻ — ഉത്തമഗീതം ബൈബിൾ അദ്ധ്യായം 8 പു 668

8 - കെ എം. വറുഗീസ് — ജഗന്മണാളൻ, ചെങ്കോലും മുരളിയും കലാവിലാസിനി പ്രസ്, തിരു. 1941, പു. 11

9. കെ. എം. വറുഗീസ് — ചെങ്കോലും മുരളിയും കലാവിലാസിനിപ്രസ് 1914 പു.59

10 - „ — അതേ പുസ്തകം പു. 62

11 - „ — കവിതാദേവി, ചെങ്കോലും മുരളിയും പു. 65

12 - „ — അതേ പുസ്തകം പു. 79

13 - „ — പ്രേമാഭ്യർത്ഥനം ചെങ്കോലും മുരളിയും1941 പു. 85

14 - „ — അതേ പുസ്തകം പു. 88

15 - „ — പ്രേമാഭിഷേകം ചെങ്കോലും മുരളിയും 1941 പു. 123

16 - „ — പ്രേമസായൂജ്യം ചെങ്കോലും മുരളിയും1941 പു. 102

17 - „ — അതേ പുസ്തകം പു. 104

18 - ,,	അതേ പുസ്തകം പു. 111
19 - ,,	വിരഹദാഹം ചെങ്കോലും മുരളിയും 1941 പു 112
20 - ,,	ആ ചെറിയവഴിത്താര ചെങ്കോലും മുരളിയും 1941 പു 89
21 - ,,	അതേ പുസ്തകം പു. 99
22 - ,,	സൗന്ദര്യാരാധനം ചെങ്കോലും മുരളിയും 1941 പു. 126
23 - ,,	അതേ പുസ്തകം പു. 128
24. കെ. എം. വറുഗീസ്	ഷഷ്ടിപൂർത്തിമംഗളം, ആത്മപോഷിണി പു. 12 ലക്കം 9. 1097 കന്നി - തുലാം കുന്നംകുളം.
25. കെ. എം. വറുഗീസ്	വിവാഹമംഗളം ആത്മപോഷിണി പു
26 -	ഉഷഃപ്രകാശം, മലയാളമനോരമ വിശേഷാൽ പതിപ്പ് കോട്ടയം 1938 ഏപ്രിൽ 7
27 -	കുടുംബയോഗസന്ദേശം 1126 വൃശ്ചികം 17 വഞ്ചിപ്പുഴശ്ശേരി, പ്രായിക്കര
28. ഉള്ളൂർ	കത്ത്. 1094 മിഥുനം 11
29. കുന്നത്തു ജനാർദ്ദനമേനോൻ	കത്ത്. 1994 മിഥുനം 9
30. എ. ബാലകൃഷ്ണപിള്ള	അവതാരിക നിമിഷം സാ.പ്ര.സംഘം.1947
31. ടി. എം. ചുമ്മാർ	ഗദ്യസാഹിത്യചരിത്രം നാ.ബു.സ്റ്റാൾ, കോട്ടയം 1964

അദ്ധ്യായം അഞ്ച്

ലേഖനങ്ങൾ

ഇംഗ്ലീഷ് സാഹിത്യത്തിന്റെ പ്രചോദനത്താൽ മലയാളസാഹിത്യത്തിൽ രൂപപ്പെട്ട ഭാഷാഗദ്യം ഉപന്യാസം, ലേഖനം എന്നീ നവീന ശാഖകളിലൂടെ വളർന്നു. വൈയക്തിക ചിന്താധാരകളെ അനുവാചകമനസ്സുകളിലേക്ക് പകരുവാനുള്ള ഉപാധിയായി ഉപന്യാസം ഉപകരിച്ചു. നാതിദീർഘവും പ്രമേയ സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നതുമായ രചനയാണ് ഉപന്യാസം.

> വ്യക്തിപരമായ വീക്ഷണകോടിയിൽകൂടി കാണാവുന്നതും വ്യക്തിയുടെ പ്രത്യേക മുദ്ര പതിഞ്ഞതുമായ ജീവിതമാണ് അതിന്റെ വിഷയം [1]

എന്ന് കേസരി അഭിപ്രായപ്പെടുന്നു. മെക്കാളെ, സ്പെൻസർ, മൊണ്ടെയ്ൻ, ബേക്കൻ, ക്രാബ് മുതലായ ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ഉപന്യാസങ്ങൾ ഇതര ഭാഷാസാഹിത്യകാരന്മാർക്ക് മാതൃകയായി. മലയാള സാഹിത്യത്തിൽ ഇ. വി. കൃഷ്ണപിള്ള, മൂർക്കോത്ത് കുമാരൻ, എ. പി. ഉദയഭാനു തുടങ്ങിയ ഉപന്യാസകാരന്മാർ തെളിമയാർന്ന ഭാഷയും പാരായണാർഹമായ ശൈലിയും തികഞ്ഞ ഉപന്യാസങ്ങളിൽ ചിന്തോദ്ദീപകങ്ങളായ ആശയങ്ങൾ പകർന്നുവെച്ചു. ഇവരുടെ മനോരമ്യങ്ങളായ ഉപന്യാസങ്ങൾ രമ്യോപന്യാസശാഖയിൽ ചേർന്നുനിൽക്കുന്നു. യുക്തിഭദ്രവും ക്രമീകൃതവുമായ ഘടനയുള്ളവയും ക്രമരഹിതവും സംഭാഷണസ്വാതന്ത്ര്യം പുലർത്തുന്നവയുമായ ഉപന്യാസങ്ങളുണ്ട്. വസ്തുനിഷ്ഠമായ വിഷയാവതരണവും യുക്തിഭദ്രമായ വാദമുഖങ്ങളും ക്രമീകൃതമായ ആശയസംവേദനവും ലേഖനങ്ങൾക്ക് ഉപന്യാസങ്ങളിൽ നിന്ന് വ്യതിരിക്തത നൽകുന്നു. ലേഖനദൈർഘ്യം വിഷയഗൗരവത്തെ ആശ്രയിച്ചുനിൽക്കുന്നു. വിഷയസ്വീകരണം ജീവിതത്തിന്റെ ഏതുമേഖലയിൽനിന്നുമാകാം.

> ജീവിതത്തെക്കുറിച്ച് വിപ്ലവകരമായി ചിന്തിക്കുന്ന ഒരു സാഹിത്യകാരനേ മനുഷ്യർക്കാവശ്യമുള്ള സാഹിത്യകാരനാകൂ എന്നുള്ളത് പരക്കെ സമ്മതിച്ചുകഴിഞ്ഞിട്ടുള്ള ഒരഭിപ്രായമാണ്. [2]

എന്ന് ജോസഫ് മുണ്ടശ്ശേരി രേഖപ്പെടുത്തുന്നു. പ്രമേയത്തിന്റെ പ്രാധാന്യവും അവതരണരീതിയും ആശയഗഹനതയും ലേഖകന്റെ വ്യക്തിത്വത്തിന്റെയും സമൂഹബന്ധത്തിന്റെയും പ്രതിഫലനമാകുന്നു.

> ഒരു നല്ല ഗദ്യകാരനിൽ ഉറപ്പുള്ള വ്യക്തിത്വവും ശ്രദ്ധാപൂർണ്ണമായ രചനാപക്വതയും സഹജമായ ഭാഷാവബോധവും കൂടിച്ചേരുന്നുവെന്ന് [3]

മജൗറി ബൗൾട്ടൻ അഭിപ്രായപ്പെടുന്നു.

ഉപന്യാസകാരനായി രംഗപ്രവേശം ചെയ്ത കെ. എം. വർഗ്ഗീസ് വിവിധ വിഷയങ്ങളെ ആധാരമാക്കി നിരവധി ലേഖനങ്ങൾ രചിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സ്പന്ദനങ്ങളിൽ നിന്ന് ശക്തിയാർജ്ജിച്ചവയായിരുന്നു അദ്ദേഹത്തിന്റെ ലേഖനങ്ങൾ. അവയുടെ കാലിക പ്രസക്തിയും വർത്തമാനകാലത്തിൽ അവയ്ക്കുള്ള പ്രാധാന്യവും വ്യക്തമാക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

5.1. പ്രാരംഭ രചനകൾ

കെ. എം. വറുഗീസിന്റെ പ്രാരംഭകാല രചനകളെ മൂന്നു വിഭാഗത്തിൽപെടുത്താം.

1. പൊതുവായ വിഷയങ്ങൾ
2. ഭൂമിശാസ്ത്രപരമായ വിഷയങ്ങൾ
3. സാമുദായിക വിഷയങ്ങൾ

5.1.1. പൊതുവായ വിഷയങ്ങൾ

1. കുഴിയാനകളുടെ ജീവിതദശ

സാഹിത്യമാസികകളിൽ കടന്നു കൂടുന്നതിനുള്ള അദമ്യമായ ആഗ്രഹ ത്തിന്റെ സൃഷ്ടിയും സംതൃപ്തിയും ആയിരുന്നു 'കുഴിയാനകളുടെ ജീവിതദശ' എന്ന പ്രഥമ ഉപന്യാസം. ഇത് 1084 ൽ കേരള ചിന്താമണിയിൽ പ്രസിദ്ധീകരിക്കപ്പെ ട്ടു. ബാല്യകാലത്തിന്റെ കൗതുകമായ കുഴിയാനകളുടെ ജീവിതദശയെപ്പറ്റി മൂന്നു നാലു മാസം നടത്തിയ നിരന്തര നിരീക്ഷണത്തിൽ നിന്നുരുത്തിരിഞ്ഞ വസ്തുതക ളും, പരീക്ഷണം കൊണ്ടു സമ്പാദിച്ച വിജ്ഞാനശകലങ്ങളുമായിരുന്നു അവയിൽ പ്രതിപാദിച്ചത്. മണ്ണിൽ കുഴികുഴിച്ചു കഴിയുന്ന ജീവിയുടെ പാർപ്പിടത്തിന്റെ പ്രത്യേ കതകൾ, അവയുടെ നിറം, ശരീരഘടന എന്നിവ ഭൂതകണ്ണാടിയിലൂടെ വലിപ്പപ്പെടു ത്തി കാണുന്ന വിധത്തിൽ രേഖപ്പെടുത്തുന്നു. കുഴിയാനകളുടെ ആഹാരസമ്പാദന രീതി, എറുമ്പുകൾ അവയ്ക്കാഹാരമാകുന്ന വിധം എന്നിവ വളരെ തന്മയത്വമായി വിവരിക്കുന്നു. ഉപന്യാസത്തിൽ പ്രതിപാദ്യത്തെക്കാൾ പ്രതിപാദനരീതിയാണ് ശ്രദ്ധി ക്കപ്പെടുന്നത്. ഈ പ്രയത്നത്തിൽ, പ്രമേയത്തിന്റെ ലാളിത്യം കണക്കാക്കപ്പെടുന്നി ല്ല. ഉറുമ്പും കുഴിയാനയും തമ്മിലുള്ള യുദ്ധം വിവരിക്കുന്നതു നോക്കാം.

> ഉറച്ച മണ്ണുള്ളതായ സ്ഥലങ്ങളിൽ കുഴിയാനയും ഉറുമ്പും തമ്മിൽ ചെയ്യുന്ന ദ്വന്ദയുദ്ധം കുറെ രസമാണ്. കുഴിയാനയുടെ പൃഷ്ഠഭാഗത്ത് എറുമ്പിനു പിടികിട്ടിപ്പോയി എങ്കിൽ കുഴി യാനയുടെ കഥ കഴിഞ്ഞു എന്നു തന്നെ പറയാം. ഉടൻ തന്നെ എറുമ്പ് കുഴിയാനയെ പോയി എടുത്തുകൊണ്ട് തന്റെ മാളത്തി ലേയ്ക്ക് സസന്തോഷം ഗമിക്കുന്നു. തനിക്കു യാതൊരു സ്വാത ന്ത്ര്യവുമില്ലാതെ എറുമ്പ് കൊമ്പുകളിൽ അകപ്പെട്ടിരിക്കുമ്പോൾ തന്നെ കുഴിയാന ഇളകിയ മണ്ണുള്ള സ്ഥലത്തെ പ്രത്യേകം

> നോക്കിക്കൊള്ളും. എവിടെയെങ്കിലും ഇളകിയ മണ്ണുള്ളതായി കുഴിയാനകൾക്ക് തോന്നിയാൽ ഉടൻ തന്നെ പിടിച്ചിരിക്കുന്ന എറു മ്പിനെയും കൊണ്ട് കീഴ്പോട്ടു താണു കളയും.[4]

പ്രമേയം നിസ്സാരമാണെങ്കിലും സൂക്ഷ്മപഠനത്തിലൂടെ നൽകുന്ന വിവരണം ശ്രദ്ധാർഹമാണ്. കുഴിയാനകൾ ചിത്രശലഭമായിത്തീരുന്നുവെന്നും ചിലപ്പോൾ ചിലന്തിവലകളിൽ അകപ്പെടുന്നുവെന്നും പറഞ്ഞ് ഉപന്യാസം ഉപസംഹരിക്കുന്നു.

2. ശിരോലിഖിതം.

ദുരനുഭവങ്ങളിൽ സാന്ത്വനമായും ജീവിതത്തിൽ പ്രതീക്ഷയായും നില നിൽക്കുന്ന ശിരോലിഖിതം എന്ന അംഗീകൃതാശയമാണ് പ്രമേയം. മനുഷ്യർക്ക് മനഃസ്വാതന്ത്ര്യം എന്നൊന്നില്ലെന്നും എല്ലാം വിധിപോലെ മാത്രമേ സംഭവിക്കൂ എന്നും ഗ്രീസിലെ സ്റ്റോയിക് സംഘക്കാർ വാദിച്ചിരുന്നു. നമ്മുടെ കർമ്മങ്ങളെ സംബന്ധിച്ച് നമുക്ക് യാതൊരു ഉത്തരവാദിത്വവുമില്ല എന്ന് വിധിനിശ്ചയത്തിൽ വിശ്വസിക്കുന്നവർ കരുതി. ഈ ചിന്ത ഉദാസീനതയ്ക്കും അധർമ്മത്തിനും പശ്ചാത്ത ലമൊരുക്കുമെന്ന് നമ്മുടെ സാഹിത്യഗ്രന്ഥങ്ങൾ അഭിപ്രായപ്പെടുന്നു. പണ്ഡിതന്മാ രുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ടും നിലവിലുള്ള ചിന്തകളെ വിലയിരുത്തി ക്കൊണ്ടും വറുഗീസ് തന്റെ ആശയം അവതരിപ്പിച്ചു. ഒരു മനുഷ്യന്റെ സുകൃതദു ഷ്കൃത്യങ്ങൾക്ക് ഹേതുഭൂതമായ നക്ഷത്രം അവൻ തന്നെയാണ്. നമ്മുടെ സകല കർമ്മങ്ങൾക്കും ഉത്തരവാദി വിധിയല്ല നാം തന്നെയാണ് എന്ന് അദ്ദേഹം അഭിദർശി ച്ചു. വിധി, തലയിലെഴുത്ത്, ഗ്രഹപ്പിഴ, കർമ്മം എന്നൊക്കെ പറഞ്ഞു വരുന്ന ശിരോ ലിഖിതം അബദ്ധധാരണയാണെന്നും കർമ്മധീരനായ മനുഷ്യനെ പ്രതിരോധിക്കുന്ന ഈ ഉദാസീനചിന്താഗതിയെ ശക്തിയുക്തം എതിർക്കേണ്ടതാണെന്നും ഉറപ്പിക്കു വാൻ ഈ ഉപന്യാസത്തിൽ കെ. എം. വറുഗീസിനു സാധിച്ചു.

3. ചിരി

തിര്യക്കുകളിൽ നിന്നു വ്യതിരിക്തമായി മനുഷ്യവർഗ്ഗത്തിന്റെ സഹജസ്വഭാവമായി കാണപ്പെടുന്ന ചിരി എന്ന മാനസോല്ലാസമാണ് മനഃശാസ്ത്രപരമായ വിശകലനത്തിന ഇടംകൊടുക്കുന്ന ഈ ഉപന്യാസം. മൃഗങ്ങളുടെയും മനുഷ്യരുടെയും സന്തോഷപ്രകടനത്തെ തുടക്കത്തിൽ താരതമ്യപ്പെടുത്തുന്നു.

ഹൃദ്വികാരത്തെ പ്രത്യക്ഷീകരിക്കുന്നതിൽ പ്രധാനസ്ഥാനത്തെ വഹിച്ചിരിക്കുന്ന വായ്കൊണ്ട് നാം പുറപ്പെടുവിക്കുന്ന ചിരിയെ വറുഗീസ് നാലു വകുപ്പിൽപെടുത്തുന്നു.

1. അഭ്യാസം മൂലമോ അനുകരണം മൂലമോ ഉണ്ടാകാതെ എപ്പോഴും സഹജമായി പുറപ്പെടുവിക്കുന്ന ചിരി.
2. ചുറ്റും നടക്കുന്ന സംഭവങ്ങൾ മൂലം മനസ്സിന ഉല്ലാസമുണ്ടാകുമ്പോൾ മാത്രം സാധാരണയായി പുറപ്പെടുവിക്കുന്ന ചിരി.
3. തനിക്കുണ്ടായിട്ടുള്ള സന്തോഷം മൂലം ചിരിക്കാതിരിക്കാൻ കഴിയില്ലെന്നുള്ള നാട്യത്തിൽ നിർബന്ധപൂർവ്വം പുറപ്പെടുവിക്കുന്ന ചിരി.
4. പരിഹാസമായും പുച്ഛരസദ്യോതകമായും ഉള്ള ചിരി. [5]

ഈ നാലുവിധ ചിരികളെയും സോദാഹരണം വിവരിക്കുകയും പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും പഴഞ്ചൊല്ലുകളും അവലംബമായി സ്വീകരിക്കുകയും ചെയ്തുകൊണ്ട് ചിരിയുടെ ഔചിത്യത്തെപ്പറ്റി ഉപന്യാസകാരൻ ചർച്ച ചെയ്യുന്നു. സദുദ്ദേശത്തിൽ നിന്നു പുറപ്പെടുന്ന സന്ദർഭോചിതമായ ചിരി ദോഷപരിഹാരക്ഷമമാണ് എന്ന തത്വത്തിൽ അദ്ദേഹം എത്തുന്നു.

4. വിക്ക്

വിവിധതരം വിക്കുകളെപ്പറ്റിയുള്ള വിവരണവും ഈ അവസ്ഥയുടെ കാരണങ്ങളും വിവരിച്ചു കൊണ്ടുള്ള സമഗ്രമായ പഠനമാണ് ഈ ഉപന്യാസത്തിനു പ്രാധാന്യം നൽകുന്നത്. നാവിന്റെ ബലഹീനത, മേലണ്ണാക്കിനുള്ള താഴ്ച, വിസ്താരക്കുറവ്, നാവിന്റെ കീഴിലുള്ള വള്ളി അഗ്രഭാഗത്തേക്ക് നീങ്ങൽ ഇങ്ങനെ ഇതിനു കാരണങ്ങൾ പലതാണ്. അക്ഷരങ്ങൾക്ക് വിക്കു മൂലം ഉണ്ടാകുന്ന രൂപപരിണാമം, വിക്കു മൂലം വക്താവിനും ശ്രോതാവിനും ഉണ്ടാകുന്ന പരിഭ്രമങ്ങൾ എന്നിവ ഉദാഹരണസഹിതം വിവരിക്കുന്നു. വിക്കന്മാർക്ക് ചില ഉപദേശങ്ങളും നൽകുന്നു.

5. ദീപികയിലെ മഹദ്വാക്യങ്ങൾ

നസ്രാണിദീപികയിൽ പ്രസിദ്ധീകരിച്ചുവന്ന മഹദ്വചനപരമ്പര മനസ്സിലുണർത്തിയ പ്രതികരണങ്ങൾ പത്രധർമ്മത്തെപ്പറ്റിയും അതിനു സഹായകമാകുന്ന ഘടകങ്ങളെപ്പറ്റിയും ചിന്തിക്കുവാൻ കെ. എം. വറുഗീസിനെ പ്രേരിപ്പിച്ചു. പൊതുജന പ്രാതിനിധ്യം വഹിക്കുന്ന ഒരു വൃത്താന്തപത്രം ലോകത്തെ സ്നേഹത്തോടു കൂടി ഭരിച്ചു പോരുന്ന ഒരു അദ്ധ്യാപകൻ ആകുന്നു എന്നാണ് വറുഗീസിന്റെ അഭിപ്രായം. ആത്മീകമായും ലൗകീകമായും വായനക്കാരന അറിവുകൾ നൽകുന്ന പത്രങ്ങൾക്ക് പല വിശിഷ്ട ധർമ്മങ്ങളും ഉണ്ട് ജനക്ഷോഭം, ജാതിവൈരം സാമാന്യമായ ഉത്കണ്ഠ എന്നിവ മാത്രം ലക്ഷ്യമാക്കുന്ന പത്രങ്ങൾ ധർമ്മത്തിൽ നിന്നു വ്യതിചലിച്ചുപോകുന്നു. വായനക്കാരന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഉത്തമ വൃത്താന്തപത്രങ്ങൾക്ക് ആത്മോദ്ദേശകമായും അന്യോദ്ദേശകമായും ഉള്ള വിവിധചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഈ കൃത്യങ്ങളെ ശരിയായി നിർവ്വഹിച്ചു പോരുന്നതിന അവയെ അനുഭവത്തിൽ വരുത്തിയിരിക്കുന്ന മഹാന്മാരുടെ ഉപദേശങ്ങളെക്കാൾ നല്ലതായ വേറെ യാതൊന്നുമില്ല. ഓരോ മഹാത്മാക്കൾ ലോകരംഗത്തിൽ തങ്ങളുടെ ജീവിതത്തെ ഏതെല്ലാം വിധത്തിലാണ് അഭിനയിച്ചിട്ടുള്ളതെന്നറി

യുന്നത് ഒരു വലിയ വിദ്യാഭ്യാസമാകുന്നു. ജീവിതപ്രതിസന്ധികളെ വിജയകരമായി തരണം ചെയ്ത മഹത്വ്യക്തികളുടെ മാതൃകയും സാധാരണജനങ്ങൾക്ക് മാർഗ്ഗ ദർശകമാകുമെന്നും അവയെ അവതരിപ്പിച്ച് ആത്മോദ്ദേശകകർമ്മം നിർവ്വഹിക്കാൻ വൃത്താന്തപത്രങ്ങൾക്ക് ചുമതല ഉണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. മാധ്യമധർമ്മ ത്തെപ്പറ്റിയുള്ള വിചിന്തനങ്ങൾ ശക്തിപ്പെട്ടുവരുന്ന ആധുനിക കാലഘട്ടത്തിൽ പത്ര ധർമ്മത്തെപ്പറ്റിയുള്ള കെ. എം. വറുഗീസിന്റെ സങ്കല്പങ്ങൾക്ക് പ്രസക്തിയുണ്ട്.

5.1.2. ഭൂമിശാസ്ത്രപരമായ വിഷയങ്ങൾ

ശില്പിശാസ്ത്രവും ജലനിർദ്ദേശവും

ആത്മപോഷിണിയിൽ ജലനിർദ്ദേശത്തെപ്പറ്റി ടി. കെ. ജോസഫ് എഴുതിയ ലേഖനത്തിന അനുബന്ധമായി ശില്പിശാസ്ത്രവും ജലനിർദ്ദേശവും രചിച്ചു. ഭൂമി യുടെ അന്തർഭാഗത്തിലെ ജലസാന്നിദ്ധ്യം അറിയുവാനുള്ള അസാമാന്യസിദ്ധിവിശേ ഷമാണ് ഈ രചനയ്ക്ക് അടിസ്ഥാനം. ശില്പിശാസ്ത്രത്തിലാണ് അദ്ദേഹം ചുവടുറ പ്പിച്ചത്. ഭൂമിയുടെ അന്തർഭാഗങ്ങളിൽ ഉള്ള ജലസ്ഥിതിയേയും ഉറവലിനേയും പറ്റി അദ്ദേഹം ശാസ്ത്രീയമായി വിശദീകരിക്കുന്നു.

> അന്തർഭൂമിയിലുള്ള ജലം ചെറിയ നീരുറവകളിലായി ചില വിള്ളലുകളിൽ കൂടി ഒഴുകി ഉറവിന്റെ ഉത്ഭവസ്ഥാനമായി തീരു ന്നു [6]

എന്നാണ് അദ്ദേഹത്തിന്റെ നിഗമനം. അന്തർഭാഗത്തിൽ സ്ഥിതി ചെയ്യുന്ന ജലനിരപ്പ് സമുദ്രത്തിലെ വീചിപരമ്പരപോലെ പൊങ്ങിയും താണും പടിഞ്ഞാറുനിന്നു കിഴ ക്കോട്ടു കിടക്കുന്നു എന്നുള്ള ശില്പിശാസ്ത്രതത്വത്തിനദ്ദേഹം പ്രാധാന്യം നൽകുന്നു. സമുദ്രസ്ഥിതിയനുസരിച്ച് തെക്കുനിന്നു വടക്കോട്ടും ഇപ്രകാരം ഉള്ള തായി വറുഗീസ് കരുതുന്നു. ജലനിരപ്പിന്റെ സ്വഭാവമനുസരിച്ച് കിണറിന്റെ താഴ്ചയും കാണുന്നു. കിണർ കുഴിക്കുന്നതിന്റെ നിമ്നോന്നതികളും ശുഭാശുഭത്വ

ങ്ങളും ശില്പിശാസ്ത്രത്തിലെ ശ്ളോകങ്ങൾ ഉദ്ധരിച്ചുകൊണ്ട് വിവരിക്കുന്നു. ഭൂതലക്ഷണം, രാശിലക്ഷണം, ഔഷധ ലക്ഷണം, ഉടമസ്ഥന്റെ ഭാവി, താംബൂലപരീക്ഷണം എന്നിവ ജലനിർദ്ദേശത്തോടനുബന്ധമായി അവതരിപ്പിക്കുന്നു. ലേഖനം അവസാനിപ്പിക്കുന്നതിപ്രകാരമാണ്.

> ഭൂമിയുടെ അടിയിൽ ഇന്നതെല്ലാം ഉണ്ടെന്നു പറയുവാൻ ശില്പിക്ക് എത്രയും വേഗത്തിൽ സാധിക്കുന്നതാണ്. ഇതിനൊക്കെ വേണ്ടുന്ന വിദ്യുച്ഛക്തികൾ പൂർവ്വിക ഹൈന്ദവ പണ്ഡിതന്മാർ ശില്പി ശാസ്ത്രത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. [7]

5.1.3. സാമുദായിക വിഷയങ്ങൾ

1. അമ്മക്കാര്യം.

1093 ൽ കേരളീയാഭിമാനിയിൽ പ്രകാശിതമായ ലേഖനമാണ് അമ്മക്കാര്യം. നസ്രാണി ബാലികമാരെ പള്ളിക്കൂടത്തിൽ ചേർക്കുമ്പോൾ നായർസ്ത്രീകളായ ചില പ്രഥമാദ്ധ്യാപികമാർ മറിയാമ്മ, അന്നമ്മ, ശോശാമ്മ എന്നതിനു പകരം മറിയ, അന്ന, ശോശ എന്നിങ്ങനെ മാത്രമേ എഴുതുകയുള്ളൂ എന്നു ശാഠ്യം പിടിച്ചു. ഈ സന്ദർഭത്തിൽ പോരോടു ചേർന്നുള്ള 'അമ്മ' ശബ്ദത്തിൽ നായന്മാർക്കു മാത്രമാണ് അവകാശമെന്ന് ചില പത്രങ്ങളും എഴുതി പൗരാണികരേഖകളിൽ നിന്നും സാഹിത്യകൃതികളിൽ നിന്നും നസ്രാണിസ്ത്രീനാമധേയങ്ങളായ ആണ്ടമ്മ, താണ്ടമ്മ, തേനമ്മ, എറത്തമ്മ, മന്നാണ്ടമ്മ, കുഞ്ഞുഞ്ഞമ്മ, ഏലമ്മ എന്നിത്യാദി പേരുകളും പുരാതന നായർസ്ത്രീനാമധേയങ്ങൾ ആയ ചക്കി, ചിരുത, ഉണ്ണൂലി, നങ്ങേലി, പാറോതി, തേവി എന്നീ പേരുകളും ധാരാളമായി ഉദാഹരിച്ചു കൊണ്ട് വറുഗീസ് 'അമ്മക്കാര്യം' എഴുതി.

> നായർ സമുദായത്തിൽ പണ്ട് രാജസ്വരൂപങ്ങളുടെ കീഴിൽ ഭരണാധികാരം വഹിച്ചിരുന്ന മാടമ്പിനായന്മാരുടെ സ്ത്രീകൾക്ക്

> കുഞ്ഞമ്മ ശബ്ദത്തിന അവകാശമുണ്ടായിരുന്നു എന്നല്ലാതെ സാധാരണ നായർസ്ത്രീകൾക്ക് അമ്മ ശബ്ദം പേരോടു കൂടി ചേർക്കുവാൻ മാടമ്പിനായന്മാർ പോലും അനുവദിച്ചിരുന്നില്ലെന്ന്[8]

വറുഗീസ് സമർത്ഥിച്ചു. അചിരേണ മേൽപ്പറഞ്ഞ നിർബന്ധബുദ്ധി ഉപേക്ഷിക്കപ്പെടുകയും നസ്രാണി സ്ത്രീകളെ 'അമ്മ' ശബ്ദം ചേർത്ത് സംബോധന ചെയ്യുന്നത് തുടരുകയും ചെയ്തു.

2. മാപ്പിള

മാപ്പിളശബ്ദത്തിന്റെ വ്യുല്പത്തിയെ സംബന്ധിച്ച് റിട്ട. അക്കൗണ്ടാഫീസർ ശ്രീ. കെ. എം. മാണിയും കെ. എം. വറുഗീസും തമ്മിൽ നടത്തിയ വാദപ്രതിവാദം പൗരപ്രഭയിൽ പ്രസിദ്ധപ്പെടുത്തി. മൂന്നു ജനസമുദായങ്ങളിൽ മാപ്പിള ശബ്ദം നിലവിലിരിക്കുന്നതായി കെ. എം. വറുഗീസ് മനസ്സിലാക്കി. കേരളത്തിലെ നസ്രാണി മാപ്പിളയും യൂദ മാപ്പിളയും ജോനകമാപ്പിളയും. പദപ്രയോഗത്തിന്റെ ഉത്ഭവത്തെപ്പറ്റി ഈ ലേഖനത്തിൽ ഗാഢമായ വിചിന്തനം നടത്തുന്നുണ്ട്. പല പണ്ഡിതന്മാരുടേയും അഭിപ്രായങ്ങളുടെ സാംഗത്യം പരിശോധിക്കുന്നു. അദ്ദേഹം പരിഗണിക്കുന്ന മുൻ ധാരണകൾ ഇവയാണ്.

1. അമ്മയുടെ തായ്‌വഴിയെ നിലനിർത്തുന്നവൻ എന്ന് ഫ്രാൻസിസ് ഡേ, എച്ച്. എച്ച് . വിത്സൺ എന്നിവർ.

2. മാപ്പിള ശബ്ദം മുഫിഹ (ഐശ്വര്യമുള്ള) എന്നോ മാഫിഹ (കർഷകൻ) എന്നോ ഉള്ള അറബിശബ്ദത്തിൽ നിന്നു നിഷ്ക്രമിച്ചതാവാം എന്ന് പേഴ്സി ബാഡ്ഗർ.

3. മാപ്പിള ശബ്ദത്തിന്റെ മൂലം മാഫിൽ എന്ന അറബി വാക്കാണെന്ന് ഡോക്ടർ അച്യുതമേനോൻ. മാഫിൽ എന്ന വാക്കിന പള്ളിയിലെ കൂട്ടയാരാധന എന്നാണർത്ഥം.

4. മാപ്പിളശബ്ദത്തിന്റെയർത്ഥം മഹാപിള്ള എന്നാണെന്ന് പരക്കെ വിശ്വസി ച്ചുപോരുന്നു.

5. ഇസ്ലാംമതം സ്വീകരിച്ച അടിമകളെ അവരുടെ യജമാനന്മാർ സ്വതന്ത്രരാക്കി. അവരെ മാവ്ള കൂടിയ പറവന്മാരാക്കിയതിൽ നിന്ന് മലബാറിലെ മുസൽമാൻ ജനതയ്ക്ക് മാപ്പിളശബ്ദം ലഭിച്ചതായിരിക്കുമെന്ന് മി. കെ. എം. മാണി യുടെ അഭിപ്രായം.

സാധകബാധകയുക്തികൾ നിരത്തി, ഈ വാദഗതികളെയെല്ലാം തിരുത്തി ക്കൊണ്ട് മാപ്പിളശബ്ദം ഒരു ദ്രാവിഡ പദമാണെന്നും കേരളത്തിലെ ഹിന്ദുക്കളും തമിഴന്മാരും മതാചാരപരമായി അതിപ്രാചീനകാലം മുതൽ തന്നെ ഉപയോഗിച്ചു പോരുന്നുവെന്നുമുള്ള യാഥാർത്ഥ്യം അദ്ദേഹം ഉറപ്പിക്കുന്നു. നസ്രാണി യൂദജോനക സമുദായങ്ങൾ മാപ്പിളശബ്ദം അത്യന്തം ബഹുമാനവാചിയായ ഒന്നായി കരുതു കയും ചിലെടത്തു ശിലാലേഖനങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. 16, 17 നൂറ്റാണ്ടുകൾ മുതൽ തന്നെ 'മാപ്പിള' ശബ്ദം ബഹുമാ ന്യമായ സ്ഥാനപ്പേരായി ഉപയോഗിച്ചിരുന്നുവെന്ന് പാശ്ചാത്യചരിത്രകാരന്മാർ, പാറേ മ്മാക്കൽ തോമ്മാക്കത്തനാർ, മലബാർ കലക്ടറായിരുന്ന മി. ലോഗൻ, മലബാർഗസ റ്റിയർ കർത്താവ് എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകളെ മുൻനിർത്തി വർഗീസ് രേഖ പ്പെടുത്തുന്നു. എന്നാൽ സാഹചര്യവശാൽ ഏകകാലത്ത്, മതപരമായ സംജ്ഞ കൾക്ക് പുറമെ, ചെട്ടിമാപ്പിള, പിള്ള, പണിക്കർ, നാനാർ, തരകൻ, മുതലാളി എന്നി ങ്ങനെ പല സ്ഥാനപ്പേരുകൾ തൊഴിൽപരമായി സ്ഥാനമാനസംബന്ധിയായി നസ്രാ ണികളുടെയിടയിൽ നിലനിന്നുപോന്നതിനാൽ മാപ്പിള ശബ്ദത്തിന് നസ്രാണികളുടെ യിടയിൽ സാർവ്വത്രികമായ പ്രചാരം ലഭിച്ചില്ല എന്നാണ് ലേഖകന്റെ നിഗമനം. പ്രാചീന കാലം മുതൽ ഇന്നു വരെ മുറപ്പെണ്ണിനെ ഭാഗിനേയനായ മരുമകൻ വിവാഹം ചെയ്യുന്നു. മകളെ വിവാഹം ചെയ്യുന്ന ആൾ അങ്ങനെ മരുമകനും മണവാ

ളനും ഭർത്താവും മാപ്പിളയുമായിത്തീരുന്നു. അയാൾ സ്വീകൃതപുത്രനും ശ്രേഷ്ഠപുത്രനുമായി കൈക്കൊള്ളപ്പെടുന്നു. കേരളത്തിലെ ഇതരവർഗക്കാർ ചേരമാൻപെരുമാളുടെ മക്കളും നസ്രാണികളും യഹൂദന്മാരും മഹാപിള്ളകളും ശ്രേഷ്ഠപുത്രന്മാരും ആയി എന്ന തീരുമാനത്തിൽ വർഗീസ് ലേഖനം അവസാനിപ്പിക്കുന്നു.

3. കത്തനാരോ കർദ്ദിനാളോ ?

ക്രൈസ്തവ സമുദായത്തിലെ പുരോഹിതന്മാരെ സൂചിപ്പിക്കുന്ന കത്തനാർശബ്ദത്തിന്റെ ഉത്ഭവപരിണാമചരിത്രത്തിലേക്ക് കടന്നു ചെല്ലുകയായിരുന്നു ഈ ലേഖനത്തിന്റെ ലക്ഷ്യം.

വൈദികന്മാരെ ഉദ്ദേശിച്ച് പ്രയോഗിക്കുന്ന പട്ടക്കാരൻ, കത്തനാർ, അച്ചൻ എന്നീ പദങ്ങളാണ് വിശകലനം ചെയ്യപ്പെടുന്നത്. മലയാളബ്രാഹ്മണർ പിതാവിനെ അച്ഛനെന്നും പിതൃസഹോദരനെ അപ്പനെന്നും നിർദ്ദേശിക്കാറുള്ള സ്ഥിതിക്ക് നസ്രാണികൾ ഉപയോഗിച്ചുപോരുന്ന അപ്പൻ ശബ്ദം പിതൃസ്ഥാനവാചിയായി തന്നെ പരിണമിച്ചു എന്നാണ് വറുഗീസിന്റെ മതം. ക്രിസ്തീയസഭകൾ ക്രൈസ്തവ വൈദികന്മാരെ ഏറ്റവും വ്യാപകമായ അർത്ഥത്തിൽ പിതാവ് എന്നു സംബോധന ചെയ്യുന്നു. ഒന്നാം നൂറ്റാണ്ടിൽ പ്രചാരത്തിലിരുന്ന വിധം, പരിവർത്തനബ്രാഹ്മണർ പിതാവ് എന്ന വ്യാപകമായ അർത്ഥത്തിൽ അച്ഛൻ ശബ്ദത്തെ സ്ഥാനാദിദാനമാക്കി സ്വീകരിച്ചു. ഉദാ. മെത്രാച്ചൻ, കത്തനാരച്ചൻ, ശെമ്മാച്ചൻ, റമ്പാച്ചൻ. പുരാതന മലയാളബ്രാഹ്മണരും മലങ്കരനസ്രാണികളും തമ്മിലുള്ള ഏകോദര്യത്തിന്റെ സാക്ഷ്യം കൂടിയാണ് അപ്പൻ, അച്ഛൻ എന്നീ ശബ്ദങ്ങൾ. ശൂദ്രന്മാരുടെ പുരോഹിതവർഗമായ ഇളയതുമാരിൽ നിന്ന് കശ്ശീശന്മാരെ തെരഞ്ഞെടുത്തതായി മാർത്തോമ്മാചരിത്രത്തിൽ കാണുന്നു. അവരെ അച്ഛൻ, ഇളയച്ഛൻ, വലിയച്ഛൻ എന്നു സംബുദ്ധി ചെയ്തിരുന്നു. ഈ പതിവിൻ പ്രകാരം കശ്ശീശാസ്ഥാനികളായ കത്തനാരന്മാരെ സ്ഥാനസംജ്ഞകളോട് ഘടിപ്പിക്കാതെ അച്ഛൻ എന്നു വിളിച്ചു തുടങ്ങി.

അടുത്ത പദം പട്ടക്കാരൻ. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരുടെ എഴുന്നെള്ളത്തു സന്ദർഭത്തിൽ അധികാരവടി പിടിച്ച് അവരുടെ മുമ്പിൽ നടക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടക്കാർ എന്നാണ് പറയുന്നത്. വൈദികമേലദ്ധ്യക്ഷന്മാരുടെ മുമ്പിൽ അധികാരദണ്ഡു വഹിച്ചു നടക്കുന്നതിനു വേണ്ട യോഗ്യത കത്തനാരന്മാർക്കുള്ളതിനാൽ പട്ടക്കാരൻ എന്ന നാമധേയം അവർക്കു സിദ്ധിച്ചു.

കത്തനാർ ശബ്ദത്തിന്റെ ചരിത്രമാണ് ഇനി പറയുന്നത്. പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനു മുമ്പ് വീരരാഘവചക്രവർത്തി നസ്രാണിനായകനായ ഇരവികോർത്തനു കൊടുത്ത ചെപ്പേടിലും സ്ഥാണുരവിഗുപ്തപ്പെരുമാൾ തരിസാപ്പള്ളിക്കു കൊടുത്ത ചെപ്പേടിലും കർത്തൻ ശബ്ദം ഉപയോഗിച്ചു കാണുന്നുണ്ട്. കർത്തൻ ശബ്ദത്തിന തമിഴ്ഭാഷയിലും ബൈബിൾ കാലത്തും നായകൻ, അധികാരി, നാടുവാഴി, ശക്തൻ എന്നിങ്ങനെ അർത്ഥങ്ങൾ ഉണ്ട്. നസ്രാണിവൈദികൻതാന്താങ്ങളുടെ ഇടവകയിൽപ്പെട്ട ജനങ്ങളുടെ നായകന്മാരും വൈദികാധികാരികളുമായതിനാൽ നായകൻ, ഭരിക്കുന്നവൻ എന്നീ അർത്ഥത്തിൽ കത്തനാർ ശബ്ദം അവർക്ക സർവ്വ പ്രകാരേണ അനുയോജ്യമായിത്തീർന്നു. അങ്ങനെ നസ്രാണിപട്ടക്കാർക്ക് കത്തനാർ എന്ന സംജ്ഞ വന്നു ചേർന്നു.

അർത്ഥപരിജ്ഞാനമില്ലാതെ നിരന്തരം ഉപയോഗിച്ചു വരുന്ന പദങ്ങളെപ്പറ്റി രചിച്ച ഗവേഷണാത്മകങ്ങളായ ഉപന്യാസങ്ങൾ വിജ്ഞാനദായകങ്ങളുമായിരുന്നു.

5.2 ലേഖനങ്ങൾ

ഉപന്യാസരചനയിൽ നിന്ന് കെ. എം. വറുഗീസ് വിവിധ വിഷയങ്ങളെ ആധാരമാക്കിയുള്ള ഗൗരവതരമായ ലേഖനങ്ങളിലേക്കു കടന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളെ നാലു വിഭാഗത്തിൽപ്പെടുത്താം

1. സാഹിത്യ ലേഖനങ്ങൾ
2. ചിത്രരചനയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ

3. രാജ്യചരിത്രപരമായ ലേഖനങ്ങൾ

4. സാമുദായിക ലേഖനങ്ങൾ

5.2.1 സാഹിത്യലേഖനങ്ങൾ

കേരളവർമ്മ വലിയകോയിത്തമ്പുരാനും ഏ. ആർ. രാജരാജവർമ്മയും മറ്റും സാഹിത്യസാർവ്വഭൗമന്മാരായി അംഗീകരിക്കപ്പെട്ടു പോന്നിരുന്ന കാലഘട്ടത്തിൽ അതിൽനിന്നു വേറിട്ടു നിൽക്കുന്ന അഭിപ്രായം പ്രകടിപ്പിക്കുവാൻ കെ. എം. വറു ഗീസ് ധൈര്യപ്പെട്ടു. ആധുനികമലയാളഗദ്യത്തിന്റെ ജനയിതാവ് കേരളവർമ്മ വലിയ കോയിത്തമ്പുരാനാണെന്ന അംഗീകൃതയാഥാർത്ഥ്യത്തെ തിരുത്തിക്കുറിച്ചു കൊണ്ട് ജോർജ്ജ്മാത്തനെ ആദ്യകാലമലയാളഗദ്യകൃതികളുടെ നിർമ്മാതാവ് എന്ന നില യിൽ അദ്ദേഹം പരിചയപ്പെടുത്തി.

1. ആധുനിക മലയാളഗദ്യത്തിന്റെ ആദ്യമാതൃകകൾ

മണിപ്രവാളകവിതയെ പുരസ്ക്കരിച്ച് സംസ്കൃതഭാഷയിൽ രചിക്കപ്പെട്ട ലീലാതിലകവ്യാകരണത്തിനു പിമ്പായും, ഡോക്ടർ ഗുണ്ടർട്ടിന്റെ പ്രസിദ്ധമായ മല യാളഭാഷാവ്യാകരണത്തിന മുമ്പായും, മലയാളഭാഷയ്ക്ക്, മലയാളഭാഷയിൽ ഒരു മലയാളിയാൽത്തന്നെ രചിക്കപ്പെട്ട ഒന്നാമത്തെ മലയാളവ്യാകരണം റവ. ജോർജ്ജ് മാത്തൻ, ക്രിസ്ത്വാബ്ദം 1852ൽ (കൊല്ലം 1027) രചിച്ച 'മലയാഴ്മയുടെ വ്യാകരണ'മാ ണെന്നുള്ള വസ്തുത. അദ്ദേഹത്തിന്റെ കൃതികളുടെ സമഗ്രപഠനത്തിലൂടെ സമർത്ഥി ക്കുവാൻ ഈ ലേഖനത്തിൽ കെ. എം. വറുഗീസിന കഴിഞ്ഞു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ മലയാളഭാഷയിൽ ആദ്യ മായിട്ടൊരു മലയാളവ്യാകരണവും ഒരു സന്മാർഗ്ഗിക ഗദ്യഗ്രന്ഥവും ഒരു ന്യായതത്വ ശാസ്ത്രവും താർക്കികരീതിയിൽ എഴുതിയിട്ടുള്ള ഒരു വേദാന്ത തത്ത്വവ്യവഹാരവും അനേകം വിശിഷ്ടോപന്യാസങ്ങളും എഴുതിയ ഗദ്യകാരനാണ് ജോർജ്ജ്മാത്തൻ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ 1020 – ൽ ഭൂജാതനായി. 1027 – ലാണ് മല

യാഴ്മയുടെ വ്യാകരണം നിർമ്മിക്കപ്പെട്ടത്. കേരളപാണിനീയത്തിന 43 കൊല്ലം മുമ്പ് ഈ വ്യാകരണഗ്രന്ഥം തയ്യാറാക്കി. കേരളവർമ്മവലിയകോയിത്തമ്പുരാന്റെ ബാല്യ കാലത്തു തന്നെ ജോർജ്ജ് മാത്തൻ ഗദ്യരചന നടത്തിയിരുന്നു. ഈ ദീർഘമായ ലേഖനത്തിൽ ജോർജ്ജ് മാത്തന്റെ ഉപന്യാസങ്ങളുടെ വിശകലനത്തിലൂടെ ഗദ്യഭാഷ യുടെ ആദ്യമാതൃകകളെ കെ. എം. വറുഗീസ് അനുവാചകർക്ക് പരിചയപ്പെടുത്തി. ഭാഷാപോഷണാർത്ഥം സ്വീകരിച്ചിരുന്നതായ പദ്ധതികളെ അടിസ്ഥാനമാക്കി കേരള വർമ്മ വലിയകോയിത്തമ്പുരാനെയും ജോർജ്ജ്മാത്തനെയും താരതമ്യപ്പെടുത്തി ക്കൊണ്ട് തന്റെ അഭിപ്രായം അദ്ദേഹം അവതരിപ്പിച്ചു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കേരളഗദ്യ സാഹിത്യപോഷണത്തിനായി പുറപ്പെടും മുമ്പ് മലയാളഗദ്യത്തിന ആദ്യമാതൃകാ സ്ഥാനം വഹിക്കുന്ന ഒരു പുതിയ ഗദ്യരീതി ഗീവർഗീസ് കത്തനാർ അവർകളുടെ പേനാത്തുമ്പിൽ നിന്നാണ് പ്രവഹിച്ചിട്ടുള്ളതെന്ന വാസ്തവം ഇന്നത്തെ മലയാളിക ളുടെ സ്മരണയിൽ ചേർക്കുക എന്നതാണ് ലേഖകന്റെ ലക്ഷ്യം.

2. കേരളകാളിദാസനോ ഗദ്യജനയിതാവ്?

മലയാളമനോരമയിൽ കേരളകാളിദാസനും കേരളവ്യാസനും എന്ന തലക്കെ ട്ടിൽ വി. ഡി. ശങ്കരയ്യർ എഴുതിയ ലേഖനത്തിന ഒരു കുറിപ്പായി ഈ ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തി.

പദ്യസാഹിത്യത്തിന്റെ ജനയിതാവ് എഴുത്തച്ഛനായിരിക്കുന്നതുപോലെ ഗദ്യ സാഹിത്യത്തിന്റെ ജനയിതാവ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടാണെന്നും സന്മാർഗ്ഗപ്രദീപം, വിജ്ഞാനമഞ്ജരി, അക്ബർ മുതലായവയാണ് ഗദ്യസാഹിത്യചരിത്രത്തിലെ ആദികാവ്യങ്ങളെന്നും ഇവയെ തുടർന്നാണ് ഉപന്യാസ ങ്ങൾ, വിമർശകസാഹിത്യം, ആഖ്യായികാ നിർമ്മാണം എന്നിവ മലയാളത്തിലുണ്ടാ

യിട്ടുള്ളതെന്നും മി. ശങ്കരയ്യർ പ്രസ്താവിച്ചു. ഈ മൂന്നു വാദശൃംഗങ്ങളെ പര്യാലോചനാവിഷയങ്ങളാക്കുകയാണ് ലേഖനത്തിന്റെ ലക്ഷ്യം.

കേരളവർമ്മ ഗദ്യസാഹിത്യത്തിന്റെ ജനയിതാവല്ല, പ്രാരംഭദശാപരിപോഷകൻ ആണെന്ന് കെ. എം. വറുഗീസ് അഭിപ്രായപ്പെട്ടു. 1020 -ാമാണ്ടിനു മുമ്പുതന്നെ ആധുനിക മലയാളഗദ്യത്തിന്റെ ആദ്യമാതൃകാപ്രദർശകനായ വൈയാകരണൻ ഗീവർഗ്ഗീസ് കത്തനാരുടെ പ്രസിദ്ധകൃതികളെല്ലാം പുറത്തുവന്നിരുന്നു. ഇതിനുശേഷമാണ് കേരളവർമ്മയുടെ കൃതികളുടെ ജനനം. അദ്ദേഹം മലയാളഗ്രന്ഥരചനയ്ക്കായി ഉദ്യമിക്കുന്നതിന വളരെ മുമ്പ് ഭാഷാസന്മാർഗശാസ്ത്രം, ധർമ്മശാസ്ത്രം, വേദാന്തം, ബോധനസാഹിത്യം, സമുദായശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, വിമർശനസാഹിത്യം, രാഷ്ട്രീയസാഹിത്യം, ചരിത്രം എന്നിവയെ സംബന്ധിച്ച് ചിന്തിക്കുന്നതിനും വിമർശിക്കുന്നതിനും ഉപന്യാസങ്ങൾ എഴുതുന്നതിനും ഉത്തമരീതിയിൽ ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിനും ജോർജ്ജ് മാത്തന കഴിഞ്ഞിരുന്നു. ഈ വസ്തുതകളെ സ്വന്തം യുക്തിയും സ്വന്തം നിരീക്ഷണവും സ്വാഭിപ്രായവും, ചരിത്രസാദ്ധ്യതയും കൊണ്ട് ബലപ്പെടുത്തി അവതരിപ്പിക്കുവാൻ കെ. എം. വറുഗീസിനു കഴിഞ്ഞു.

5.2.2. ചിത്രരചനയുമായി ബന്ധപ്പെട്ട രചനകൾ

ചിത്രമെഴുത്തു കെ. എം. വറുഗീസ് എന്ന ബഹുമതി നേടിയത് ചിത്രരചനാപാടവത്തിലൂടെയാണ്. ചിത്രകലയുടെ സാങ്കേതികത്വങ്ങളെക്കുറിച്ച് അഗാധമായ അവഗാഹം അദ്ദേഹം നേടിയിരുന്നു. ചിത്രമെഴുത്തു മുകുന്ദൻ തമ്പിയുടെ ശിഷ്യനായിരുന്ന വറുഗീസ് ചിത്രരചനയുടെ പ്രാധാന്യം, സാങ്കേതിക വസ്തുതകൾ എന്നിവയെപ്പറ്റി ചില ലേഖനങ്ങൾ രചിച്ചു.

1. ആഖ്യായികകളിൽ ചിത്രങ്ങൾ എന്തിനു ചേർക്കപ്പെടുന്നു?

സാഹിത്യവും ചിത്രമെഴുത്തും തമ്മിലുള്ള വ്യതിരിക്തത ഈ ലേഖനം വ്യക്തമാക്കുന്നു. സാഹിത്യത്തിന്റെ പരിമിതികളും ചിത്രരചനയുടെ സാധ്യതകളും ലേഖനത്തിൽ വിശദമാക്കി.

ദമയന്തീസ്വയംവരഘട്ടത്തെ ആധാരമാക്കി ചിത്രരചനയുടെയും സാഹിത്യത്തിന്റെയും സാധ്യതകളെ ലേഖകൻ പരാമർശിച്ചു. പദാർത്ഥങ്ങളുടെ സ്വരൂപം നമ്മുടെ ഹൃദയത്തിൽ ഏകദേശമായിട്ട് പതിയുന്നതിന സാഹിത്യം നമ്മുടെ ഹൃദയത്തെ സജ്ജീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ സാഹിത്യം ഭാവനാശക്തിയെ സഹായിക്കുമെന്നല്ലാതെ തദനുസരണമായി കഥാപാത്രങ്ങളെ അവതരിപ്പിക്കുവാനോ അവരുടെ പലേ തരത്തിലുള്ള ഛായകളേയും സ്തോഭങ്ങളേയും അവതരിപ്പിക്കുവാനോ ഭാവനാസ്പൃഷ്ടമായ ചിത്രം തന്നെയാണാശ്രയം എന്ന് അദ്ദേഹം സമർത്ഥിക്കുന്നു. നിരവധി ഉദാഹരണങ്ങളിലൂടെ ഈ അഭിപ്രായം വിശദമാക്കുന്ന കെ. എം. വറുഗീസ് ആഖ്യായികകളിൽ ചിത്രങ്ങൾ ചേർക്കപ്പെടേണ്ടതിന്റെ സാംഗത്യം ഉറപ്പിച്ചു.

> ചിത്രകാരന ഒരു മൂലപദാർത്ഥത്തിന്റെ സ്വരൂപം കാണിപ്പാൻ അതിന്റെ ഒരു ഛായ മാത്രം തീർത്താൽ മതിയാവുന്നതാണ്. കവിയ്ക്കാകട്ടെ മൂലപദാർത്ഥത്തെ കാണിപ്പാൻ അതിനെത്തന്നെ വർണ്ണിക്കുന്നതിനും പുറമെ തുല്യതയുള്ള ഒരു പദാർത്ഥത്തിന്റെ സഹായവും അത്യന്താപേക്ഷിതമായിരിക്കുന്നു.[9]

ചിത്രകാരന കല്പനാവൈഭവത്തെക്കാൾ പ്രയോഗസാമർത്ഥ്യമാണ് കൂടുതൽ വേണ്ടതെന്നും കവിക്കു പ്രയോഗവൈചിത്ര്യത്തെക്കാൾ കല്പനാനൂതനത്വമാണ് ആവശ്യമെന്നും എം. പി. പോൾ സമർത്ഥിച്ചു.

2 ചിത്രമെഴുത്തിൽ ആര്യന്മാർക്കുണ്ടായിരുന്ന ആശയവിശേഷങ്ങൾ

നസ്രാണിദീപികയിൽ ആറുലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ഈ ലേഖനം ഭാരതീയ ചിത്രകലയുടെ പാരമ്പര്യത്തെയും കാവ്യങ്ങളിൽ ചിത്രകലയ്ക്കുള്ള സ്ഥാനത്തെയും കുറിച്ച് വിവരണം നൽകി. [10]

ഒന്നാം ലക്കത്തിൽ പാശ്ചാത്യപൗരസ്ത്യചിത്രകലാപരിരക്ഷണത്തെ താരതമ്യപ്പെടുത്തുകയാണ്. പൗരസ്ത്യപ്രാചീനാചാര്യന്മാർക്ക് ചിത്രമെഴുത്തിൽ അത്ഭുതാവഹമായ പാടവം ഉണ്ടായിരുന്നു. ഭാരതഖണ്ഡത്തിലെ ഋഷിമാർ ശില്പികലയുടെ സർവ്വതത്വങ്ങളെയും വിശദീകരിക്കുന്ന ശില്പിശാസ്ത്രങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. മുപ്പത്തിരണ്ടോ അതിലധികമോ ശില്പിശാസ്ത്രഗ്രന്ഥങ്ങൾ ഭാരതഖണ്ഡത്തിൽ ഉണ്ടായിട്ടുണ്ട്. സർവ്വകലാവല്ലഭന്മാരായ അക്കാലത്തെ മഹാരാജാക്കന്മാർ അനേകം ചിത്രരംഗങ്ങൾ നിശ്ചയിച്ച് ചിത്രകലയെ പുഷ്ടിപ്പെടുത്തുകയും അതിലേക്ക് വിവിധ വിഷയങ്ങളെ രസകരമാംവണ്ണം കൂട്ടിച്ചേർത്ത് ചിത്രത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. പ്രാചീനാചാര്യന്മാർക്ക് ചിത്രമെഴുത്തിൽ അസാമാന്യപാണ്ഡിത്യവും ആശയവിശേഷവും പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിലും ആര്യന്മാരുടെ ചിത്രകല വേണ്ടവിധം പരിരക്ഷിക്കപ്പെട്ടില്ല. ഇറ്റലിയിലെ മൈക്കലാഞ്ജലോ, റാഫേൽ എന്നിവർ രചിച്ച മതസംബന്ധമായ ചിത്രങ്ങൾ ഭക്തിപൂർവ്വം സൂക്ഷിക്കുന്നതിന് കത്തോലിക്കാപാരമ്പര്യം പ്രേരണ നൽകി. 16-ാം നൂറ്റാണ്ടിൽ ശില്പവിദ്യകളുടെ നേരെയുണ്ടായ ആക്രമണം നിമിത്തം അനേകം പ്രതിമകളും ചിത്രങ്ങളും അംഗഭംഗം ചെയ്യപ്പെട്ടു. എങ്കിലും പ്രൊട്ടസ്റ്റന്റുകാരും കാലക്രമത്തിൽ ചിത്രങ്ങളെയും പ്രതിമകളെയും മാനിച്ചു തുടങ്ങി. ഹിന്ദുമതത്തിലുത്ഭവിച്ച ജാതിവ്യത്യാസവും സ്പർദ്ധാലുക്കളായ അക്കാലത്തെ രാജാക്കന്മാർ തുടർച്ചയായി നടത്തി വന്ന കഠോരയുദ്ധങ്ങളും ആര്യന്മാരുടെ ചിത്രകലയ്ക്ക് അധോഗതി ഭവിപ്പിച്ചു. ഭാരതീയശില്പത്തിനു സംഭവിച്ച അധഃപതനം വിദേശീയ ശില്പികലയ്ക്ക് ആധുനികകാലത്തുള്ള

പ്രസക്തിക്കു കാരണമായിത്തീർന്നു എന്നാണ് വറുഗീസിന്റെ മതം. ഇന്ത്യയിൽ ചിത്രമെഴുത്തിനു യശസ്സുയർത്തിയ ചിത്രമെഴുത്തു കോയിത്തമ്പുരാനെപ്പറ്റി ലേഖകൻ പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

ചിത്രമെഴുത്തിന്റെ സാങ്കേതികതകളാണ് രണ്ടാം ലക്കത്തിന്റെ പ്രതിപാദ്യം. ചിത്രമെഴുത്ത് എന്ന വാക്കിന പ്രകൃതിയുടെ പ്രതിച്ഛായയെന്നോ പ്രതിബിംബമെന്നോ അർത്ഥകല്പന നടത്തുന്നു. പരിതഃസ്ഥിതികളെപ്പറ്റി തലച്ചോറിൽ അടങ്ങിയിരിക്കുന്ന ജ്ഞാനവും കൈയും തമ്മിലുള്ള സംബന്ധത്തിൽ നിന്നാണ് ചിത്രമെഴുത്തു വെളിയിലേക്ക് പ്രകാശിക്കുന്നത്. പ്രകൃതിയെപ്പറ്റിയുള്ള സൂക്ഷ്മ നിരീക്ഷണത്തിൽ നിന്നു ലഭിക്കുന്ന മനഃശക്തി ചിത്രമെഴുത്തിനെ പ്രകൃത്യനുസരണമായ വിധത്തിലാക്കുന്നു. ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ ഉപദേശം അദ്ദേഹം ഉദ്ധരിക്കുന്നു.

> നിന്റെ കണ്ണുകൾ ഒരു ഛായാഗ്രാഹിയന്ത്രത്തിന്റെ മുൻഭാഗത്തു പതിച്ചിട്ടുള്ള കണ്ണാടിയും നിന്റെ മനസ്സ് ഒരു ഛായാഗ്രാഹകഫലകവും ആയിരിക്കണം. അങ്ങനെവരുമ്പോൾ നിന്റെ മനോദർപ്പണത്തിൽ അനേകം മുഖങ്ങൾ അന്യ സഹായം കൂടാതെ പ്രതിബിംബിക്കുന്നതായിരിക്കും. [11]

ചിത്രമെഴുത്തുകാരൻ പരിണാമരേഖകളെക്കൊണ്ടും കവി വാക്കുകളെക്കൊണ്ടും ചിത്രമെഴുതുന്നു. തന്മൂലം ചിത്രമെഴുത്ത് മൗനമായ കവിതയും കവിത അപ്രത്യക്ഷമായ ചിത്രവുമാണെന്ന് അദ്ദേഹം കണ്ടെത്തുന്നു. ചിത്രം ചിത്രകാരന്റെ ഹൃദ്വികാരങ്ങളെ പ്രതിഫലിപ്പിക്കണം. അയാളുടെ ആശയങ്ങളെ വെളിപ്പെടുത്തുവാൻ കഴിയണം. സാധാരണ ഹൃദ്വികാരങ്ങളെ സ്ഫുരിപ്പിക്കുന്നതിൽ പ്രധാനഭാഗം വഹിക്കുന്നത് മുഖമാണ്. കണ്ണും മൂക്കും വായും ശൃംഗാരവീരരസാശ്രയങ്ങൾ തന്നെ. രസങ്ങളെ അവതരിപ്പിക്കുന്നതിൽ ചിത്രകാരൻ സൂക്ഷ്മൈകദൃക്കായിരിക്കണം. ഈ

തത്വങ്ങൾ താൻ വരയ്ക്കുന്ന ചിത്രങ്ങളിൽ പ്രാവർത്തികമാക്കാൻ കെ. എം. വറുഗീസിനു കഴിഞ്ഞു.

മൂന്നാം ലക്കം ഹൃദ്വികാരങ്ങളെ പ്രദർശിപ്പിക്കുന്നതിൽ ഒരു ചിത്രമെഴുത്തുകാരൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റിയാണ്. ഈ വിഷയത്തിൽ എഴുത്തുകാരനുള്ള ആശയവിശേഷമാണ് ചിത്രമെഴുത്തിന്റെ ജീവൻ എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു.

രസങ്ങൾക്ക് ആധാരമായിരിക്കുന്ന സ്ഥായീഭാവങ്ങൾ അവയെ ഉദ്ദീപിപ്പിക്കുന്നതിനായി ചെയ്യപ്പെടേണ്ട അംഗവിക്ഷേപം, രസാധാരങ്ങളായ ബാഹ്യചേഷ്ടകളെ നിയന്ത്രിക്കുന്നതിൽ വസ്തുരചനാഗുണത്തിനുള്ള മാഹാത്മ്യം മുതലായി പലേ തത്വങ്ങളേയും ഈ അവസരത്തിൽ ചിത്രകാരൻ സ്മരിക്കേണ്ടവയായിരിക്കും. ഇപ്രകാരമുള്ള സ്മരണയാണ് ആശയ വിശേഷങ്ങളായി പ്രശോഭിക്കേണ്ടത്.

ആര്യന്മാരുടെ ചിത്രമെഴുത്തിൽ കെ. എം.വറുഗീസ് ദർശിച്ച പ്രത്യേകത ഇതു തന്നെയാണ്. പ്രാചീനാര്യന്മാരാൽ വിരചിതമായ ചിത്രങ്ങൾ കാലഹരണപ്പെട്ടുപോയി. എങ്കിലും കാളിദാസന്റെയും മറ്റും കാവ്യങ്ങളിൽ അക്കാലത്തെ ചിത്രമെഴുത്തിന്റെ പ്രത്യേകത വ്യക്തമാക്കുന്നുണ്ട് എന്ന് ഉദാഹരണസഹിതം ലേഖകൻ പ്രതിപാദിക്കുന്നു.

നാലാംഭാഗം മുമ്പുപറഞ്ഞ തത്വങ്ങളുടെ വിശദീകരണമാണ്. കാളിദാസകാവ്യത്തിലെ ശകുന്തള, ഭവഭൂതിയുടെ കാവ്യത്തിൽ രാമലക്ഷ്മണന്മാർക്ക് പൂർവ്വസ്മരണ ഉയർത്തുന്നതായി കാണുന്ന സ്രവണ പർവ്വതത്തിന്റെ ചിത്രം എന്നിങ്ങനെ പരിതഃസ്ഥിതികളെകൂടി കുറിക്കുന്ന പൗരസ്ത്യാചാര്യന്മാരുടെ ചിത്രങ്ങളെ പ്രാധാന്യം നൽകി കെ. എം. വറുഗീസ് പ്രതിഷ്ഠിക്കുന്നു. പ്രകൃതിയുടെ ചിത്രം എഴുതുന്നതിൽ പാശ്ചാത്യർ മത്സരിക്കുമ്പോൾ ഈ പരിഷ്കൃതാശയം വളരെ മുമ്പ് തന്നെ ആര്യന്മാരായ ചിത്രമെഴുത്തുകാരിൽ ഉണ്ടായിരുന്നുവെന്ന് കെ. എം. വറു

ഗീസ് വാദിക്കുന്നു. കാളിദാസന്റെയും ഭവഭൂതിയുടെയും കാലത്ത് പ്രകൃതിയുടെ ചിത്രങ്ങളിൽ മറ്റു സംഭവങ്ങളെ കൂടി സൂചിപ്പിച്ചു ചിത്രങ്ങൾ എഴുതപ്പെട്ടിരുന്നു എന്നും കഥാപാത്രങ്ങളുടെ ചിത്രമെഴുതുമ്പോൾ ഹൃദ്വികാരങ്ങളേയും ശാരീരികാവ സ്ഥകളെയും ദ്യോതിപ്പിക്കുന്നതിൽ ആര്യ വംശജരായ ചിത്രമെഴുത്തുകാരുടെ തൂലിക വിജയിച്ചിരുന്നു എന്നും കഥാപാത്രങ്ങളുടെ അവസ്ഥ പരിതഃസ്ഥിതികളിലും പ്രതിഫലിച്ചിരുന്നു എന്നും ചിത്രമെഴുത്തിൽ പരിതഃസ്ഥിതികളെക്കൂടി കാണിക്കുന്ന സമ്പ്രദായം പാശ്ചാത്യർക്ക് മുമ്പേ തന്നെ പൗരസ്ത്യാചാര്യന്മാർ അനുവർത്തിച്ചിരു ന്നു എന്നുമുള്ള സംഗതികൾ അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തുന്നു.

അഞ്ചാം ലക്കം നിറങ്ങളെപ്പറ്റിയുള്ള ചർച്ചയാണ്. പാശ്ചാത്യരാജ്യങ്ങളിൽ വിവിധ വർണ്ണങ്ങളുടെ പ്രയോഗം പ്രചരിക്കുന്നതിനു മുമ്പേ തന്നെ ഭാരതം ഈ സവിശേഷത സ്വായത്തമാക്കിയിരുന്നു എന്നതിന ബഹുവർണ്ണവസ്ത്രങ്ങളുടെ ഉപ യോഗം സാക്ഷ്യം വഹിക്കുന്നു. പർവ്വതം, തളിര് ആദിയായവ ചിത്രങ്ങളിലെഴുതു വാൻ വ്യത്യസ്ത ചായങ്ങൾ കൂടിയേ തീരൂ. ചെമ്പ്, ഗന്ധകം, ഈയം, മനയോല, ചായില്യം, നാകം, ഇരുമ്പ് മുതലായവ സ്ഫുടമാക്കുന്നതിനും രോഗികളിൽ പ്രയോ ഗിക്കുന്നതിനും വേണ്ട ശാസ്ത്രങ്ങളെ നിർമ്മിക്കുന്നതിന പ്രാചീന ഹിന്ദുക്കൾക്ക് കഴിവുണ്ടായിരുന്ന സ്ഥിതിയ്ക്ക് ചായങ്ങളും ചിത്രമെഴുത്തിനുള്ള മറ്റ് സാമഗ്രികളും അവർക്കുണ്ടായിരുന്നതായി ഊഹിക്കുന്നതിൽ യാതൊരു അസാംഗത്യവും ഇല്ല എന്നാണ് കെ. എം. വറുഗീസിന്റെ അഭിപ്രായം. പാശ്ചാത്യ ചരിത്രകാരന്മാർ ഇന്ത്യ യിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ മധുരക്കാരായ ചിത്രകാരന്മാർ വിവിധ നിറ ത്തിലുള്ള ചായങ്ങൾ ഉപയോഗിച്ചിരുന്നു എന്ന് ലക്ഷ്യസഹിതം ലേഖകൻ ഉറപ്പിക്കു ന്നു. പുരാതനകാലം മുതലേ ചരിത്രവിഷയങ്ങൾ ചിത്രരൂപേണ എഴുതുന്ന പതിവു ണ്ടായിരുന്നു. രാജധാനികളിൽ മനോഹരചിത്രങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. പാശ്ചാത്യ ന്മാർ ചിത്രമെഴുത്തിൽ പ്രവേശിക്കുന്നതിനു വളരെ മുമ്പുതന്നെ നമ്മുടെ ഭാരതം

ണ്ഡത്തിൽ ചിത്രമെഴുത്തു പരിഷ്കൃതരീതിയിൽ നടത്തപ്പെട്ടിരുന്നുവെന്നും നവീനാശയങ്ങളെ സ്ഫുരിപ്പിക്കുന്ന ചിത്രങ്ങൾ ആ കാലത്ത് ആര്യന്മാരാൽ ധാരാളമായി എഴുതപ്പെട്ടിരുന്നുവെന്നും ചിത്രങ്ങൾ എഴുതുന്നതിന രാജാക്കന്മാർ തന്നെ ഓരോ ചിത്രരംഗങ്ങൾ നിശ്ചയിച്ചിരുന്നു എന്നും ഉള്ള അനുമാനത്തിൽ കെ. എം. വറുഗീസ് എത്തുന്നു.

ആറാം ലക്കം ചിത്രമെഴുത്തിന്റെ ഭൂതവർത്തമാനഭാവികാല ചർച്ചയാണ്. കവികളുടെ ആശയവിശേഷങ്ങൾ അറിഞ്ഞു രസിക്കുവാൻ പ്രാചീനർക്ക് കഴിഞ്ഞെങ്കിൽ അവ പ്രയോഗിച്ച് രസിപ്പിക്കുന്നതിന ചിത്രമെഴുത്തുകാർക്കും കഴിഞ്ഞിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ ഊഹം. ചിത്രമെഴുത്തും കവിതയും പ്രകൃതിയെ അനുഭവൈകവേദ്യമാക്കിയിരിക്കുന്നു. കാളിദാസന്റെയും, ഭവഭൂതിയുടെയും കാവ്യങ്ങളിൽ ചിത്രങ്ങളെപ്പറ്റിയുള്ള വർണ്ണനകളും ആസ്വാദനങ്ങളും ഉണ്ട്. ഋഗ്വേദസൂക്തങ്ങളിൽ ചിത്രരചനയെപ്പറ്റിപ്പറയുന്നുണ്ട്.

കലിവർഷം 210 മുതൽ ഹിന്ദുക്കൾക്ക് ശില്പിശാസ്ത്രത്തിൽ ജ്ഞാനം വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കപ്പെടുന്നു. വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം തുടങ്ങിയ മിക്കവാറും എല്ലാ ശാസ്ത്രശാഖകളിലും ഭാരതീയർക്ക് തനിമ പ്രകടമാക്കുവാൻ കഴിഞ്ഞിരുന്നു. റോമാക്കാരുടെ പ്രസിദ്ധ ചിത്രങ്ങളെല്ലാം 12, 13, 14 നൂറ്റാണ്ടുകളുടെ ഇടയിൽ ആണ് എഴുതപ്പെട്ടിട്ടുള്ളത്. ഈ പ്രാചീന ചിത്രരചനാപാരമ്പര്യം ചിത്രമെഴുത്തുകോയിത്തമ്പുരാൻ, ആർട്ടിസ്റ്റ് രവിവർമ്മരാജാ, മുകുന്ദൻ തമ്പി, ശിവരാമപിള്ള, പത്മനാഭൻ തമ്പി എന്നിവരിലൂടെ തുടർന്നു പോരുന്നതായി ലേഖകൻ പ്രതീക്ഷ പ്രകടിപ്പിക്കുന്നുണ്ട്.

3.3 ഛായാകർഷണവിദ്യ

ഫോട്ടോഗ്രഫി അഥവാ ഛായാകർഷണ വിദ്യ പ്രചരിച്ചു തുടങ്ങിയിരുന്ന കാലങ്ങളിൽ പല അബദ്ധധാരണകളും സാധാരണക്കാരെ അതിൽനിന്നകറ്റി

നിർത്തിയിരുന്നു. ഫോട്ടോ നോക്കി ചിത്രമെഴുതുവാൻ കഴിവുണ്ടായിരുന്ന കെ. എം. വറുഗീസ് ഛായാകർഷണ വിദ്യയെപ്പറ്റി ഒരു ലേഖനം രചിച്ചു.

ഛായാഗ്രാഹകയന്ത്രത്തിന്റെ ജാതിയെയും സ്ഥിതിയെയും പറ്റിയുള്ള വിവരണമാണ് ഒന്നാംലക്കം. വിവിധ തരം ഛായാഗ്രാഹകയന്ത്രങ്ങൾ, ഛായാപ്രദർശക കണ്ണാടി, പുറങ്കണ്ണാടി, ഛായാഗ്രാഹകഫലകം എന്നിവ ചേർന്ന യന്ത്രത്തിന്റെ ശാസ്ത്രീയമായ അവതരണമാണ് ഇതിൽ പ്രധാനം.

ഛായാപ്രദർശകകണ്ണാടി, മുമ്പിൽ കാണുന്ന വസ്തുക്കളുടെ പ്രതിഛായയെ പുറങ്കണ്ണാടിയിൽ പ്രതിബിംബിപ്പിക്കുമ്പോൾ അതിനെ ഛായാഫലകം ആകർഷിക്കുന്ന വിധത്തെക്കുറിച്ചാണ് രണ്ടാം ലക്കത്തിൽ പ്രതിപാദിക്കുന്നത്. ഛായാഗ്രാഹകയന്ത്രം തയ്യാറാക്കുന്നതും വസ്തുവിന്റെ സ്ഥാനം ക്ലിപ്തപ്പെടുത്തുന്നതും ഒടുവിൽ ഛായാപടം രൂപപ്പെടുത്തുന്നതും ഇതിൽ വിവരിക്കുന്നു.

4 ചിത്രകലയെപ്പറ്റിയുള്ള കുറിപ്പുകൾ

ചിത്രകലയെ സംബന്ധിച്ച് കെ. എം. വറുഗീസ് രേഖപ്പെടുത്തിയിട്ടുള്ള ചില കുറിപ്പുകൾ ഉണ്ട്.

വിഷ്ണുപുരാണം മുതൽ ദർശിക്കുവാൻ കഴിഞ്ഞ ചിത്രകലാപാരമ്പര്യം കുറിപ്പുകളിൽ കെ. എം. വറുഗീസ് രേഖപ്പെടുത്തുന്നു. ചിത്രമെഴുതുവാനുപയോഗിക്കുന്ന എണ്ണച്ചായങ്ങൾ ഇതിൽ ചർച്ചാവിഷയമാകുന്നുണ്ട്. മനുഷ്യനിറങ്ങൾ കൂട്ടുവാനുപയോഗിക്കുന്ന ചായങ്ങൾ, പശ്ചാത്തലം എഴുതുവാനുപയോഗിക്കുന്ന നിറങ്ങൾ, സ്തോഭം പ്രകടമാക്കുവാനുള്ള നിറങ്ങൾ, സ്വർണ്ണനിറത്തിനും കസവിനും ഉപയോഗിക്കുന്നവ ഇത്യാദി കൂട്ടുകെട്ടുകളെപ്പറ്റിയാണ് പ്രഥമഭാഗം. ചിത്രമെഴുത്തിൽ എണ്ണച്ചായത്തിന്റെ പ്രയോഗരീതി എണ്ണച്ചായാചിത്രണത്തിൽ സ്വീകാര്യവും വർജ്ജ്യവുമായ വസ്തുതകൾ, ചായങ്ങൾ സമ്മിശ്രപ്പെടുത്തുമ്പോഴും ക്യാൻവാസിൽ വിന്യസിക്കുമ്പോഴും ശ്രദ്ധിക്കേണ്ട വസ്തുതകൾ എന്നിവ ദ്വിതീയ ഭാഗത്തിൽ ചേർത്തിരിക്കു

ന്നു. ചിത്രമെഴുത്തുകോയിത്തമ്പുരാൻ, രവിവർമ്മരാജാ, മുകുന്ദൻതമ്പി എന്നിവരുമായുള്ള നിരന്തരസമ്പർക്കത്തിൽ നിന്നു ലഭിച്ച വിജ്ഞാനശകലങ്ങൾ ചിത്രരചനാരംഗത്തെ നവാഗതർക്കും പ്രയോജനപ്പെടത്തക്കവണ്ണം കുറിക്കുന്നു.

5 ആത്മകഥയിലെ ചിത്രരചനാക്കുറിപ്പ്

കെ. എം. വറുഗീസിന്റെ ആത്മകഥയിൽ തന്റെ ചിത്രകലാലേഖനത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്നുണ്ട്. ഔട്ട്ലൈൻ തെളിയാത്ത വിധത്തിൽ ചിത്രം രചിക്കുക, ഔചിത്യപൂർവ്വം നിറങ്ങൾ ഉപയോഗിക്കുക, പശ്ചാത്തലം മനോധർമ്മം അനുസരിച്ച് സംവിധാനം ചെയ്യുക എന്നിങ്ങനെ ചിത്രകലയുടെ സാങ്കേതിക വശങ്ങൾ ഇതിൽ പരാമർശിക്കുന്നു ചിത്രകാരന്മാർക്കുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് ഇതിൽ പ്രധാനം.

5.2.3. രാജ്യചരിത്രപരമായ ലേഖനങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ രാഷ്ട്രീയ കോളിളക്കങ്ങൾ കൊണ്ട് മുഖരിതമായിരുന്നു. ഐക്യകേരള സ്ഥാപനത്തെ എതിർത്തുകൊണ്ട് തിരുവിതാംകൂർ രാജ്യസമർപ്പണവാദം ഉയർന്നു നിന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂർ രാജ്യം ശ്രീപത്മനാഭന അർപ്പിച്ചതിനാൽ രാജ്യത്ത് യാതൊരു വക പരിവർത്തനത്തിനും സാധ്യമല്ലെന്നായിരുന്നു അന്നത്തെ അധികാരിവർഗ്ഗത്തിന്റെ മനോഭാവം. തിരുവിതാംകൂറിനു വേണ്ടി രക്തമൊഴുക്കിയവർ നായന്മാരായിരുന്നുവെന്നും ആയതിനാൽ അധികാരങ്ങളും മേധാവിത്വവും അവർക്ക് അർഹതപ്പെട്ടതാണെന്നും അലിഖിതമായ ഒരവസ്ഥ നിലനിന്നിരുന്നു. മാത്രമല്ല, തിരുവിതാംകൂറിൽ നായന്മാരൊഴികെയുള്ള സവർണ്ണ വിഭാഗങ്ങൾക്ക് റവന്യൂ- ദേവസ്വം വകുപ്പുകളിൽ ഉദ്യോഗം നൽകിയിരുന്നില്ല. ക്രിസ്ത്യാനികൾ, ഈഴവർ, മുസ്ലീങ്ങൾ മറ്റ് അധഃസ്ഥിത വർഗ്ഗങ്ങൾ തുടങ്ങി രാജ്യത്തിന്റെ ജനസംഖ്യയിൽ പകുതിയിലധികം ജനങ്ങൾക്ക് ഈ അസമത്വം അനുഭവിക്കേണ്ടിവന്നു. രാജ്യത്തിന്റെ നട്ടെല്ലായ റവന്യൂവകുപ്പിൽ

അസമത്വ സമുദായങ്ങൾക്ക് കടന്നു ചെല്ലുവാനാവാത്ത വിധം ദേവസ്വംവകുപ്പുമായി ഒന്നു ചേർന്നു കിടന്നിരുന്നു. അന്നത്തെ രാഷ്ട്രീയ സാഹചര്യത്തെപ്പറ്റി കെ. എം. വറുഗീസ് ഇപ്രകാരം രേഖപ്പെടുത്തുന്നു.

> തിരുവിതാംകൂർ രാജ്യം ശ്രീപത്മനാഭന സമർപ്പിതമാണെന്നും രാജ്യം നായന്മാരുടെ വകയാണെന്നും രാജ്യത്തിനു വേണ്ടി രക്തം ചൊരിഞ്ഞിട്ടുള്ളത് നായന്മാരാണെന്നും അതിനാൽ റവന്യൂ വകുപ്പിലും പട്ടാളവകുപ്പിലും ക്രൈസ്തവർക്ക് പ്രവേശനം നൽകാൻ പാടില്ലെന്നും നായർ പ്രമുഖന്മാരും അവരുടെ പത്രങ്ങളും വാദിച്ചു. [12]

ശ്രീപത്മനാഭന സമർപ്പിതമായ രാജ്യത്തിൽ നവീകരണശ്രമങ്ങൾ തടയപ്പെട്ടു. അസമത്വസമുദായങ്ങൾ സംഘടിക്കുകയും ഇതിനെതിരെ ശബ്ദമുയർത്തുകയും ചെയ്തു. പൗരാവകാശസമത്വം പിടിച്ചെടുക്കുന്നതിനായി നേതാക്കന്മാരും പത്രങ്ങളും രംഗത്തുവന്നു. കേരളീയാഭിമാനി, മലയാള മനോരമ, നസ്രാണി ദീപിക എന്നിവ ഈ ശ്രമത്തിൽ മുൻനിരയിൽ നിന്നു. പൗരാവകാശ സമത്വവാദത്തിൽ ശക്തനായ ഒരു തൂലികപ്പോരാളിയായിരുന്നു കെ. എം. വറുഗീസ്. പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെ പശ്ചാത്തലത്തിൽ 1918 മുതൽ അദ്ദേഹം ലേഖനങ്ങളെഴുതി. ക്രമീകൃതമായ ആവിഷ്കരണപദ്ധതി ഈ രചനകൾക്കു പിമ്പിലുണ്ടായിരുന്നു. അസമത്വസമുദായങ്ങളുടെ ഉദ്യോഗലബ്ധിയും രാജ്യപുരോഗനപ്രവർത്തനങ്ങളിൽ ഓരോ പൗരന്റെയും ചുമതലയും അന്നത്തെ പ്രധാനവിഷയങ്ങളായിരുന്നു.

1. പൗരസമത്വവാദവും രാജ്യോത്കർഷവും

പൗരാവകാശ സമത്വവാദത്തിന്റെ അർത്ഥവും വ്യാപ്തിയും വ്യക്തമാക്കുന്ന ഈ ലേഖനം നസ്രാണിദീപികയിൽ പ്രസിദ്ധപ്പെടുത്തി. രാജ്യോത്കർഷത്തിനു വേണ്ടി പ്രയത്നിക്കുന്നതിൽ ഓരോ പൗരന്റെയും അവകാശവും ചുമതലയും

പ്രാധാന്യം നൽകി അദ്ദേഹം അവതരിപ്പിച്ചു. പൗരസമത്വവാദം എന്ന സങ്കല്പത്തിന വ്യക്തമായ വിശദീകരണം അദ്ദേഹം നൽകി.

> യഥാർത്ഥമായ പ്രജാവകാശം എന്നാൽ എന്താണെന്ന് തിരുവിതാംകൂർ ജനതയെ മനസ്സിലാക്കുമാറ് അത്ര ശക്തിമത്തായും അഭൂത പൂർവ്വമായും ആരംഭിച്ച് തിരുവിതാംകൂർ രാജ്യകാര്യ നഭോമണ്ഡലത്തിൽ പരിഷ്കൃതരാജ്യഭരണതത്വകിരണങ്ങളുടെ സൂക്ഷ്മസ്വരൂപങ്ങളെ ഉല്ലേഖനം ചെയ്തിരിക്കുന്ന ഒരു നവീന പ്രസ്ഥാനമാണ് പൗരസമത്വവാദം. [13]

തിരുവിതാകൂറിന്റെ നിലയ്ക്ക് ഈ വാദം രാജ്യക്ഷേമനാശകമായ ഒരു ദുർമ്മന്ത്രമായി അധികാരസ്ഥാനങ്ങളിൽ മെച്ചപ്പെടുമെന്നും അല്ലെങ്കിൽ രാജ്യദ്രോഹോല്പാദകങ്ങളായ ദുഷ്ടബീജാങ്കുരമായി പരിണമിക്കുമെന്നും പല ആശങ്കകളും അധികാരിവർഗ്ഗത്തിനുണ്ടായിരുന്നു. അതിന ശക്തി നല്കിയ സങ്കല്പമായിരുന്നു രാജ്യസമർപ്പണവാദം. രാജ്യഭരണപരിഷ്കരണം മാത്രമാണിതിന്റെ ലക്ഷ്യമെന്നും അധികാരികളുടെ ഭയാശങ്കകൾ അസ്ഥാനത്താണെന്നും വിശദമാക്കുവാൻ കെ. എം. വറുഗീസ് തന്റെ ലേഖനങ്ങളിൽ ശ്രമിച്ചു.

രണ്ടാമത്തെ വാദം റവന്യൂവും ദേവസ്വവും വിഭജിക്കാൻ പാടില്ലെന്നും അതു ശരീരവും ആത്മാവും എന്നതു പോലെ അവിഭാജ്യസ്ഥിതിയിൽ സ്ഥിതി ചെയ്യുകയാണെന്നുമായിരുന്നു. ദേവസ്വവാദം, സമർപ്പണവാദം, രക്തംചൊരിച്ചിൽ, പ്രത്യേകാവകാശവാദം എന്നിവയെ പൗരസമത്വവാദം, സ്വാതന്ത്ര്യം, ബഹിഷ്ക്കാരം എന്നീ ആശയങ്ങൾ തകർക്കുവാൻ തുടങ്ങി. 1094- ലെ പ്രജാസഭയിൽ പൗരസമത്വവാദത്തിന്റെ ശബ്ദം ഉയർന്നപ്പോൾ ഭരണതലങ്ങൾ ഈ വസ്തുത പരിഗണനയിലെടുത്തു. ഒരു പ്രത്യേക വിഷയത്തിന്മേൽ പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ കഴിഞ്ഞത് പൗരസമത്വവാദത്തിന്റെ വലിയ ഒരു നേട്ടമായിരുന്നു. രാജ്യഭരണത്തിന്റെ യഥാർത്ഥ

ഉദ്ദേശം എന്താണെന്ന് താഴത്തപ്പെട്ട വർഗ്ഗക്കാർക്ക് വ്യക്തമാക്കുകയും രാജ്യഭരണ ത്തിൽ തങ്ങൾക്കും അവകാശമുണ്ടെന്ന ബോധം ഉദിക്കുകയും ചെയ്തു. രാജ്യകാര്യ വാദം ഉത്തമമായ രീതിയിൽ നടത്തേണ്ടതെങ്ങനെയെന്ന് ജനങ്ങൾ പഠിച്ചു. കെ.എം. വറുഗീസ് പൗരാവകാശവാദത്തെ ഒരു നേട്ടമായി കരുതി.

> പൗരാവകാശവാദം പരിഷ്കൃതരാജ്യഭരണന്യായേന ഒരു പൗരന്റെ ജന്മസിദ്ധമായ അവകാശ സ്വാതന്ത്ര്യത്തെ ആസ്പദീക രിച്ചതാണെന്നും ഉദ്യോഗവാദം അതിനെ ചൂഴ്ന്നു നിൽക്കുന്ന പരീ ക്ഷായോഗ്യതകൾ കൊണ്ടോ ഇതര യോഗ്യതകൾ കൊണ്ടോ സിദ്ധിക്കാവുന്ന ഒരു ജീവിത സമ്പ്രദായത്തെ പുരസ്കരിച്ചതാണെ ന്നുമുള്ള ഒറ്റ ന്യായം കൊണ്ട് [14]

ഉദ്യോഗലാഭവാദത്തെ തകർത്തു കളഞ്ഞു ഒരു നവീന വാദസമ്പ്രദായത്തെയും ഒരു നവീനബോധത്തെയും പൗരസമത്വവാദം അന്നത്തെ ഭരണരംഗത്തിൽ പ്രകാശിപ്പി ച്ചു. ഈ നേട്ടങ്ങൾ അവതരിപ്പിച്ചു കൊണ്ട് രാജ്യത്തെ എല്ലാ സമുദായങ്ങളെയും രാജ്യഭരണപരിഷ്ക്കരണത്തിനദ്ദേഹം ആഹ്വാനം ചെയ്തു.

2 മലങ്കര നസ്രാണികളും പൂർവ്വചരിത്ര സ്മരണകളും

പൗരസമത്വവാദത്തിന്റെ കാലങ്ങളാണ് ഈ ലേഖനത്തിനാധാരം. താനുൾപ്പെ ടുന്ന ക്രൈസ്തവസമുദായത്തിന്റെ പാരമ്പര്യബോധമുണർത്തി രാജ്യസേവനത്തിന് അവരെ സന്നദ്ധരാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പരിഷ്കൃത രായ പാശ്ചാത്യർ, വർഗ്ഗപൗരുഷത്തെ പ്രദ്യോതിപ്പിക്കുന്ന ചിത്രപരമ്പരകളും ചരി ത്രാഖ്യായികളും കവിതകളുംകൊണ്ട് സ്വാതന്ത്ര്യാർജ്ജനകാംക്ഷയെ യുവഹൃദയങ്ങ ളിൽ ഉദ്ദീപിപ്പിക്കുന്നത് ഒരു ജനസമുദായത്തിന്റെ ഉത്കർഷത്തിന് നിദാനമാകുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. ജാത്യാഭിമാനവും ആത്മാഭിമാനവും ഇല്ലാത്ത യാതൊരു ജാതിക്കും ജീവിതമത്സരത്തിൽ വിജയം പ്രാപിക്കാൻ സാധിക്കയില്ലെന്നും

അഭിമാനം ഒന്നു മാത്രമാണ് സ്വാതന്ത്ര്യബോധത്തെ ജനിപ്പിക്കുന്നതെന്നും സ്വാതന്ത്ര്യകാംക്ഷയില്ലാത്ത ഒരു ജനസമുദായത്തിനും പൗരാവകാശസമ്പാദനത്തിനായി മുമ്പോട്ടിറങ്ങുവാൻ സാധിക്കുന്നില്ലെന്നും കെ. എം. വറുഗീസ് അനുവാചകരെ ഉദ്ബോധിപ്പിച്ചു. അതിനാൽ സ്വസമുദായത്തിന്റെ ചരിത്രഭണ്ഡാഗാരത്തിൽ ഉള്ള അഭിമാനകരമായ ചരിത്രസാമഗ്രികളെ അനന്തരസന്താനങ്ങളുടെ ദൃഷ്ടിപഥത്തിൽ നിരത്തിവെക്കേണ്ടതിന്റെ ആവശ്യകത ഈ ലേഖനത്തിൽ അദ്ദേഹം പ്രാധാന്യം നൽകി അവതരിപ്പിച്ചു.

3 പുരാതനസുറിയാനിക്കാരുടെ യുദ്ധവൈദഗ്ദ്ധ്യം

പുരാതനകാലങ്ങളിൽ സങ്കുചിതമതചിന്തയെ വെടിഞ്ഞ് രാജ്യസേവനത്തിൽ വ്യാപൃതരായിരുന്ന നസ്രാണികളുടെ യുദ്ധവൈദഗ്ദ്ധ്യത്തെപ്പറ്റി അദ്ദേഹം വിവരിച്ചു. ചെമ്പകശ്ശേരി രാജാവിന്റെ നസ്രാണിഭടന്മാർ, നസ്രാണിവൈദികാദ്ധ്യക്ഷന്മാരുടെ അംഗരക്ഷകസൈന്യങ്ങൾ, സുറിയാനിക്രിസ്ത്യാനികളുടെ രാഷ്ട്രസേവനം, നസ്രാണിപ്പട്ടക്കാരും യുദ്ധവൃത്തിയും എന്നിങ്ങനെ രണനൈപുണ്യം അനുസ്മരിപ്പിക്കുന്ന വിവിധ ലേഖനങ്ങൾ അദ്ദേഹം നസ്രാണിദീപികയിൽ എഴുതി. ക്രിസ്ത്യാനികളുടെ രാഷ്ട്രസേവനം എന്ന കൃതിയിൽ ഇവ സമാഹരിച്ചിട്ടുണ്ട്. കളരിപ്പയറ്റും ആയുധാഭ്യാസവും തികഞ്ഞ മലങ്കരനസ്രാണികളെപ്പറ്റി ഈ ലേഖനങ്ങളിൽ വളരെയധികം വസ്തുതകൾ അദ്ദേഹം അവതരിപ്പിച്ചു. ഈ ലേഖനം ക്രൈസ്തവചരിത്രത്തെ രാജ്യചരിത്രത്തോട് ചേർത്തു നിർത്തിക്കാണുവാൻ പ്രേരകമായി.

4 സുപ്രസിദ്ധമായ ഒരു പഴയ രേഖ

രണ്ടു ലക്കങ്ങളിലായി നസ്രാണിദീപികയിൽ രചിച്ച ലേഖനമാണ് സുപ്രസിദ്ധമായ ഒരു പഴയ രേഖ. ചേരമാൻ പെരുമാൾ ക്നായിത്തോമ്മായ്ക്ക് കൊടുത്തിട്ടുള്ള ചെമ്പ് പട്ടയം. ഭാസ്കരരവിപെരുമാൾ ഇരവികോർത്തനു കൊടുത്തിട്ടുള്ള ചെമ്പ് പട്ടയം, വേണാട്, അയ്യനടിരാമത്തിരുവടികളുടെ അനുമതിയോടും ആജ്ഞ

യോടും കൂടി മാർ സാബറീശോ കൊല്ലം തരിസാപള്ളിക്കു കൊടുത്തിട്ടുള്ള ചെപ്പേട് എന്നിങ്ങനെ നസ്രാണിസമുദായത്തിന കൊടുത്തിട്ടുള്ള പ്രസിദ്ധമായ മൂന്നു താമ്ര ശാസനങ്ങളിൽ ക്രൈസ്തവ സമുദായത്തിന പല അവകാശങ്ങളും പദവികളും അനുവദിച്ചിട്ടുണ്ട്. നസ്രാണിപ്പാട്ടുകളിലും മറ്റും അവ പുനർജ്ജനിക്കുകയും വായ്ത്താരികളിലൂടെ തലമുറകളിലേക്ക് പകരുകയും ചെയ്തിരുന്നു. ഒന്നാമത്തെ താമ്രശാസനത്തിന്റെ അസ്സൽപ്രതി നഷ്ടപ്പെട്ടു. എങ്കിലും അതിന്റെ ഉള്ളടക്കം വീരടി യാൻപാട്ടിലൂടെയും മറ്റും പ്രസിദ്ധി നേടി. ആ ഒന്നാമത്തെ താമ്രശാസനമാണ് ഈ ലേഖനത്തിന്റെ പ്രമേയം.

ഒന്നാം ലക്കത്തിൽ ചെപ്പേടിന്റെ ചരിത്രവും പ്രസക്തിയും വിവരിക്കുന്നു. രണ്ടാം ഭാഗം താമ്രശാസനത്തിന്റെ പകർപ്പാണ്. സുപ്രസിദ്ധമായ ആ പഴയ രേഖ. മീനച്ചിൽ പൂവരണി എന്ന സ്ഥലത്തുള്ള ഒരു വീട്ടിൽ താളിയോല ഗ്രന്ഥത്തിൽ നിന്നും ഉള്ള പകർപ്പാണ് കെ. എം. വറുഗീസ് അവതരിപ്പിച്ചത്.

ക്നായിത്തൊമ്മൻ ചേരമാൻ പെരുമാൾത്തമ്പുരാനോടു വാങ്ങിച്ച ചെമ്പേ ടിന്റെ പകർപ്പ് എന്നു തുടങ്ങി 72 പദവികളും അവകാശങ്ങളും ആചന്ദ്രതാരം അനുഭ വിക്കുന്നതിന അധികാരപ്പെടുത്തുന്നതായ രേഖയാണ് ക്രൈസ്തവരുടെ അറിവിലേ ക്കായി ലേഖകൻ സമർപ്പിക്കുന്നത്.

5 മലങ്കര നസ്രാണികളുടെ ജാത്യൗൽകൃഷ്ട്യം

സമുദായസംസ്ക്കാരവും ബുദ്ധിസംസ്ക്കാരവും കൊണ്ട് രാജ്യഭരണസംബ ന്ധമായും സാമൂഹികമായും ഉള്ള സർവ്വവിധ സ്വാതന്ത്ര്യാവകാശങ്ങൾക്കും മലങ്കരന സ്രാണി സമുദായം പ്രഥമാർഹന്മാരാണെന്ന് പുനഃസ്മരിപ്പിച്ചുകൊണ്ട് പൗരാവകാശ ങ്ങൾക്കു വേണ്ടി വാദിക്കുവാനുള്ള ചുമതലയും അർഹതയും കെ. എം. വറുഗീസ് ഓർമ്മിപ്പിച്ചു. കുലശ്രേഷ്ഠതയും യുദ്ധവൃത്തിയും വാണിജ്യപരിശ്രമങ്ങളും ആണ് മലങ്കരനസ്രാണികൾക്ക് ഉത്കൃഷ്ടപദവി നേടിക്കൊടുത്തതെന്ന് അദ്ദേഹം അഭി

ദർശിച്ചു. ഇതിൽ യുദ്ധവൃത്തിയെപ്പറ്റി അദ്ദേഹം പ്രത്യേകം ചിന്തിച്ചു. പുരാതന വാണിജ്യവൃത്തിയെ വിഷയീകരിച്ച് പി. ജെ. തോമസ്സ് എഴുതിയ ലേഖനം അദ്ദേഹം ചൂണ്ടിക്കാട്ടി. കുലശ്രേഷ്ഠതയെപ്പറ്റി നാലു ലക്കങ്ങൾ നിറഞ്ഞു നിൽക്കുന്ന ലേഖനം വറുഗീസ് രചിച്ചു.

> ദീർഘകാലത്തെ സമുദായചക്രഭ്രമണത്താൽ സംജാതമാകുന്ന സംസ്കരണവിശേഷം സിദ്ധിച്ചിരുന്ന ജനസമുദായത്തിന് അതില്ലാത്ത ഒരു സമുദായത്തോട് മനഃസ്ഥിതിവിഷയകമായി വളരെ അന്തരമുണ്ടായിരിക്കുമെന്ന [15]

യാഥാർത്ഥ്യത്തിലൂന്നിയാണ് അദ്ദേഹം നീങ്ങുന്നത്. കേരളീയ ബ്രാഹ്മണ സമുദായം അത്യന്തം പ്രബലന്മാരായിരിക്കുന്ന കാലത്താണ് മാർത്തോമ്മാ ശ്ലീഹായുടെ ആഗമനവും മലങ്കര നസ്രാണികളുടെ ഉത്ഭവവും. പ്രഥമസ്ഥാനാർഹരും പണ്ഡിതന്മാരുമായിരുന്ന ബ്രാഹ്മണരിൽ നിന്ന് മതപരിവർത്തനം നടന്നു എന്നതിന മാർത്തോമ്മാ ചരിതം ഗാനങ്ങൾ, പാശ്ചാത്യരേഖകൾ, ചരിത്രലക്ഷ്യങ്ങൾ എന്നിവ നിരത്തുന്നുണ്ട്. ക്രൈസ്തവ കുലശ്രേഷ്ഠതയെപ്പറ്റി അദ്ദേഹം സൂചിപ്പിച്ചു.

> ഇപ്രകാരം അനേകശതാബ്ദകാലങ്ങളിലെ ക്രമവൃദ്ധകമായ സംസ്കരണവിശേഷത്തോടു കൂടി ലോകവ്യവഹാരങ്ങളിലും സാഹിത്യവ്യവഹാരങ്ങളിലും ഭരണവ്യവഹാരങ്ങളിലും ഏർപ്പെട്ട് ബുദ്ധിമാന്മാർ എന്നും ഉത്കൃഷ്ടകുലജാതന്മാർ എന്നും പ്രശസ്തി സമ്പാദിച്ചിട്ടുള്ള ബ്രാഹ്മണവർഗമാണ് മലങ്കര നസ്രാണിവർഗത്തിന്റെ തായ്സമുദായമെന്ന പേരിനെ അർഹിച്ചിട്ടുള്ളത്. എന്നാൽ അതോടുകൂടിത്തന്നെ ക്ഷത്രിയ സമുദായത്തിൽ നിന്നും വൈശ്യസമുദായത്തിൽ നിന്നും നായർവർഗ്ഗത്തിൽ പ്രാധാന്യം കൂടിയ അഭിജാതന്മാരായ ഇല്ലക്കാരിൽ നിന്നും ഓരോ വലിയ

വിഭാഗങ്ങൾ മതപരിവർത്തനം മൂലം നസ്രാണിസമുദായത്തെ പരി
പോഷിപ്പിക്കുകയുണ്ടായി. [16]

ലേഖനത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ, ഈ വാസ്തവത്തെ വിശദീകരിക്കുന്ന ചരിത്രലക്ഷ്യങ്ങൾ, ആചാരലക്ഷ്യങ്ങൾ, ശബ്ദഭാഗലക്ഷ്യങ്ങൾ, മൃതലക്ഷ്യങ്ങൾ എന്നിവയാണ്. ലാക്രോസ്, ഫ്രാൻസിസ് ഡേ, ബുക്കാനൻ, ഉദയംപേരൂർ സുന്നഹദോസ് നടപടികൾ എന്നിങ്ങനെ നിരവധി രേഖകൾ ഈ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. മലങ്കരനസ്രാണികൾ ഉത്കൃഷ്ടകുലജാതന്മാരും സാമൂഹ്യാവസ്ഥയിൽ ശ്രേഷ്ഠപദവിയെയും രാജ്യത്തിലെ രണവീരന്മാർ എന്നും രാജാവിന്റെ അംഗരക്ഷകസൈന്യത്തിലെ ഒരംശം എന്നും ഉള്ള നിലയെയും പ്രാപിച്ചിരുന്നവരെന്നും തെളിയിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

6 ശബരിമല ക്ഷേത്രനിർമ്മാണ ഭാരവാഹി

മാവേലിക്കര പോളച്ചിറക്കൽ കൊച്ചുമ്മൻ മുതലാളിയെപ്പറ്റിയാണ് ഈ ലേഖനം. ശബരിമല ക്ഷേത്രപുനർനിർമ്മാണത്തിന്റെ ചുമതല വഹിച്ചു എന്ന വസ്തുത അദ്ദേഹത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ചിത്രരചനയുമായി ബന്ധപ്പെട്ടാണ് അദ്ദേഹത്തെ അവതരിപ്പിക്കുന്നത്. ജീവിതാരംഭത്തിൽ ഒന്നുകൊണ്ടും കുലങ്ങാത്ത ഒരു സുധീരഹൃദയവും യോഗശക്തിവൈഭവവും ആയിരുന്നു അദ്ദേഹത്തിന്റെ സമ്പത്ത്. 22-ാമത്തെ വയസ്സു മുതൽ മുതലാളി ഗവൺമെന്റിന്റെ വൻതോതിലുള്ള കോൺട്രാക്ടു പണികളിൽ ഏർപ്പെട്ടു തുടങ്ങി. ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം തിരുവിതാംകൂറിലേയും കൊച്ചിയിലേയും പല പ്രബല വ്യക്തികളുടെയും പ്രഭുക്കന്മാരുടെയും മിത്രത്വം നേടിയെടുത്തു.

1075 - ൽ കൊല്ലത്ത് തേവള്ളി കൊട്ടാരത്തിന്റെ കോൺട്രാക്ട് അദ്ദേഹം അഭിനന്ദനാർഹമായി നിർവ്വഹിച്ചു. ആയിടയ്ക്ക് തീപിടിച്ചുപോയ ശബരിമല ക്ഷേത്രം പുനഃപ്രതിഷ്ഠാപനം ചെയ്വാൻ തിരുവിതാംകൂർ ഗവണ്മെന്റ് തീരുമാനിച്ചു.

> കൂടുവിട്ട് ഇളകിയ കടന്നൽക്കൂട്ടം പോലെ ഇളകിപ്പാഞ്ഞുനടക്കുന്ന കാട്ടാനക്കൂട്ടങ്ങളുടെയും കടുവാപ്പറ്റങ്ങളുടെയും ഇടയിലൂടെ അഞ്ചോ അമ്പതോ അഞ്ഞൂറോ പേരായി കാടും മേടും കല്ലും മലയും കാട്ടാറും പതിനെട്ടാംപടിയും കടന്ന് മലമുകളിൽ കയറി ക്ഷേത്രംപണി നടത്തുക എന്നത് അത്രതന്നെ സുകരമായ ഒരു കാര്യമായിരുന്നില്ല. [17]

പ്രാതികൂല്യങ്ങളെ തരണം ചെയ്ത മുതലാളി തന്നെ പണി നടത്തണമെന്ന അധികാരികളുടെ ആഗ്രഹം മൂലം, 1079 മകരത്തിൽ കൊല്ലം പുതുക്കുളങ്ങര കൊട്ടാരം വളപ്പിൽ വെച്ച് അദ്ദേഹം ശബരിമല ക്ഷേത്രം പണി ആരംഭിച്ചു. പണി തീർന്നതിനു ശേഷം ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ അനുവാദത്തോടു കൂടി സർവ്വ ഉരുപ്പടികളും ശബരിമലയിൽ എത്തിക്കുവാനുള്ള പ്രയത്നം ആരംഭിച്ചു. നാലു മാസം കൊണ്ട് പതിനെട്ടാംപടി കടന്ന് ശബരിമലക്ഷേത്രപ്പറമ്പിൽ എത്തി. പണിപൂർത്തിയാകുന്നതിന മുമ്പ് 1082 - ൽ കൊച്ചുമ്മൻ മുതലാളി പ്രമേഹരോഗം മൂലം നിര്യാതനായി. പിന്നീട് കൊച്ചുമ്മൻ മുതലാളിയുടെ ജാമാതാവ് വടക്കേത്തലയ്ക്കൽ സ്ക്കറിയാകത്തനാരെ 1085 ൽ മുക്ത്യാർനാമാവായി നിയമിക്കുകയും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പണി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

മതഭേദങ്ങളും മതവൈരാഗ്യവും നടമാടുന്ന കാലഘട്ടത്തിൽ, സമൂഹ മനസ്സിൽ തെളിയേണ്ട ചിത്രമാണ് ശബരിമല പുനർനിർമ്മാണത്തിന്റേത്. ക്ഷേത്രപുനരുദ്ധാരണത്തിന, മലമ്പനിയെയും കാട്ടാനകളെയും തൃണവൽഗണിച്ചു കൊണ്ട് പ്രയത്നിച്ച നസ്രാണിപ്രമുഖരും ഇതരമതസ്ഥരും സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും മാതൃക നമുക്കു നൽകുന്നു. എന്ന വസ്തുത കെ. എം. വറുഗീസ്, ഈ ലേഖനത്തിൽ ശക്തമായി അവതരിപ്പിക്കുന്നു.

7 കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ

മദ്ധ്യതിരുവിതാംകൂറിലെ കറുത്തേടത്തു നിന്നു കിട്ടിയ ഒരു താളിയോല ഗ്രന്ഥമാണ് കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ. ഇതിനെപ്പറ്റി കെ. എം. വറുഗീസ് മലയാളമനോരമയിൽ ഒരു വിവരണം എഴുതി. നസ്രാണി സമുദായത്തിലെ ഒരു ചെറിയ വിഭാഗമായിരുന്ന ധരിയായ്ക്കൾ ചെട്ടികളെ സംബന്ധിച്ചും മണിഗ്രാമക്കാരെക്കുറിച്ചും ഇതിൽ വിശദമായി പരാമർശിക്കുന്നുണ്ട്. ക്രൈസ്തവപ്പഴമയും പദവികളും തന്നെയാണ് ഇതിൽ വിവരിക്കുന്നത്.

8 നസ്രാണി സമുദായത്തിലെ രാജകീയ പദവികൾ

മലങ്കരനസ്രാണികളുടെ പാരമ്പര്യത്തെപ്പറ്റി അഭിമാനപൂർവ്വം എഴുതിയ ലേഖനമാണ് ഇത്. ഒന്നാം ലക്കത്തിൽ ക്നായിത്തൊമ്മൻ ചെപ്പേടിന്റെ ചരിത്രവും ഉള്ളടക്കവും അവതരിപ്പിക്കുന്നു. രണ്ടാം ലക്കത്തിൽ ഗവേഷണ ഫലമായി കണ്ടെത്താൻ കഴിഞ്ഞ ആറു ചെപ്പേടുകളെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നു.

9 പെരുമ്പടപ്പു നസ്രാണികളും ശർക്കരത്തട്ടയും

നാടുവാഴുന്ന രാജാക്കന്മാരും മലങ്കരനസ്രാണികളും പരസ്പര ബഹുമാനത്തോടെ ഇടപെട്ടിരുന്നതായി ചരിത്രനോവലുകളിൽ കെ. എം. വറുഗീസ് രേഖപ്പെടുത്തി. പുരാതന നസ്രാണികളും പെരുമ്പടപ്പു രാജവംശവുമായുള്ള ബന്ധമാണ് ലേഖനത്തിന്റെ ചർച്ചാവിഷയം.

> പെരുമ്പടപ്പുനസ്രാണികളുടെ പുരാതനമായ രാഷ്ട്രീയ സേവനത്തെയും രാജകുടുംബത്തോടും സിംഹാനത്തോടും അവർക്കു പൂർവ്വകാലം മുതലേ ഉള്ള നിഷ്കളങ്കഭക്തിയെയും പൗരപ്രേമ വിസ്യംഭതയേയും ലക്ഷ്യപ്പെടുത്തുന്നതായ ശർക്കരത്തട്ട വെയ്ക്കൽ. [18]

എന്ന ഏർപ്പാടിനെപ്പറ്റി അദ്ദേഹം പരാമർശിച്ചു. ഈ വസ്തുതയെപ്പറ്റി അനുവാചകരിൽ ചിലർ വിയോജനം രേഖപ്പെടുത്തി. 1932 ഏപ്രിൽ 24-ാം തീയതി തൃപ്പൂണിത്തുറ ലേഖകൻ, പെരുമ്പടപ്പുമൂപ്പിൽ ശർക്കരത്തട്ട സ്വീകരിക്കുന്നതായി റിപ്പോർട്ടു ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മലയാളമനോരമയിൽ കെ. എം. വറുഗീസ് എഴുതിയ ലേഖനമാണ് പെരുമ്പടപ്പു നസ്രാണികളും ശർക്കരത്തട്ടയും ഓരോ പ്രദേശത്തും ചില വിഭാഗക്കാർക്ക് പ്രത്യേക അവകാശങ്ങൾ നിലനിന്നിരുന്നു എന്നതിന ലക്ഷ്യങ്ങൾ നിരത്തിക്കൊണ്ടാണ് നസ്രാണികളുടെ ശർക്കരത്തട്ടവെയ്ക്കലിന്റെ പ്രാധാന്യം ഉറപ്പിക്കുന്നത്. വടക്കുംകൂർ രാജകുടുംബത്തിലെ തമ്പുരാട്ടിമാരുടെ പള്ളിക്കെട്ടിന രാജകുമാരികളുടെ സന്നിധിയിൽ തൊടുപുഴ കാരിക്കോട്ടു വീട്ടിലെ കാരണവന്മാർ ഒരു നെയ്ക്കുറ്റി തിരുമൽക്കാഴ്ച വെച്ചു പോന്നു. കുറുമ്പ്രനാട്ടുരാജാക്കന്മാരുടെ അരിയിട്ടു വാഴ്ചയ്ക്ക് മലബാറിലെ പറഞ്ചേലകുലക്കാരായ നായന്മാർ ഒരു മുണ്ട് കാഴ്ച വെച്ചു പോരുന്നു. കോഴിക്കോട്ടു സാമൂതിരിമാർ മൂപ്പേറ്റാലുടൻ ആദ്യം സ്വീകരിക്കുന്ന തിരുമുൽക്കാഴ്ച ഒരു മഹമ്മദീയസ്ത്രീയുടെ കൈയിൽ നിന്നുള്ള താംബൂലസമർപ്പണമാണ്. തിരുവിതാംകൂറിലെയും കൊച്ചിയിലേയും തിരുമൂപ്പു സംബന്ധിച്ച് രാജകുടുംബത്തിന്റെ ആയോധനഗുരുക്കന്മാർക്കും ചില അവകാശങ്ങൾ ഉണ്ട്.

കോഴിക്കോട്ടു സാമൂതിരിയും കൊച്ചിരാജാവും തമ്മിൽ യുദ്ധങ്ങൾ പതിവായിരുന്നു. ഒരിക്കൽ യുദ്ധത്തിൽ തോറ്റ മാടഭൂപതി ആയുധവും സ്ഥാനവും നഷ്ടപ്പെട്ട് ഒരു ഗുഹയിൽ വിശ്രമിക്കുമ്പോൾ പെരുമ്പടപ്പു നസ്രാണികൾ അവിടെയെത്തി തങ്ങളുടെ പ്രാണനും സൈന്യവും രാജാവിനു സമർപ്പിച്ചു എന്നാണ് ചരിത്രം. അവർ സൈന്യത്തോടു ചേർന്ന് കോഴിക്കോട്ടു സാമൂതിരിയോടെതിർത്ത് മാടഭൂപതിയുടെ ശത്രുക്കളെ തോൽപിച്ചു. ഈ സമർപ്പണമാണ് ശർക്കരത്തട്ട സമർപ്പിക്കുന്നതിന്റെ പശ്ചാത്തലം. മഹാരാജാവ് നാടു നീങ്ങിയിട്ട് യുവരാജാവ് ഭരണമേൽക്കുമ്പോൾ

പെരുമ്പടപ്പു നസ്രാണികൾ ശർക്കരത്തട്ട സമർപ്പിക്കുന്നു. ഇത് നാടുനീങ്ങിയ രാജാവിന്റെ പിണ്ഡമടിയന്തരത്തിന ഉപയോഗിക്കാറുണ്ട്. ഇങ്ങനെ പ്രത്യേകാവകാശം. അനുഭവിച്ചുപോന്ന ഒരു സമുദായമായിരുന്നു പെരുമ്പടപ്പു നസ്രാണികൾ എന്ന് കെ. എം. വറുഗീസ് പ്രസ്താവിക്കുന്നു.

10 തിരുവിതാംകൂറിനു വേണ്ടി രക്തമൊഴുക്കിയവർ ആരായിരുന്നു?

തിരുവിതാംകൂർ നായന്മാരുടെ പ്രത്യേകാവകാശത്തിന നിദാനമായി അവർ പ്രചരിപ്പിച്ചിരുന്ന രക്തംചിന്തൽവാദത്തെ ഖണ്ഡിച്ചുകൊണ്ട് കെ. എം. വറുഗീസ് രചിച്ച ലേഖനമാണ് ഇത്.

നായർസൈന്യങ്ങളെപ്പോലെ തന്നെ ഇതര ജാതിമതസ്ഥരായ തിരുവിതാംകൂർ സൈന്യങ്ങളും രാജ്യത്തിനു വേണ്ടി രക്തച്ചൊരിച്ചിൽ നടത്തിയിട്ടുണ്ടെന്ന് അദ്ദേഹം വാദിച്ചു. തിരുവിതാംകൂറിന്റെ സംസ്ഥാപന വിഷയത്തിൽ അതിന്റെ ശിലാസ്ഥാപനകർമ്മമെന്നു പരിഗണിക്കപ്പെടാവുന്ന പല പ്രധാന ഘട്ടങ്ങളിലും രക്തം ഒഴുക്കിയത് പാണ്ഡ്യരും മറവരുമായിരുന്നു എന്നുള്ള കഥ നാം നന്ദിപൂർവ്വം സ്മരിപ്പാനുള്ളതാണ്.

> അതിപ്രാചീന കാലത്തെ ചരിത്രം ആരായുന്ന പക്ഷം കേരളത്തിലെ ആദിമനിവാസികളും ആദിമഭരണകർത്താക്കളുമായിരുന്ന പുലയർ, മലയർ, കുറുമ്പർ മുതലായവരെ പ്രാചീന നാഗവംശക്കാർ യുദ്ധത്തിൽ തോല്പിച്ചു കാടുകളിലേക്കും മലകളിലേക്കും മല ഓടിച്ചു കയറ്റുന്നതുവരേയ്ക്കും കേരളത്തിലെ രാജ്യരക്ഷാപുരുഷൻമാരും യോദ്ധാക്കളും അവർ തന്നെ ആയിരുന്നതല്ലാതെ യുദ്ധം കുലവൃത്തിയായിട്ടുള്ള ഏതെങ്കിലും ഒരു പ്രത്യേകവർഗ്ഗത്തെ രാജ്യരക്ഷക്കായി നിയോഗിച്ചിരുന്നില്ലെന്ന നിശ്ചയമത്രേ. [19]

എന്ന് ചരിത്രരേഖകൾ നിരത്തിക്കൊണ്ട് അദ്ദേഹം സ്ഥാപിച്ചു. അങ്ങനെ ഇവിടെയുള്ള എല്ലാ പ്രധാന സമുദായങ്ങളും അധഃകൃതരിൽ ചില സംഘങ്ങളും യഥേഷ്ടം യുദ്ധവൃത്തിയിൽ ഏർപ്പെട്ടിരുന്നതായി ചരിത്രകാരന്മാരുടെയും സ്വദേശീയ പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം സമർത്ഥിച്ചു.

11. തിരുവിതാംകൂർ രാജ്യസമർപ്പണ വാദം

മാർത്താണ്ഡവർമ്മ ശ്രീപത്മനാഭന തിരുവിതാംകൂർ രാജ്യം സമർപ്പിച്ചു എന്ന ചരിത്രവസ്തുതയ്ക്ക് ഭക്തിയുടെ പരിവേഷമാണ് നൽകപ്പെട്ടിരുന്നത്. ഈ രാജ്യസമർപ്പണവാദത്തിൽ മുറുകെപ്പിടിച്ചു കൊണ്ട് രാജ്യത്തിൽ നവീകരണശ്രമങ്ങൾ തടയപ്പെട്ടിരുന്നു. പൗരാവകാശസമത്വവാദത്തിന്റെ വക്താവായ കെ. എം. വറുഗീസ്, ഇങ്ങനെയൊരു രാജ്യസമർപ്പണത്തിന മാർത്താണ്ഡവർമ്മയെ പ്രേരിപ്പിച്ച പരിതഃസ്ഥിതിയിലേക്ക് കടന്നു. അദ്ദേഹം നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്. മാർത്താണ്ഡവർമ്മ മഹാരാജാവ് രാജ്യഭരണം കൈയേൽക്കുന്ന സന്ദർഭത്തിൽ വേണാടിന്റെ വിസ്തീർണ്ണം ആരുവാമൊഴി മുതൽ ഇടവാക്കായൽ വരെയ്ക്ക് ആയിരുന്നു. കായംകുളം, കൊല്ലം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി, ആലങ്ങാട്, പറവൂർ എന്നിവിടങ്ങളിൽ ശക്തരായ സ്വതന്ത്ര രാജാക്കന്മാർ ഭരിച്ചിരുന്നു. കായംകുളം, കൊല്ലം എന്നീ രാജ്യങ്ങളെ വേണാടിനോട് ചേർക്കുവാൻ ദളവാരാമയ്യൻ മറവരുടെ സഹായം തേടി. അവ പിടിച്ചടക്കി. എന്നാൽ ഈ രാജ്യങ്ങളിൽ പുതിയ ഒരു ഭരണക്രമം രൂപീകരിക്കുന്നതിനോ സമാധാനം സ്ഥാപിക്കുന്നതിനോ നികുതി പിരിക്കുന്നതിനോ മാർത്താണ്ഡവർമ്മയ്ക്കു സാധിച്ചില്ല. അതിനാൽ ഈ പരിതഃസ്ഥിതിയിൽ ശത്രുരാജാക്കന്മാരെയും അവരുടെ കുടുംബങ്ങളെയും ഭീതിപ്പെടുത്തി അസ്തവീര്യരാക്കുന്നതിനും അതതു രാജ്യങ്ങളിലെ ജനങ്ങളിൽ അധർമ്മഭീതിയും ഈശ്വരകോപശങ്കയും വളർത്തി അവരെ നിലയ്ക്കു നിർത്തുന്നതിനും അങ്ങനെ കീഴമർന്ന രാജ്യങ്ങളിലെ നിരായുധരായ പ്രജകളെ വീണ്ടും കൊന്നൊടുക്കി രാജ്യത്തിന്റെ

സാമ്പത്തികശക്തിക്കു നാശം നേരിടാത്ത വിധം രാജവാഴ്ച ഉറപ്പിച്ചു ഭരണം നിർബ്ബാധമായി ആരംഭിക്കുന്നതിനും മഹാരാജാവും രാമയ്യനും കൂടി കണ്ടുപിടിച്ച ഫലപ്രദമായ ഏകമാർഗ്ഗമായിരുന്നു തൃപ്പടിദാന കർമ്മം എന്ന് കെ. എം. വറുഗീസ് തന്റെ ലേഖനത്തിൽ സമർത്ഥിച്ചു. രാജ്യസമർപ്പണത്തിന് ധാർമ്മികമായും മതപരമായും വല്ല അർത്ഥവുമുണ്ടെങ്കിൽ എട്ടരയോഗത്തിന്റെ അധികാരം രാജ്യഭരണരംഗത്ത് കാണുമായിരുന്നു. എന്നാൽ ഇത് നടന്നിട്ടുള്ളതായി ചരിത്രമില്ല. രാജാവ് പരിപൂർണ്ണ സ്വതന്ത്രനായിരുന്നു.

സി. വി. കുഞ്ഞുരാമൻ, കെ. രാമകൃഷ്ണപിള്ള എന്നിവരുടെ തത്സംബന്ധമായ ലേഖനങ്ങൾ വറുഗീസ് ഉദ്ധരിച്ചു. വൈഷ്ണവദേവനായ ശ്രീപത്മനാഭന് രാജ്യം സമർപ്പിക്കപ്പെടുമ്പോൾ ക്രൈസ്തവ - ബൗദ്ധ - മുഹമ്മദീയ മതങ്ങളും വൈഷ്ണവ - ശൈവ - ശാക്തേയാദി മതങ്ങളും നിലവിലിരുന്നു. അതിനാൽ രാജാവിനെ പക്ഷപാതക്കാരനായി ചിത്രീകരിക്കേണ്ടിവരും. എന്ന് സി. വി. കുഞ്ഞുരാമനും, രാജ്യസമർപ്പണത്തിന് ഒരു ഗ്രന്ഥസമർപ്പണത്തിന്റെ മൂല്യമേ നൽകേണ്ടതുള്ളൂവെന്നും അത് രാജ്യസമാധാനസ്ഥാപനത്തിനുള്ള ഒരു ഉപായം മാത്രമായിരുന്നു എന്ന് കെ. രാമകൃഷ്ണപിള്ളയും വാദിച്ചു. ഈ പണ്ഡിതമതങ്ങളുടെ സഹായം അവലംബിച്ചു കൊണ്ട് കെ. എം. വറുഗീസ് എത്തിച്ചേർന്ന നിഗമനം ഇതായിരുന്നു.

> മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് കന്യാകുമാരി മുതൽ പറവൂർവരേയ്ക്കുണ്ടായിരുന്ന ക്രൈസ്തവ, മുസ്ളീം, യഹൂദ പ്രജകൾക്ക് ഒരിക്കലും വിശ്വസിച്ചാരാധിപ്പാൻ നിവൃത്തിയില്ലാത്ത ഒരു ഹൈന്ദവദേവന അവരെയും അവരുടെ സ്ഥാവരജംഗമ സർവ്വസ്വത്തെയും മതാത്മകമായ സ്വന്തം സങ്കല്പത്തെ മുൻനിർത്തി സമർപ്പിക്കുവാൻ ഈശ്വരാനുഗ്രഹപ്രാർത്ഥിയായ സ്വന്തം ഉത്തരവാദിത്വത്തിനു മാത്രമേ പ്രസക്തിയുള്ളൂ. [20]

അതിനാൽ രാഷ്ട്രീയപരിവർത്തന കാലഘട്ടത്തിൽ ഈ രാജ്യസമർപ്പണവാദത്തിൽ ചുവടുറപ്പിച്ചു കൊണ്ട് രാഷ്ട്രീയാവകാശവാദം പുറപ്പെടുവിക്കുന്നത് യുക്തിക്കു യോജിച്ചതല്ല എന്ന് കെ. എം. വറുഗീസ് ഉറപ്പിച്ചു പറഞ്ഞു.

12 ഞാൻ കണ്ടതായ കോഴഞ്ചേരി രാഷ്ട്രീയ മഹായോഗം.

1933 മാർച്ച് 4–ാം തീയതി കോഴഞ്ചേരി മണപ്പുറത്ത് ക്രൈസ്തവ, ഈഴവ, മുസ്ലീം സമുദായങ്ങളുടെ സംയുക്ത രാഷ്ട്രീയമഹാസമ്മേളനം നടത്തപ്പെട്ടു. ഭൂനികുതിയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം നല്കിക്കൊണ്ടുള്ള തിരുവിതാംകൂർ നിയമസഭാപരിഷ്ക്കാരത്തിനെതിരായി നടന്ന ഈ സമ്മേളനത്തെപ്പറ്റി കെ. എം. വറുഗീസ് സമ്മേളനാവലോകനം എഴുതി. പതിനായിരത്തിൽപരം ജനങ്ങൾ സംബന്ധിച്ച മഹാസമ്മേളനത്തിന്റെ വർണ്ണനയോടെയാണ് തുടക്കം. ക്രൈസ്തവനാഡികളിൽ വികാരാവേശം പകർന്നുകൊണ്ട് മാർ മാത്യൂസ് അത്താനാസ്യോസും ഈഴവശക്തിക്ക് ആക്കം കൂട്ടികൊണ്ട് ടി. കെ. മാധവനും മുസ്ലീങ്ങൾക്ക് അന്തഃചൈതന്യം പകർന്നുകൊണ്ട് മഹമ്മദീയത്തലയാളായ കക്കാഴം ബാവയും അദൃശ്യനടനം ചെയ്തതായി വറുഗീസ് സങ്കല്പിച്ചു. ആണത്തവും ആത്മാഭിമാനവും ജ്വലിക്കുന്ന മാർ മാത്യൂസ് അത്താനാസ്യോസും വഞ്ചിരാജകുടുംബത്തിന ആപൽഘട്ടത്തിൽ ഹസ്താവലംബം നൽകിയ തച്ചിൽ മാത്തുത്തരകനും കണ്ടത്തിൽ വറുഗീസ് മാപ്പിളയും നിധിയിരിക്കൽ മാണിക്കത്തനാരും സമകാലിക നേതാക്കന്മാരോടൊപ്പം നസ്രാണിയുവാക്കന്മാർക്ക് ആവേശമരുളുന്നതായി അദ്ദേഹം അറിയുന്നു.

കെ. സി. മാമ്മൻമാപ്പിള, ജോൺനിധിയിരി, നടുവത്തുശ്ശേരി, എൻ. വി. ജോസഫ്, കൊച്ചീപ്പൻ തരകൻ, എ. സി. കുറിയാക്കോസ്, റ്റി. ജെ. മാത്യു തുടങ്ങിയ നേതാക്കന്മാർ സമ്മേളനത്തിൽ വഹിച്ച സ്ഥാനം ഗാംഭീര്യം തികഞ്ഞ ഭാഷയിൽ അദ്ദേഹം കുറിച്ചു വെച്ചു. സമ്മേളനത്തിലെ പ്രസംഗങ്ങൾ, പ്രമേയാവതരണം എന്നിവ വിശദമായി രേഖപ്പെടുത്തി. അവലോകനം ഇങ്ങനെ ഉപസംഹരിക്കുന്നു.

> പ്രക്ഷുബ്ധമായിരുന്നെങ്കിലും നിയന്ത്രണത്തിന്റെയും അസഹിഷ്ണുതാദ്യോതകമെങ്കിലും മിതത്വത്തിന്റെയും ഉദ്വേഗജനകമെങ്കിലും പക്വബുദ്ധിയുടെയും അതിരുകളെ ലവലേശം അതിലംഘിക്കാതെ നാല്പതുലക്ഷത്തിന്റെ പ്രതിനിധികളായ പതിനയ്യായിരങ്ങൾ തങ്ങളുടെ ജന്മാവകാശസ്ഥാപനത്തിനായി അമ്പു വാരിയ അർജ്ജുനനെപ്പോലെ ധർമ്മ ക്ഷേത്രത്തിന്റെ നാലു കോണുകളിലേക്കും അപരാങ്മുഖരായി ഉഗ്രനിരീക്ഷണം ചെയ്ത് എഴുന്നേറ്റു. അസ്തമയമേഘത്തിൽ ആരൂഢനായ അന്നത്തെ സൂര്യനും പ്രഭാത വീഥിയിലേക്ക് എഴുന്നെള്ളി. [21]

1193 മാർച്ച് 11-ാം തീയതി മാരാമൺ മണൽപ്പുറത്തു നടന്ന നിവർത്തന രാഷ്ട്രീയമഹാസമ്മേളനത്തെപ്പറ്റി എഴുതിയ, സാഹിത്യലോകത്തിൽ വളരെ പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഈ ലേഖനം മുഴുവൻ കാണാപ്പാഠം പറയുന്ന യുവാക്കൾ അന്നു ചെങ്ങന്നൂരിൽ ഉണ്ടായിരുന്നതായി ചിത്രമെഴുത്തു രേഖപ്പെടുത്തിയിട്ടുണ്ട്. കേരളീയാഭിമാനി പത്രത്തിൽ പൗരസമത്വവാദത്തെപ്പറ്റിയുള്ള ലേഖനങ്ങൾ നിരന്തരം പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. പൗരാവകാശസമത്വവാദം, തിരുവിതാംകൂർ ഗവൺമെന്റ് ഒരു ഹിന്ദു ഗവൺമെന്റോ? ലോകസംസ്കാരവും പൗരാവകാശ സ്ഥാപനവും എന്നീ ലേഖനങ്ങൾ വറുഗീസ് ഈ പശ്ചാത്തലത്തിൽ രചിച്ചു.

5.2.4 സാമുദായിക ലേഖനങ്ങൾ.

ക്രൈസ്തവ സഭയിൽ പിളർപ്പുകളും പിണക്കങ്ങളും കക്ഷിവഴക്കുകളും നിറഞ്ഞ കാലഘട്ടത്തിലാണ് കെ. എം. വറുഗീസ് ജനിച്ചതും വളർന്നതും. ക്രൈസ്തവ സമുദായത്തിന്റെ പാരമ്പര്യവും രാജ്യകാര്യങ്ങളിലുള്ള പങ്കാളിത്തവും അഭിമാനത്തോടെ വീക്ഷിച്ചിരുന്ന അദ്ദേഹം സ്വസമുദായത്തിന്റെ ആന്തരിക പ്രശ്ന

ങ്ങളെപ്പറ്റി ഗാഢമായി ചിന്തിച്ചിരുന്നു. അന്ന് ക്രൈസ്തവ സഭയിൽ രൂക്ഷമായിരുന്ന പ്രശ്നങ്ങൾ ഓർത്തഡോക്സ് - സി. എസ്. ഐ. -മാർത്തോമ്മാ വിഭജനം, മലങ്കര സഭയ്ക്കുള്ളിലെ അധികാര പ്രശ്നം, മലങ്കരസഭയും അന്ത്യോഖ്യൻബന്ധവും എന്നിവയായിരുന്നു. പാശ്ചാത്യമിഷനറിമാരുടെ ആഗമനം ക്രൈസ്തവ സഭയിൽ നവോത്ഥാനം സൃഷ്ടിച്ചുകൊണ്ടിരുന്ന കാലത്താണ് വറുഗീസിന്റെ ജനനം. 1836 ൽ മാവേലിക്കര പടിയോല എന്നറിയപ്പെടുന്ന മാവേലിക്കരസിനഡിൽ വച്ച് സി. എം. എസ്. സഭ അംഗീകരിക്കപ്പെട്ടു. 1842 - ൽ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശ്ശൻ മർദ്ദീനിൽ പോയി പട്ടമേറ്റു തിരികെ വന്നതിനുശേഷം ആണ് നവീകരണവിഭാഗത്തിന്റെ രൂപീകരണം. ഈ വിഭാഗത്തിന്റെ വിപ്ളവാശയങ്ങൾ സഭാഗാത്രത്തെ പിടിച്ചുലയ്ക്കാൻ തുടങ്ങുമ്പോൾ വറുഗീസ് യുവത്വത്തിലെത്തി കഴിഞ്ഞു. പതിനാലാമത്തെ വയസ്സിൽ സി. എം. എസ് സഭാമാസികയായ മലയാള മിത്രവും ഓർത്തഡോക്സ് സഭാനാവായ ഇടവക പത്രികയും വിശ്വാസാചാരപരമായി നടത്തുന്ന വാദപ്രതിവാദങ്ങളും മാർത്തോമ്മാ വിഭാഗത്തിന്റെ സഭാതാരകയും ഓർത്തഡോക്സ് വിഭാഗത്തിന്റെ ചർച്ച് വീക്കിലിയും നടത്തിയ നിരന്തരസംവാദങ്ങളും ശ്രദ്ധിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

1 എന്റെ സർക്കീട്ട്

കെ. എം. വറുഗീസിന്റെ ആദ്യലേഖനമായിരുന്നു എന്റെ സർക്കീട്ട്. ഇടവകപത്രികയായിരുന്നു ഭൂമിക. മാവേലിക്കര മുതലായ തെക്കൻ ഭാഗങ്ങളിലേക്ക് പ്രൈവറ്റ് സെക്രട്ടറി സർക്കീട്ടു നടത്തുന്നതായി സങ്കല്പിച്ചു കൊണ്ടാണ് രചന. യാത്രാവേളയിൽ മാവേലിക്കരക്കാരി സഭാവനിതയെ-നിരന്തരമായ സംഘർഷങ്ങൾ മൂലം ക്ഷീണിതഗാത്രയായിരിക്കുന്ന സഹോദരിയെ-പ്പറ്റിയാണ്. പ്രതിപാദിക്കുന്നത്.

അന്നത്തെ ക്രൈസ്തവ സഭ നേരിടുന്ന പ്രശ്നങ്ങളിൽ പലതും ഈ ലേഖനത്തിൽ അദ്ദേഹം ചർച്ച ചെയ്യുന്നു.

2 സഭാതാരകയും പേരില്ലാ ലേഖകന്മാരും

നവീകരണവിഭാഗത്തിന്റെ സഭാതാരകയിൽ ഓർത്തഡോക്സ് വിശ്വാസാചാരങ്ങളുടെ ന്യൂനതകളെ ചൂണ്ടികാണിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടപ്പോൾ ഇടവകപത്രികയിൽ മറുകുറിപ്പുകൾ തെളിഞ്ഞു. സഭാതാരകയെ ചോദ്യം ചെയ്തു കൊണ്ടും മറുപടി പ്രതീക്ഷിച്ചു കൊണ്ടും ആയിരുന്നു ഇവ. കെ. എം. ദാനിയേൽ സഭാതാരകയിൽ, ഇടവകപത്രികയിലെ ലേഖകന്മാർ ഗണനീയരല്ല. എന്നു പറഞ്ഞു കൊണ്ട് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. ഇതിനു മറുപടിയായി സഭാതാരകയും പേരില്ലാ ലേഖകൻമാരും എന്ന ലേഖനം കെ. എം. വറുഗീസ് ഇടവക പത്രികയിൽ എഴുതി.

3 ഹൈചർച്ചുകാരുടെ ഉരകല്ലിൽ യാക്കോബായ വിശ്വാസാചാരങ്ങളുടെ മാറ്റ്

ആംഗ്ലിക്കൻ സഭയുമായുള്ള വിശ്വാസവ്യത്യാസത്തിന്റെ വിശകലനമാണ് ഈ ലേഖനം. ആംഗ്ലിയക്കാരിൽ ചക്രവർത്തികൾ, പ്രഭുക്കന്മാർ, ഉദ്യോഗസ്ഥൻമാർ എന്നു വേണ്ട ഇംഗ്ലണ്ടിലെ ജനസംഖ്യയിൽ മുക്കാൽഭാഗവും ചേർന്ന് ഒരു വലിയ ജനസമുദായം ആണ് ഹൈചർച്ചുകാർ എന്ന് ആമുഖത്തിൽ അദ്ദേഹം വിവരിക്കുന്നു. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന, പരേതാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന, കന്യാമറിയത്തിന്റെ അംഗീകാരം എന്നീ തത്ത്വങ്ങൾ ആംഗ്ലിക്കൻ സഭ എതിർത്തിരുന്നു. ഇതിനെതിരെ വറുഗീസ് എഴുതി. ലേഖനം ഇപ്രകാരം ഉപസംഹരിക്കുന്നു.

> യാക്കോബായ സുറിയാനിക്കാരെ! നമ്മുടെ വിശ്വാസത്തെപ്പറ്റി ഏത് ഐറോപ്യനും കുറ്റം പറയട്ടെ. വേദവൈദിയന്മാരായ ഹൈചർച്ചുകാരുടെ ഉരകല്ലിൽ പതിനൊന്നര മാറ്റോടു കൂടി ഉജ്ജ്വലിച്ച് പ്രകാശിക്കുന്ന നമ്മുടെ വിശ്വാസത്തിന്റെ മാറ്റു കാണ്മീൻ.

ഹൈചർച്ചുകാരുടെ ഉരകല്ലിൽ ഇവരുടെ അവഹേളനങ്ങൾ തൃണ സന്നിഭമാണെന്ന് കണ്ടുവല്ലോ. [22]

ക്രൈസ്തവ സഭാവിശ്വാസാചാരങ്ങളുടെ അർത്ഥവും ലക്ഷ്യവും ശക്തമായി വ്യക്തമാക്കുവാനും സമകാലിക സമൂഹത്തിന്റെ ചിന്തകളുണർത്തുവാനും ഈ ലേഖനം പര്യാപ്തമായി.

4 മാർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി നടന്ന എഴുത്തുകുത്തുകൾ

മാർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി കെ. എം. ദാനിയേലുമായി ചർച്ചുവീക്കിലിയിലൂടെ എഴുത്തുകുത്തുകൾ നടത്തി. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള അപേക്ഷ, രഹസ്യകുമ്പസാരം എന്നിവ ഓർത്ത ഡോക്സ് സഭയിൽ 16-ാം നൂറ്റാണ്ടിനു ശേഷം ഉണ്ടായതാണെന്ന് കെ. എം. ദാനി യേൽ സഭാതാരകയിൽ എഴുതി. ചരിത്രസാധ്യതകളും ലക്ഷ്യങ്ങളും ചേർത്തു കൊണ്ട് 16-ാം നൂറ്റാണ്ടിൽ തന്നെ ഇവ നിലനിന്നിരുന്നു എന്ന് വറുഗീസ് സ്ഥാപിച്ചു.

5.1065 ലെ പ്രസിദ്ധമായ ആ രാജിയാലോചനയും അനന്തരഫലങ്ങളും

മലങ്കര ഓർത്തഡോക്സ് സഭയും മാർത്തോമ്മാ സഭയും തമ്മിൽ പിരിയുന്ന രംഗമാണ് നിരണത്തു പള്ളിയിൽ 1065 - ൽ നടന്ന അനുരഞ്ജന സമ്മേളനം. ഈ രാജിയാലോചനയുടെ പശ്ചാത്തലവും ചരിത്രവും അനന്തര ഫലങ്ങളും വിവരി ക്കുന്ന ഈ ലേഖനം ആറുലക്കങ്ങളിലായി ചർച്ചു വീക്കിലിയിൽ പ്രസിദ്ധപ്പെടുത്തി.

നവീകരണ വിഭാഗത്തിന്റെ തലവനായ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഓർത്തഡോക്സ് സഭയുടെ മാർ ദീവന്നാസ്യോസും സമാന്ത രമെത്രാന്മാരായി വളരെക്കാലം കഴിഞ്ഞു. 1050-ാമാണ്ട് പത്രോസ് പാത്രീയർക്കീസ് കേരളത്തിലെത്തി. അന്നത്തെ മെത്രാനായിരുന്ന തോമസ് അത്താനാസ്യോസിന് പാത്രിയർക്കീസുമായി വിയോജിപ്പുണ്ടായിരുന്നു.

വെയിത്സ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ചപ്പോൾ പാത്രീയർക്കീസും ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തെക്കൊണ്ട് മാത്യൂസ് അത്താനാസ്യോസിനു ലഭിച്ചിരുന്ന തിരുവെഴുത്തുവിളംബരം റദ്ദു ചെയ്യിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1054 ൽ ആലപ്പുഴ ജില്ലാകോടതിയിൽ സിവിൽ കേസ് നടന്നു. അതിന്റെ വിധിക്കെതിരെ മാർത്തോമ്മാമെത്രാൻ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. 1061 ൽ രാജകീയ അപ്പീൽ ബോധിപ്പിച്ചു. 1064 ൽ റോയൽ കോടതി വിധി വന്നു. സഭാസ്വത്തുക്കളും അധികാരവും ഓർത്തഡോക്സ് സഭയ്ക്കു ലഭിച്ചു. അതിനുശേഷം നടന്ന അനുരഞ്ജനശ്രമത്തിന്റെ ഭാഗമായി 1065–ൽ നിരണത്തു പള്ളിയിൽ യോഗം ചേർന്നു. പാത്രീയർക്കീസിന്റെ പരമാധികാരം അംഗീകരിക്കുക എന്ന സന്ധിവ്യവസ്ഥ നവീകരണവിഭാഗത്തിനു സ്വീകാര്യമായില്ല. അതിനാൽ സഭ രണ്ടായി പിരിഞ്ഞു. ഈ ചരിത്രവസ്തുത കെ. എം. വറുഗീസ് ലേഖനത്തിൽ വിശകലനം ചെയ്തു. ഇരുപതാം നൂറ്റാണ്ടിലെ ക്രൈസ്തവ യുവാക്കൾക്ക് അപരിചിതമായ പല സഭാചരിത്രസത്യങ്ങളും വറുഗീസ് സ്മൃതിപഥത്തിലേക്ക് കൊണ്ടുവന്നുവെന്നതിനാൽ ഈ സഭാചരിത്രലേഖനങ്ങൾ ഇന്നും പ്രാധാന്യമർഹിക്കുന്നവയാണ്.

6 സുന്നഹദോസും എപ്പിസ്കോപ്പൽ സുന്നഹദോസും.

ഓർത്തഡോക്സ് സഭയിലെ അധികാരികളുടെ നടപടിയെ വിമർശിക്കുന്ന അത്മായക്കാരന്റെ രോഷം ഈ ലേഖനത്തിൽ വറുഗീസ് പ്രകടിപ്പിക്കുന്നു. സുറിയാനിസഭയുടെ വൈദികവും ആത്മീയവുമായ സകല പരമാധികാരവും മലങ്കര ഓർത്തഡോക്സ് - എപ്പിസ്കോപ്പൽ സുന്നഹദോസിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് ചർച്ച് വീക്കിലിയിൽ മുഖപ്രസംഗം വന്നു. സുന്നഹദോസ്, എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നിവയുടെ നിർവ്വചനവും അധികാരപരിധികളും അദ്ദേഹം വിലയിരുത്തി. സുറിയാനിസഭയുടെ കാനോനിൽ സുന്നഹദോസ് എന്നല്ലാതെ എപ്പിസ്കോപ്പൽ സുന്നഹദോസ് എന്ന പദപ്രയോഗമേ കാണുന്നില്ലെന്ന് അദ്ദേഹം പറയുന്നു.

ക്രൈസ്തവസഭയിൽ ഒരു സാധാരണപൗരന്റെ അവകാശം നിലനിർത്തുവാനുള്ള താല്പര്യം ഈ ലേഖനത്തിൽ പ്രകടമാകുന്നുണ്ട്. പൗരാവകാശവാദം രാഷ്ട്രീയരംഗത്ത് അവതരിപ്പിച്ചതുപോലെ ക്രൈസ്തവ സമുദായത്തിൽ ഒരു പൗരന്റെ ധാർമ്മികാവകാശത്തിനു വേണ്ടി അദ്ദേഹം ശബ്ദമുയർത്തി.

6.7 മെത്രാൻ കളി

സഭാനേതാക്കന്മാരായ മേലദ്ധ്യക്ഷന്മാർക്കിടയിൽ നടക്കുന്ന അധികാര വടംവലിയെപ്പറ്റിയുള്ള വിമർശനം ആണ് ഈ ലേഖനം.

> മലങ്കര നസ്രാണികളുടെ ഇടയിൽ അയ്മേനികൾ തമ്മിലുള്ള പോരാട്ടം കത്തനാർ പട്ടത്തിലും പട്ടക്കാർ തമ്മിലുള്ള പോരാട്ടം മെത്രാൻകളിയിലും ചെന്നവസാനിക്കുന്നതായിട്ടാണ് സാധാരണ കാണുന്നത്. [23]

എന്ന് കെ. എം. വറുഗീസ് അഭിപ്രായപ്പെട്ടു. നവീകരണശക്തികളുടെ സ്വാധീനത്തിന കീഴ്പ്പെടാതിരിക്കാൻ ഓർത്തഡോക്സ് സഭ അന്ത്യോഖ്യൻസഭയെ ആശ്രയിച്ചു. സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് അന്ത്യോഖ്യൻപാത്രീയർക്കീസിന്റെ ആധിപത്യം മലങ്കരസഭയെക്കൊണ്ട് അംഗീകരിപ്പിക്കുവാനുള്ള ശ്രമം നടന്നു. സഭയിൽ കക്ഷിവഴക്കുകളായി. നാട്ടുകക്ഷി, ശീമക്കക്ഷി എന്നാണ് കെ. എം. വറുഗീസ് പറയുന്നത്. യൂയോമായസഭയുടെ തലവനായി പനവേലിൽ മത്തായി എന്നയാളെ മാർ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചതിനെ തുടർന്ന് പരസ്പര മുടക്കുകളും മെത്രാനഭിഷേകങ്ങളും മത്സരിച്ചു നടന്നു. വേറൊരു ഭാഗത്ത് നവീകരണമെത്രാനും ഓർത്തഡോക്സ് മെത്രാനും തമ്മിലുള്ള വടംവലികൾ. ഇതിനിടയിൽ അവഗണിക്കപ്പെടുന്ന അത്മായക്കാരുടെ പ്രതിനിധിയായി വറുഗീസ് ലേഖനങ്ങളിലൂടെ തന്റെ വികാരം രേഖപ്പെടുത്തി. 'മെത്രാൻകളി' എന്ന് പരിഹാസപൂർവ്വം നാമകരണം ചെയ്തുകൊണ്ട് ആ അവ്യവസ്ഥയെപ്പറ്റി അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു.

8 ആലുവായോഗത്തിന്റെ ആഭ്യന്തരസ്വരൂപം

1653 – ലെ കൂനൻകുരിശുസത്യത്തിനു ശേഷം നടന്നിട്ടുള്ള മലങ്കരസഭാ പ്രതിപുരുഷസമ്മേളനത്തിൽ പ്രധാനമായിരുന്നു ആലുവായോഗം. മലങ്കര സഭയിലെ കക്ഷിവഴക്കുകളും സഭാവ്യവഹാരങ്ങളും അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിപ്പാൻ ഇരുവിഭാഗക്കാരും ചേർന്ന് 1927 മാർച്ച് 19–ാം തീയതി ആലുവായിൽ യോഗം ചേർന്നു. ഈ മഹാസമ്മേളനത്തിൽ കെ. എം. വറുഗീസ് പല പ്രത്യേകതകളും ദർശിച്ചു.

ക്രൈസ്തവ സഭാചരിത്രത്തിലെ പ്രഥമ മഹാസമ്മേളനം കൂനൻകുരിശുസത്യവും, ദ്വിതീയ മഹാസമ്മേളനം ആലുവാസമ്മേളനവുമാകുന്നു. വില്വാർവട്ടം രാജവംശത്തിന്റെ കിരീടവും ചെങ്കോലും പോർട്ടുഗൽരാജാവിനെ ഏല്പിക്കുന്നതിന് കൊച്ചീത്തുറമുഖത്ത് ക്രൈസ്തവപൂർവ്വികർ ഒരു സമുദായിക മഹാസമ്മേളനം ഒരുക്കി. ഇതിന്റെ ആവർത്തിത രൂപമായിരുന്നു ആലുവാ സമ്മേളനം. മലങ്കര സഭയിലെ ഇരു കക്ഷികളും ഇതിൽ സംബന്ധിച്ചു. അന്ത്യോഖ്യൻ സഭയുടെ അധികാരമോഹം ചർച്ചാവിഷയമായി. ആലുവായോഗം മലങ്കരസഭാംഗങ്ങളുടെ ആത്മാഭിമാനത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും പൗരുഷശക്തിയുടെയും ചിന്താസ്വാതന്ത്ര്യത്തിന്റെയും ഒരു സജീവ മുദ്രയായിരുന്നു.

9 സഭാകാര്യ വ്യവഹാരം

മലങ്കരസുറിയാനി സഭയെ സംബന്ധിച്ച് 1877 – ൽ റവ. ഫാദർ ഈപ്പൻ പാതിരി ചെയ്തിട്ടുള്ള ഒരു ദീർഘദർശനത്തെപ്പറ്റിയുള്ള ലേഖനമാണ് സഭാകാര്യവ്യവഹാരം.

ഒരുത്തനെ ഒരുത്തൻ കീഴ്‌വഴങ്ങാതുള്ള മെത്രാന്മാർ ഒന്നിലധികം സഭയ്ക്ക് മേലധികാരികളായി ചമയുന്നതിൽ വെച്ചുണ്ടാകുന്ന പ്രത്യക്ഷമായ ദോഷങ്ങളെ തടയുവാൻ ശക്തിയായ പ്രതിവിധി ഉണ്ടാകണം. അന്ത്യോഖ്യൻ ബന്ധം തുടർന്നാൽ

ബഹുനായകത്വത്താൽ തിരുത്താനാവാത്ത ദോഷഫലങ്ങളുണ്ടാകും. പാത്രീയർക്കീസിന്റെ ദൂരസ്ഥത നിമിത്തം ഉപജാപങ്ങളും തെറ്റിദ്ധാരണകളും വർദ്ധിക്കുകയും മലങ്കരസഭയെപ്പറ്റിയുള്ള അജ്ഞത നിമിത്തം മെത്രാൻവാഴ്ച ക്രമരഹിതമാകുകയും സഭയിൽ കലഹങ്ങൾ വളരുകയും ചെയ്യും. എന്നിങ്ങനെ ദീർഘദർശനം നടത്തുന്ന പാതിരി ഒരു നിർദ്ദേശവും രേഖപ്പെടുത്തുന്നു. ഇപ്പോൾ ഉള്ളതിൽ ഒരു മെത്രാൻ മേൽസ്ഥാനി ആയിട്ടും ശേഷം പേർ അദ്ദേഹത്തിന്റെ കീഴിൽ സഭാകാര്യങ്ങൾ അന്വേഷിക്കുന്നവരായിട്ടും കല്പിക്കുന്ന ഒരു നിയമം ഉണ്ടാകണം. 50 വർഷം മുമ്പുള്ള ഒരു ദീർഘദർശനത്തിന്റെ കാലികപ്രസക്തി ബോദ്ധ്യപ്പെട്ടതിനാൽ കെ. എം. വറുഗീസ് അത് പുനരവതരിപ്പിച്ചു. ഇന്നും ഈ പ്രതിസന്ധി ക്രൈസ്തവസഭയിൽ തുടർന്നുവരുന്നു.

10 മലങ്കര അസോസ്യേഷനെ മരപ്പാവയാക്കാനുള്ള കാതോലിക്കാക്കക്ഷിയുടെ എപ്പിസ്കോപ്പിസം.

ജനാവകാശത്തെ നശിപ്പിച്ച് മലങ്കര അസോസ്യേഷനെ നിർമ്മാർജ്ജനം ചെയ്യുന്ന വിഷയത്തിൽ മലങ്കരഎപ്പിസ്കോപ്പസി നടത്തുന്ന തയ്യാറെടുപ്പുകളാണ് പരാമർശിക്കപ്പെടുന്നത്. മലങ്കരഅസോസ്യേഷൻ, എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നിവയുടെ ചരിത്രവും പ്രസക്തിയും ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നു. അയ്മേനികൾ പൊതുസഭാഭരണത്തിൽ അവരുടെ ജന്മസിദ്ധമായ അവകാശങ്ങൾക്ക് സുരക്ഷിതത്ത്വവും സുഭദ്രതയും തേടണമെന്ന ഉദ്ബോധനമായിരുന്നു ഈ ലേഖനത്തിന്റെ ലക്ഷ്യം. ഇതിൽ മലങ്കര സഭാചരിത്രം, ഭരണഘടന, ഒരു സഭാംഗത്തിന്റെ അവകാശങ്ങൾ, പാരമ്പര്യ നിയമങ്ങൾ എന്നിവ വിശകലനം ചെയ്തുകൊണ്ട് ക്രിസ്ത്യാനിയുടെ പൗരബോധം ഉണർത്തുവാൻ ശ്രമിച്ചു.

11. നിലയ്ക്കൽ നിന്നുള്ള കുടിമാറ്റം

ബുദ്ധമതക്കാരും നമ്പൂതിരിമാരും നിവസിച്ചിരുന്ന നിലയ്ക്കൽ പ്രദേശത്ത് മാർത്തോമ്മാശ്ളീഹായുടെ പ്രവർത്തനംമൂലം ക്രിസ്ത്യാനികളുണ്ടായി. ഇതരമത സ്ഥരുമായി യോജിച്ചു കഴിഞ്ഞിരുന്ന അവർ ചില പ്രത്യേക സാഹചര്യങ്ങൾ മൂലം അവിടെ നിന്നു കുടിമാറ്റം നടത്തിയതായി കെ. എം. വറുഗീസ് കണ്ടെത്തുന്നു. നിലയ്ക്കൽ പ്രദേശത്തു നിന്ന് കുടിമാറ്റം ഉണ്ടായത് 623 മകരം 1-ാം തീയതി ആയിരുന്നു എന്ന് വറുഗീസ് പറയുന്നു.

പറപ്പറ്റത്തിന്റെ ആക്രമണവും ഉറുമാപ്പുലിയുടെ ശല്യവും മൂലം കുറെയധികം ആളുകൾക്ക് ജീവനാശം സംഭവിച്ചുവെന്നും കുറെപ്പേർ കൂടി പുറപ്പെട്ടു പോയെന്നും പറയപ്പെടുന്നു. 44 തലമുറകൾക്ക് മുമ്പ് ഒരു ജനാധിവാസകേന്ദ്രമായിരുന്നു നിലയ്ക്കൽ. പുറപ്പെട്ടുപോന്നവർ ഒട്ടനവധി നിധികൾ അവിടെ കുഴിച്ചിട്ടിട്ടുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. ഇതിനെപ്പറ്റി കേരളാഗവൺമെന്റ് ഖനനവും ഗവേഷണവും നടത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അദ്ദേഹം ലേഖനമെഴുതി. കേരളീയ സവർണ്ണ ഹിന്ദുക്കളും ആദിമക്രിസ്ത്യാനികളും ഏകോദരസഹോദരങ്ങളായിരുന്നുവെന്നും അത്യന്ത സൗഹൃദത്തോടു കൂടി കഴിഞ്ഞിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തി. ഉഭയദേവാലയാവശിഷ്ടങ്ങൾ ഇതിനു തെളിവായി അദ്ദേഹം സ്വീകരിച്ചു.

12. മലങ്കരസഭയും ക്രൈസ്തവതുർക്കികളും

വിദേശമെത്രാന്മാർക്ക് നാട്ടുകാർ അമിതാദരവു നൽകുന്നതിന്റെ ദൂഷ്യഫലങ്ങൾ ഈ ലേഖനത്തിൽ അദ്ദേഹം സൂചിപ്പിച്ചു. നാട്യഭക്തരും ദ്രവ്യാഗ്രഹികളും അധികാരമോഹികളുമായ തുർക്കിപുരോഹിതന്മാരുടെ ആഗമനം കേരളസഭയിൽ കലഹവും കലാപവും ഉണർത്തിയിരുന്നുവെന്ന് ചരിത്രലക്ഷ്യങ്ങളോടെ അദ്ദേഹം സ്ഥാപിച്ചു.

13. മലങ്കര സുറിയാനി സമുദായത്തിന്റെ ഈടുവെയ്പും പുരാതനകൈയെഴുത്തു ബൈബിളും

മഹാദേവർപട്ടണത്തിന്റെ നാശം മുതൽ മലങ്കരസഭാമെത്രാന്മാർ ഭദ്രാസനവും ഈടുവെയ്പും മാറിക്കൊണ്ടിരുന്നു. അങ്കമാലി, കുറവിലങ്ങാട്, ചെങ്ങന്നൂർ, കടമ്പ നാട്, കല്ലറ എന്നീ സഭാകേന്ദ്രങ്ങൾ മാറിമാറി വന്നു. ആയിരം വർഷം കേരളഭൂമി യിൽ സൂക്ഷിച്ചിരുന്ന ഒരു പുരാതന കൈയെഴുത്തു ബൈബിൾ മതസംബന്ധമായ ഗവേഷണങ്ങൾക്കായി 1806 – ൽ ഡോ. ബുക്കാനന മലങ്കരമെത്രാപ്പോലീത്താ സമ്മാ നിച്ചു. പഴയനിയമവും പുതിയനിയമവും ഉൾപ്പെട്ടതും ഒരു വശത്തു മാത്രമായി മുമ്മൂന്നു കോളം വീതം എഴുതപ്പെട്ടിട്ടുള്ളതും ഒരു വളവുപുരപ്പെട്ടി നിറച്ചൊതുങ്ങു ന്നതുമായ ഒരു മഹാഗ്രന്ഥമായിരുന്നു ഇത്. ഗ്രന്ഥം കേരളത്തിൽ എവിടെ സൂക്ഷിച്ചു എന്നതിനെപ്പറ്റിയുള്ള അഭിപ്രായവ്യത്യാസമാണ് ഈ ലേഖനത്തിന്റെ വിഷയം.

5.3 കേരളീയനസ്രാണികളുടെ രാഷ്ട്രീയസേവനം

കെ. എം. വറുഗീസിന്റെ 'മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചക ല്യാണി' എന്ന നോവലിലെ ചില പരാമർശങ്ങൾ നായർ സമുദായനേതാവായിരുന്ന മന്നത്തുപത്മനാഭപിള്ളയ്ക്ക് അഹിതകരമായി അനുഭവപ്പെട്ടു. ക്രൈസ്തവരെ സംബന്ധിച്ചുള്ള പ്രസ്തുത പരാമർശങ്ങൾ ക്രൈസ്തവ പാരമ്പര്യത്തെക്കുറിച്ചുള്ള മിഥ്യാഭിമാനപ്രകടനമാണെന്ന ധാരണയിൽ അദ്ദേഹം അവയെ എതിർത്തുകൊണ്ട് ലേഖനമെഴുതി. മന്നത്ത് പത്മനാഭപിള്ള രചിച്ച 'പഞ്ചകല്യാണി നിരൂപണ'ത്തിന് ഒരു പ്രത്യാഖ്യാനം എന്ന നിലയിൽ രചിക്കപ്പെട്ട ഗ്രന്ഥമാണ് കേരളീയ നസ്രാണിക ളുടെ രാഷ്ട്രീയ സേവനം. ആമുഖത്തിൽ ഇത് സൂചിപ്പിക്കുന്നു.

> നമ്പൂതിരിമാരിൽ നിന്നും, ഭൂരിപക്ഷം നായന്മാരിൽ നിന്നും മതപരിവർത്തനം ചെയ്തിട്ടുള്ളവരായ കേരളീയനസ്രാണികൾക്ക് അവരുടെ സാക്ഷാൽ തായ്സമുദായമാകുന്ന മേല്പറഞ്ഞ നമ്പൂ

തിരി-നായർ സമുദായങ്ങളോടൊപ്പം കേരളക്കരയോടും, ഇവിടുത്തെ പ്രാചീനഭരണകൂടത്തോടും കേരളസംസ്ക്കാരത്തോടും സുദൃഢമായ രക്തബന്ധവും, രാഷ്ട്രീയബന്ധവും സാംസ്ക്കാരിക ബന്ധവും ഉണ്ടെന്നു പറയുമ്പോൾ സിറിയൻ ക്രിസ്ത്യൻ സമുദായത്തിന്റെ അന്തസ്സിനും അഭിമാനത്തിനും ഹാനികരമാണെന്നുള്ള ചിലരുടെ മിഥ്യാഭ്രമത്തിന്റെ അടിസ്ഥാനരാഹിത്യം ആർക്കും ക്ഷണേന ബോദ്ധ്യപ്പെടുന്നതാണ്. ഈ വാസ്തവം നിർമ്മത്സരബുദ്ധ്യാ സമ്മതിച്ചു കഴിഞ്ഞാൽ മി. പത്മനാഭപിള്ളയുടെ നിരൂപണത്തിന് മറുപടി പറയേണ്ട ആവശ്യം തന്നെ നേരിടുന്നതല്ലല്ലോ. മി. പത്മനാഭപിള്ള തന്റെ നിരൂപണകൃതിയിൽ അവതരിപ്പിച്ചിട്ടുള്ള സർവ്വപ്രധാനമായ വാദമുഖത്തിനും സന്ദർഭവശാൽ അതോടു ചേർന്നുള്ള ഉപവാദശൃംഗങ്ങൾക്കും മറുപടിയായിട്ടാണ് ഈ ഒന്നാം വാല്യം ഞാൻ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയത്. [24]

മന്നത്തു പത്മനാഭപിള്ള പഞ്ചകല്യാണിനിരൂപണത്തിൽ പതിന്നാലു വാദമുഖങ്ങൾ അവതരിപ്പിക്കുന്നു.

1. ഏതാനും നസ്രാണികളെ രാജാവിന്റെ പട്ടാളത്തിൽ ചേർത്തു മാമോദീസാ മുക്കിയില്ലെങ്കിൽ, പൗരസമത്വവാദത്തിനും ആത്മാഭിമാനത്തിനും മതിയാകില്ലെന്നു മി. വറുഗീസ് ഭയപ്പെടുന്നതുകൊണ്ടായിരിക്കണം രാജാവിന്റെ പട്ടാളത്തിലും കുറച്ചു നസ്രാണികളെ ചേർക്കുവാൻ തുനിഞ്ഞത്. (നിരൂപണം പു. 44)
2. കേരളചരിത്രത്തിൽ, നസ്രാണിക്കും രാജ്യഭരണത്തിനും തമ്മിൽ യാതൊരു സംബന്ധവുമുണ്ടാവാൻ സാധ്യമല്ലെന്ന് മി. വറുഗീസ് ധരിക്കേണ്ടതാണ്. (പു 45)

3. കൊച്ചിരാജ്യത്തെ മണ്ണു മുഴുവൻ രക്തം കൊണ്ട് കുഴച്ചത് ക്രിസ്ത്യാനികളാണെന്ന് മി. വറുഗീസ് പറയുന്നുണ്ടെങ്കിലും അതു ചരിത്രത്തിലെങ്ങും കാണുന്നില്ല. (പു. 22)
4. കൂലിപ്പണിക്ക് ആവശ്യമായ തൂമ്പാ, വെട്ടുകത്തി, കലപ്പ മുതലായ ആയുധങ്ങൾ ധരിച്ചേ അവർ അന്നും നടക്കാറുള്ളൂ. എന്നാൽ ആ പരമാർത്ഥത്തെ മറച്ച്. മി. വറുഗീസ് അവരുടെ കൈയിൽ ഒരു വാളും പരിചയും കൊടുത്തു. അതുകൂടാതെ അവരെ പുറത്തു കാണുകയില്ലെന്നും വാദിക്കുന്നു. മോരും മുതിരയും പോലുള്ള സംബന്ധംപോലും വാളും പരിചയും നസ്രാണിയുമായി ഇല്ലെന്ന് അവരുടെ കൂട്ടത്തിലുള്ളവർ സമ്മതിക്കുന്നതാണ്.
5. ഇങ്ങനെ പുരാതന കാലം മുതൽക്കേ പാരമ്പര്യക്രമത്തിനു യുദ്ധവീരന്മാരും ഭരണനിപുണന്മാരും ഉണ്ടായിരുന്നെങ്കിൽ കൊച്ചിയിലെയും കോഴിക്കോട്ടിലെയും തിരുവിതാംകൂർ രാജ്യചരിത്രത്തിൽ ക്രിസ്ത്യാനികളിൽ നിന്ന് ഒരു സേനാനായകനോ മന്ത്രിയോ, ഏതെങ്കിലും ഉണ്ടാകേണ്ടതല്ലായിരുന്നോ? അങ്ങനെ ഒരു ചരിത്രത്തിന്റെ വല്ലഭാഗത്തും കാണിച്ചുതന്നാൽ ഞാൻ വിശ്വസിക്കാം. (പുറം. 54)
6. കൊച്ചിയിലും തിരുവിതാംകൂറിലും ഇന്നു പട്ടാളത്തിൽ ഒരൊറ്റ ക്രിസ്ത്യൻഭടനെയും കാണുന്നില്ല. അവരെ ചേർക്കാത്തതു പൗരസമത്വ ന്യായത്തിനു ചേരാത്തതാണെന്ന് ഇന്നു ബഹളം കൂട്ടിക്കൊണ്ടിരിക്കുന്നതേ ഉള്ളൂ, (പു. 54)
7. ജനിച്ചതുതന്നെ പട്ടാളമായിട്ടുള്ള ക്രിസ്ത്യൻ ജാതി എങ്ങനെ ഏതു കാലത്ത് പട്ടാളത്തിൽ നിന്നു പുറത്തു പോയി എന്ന് തെളിയിക്കേണ്ട ഭാരം മി. വറുഗീസിനാണ് . (പു. 54)
8. സി. അച്ചുതമേനവൻ, കെ. പി. പത്മനാഭമേനവൻ, അപ്പൻ തമ്പുരാൻ, ശങ്കുണ്ണിമേനവൻ മുതലായവ സാക്ഷികളെയും നമ്മുടെ മുമ്പാകെ ഹാജരാക്കുന്നു. ചില വഴിയാത്രക്കാർ പറഞ്ഞതിനെ അവർ സ്റ്റേറ്റ്മാനുവലിലും കൊച്ചി രാജ്യചരിത്ര

ത്തിലും പകർത്തി വച്ചു എന്നല്ലാതെ അതിൽ കവിഞ്ഞൊരു ഉത്തരവാദിത്തവും ഈ കാര്യത്തിൽ അവർക്കില്ല. എന്നാൽ അവർ സ്വന്തം നിലയിൽ സമ്മതിച്ചിരിക്കുന്നുവെന്നാണ് വായനക്കാരെ ധരിപ്പിക്കാൻ മി. വറുഗീസ് ശ്രമിക്കുന്നത്. (പുറം 54)

9. മാപ്പിളയും പെമ്പിളയും കൂടി വളഞ്ഞ കൊയ്ത്തരിവാളുമായി (വാളല്ലെന്ന് അർത്ഥം) പാടത്തേക്ക് പോകുന്നതായിരിക്കും ആ മദാമ്മ കണ്ടത് (പുറം 66)

10. മി. വറുഗീസിന്റെ ജാതിക്കാർ പരിച കണ്ടിട്ടുണ്ടെങ്കിൽ അത് നായരുടെ കൈയിൽ വെച്ചായിരിക്കുമെന്നും വാൾ എടുത്തിട്ടുണ്ടെങ്കിൽ അതു മരമറുക്കാനായിരിക്കണമെന്നും കുമ്പസാരത്തിലെങ്കിലും സമ്മതിക്കാതിരിക്കുകയില്ല. (പു 49)

11. ഏതെങ്കിലും ഒരു രാജ്യത്ത് ജനങ്ങളിൽ ഒരു കൂട്ടരുടെ സാമുദായിക ജീവിതത്തിന അവർ പ്രത്യേക പട്ടാളം ഉണ്ടാക്കി അതേ അതിർത്തിക്കകത്തു ഭരണം നടത്തുകയും ചെയ്തതായി വല്ല ചരിത്രവും മി. വറുഗീസിനു കാണിച്ചു തരാൻ കഴിയുമോ? (പു. 43)

12. കേരളത്തിൽ യുദ്ധവൃത്തിയും രാജ്യരക്ഷാപുരുഷത്വവും സൈന്യ സേവനവും ഒരു പ്രത്യേവർഗക്കാർക്ക് മാത്രമുള്ളതാണെന്ന് വകതിരിവില്ലാത്ത ചിലർ പെരുമ്പറ മുഴക്കുന്നത് അസത്യം കൊണ്ടാണെന്ന് അദ്ദേഹം സമ്മതിക്കുന്നു. ഈ പ്രത്യേക വർഗം ആരാണെന്ന് തുറന്നു പറയുന്നെങ്കിൽ അത് നായന്മാരായിരിയ്ക്കണം. അവർക്ക് പറവാൻ അവകാശമുള്ളതുകൊണ്ടും അത് ചരിത്രസാക്ഷ്യമുള്ള പരമാർത്ഥമായതു കൊണ്ടും അത് കണ്ട് കയർത്തിട്ട് ഫലമില്ല. (പു. 44-45)

13. മുത്തുക്കറുപ്പൻ മെത്രാപ്പോലീത്തായുടെ മാറ്റൊരു വെള്ളിവില്ലാക്കാരനായ വെട്ടുകുഴി മാമനോടായിരുന്നു അടവുകൾ മുഴുവൻ പഠിച്ചതെന്നു വറുഗീസ് പറയു

ന്നു. അത് ക്രിസ്ത്യാനികളുടെ ഒരു കുലവിദ്യയോ കലാവിദ്യയോ ആണെന്നു കൂടി മി. വറുഗീസിന് അഭിപ്രായമുണ്ടെന്നു തോന്നുന്നു. (പു. 35)

14. അതുകൊണ്ട് വറുഗീസിനും അദ്ദേഹത്തിന്റെ ജാതിക്കാർക്കും പട്ടാളബന്ധം മേലാലുണ്ടാകേണ്ടതാണ്. (പു 55)

മന്നത്തു പത്മനാഭപിള്ള സർവ്വീസ് പത്രം മുഖേനയും പഞ്ചകല്യാണി നിരൂപണം എന്ന ഗ്രന്ഥം മുഖേനയും അവതരിപ്പിച്ച വാദമുഖങ്ങൾക്ക് ഈ കൃതിയിലൂടെ അദ്ദേഹം മറുപടി നൽകി.

യുദ്ധം ഒരു പ്രത്യേക സമുദായത്തിന്റെ കുലവൃത്തി മാത്രമായിരുന്നില്ലെന്നും ഒരു രാഷ്ട്രീയവൃത്തി ആയിരുന്നുവെന്നും വറുഗീസ് ചരിത്രപശ്ചാത്തലത്തിൽ സമർത്ഥിച്ചു. കേരളീയ നസ്രാണികളുടെ ആയുധാഭ്യാസ പരിശീലനത്തെയും യുദ്ധ സേവനത്തെയും സംബന്ധിച്ച് പാശ്ചാത്യചരിത്രകാരന്മാരുടെയും നാട്ടുചരിത്രകാര ന്മാരുടെയും അഭിപ്രായങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. കൃതിയിലെ ആശയങ്ങൾ സംക്ഷേപിക്കാം.

4.3 1. പെരുമ്പടപ്പു ഭടന്മാർ

മലങ്കര നസ്രാണികൾ അധികവും പെരുമ്പടപ്പുസ്വരൂപത്തിലെ പ്രജകളായിരു ന്നു. കൊച്ചിരാജാവിനോടും പെരുമ്പടപ്പുസ്വരൂപത്തോടും അവർ ഭക്തിയുള്ളവരായി രുന്നു. കൊച്ചിരാജാവിന്റെ സൈന്യത്തിൽ ഒരു വലിയ വിഭാഗം നസ്രാണികളായിരു ന്നു. കൊച്ചിസ്റ്റേറ്റുമാനുവൽ, കേരളത്തിലെ സത്യവേദചരിത്രം, ബിഷപ്പ് മിഡിൽറ്റൺ എഴുതിയ കുറിപ്പുകൾ. ഹൗ എഴുതിയ വിവരങ്ങൾ, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ശ്രീമാനവവിക്രമവിജയം, ഹിസ്റ്ററി ഓഫ് ദ ചർച്ച് ഓഫ് മലബാർ എന്ന കൃതിയിൽ ഗെഢീസ് നൽകുന്ന രേഖകൾ, ക്രിസ്റ്റ്യാനിറ്ററി ഇൻ ഇന്ത്യ എന്ന ഗ്രന്ഥത്തിൽ ഹൗ നൽകുന്ന വിവരങ്ങൾ, കൊച്ചിരാജ്യചരിത്രം, ഹിസ്റ്ററി ഓഫ് ദ ഡിക്ലൈൻ ആൻഡ്

ഫോൾ ഓഫ് റോമൻ എംപയർ, തിരുവിതാംകൂർ സ്റ്റേറ്റ്മാനുവൽ, മലബാർ ഗസറ്റിയർ, ടിപ്പുവിന്റെ എഴുത്തുകൾ, എന്നിവയെല്ലാം അദ്ദേഹം ആധാരമാക്കി.

2. തിരുവിതാംകൂർ രാജാവിന്റെ ക്രിസ്ത്യൻ സൈന്യങ്ങൾ

പണ്ടത്തെ വേണാട്ടു രാജ്യവുമായി മലബാറിലെ പുരാതന സുറിയാനി ക്രിസ്ത്യാനികൾക്കു കാര്യമായ ബന്ധം ഉണ്ടായിരുന്നില്ല. അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വേണാട്ടുരാജ്യാതിർത്തി പറവൂർ വരെ വ്യാപിച്ചപ്പോൾ കൊച്ചിക്കു തെക്കുള്ള സുറിയാനിക്രിസ്ത്യാനികൾ തിരുവിതാംകൂർ രാജാക്കന്മാരുടെ സ്ഥിരം പ്രജകളായിത്തീർന്നു. എ. ഡി. 1503 – നോട് അടുത്ത് ഫ്രാൻസിസ് സേവ്യറുടെയും വിദേശമിഷനറിമാരുടേയും പ്രവർത്തനം മൂലം മതപരിവർത്തനം നടന്നു. മാവേലിക്കര, കൊട്ടാരക്കര പ്രദേശങ്ങളും തിരുവിതാംകൂറിന് അധീനമായപ്പോൾ തദ്ദേശീയരായ നസ്രാണിഭടന്മാർ നായർഭടന്മാരോടൊപ്പം തിരുവിതാംകൂർ സൈന്യസമൂഹത്തിൽ ഭടവൃത്തി സ്വീകരിച്ചു.

1929 ൽ തിരുവിതാംകൂർ രാജാവും ചെമ്പകശ്ശേരി രാജാവുമായി നടത്തിയ തോട്ടപ്പള്ളിയുദ്ധവും, 1930 ൽ ആറന്മുളയിൽ വെച്ച് തെക്കുംകൂർരാജാവുമായി നടന്ന യുദ്ധവും ക്രിസ്ത്യൻ സൈന്യങ്ങളുടെ പ്രാതിനിധ്യം വ്യക്തമാക്കി. പി. ശങ്കുണ്ണി മേനോന്റെ തിരുവിതാംകൂർ ചരിത്രം, തിരുവിതാംകൂർ സ്റ്റേറ്റ്മാനുവൽ എന്നിവ തിരുവിതാംകൂർ സൈന്യത്തിലെ നസ്രാണി ഭടന്മാരെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ നൽകുവാൻ വറുഗീസ് അടിസ്ഥാനമാക്കി.

3. ചെമ്പകശ്ശേരി രാജാവിന്റെ നസ്രാണിഭടന്മാർ

ചെമ്പകശ്ശേരി രാജാവിന്റെ സൈന്യവിപുലനത്തിനായി ആയുധാഭ്യാസചതുരരായ വിവിധ വർഗക്കാരെ ചേർത്തു കച്ചവടം, യുദ്ധസേവനം, രാജ്യഭരണം എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള നസ്രാണികുടുംബങ്ങളെ അദ്ദേഹം സ്വരാജ്യത്തേക്കു ക്ഷണിച്ചു വരുത്തി. ഇപ്പോൾ, കൈനകരി, പുളിങ്കുന്ന്, ചമ്പക്കുളം, പുറക്കാട് മുത

ലായ പല സ്ഥലങ്ങളിലുമുള്ള പല പുരാതന നസ്രാണി കുടുംബങ്ങൾക്കും ഈ ചരിത്രപശ്ചാത്തലം ഉണ്ട്. പുറക്കാട്, കുടമാളൂർ എന്നിവിടങ്ങളിൽ നസ്രാണികൾക്കായി ദേവാലയങ്ങൾ ചെമ്പകശ്ശേരി രാജാവ് പണിതു കൊടുത്തു. നസ്രാണിയുടെ സേവനവും സഹായവും സംസ്ക്കാരവും സഹകരണവും പണ്ടത്തെ രാജാക്കന്മാർക്ക് പ്രയോജനപ്പെട്ടിരുന്നു. കപ്പലോട്ടവും വ്യാപാരസഹകരണവും ചുങ്കവും വഴി രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ അവർ സഹായിച്ചിരുന്നു.

> മേൽ പ്രസ്താവിച്ച വിധം രാജ്യോൽക്കർഷകരമായ അവരുടെ സഹകരണപ്രബലത, സ്ഥിരവാസപൂർവ്വമായ വാണിജ്യവൃത്തി, വിദേശവണിക്കുകളും ആയുള്ള വ്യാപാരബന്ധം, യുദ്ധസേവനം, സ്വാധീനശക്തി എന്നിവയെ മുൻനിർത്തി പല സ്വതന്ത്ര രാജാക്കന്മാരും വമ്പിച്ച തിരുമുല്ക്കാഴ്ചകൾ സ്വീകരിച്ചു കൊണ്ട് ദേവാലയങ്ങൾക്കായി ഭൂദാനവും ദ്രവ്യദാനവും ചെയ്കയുണ്ടായിട്ടുണ്ട്. [25]

കെ. പി. പത്മനാഭമേനവന്റെ കൊച്ചിരാജ്യചരിത്രം, ഈപ്പൻപാദ്രിയുടെ വിരുതുപ്രകരണം, ഫാദർ ബർണ്ണാഡിന്റെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, കൊച്ചിരാജ്യചരിത്രം, പറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കരിയാറ്റിൽ മല്പാന്റെ പരദേശയാത്ര മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നിവയിൽ നിന്ന് അദ്ദേഹം തെളിവുകൾ നിരത്തി.

4. പോർട്ടുഗീസുകാരുടെ നസ്രാണി സൈന്യങ്ങൾ

പതിനഞ്ചാം ശതകത്തിന്റെ അന്ത്യഘട്ടത്തിൽ പോർട്ടുഗീസുകാർ കേരളത്തിലെത്തി. പോർട്ടുഗീസ് യുദ്ധവീരനായ പച്ചിക്കോനായന്മാർ, മലബാർ ക്രിസ്ത്യാനികൾ, പുരാതന കുടിപാർപ്പുകാരായ മുസൽമാന്മാർ എന്നിവരിൽ നിന്ന് സൈന്യത്തെ ശേഖരിച്ചു.

> പോർട്ടുഗീസ് സൈന്യത്തിലുണ്ടായിരുന്ന നസ്രാണിഭടന്മാരുടെ സാമർത്ഥ്യത്തെയും ധീരതയെയും കുറിച്ച് പതിനഞ്ചാം ശതാബ്ദത്തിലെ പരിഷ്കൃതയുദ്ധതന്ത്രങ്ങൾ അഭ്യസിച്ചിരുന്ന ആയോധനനിപുണന്മാരായ പറങ്കികൾക്ക് മതിപ്പും വിശ്വാസവും വർദ്ധിച്ച് വശായതോടെ, കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെ ഒട്ടുക്കു ലത്തീൻഭരണത്തിനു കീഴ്പ്പെടുത്തുന്ന പക്ഷം അതു കേരളത്തിൽ മാത്രമല്ല, ഇന്ത്യ ഒട്ടുക്കുതന്നെയും പോർട്ടുഗീസ് ശക്തിയ്ക്കു സ്ഥിരപ്രതിഷ്ഠ സമ്പാദിപ്പാൻ പല പ്രകാരത്തിൽ സഹായിക്കുന്നതാണെന്ന് അവർക്ക് ഉറപ്പുണ്ടായി. [26]

ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ, ഹിസ്റ്ററി ഓഫ് ദ ചർച്ച് ഓഫ് മലബാർ, ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ എന്നിവയെ അദ്ദേഹം പഠനവിധേയമാക്കി.

5. ഡച്ചുകാരുടെ നസ്രാണി സൈന്യങ്ങൾ.

പോർട്ടുഗീസുകാരെ തുടർന്നെത്തിയ ഡച്ചുകാർ വ്യാപാരികളും ആയോധനാഭിരുചി ഉള്ളവരുമായ സുറിയാനി ക്രിസ്ത്യാനികളെ തങ്ങളുടെ സൈന്യത്തിൽ ചേർത്തു. പോർട്ടുഗീസുകാരുടെ നയവൈകല്യങ്ങൾ മൂലം ബദ്ധപ്പെട്ടിരുന്ന സുറിയാനി ക്രിസ്ത്യാനികൾ ഡച്ചുകാരുമായി വേഗത്തിലടുത്തു.

> കേരള നസ്രാണികളുടെ ആയോധനവൈദഗ്ദ്ധ്യത്തെയും വിശ്വസ്തതയേയും പറ്റി ശരിക്കു മനസ്സിലാക്കിയിരുന്ന ഡച്ചുകാർ അവരെ സ്വന്തം സൈന്യത്തിൽ ഭടന്മാരായി ചേർത്തതിനും പുറമേ അവർക്കു സൈന്യവകുപ്പിൽ ഉയർന്നതരം ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും നൽകിയതിൽ ഒട്ടും തന്നെ ആശ്ചര്യത്തിനു വകയില്ല.[27].

കന്റേറാർ വിഷറുടെ മലബാറിൽ നിന്നുള്ള കത്തുകൾ, കൊച്ചിരാജ്യ ചരിത്രം, ദ ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ, ഹെന്റി വാന്റീഡിന്റെ കത്തുകൾ, യു. സി. കോളജ് മാഗസിൻ എന്നിവയിൽ നിന്ന് കെ എം.വറുഗീസ് വസ്തുതകൾ കണ്ടെത്തി.

6. നസ്രാണിസേനാനായകന്മാർ

പെരുമ്പടമ്പു നസ്രാണികളെയും അവരുടെ രാജ്യഭരണബന്ധങ്ങളെയും സാക്ഷ്യപ്പെടുത്തുന്ന റിക്കാർഡുകൾ കൊച്ചിയിലെ ഈടുവെയ്പ്പിൽ സൂക്ഷിച്ചിരുന്നു. പതിനാറും പതിനേഴും ശതകങ്ങളിൽ പോർട്ടുഗീസുകാരും ഡച്ചുകാരും സുറിയാനി ക്രിസ്ത്യാനികളെ അവരുടെ സൈന്യത്തിൽ നായകന്മാരും ഉപനായകന്മാരും ആയി നിയമിച്ചിരുന്നു. വേണാട്ടധിപനായ മാർത്താണ്ഡവർമ്മ മഹാരാജാവ് ഡച്ചുക്രിസ്ത്യാനിയായ ഡിലോനോയിയെ വലിയ കപ്പിത്താനായും വേറൊരു ഡച്ചുകാരനായ ഡോനാഡിയെ ഉപനായകനായും നിയമിച്ചിരുന്നു.

മൂവാറ്റുപുഴ താലൂക്കിലെ മെച്ചരുതരകൻ, കൊല്ലം താലൂക്കിലെ ഉണ്ണിനയിനാർ പടത്തരകൻ എന്നിവർ വടക്കും തെക്കും പ്രദേശങ്ങളിൽ പ്രസിദ്ധി നേടിയിരുന്ന പടനായകന്മാരായിരുന്നു. ഈ വക വസ്തുതകൾ കുര്യൻ പാദ്രി എഴുതിയ പ്രകരണം, സെൻസസ് ഓഫ് ഇന്ത്യ, കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് ഓഫ് ഇന്ത്യ, കൊച്ചി സ്റ്റേറ്റ് മാനുവൽ, ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ, ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ എന്നീ ഗ്രന്ഥങ്ങളുടെ ഗവേഷണ പശ്ചാത്തലത്തിൽ സമർത്ഥിക്കുന്നു. നസ്രാണി സേനാനായകന്മാരെപ്പറ്റി പറഞ്ഞവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്.

> പോർട്ടുഗീസുകാർ, ലന്തക്കാർ തുടങ്ങിയിട്ടുള്ള പാശ്ചാത്യന്മാരാവട്ടെ കേരള രാജാക്കന്മാർ ആവട്ടെ, പൂർവ്വകാലത്തു ഭടവൃത്തി, സേനാനായകത്വം എന്നിവ സംബന്ധിച്ച് യാതൊരുവന്റെയും ജാതിയും മതവും ബാധകമായി പരിഗണിച്ചിരുന്നില്ലെന്നുള്ളതിനു നിസ്തർക്ക ചരിത്രലക്ഷ്യങ്ങൾ നിരവധിയു

ണ്ടെന്നിരിക്കെ, കേരളീയ ക്രിസ്ത്യാനികളുടെ യുദ്ധവൃത്തി മുഴു വൻ തൂമ്പയും വെട്ടുകത്തിയും കൊണ്ടാണെന്ന് വാദിപ്പാൻ മാത്രം ചരിത്രപാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ചിലർ ക്രൈസ്തവസമുദായ ത്തിൽ നിന്ന് ഒരൊറ്റ സേനാനായകനെയെങ്കിലും ചൂണ്ടിക്കാണി പ്പാൻ വെല്ലുവിളിക്കുമ്പോഴൊക്കെയും ഇന്ദ്രനീലക്കല്ലിനു ചുവപ്പു നിറമില്ലെന്നും പത്മരാഗത്തിനു നീലിമയില്ലെന്നും എന്നാൽ എനി ക്കാവട്ടെ ഇതു രണ്ടുമുണ്ടെന്നും പറഞ്ഞു കുന്നിക്കുരു അഹങ്കരി ച്ചു പുളയ്ക്കുന്നുവെന്നുള്ള മേല്പത്തൂർ ഭട്ടതിരിപ്പാടിന്റെ സംസ്കൃതശ്ലോകമാണ് ഓർമ്മ വരുന്നത്. [28]

7. നസ്രാണി പട്ടക്കാരും യുദ്ധവൃത്തിയും

കേരളീയ നസ്രാണി മാപ്പിളമാർ മാത്രമല്ല, ആയോധനാഭ്യാസവിദഗ്ധരായ നസ്രാണി വൈദികന്മാർ കൂടിയും പൂർവ്വകാലത്ത് യുദ്ധസേവനത്തിൽ ഏർപ്പെട്ടിരു ന്നു എന്ന് ചരിത്രലക്ഷ്യങ്ങളുടെ സഹായത്താൽ കെ. എം. വറുഗീസ് പ്രസ്താവിക്കു ന്നു. പോർട്ടുഗീസ് ആർച്ച് ബിഷപ്പ് മെനേസിസ്സ് കേരള ക്രൈസ്തവ ബിഷപ്പുമാരെ റോമിന്റെ അധികാരത്തിലേക്ക് കൊണ്ടുവരാനായി സന്ദർശിച്ചപ്പോൾ പറവൂർ, ആല ങ്ങാട്, തൃപ്പൂണിത്തറ എന്നീ പള്ളികളിലെ ആയുധപാണികളായ നസ്രാണി ഭടന്മാ രെ കണ്ട് തിരികെ പോയതായി ചരിത്രം രേഖപ്പെടുത്തുന്നു.

ദ സിറിയൻ ചർച്ച് ഓഫ് ഇന്ത്യ, ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ ലെറ്റേഴ്സ് ഫ്രം മലബാർ, വിരുതു പ്രകരണം, ദ ആക്റ്റസ് ആൻഡ് ഡിക്രീസ് ഓഫ് ദ സിനഡ് ഓഫ് ഡയാംപർ, ഉദയമ്പേരൂർ സുന്നഹദോസിന്റെ മലയാളം കാനോനാ, ഹിസ്റ്ററി ഓഫ് ചർച്ച് ഓഫ് മലബാർ എന്നീ ഗ്രന്ഥങ്ങളിൽ നിന്ന് ലഭിച്ച ആധികാ രിക വസ്തുതകളാണ് ഈ ലേഖനത്തിന ആധാരമായി കെ. എം. വറുഗീസ് സ്വീകരി ച്ചത്.

8. ഓണപ്പടയും നസ്രാണികളും

കേരളീയ യോദ്ധാക്കളുടെ ശൗര്യവീരപരാക്രമങ്ങൾ നിലനിർത്തിപ്പോന്നിരുന്ന ഓണപ്പട, ഓണത്തല്ല്, കയ്യാറ്റക്കളി എന്നിവയിൽ നസ്രാണിയോദ്ധാക്കളും പങ്കെടുത്തിരുന്നു. പോട്ടുഗീസുകാർ നസ്രാണികളുടെ ഈ സാമുദായിക വിനോദയുദ്ധകലയ്ക്ക് വിലക്കേർപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ രാജ്യസേവനാർത്ഥം നായന്മാരോടൊരുമിച്ച് പടപൊരുതുകയും പടക്കളി നടത്തുകയും മാത്രമല്ല, നായന്മാരുടെ എല്ലാ ഉത്സവങ്ങളിലും നായന്മാരോടൊപ്പം പങ്കു കൊള്ളുകയും ചെയതുപോന്നതു 150 വർഷക്കാലം ഈ പശ്ചിമതീരത്തുപാർത്ത പോർട്ടുഗീസുകാർ സ്വന്തം കണ്ണുകൊണ്ട് കണ്ട് ബോധിക്കത്തക്കവണ്ണം മതസംബന്ധമായ കാര്യങ്ങളിൽകൂടിയും പരസ്പരം സമ്പർക്കം ചെയ്തുപോന്നിരുന്ന ഏകോദരസഹോദരങ്ങളാണെന്നുകൂടി ഇതിൽ നിന്നു വെളിപ്പെടുമെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. പോർട്ടുഗീസുകാർ വിലക്കു കല്പിക്കത്തക്കവിധം 16-ാം ശതകംവരെ കേരളീയ ക്രിസ്ത്യാനികളും ഹിന്ദുക്കളും പരസ്പരം അംഗീകരിച്ച് പ്രവർത്തിച്ചിരുന്നു എന്ന് ചരിത്രസാധുതയോടെ വറുഗീസ് സമർത്ഥിക്കുന്നു.

9. നസ്രാണി വൈദികാദ്ധ്യക്ഷന്മാരുടെ അംഗരക്ഷക സൈന്യങ്ങൾ

പ്രാചീനകാലത്ത് സമുദായാദ്ധ്യക്ഷപദം വഹിച്ചു പോന്ന മെത്രാപ്പോലീത്താമാർ ആദ്ധ്യാത്മിക ഗുരുക്കന്മാരും സ്വസമുദായത്തിന്റെ നായകന്മാരും ആയിരുന്നുവെന്ന് ചരിത്രരേഖകളോടെ അദ്ദേഹം സമർത്ഥിച്ചു. അവരുടെ സമുദായദ്ധ്യക്ഷപദവിയെ മുൻനിർത്തി സമുദായവും രാജാക്കന്മാരും അവരിൽ നിക്ഷേപിച്ചിരുന്ന അധികാരത്തിനും പ്രതാപത്തിനും അവർക്കു ലഭിച്ചിരുന്ന രാജകീയ പദവികൾക്കും അനുയോജ്യമായ നിലയിൽ ഒരു നാടുവാഴിക്കൊപ്പം ഒരു സംഘം അംഗരക്ഷകസൈന്യത്തെ പരിരക്ഷിച്ചുപോരേണ്ട ചുമതലയും അവർക്കുണ്ടായിരുന്നുവെന്നും പതി

നെട്ടാം ശതാബ്ദത്തിന്റെ അന്ത്യഘട്ടം വരെയ്ക്കും അവർ ഈ അംഗരക്ഷകസൈന്യത്തെ സംരക്ഷിച്ചുപോന്നുവെന്നും അദ്ദേഹം സ്പഷടമാക്കി

അങ്കമാലി ബിഷോപ്പിന്റെ ലൗകികാധികാരങ്ങളെപ്പറ്റി ഫ്രാൻസിസ് ഡേയും മെത്രാന്മാരുടെ ലൗകിക ചുമതലകളെപ്പറ്റി ഹൗവും സുറിയാനി ക്രിസ്ത്യാനികൾ സൈന്യങ്ങളെ നല്കുന്നതിനെപ്പറ്റി ലക്രോസും ഡച്ചുകാരുടെ കാലത്തെ മലങ്കര മെത്രാപ്പോലീത്താമാരുടെ അധികാരത്തെപ്പറ്റി കാന്റർ വിഷറും രേഖപ്പെടുത്തുന്നു. ആർച്ച് ബിഷപ്പ് ഡോം മെനേസ്സിസ് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കൊച്ചിരാജാവ് സുറിയാനി ക്രിസ്ത്യാനികളെയും അവരുടെ നേതാവിനെയും പോർട്ടുഗീസുകാർക്കു കീഴടക്കി കൊടുക്കുന്നതിൽ ആനുകൂല്യം കാണിക്കാത്തതിൽ മെനേസ്സിസ് പരിഭവം രേഖപ്പെടുത്തുന്നുണ്ട്. ആർച്ച് ബിഷപ്പ് ഡോം മെനേസ്സിസ്സും അർക്കദയാക്കോനും തമ്മിൽ കൂടിക്കാഴ്ച നടക്കുമ്പോൾ അർക്കദയക്കോന്റെ ഒപ്പമുണ്ടായിരുന്ന അംഗരക്ഷക സൈന്യത്തെപ്പറ്റി ചരിത്രത്തിൽ രേഖപ്പെടുത്തുന്നുണ്ട്. തിരുവിതാംകൂർ – കൊച്ചി രാജസ്വരൂപങ്ങളുടെ ഭരണരീതിയിൽ മാറ്റങ്ങൾ വന്നപ്പോൾ നസ്രാണി സമുദായാദ്ധ്യക്ഷന്മാർക്ക് അംഗരക്ഷകഭടസമൂഹത്തെ നിലനിറുത്തേണ്ട ആവശ്യം ഇല്ലാതെവന്നു. ഈ സാഹചര്യത്തെപ്പറ്റി കെ. എം. വറുഗീസിന്റെ നിഗമനം ഇപ്രകാരമാണ്.

> കഥ ഇങ്ങനെയാണെങ്കിലും കേരളീയമെത്രാപ്പോലീത്തന്മാരുടെ മെയ്കാവൽപ്പടയെ ഓർമ്മപ്പെടുത്തുന്നതായ ലക്ഷ്യാവശിഷ്ടമെന്ന നിലയിൽ, മലങ്കര മാർത്തോമ്മാസഭാദ്ധ്യക്ഷന്മാരായ മർത്തോമ്മാ മെത്രാപ്പോലീത്താന്മാരുടെ പരസ്യയാത്രയിൽ ഇന്നും വാളും പരിചയും ധരിച്ച് ചിലർ അകമ്പടി സേവിച്ചുപോരുന്നതായി ക്രിസ്ത്യാനികളിലും ഹിന്ദുക്കളിലും അനവധി ജനങ്ങൾ കണ്ടുബോധിച്ചിട്ടുള്ളതാണല്ലോ. [29]

കൊച്ചി സ്റ്റേറ്റ് മാനുവൽ, ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ, കൊച്ചി രാജ്യചരിത്രം, ലാൻഡ് ഓഫ് പെരുമാൾസ്, ലെറ്റേഴ്സ് ഫ്രം മലബാർ, ഹിസ്റ്ററി ഓഫ് ചർച്ച് ഓഫ് മലബാർ, ക്രിസ്റ്റ്യൻസ് ഓഫ് സെന്റ് തോമസ് ആൻഡ് ദേയർ ലിറ്റർജീസ്, മാർത്തോമ്മാക്രിസ്ത്യാനികൾ, വിരുതുപ്രകരണം എന്നിവയെ ഈ വിഷയത്തിൽ അദ്ദേഹം പഠനവിധേയമാക്കി.

10. നസ്രാണിപണിക്കന്മാരും അവരുടെ കളരി സമ്പ്രദായവും

കേരളീയരുടെ ആയുധവിദ്യാദ്ധ്യാപകത്വത്തെ സൂചിപ്പിക്കുന്ന സ്ഥാനപ്പേരായിരുന്നു പണിക്കർ. അക്ഷരവിദ്യയിലും ആയുധാഭ്യാസവിഷയത്തിലും വിദ്യാഗുരുക്കന്മാർക്ക് ജാതിയും മതവും തടസ്സമായിരുന്നില്ല. നമ്പൂതിരി, നായർ, മണ്ണാൻ, കമ്മാളൻ, വെളുത്തേടൻ എന്നീ വർഗ്ഗങ്ങളിൽ നിന്നെല്ലാം ആയോധനകുലഗുരുക്കൾ ഉണ്ടായിരുന്നു. കച്ചവടം, കൃഷി, ആയുധാഭ്യാസം എന്നിവ തൊഴിലാക്കിയിരുന്ന നസ്രാണികളെപ്പറ്റി ഫാദർ ബർണ്ണാഡ് പറയുന്നത് വറുഗീസ് രേഖപ്പെടുത്തുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും പണിക്കർ സ്ഥാനികളായി നിരവധി നസ്രാണികുടുംബങ്ങൾ ഉണ്ടായിരുന്നുവെന്നും ഹൈന്ദവസാമ്യം നിമിത്തം ചിലർ ആ പദം ഉപയോഗിച്ചുവെന്നും പറയുന്നു. ആയുധവിദ്യാഗുരുസ്ഥാനം വഹിച്ചിരുന്ന ചില കുടുംബങ്ങളുടെ പട്ടിക ലേഖനത്തിൽ ചേർത്തിട്ടുണ്ട്. നസ്രാണിപണിക്കന്മാരും ഹിന്ദുപണിക്കന്മാരും കളരിപൂജ തുടങ്ങിയുള്ള ആയോധനകർമ്മങ്ങളും ചിട്ടകളും ഒരുപോലെ അനുഷ്ഠിച്ചിരുന്നു. പണിക്കന്മാരുടെ കഴിവുകൾ, ജോലികൾ, അദ്ധ്യയനരീതി, സമൂഹത്തിലെ പദവികൾ എന്നിവയെല്ലാം അദ്ദേഹം വിവരിക്കുന്നുണ്ട്. ഉദാഹരണമായി മാവേലിക്കര മല്ലിട്ടിപ്പണിക്കന്മാരുടെ പദവികളും അവകാശങ്ങളും സവിസ്തരം പ്രതിപാദിക്കുന്നു. (ഈ ചരിത്ര സത്യങ്ങൾ ഇന്നുള്ള മല്ലിട്ടിപ്പണിക്കർ കുടുംബാംഗങ്ങളും സമ്മതിക്കുന്നു.)

11. കുഞ്ചൻ നമ്പ്യാരും നസ്രാണിസൈന്യങ്ങളും

കുഞ്ചൻനമ്പ്യാരുടെ രുഗ്മിണീസ്വയംവരത്തിൽ സൈന്യശേഖരണം നടത്തുന്നതിനെപ്പറ്റി പറയുന്നതിനിടയിൽ 'പലവക നസ്രാണികൾ' എന്ന സൂചനയും കാണുന്നു. നമ്പ്യാരുടെ തുള്ളൽ കൃതികളെയും കാലഘട്ടത്തെയും വിശകലനം ചെയ്തുകൊണ്ട് ക്രിസ്ത്യാനികളുടെ സൈന്യസേവനത്തെപ്പറ്റി വറുഗീസ് കൂടുതൽ വിവരങ്ങൾ നൽകുന്നു. ഇതര സമുദായങ്ങളെ അപേക്ഷിച്ച് നായന്മാർ കൂടുതലായി യുദ്ധവൃത്തിയിൽ ഏർപ്പെട്ടിരുന്നു. എന്നുള്ള വസ്തുത അദ്ദേഹം പൂർണ്ണമായി അംഗീകരിക്കുന്നു. എന്നാൽ നസ്രാണി അവന്റെ അന്വേഷണബുദ്ധിയും, വെള്ളിക്കോലും, വ്യവസായവും, കപ്പലോട്ടവും വാളും തോക്കും കൊണ്ട് രാജ്യത്തെയും രാജകുടുംബങ്ങളെയും ഭക്തിപൂർവ്വം സേവിച്ചു എന്നുള്ളത് കേരളചരിത്രം ആധാരമാക്കി അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

12. സുറിയാനി ക്രിസ്ത്യാനികളും അവരുടെ രാജ്യസേവനരീതിയും

മലങ്കര നസ്രാണികളുടെ രാജ്യസേവനം വാണിജ്യവൃത്തി, കപ്പൽകച്ചവടം, നഗരസ്ഥാപനം, ഗതാഗതമാർഗ്ഗനിർമ്മാണം, യുദ്ധവൃത്തി, ധനസഹായം, വിദ്യാഭ്യാസ പ്രവർത്തനം, വ്യവസായം, അച്ചടിവേല എന്നിങ്ങനെ വിവിധ മേഖലകളിലായിരുന്നു. കേരളീയ രാജാക്കന്മാർ നല്കിയ താമ്രശാസനങ്ങളും നസ്രാണികളുടെ ശ്രേഷ്ഠാവകാശങ്ങളും പദവികളും വീടുകൾതോറും നടന്ന് കീർത്തിച്ച് അനുഭവം പറ്റുക എന്ന വീരടിയനമാരുടേയും പാണന്മാരുടെയും കുലവൃത്തികളും കേരളീയ നസ്രാണികൾ രാജ്യത്തിനും രാജാവിനും ചെയ്തിട്ടുള്ള സഹായങ്ങളുടെ മേന്മകളും വ്യക്തമാക്കുന്നു.

കൊച്ചി സ്റ്റേറ്റ് മാനുവലിൽ യൂദന്മാർക്ക് ലഭിച്ചിട്ടുള്ള പട്ടയങ്ങളെപ്പറ്റി പറയുന്നു. മലങ്കര നസ്രാണികൾക്ക് ലഭിച്ചിട്ടുള്ള താമ്രശാസനങ്ങളുടെ സംഖ്യയും പദവികളും ഇതിൽ അധികമാണ്. ഈ വിഷയത്തിൽ വറുഗീസ് ലോഗനെ ഉദ്ധരിക്കുന്നു.

പ്രത്യുത, സ്വരക്ഷാതല്പരതയും ഭയവും ആണ് അവരെ ഇതിലേക്ക് പ്രേരിപ്പിച്ചത്. എന്തെന്നാൽ യഹൂദന്മാർക്ക് ചെമ്പുപട്ടയം നൽകിയ നാളിലേപ്പോലെ തന്നെ ക്രിസ്ത്യാനികൾക്കും അതാത് പട്ടയങ്ങൾ കൊടുത്ത സമയത്ത് പെരുമാക്കന്മാർക്കും ബാഹ്യശക്തികളുടെ ഉപദ്രവങ്ങളിൽ നിന്നു തന്നെത്താൻ സംരക്ഷിക്കേണ്ടതായ ആവശ്യമുണ്ടായിരുന്നു. [30]

കൊച്ചി സ്റ്റേറ്റ് മാനുവലിൽ, നാട്ടുരാജാക്കന്മാർ സ്വസമുദായഭരണത്തിനുള്ള അധികാരം ജൂതന്മാർക്ക് ചെമ്പേട്ടിൽ നൽകിയിരുന്നതായി പറയുന്ന ഭാഗം ലേഖകൻ വിശദീകരിക്കുന്നു. ക്രിസ്ത്യാനികൾക്ക് കടത്തുവളഞ്ചിയം കൂടി കൊടുത്തിട്ടുള്ളതായി അദ്ദേഹം കണ്ടെത്തുന്നു. ബഹുമാനസൂചകമായി മഹാപിള്ള, പെൺപിള്ള എന്ന് നസ്രാണികൾ വിളിക്കപ്പെട്ടു തുടങ്ങിയതിനെപ്പറ്റി പുതുപ്പള്ളി കൊച്ചുപാറേട്ടു സൂക്ഷിച്ചിരുന്ന കൈയെഴുത്തു ചരിത്രത്തിൽ നിന്നും പാലപ്പള്ളിൽ ഏബ്രഹാം കത്തനാരുടെ രചനകളിൽ നിന്നും രേഖകൾ ശേഖരിച്ചു. യുദ്ധസേവനത്തിനു പുറമേ സുറിയാനി ക്രിസ്ത്യാനികളുടെ ധനശക്തിയും വ്യാപാരശക്തിയും ആനുകൂല്യവും കേരള രാജാക്കന്മാർക്ക് അവലംബമായിരുന്നു എന്ന് ചർച്ച് ഹിസ്റ്ററി ഓഫ് ട്രാവൻകൂറിൽ പറയുന്നു.

തച്ചിൽ മാത്തുത്തരകൻ, തിരുവല്ലാ നെടുമ്പ്രത്ത് ആലിൻമൂട്ടിൽത്തരകൻ, അരണാട്ടുതരകൻ, തുടങ്ങി അവശ്യഘട്ടങ്ങളിൽ രാജാക്കന്മാരെ സഹായിച്ച പ്രശംസനീയ വ്യക്തികളെ അദ്ദേഹം അവതരിപ്പിക്കുന്നു. അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ കച്ചവടസംഘങ്ങൾ കൊല്ലം നഗരത്തിൽ ശക്തിപ്രാപിച്ചിരുന്നു. തിരുവിതാംകൂറിലെ വിശാഖംതിരുന്നാൾ മഹാരാജാവിന 1055-ാമാണ്ട് സമർപ്പിച്ച മംഗളപത്രവും അതിന്റെ മറുപടിയും പരസ്പരബഹുമാനം ദ്യോതിപ്പിക്കുന്നതായിരുന്നു. സാമുദായികദുരാചാരങ്ങൾ, സ്ത്രീവിദ്യാഭ്യാസം ഇവ ചിന്താവിഷയമാക്കിയത് നസ്രാണിക

ളാണ്. ഭാഷയിലും സാഹിത്യത്തിലും ക്രിസ്ത്യാനികൾ 1852 മുതൽ പ്രവർത്തിച്ചിരുന്നു. മലയാളഭാഷയിൽ, ഗദ്യസാഹിത്യത്തെ പോഷിപ്പിച്ചതും ക്രിസ്ത്യാനികളാണ്. സാമൂഹിക പരിഷ്കരണത്തിൽ ക്രിസ്ത്യാനികൾ വഹിച്ച പങ്കിനെപ്പറ്റി സവിസ്തരം പ്രതിപാദിച്ചു.

കൊച്ചിമഹാരാജാവിന്റെ സ്ഥാനാരോഹണചടങ്ങിൽ ശർക്കരത്തട്ടവയ്ക്കൽ, വടക്കുംകൂർ രാജകുടുംബത്തിലെ തമ്പുരാട്ടിമാരുടെ പള്ളിക്കെട്ടാഘോഷത്തിൽ നെയ്ക്കുറ്റി കാഴ്ചവെയ്ക്കൽ, കുറുമ്പ്രനാട്ടു രാജാക്കന്മാരുടെ അരിയിട്ടുവാഴ്ചയ്ക്ക് മുണ്ടുകാഴ്ചവെയ്ക്കൽ തുടങ്ങി രാജകുടുംബങ്ങളോടും സിംഹാസനങ്ങളോടും നസ്രാണികൾക്കുള്ള ഭക്തിയേയും ശ്രേഷ്ഠാവകാശങ്ങളേയും സ്മരിച്ചുകൊണ്ട് കെ. എം. വറുഗീസ് ഗ്രന്ഥം ഉപസംഹരിക്കുന്നു.

കേരളചരിത്രത്തിൽ, നസ്രാണിക്കും രാജ്യഭരണത്തിനും തമ്മിൽ ഉള്ള സംബന്ധവും ക്രിസ്ത്യാനിയുടെ യുദ്ധവൃത്തിയും പഴുതുകളില്ലാത്ത യുക്തികളോടെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം അവതരിപ്പിച്ചു. പൗരസമത്വവാദം ശക്തിപ്പെട്ടുവന്ന നാളുകളിൽ, സ്വസമുദായാംഗങ്ങളെ ശക്തരാക്കി രാഷ്ട്രസേവനത്തിന ഉത്തേജിതരാക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമായി വറുഗീസ് കരുതി. ലേഖനങ്ങളിൽ ക്രൈസ്തവരുടെ രാഷ്ട്രബന്ധവും അവകാശങ്ങളും ചുമതലകളും വ്യക്തമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഒരു വിമർശനത്തിനുമറുപടിയായി രചിച്ച ഈ ഗ്രന്ഥം കെ. എം. വറുഗീസിന്റെ ചരിത്രാവബോധത്തിനും അഗാധപാണ്ഡിത്യത്തിനും ദൃഷ്ടാന്തമാകുന്നു.

കെ. എം. വറുഗീസിന്റെ ലേഖനങ്ങൾ കാലികപ്രാധാന്യം അർഹിക്കുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ചലനങ്ങൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പ്രകടമായിരുന്നു. സമകാലികസമൂഹത്തിന്റെ വ്യത്യസ്തമേഖലകളെ അദ്ദേഹം പഠനവിഷയമാക്കി. ഉപന്യാസങ്ങളിലായിരുന്നു തുടക്കം. ഗവേഷണാത്മക പഠനങ്ങളായിരുന്നു വർഗ്ഗീസിന്റെ ഉപന്യാസങ്ങൾ. രചനകൾക്കു പശ്ചാത്തലമായി ശാസ്ത്രീയവും ചരിത്രപരവുമായ

വസ്തുതകൾ അവതരിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഓരോ വാദമുഖ ത്തെയും യുക്തിയുക്തമായും സാഹിത്യചമത്ക്കാരത്തോടെയും അവതരിപ്പിക്കുന്ന തിനാൽ ഉത്തമ ഉപന്യാസമെന്ന പരിഗണനയർഹിക്കുന്നു.

വിഷയവൈവിദ്ധ്യം

ചിന്തയുടെ പക്വതയിൽ അദ്ദേഹം ലേഖനങ്ങൾ രചിച്ചു. ഗദ്യലേഖനങ്ങളിൽ വിഷയവൈവിദ്ധ്യം പാലിച്ചു. സാഹിത്യരംഗത്ത് നിലവിലിരുന്ന സങ്കൽപ്പങ്ങളെ അദ്ദേഹം വിശകലനം ചെയ്തു. ആധുനിക മലയാള ഗദ്യഭാഷയുടെ ജനയിതാവായി റവ. ജോർജ്ജ് മാത്തനെ അംഗീകരിക്കാമെന്ന അഭിപ്രായം, അദ്ദേഹത്തിന്റെ കൃതിക ളുടെ പഠനത്തിലൂടെ കെ. എം. വറുഗീസ് അവതരിപ്പിച്ചു. രചനാകാലം പരിഗണിക്കു മ്പോൾ ഈ അഭിപ്രായത്തിന സാധുത കണ്ടെത്താമെങ്കിലും ഭാഷാപരിഷ്കരണശ്ര മങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ കേരളവർമ്മയുടെ സ്ഥാനം നിഷേധിക്കാനാ വില്ല

തിരുവിതാംകൂർ പൗരനെന്ന നിലയിൽ രാഷ്ട്രീയ ചലനങ്ങളിൽ കെ. എം. വറുഗീസ് തൂലികയിലൂടെ പങ്കുചേർന്നു. പൗരാവകാശത്തെപ്പറ്റി കേരളീയരെ ചിന്തി പ്പിക്കത്തക്ക ലേഖനങ്ങൾ അദ്ദേഹം രചിച്ചു. പൗരസമത്വവാദത്തിലൂടെ രാജ്യപുരോഗ മനപ്രവർത്തനങ്ങളിൽ ക്രൈസ്തവജനതയെയും പങ്കാളികളാക്കുവാൻ അദ്ദേഹം ശ്രമിച്ചു. പാരമ്പര്യബോധമുള്ള ജനതയ്ക്കേ മുന്നേറാനാവൂ എന്ന് തിരിച്ചറിഞ്ഞ കെ. എം. വറുഗീസ് ആദിമക്രൈസ്തവർക്ക് രാജാക്കന്മാർ നല്കിയിരുന്ന അംഗീകാരവും ക്രൈസ്തവരുടെ രാജ്യക്ഷേമപ്രവർത്തനങ്ങളും സംബന്ധിച്ചുള്ള അറിവ് ലേഖന ങ്ങളിൽ അവതരിപ്പിച്ചു. ക്ഷേത്രനിർമ്മാണത്തിൽ വരെ പങ്കുവഹിച്ചിരുന്നു ക്രിസ്ത്യാനികൾ. നസ്രാണികളുടെ രാഷ്ട്രീയ സേവനത്തെപ്പറ്റി ഒരു ഗ്രന്ഥംതന്നെ അദ്ദേഹം രചിച്ചു. ചരിത്രകാരന്മാർ അംഗീകരിച്ചിട്ടുള്ള രാജ്യചരിത്രവും ക്രൈസ്ത വചരിത്രവുമായിരുന്നു അദ്ദേഹത്തിന ആധാരം. ചരിത്രോദ്ബോധനം മൂലം വ്യക്ത്യ

ഭിമാനം ഉണർത്തി ക്രൈസ്തവരെ രാജ്യസേവനത്തിനു സന്നദ്ധരാക്കാമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. ശ്രീനാരായണഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും പ്രവർത്തനങ്ങളാൽ പ്രചോദിതരായി മന്നത്തുപത്മനാഭപിള്ളയും മറ്റു സാമുദായിക നേതാക്കളും സ്വസമുദായത്തെ ഉണർത്തി ഉദ്ധരിക്കുവാൻ നടത്തിയ ശ്രമങ്ങൾ സമുദായ പരിഷ്കരണത്തിന പ്രചോദനം നൽകുന്ന ലേഖനങ്ങൾ എഴുതുവാൻ കെ. എം. വറുഗീസിനെയും പ്രേരിപ്പിച്ചു. ചിത്രമെഴുത്തിലൂടെ പ്രശസ്തനായ വർഗീസ് ചിത്രരചനയെപ്പറ്റി ലേഖനങ്ങൾ രചിച്ചു. ചിത്രമെഴുത്തിന്റെ പ്രാധാന്യവും പ്രയോഗരീതിയും അതിൽ വ്യക്തമാക്കി. സാങ്കേതിക വിജ്ഞാനവും ആശയസംവേദന സാമർത്ഥ്യവും പ്രകടമാക്കുന്നവയായിരുന്നു ചിത്രരചനയെപ്പറ്റിയുള്ള ലേഖനങ്ങൾ. ക്രൈസ്തവസമുദായാംഗമായ വർഗീസ് സ്വസമുദായത്തിന്റെ സമൂല പരിഷ്ക്കരണത്തിനുദ്ബോധനം നൽകി.

കെ. എം. വറുഗീസിന്റെ ലേഖനങ്ങളെ പഠിക്കുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിലെ സാംസ്കാരിക പശ്ചാത്തലം സ്മരണകളിൽ സജീവമാകുന്നു. രാഷ്ട്രത്തിലും സമുദായത്തിലും വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കെ. എം. വറുഗീസിന്റെ ക്രൈസ്തവസഭാസംബന്ധമായ രചനകൾ സഭാചരിത്രത്തിന്റെ രൂപരേഖ നൽകുന്നു. വളർച്ചയുടെ പാതയിൽ കടന്നുവന്ന ശാഖാചംക്രമണത്തിന്റെ നാഴികക്കല്ലുകളായ ഉടമ്പടികളെയും സന്ദർഭങ്ങളെയും ചേർത്തു വായിക്കുമ്പോൾ ക്രൈസ്തവസഭയുടെ സമഗ്രമായ പഠനം സാധ്യമാകുന്നു. ഈ ലേഖനങ്ങളിലെ മതപരമായ അംശമല്ല ഇതിൽ പ്രസക്തം. പ്രതിപാദ്യത്തിന്റെ സർവ്വതോമുഖമായ നിരീക്ഷണത്തിലൂടെ വസ്തുതകൾ അവതരിപ്പിക്കുന്ന പ്രതിപാദനരീതിയ്ക്ക് ഇവിടെ പ്രാധാന്യം നൽകുന്നു. ഈ ലേഖനങ്ങൾ സാമൂഹിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്നവയുമാണ്. സമൂഹത്തിന്റെ അപര്യാപ്തതയെപ്പറ്റി ബോധവാനാകുന്ന ഒരു സാഹിത്യകാരന്റെ ധർമ്മം അദ്ദേഹം നിർവ്വഹിച്ചു.

വർത്തമാനകാല സമൂഹത്തിൽ പ്രസക്തി നേടുന്ന പല വിഷയങ്ങളിലേയ്ക്കും അന്ന് അദ്ദേഹം കടന്നുചെന്നു. പത്രധർമ്മം, ചിത്രകലാപാരമ്പര്യം, മതസൗഹാർദ്ദം, പൗരധർമ്മം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള രചനകൾ കാലത്തിന്റെ അതിരുകളെ മറികടക്കുന്നു.

ശൈലി

കെ. എം. വറുഗീസിന്റെ ശൈലി അനനുകരണീയമായിരുന്നു. എതിർവാദത്തിനുള്ള പഴുതുകൾ യുക്തിഭദ്രമായി തടഞ്ഞുകൊണ്ട് അദ്ദേഹം സ്വമതം അവതരിപ്പിച്ചു. രാജ്യചരിത്രം, സമുദായ ചരിത്രം, സാഹിത്യം, കല എന്നിവയിൽ അഗാധമായ അറിവുനേടി. നിരവധി ഗ്രന്ഥങ്ങൾ പാരായണം ചെയ്തു. നിരന്തരമായ അന്വേഷണവും പഠനവും വർഗ്ഗീസിന്റെ ലേഖനങ്ങൾക്ക് പശ്ചാത്തലം നൽകി. ആർജ്ജിത സംസ്കാരത്തിൽ നിന്ന് ചൈതന്യമുൾക്കൊണ്ട രചനാശൈലിയിലൂടെ അന്നത്തെ പൗരന്മാരിൽ ആവേശമുണർത്തുവാൻ അദ്ദേഹത്തിനു സാധിച്ചു.. അദ്ദേഹം സമ്പന്നമായ പദസഞ്ചയത്തിൽ നിന്ന് ഔചിത്യപൂർവ്വം വാക്കുകൾ പ്രയോഗിച്ചു. പൗരസമത്വവാദത്തെപ്പറ്റിയുള്ള രചനയിൽ അദ്ദേഹം നല്കുന്ന ഉദ്ബോധനം ഈ വികാരസംക്രമണത്തിനുദാഹരണമാണ്.

> തിരുവിതാംകൂർ രാജ്യം നമ്മുടെവകയാണ്. നമ്മുടെ പൊന്നുതിരുമേനി അതിനെ ഭരിക്കുന്നു. അതിനായി നമ്മുടെ നായന്മാരുടെയും നസ്രാണിയുടെയും മുഹമ്മദീയന്റെയും ഈഴവരുടെയും പറയരുടെയും പുലയരുടെയും എല്ലാവരുടെയും തന്നെ രക്തം ചൊരിഞ്ഞിട്ടുള്ളതാണ്. തിരുവിതാംകൂർ രാജ്യരക്ഷയ്ക്കായി നാം യുദ്ധക്കളത്തിൽ ഏകാദരവോടുകൂടി നിന്നു പോർ ചെയ്തവരാണ്. അതിനാൽ അല്ലയോ നായന്മാരേ! 'ശൂരന്മാരേ'!, ധീരന്മാരുടെ സന്താനങ്ങളേ!, മുന്നോട്ടിറങ്ങി വരിക. നിങ്ങളുടെ സഹോദരങ്ങ

ളുടെ അവകാശ സ്ഥാപനത്തിനായി ഒത്തൊരുമിച്ചു പ്രവർത്തിക്കുക. ശൗര്യവീരപരാക്രമശാലികളേ 15–ാം ശതാബ്ദത്തിലെ പോർട്ടുഗീസുകാരോട് യുദ്ധം ചെയ്യുകയും യുദ്ധം ചെയ് വാനായി യുദ്ധക്കളങ്ങളിലും ദേവാലയ പരിസരങ്ങളിൽകൂടിയും അണിനിരക്കുകയും ചെയ്ത ലോകവീരന്മാരുടെ ഉത്കൃഷ്ടസന്താനങ്ങളേ, ഉണരുക, ഉണരുക, ഉറങ്ങിയതു മതിയാക്കുക. നിങ്ങളുടെ ഉദ്ധാരണത്തിനായി ഉണരുക.[31]

വ്യവസായ ചതുരന്മാരും രണശൂരന്മാരുമായ ഈഴവരേ, നിങ്ങളുടെ ശബ്ദം ഉച്ചത്തിൽ മുഴങ്ങട്ടെ. ധീരനായ ആറാട്ടുപുഴ പണിക്കന്റെ രക്തം നിങ്ങളുടെ നാഡികളിലുമുണ്ടെന്ന് വിശ്വസിപ്പിൻ. ഒത്തൊരുമിച്ചു പൗരസമത്വവാദത്തിനായി ശ്രമിപ്പിൻ.

പരാക്രമശാലികളും പുരാതന ഇന്ത്യാചക്രവർത്തികളുടെ സജാതീയന്മാരുമായ മുഹമ്മദീയരേ പൗരബോധത്തോടുകൂടി നിങ്ങൾക്കു തിരുവിതാംകൂറിൽ ജീവിക്കണമെങ്കിൽ പൗരസമത്വവാദത്തിനായി യത്നിക്കുക. നിങ്ങളുടെ ശക്തിയെ ഒരുമിച്ച് മുന്നണിയിലേക്ക് കൊണ്ടുവരിക. അപ്പോൾ രാജ്യഭരണ നഭോമണ്ഡലത്തിൽ ശുക്രനക്ഷത്രം ഉദിക്കുകയും ഒരു പുതിയ ലോകത്തിന്റെ പ്രഥമസോപാനത്തിലേക്ക് നമ്മുടെ ധർമ്മരാജ്യമാതാവ് കാൽവെക്കുകയും ചെയ്യുന്നതായിരിക്കും.

ജീവിതാനുഭവങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ മനീഷ ശക്തമായി. അഭ്യാസത്തിലൂടെ ഉറച്ച ഭാഷ ലേഖനങ്ങളിൽ ആശയസംവേദനം സുസാധ്യമാക്കി. പണ്ഡിതോചിതവും സാഹിത്യരസസമ്പുഷ്ടവുമായിരുന്നു കെ.എം വറുഗീ

സിന്റെ ലേഖനങ്ങൾ. ആധുനിക സമൂഹത്തിന സമ്പന്നമായ ഭൂതകാലത്തെപ്പറ്റി യുള്ള അറിവു നൽകുന്നതിൽ കെ. എം. വർഗ്ഗീസിന്റെ ലേഖനങ്ങൾക്കു പ്രസക്തി യുണ്ട്. അദ്ദേഹത്തിന്റെ സൂക്ഷ്മനിരീക്ഷണപാടവം ഈ ലേഖനങ്ങളിൽ തെളിയു ന്നുമുണ്ട്.

അടിക്കുറിപ്പുകൾ

1. ബാലകൃഷ്ണപിള്ള കേസരി — രൂപമഞ്ജരി, കമലാലയ ബുക്കു ഡിപ്പോ, തിരുവനന്തപുരം 1937, പു. 1
2. ജോസഫ് മുണ്ടശ്ശേരി — രൂപഭദ്രത കറന്റ് ബുക്സ് കോട്ടയം 1981 പു. 47
3. Majorie Boulton — The anatomy of prose, Kalyan publishers, New Delhi 1987 P 77
4. കെ. എം. വറുഗീസ് — 'കുഴിയാനകളുടെ ജീവിതദശ', കേരള ചിന്താമണി, തൃശ്ശിവപേരൂർ 1909 പുസ്തകം 93
5. 'ചിരി' — ആത്മപോഷിണി, കുന്നംകുളം 1913
6. ,, — ശില്പി ശാസ്ത്രവും ജലനിർദ്ദേശവും, ആത്മപോഷിണി, കുന്നംകുളം 1088, വൃശ്ചികം പു. 3, ല 8, പുറം. 273
7. ,, — ടി
8. ,, — അമ്മകാര്യം, കേരളീയാഭിമാനി, മാവേലിക്കര 1093
9. ,, — ആഖ്യായികകളിൽ ചിത്രങ്ങൾ എന്തിനു ചേർക്കപ്പെടുന്നു. നസ്രാണിദീപിക, മാന്നാനം 1914 ഒക്ടോബർ 20
10. ,, — ചിത്രമെഴുത്തിൽ ആര്യന്മാർക്കുണ്ടായിരുന്ന ആശയ വിശേഷങ്ങൾ നസ്രാണി ദീപിക, മാന്നാനം, 1913, ഫെബ്രുവരി 11
11. ,, — ടി
12. ,, — എന്റെ ജീവിതയാത്ര 1953 പു. 101
13. ,, — പൗരസമത്വവാദവും രാജ്യോൽക്കർഷവും, നസ്രാണി ദീപിക, മാന്നാനം, 1919 ഒകടോബർ 14

14. കെ.എം. വറുഗീസ് ടി

15. ,, മലങ്കര നസ്രാണികളുടെ ജാത്യൗൽകൃഷ്ട്യം നസ്രാണി ദീപിക, മാന്നാനം 1920 ജനുവരി 24

16. ,, ടി

17. ,, ശബരിമല ക്ഷേത്രപുനർനിർമ്മാണ ഭാരവാഹി, മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരകം 1950 പുറം 135

18. ,, പെരുമ്പടപ്പു നസ്രാണികളും ശർക്കരത്തട്ടയും, മലയാള മനോരമ, കോട്ടയം, 1932 ഏപ്രിൽ 30

19. ,, തിരുവിതാംകൂറിനുവേണ്ടി രക്തമൊഴുക്കിയവർ ആരായിരുന്നു? നവഭാരതി 1932 ജനു. 15

20. ,, തിരുവിതാംകൂർ രാജ്യസമർപ്പണവാദം മലയാള മനോരമ, കോട്ടയം 1948 മെയ് 28

21. കെ.എം. വറുഗീസ് ഞാൻ കണ്ടതായ കോഴഞ്ചേരി രാഷ്ട്രീയ മഹായോഗം, മലയാള മനോരമ 1933 മാർച്ച് 11

22. ,, ഹൈചർച്ചുകാരുടെ മാറ്റ് ഇടവക പത്രിക 1910, പു. 19 ല 1

23. ,, മെത്രാൻകളി മലയാള മനോരമ, കോട്ടയം 1926 ഡിസംബർ 26

24. ,, കേരളീയ നസ്രാണികളുടെ രാഷ്ട്രസേവനം കലാവിലാസിനി പ്രസിദ്ധീകരണശാല, തിരുവനന്തപുരം1935.പു. 3

25. ,, ടി. പു. 89

26. ,, ടി. പു 95

27. ,, ടി. പു. 102

28. ,, ടി. പു. 114

29. ,, ടി. പു. 149

30. ,, 'പൗരസമത്വവാദവും രാജ്യോൽക്കർഷവും' നസ്രാണിദീപിക, മാന്നാനം 1919 ഒക്ടോബർ 21

അദ്ധ്യായം ആറ്

ചരിത്രനോവലുകൾ

പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലുണ്ടായ നവോത്ഥാനം കേരളത്തിലെ സാമൂഹിക-രംഗങ്ങളിൽ പരിവർത്തനസാധ്യതകളൊരുക്കി. ആധുനികവിദ്യാഭ്യാസം, അച്ചടി, പത്രപ്രവർത്തനം, പുസ്തകങ്ങളുടെയും മാസികകളുടെയും പ്രചാരം എന്നിവ മലയാളഭാഷയിലും സാഹിത്യത്തിലും നവോന്മേഷം പകർന്നു. ലോകത്തിലെ മിക്കഭാഷകളിലും പരിവർത്തനം ദൃശ്യമായി. ഫ്രഞ്ച്, ഇംഗ്ലീഷ്, റഷ്യൻ സാഹിത്യങ്ങളിലെ നോവലുകൾ ജീവിതത്തെപ്പറ്റി ദാർശനികവും ആദർശാത്മകവും സമകാലികജീവിതവീക്ഷണാത്മകവുമായ ഭിന്നമുഖങ്ങൾ പ്രകാശിപ്പിച്ചു. ഇവയിൽ ഇംഗ്ലീഷ് നോവലുകളുടെ കിരണങ്ങൾ മലയാളനോവൽപ്രസ്ഥാനത്തിന മാതൃകയായി.

പുല്ലേലിക്കുഞ്ചു, ഘാതകവധം, പരദേശിമോക്ഷയാത്ര, തിരുപ്പോരാട്ടം, ആൾമാറാട്ടം, കുന്ദലത, അക്ബർ, കേരളസിംഹം എന്നിവ ആദ്യകാല നോവലുകളായി കരുതപ്പെടുന്നു. പിന്നീട് നോവൽതർജ്ജമകൾ പലതും രൂപമെടുത്തു. മലബാറിന്റെ സാമൂഹികാവസ്ഥയെ ആധാരമാക്കി രചിച്ച ഇന്ദുലേഖയും തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിന്റെ പശ്ചാത്തലത്തിൽ രചിച്ച മാർത്താണ്ഡവർമ്മയും മലയാളനോവൽസാഹിത്യത്തിന്റെ വടക്കും തെക്കും ഉള്ള നൂതനപ്രവണതകൾക്ക് മാർഗ്ഗദർശനം നൽകി. തെക്കൻതിരുവിതാംകൂറിലെ രാജഭരണം വെല്ലുവിളികളെയും ഭീഷണികളെയും നേരിട്ടുകൊണ്ടിരുന്ന കാലഘട്ടമാണ് സി. വി. രാമൻപിള്ളയ്ക്ക് പ്രചോദനം നൽകിയത്. ഈ സാഹചര്യത്തെപ്പറ്റി കല്പറ്റ ബാലകൃഷ്ണൻ ഇങ്ങനെ രേഖപ്പെടുത്തുന്നു.

> അഭിമാനഭരിതമായ രാജ്യചരിത്രവും പൂർവ്വിക പൗരുഷവും സ്വസമുദായത്തിന്റെ പ്രാമാണ്യവും അവയ്ക്കെതിരെ പലപ്പോഴും ഉയർന്നിട്ടുള്ള വെല്ലുവിളികളും രാജത്വത്തിന്റെ ദിവ്യതയും പ്രജാബോധത്തിന്റെ ശുദ്ധിയും ചരിത്രത്തെ നിറം പിടിപ്പിക്കുന്ന സ്മരണകളായി അദ്ദേഹത്തിൽ നിറഞ്ഞു നിന്നിരുന്നു. [1]

മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജബഹദൂർ എന്നീ ചരിത്ര നോവലുകൾ നോവൽരചനയിൽ പലർക്കും മാതൃകയായി. കഥയിൽ ചരിത്രത്തിനു പ്രാധാന്യം നൽകി അവതരിപ്പിക്കുന്ന രീതി പ്രകടമായി. അപ്പൻതമ്പുരാന്റെ ഭൂതരായർ, അമ്പാടി നാരായണപ്പൊതുവാളുടെ കേരളപുത്രൻ, കപ്പനകൃഷ്ണമേനോന്റെ ചേരമാൻപെരുമാൾ, വള്ളിയംബറാണി, സി. ആർ. വേലുപ്പിള്ളയുടെ രാജശേഖരൻ എന്നീ നോവലുകൾ ചരിത്രപരമായ വസ്തുതകൾ ഉൾക്കൊണ്ടു.

സമകാലിക ജീവിതത്തോടുള്ള അതൃപ്തിയും അസഹിഷ്ണുതയും ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കാൻ നോവലിസ്റ്റിനെ പ്രേരിപ്പിക്കുന്നു. ഗതകാലത്തിൽ നിന്ന് ചില പ്രത്യേക അംശങ്ങൾ അയാൾ കണ്ടെത്തുന്നു. അത് കഥാപാത്രങ്ങളാവാം, സംഭവങ്ങളാവാം, ജീവിതതത്വങ്ങളാവാം, വർത്തമാനകാലത്തിനു പ്രചോദകങ്ങളായ വസ്തുതകളെ ഭൂതകാലത്തിൽ നിന്നു മിനുക്കിയെടുത്ത് ചരിത്രനോവലിന് രൂപം നൽകുന്നു. ഹഡ്സൺ ഇപ്രകാരം അഭിപ്രായപ്പെടുന്നു.

> രചനാസങ്കേതത്തിലെ മേന്മയോ നാടകീയമായ കരുത്തോ സ്വഭാവചിത്രീകരണത്തിലെ അസാദ്ധ്യമായ സാമർത്ഥ്യമോ സമൃദ്ധമായ ഹാസ്യമോ അല്ലെങ്കിൽ രചനയിലെ മറ്റെന്തെങ്കിലും എടുത്തുപറയത്തക്ക ഗുണമോ മതി മറ്റുതരത്തിൽ അഗണ്യമായ

> കഥയെ ശ്രദ്ധാർഹമാക്കുവാൻ. വെറും ആഖ്യാന വൈഭവം തന്നെ ശ്രദ്ധപിടിച്ചുപറ്റും.[2]

ചരിത്രവും സങ്കല്പവും ചരിത്രനോവലിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. ചരിത്രകാലഘട്ടവും സംഭവങ്ങളും വിശദീകരിച്ച് വിവരിക്കുകയും കേന്ദ്രകഥയുമായി അവയെ ബന്ധപ്പെടുത്തി അവതരിപ്പിക്കുകയുമാണ് ചരിത്രനോവലിസ്റ്റ് ചെയ്യുന്നത്.

> ചരിത്രവസ്തുതകൾക്ക് നിരക്കുന്നവിധം ക്രമീകരിക്കപ്പെടാവുന്ന സംഭവങ്ങളും സംഭവങ്ങൾ സൃഷ്ടിക്കത്തക്ക വ്യക്തിത്വങ്ങളും അതിനൊരു കാലദേശപ്പൊരുത്തവും ആവിഷ്കരണപ്പൊരുത്തവും[3]

ചരിത്രനോവലിന ആവശ്യം തന്നെ. എന്നാൽ ചരിത്രനോവലിലെ സംഭവങ്ങൾ എല്ലാം യഥാർത്ഥമാവണമെന്നില്ല. ചരിത്രത്തിൽ നടന്ന സംഭവങ്ങൾക്കു പിന്നിൽ വ്യക്തികൾ വ്യാപരിച്ച രീതിയെക്കുറിച്ചുള്ള അന്വേഷണം യഥാർത്ഥ ബോധത്തിൽ നിന്ന് ഉറവെടുക്കുന്നു. ചരിത്രപുരുഷന്മാരെ വ്യാഖ്യാനിക്കുന്നതിലൂടെ ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ് ചുരുൾ നിവർക്കുന്നത്. ചരിത്രവസ്തുതകളോടൊപ്പം കല്പിതാംശങ്ങളും കൂടി ചേരുമ്പോൾ ചരിത്രനോവൽ പൂർണ്ണമാവുന്നു.

സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികാനിർമ്മാണത്തിനു പിന്നിൽ നായർസമുദായത്തിന്റെ അധഃപതനം ഒരു പ്രമുഖഘടകമായിരുന്നു. പ്രാമാണിത്തം വഹിച്ചിരുന്ന നായർസമുദായം അധികാരത്തിൽ നിന്ന് പിന്തിരിയേണ്ടിവന്ന സാഹചര്യത്തിൽ മറഞ്ഞുപോയ വീരത്വത്തിന്റെ പുനരാവിഷ്ക്കരണത്തിലൂടെ സ്വസമുദായത്തെ വർദ്ധിതവീര്യമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. ദിവാൻസ്ഥാനമുൾപ്പെടെ തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങൾ പലതും പരദേശിബ്രാഹ്മണർ കൈയടക്കിയപ്പോൾ അതിനെതിരെ ഉണർന്ന നായർസമുദായത്തിന്റെ പ്രതിഷേധപ്രകടനമെന്ന നിലയിൽ 1891 ൽ മലയാളി മെമ്മോറിയൽ മഹാരാജാവിന സമർപ്പിച്ചതിന പിന്നിൽ

സി. വി. രാമൻപിള്ളയും പ്രവർത്തിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ രാജഭക്തിയും സ്വസമുദായ നവോത്ഥാനവും ലക്ഷ്യമാക്കുന്നവയായിരുന്നു സി. വി. യുടെ ചരിത്രാ ഖ്യായികകൾ.

കെ. എം. വറുഗീസിന്റെ ചരിത്രാഖ്യായികാനിർമ്മാണത്തിനുപിന്നിൽ സി. വി. രാമൻപിള്ളയുടെ സ്വാധീനം ശക്തമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ കാല ഘട്ടങ്ങളിൽ കച്ചവടത്തിലും കൃഷിയിലും ക്രിസ്ത്യാനികൾ ബഹുമുഖമായ താല്പര്യം പ്രകടിപ്പിച്ചിരുന്നു. മിഷനറിമാർ വഴിയായി ഭരണാധികാരികളോട് ബന്ധുത്വവും തദ്വാരാ പല ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്തപ്പോൾ വ്യവഹാരങ്ങളും വിഭാഗീയതർക്കങ്ങളും ക്രൈസ്തവസഭാന്തരീക്ഷത്തിൽ മുഴങ്ങി. അന്നത്തെ പരിതഃസ്ഥിതി ഇങ്ങനെ രേഖ പ്പെടുത്തുന്നു.

> ക്രിസ്ത്യാനികൾ വനഭൂമികളും പുറമ്പോക്കുകളും കയ്യടക്കി ഭൂപരിധി വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസ യോഗ്യതകൾ നേടു കയും വാണിജ്യ താല്പര്യങ്ങൾ വികസിപ്പിക്കുകയും നാണ്യവിള കളിലേക്കും തോട്ടം കൃഷിയിലേക്കും പ്രവേശിക്കുകയും ചെയ്തു. 1890 ആയപ്പോഴേക്കും നാലു സഭകളായി.[4]

ആദിമ ക്രിസ്ത്യാനികൾക്ക് അന്നത്തെ രാജാക്കന്മാരിൽ നിന്ന് പല പദവി കളും പ്രത്യേക അവകാശങ്ങളും ലഭിച്ചിരുന്നു. അനന്തരഗാമികൾ അവ അനുഭവി ക്കുന്നതിൽ അജ്ഞതയോ അവഗണനയോ പാലിച്ചുവന്നു. തിരുവിതാംകൂറിൽ നായ ന്മാർ ഒഴികെയുള്ള സവർണ്ണവിഭാഗങ്ങൾക്ക് റവന്യൂ-ദേവസ്വം വകുപ്പുകളിൽ ഉദ്യോഗം നല്കിയിരുന്നില്ല. ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ഈഴവർ, മറ്റ് അധഃസ്ഥിത വർഗ്ഗങ്ങൾ എന്നീ അസമത്വസമുദായങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തി. പൗരാവ കാശസമത്വത്തിനു വേണ്ടി മുറവിളി കൂട്ടുന്ന പ്രക്ഷോഭജനകമായ രാഷ്ട്രീയപശ്ചാ

ത്തലം കെ. എം. വറുഗീസിനെ ചരിത്രനോവലുകളെഴുതാൻ പ്രേരിപ്പിച്ചു. ചിട്ടിയും ബാങ്കും, തോട്ടവും ജീവിതലക്ഷ്യമായി കരുതിത്തുടങ്ങിയ, ജാത്യാഭിമാനവും പൗരുഷവും തണുത്തുറഞ്ഞു കിടന്നിരുന്ന ക്രൈസ്തവസമുദായത്തെ പൗരബോധമുണർത്തി പ്രവർത്തനസന്നദ്ധരാക്കേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി വറുഗീസ് കരുതി

> മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജബഹദൂർ എന്നീ ചരിത്രാഖ്യായികൾ കൊണ്ട് പ്രസിദ്ധകവിയായ സി. വി. രാമൻപിള്ള അവർകൾ സ്വസമുദായത്തിന്റെ പൂർവ്വമാഹാത്മ്യത്തെ തെളിയിച്ചിരിക്കുന്നു[5]

എന്ന് അദ്ദേഹം സൂചിപ്പിച്ചു.

ആ മാതൃക സ്വീകരിച്ചുകൊണ്ട് ക്രൈസ്തവസമുദായചരിത്രത്തെ കേന്ദ്രബിന്ദുവാക്കി നിർത്തിക്കൊണ്ട് വറുഗീസ് ചരിത്രാഖ്യായികകൾ രചിച്ചു. ചരിത്രാഖ്യായികാപാരായണത്തിലൂടെ വ്യക്ത്യഭിമാനബോധവും സ്വാതന്ത്ര്യകാംക്ഷയും തദ്വാരാ അവകാശവാദതല്പരതയും തന്മൂലം സ്വദേശഭക്തിയും രാജ്യക്ഷേമാകാംക്ഷയും ഉണരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ ചരിത്രനോവലുകളിൽ മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവാ ഡച്ചുകാരുടെ പന്തീരായിരം, നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി, പുണ്യവാളനായ ശൗര്യാർ എന്നിവ ഉൾപ്പെടുന്നു.

1. മാർ മാത്യൂസ് അത്താനോസ്യോസിന്റെ പഞ്ചകല്യാണി

1852 ൽ ക്രൈസ്തവസഭാമേലദ്ധ്യക്ഷനായി തിരുവെഴുത്തു വിളംബരം മൂലം അംഗീകരിക്കപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസും അദ്ദേഹത്തിന്റെ കുതിരയായ പഞ്ചകല്യാണിയുമാണ് പ്രധാന കഥാപാത്രങ്ങൾ.

കൊച്ചി രാജകുടുംബവുമായി ബന്ധപ്പെട്ട രണ്ടു സംഭവങ്ങളിലാണ് കഥ കേന്ദ്രീകരിച്ചിരിക്കുന്നത്. 1028 മുതൽ 1039 വരെ കൊച്ചിരാജ്യം ഭരിച്ചിരുന്ന രവിവർമ്മ രാജാവ് സ്വർഗ്ഗാരോഹണം ചെയ്തതു സംബന്ധിച്ച് നാട്ടുവാലായ്മ നിലനിന്നിരുന്നു. 1040-ാം മാണ്ട് ധനുമാസം 10-ാം തീയതി കണ്ടനാട്ടുനിന്ന് നടമേൽ പള്ളിയിലേക്ക് എഴുന്നള്ളത്തു നടത്തിയ മാത്യൂസ് അത്താനാസ്യോസ് നാട്ടുവാലായ്മ ധിക്കരിച്ചു എന്ന ഗുരുതരമായ കുറ്റത്തിന സർക്കാരുദ്യോഗസ്ഥന്മാർ യാത്ര തടഞ്ഞു. എല്ലാവരേയും അറസ്റ്റ് ചെയ്യുവാൻ തുടങ്ങി. തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് ആദ്യഭാഗം.

മെത്രാപ്പോലീത്താ നടമേൽ പള്ളിയിൽ താമസിക്കുമ്പോഴാണ് രണ്ടാമത്തെ സംഭവം. സായാഹ്നസവാരിക്കിറങ്ങിയപ്പോൾ സ്ഥലവാസികളായ നസ്രാണികൾ മെത്രാനെ വണങ്ങുന്നതിനും കൈമുത്തുന്നതിനും തിരക്കുകൂട്ടി. ഈയവസരത്തിൽ കാറ്റുകൊള്ളുവാൻ സവാരിചെയ്തുവന്ന ഇളമുറത്തമ്പുരാനു നസ്രാണികളുടെ തിരക്കുമൂലം വഴി തടസ്സപ്പെട്ടു. കാര്യസ്ഥന്മാരുടെ പരസ്പരമുള്ള ഇടപെടൽ സംഗതി കൂടുതൽ വഷളാക്കി. സംഭവം വലിയതമ്പുരാന്റെ മുമ്പിലെത്തി. ദിവാൻ, തമ്പുരാന്റെ നിർദ്ദേശപ്രകാരം ബ്രിട്ടീഷ് റസിഡന്റിന റിപ്പോർട്ട് അയയ്ക്കുകയും ചെയ്തു

വലിയതമ്പുരാൻ റസിഡൻസിയിൽ പരാതി ബോധിപ്പിക്കാൻ എത്തിയപ്പോൾ റസിഡന്റിന്റെ കുടുംബസുഹൃത്തായ മെത്രാപ്പോലീത്താ സൗഹൃദസന്ദർശനത്തിനുമെത്തി. റസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ മെത്രാനും വലിയതമ്പുരാനും അനുരഞ്ജനത്തിലായി. ഇളമുറത്തമ്പുരാനും മെത്രാനും തമ്മിൽ വളർന്ന സൗഹൃദത്തിന്റെ സൂച

നയായി കുതിരകളെ കൈമാറ്റം ചെയ്തു. ഒരു പ്രധാന കഥാപാത്രമായ പഞ്ചക ല്യാണി കൊട്ടാരത്തിലെ ജീവിതത്തിൽ നിന്നും തിരികെ മെത്രാപ്പോലീത്തയുടെ സമീപത്ത് തിരിച്ചെത്തി, രോഗബാധിതയായി, കാലഗതി പ്രാപിക്കുകയും ചെയ്തു.

പ്രഗത്ഭനായ ഒരു ചരിത്രപുരുഷന്റെ സമർത്ഥയായ കുതിരയെ സജീവകഥാ പാത്രമാക്കിക്കൊണ്ട് ക്രൈസ്തവരുടെ പൂർവ്വികമഹിമയെ അവതരിപ്പിക്കുവാൻ നോവലിസ്റ്റിനു കഴിഞ്ഞു. കേരളഭൂമിയിൽ അക്കാലത്തു ജീവിച്ചിരുന്ന മഹാപുരു ഷന്മാരായ ഏവരേയും അതിശയിക്കത്തക്ക ബുദ്ധിവൈഭവത്തോടുകൂടിയ ധീരോദാ ത്തനായ മെത്രാപ്പോലീത്താ ആയിരുന്നു മാത്യൂസ് മാർ അത്താനാസ്യോസ്. അദ്ദേഹം അന്തോഖ്യൻ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിച്ച് 1019 ാം മാണ്ട് മർദ്ദീനിൽ നിന്നും തിരിച്ചെത്തി. ഇവിടെ നസ്രാണികൾ അനുഭവിച്ചി രുന്ന രാഷ്ട്രീയവും സാമുദായികവുമായ അടിമത്തവും അവരുടെ അസമത്വസങ്കട ങ്ങളും മെത്രാനെ വേദനിപ്പിച്ചു. ക്രിസ്ത്യൻ സമുദായത്തിന സ്വാതന്ത്ര്യം അനുവദി ച്ചുകൊണ്ടും ഊഴിയവേല തടഞ്ഞുകൊണ്ടും പാർവ്വതീറാണി 991 ൽ ഒരു വിളംബരം പുറപ്പെടുവിച്ചുവെങ്കിലും അതു നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. 1027 -ാം മാണ്ട് കർക്കടക മാസം 5-ാം തീയതി ആയില്യം തിരുനാൾ മഹാരാജാവ് മാത്യൂസ് മാർ അത്താനാസ്യോസിനെ മെത്രാൻ സ്ഥാനത്തേക്ക് അവരോധിക്കുന്ന വിളംബരം പ്രസി ദ്ധപ്പെടുത്തി. ക്രിസ്ത്യൻ സമുദായത്തിന്റെ അവശതകളും അടിമത്തവും പരിഹരി ക്കാൻ മേലദ്ധ്യക്ഷസ്ഥാനവും ഔദ്യോഗിക സ്വാധീനവും അവകാശങ്ങളും എല്ലാം അദ്ദേഹം ഉപയോഗിച്ചു. ക്രിസ്ത്യാനികൾക്ക് നിർഭയരായി സമൂഹത്തിൽ പ്രവർത്തി ക്കുവാനുള്ള സാഹചര്യം നേടിയെടുക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു. ബുദ്ധിയും യുക്തിയും പോലെ അദ്ദേഹത്തിന്റെ ബാഹ്യരൂപവും ശ്രദ്ധേയമായിരുന്നു. വറുഗീസ് മെത്രാപ്പോലീത്തായെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്.

ആജ്ഞാകാരിയായ ഏതൊരു ധീരനേതാവിന്റെയും അധരപുടത്തെ ഒരൊറ്റ നോട്ടത്തിൽ സ്തംഭിപ്പിച്ചുകളയത്തക്കവണ്ണം രക്തരേഖാസങ്കീർണ്ണമായ അദ്ദേഹത്തിന്റെ വൈദ്യുതനേത്രങ്ങൾ ആകാശമണ്ഡലത്തിൽ ഉയരെച്ചരിക്കുന്ന ഗൃദ്ധ്രവര്യന്റെ കണ്ണുകൾക്കൊപ്പം സൂക്ഷ്മവീക്ഷണനിപുണതയോടുകൂടിയതും തൃണസ്തംഭങ്ങളുടെ ഇടയിൽ പതുങ്ങുന്ന ഇരയുടെ നേരേ അത്യുഗ്രവീക്ഷണം ചെയ്യുന്ന കേസരിവീരന്റെ നീലക്കനൽക്കണ്ണിനൊപ്പം സദാ വജ്രസൂചികൾ ചിതറുന്നതുമായിരുന്നു. ചെന്തീക്കനൽക്കട്ടയോടു കൂടിയതുമായ ആ തീക്ഷ്ണനേത്രങ്ങൾ. പരിസരവൃത്തത്തിൽ പരക്കെ പരന്നിട്ടുള്ള ചെങ്കരിമാന്തളിർവർണ്ണത്താൽ ഹൃദയാകർഷകമായ മൈക്കണ്ണുകളായി പ്രകാശിക്കുന്നു. [6]

കുതിരയായ പഞ്ചകല്യാണിയുടെ വർണ്ണന

മനോഹരവും ഐശ്വര്യസൂചകവുമായ ഒരു ചെമ്പോരൻനിറം ഇടയ്ക്കിടയ്ക്ക് ചില ഉത്തമസ്ഥാനങ്ങളിൽ വിളങ്ങിക്കാണുന്ന വെള്ളപ്പുള്ളികളോടുകൂടി അവളുടെ ഗാത്രലാവണ്യത്തെ ഏറ്റവും പരിപുഷ്ടമാക്കിയിരുന്നു. തിന്നുതിമർത്തു ലഗാനിൽ അമരാതെ മദിച്ചുനിൽക്കുന്ന പഞ്ചകല്യാണിയുടെ മുഖഗാംഭീര്യവും ശരീരപുഷ്ടിയും നിതംബവിസ്തൃതിയും മൂലം സാധാരണ ആളുകൾക്ക് അവളെ സമീപിക്കാൻ കൂടി ഭയമായിരുന്നു [7]

കാരിരുമ്പു നിറവും ശരീരശക്തിയും ഉള്ള പരദേശബ്രാഹ്മണനായ കസ്തൂരി അയ്യൻ എന്ന പോലീസ് നായ്ക്കൻ, കായികവ്യായാമസിദ്ധമായ ബലിഷ്ഠശരീരത്തോടുകൂടിയ മഹാമല്ലനായ വെള്ളിവില്ലാക്കാരൻ മുത്തുക്കറുപ്പൻ, ആസുരരൂക്ഷതയാർന്ന ദൃഷ്ടിയും രസപുഷ്ടമായ പന്നിവാൽമീശക്കമ്പി വളയവുമുള്ള പരുക്കൻ മുഖ

മാർന്ന കുതിരക്കാരൻ ഹെസിറോ, അതീവഭീകരമായ ഉരുക്കുമുൾമീശയും വിദൂരവീക്ഷണനിപുണമായ കണ്ണുകളും പ്രബുദ്ധദ്യോതകമായ കണ്ഠവും കുണ്ഡലമണ്ഡിതമായ കർണ്ണങ്ങളുമുള്ള തുമ്പമൺ അമേനാദാർ എന്നിവരാണ് പ്രമുഖരായ മറ്റ് കഥാപാത്രങ്ങൾ. ബുദ്ധിശക്തിയിലോ കായികബലത്തിലോ അദമ്യരായ കഥാപാത്രങ്ങളോടാണ് ചരിത്രനോവലിൽ കെ. എം. വറുഗീസിന പഥ്യം.

ചരിത്രാഖ്യായികയിൽ വറുഗീസിന്റെ ഭാഷ ശക്തമാണ്. കഥാപാത്രങ്ങൾ വളരെ യുക്തിഭദ്രമായി വസ്തുതകൾ അവതരിപ്പിക്കുന്നു. നോവലിസ്റ്റിന സ്വന്തം ജീവിതവീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതിനുള്ള ഉപാധികളാണ് പ്ലോട്ടും കഥാപാത്രവും.[8] മാർ മാത്യൂസ് അത്താനാസ്യോസിന്റെ പേരിൽ ആരോപിതമായ കുറ്റങ്ങൾ രാജ്യദ്രോഹപരമായിരുന്നു.

1. നാടുനീങ്ങിയ വലിയതമ്പുരാൻ തിരുമനസ്സിലെ നാട്ടുവാലായ്മയെ ലംഘിച്ച് കീഴ്നടപ്പിനും നാട്ടാചാരത്തിനും വിരോധമായി വാദ്യമേളങ്ങളോടുകൂടി ഘോഷയാത്ര നടത്തി രാജകുടുംബത്തെയും പൊന്നുതമ്പുരാനെയും അപമാനിച്ചു.
2. നാട്ടുനടപ്പിനെയും ആചാരത്തെയും ലംഘിച്ച് കിരീടാവകാശിയായ ഇളയതമ്പുരാന്റെ സവാരിക്കെതിരായി കുതിരപ്പുറത്തു കയറിവന്ന് അനാദരവു കാട്ടി. ഈ ആരോപണങ്ങൾക്ക് തുമ്പമൺ അമേനാദാർ മറുപടി നല്കി.

പുതുതായി നാടുവാഴ്ച ആരംഭിക്കുന്ന രാജാക്കന്മാരെ മലങ്കര സഭാമേലദ്ധ്യക്ഷന്മാർ ചെന്നുകണ്ട് അനുഗ്രഹിച്ചുപോരുന്ന പുരാതനമായ ചടങ്ങാണ് മെത്രാപ്പോലീത്താ അനുവർത്തിക്കുന്നത്. സ്വർണ്ണക്കുരിശുകൾ മുന്നിൽ നിരത്തി, വിഗ്രഹത്തിനു പിന്നിൽ ഉപവിഷ്ടനായി വരുന്നത് വൈദികസംബന്ധമായ യാത്രയാണ്. കേവലമായ എഴുന്നെള്ളത്തല്ല. അതിനു നാട്ടുവാലായ്മ ബാധകമല്ല.

നസ്രാണികൾ സഭാമേലദ്ധ്യക്ഷന്റെ പരിശുദ്ധപാദതലങ്ങളെ ആരാധിച്ച് രാജ്യത്തിനും രാജകുടുംബത്തിനും സ്വകുടുംബങ്ങൾക്കും തങ്ങൾ കച്ചവടം ചെയ്യുന്ന

തായ അങ്ങാടികൾക്കും അത്യന്താപേക്ഷിതമായ ഈശ്വരാനുഗ്രഹം പ്രാപിക്കുന്നതിനായി പൂർവ്വകാലം മുതല്ക്കേ ആചരിച്ചുപോരാറുള്ള 'മതാചാര്യപൂജനം' എന്ന കർമ്മമാണ് അവർ അനുഷ്ഠിച്ചത്. ഈശ്വരാനുഗ്രഹ പ്രാപതിക്കായി സ്വപ്രജകൾ പുരാതനമായ ഒരു സമുദായാചാരം അനുഷ്ഠിക്കുന്ന സന്ദർഭമാണെന്നുള്ള അറിവോടുകൂടി കർമ്മഭാഗിയായ മതാചാര്യനെ നാട്ടാചാരത്തിന ബാലാല്ക്കാരേണ വിധേയനാക്കി കർമ്മത്തിനു തടസ്സമുണ്ടാക്കുക എന്നുള്ളത് രാജസ്ഥാനത്തിനു ബഹുമാനകരമായ കൃത്യമല്ല. തല്ക്കാലം രക്ഷപ്പെട്ടെങ്കിലും ദിവാൻകച്ചേരിയിൽ വിചാരണ നടന്നു. നസ്രാണികളുടെ നിലനിൽപ്പിനു ബലം നൽകുന്ന ചെപ്പേടുകൾ പ്രദർശിപ്പിക്കുവാനും അതിന വീണ്ടും അംഗീകാരം നേടുവാനും ഈ അവസരം പ്രയോജനപ്പെട്ടു.

വറുഗീസിന്റെ വർണ്ണനാചാതുര്യം പ്രകടമാക്കുന്ന സന്ദർഭങ്ങൾ നിരവധിയാണ്. മെത്രാപ്പോലീത്തായുടെ എഴുന്നെള്ളത്ത്, പഞ്ചകല്യാണിയുടെ പ്രദർശനസവാരി, പട്ടണപ്രദർശനം, സംഘട്ടനങ്ങൾ എന്നിവയിലെല്ലാം സൂക്ഷ്മനിരീക്ഷണപാടവവും കാവ്യാത്മകമായ ശൈലിയും പ്രകടമാകുന്നു.

പഞ്ചകല്യാണിയുടെ കുളമ്പടികൾ സമൂഹത്തിൽ അല്പം പൊടിപടലങ്ങൾ ഉയർത്തി. സ്വസമുദായ ചരിത്രത്തിലെ മാനനീയങ്ങളായ വസ്തുതകൾ അവതരിപ്പിച്ചത് സങ്കുചിതമനഃസ്ഥിതിയായി വ്യാഖ്യാനിക്കപ്പെട്ടു. ഈ കൃതിയെ വിമർശിച്ചുകൊണ്ട് മന്നത്തുപത്മനാഭപിള്ള ഇരുനൂറോളം പുറം വരുന്ന നിരൂപണം എഴുതി. അതിനു മറുപടിയായി കെ. എം. വറുഗീസ് 'കേരളീയ നസ്രാണികളുടെ രാഷ്ട്രീയസേവനം' എന്ന കൃതി രചിച്ചു.

2. തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ

അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ, കാർത്തികതിരുനാൾ രാമവർമ്മ, ബാലരാമവർമ്മ എന്നീ തിരുവിതാംകൂർ രാജാക്കന്മാരുടെയും ക്രൈസ്തവസഭാമേല

ദ്ധ്യക്ഷനായിരുന്ന വലിയമാർ ദീവന്നാസ്യോസിന്റെയും ഭരണകാലത്ത് രാജ്യാധികാര സമൂഹത്തിലെ ഒരു പ്രബലശക്തിയായിരുന്നു തച്ചിൽ മാത്തൂത്തരകൻ. അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെ തിരുവിതാംകൂർ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ കെ. എം. വറുഗീസ് അവതരിപ്പിച്ചു.

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ ക്ഷണപ്രകാരം ആലങ്ങാട്ടു നമ്പൂതിരിയും കൊടങ്ങല്ലൂർ തമ്പുരാനും കൂടി ജലമാർഗ്ഗം തിരുവനന്തപുരത്തേക്ക് തിരിച്ചു. മാർഗ്ഗമദ്ധ്യേ കുത്തിയതോടു കടവിൽ വിശ്രമിക്കുമ്പോൾ ആ സ്ഥലത്ത് ഒരു കുട്ടി പിറന്നതായി അറിഞ്ഞു. കേവലം വിനോദത്തിനായി അവർ ജാതകനിർണ്ണയം ചെയ്തു. 'ഭാവിയിൽ ഇരപ്പാളിയായി കുത്തുപാളയെടുക്കു'മെന്ന് ആലങ്ങാട്ടുനമ്പൂതിരിയും 'കനകപ്പല്ലക്കേറു' മെന്ന് കൊടുങ്ങല്ലൂർ തമ്പുരാനും വ്യത്യസ്ത നിഗമനങ്ങളിലെത്തി. ഈ രണ്ടു പ്രവചനങ്ങളും യാഥാർത്ഥ്യമാക്കിയ ആ കുഞ്ഞാണ് തിരുവിതാംകൂർ ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം നേടിയ തച്ചിൽ മാത്തുത്തരകൻ.

1744 ൽ ആണ് തരകന്റെ ജനനം. തടിവ്യാപാരിയായിരുന്ന തര്യതുമാപ്പിള ആയിരുന്നു പിതാവ്. പതിനാറാം വയസ്സിൽ പിതൃമരണാനന്തരം കുടുംബഭാരം ഏറ്റെടുക്കേണ്ടിവന്നു. അപ്രതീക്ഷിതമായി കൈവന്ന ധനം ദുർവ്യയം ചെയ്യുകയും ഋണബാദ്ധ്യതയാൽ വലയുകയും ചെയ്തു. എല്ലാവിധ ദുർവൃത്തിയിലും ഏർപ്പെട്ട് അലഞ്ഞു നടന്നതിനാൽ ഭാര്യയെ മാതാപിതാക്കൾ തിരികെ കൊണ്ടുപോയി. മാതാവ് സ്വഗൃഹത്തിലേക്കും പോയി. വിശ്വസ്ത അനുചരനായി കുഞ്ഞുപ്പണിക്കർ മാത്രമുണ്ടായിരുന്നു. സർവ്വജനങ്ങളുടേയും നിന്ദയ്ക്കും പരിഹാസത്തിനും ദാരിദ്ര്യത്തിനും പാത്രമായ ഒരു ഇരപ്പാളിയായി പരിണമിച്ചപ്പോൾ തരകന സുബോധം വന്നു. കിടപ്പാടം പണയപ്പെടുത്തി മാതാവു നൽകിയ പണവുമായി ആലപ്പുഴ ഷേണായിമാരെ ചെന്നുകണ്ട് തടിവ്യാപാരം ആരംഭിച്ചു.

മാത്തുത്തരകൻ തടിവ്യാപാരത്തിൽ അഭിവൃദ്ധിപ്പെട്ടു. വ്യാപാരത്തിനായി കപ്പൽപോലും വാങ്ങുകയും ചെയ്തു. ലക്ഷപ്രഭുവും സമുദായ നേതാവും പ്രതാപശാലിയും രാജസേവകനും മഹാശക്തനുമായി തരകൻ ഉയർന്നു. 943-ാം മാണ്ട് കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിന രാജാംശമായ ഒരു കൊച്ചു കൊമ്പനാനയെ തങ്കം കൊണ്ട് തീർത്ത് തിരുമുൽക്കാഴ്ചവെച്ചു. തമ്പുരാൻ തരകന 'മാത്തുത്തരകൻ മുതലാളി' എന്ന ബഹുമതി കല്പിച്ചുകൊടുക്കുകയും വീരശൃംഖലയും തങ്കക്കാപ്പും കെട്ടി പല്ലക്കിലേറ്റി പട്ടണപ്രദക്ഷിണം ചെയ്യിക്കുകയും ചെയ്തു. പ്രശസ്തി വർദ്ധിച്ചതോടെ ഭാര്യയും തിരിച്ചെത്തി.

ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് രാജ്യഭരണത്തിൽ പങ്കാളിയാകുവാൻ കഴിഞ്ഞ തരകൻ തന്റെ പദവി ദുരുപയോഗപ്പെടുത്തി. നിരവധി സാധുക്കളെ ഉപദ്രവിച്ചു. ശത്രുവായ വേലുത്തമ്പിദളവയുടെ പ്രവർത്തനം മൂലം തരകന്റെ ചെവികളറുക്കപ്പെട്ടു. അന്നത്തെ മലങ്കരസുറിയാനിസഭാദ്ധ്യക്ഷനായ വലിയ മാർ ദിവന്നാസ്യോസിനെ ദ്രോഹിച്ചു കണ്ണുനീരു കുടിപ്പിച്ച തരകന്റെ കുടുംബം അന്യം നിന്നുപോയി. സ്വത്തുക്കളും തറവാടും നശിച്ചു.

കെ. എം. വറുഗീസ് തിരുവിതാം കൂർ ചരിത്രത്തിൽ നിന്ന് അടർത്തിയെടുത്ത കഥാപാത്രമാണ് തച്ചിൽ മാത്തുതരകൻ. പതിനെട്ടാം വയസ്സിൽ കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ കാലത്ത് മലയാറ്റൂർ വനങ്ങളിൽ നിന്നു തടിവെട്ടിവിറ്റിരുന്ന വ്യാപാരിയായിരുന്നു തരകൻ. വളരെ സ്വാധീനശക്തിയുണ്ടായിരുന്ന ക്രിസ്ത്യൻ വ്യാപാരി എന്നാണ് തരകനെ പരാമർശിക്കുന്നത്. 1798 ൽ ബാലരാമവർമ്മ രാജാവായപ്പോൾ ജയന്തൻ ശങ്കരൻ നമ്പൂതിരി സർവ്വാധികാര്യക്കാരും ശങ്കരനാരായണൻ ചെട്ടി ഖജനാവു സൂക്ഷിപ്പുകാരനും തച്ചിൽ മാത്തുത്തരകൻ ഉപദേഷ്ടാവുമായി അംഗീകരിക്കപ്പെട്ടു.[9] തരകൻ - ചെട്ടി - നമ്പൂതിരി ത്രിമൂർത്തികളുടെ ഭരണം ചരിത്രത്തിൽ കറുത്ത രേഖകൾ വീഴ്ത്തി. മാത്തുത്തരകന്റെ വിവാദപരമായ

ജീവിതത്തിന കെ. എം. വറുഗീസ് കഥാരൂപം നൽകി. മലയാള ചരിത്ര നോവലുക ളുടെ പട്ടികയിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

> പ്രതിബന്ധങ്ങളിൽ നിന്ന് തരകൻ സ്വന്തം വ്യക്തിജീവിതവും കുടുംബജീവിതവും ഒരു രാഷ്ട്രത്തിന്റെ ഭാഗധേയങ്ങളുമായി ബന്ധപ്പെട്ട സംഘർഷഭരിതമായ മറ്റൊരു ജീവിതവും കെട്ടിപ്പടു ത്തത് സൂചിപ്പിക്കുക മാത്രം ചെയ്യുന്ന ഈ കൃതി, ചരിത്രം സൂചി പ്പിക്കുന്നതിനുള്ള പ്രത്യേക താല്പര്യത്തിനു പിന്നിലുള്ള പ്രേരണ കൾ വ്യക്തമാക്കുന്നതാണ്.[10]

ഈ ചരിത്രാഖ്യായികയിലെ നായകൻ ഉഗ്രപ്രതാപിയാണ്.

> കുളി കഴിഞ്ഞ് ശുഭ്രവസ്ത്രവും ധരിച്ച് മുല്ലപ്പൂക്കൾ ചൂടി മടക്കി ക്കെട്ടിയതായ കുടുമയും പ്രോജ്ജ്വലിക്കുന്ന വജ്രകുണ്ഡലങ്ങളും ആയി പുതുചന്ദനക്കുഴമ്പിന്റെ പരിമളവിലാസത്തോടുകൂടി അതി ശ്രീമാനായി അതിപ്രതാപശാലിയായി വെള്ളിവില്ലാക്കാരാൽ അനുഗതനായി[11]

വരുന്ന തരകനാണ് മുഖ്യകഥാപാത്രം

തരകന്റെ ഭാര്യ മറിയക്കുട്ടി സ്വന്തമായ വ്യക്തിത്വമില്ലാത്ത ഒരു സാധാരണ കഥാപാത്രമാണ്. തരകന്റെ ജീവിത വൈരുദ്ധ്യങ്ങളാൽ മാനസികസംഘർഷമനുഭ വിക്കുന്ന മറിയക്കുട്ടിക്ക് അന്നത്തെ ക്രൈസ്തവസഭാന്തരീക്ഷത്തിൽ ഒതുങ്ങിക്കഴി യുന്ന ഒരു യുവതിയാകാനേ കഴിയൂ. മാതാപിതാക്കളുടെ തീരുമാനത്തിനൊത്ത് ചലിക്കേണ്ടിവരുന്ന വിധിയുടെ കളിപ്പാട്ടമായ സ്ത്രീ. ആദരണീയരായ രണ്ടു കഥാ പാത്രങ്ങളുണ്ട്. ഈ ആഖ്യായികയിൽ മാതൃത്വത്തിന്റെ പവിത്രത പ്രകടമാക്കുന്ന തരകന്റെ മാതാവും, വിശ്വസ്തനുചരനായ കുഞ്ചുപ്പണിക്കരും മകന്റെ ദുർവൃത്തി യിൽ മനംനൊന്ത് സഹോദരഗൃഹത്തിലേക്ക് പോയെങ്കിലും പശ്ചാത്താപവിവശനും

ഗതികെട്ടവനുമായി, മാതൃസാന്നിദ്ധ്യം ആഗ്രഹിച്ചയവസരത്തിൽ യാദൃശ്ചികമായി മാതാവും വന്നുചേർന്നു. മകനെ വിശ്വസിച്ച് കിടപ്പാടം പണയപ്പെടുത്തി അമ്മന ല്കുന്ന പണമാണ് അനന്തരകാല ജീവിതത്തിൽ തരകന അടിസ്ഥാനമായത്. തളർച്ചയിലും വളർച്ചയിലും ആജീവനാന്തസൗഹൃദം പുലർത്തുന്ന കുഞ്ചുപണിക്കർ ഒരു അപൂർവ്വ വ്യക്തിതന്നെ.

> കുഞ്ചുപണിക്കർ തരകന്റെ മരണപര്യന്തം അദ്ദേഹത്തിന്റെ
> വിശ്വസ്തസേവകനും ആശ്രിതനുമായി വർത്തിച്ചിരുന്നു [12]

എന്ന് നോവലിസ്റ്റ് രേഖപ്പെടുത്തുന്നു.

അനാർഭാടമായ ഭാഷയിൽ ചരിത്രകഥ അവതരിപ്പിക്കുമ്പോൾ കെ. എം. വറുഗീസിന്റെ ശൈലി ഹൃദ്യമാണ്. തരകന്റെ തകർന്ന ജീവിതം കാണുക

> കഷ്ടതകൊണ്ടും പട്ടിണികൊണ്ടും അപമാനം കൊണ്ടും ഉടുതുണിക്ക് ഇണതുണിയില്ലാത്ത ആ യുവാവ് വെളിയിലിറങ്ങാതെ കതകടച്ചു കഴിച്ചുകൂട്ടുകയാണ് [13]

അതിനുവന്നുചേർന്ന പരിണാമമോ

> 'മാത്തു തരകൻ മുതലാളി അവർകൾ' എന്നിങ്ങനെ മഹാരാജാവ് തിരുമനസ്സുകൊണ്ട് മൂന്നുപ്രാവശ്യം കൽപ്പിച്ചിരിക്കുകയും ഉദ്യോഗസ്ഥന്മാർ മൂന്നുപ്രാവശ്യം ഉൽഘോഷണം ചെയ്യുകയും ചെയ്തു. തിരുമനസ്സുകൊണ്ട് ഉടൻതന്നെ തരകന്റെ വലത്തുകൈയ്ക്കു വീരശൃംഖലയും ഇടത്തുകൈയ്ക്കു തങ്കക്കാപ്പും കെട്ടി. തരകനെ പല്ലക്കിലേറ്റി പട്ടണപ്രദക്ഷിണം ചെയ്യിക്കാൻ കല്പനയായി [14]

കനകപ്പല്ലക്കേറി വരുന്ന തരകൻ വീരശൃംഖല, പുതുജീവൻ നല്കിയ ഷേണായിക്ക് സമർപ്പിക്കുകയും ഷേണായി ശൃംഖലയും രണ്ടു പൊൻകാപ്പും തരകനു നൽകു

കയും ചെയ്യുന്നതും മാതാവിന്റെ പാദതലങ്ങളിൽ എല്ലാം സമർപ്പിച്ച് തരകൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നതും മറ്റും വികാരനിർഭരമായി അവതരിപ്പിക്കുന്നുണ്ട്. ഈ ഏകാദ്ധ്യായ ചരിത്രാഖ്യായികയിൽ ഗുണപാഠങ്ങൾ പലതുണ്ട്. ചരിത്രം ആവർത്തിക്കപ്പെടുമെന്നുള്ളത് പരമാർത്ഥമാണെങ്കിൽ നാമും ഈ സംഭവങ്ങളിൽ നിന്നും പല പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ നിമ്നോന്നതികളും കർമ്മ ഫലവും ഈ നോവലിന ഭാവപരമായ ഔൽകൃഷ്ട്യം നൽകുന്നു.

ദീർഘകായനും ബലിഷ്ഠശരീരനുമായ മാത്തുത്തരകൻ പണമുണ്ടാക്കുന്നതിനുള്ള പ്രയാസമോ ജീവിതത്തിലെ കഷ്ടപ്പാടുകളെ അറിഞ്ഞിട്ടില്ലാത്തതിനാൽ അനായാസേന വന്നുചേർന്ന പിതൃസ്വത്ത് ദുർമാർഗ്ഗത്തിൽ നശിപ്പിച്ചു. പിന്നീട് കാട്ടാനയുടെയും കടുവയുടെയും വായിൽ ജീവൻ പണയം വെച്ച് തടിവെട്ടി വിറ്റ് മുതലാളിയായി. ടിപ്പുവുമായി നടത്തിയ യുദ്ധത്തിലും മറ്റു പല സന്ദർഭങ്ങളിലും തരകന്റെ രാജഭക്തിയും പണപ്പെട്ടിയും തമ്പുരാന പ്രയോജനപ്പെട്ടിരുന്നു. ദുർവൃത്തനും അലസനുമായി കരിമ്പട്ടിണിയിൽ പതിച്ച തരകനെ എല്ലാവരും ദുഷിച്ചു. ഭാര്യാഗൃഹത്തിൽ നിന്ന് വളരെയേറെ അധിക്ഷേപം സഹിച്ചു. അവിടെവച്ച് അഭിമാനഭംഗത്തോടും വീറോടും കൂടി ചൊട്ടവാൾപ്പിടിയിൽ മുറുമമർത്തിയപ്പോൾ പത്തായപ്പലകയിൽ വാൾ തറഞ്ഞുകയറി. പ്രശസ്തനായപ്പോൾ നിന്ദിച്ചവർ വന്ദിക്കുവാൻ തുടങ്ങി. ഭാര്യയെ മാതാപിതാക്കൾ പശ്ചാത്താപപൂർവ്വം തിരിച്ചേൽപ്പിച്ചു. തരകൻ ഭാര്യാഗൃഹം പുതുക്കി പണികഴിപ്പിച്ചു. പത്തായപ്പുറത്തെ ചൊട്ടവാൾപ്പാട് ആജീവനാന്തം ഏറ്റുപോയ കഠിനക്ഷതത്തിന്റെ പ്രത്യക്ഷബിംബമായി പൂമുഖത്ത് തന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു. കേരളീയ നസ്രാണിസമുദായത്തിലെ റോമൻകത്തോലിക്കർ, യാക്കോബായക്കാർ എന്നീ ഇരുവിഭാഗങ്ങളെയും പുനരൈക്യപ്പെടുത്തുവാൻ തരകൻ ശ്രമിച്ചു. ഇതിനുള്ള മാർഗ്ഗങ്ങൾ കുത്സിതങ്ങളായിരുന്നു. യാക്കോബായ സഭാദ്ധ്യക്ഷനായിരുന്ന വലിയ മാർദിവന്നാസ്യോസിനെ നികൃഷ്ടമായ ഹീനകൃത്യങ്ങളി

ലൂടെ വേദനിപ്പിച്ചു. സുറിയാനി ക്രിസ്ത്യാനികളിൽനിന്ന് അന്യായമായ പണപ്പിരിവു നടത്തി കഷ്ടപ്പെടുത്തി. തന്മൂലം സ്വസമുദായക്കാർ വെറുത്തു. മഹാശക്തനായിരുന്ന തരകന്റെ കുടുംബം വെണ്ണീറായി. ഈ മെത്രാപ്പോലീത്തായാവട്ടെ ആയുരാരോഗ്യസമ്പൽസൗഭാഗ്യകീർത്തിയോടുകൂടി കനകപ്പല്ലക്കിലേറി വാഴുകയും ചെയ്തു. മനുഷ്യജീവിതത്തിന്റെ അസ്ഥിരതയെക്കുറിച്ചു താക്കീതു നല്കുന്ന ഒരു ചരിത്രനോവലാണ് 'തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ'. തച്ചിൽ മാത്തുത്തരകനെപ്പറ്റിയുള്ള ഐതിഹ്യം കേന്ദ്രമാക്കി രചിച്ച ഈ ചരിത്രാഖ്യായികയിൽ അനാർഭാടമായ അവതരണം ചരിത്രത്തിൽ നിന്ന് അധികം അകലെയല്ലാത്ത സ്ഥാനം കൃതിക്ക് നൽകുന്നു.

3. വലിയ മാർ ദിവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും

മാർത്താണ്ഡവർമ്മ, കാർത്തികതിരുനാൾ രാമവർമ്മ, അവിട്ടം തിരുനാൾ ബാലരാമവർമ്മ എന്നീ മഹാരാജാക്കന്മാരുടെ ജീവിതകാലമാണ് ഈ ചരിത്രാഖ്യായികയുടെ പശ്ചാത്തലം. ക്രിസ്ത്യാനികൾക്ക് നാടുവാഴുന്ന തമ്പുരാക്കന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ള ചെപ്പേടുകൾക്ക് പുനരംഗീകാരം ലഭിച്ച ഒരു സംഭവമാണ കഥാവസ്തു. പ്രധാനകഥാപാത്രങ്ങൾ വലിയ മാർ ദിവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും.

കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് നാടുനീങ്ങിയതിനുശേഷം കാർത്തിക തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് വഞ്ചിരാജ്യഭരണമേറ്റു 975 –ാമാണ്ട് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ കൊടിയേറ്റു സമീപിച്ചു. തിരുവിതാംകൂർ മഹാരാജകുടുംബത്തിന്റെ കുലഗുരുവായ തരണനല്ലൂർ നമ്പൂതിരിപ്പാട് കൊടിയേറ്റിന പ്രധാന കാർമ്മികനാണ്. അതിലേക്ക് അദ്ദേഹത്തെ എതിരേറ്റു കൊണ്ടുവരാൻ തിരുവെഴുത്തുമായി ചില മഹാബ്രാഹ്മണർ, ഹരിക്കാർ, പട്ടാളക്കാർ, പള്ളിബോട്ടുകൾ പതിനൊന്നു സാധാരണ ബോട്ടുകൾ എന്നിവ തരണനല്ലൂരെത്തി.

തിരുവനന്തപുരത്തേക്കുള്ള യാത്രയിൽ നമ്പൂതിരിപ്പാട്ടിലെ സ്ഥിതിയും അന്തസ്സും അനുസരിച്ച് അദ്ദേഹത്തെയും പരിവാരങ്ങളെയും എത്ര കെങ്കേമമായി എതിരേല്ക്കാമോ ആ വിധത്തിൽ താന്താങ്ങളുടെ അതിർത്തി കടത്തിവിടുവാനാണ് ഓരോരുത്തരുടേയും ശ്രമം. എഴുന്നെള്ളത്തു സംബന്ധിച്ച് വള്ളപ്പിടുത്തം ഉണ്ടായിരുന്നതിനാൽ അന്ന് മിക്കവാറും ആളുകൾ ജലയാത്ര ഒഴിവാക്കി. ഈ സന്ദർഭത്തിലാണ് വലിയ മാർ ദിവന്നാസ്യോസിന്റെ എഴുന്നള്ളത്ത്. നിരണത്തു നിന്ന് കോട്ടയത്തേക്ക് വിവിധ തരത്തിലുള്ള ജലവാഹനങ്ങളുടെ അകമ്പടിയും, തിരുവെഴുത്തുവഴി ലഭിച്ചിട്ടുള്ള പദവികളെ പ്രദർശിപ്പിക്കുന്ന ആഡംബരങ്ങളും, ഇടവകക്കാരുടെ ധനശക്തിയെയും സ്വാധീനശക്തിയെയും പ്രത്യക്ഷമാക്കുന്ന സർവ്വവിധ സന്നാഹങ്ങളും കൂട്ടിയാണ് മെത്രാപ്പോലീത്തായുടെ വരവ്. ചമ്പക്കുളത്തിനപ്പുറത്തുവെച്ച് ഇരുഘോഷയാത്രകളും ഏറ്റമുട്ടി. അവനവന്റെ പ്രൗഢിയെപ്പറ്റി ചിന്തിച്ചിരുന്ന ഇരുകൂട്ടരും വഴിമാറിയില്ല. തഹസീൽദാർ ഉൾപ്പെടെയുള്ള സർക്കാരുദ്യോഗസ്ഥർ നമ്പൂതിരിപ്പാടിന്റെ ഭാഗത്ത് തർക്കങ്ങളും മൽപ്പിടുത്തങ്ങളും വേണ്ടതുപോലെ നടത്തി. ഒടുവിൽ തന്ത്രപൂർവ്വം മെത്രാപ്പോലീത്തായും സംഘവും വഴികടന്നു.

തരണനല്ലൂർ നമ്പൂതിരിപ്പാടിനു സംഭവിച്ച അപമാനം രാജസന്നിധിയിലെത്തി. മഹാരാജാവ് കേസ് വിചാരണയ്ക്കെടുത്തു. നമ്പൂതിരിപ്പാടും മെത്രാപ്പോലീത്തായും രാജസന്നിധിയിൽ വിസ്തരിക്കപ്പെട്ടു. നസ്രാണിവർഗ്ഗത്തിനു ലഭിച്ചിട്ടുള്ള മൂന്നു ചേപ്പേടുകൾ മെത്രാപ്പോലീത്താ രാജസമക്ഷം സമർപ്പിച്ചു. ആ വിശിഷ്ടലിഖിതസഞ്ചയം കാണുകയും രായസപ്രധാനന്മാരാൽ വ്യാഖ്യാനിച്ചു ബോധ്യപ്പെടുകയും ചെയ്ത തമ്പുരാൻ ചേപ്പേടുകൾ മൂന്നും സ്വർണ്ണത്താമ്പാളത്തിൽ വെച്ച് പൂവും, ചന്ദനവും നിറച്ച് പിതൃക്കളെപ്പറ്റിയുള്ള ബഹുമാനസ്മരണയോടും കൃതാർത്ഥതയോടും കൂടി മെത്രാപ്പോലീത്തായുടെ മുമ്പിൽ ഒരു പീഠത്തിൽ വച്ചു

കൊടുത്തു. മഹാരാജാവിന്റെ വകയായി മെത്രാപ്പോലീത്തായ്ക്ക് ഒരു കനകപ്പല്ലക്കു കൂടി അനുവദിച്ചുകൊടുത്തു.

> ഏറ്റവും ബഹുമാനപൂർവ്വമായ ശ്രേഷ്ഠപദവികൾ പണ്ടുമുതൽക്കേ നമ്മുടെ പൂർവ്വികന്മാരുടെ നാമത്തിൽ അനുഭവിച്ചു പോന്നവരും സത്യവാന്മാരും വിശ്വസ്തന്മാരുമായ സൂര്യാണികളുടെ രാജതുല്യനായ ഒരു മതാദ്ധ്യക്ഷന്റെ ആഘോഷപൂർവ്വമായ യാത്ര നമ്മുടെ കുലഗുരുവിന ഒരിക്കലും ഒന്നുകൊണ്ടും അപമാനകരമായിത്തീരുവാൻ സംഗതിയില്ലെന്ന് നാം ബോധിച്ചിരിക്കുന്നു. [15]

എന്ന് വിധിക്കുകയും ചെയ്തു. തരണനല്ലൂർ നമ്പൂതിരിപ്പാട് മെത്രാപ്പോലീത്തായുമായി രമ്യതയിലെത്തി. സർവ്വാധികാര്യക്കാർ മെത്രാപ്പോലീത്തായെ കനകപ്പല്ലക്കിലും കാര്യസ്ഥൻ കത്തനാരെ മേനാവിലും കയറ്റി പട്ടാളക്കാരുടെ അകമ്പടിയോടും വാദ്യഘോഷങ്ങളോടും കൂടി ആഘോഷപൂർവ്വം യാത്ര അയച്ചു. ശ്രേഷ്ഠന്മാരായ രണ്ടു കഥാപാത്രങ്ങളെയാണ് വറുഗീസ് തെരഞ്ഞെടുത്തത്

> തിരുവിതാംകൂർ രാജകുടുംബത്തിന്റെ ബഹുമാന്യനായ കുലഗുരുവും ബാലരാമവർമ്മ മഹാരാജാവിന്റെ ഗുരുപ്രവരനുമായ തരണനല്ലൂർ നമ്പൂതിരിപ്പാടിലേക്ക് രാജകുടുംബസംബന്ധമായും ശ്രീപത്മനാഭസ്വാമി ക്ഷേത്രസംബന്ധമായും പൂർവ്വകാലം മുതല്ക്കേ ലഭിച്ചിട്ടുള്ള വൈദികാധികാരം [16]

മൂലം തിരുവനന്തപുരത്തേക്കു ആഘോഷപൂർവ്വം കൊണ്ടുവരാൻ യോഗ്യതയുള്ള ആളാണ്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തുല്യനിലയിൽ തന്നെ വർത്തിച്ചിരുന്ന വ്യക്തിയും. അദ്ദേഹത്തെപ്പറ്റി നോവലിസ്റ്റ് ഇങ്ങനെ രേഖപ്പെടുത്തുന്നു.

പത്തൊൻപതാം ശതാബ്ദത്തിന്റെ പ്രഥമപാദത്തിൽ മലങ്കര സിറിയൻ ക്രിസ്ത്യൻ സമുദായാദ്ധ്യക്ഷനായി വാണിരുന്ന ഈ വൈദികവര്യൻ നാമത്തിലും സ്ഥാനത്തിലും ഇന്നത്തെ തന്റെ അനന്തരഗാമിയായ മലങ്കരസുറിയാനി സഭാദ്ധ്യക്ഷനെപ്പോലെ തന്നെ ബുദ്ധിശക്തിയിലും ധീരോദാത്തതയിലും അഗ്രിമസ്ഥാനി യായിരുന്നു എന്നുള്ളതിന അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഏതൊരു ഭാഗവും ലക്ഷ്യമത്രേ [17]

കഥാപാത്രത്തിന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നവയാണ് സംഭാഷണങ്ങൾ

മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായ പറയ്ക്കമല്ലൻ:-

രണ്ടു തിരുമേനികളുടേയും മാനത്തിനും പ്രതാപത്തിനും സത്കീർത്തിക്കും യോജിക്കാത്ത നിലയിൽ മെത്രാപ്പോലീത്തായെ ബലാല്ക്കാരപൂർവ്വം അപമാനിച്ചിട്ട് തിരുവനന്തപുരത്തേക്ക് എഴു ന്നള്ളണമെങ്കിൽ പള്ളിബോട്ട് പമ്പയാറ്റിൽകൂടിയല്ലാ പമ്പയിലെ കട്ടച്ചോരപ്പുഴയിൽകൂടി മാത്രമേ തെക്കോട്ട് പോവുകയുള്ളൂ[18]

കാര്യസ്ഥൻ കത്തനാർ : -

രണ്ടുപേരുടേയും യാത്രയെ സുഖകരവും നിർബ്ബാധവുമാക്കി ത്തീർക്കുവാനുള്ള ചുമതല ഒരു നിഷ്പക്ഷവാദിയായ സർക്കാരു ദ്യോഗസ്ഥൻ എന്ന നിലയിൽ തഹസീൽദാരിൽ നിക്ഷിപ്തമായി ട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അതിനാൽ രണ്ടുകൂട്ടർക്കും മാന മായി കടന്നുപോകുവാനുള്ള മാർഗ്ഗങ്ങളേക്കുറിച്ചത്രേ ഇവിടെ ആലോചിപ്പാനുള്ളത്[19]

തഹസീൽദാർ: -

> ഇപ്പോൾ തന്നെ ഇരുഭാഗക്കാർക്കും സ്വൈര്യമായി കടന്നുപോകാൻ സൗകര്യമുണ്ടെന്നിരിക്കിൽ തന്നെയും രാജഗുരുവിന്റെ എഴുന്നള്ളത്തിനെതിരായി തത്തുല്യമായ വേറൊരു ഘോഷയാത്ര കടന്നുപോകുക എന്നുള്ളത് അനുവദിപ്പാൻ പാടില്ലാത്തതായ ഒരു ധിക്കാരകൃത്യം തന്നെയാണ്. [20]

കേരളീയനസ്രാണിവർഗ്ഗത്തിന്റെ സമ്പത്തായി കരുതിപ്പോന്നിരുന്ന ചെപ്പേടുകൾ മെത്രാപ്പോലീത്താ രാജസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് പ്രൗഢഗംഭീരമായ പ്രഭാഷണം നടത്തി. അത്യുദാരമതികളായ കേരളചക്രവർത്തിമാർ കേരളീയ നസ്രാണി സഭാമേലദ്ധ്യക്ഷന്മാർക്ക് പൂവും നീരും വീഴ്ത്തി കല്പിച്ചുകൊടുത്തിട്ടുള്ള മൂന്നു ചേപ്പേടുകൾ എക്കാലവും അനുഭവിച്ചുകൊള്ളാനുള്ള പദവികൾ ഉൾക്കൊള്ളുന്നു. അതാതുകാലങ്ങളിലെ തിരുവിതാംകൂർ രാജാക്കന്മാരും നസ്രാണികളും തമ്മിൽ ദൃഢമായ ബന്ധം പുലർത്തിയിരുന്നു. രാജ്യശ്രേയസ്സിൽ അവർക്കു പങ്കാളിത്തമുണ്ടായിരുന്നു. രാജാവിന് അവരെ പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു. ആയിരത്തിനാനൂറു വർഷത്തിലധികം അനുഭവിച്ചു പോന്ന മഹൽപദവികൾ ആചന്ദ്രതാരം അനുഷ്ഠിക്കുവാനുള്ള അവകാശം തിരുവിതാംകൂർ രാജസിംഹാസനം അംഗീകരിക്കുമെന്ന് മെത്രാപ്പോലീത്താക്കു പ്രതീക്ഷ ഉണ്ടായിരുന്നു. പിതൃസ്മരണയിൽ വികാരഭരിതനായി മഹാരാജാവു കല്പിച്ചു.

> നമ്മുടെ പൂർവ്വികന്മാരും കേരള ചക്രവർത്തിമാരും നൽകിയിട്ടുള്ള സ്ഥാനമാനങ്ങളും പദവികളും നമ്മുടെ വാഴ്ചക്കാലത്തു സ്വാതന്ത്ര്യപൂർവ്വം ഉപയോഗിക്കുന്നതിലേക്ക് ഒരു നിമിഷമെങ്കിലും തടസ്സം നേരിടുമെന്ന് മെത്രാപ്പോലീത്താക്കും സുര്യാണികൾക്കും ഒരിക്കൽപോലും തോന്നാതിരിക്കേണ്ടതിലേക്കു ചെപ്പേടുകളിൽ

ചേർത്തിട്ടില്ലാത്തതായ ഒരു പദവി എന്ന നിലയിൽ നാം നമ്മുടെ
വകയായിത്തന്നെ ഒരു കനകപ്പല്ലക്കു കൂടി തന്നിരിക്കുന്നു.[21]

കെ. എം. വറുഗീസിന്റെ വർണ്ണനാചാതുര്യം പ്രകടമാക്കുന്ന പല സന്ദർഭങ്ങളും ഈ നോവലിൽ ഉണ്ട്. വലിയ മാർ അത്താനാസ്യോസിന്റെ ജാതകചർച്ച, സുറിയാനി മെത്രാന്മാരുടെ പരസ്യയാത്ര, രണ്ടുതിരുമേനിമാരുടേയും യാത്രാസംഘങ്ങൾ തമ്മിലുള്ള സംഘട്ടനം എന്നിവ ഉദാഹരണങ്ങൾ.

വലിയമാർ ദീവന്നാസ്യോസിനു ലഭിച്ച അംഗീകാരം ഒരു മുൻ അനുഭവത്തിന്റെ തിരുത്തലായിരുന്നു. തച്ചിൽ മാത്തുതരകൻ നല്കിയ വേദനയും പീഡനവും ദ്രോഹവും അതിജീവിച്ച് സൗഭാഗ്യവാനായി ഉയർന്ന ഒരു നിഷ്ക്കളങ്ക സന്യാസിയുടെ കഥയാണ് ഇത്. ഈ സന്ദർഭത്തിൽ തരകൻ നിന്ദ്യനും, കർണ്ണച്ഛേദം അനുഭവിച്ചവനുമായ ഒരു ദുരന്ത കഥാപാത്രമായി മാറിക്കഴിഞ്ഞിരുന്നു.

4. അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവാ ഡച്ചുകാരുടെ പന്തീരായിരം

മലങ്കരക്രൈസ്തവസമുദായത്തിന്റെ ആഭ്യന്തരപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വസ്തുതകളെ ആധാരമാക്കി രചിച്ച ചരിത്രനോവലാണ് അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവാ ഡച്ചുകാരുടെ പന്തീരായിരം. മലങ്കരസഭാമേലദ്ധ്യക്ഷന്മാരുടെ ഭരണാധികാരത്തിന്റെ സാധുത്വം ആദിമകാലങ്ങളിൽ പ്രമാദമായ പ്രശ്നമായിരുന്നു. പരദേശത്തുനിന്ന് മേല്പട്ടക്കാരെ വരുത്തിയതിന്റെ പേരിൽ ഡച്ചുകാരോട് ഉണ്ടായ ഋണബാദ്ധ്യതയും തന്മൂലം സഭാനേതാവായിരുന്ന മെത്രാപ്പോലീത്താ അനുഭവിക്കേണ്ടിവന്ന കാരാഗൃഹവാസവും ആണ് പ്രമേയം.

1653 നു ശേഷം മലങ്കരസഭയിൽ പകലോമറ്റം വൈദികാദ്ധ്യക്ഷ കുടുംബത്തിൽ മെത്രാൻ സ്ഥാനികളുണ്ടായി. ഇവിടുത്തെ വൈദികമേലധികാരം, പാരമ്പര്യമനുസരിച്ച് ഗ്രീസിലെ കാതോലിക്കോസിനായിരുന്നു. അദ്ദേഹം മലങ്കരമെത്രാന്മാരുടെ വൈദികാധികാരം സ്ഥിരപ്പെടുത്തിയിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ

അന്ത്യോഖ്യയിലെ പാത്രിയർക്കീസിനോട് വൈദികാധികാരത്തിന സാധുത്വം നൽകാൻ കേരളസഭ ആവശ്യപ്പെടേണ്ടിവന്നു. ഈ ബന്ധം പരദേശമെത്രാന്മാരുടെ ആഗമനത്തിനു വഴിയൊരുക്കി.

പകലോമറ്റം രണ്ടാം മാർത്തോമ്മാ മെത്രാപ്പോലീത്താ സഭാഭരണം നടത്തി യിരുന്ന കാലത്ത് (കൊ.വ.861) കോതമംഗലം ബാവാമാർ എന്നറിയപ്പെട്ടിരുന്ന മാർബസ്സേലിയോസ് കാതോലിക്കാ, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ എന്നീ രണ്ടു പരദേശ മേല്പട്ടക്കാർ മലങ്കരയിൽ എത്തി. മാർ ഈവാനിയോസ്, രണ്ടാം മാർത്തോമ്മായുടെ പിൻഗാമികളായി മൂന്നാം മാർത്തോമ്മായെയും നാലാം മാർത്തോമ്മായെയും വാഴിച്ചു. മാർ ഈവാനിയോസ് ദിവംഗതനായതിനുശേഷം നാലാം മാർത്തോമ്മാ തനിയെ അഞ്ചാം മാർത്തോമ്മായെ വാഴിച്ചു. പരദേശി മെത്രാന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചിരുന്നവർ സ്വദേശി മെത്രാന്റെ നടപടിയെ ചോദ്യം ചെയ്തു. ശീമക്കാരോട് ഒരിക്കൽ കൂടി പട്ടം ഏല്ക്കാമെന്ന് സമ്മതിച്ചു കൊണ്ട് അഞ്ചാം മാർത്തോമ്മാ ബസ്രായിൽ നിന്ന് മാർ ഈവാനിയോസിനെ വരു ത്തി. അദ്ദേഹമാവട്ടെ ഇവിടെ വന്നു ഭരണം കൈയ്യിലെടുക്കാൻ ശ്രമിച്ചു. ഇതിൽ നിന്ന് രക്ഷനേടുവാൻ സഭ ഡച്ചുകാരെയും കൊച്ചിരാജാവിനെയും സമീപിച്ചു. അഞ്ചാം മാർത്തോമ്മായുടെ അപേക്ഷപ്രകാരം മാർ ബസ്സേലിയോസ് കാതോലി ക്കോസും ഒരു ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയും വേറേ ചിലരും കൂടി കൊ. വ. 926 ൽ ഡച്ചുകാരുടെ ഒരു കപ്പലിൽ കൊച്ചിയിൽ വന്നുചേർന്നു. ഇവരുടെ ചെലവു വകയ്ക്കായി 4000 രൂപ കൊടുത്തുകൊള്ളാമെന്ന് അഞ്ചാം മാർത്തോമ്മാ ഉടമ്പടി ചെയ്തിരുന്നു. എന്നാൽ യാത്രച്ചെലവ്, കപ്പൽക്കൂലി, കടംപറ്റ്, പലിശ എന്നീ ഇനങ്ങളിൽ പന്തീരായിരം രൂപ അഞ്ചാം മാർത്തോമ്മാ അടയ്ക്കേണ്ടതായി വന്നു. അതാണ് ഡച്ചുകാരുടെ പന്തീരായിരം.

അഞ്ചാം മാർത്തോമ്മായെ പ്രതിയാക്കി ഡച്ചുകുമദോരിൽ വ്യവഹാരം ആരംഭിച്ചു. ഈ സന്ദർഭത്തിൽ പ്രാണരക്ഷാർത്ഥം മെത്രാപ്പോലീത്തായെ തിരുവിതാംകൂർ രാജാവിന്റെ പരിധിയിൽപെടുന്ന നിരണത്തുപള്ളിയിലേക്ക് കൊണ്ടുവന്നു. ഉടനെ ഡച്ചുകാർ തിരുവിതാംകൂർ മഹാരാജാവിന്റെ സന്നിധിയിൽ പരാതി ബോധിപ്പിച്ചു. കൊ. വ. 930 ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് കൊച്ചിരാജാവുമായി സന്ധിചെയ്യുന്നതിന മാവേലിക്കര എഴുന്നള്ളിയ സന്ദർഭത്തിൽ മെത്രാപ്പോലീത്തായോട് സംസാരിക്കുകയും രണ്ടുവർഷത്തെ കാലതാമസത്തിന പിഴവുകൂട്ടി 14000 രൂപാ 932 നകം അടയ്ക്കണമെന്ന് നിജപ്പെടുത്തുകയും ചെയ്തു. ഇതിൽ വീഴ്ചവരുത്തിയതിനാൽ 933 ആരംഭത്തോടുകടി മഹാരാജാവ് വാറണ്ട് അനുവദിച്ചു. അതനുസരിച്ച് സർക്കാർ ആളുകളും പോക്കുമൂസാമരയ്ക്കാരും അടങ്ങിയ സംഘം മാവേലിക്കര പുതിയകാവ് പള്ളിയിൽ നിന്ന് മെത്രാപ്പോലീത്തായെ കൊച്ചിയിലെ ഡച്ചുകോട്ടയ്ക്കുള്ളിലേക്ക് കൊണ്ടുവന്നു.

മലങ്കര സുറിയാനി സഭയെയും അതിന്റെ മേലദ്ധ്യക്ഷനെയും അഞ്ചാം മാർത്തോമ്മായെയും പ്രൊട്ടസ്റ്റന്റുസഭയിൽ ലയിപ്പിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരുന്ന ഡച്ചുകാർക്ക് മെത്രാപ്പോലീത്തായുടെ കാരാഗൃഹവാസം ഒരു അവസരം നൽകി. വമ്പിച്ച മേന്മകളും പ്രതാപജീവിത സൗകര്യങ്ങളും മഹാരാജാക്കന്മാർക്ക് തുല്യമായ അധികാരങ്ങളും ഡച്ചുഗവർണർ ജനറൽ മെത്രാപ്പോലീത്തായ്ക്ക് വാഗ്ദാനംചെയ്തു. അദ്ദേഹം അവ നിരാകരിച്ചു. നസ്രാണിക്കപ്പിത്താന്മാരുടെ ഉപദേശവും വിഫലമായി. ഡച്ചുകുമുദവരുടെ നേരിട്ടുള്ള പരിശ്രമവും വിജയിച്ചില്ല.

> എന്റെ പെറ്റമ്മയുടെ മുലപ്പാലോടുകൂടി ഞാൻ ഉൾക്കൊണ്ടിട്ടുള്ളതായ എന്റെ പിതാക്കന്മാരുടെ സ്തുതി ചൊവ്വാകപ്പെട്ട (ഓർത്തഡോക്സ്) വിശ്വാസത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കു

വാൻ ലന്തഗവണ്മെന്റിനോ, സൈന്യ ശക്തിക്കോ, പീരങ്കി കൾക്കോ, വാളിനോ, ചവണയ്ക്കോ, ഇരുമ്പാണികൾക്കോ, പട്ടി ണിക്കോ, അപമാനത്തിനോ, കഷ്ടതയ്ക്കോ യാതൊരു കാലത്തും കഴിയുന്നതല്ലെന്നു പ്രിയപ്പെട്ട കുമുദവർ മനസ്സിലാക്ക ണം. എന്റെ മതവിശ്വാസം എന്റെ പ്രാണനോളവും എന്റെ പ്രാണ നേക്കാളും എനിക്കു വിലയേറിയതാണ്.[22]

ഡച്ചുതാല്പര്യങ്ങൾ അവഗണിക്കപ്പെട്ടതിനാൽ മെത്രാപ്പോലീത്തായുടെ തട വിന്റെ കാഠിന്യം വർദ്ധിച്ചു. പത്തിരുപതു കടൽക്കൊള്ളക്കാരോടൊപ്പമായി വാസം. മെത്രാപ്പോലീത്തായുടെ വ്രതനിഷ്ഠയും ആത്മീയ ചൈതന്യവും തിരിച്ചറിഞ്ഞ തട വുകാർ, അദ്ദേഹത്തോട് അനുകമ്പയും ത്യാഗബുദ്ധിയും പ്രകടിപ്പിച്ചു. മെത്രാപ്പോ ലീത്താ തടവുചാടുമെന്ന കുപ്രചരണം വിശ്വസിച്ചുകൊണ്ട് തടിച്ചുരുണ്ട ഉരുളുവള യങ്ങൾ രണ്ടു കൈത്തണ്ടിലും കാലിലും ചേർത്തു പൂട്ടി. അഞ്ചാം മർത്തോമ്മായുടെ അനന്തരഗാമിയായ അനന്തരവൻ കത്തനാരുടെ നവപൂജാർപ്പണത്തിൽ സംബ ന്ധിച്ച നിരണം പള്ളിയിലെ കത്തനാർ, തിരികെ വന്നപ്പോൾ, മെത്രാന്റെ ദയനീയ സ്ഥിതികളെപ്പറ്റി സഭാംഗങ്ങളെ അറിയിച്ചു. തെക്കൻ നസ്രാണികൾ പിഴവുതുക സമാഹരിക്കുവാൻ ബദ്ധപ്പെട്ടിരുന്ന ആ സമയത്ത്, ഇലഞ്ഞിക്കൽ പീത്തമ്മത്തങ്കി, തന്റെയും പുത്രിയുടേയും ആഭരണങ്ങൾ മോചനദ്രവ്യത്തിനായി സമർപ്പിച്ചു. ധനശേ ഖരണത്തിന ഇത് വലിയ പ്രചോദനമായിരുന്നു.

പോക്കുമൂസാമരയ്ക്കാരുടെ നേതൃത്വത്തിൽ ആലോചനായോഗം കൂടി മെത്രാപ്പോലീത്തായെ ബറ്റേവിയൻ തടങ്കലിലേക്കു മാറ്റുവാനുള്ള ആലോചനകൾ നടക്കുമ്പോൾ മരയ്ക്കാരുടെ ഏകപുത്രി രോഗബാധിതയായി, മരണാസന്നയായി ഭവിച്ചു. ജ്യോത്സ്യവിധിപ്രകാരം പരമസാധുവായ പരിശുദ്ധ മെത്രാപ്പോലീത്തായെ മരക്കാർതന്നെ കോട്ടയിൽ നിന്ന് അനുവാദവും വാങ്ങി പുതിയകാവുപള്ളിയിൽ

കൊണ്ടുവന്നിരുത്തി. പിന്നീട് ഉണ്ടായ രാജവിധിപ്രകാരം അഞ്ചാം മാർത്തോമ്മാ ഏഴായിരം രൂപ അടച്ചു കടംവീട്ടി. പരദേശമെത്രാന്മാർ അടയ്ക്കേണ്ട ഏഴായിരം രൂപയിൽ മൂവായിരവും ബാക്കിയ്ക്ക് അവർ ആവശ്യപ്പെട്ട ചീനബ്ഭരണികളും നല്കി.

പകലോമറ്റം വൈദികകുടുംബാംഗമായ അഞ്ചാം മാർത്തോമ്മായാണ് കഥാനായകൻ. ക്രൂരന്മാരായ കടൽക്കൊള്ളക്കാരിൽ ഈശ്വരചിന്ത ഉണർത്തുവാൻ പര്യാപ്തമായിരുന്നു അദ്ദേഹത്തിന്റെ ജീവിതചര്യകൾ.

> യാമംതോറും യാതൊരു മുടക്കവും കൂടാതെ അതിനിഷ്ഠയോടുകൂടി അനുഷ്ഠിച്ചു പോരുന്നതായ അദ്ദേഹത്തിന്റെ നമസ്ക്കാരകർമ്മങ്ങളും പ്രാർത്ഥനാസന്ദർഭത്തിൽ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു വർഷിക്കുന്നതായ കണ്ണനീർ പ്രവാഹവും തുടരെയുള്ള ജാനുപദപ്രണാമവും ആ കൊലപാതകപ്പുള്ളികളുടെ ഹൃദയത്തിൽ ഈശ്വരോന്മുഖമായ വികാരതരംഗങ്ങളെ ഉണർത്തി വിട്ടു.[23]

കൊലപാതകക്കൊള്ളയ്ക്കായി വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നവർ, മെത്രാപ്പോലീത്തായുടെ സാമീപ്യത്താൽ ഹൃദയസമാധാനവും സന്തോഷവും നേടി. മാതൃകായോഗ്യയായ ഒരു മഹതീരത്നമാണ് പീത്തമ്മതങ്കി. മെത്രാനെ തടവിൽ നിന്നു വീണ്ടെടുക്കുവാനുള്ള ധനശേഖരണം മന്ദീഭവിച്ചു നിൽക്കുന്ന സാഹചര്യത്തിൽ ആ വനിതയുടെ ആഭരണസമർപ്പണം ഒരു പുതുജീവൻ പകർന്നു. സഭാംഗങ്ങളുടെ വീര്യം തട്ടി ഉണർത്തപ്പെട്ടു. ഐകമത്യത്തോടും ലക്ഷ്യബോധത്തോടും കൂടി തരതമഭേദമന്യേ നീങ്ങുവാൻ ഈ സംഭവവും പ്രേരകമായി.

ഈ ആഖ്യായികയിലെ വർണ്ണനകൾ പലതും ഹൃദയസ്പർശികളാണ്. മെത്രാപ്പോലീത്തായെ അറസ്റ്റുചെയ്യുന്ന രംഗം

> പലർ അദ്ദേഹത്തിന്റെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണു, കണ്ണുനീർ ചിന്തി ചുംബിച്ചു. അമ്മമാർ തങ്ങളുടെ ഓമനക്കുഞ്ഞുങ്ങളെ ആ ആചാര്യശ്രേഷ്ഠന്റെ അനുഗ്രഹസമൃദ്ധമായ കഴലിണകളിൽ മുത്തിച്ചെടുത്തു. യുവതികൾ പള്ളിമതില്ക്കെട്ടിനുള്ളിൽ മാറത്തടിച്ച് ഉച്ചത്തിൽ നിലവിളിച്ചു. പ്രമാണികൾ പൊട്ടിക്കരഞ്ഞു. വൈദികന്മാർ അദ്ദേഹത്തിന്റെ തിരുവാഴി കണ്ണുനീരാൽ നനച്ചു. വടിയിടിച്ചു വന്ന വയോവൃദ്ധന്മാർ അദ്ദേഹത്തിന്റെ വിശുദ്ധഹസ്തങ്ങൾ വിറയ്ക്കുന്ന ചുണ്ടുകൾ ചേർത്ത് വീണ്ടും ചുംബിച്ചുവിടവാങ്ങി [24]

പീത്തമ്മത്തങ്കിയുടെ ആഭരണസമർപ്പണം

> നിരണം പെണ്ണുങ്ങളുടെ കനകാഭരണങ്ങളുടെ ഘിലിണിംഘിലിണിരണിതം ളാപ്പാലത്തിനു തെക്കുള്ള ചുണകെട്ട നസ്രാണിച്ചകിണികളുടെ നിണപ്രസരണത്തിൽ ആണത്തം അടിച്ചുകയറ്റി. ഓരോ പണമിട സ്വർണ്ണവും ഓരോ വഴുകനാരിന്റെയും തണുത്തുറഞ്ഞ ഞരമ്പിൽ അഭിമാനവീര്യം കുത്തിവെച്ചു. ശ്വാസോച്ഛ്വാസത്തേക്കാൾ, രക്തത്തേക്കാൾ, ജിവിതത്തേക്കാൾ, ജിവനേക്കാൾ വിലയേറിയതാണ് ആത്മാഭിമാനമെന്ന് അവരുടെ തലച്ചോറിൽ വീര്യബോധം ഉരുണ്ടുപിടിച്ചുകയറി [25]

ഫലിതവും അമർഷവും നിറഞ്ഞ ചില ഭാഷാപ്രയോഗങ്ങൾ ഈ ചരിത്രനോവലിന വ്യതിരിക്തത നല്കുന്നു.

> പഴയ ഇരുൾകാലങ്ങളിൽ അന്ത്യോക്യാ, ബസ്രാ, തുറബ്ദീൻ മുതലായ സ്ഥലങ്ങൾ പറുദീസായുടെ എലുകയ്ക്കകത്ത് അതേ സർവ്വേനമ്പരിൽപ്പെട്ടതാണെന്നും പരദേശക്രിസ്ത്യാനികൾ പരമഭ

> ക്തന്മാരും ശാപാനുഗ്രഹശക്തികൾ ഉള്ളംകയ്യിൽ കൊണ്ടുനടക്കുന്ന പരമസാത്വികന്മാരും ആണെന്നും നാട്ടുകാർ മഹാപാപികളും മലയാളനാട് നരകത്തിന്റെ വക്കത്ത് മാടന്റെയും മറുതായുടെയും ആവാസരംഗവുമാണെന്നും ഭൂമിശാസ്ത്രവും നരവംശശാസ്ത്രവും പഠിപ്പിച്ചിരുന്നു. ഇന്നാട്ടിലെ കറുത്ത തൊലിക്കാരായ അക്കാലത്തെ കുറെ മാപ്പിളമാർ മേൽപ്പറഞ്ഞ വാദത്തെ കണ്ണുംപൂട്ടി കൈയ്യൊപ്പ് കൊള്ളുവാനുമുണ്ടാകും[26]

പരിതഃസ്ഥിതികളോടുള്ള അതൃപ്തി പ്രതിഷേധമായും വിമർശനമായും പരിഭവമായും പ്രത്യക്ഷപ്പെടാം. കെ. എം. വറുഗീസിന്റെ ചരിത്രനോവലുകളിലെ വിമർശനങ്ങളിൽ ശക്തമായ പരിഹാസം സാഹചര്യങ്ങളുടെ രൂക്ഷമായ അവസ്ഥ വ്യക്തമാക്കുന്നു.

ചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുള്ള ഒരു സംഭവത്തിന്റെ ആവിഷ്ക്കരണമാണ് ഡച്ചുകാരുടെ പന്തീരായിരം. വികാരവിമർദ്ദകമായ ആവിഷ്കരണം ഈ ചരിത്രാഖ്യായികയെ ശ്രദ്ധാർഹമാക്കുന്നു. മെത്രാപ്പോലീത്തായുടെ കാരാഗൃഹാനുഭവങ്ങളും നിരണം പള്ളിയിലെ ധനശേഖരണവും അനുവാചകഹൃദയത്തിൽ നൊമ്പരമുണർത്തുന്നു.

5. നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി

തിരുവിതാംകൂർ ചരിത്രത്തിൽ, മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ജീവിതത്തിൽ നിന്ന് കുറിച്ചിട്ട ഒരു അനുഭവമാണ് നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി. 1895 ന്റെ മദ്ധ്യകാലഘട്ടത്തിൽ, മാർത്താണ്ഡവർമ്മ മഹാരാജാവ്, എട്ടുവീട്ടിൽപിള്ളമാരടങ്ങിയ ശത്രുനിവഹത്തിൽനിന്നു രക്ഷതേടി അലയുന്നതാണ് കഥാസന്ദർഭം.

വഞ്ചിരാജ്യസിംഹാസനാവകാശിയായ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ യുവരാജാവ് തിരുവനന്തപുരത്തുനിന്ന് പ്രാണരക്ഷാർത്ഥം മാവേലിക്കരയി

ലേക്കു പുറപ്പെട്ടു. ഒരു അർദ്ധരാത്രിയിൽ കുന്നത്തൂർ താലൂക്കിൽ കണ്ണങ്കോട് എത്തി. ഒരു നമ്പൂതിരിയും കൊച്ചിരവിയും സഹായികളായി കൂടെയുണ്ട്. പ്രഭാതമായപ്പോൾ പൈദാഹങ്ങളാൽ അവർ വലഞ്ഞു. ശത്രുഭയം മൂലം വഴിയോരത്തുള്ള നായർ ഗൃഹങ്ങളിൽ അഭയം തേടുവാൻ അവർക്കു ധൈര്യം വന്നില്ല. ചില ക്രിസ്ത്യാനിപ്രബലന്മാരുടെ വീടുകൾ ആ വഴിക്കുണ്ടെന്നറിഞ്ഞ് അവർ അന്വേഷിച്ചു. ചിറ്റുണ്ടയിൽ തരകന്റെ പടിവാതില്ക്കലെത്തി. പടിപ്പുരമാളികയും മതില്ക്കെട്ടും കടന്ന് നടുമുറ്റത്തെത്തിയ അവരോട് ഗൃഹനായിക പുച്ഛരസത്തിൽ വിവരങ്ങൾ തിരക്കി. ഒരു മൊന്തവെള്ളവും ഒന്നു രണ്ടുപ്പുമാങ്ങയും എടുത്തുകൊണ്ടുവരുവാൻ ഭൃത്യനോടു പറഞ്ഞു. ഗൃഹനാഥയുടെ ഹൃദയകാഠിന്യവും ഔദ്ധത്യവും നിഷ്ക്കരുണത്വവും കണ്ട് അത്ഭുതപ്പെട്ട പാന്ഥർ സല്ക്കാരം സ്വീകരിക്കാതെ പുറത്തിറങ്ങി. അടുത്തതായി, നെല്ലിമൂട്ടിൽ തരകന്റെ പടിവാതില്ക്കലെത്തി. അവിടെ ഗൃഹനായിക ആദരവോടും സഹതാപത്തോടുംകൂടി യാത്രികരെ ശുശ്രൂഷിക്കുകയും യുവരാജാവിനെ പ്രത്യേക വാത്സല്യത്തോടുകൂടി കരുതുകയും ചെയ്തു. ഭക്ഷണം, സ്നാനം എന്നിവയ്ക്കെല്ലാം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും യാത്രാവേളയിൽ പാഥേയം കൂടി നല്കുകയും ചെയ്തു. തികഞ്ഞ പുത്രവാത്സല്യത്തോടുകൂടി മാർത്താണ്ഡവർമ്മയെ പരിപാലിച്ച ഉണ്ണൂണ്ണിയമ്മയെ 'അമ്മച്ചി' എന്നാണ് അദ്ദേഹം സംബോധന ചെയ്തത്.

വർഷങ്ങൾക്കുശേഷം ഒരു നായർവൃദ്ധൻ, ഇതേപ്രകാരം സന്ധ്യാസമയത്ത്, ചിറ്റുണ്ടയിലും നെല്ലിമൂട്ടിലും എത്തി. ചിറ്റുണ്ടയിൽ അവഗണനയും നെല്ലിമൂട്ടിൽ പരിഗണനയും ലഭിച്ചു. ഭക്ഷണവും കഴിച്ച്, നെല്ലിമൂട്ടിലെ തിണ്ണയിൽ കിടന്നുറങ്ങിയ വൃദ്ധൻ, പ്രഭാതത്തിനുമുമ്പ് സ്ഥലം വിട്ടു. അയാളുടെ മടിശ്ശീല അവിടെ അവശേഷിച്ചിരുന്നു.

അരിനികരത്തെ തോല്പിച്ച് മാർത്താണ്ഡവർമ്മ മഹാരാജാവായി. ഒരുനാൾ സർക്കാരുദ്യോഗസ്ഥന്മാരടങ്ങിയ ഒരു സംഘം നെല്ലിമൂട്ടിലെത്തി. ഉണ്ണൂണ്ണിയമ്മയെ മഹാരാജാവിന്റെ സന്നിധിയിലെത്തിക്കുവാനാണ് അവർ വന്നത്. നാട്ടിലാകെ ഭയ സംഭ്രമങ്ങളായി. ഉണ്ണൂണ്ണിയമ്മയെ ഒരു കുറ്റവാളിയായി ജനം തെറ്റിദ്ധരിച്ചു. എങ്കിലും മേനാവിലാണ് അവരെ കൊണ്ടുപോയത്. തിരുവനന്തപുരത്ത് കൊട്ടാരത്തിലെത്തിയ അവർ വളരെ പണിപ്പെട്ട് മഹാരാജാവിനേയും സഹായികളേയും തിരിച്ചറിഞ്ഞു. ആ അമ്മച്ചിയെ വളരെയധികം ഉപഹാരങ്ങൾ നൽകി പല്ലക്കിൽ ആണ് തിരിച്ചയച്ചത്. ചിറ്റുണ്ടയിൽ തരകന്റെ എട്ടുകെട്ടും മാളികയും പൊളിക്കുകയും പ്രതാപധ്വജം തകർക്കുകയും ചെയ്തു. നെല്ലിമൂട്ടിലെ ഉണ്ണൂണ്ണിയമ്മയെ മഹാരാജാവ് 'അമ്മച്ചി' സ്ഥാനം നല്കി ആദരിക്കുകയും ചെയ്തു എന്നതാണ് കഥാതന്തു.

പ്രധാന കഥാപാത്രമായ മാർത്താണ്ഡവർമ്മ മഹാരാജാവ് തുടക്കത്തിൽ സംഭീതനായ യുവാവാണ്. കഥാവസാനത്തിൽ പ്രതിബന്ധങ്ങളകന്ന്, മഹാരാജാവായി ശോഭിക്കുന്നു.

> ഇളം പ്രാണനെ തൃക്കൈത്തളിരാൽ പൊത്തിപ്പിടിച്ചുകൊണ്ട് വഞ്ചിരാജ്യ സിംഹാസനാവകാശിയായി അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ യുവരാജാവ് തിരുമനസ്സുകൊണ്ട് തിരുവിതാംകൂറിലെ ഘോരവനാന്തരങ്ങളിലും ഭയങ്കര നിഗൂഢസ്ഥാനങ്ങളിലും പതുങ്ങിക്കഴിയുന്നു[27]

യാത്രാക്ലേശവും മനോപീഡയും നിമിത്തം ക്ലാന്തരായ യാത്രികർ ചിറ്റുണ്ടയിൽ തരകന്റെ പ്രതാപൈശ്വര്യങ്ങൾ നിറഞ്ഞ ഗൃഹത്തിൽ എത്തുന്നു. ഗൃഹനായികയായ ആണ്ടാച്ചിയമ്മയെ കാണുക.

> വമ്പിച്ച ഗൃഹഭരണഭാരത്താൽ ലളിതകോമളഭുജം തളർന്നു കുഴയുന്നതിലുള്ള വല്ലാത്ത അസഹ്യതയോടുകൂടി പകുതിഭാഗം

> വരാന്തയിലും പകുതിഭാഗം മുറ്റത്തുമായി ഉച്ചരിച്ചുകൊണ്ട് കുലീനകുടുംബസഹജമായ അന്തസ്സോടും പ്രഭുത്വപരമായ ഗൗരവത്തോടും വമ്പിച്ച തറവാടിത്തം തുളുമ്പുന്നതുമായ സൗന്ദര്യസമുത്കൃഷ്ട ഭാവത്തോടുംകൂടി ഏകദേശം നാല്പത്തഞ്ചുവയസ്സു തോന്നിക്കുന്ന ഒരു അംഗനാരത്നം ചെങ്കഴൽ തണ്ടിലലഞ്ഞുലരുമാറ അണിഞ്ഞിരിക്കുന്ന പൊൻകുഴൽത്തണ്ടുകളിൽ നിന്നു പുറപ്പെടുന്നതായ തരിമണിനാദഘ്ലിണിഘ്ലിണിയാൽ പരിസരപ്രദേശങ്ങളെ നിശ്ശബ്ദാരാധനചെയ്യിക്കുമാറ്, അവിടെ കാണായ സർവ്വവിഭവസമ്പത്തിയുടെയും മഹാറാണിത്വം കൈക്കൊണ്ടിരിക്കുന്ന പരമാധികാരിണീപദത്തെ സർവ്വദാ വിളംബരപ്പെടുത്തി അന്നനടയ്ക്കു മുന്നിടുന്നതായ സുമന്ദഗതിയോടുകൂടി പശുക്കളുടെ സമീപത്തേക്കു വന്നു. [28]

ഈ പ്രഭാവത്തിനപ്പുറം നിൽക്കുന്നതായിരുന്നു അവരുടെ നിർദ്ദയത്വവും ധർമ്മബുദ്ധിയില്ലായ്മയും. നെല്ലിമൂട്ടിൽ തരകന്റെ വീട്ടിലെത്തിയപ്പോൾ മുപ്പത്തിയേഴു വയസ്സു പ്രായം വരുന്ന വിധവയും രണ്ടു കുട്ടികളുടെ മാതാവുമായ ഉണ്ണൂണ്ണിയമ്മയെ കാണുന്നു.

> പ്രാതഃസ്നാനം കഴിഞ്ഞ് ശുഭ്രവസ്ത്രവും ധരിച്ച് തനിത്തങ്കനിറം തിളങ്ങുന്ന ചെമ്പകപ്പൂങ്കളിവർണ്ണം തിരളുമാറ്, ലാവണ്യാമൃതപൂരം കുളുർന്നൊഴുകുന്നതായ കുസുമകോമളകളേബരത്തോടും നിഷ്കാമ നിഷ്കളങ്കമായ കൃപാശീതള കോമളിമയാൽ അല്പമൊന്ന് മങ്ങിപ്പൊലിഞ്ഞ് അത്യാർദ്രകരുണാനികേതനയായി വർത്തിക്കുന്ന വിമലശ്യാമളനേത്രങ്ങളിൽ, അഴകൊഴുകി വഴിയുമാറ് അണിതിങ്ങിനിരന്ന പൂങ്കരിനീലപക്ഷ്മങ്ങളുടെ ഇള

> ന്നീലനിഴലൊളി വിളങ്ങുന്നതായ ചെങ്കവിൾ കണ്ണാടിയോടും കുലീനവനിതോചിതമായ ദയാസ്മേരരമണീയതയാൽ അനുഗൃഹീതമായ ശോണാധരചെന്തളിരോടും ആത്മജ്ഞാനസമ്പത്തിയുടെ അക്ഷയഭണ്ഡാഗാരമായ പരിശുദ്ധഹൃദയത്തിന്റെ പരമസൗന്ദര്യം പരിലസിക്കുന്ന നിസ്തുല്യവിനയസമൃദ്ധിയോടും കൂടി അത്യന്തം മനോഹാരിണി ആയിരുന്നു [29]

ഉണ്ണൂണ്ണിയമ്മ. മഹാമനസ്കയായ ആ നസ്രാണിമഹിളയുടെ ആതിഥ്യം സ്വീകരിക്കാനവസരം ലഭിച്ചതിൽ സംതൃപ്തനായ യുവരാജാവ് 'അമ്മച്ചി' എന്ന് സംബോധന ചെയ്തുപോയി. കഥാപാത്രാവതരണത്തിലെ സൂക്ഷ്മ വർണ്ണനകളിൽ കെ. എം. വറുഗീസിന്റെ ചിത്രകാരന്റെ മനസ്സ് പ്രകടമാണ്. ഗദ്യകവിതയുടെ ഭാഷയും വർണ്ണനകൾക്ക് ഉപയോഗപ്പെടുന്നു. ആഖ്യായികയിൽ വർണ്ണനകൾ വളരെ പ്രാധാന്യം നേടിയിട്ടുണ്ട്. മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ക്ലേശഭരിതമായ യാത്ര, ഗൃഹനായികമാരുടെ അവതരണം, മഹാരാജസന്നിധിയിൽ ഉണ്ണൂണ്ണിയമ്മയ്ക്ക് ലഭിക്കുന്ന ആദരവ്, പല്ലക്കെഴുന്നള്ളത്ത് എന്നിവ ഉദാഹരണങ്ങൾ

ഈ ആഖ്യായികയ്ക്കും ഉണ്ട് ഗുണപാഠം. വിവേകമുള്ള സ്ത്രീ കുടുംബത്തിന്റെ ഐശ്വര്യമാണ്. ഗൃഹനായികയുടെ സംസ്ക്കാരസമ്പത്തിനാൽ, നെല്ലിമൂട്ടിൽ തറവാടിന അഭ്യുദയം നേടാൻ കഴിഞ്ഞു. കുടുംബിനിയുടെ ഔദ്ധത്യത്താൽ ചിറ്റുണ്ടയിൽ തറവാട് നാമാവശേഷമായി.

ധർമ്മരാജായും നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചിയും

ചരിത്രാഖ്യായികയുടെ ആമുഖത്തിൽത്തന്നെ സ. വി. രാമൻ പിള്ള രചിച്ച 'ധർമ്മരാജാ'യുടെ ഛായ കലരുന്നു. കഥാനായകനായ യുവരാജാവിന്റെ സഹതാപദ്യോതകമായ അവസ്ഥയും രാജ്യദ്രോഹികളായ ശത്രുപക്ഷത്തിന്റെ ക്രൂരതയും വനാന്തരങ്ങളിലൂടെയുള്ള ക്ലേശകരമായ യാത്രയും സി. വി. നോവലുകളുടെ

സ്വാധീനം വ്യക്തമാക്കുന്നു. പുരാണകഥാപാത്രങ്ങളോടുള്ള താരതമ്യവർണ്ണനയും ശ്രദ്ധാർഹമാകുന്നു. പൈദാഹപരവശരായ അതിഥികളെ ദയാദുഗ്ദ്ധവർഷത്താൽ ആശ്വസിപ്പിച്ച ഗൃഹനായികയെപ്പറ്റി നമ്പൂതിരി പറയുന്നു. യശോദയുടെ ഒരു ഛായ! അശനശയനപാഥേയങ്ങൾ നല്കിയ ആതിഥേയയെപ്പറ്റി

> ഭയസന്ദേഹങ്ങളോടുകൂടി കണ്ണിമയ്ക്കാതെ നോക്കി നില്ക്കുന്ന ഭക്തിഭൂദേവനിൽ, സർവ്വാഭീഷ്ടപ്രദായകനായ ഭഗവാൻ ഗോപികാരമണൻ തൃക്കടാക്ഷമാർഗ്ഗേണ കൃപാമൃതവർഷം ചെയ്തതുപോലെ ആ മഹാമനസ്കയായ നസ്രാണി മഹിളാമണിയുടെ വിശുദ്ധവദനത്തെ വഞ്ചിരാജ്യസിംഹാസനാവകാശിയായ ഇളമപ്പെരുമാൾതിരുമേനി തന്റെ കരുണാകോമളമായ തൃക്കണ്ണുകളിൽ നിന്ന് ഒഴുകിയ കടാക്ഷപീയൂഷത്താൽ ആരാധിച്ചു [30]

ഭാഷയിലുമുണ്ട് സി. വി. രാമൻപിള്ളയുടെ നോവലുകളുടെ സ്വാധീനം

> അരിനികരശരവർഷത്തെയും അഖിലജഗൽക്കാരണകടാക്ഷത്തെയും സസംഭ്രമം വീക്ഷിച്ചു വിങ്ങിവിങ്ങി വിടുന്ന ദീർഘശ്വാസപരമ്പരകൾ, ജനപരിത്യക്തമായ അടവീതലങ്ങളിൽ ഇരമ്പുന്ന ത്ധില്ലീസമൂഹങ്ങളുടെ നിരന്തര ത്ധീൽക്കാരബഹളത്തിൽ മന്ദം മന്ദം ലയിക്കുന്നു.[31]

ആചാരപദങ്ങൾ ഒരു സമുദായത്തിലെ ജനങ്ങളുടെ പരസ്പരബന്ധത്തിന്റെയും സ്ഥാനഭേദത്തിന്റെയും സൂചനാങ്കങ്ങളാണ്. കൊട്ടാരവും ആശ്രിതരും ഉപയോഗിക്കുന്ന പദങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. പഴവയറ്, പഴനെഞ്ച്, കുപ്പപ്പാട്, അടിയൻ, വിടകൊള്ളുക എന്നിങ്ങനെ ഭൃത്യജനം, പള്ളിക്കുറുപ്പുകൊള്ളുക, അമൃതേത്തു കഴിക്കുക, കല്പിക്കുക, തിരുനാവ് കഴയ്ക്കുക എന്നിങ്ങനെ തമ്പുരാക്കന്മാരും. ക്രിസ്ത്യാനിസമുദായത്തെപ്പറ്റി ചിന്തിക്കുമ്പോൾ, നമ്പൂതിരി സമുദായവുമാ

യുള്ള പൂർവ്വബന്ധവും തദ്വാരാ അനുഷ്ഠാനങ്ങളിൽ നിലനിൽക്കുന്ന സാധർമ്മ്യവും നോവലിസ്റ്റ് ശ്രദ്ധാർഹമാക്കുന്നു.

6 പുണ്യവാളനായ ശൗര്യാർ

ചരിത്രഗ്രന്ഥങ്ങളിൽ പ്രകീർത്തിതനായ ഫ്രാൻസിസ് സേവ്യറിന്റെ ജീവിതത്തെ ആധാരമാക്കിയുള്ള ഈ ആഖ്യായിക വേണാടിന്റെ ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. വേണാട് മൂപ്പൂടയ ഗോവർദ്ധനഭൂതലകേരളവർമ്മതിരുവടികളുടെ ഭരണകാലത്ത് നടന്ന സംഭവം നാഗമയ്യായുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ രേഖപ്പെടുത്തുന്നുണ്ട്.

വിജയനഗരസാമ്രാജ്യചക്രവർത്തിയായി സദാശിവരായർ ആരോഹണം ചെയ്തു. മന്ത്രി രാമരായനും മധുരയിലെ സാമന്തരാജാവായ വിശ്വനാഥനായ്ക്കനും വിജയനഗരഖജനാവ് നിറയ്ക്കുന്നതിനുള്ള വഴികളെപ്പറ്റി ആലോചിച്ചു. തിരുവിതാംകൂർ രാജ്യം കൊള്ളയടിക്കുക എന്നതായിരുന്നു അവർ കണ്ടെത്തിയ മാർഗ്ഗം

പതിനഞ്ചാം ശതകത്തിന്റെ അന്ത്യപാദത്തിൽ കുരുമുളകു വ്യാപാരാർത്ഥം കേരളത്തിൽ എത്തിയ പോർട്ടുഗീസുകാർ കാലക്രമേണ ആയുധശക്തി, സൈന്യശക്തി എന്നിവയാൽ നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരഭരണകാര്യങ്ങളിൽ പ്രവേശിച്ച് സ്വാധികാരപ്രതിഷ്ഠാപനം ചെയ്യാൻ ശ്രമിച്ചു. ക്രിസ്തുവർഷം 1542 ൽ പോർട്ടുഗീസ് ഗവർണ്ണരായി നിയമിതനായ മാർട്ടിൻ അൽഫോൻസോഡിസൂസ ക്ഷേത്രഭണ്ഡാഗാരസ്വത്തുക്കൾ കവർച്ച ചെയ്ത് ധനസമ്പാദനം നടത്തി. വേണാട്ടുമന്നന്റെ വകയായ ശുചീന്ദ്രം, കന്യാകുമാരി എന്നീ മഹാക്ഷേത്രങ്ങളും വിജയനഗരം വക കാഞ്ചീപുരം ക്ഷേത്രവും ഒറ്റയാത്രയിൽ കവർച്ചചെയ്യുവാൻ ഡിസൂസ തീരുമാനിച്ചു. ക്ഷേത്രകവർച്ചയ്ക്കായി പറങ്കിസൈന്യങ്ങളെ മണക്കുടിക്കായലിൽ കൂടി പഴയാറു വഴി ശുചീന്ദ്രത്തേക്കു നയിപ്പാൻ സൗകര്യമുണ്ടോ എന്നും മറ്റും അറിയുന്നതിനായി

ചാലിൽ കൂരൻ എന്ന നസ്രാണി യുവാവിനെ സാരമേറിയ ചില കത്തുകളുമായി ഗവർണർ കോട്ടാറ്റേക്ക് അയച്ചു.

ദക്ഷിണ തിരുവിതാംകൂറിലെ കുലീന ദ്രാവിഡവർഗമാകുന്ന നാഞ്ചിനാട്-വെള്ളാളരുടെ ഒരു പ്രധാന നിവാസകേന്ദ്രമായിരുന്നു വേണാട്ടുരാജവംശത്തിന്റെ തലസ്ഥാനമായിരുന്ന കോട്ടാർ. 1542 ൽ മതപ്രചരണാർത്ഥം ഇന്ത്യയിൽ എത്തിയ ഫ്രാൻസിസ് സേവ്യർ തെക്കേ ഇന്ത്യയിൽ കോട്ടാറ്റ് ഒരു ചെറിയ കാവൽമാടം പണിയിച്ചു കർമ്മം ചെയ്തുവന്നിരുന്നു. ഡിസൂസ എന്നൊരു സന്ന്യാസിയും ശിഷ്യനായി ശൗര്യാർസന്യാസിയോടൊപ്പം കഴിഞ്ഞിരുന്നു.

വിജയനഗരചാരനായ ഗുണ്ടരായഡിണ്ടിമനും പോർട്ടുഗീസ് ചാരനായ ചാലിൽകൂരനും ഒരേ സമയത്താണ് കോട്ടാറ്റ് എത്തിയത്. ഫ്രാൻസിസ് സേവ്യറെ ഏല്പിക്കുവാനുള്ള കത്തുകളായിരുന്നു രണ്ടുപേരുടേയും കൈവശം. ഇവർക്കിടയിൽ വേണാടുസൈന്യത്തിന്റെ പെൺപടത്താർ തരിസാമറിയം കടന്നുചെന്നു. രങ്കൻ എന്ന പേരിൽ വന്ന ഡിണ്ടിമിനെയും മാണിക്കം എന്ന പേരിൽ വന്ന കൂരനെയും പാണ്ഡ്യരാജകുമാരി സിദ്ധളാദേവിയായി വന്ന തരിസാമറിയം തന്ത്രപൂർവ്വം സ്വാധീനിച്ചു. ഇരുവരും പരസ്പരം മല്പിടുത്തം നടത്തുകയും അത് ഇരുവരുടെയും മരണത്തിൽ കലാശിക്കുകയും ചെയ്തു. അവരിൽ നിന്നു കൈക്കലാക്കിയ കായിതങ്ങൾ പെൺപടത്താർ വേണാട്ടുമന്നന്റെ സന്നിധിയിൽ സമർപ്പിച്ചു. ഫ്രാൻസിസ് സേവ്യറിന ശിഷ്യൻ ഡിക്രൂസ് സെബസ്ത്യാനി കൊടുത്തയച്ച കുറിപ്പായിരുന്നു വിജയനഗരചാരന്റേത്

> വിജയനഗര സൈന്യസംഘത്തെ പരിഷ്കൃതമായ പാശ്ചാത്യരീതിയിൽ യുദ്ധപരിശീലനം ചെയ്യിക്കുന്നതിലേക്ക് നമ്മുടെ സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാകയാൽ യുദ്ധാദ്ധ്യാപനത്തിൽ വൈദഗ്ധ്യം സമ്പാദിച്ചിട്ടുള്ള മൂന്നു പോർട്ടുഗീസ് സൈനി

> കോദ്യോഗസ്ഥരേയും വെങ്കലത്തോക്കുകൾ മുതലായവ വാർക്കുന്നതിലേക്ക് പരിചയവും സാമർത്ഥ്യവുമുള്ള ഏതാനും പോർട്ടുഗീസ് പണിക്കാരെയും നമ്മുടെ കൊച്ചിക്കോട്ടയിൽ നിന്ന് അയച്ചുകൊടുക്കുന്നതിനായി ഈ കത്തു കൊണ്ടുവരുന്ന ഗുണ്ടരായ ഡിണ്ടിമൻ വശം നമ്മുടെ ബഹുമാനപ്പെട്ട പോർട്ടുഗീസ് ഗവർണ്ണർ അൽഫോൺസോഡിസൂസയ്ക്ക് അവിടുന്നു സ്വഹസ്ത ലിഖിതമായ ഒരു നല്ല ശുപാർശക്കത്ത് ഉടനെ നൽകുമാറാകണമെന്ന് വിനയപൂർവ്വം ഉണർത്തിക്കൊള്ളുന്നു[32]

ഡിക്രൂസിന്റെ കത്തിന്റെ സാരം ഇതായിരുന്നു. ഇത് ഗുണ്ടരായ ഡിണ്ടിമന്റെ (രങ്കൻ) പക്കൽ ആയിരുന്നു.

> ക്ഷേത്രധ്വംസനത്തിനുള്ള പോർട്ടുഗീസ് സൈന്യങ്ങളുടെ ഉദ്യമത്തെ എതിർക്കുന്നതിനും വേണ്ടിവന്നാൽ ഒരു യുദ്ധം തന്നെ നടത്തുന്നതിനും വേണാട്ടുസൈന്യങ്ങൾ വിവരം ഗ്രഹിക്കുന്ന മാത്രയിൽ തന്നെ ശുചീന്ദ്രത്തേക്കു പുറപ്പെടുമെന്നുള്ളതിനാൽ നമ്മുടെ സൈന്യങ്ങൾ ക്ഷേത്രം മുഴുവൻ തട്ടിനിരത്തി നിർബാധം മടങ്ങിപ്പോകുന്നതുവരേയ്ക്കും വേണാട്ടുസൈന്യങ്ങളുടെ പുരോഗതിയെ കോട്ടാറിന ഒരു മൈൽ അകലെവച്ച് തടഞ്ഞുനിർത്തിക്കൊള്ളത്തക്കവിധം അവിടുന്നു സ്നാനപ്പെടുത്തി ശിഷ്യവർഗ്ഗത്തിൽ ചേർത്തിട്ടുള്ള മുക്കുവക്രിസ്ത്യാനികളുടെ ഒരു വലിയസംഘത്തെ അവിടുന്നു സന്നദ്ധമാക്കിക്കൊള്ളണമെന്ന് ഞാൻ അവിടുത്തെ ഓർമ്മപ്പെടുകയും ചെയ്യുന്നു.[33]

എന്നു വിശദമാക്കുന്ന പോർട്ടുഗീസ് ഗവർണ്ണരുടെ കത്ത് ചാലിൽ കൂരന്റെ (മാണിക്യം) കയ്യിൽ നിന്നും ലഭിച്ചു.

രണ്ടു ശത്രുരാജ്യങ്ങളിൽ നിന്നുമുള്ള കത്തുകൾ ഫ്രാൻസിസ് സേവ്യറെ സംബോധന ചെയ്തുകൊണ്ടുള്ളതാണെന്നു കണ്ടപ്പോൾ, ഗുരുതരമായ രാജ്യദ്രോഹ കുറ്റത്തിന അദ്ദേഹത്തെ കരിങ്കല്ലറത്തുറുങ്കിലടയ്ക്കുവാൻ വേണ്ടമന്നൻ കല്പിച്ചു. അകാരണമായ ദോഷാരോപണവും വഹിച്ചുകൊണ്ട് കൽത്തുറുങ്കിൽ പ്രാർത്ഥനയും പാട്ടുമായി അദ്ദേഹം കഴിഞ്ഞു. തിരുവാങ്കോട്ടു രാജധാനിമതില്ക്കെട്ടിനുള്ളിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഭദ്രകാളിദേവി, സന്യാസിയുടെ പ്രാർത്ഥനാഗാനത്തിൽ പ്രകോപിതയാവുകയും, സന്ന്യാസിയെ ക്ഷേത്രസങ്കേതത്തിന പുറത്തെവിടെയെങ്കിലും ബന്ധിച്ചില്ലെങ്കിൽ താനും സഹസ്രലിംഗാലയപ്രതിഷ്ഠിതരായ പരിവാരനായന്മാരും ഉടൻതന്നെ രാജധാനി വിട്ടുപൊയ്ക്കളയുമെന്നും വേണാട്ടധിപനോട് സ്വപ്നത്തിൽ അറിയിക്കുകയും ചെയ്തു. അതിനാൽ സന്യാസിയെ വീട്ടുതടങ്കലിലാക്കി. മൂന്നു കാവല്ക്കാരെയും നിയമിച്ചു.

വേണാട്ടുരാജാവ് 1543 ൽ വിജയനഗരമേലധികാരവുമായി യുദ്ധം ചെയ്ത്, മധുരവൈസ്രോയിയിൽ നിന്നും കൈവശപ്പെടുത്തിയ തിരുനൽവേലി, തൂത്തുക്കുടി എന്നീ സ്ഥലങ്ങളിൽ കോട്ടകൊത്തളങ്ങൾ ഉറപ്പിച്ചിരുന്നു. ഫ്രാൻസിസ് സേവ്യർ വീട്ടുതടങ്കലിലായതിനുശേഷം തിരുമലനായ്ക്കന്റെ സൈന്യം തിരുനൽവേലി പിടിച്ചടക്കുകയും തൂത്തുക്കുടിക്കോട്ട വളഞ്ഞ് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. വിജയനഗരസൈന്യം ആരുവാമൊഴിക്കോട്ട കൈവശപ്പെടുത്തി. തോവാള പ്രദേശത്ത് കൊള്ളയും കൊള്ളിവെയ്പ്പും നടത്തി മുമ്പോട്ടു നീങ്ങി കോട്ടാർ സമീപിച്ചു. പഴയാറ്റിന്റെ കിഴക്കേതീരത്ത് എത്തിയ സൈന്യത്തെ നിരോധിക്കുവാൻ വേണാട്ടുസൈന്യങ്ങൾ പുറപ്പെട്ടു. ഉണ്ണേരിപ്പണ്ടാരപ്പിള്ളയും ഭൂതലകേരളവർമ്മയും രണ്ടു സൈന്യങ്ങളുടെ ചുമതല ഏറ്റെടുത്തു. രാജ്യത്തിന്റെ സൈന്യസംവിധാനങ്ങളെയും കോട്ടകൊത്തളങ്ങളെയും പറ്റി തെലുങ്കുസൈന്യങ്ങൾക്ക് സേവ്യർ അറിവുകൊടുക്കു

മെന്നു ഭയന്ന് പുലർച്ചയ്ക്കുമുമ്പായി കഴുവന്തിട്ട മൈതാനത്തുവച്ച് അദ്ദേഹത്തെ തൂക്കിലേറ്റണമെന്ന് വിധിതീർപ്പായി.

തടവുപുള്ളിയെ തൂക്കിലേറ്റുന്നതിന്റെ ആഹ്ളാദത്തിൽ വധദിനത്തിന്റെ തലേന്ന് അമിതമായി മദ്യപിച്ച കാവൽക്കാർ മാരകരോഗം ബാധിച്ച് മൃതരായി. തൂക്കിലേറ്റുന്നതിനുള്ള സമയം അതിക്രമിച്ചപ്പോൾ വധശിക്ഷയ്ക്കുള്ള കൽപ്പനയും തന്റെ കുരിശും കയ്യിലേന്തി, പോർട്ടുഗീസുകാരുടെ അധർമ്മ കൃത്യങ്ങൾക്കുവേണ്ടി യുള്ള ഭയങ്കര ശിക്ഷ ഏറ്റുവാങ്ങാൻ ഫ്രാൻസിസ് സേവ്യർ കൽക്കുളത്തെ ദളവാമ ണ്ഡപത്തിലേക്ക് പുറപ്പെട്ടു. അഗസ്തീശ്വരം താലൂക്കിന്റെ പശ്ചിമാതിർത്തിയുടെ മദ്ധ്യപ്രദേശത്തായി നീണ്ടുകിടക്കുന്ന പെരുവഴിയിലേക്ക് പ്രവേശിച്ചപ്പോൾ പഴയാ റ്റിന്റെ പടിഞ്ഞാറേ തീരത്ത് പടപ്പറ്റുഭാഗത്തായി മുമ്പോട്ടു തള്ളിപ്പരക്കുന്ന വിജയനഗ രസൈന്യത്തെ ദർശിച്ചു. ആ പ്രദേശം കഴിഞ്ഞ് വടക്കോട്ടു നടന്നപ്പോൾ, ആ മൈതാ നത്തിന്റെ വടക്കുഭാഗത്തായി വേണാട്ടുസൈന്യവും വേണാട്ടുദളവായും ഭൂതലകേര ളവർമ്മരാജാവും യുദ്ധരംഗത്തുണ്ട്. മുക്കാൽമൈൽ ദൂരത്തിൽ, പരസ്പരാഭിമുഖ മായി നിലയുറപ്പിച്ചിരിക്കുന്ന സൈന്യസന്നാഹമുഖത്തുനിന്ന് ഏതാനും ദണ്ഡു മുമ്പിലായി പാർശ്വഭാഗത്തുണ്ടായിരുന്ന ഒരു കുന്നിൻമുകളിലേക്ക് ഫ്രാൻസിസ് സേവ്യർ കയറി. യുദ്ധകാഹളം മുഴങ്ങവേ സന്യാസി തന്റെ ഇടതുകൈയ്യിൽ കുരി ശിനെ ഉയർത്തിപ്പിടിച്ചുകൊണ്ടും തന്റെ വലതു ചുണ്ടുവിരൽ വടുകപ്പടയുടെ നേരെ നീട്ടിക്കൊണ്ടും അത്യുച്ചത്തിൽ ''പോകുവീൻ! തിരിച്ചുപോകുവീൻ! വേണാടിനെ തീണ്ടാതെ തിരിച്ചുപോകുവീൻ'' എന്ന് ആജ്ഞാപിച്ചു. പെട്ടെന്ന് ചിതറിപ്പരന്ന ഇടി മിന്നൽ ശത്രുക്കളെ ചിതറിച്ചു. വിജയനഗരസൈന്യം നാമാവശേഷമായി

ഭൂതലകേരളവർമ്മ വസ്തുതകളെല്ലാം യഥാവിധി ഗ്രഹിക്കുകയും വധശിക്ഷ റദ്ദുചെയ്യുകയും സന്യാസിയെ 'വലിയപാതിരി' എന്നു ബഹുമാനിക്കുകയും ചെയ്തു. ഫ്രാൻസിസ് സേവ്യറെ പള്ളിത്തേരിൽ ആനയിക്കുകയും വേണാടിന്റെ

പരിത്രാണദണ്ഡായ ചെറിയ മരക്കുരിശ് കോട്ടാറ്റ് ശവരിയാർ കോവിൽ നിൽക്കുന്ന സ്ഥലത്ത് ആഘോഷപൂർവ്വം സ്ഥാപിക്കുകയും ചെയ്തു.

സ്പാനിഷ് ജെസ്യൂട്ട് മിഷനറിയായിരുന്ന ഫ്രാൻസിസ് സേവ്യർ ആണ് 'വേണാടിന്റെ നടുത്തൂൺ' എന്ന് പ്രകീർത്തിക്കപ്പെടുന്ന ശൗര്യാർ പുണ്യാളൻ. അദ്ദേഹം 1506 ൽ പാവ്ലോണയിൽ ജനിച്ചു. 1537 ൽ ഇഗ്നേഷ്യസ് ലയോളയോടൊപ്പം പ്രവർത്തിച്ചു തുടങ്ങി. 1542 ൽ ഇന്ത്യയിൽ എത്തി. ഗോവയിൽ സുവിശേഷ പ്രവർത്തനം നടത്തിയിട്ട് തെക്കൻ തിരുവിതാംകൂറിലെത്തി. 1545 ൽ ഇന്ത്യയിൽ നിന്നു മലാക്കയിലേക്ക് പോയി. 1552 ൽ മരിച്ചു. റോമൻ കത്തോലിക്കാസഭ ഫ്രാൻസിസ് സേവ്യറെ വിശുദ്ധനായി പ്രഖ്യാപിച്ചു. പുണ്യവാളനായ ശവരിയാരെപ്പറ്റിയുള്ള ഈ കഥയിൽ കെ. എം. വറുഗീസ് അദ്ദേഹത്തിന്റെ സ്വാത്വികഭാവം ഭദ്രമായി അവതരിപ്പിക്കുന്നു.

> അധികം ദീർഘമോ അധികം ഹ്രസ്വമോ അല്ലാതെ ശരിയായ കിളരത്തോടുകൂടിയ ഒരു സുന്ദരഗാത്രൻ ആയിരുന്നു ശൗരിയാർ. പ്രായം നാല്പത്തിരണ്ടോടടുത്ത് നിൽക്കും. നിറം പനിനീർചെമ്പകവർണ്ണം കലർന്ന പാശ്ചാത്യ തങ്കവർണ്ണം.. അഹോ! സ്നേഹമൊലിക്കുന്ന മുഖം, കോപമില്ലാത്ത കവിൾത്തടം, മനമലിക്കുന്ന ത്യാഗശീലം, മാധുര്യമോലുന്ന ഭക്തിരസപ്രവാഹം [34]

ധാരണപ്പിശകുമൂലം വന്നുചേർന്ന കുറ്റാരോപണവും ഇകഴ്ത്തലുകളും അപമാനവും കാരാഗൃഹവാസവും എല്ലാം ക്ഷമയോടെ സഹിച്ച ത്യാഗിവര്യൻ ക്രിസ്തുദേവന്റെ മാതൃകതന്നെ സ്വീകരിച്ചു. കാവല്ക്കാരില്ലാതിരുന്നിട്ടും രക്ഷപെടാൻ ശ്രമിച്ചില്ല. പോർട്ടുഗലിന്റെ പാപത്തിനുവേണ്ടി ശിക്ഷ ഏറ്റെടുക്കാൻ തീരുമാനിച്ചു. വധശിക്ഷ നിശ്ചയിച്ച വേണാട്ടു മന്നന്റെ ശത്രുക്കളെ ഭയപ്പെടുത്തി ചിതറിച്ചു. സ്വജീവിതം കൊണ്ട് ക്രിസ്ത്യാനിത്വത്തിന്റെ മഹത്വം വെളിപ്പെടുത്തി. സങ്കുചിതമായ മത

ഭ്രാന്തല്ല, മതബോധത്തിൽ നിന്നുണർന്ന സാംസ്ക്കാരിക ചൈതന്യമാണ് ഫ്രാൻസിസ് സേവ്യർ പ്രകാശിപ്പിച്ചത്.

തരിസാമറിയം സമർത്ഥയായ പെൺപടത്താർ ആയിരുന്നു. നസ്രാണിയായ ഈ പടനായിക സിദ്ധളാദേവിയായും ചിന്നമങ്കയായും ഈ ആഖ്യായികയിൽ പ്രത്യക്ഷപ്പെടുന്നു. ബുദ്ധിയും തന്ത്രവും കലാവാസനയും തികഞ്ഞ ഒരു വനിത ആയിരുന്നു അവർ. രാജ്യത്തിനുവേണ്ടി വീരചരമം പ്രാപിച്ച ആ രാജഭക്തയായ ധീരവനിത രാജകീയമായ ആഘോഷാഡംബരങ്ങളോടുകൂടി സംസ്ക്കരിക്കപ്പെട്ടു.

അന്ന് വേണാട്ടധിപനായിരുന്നത് ഭൂതല കേരളവർമ്മ ആയിരുന്നു. രാജ്യത്തെയും പ്രജകളെയും സ്നേഹിച്ചിരുന്ന വേണാട്ടുമന്നൻ ചാരലിഖിതങ്ങളിൽ നിന്ന് ഫ്രാൻസിസ് സേവ്യറെ തെറ്റിദ്ധരിച്ചു. എന്നാൽ സംഭവങ്ങളുടെ നിജസ്ഥിതി വ്യക്തമായപ്പോൾ ഹിന്ദുമതഭക്തനായ രാജാവ് ക്രിസ്തുമതത്തെയും സന്യാസിയെയും പൂർവ്വാധികം ആദരിക്കുക തന്നെ ചെയ്തു.

ഒരു ചരിത്രകഥാകഥനം ആകയാൽ ഭാഷ പലപ്പോഴും ദൃഢമാക്കി വറുഗീസ് ഉപയോഗിക്കുന്നു. ചരിത്രവും ഭൂമിശാസ്ത്രവും കൂട്ടിച്ചേർത്തുകൊണ്ടുള്ള വിവരണരീതിയാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. വിജയനഗരസാമ്രാജ്യം, പോർട്ടുഗീസുകാരുടെ ഭരണം, വേണാട്ടധികാരം എന്നിവ ചരിത്രത്തിന്റെ വ്യക്തതയോടെ പരിചിതമാക്കുന്നുണ്ട്.

ഇതര ചരിത്രനോവലുകളിൽ പ്രകടമാകുന്നതുപോലെ വർണ്ണനാസാമർത്ഥ്യം ഈ നോവലിലും ശ്രദ്ധേയമാകുന്നു. സിദ്ധളാദേവി ചാരന്മാരെ സ്വാധീനിക്കുന്നത്, ചാരന്മാർ തമ്മിലുള്ള മല്ലയുദ്ധം, ഫ്രാൻസിസ് സേവ്യറിന്റെ വധദിനത്തിന്റെ തലേരാത്രിയിലെ സംഭവവികാസങ്ങൾ, വിജയനഗരസൈന്യത്തിന്റെയും വേണാട്ടുപടയുടെയും പടയൊരുക്കങ്ങൾ എല്ലാ വാചാലമായ. വിവരണങ്ങൾ. വിജയനഗരസൈന്യത്തിന്റെ പരാജയം വിവരിക്കുന്ന എട്ടാം അദ്ധ്യായം മുഴുവൻ വർണ്ണനകൾ തന്നെ.

> ആകാശസ്ഥിതങ്ങളായ മഹാഗോള സഹസ്രങ്ങൾ ഒരുമിച്ച് പൊട്ടിത്തെറിച്ച് ഒന്നാകെ കത്തിയെരിയുന്ന കൽപ്പാന്തകാലപ്രളയം പോലെ ഒരൊറ്റ നിമിഷമാത്രയ്ക്കുള്ളിൽ വാനം നിറന്ന നിറിലാണ്ഡഭയങ്കരമായ ഈ ഒരു അത്ഭുതകാഴ്ച ജാലമല്ല, മായമല്ല, മന്ത്രശക്തിയല്ല [35]

ഇങ്ങനെ ആ വർണ്ണന നീങ്ങുന്നു.

കെ. എം. വർഗീസിന്റെ ചരിത്രനോവലുകളിൽ കാലഘട്ടത്തിന്റെ ചരിത്രം ചുരുൾ നിവർക്കുന്നു. ചരിത്രത്തിൽ നിന്നു തെരഞ്ഞെടുത്ത കഥാസന്ദർഭങ്ങളെയും വ്യക്തികളെയും അവതരിപ്പിക്കുമ്പോൾ ഭാവനാസൃഷ്ടമായ അവതരണത്തിനുള്ള കലാസ്വാതന്ത്ര്യം അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട്. എം. പി. പോളിന്റെ അഭിപ്രായത്തിൽ

> ചരിത്രവിഷയകമായ നോവലിൽ ചരിത്രപ്രഖ്യാതങ്ങളായ സംഭവങ്ങളെയും ആളുകളേയും ഗ്രന്ഥകാരൻ അംഗീകരിച്ച് സ്വമനോധർമ്മജാതങ്ങളായ വേറേ ചില സംഭവങ്ങളോടും പാത്രങ്ങളോടും അവയെ കൂട്ടിയിണക്കി കഥാനിർമ്മാണം ചെയ്യുന്നു. കഥാനിർമ്മിതിയിൽ അദ്ദേഹത്തിന്റെ ഭാവനയാണ് സത്യാന്വേഷകബുദ്ധിയേക്കാൾ മുന്നിട്ടു നിൽക്കുന്നത്.[36]

ക്രൈസ്തവപാരമ്പര്യവും പദവികളും അഭിമാനപൂർവ്വം അവതരിപ്പിച്ചത് തെറ്റിദ്ധാരണകൾക്കിടനൽകി. എന്നാൽ കേരളാഭിമാനിയിലും നസ്രാണി ദീപികയിലും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങൾ പരോക്ഷമായി ചരിത്രനോവലുകൾക്ക് വിശദീകരണം നൽകി. പൗരാവകാശ സമത്വവാദത്തിലൂടെ രാഷ്ട്രീയ നവീകരണത്തിന അസമത്വ സമുദായങ്ങൾ കളമൊരുക്കുമ്പോൾ അവയിലൊന്നായ ക്രൈസ്തവർ അപകർഷതാബോധമോ ആത്മവിശ്വാസരാഹിത്യമോ മൂലം പിൻതി

രിഞ്ഞു നിന്നിരുന്നു. നസ്രാണികളിൽ ആത്മവീര്യമുണർത്തി, രാജ്യക്ഷേമപ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുവാൻ ക്രൈസ്തവസമുദായചരിത്രത്തിലെ മാനനീയ വസ്തുതകളെ മിനുക്കി അവതരിപ്പിക്കേണ്ടതുണ്ട് എന്ന് കെ. എം. വറുഗീസ് വിശ്വസിച്ചു. ഈഴവരെയും മുഹമ്മദീയരെയും സ്വസമുദായ ചരിത്രത്തിൽ നിന്ന് പ്രചോദിതരാകുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. നായർ സമുദായത്തിന്റെ പൗരുഷവും പ്രാമാണ്യവും നോവലുകളിൽ പുനരാഖ്യാനം ചെയ്ത സി. വി. രാമൻ പിള്ളയെ മാതൃകയാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ചുരുക്കത്തിൽ സമുദായത്തിന്റെ സങ്കുചിതത്വമല്ല, രാജ്യസ്നേഹത്താൽ ഉത്തേജിതനായ ഒരു പൗരൻ എന്ന നിലയിൽ, സമൂഹത്തെ ആകമാനം വർദ്ധിതവീര്യരാക്കുവാനുള്ള അദമ്യമായ ആഗ്രഹത്താൽ, തന്നാലാവുംവിധം ഒരു വിഭാഗത്തെ എങ്കിലും പ്രവർത്തനസന്നദ്ധരാക്കുവാൻ പരിശ്രമിക്കുകയായിരുന്നു കെ. എം. വറുഗീസിന്റെ ലക്ഷ്യം. വർത്തമാനകാലത്തിന്റെ പോരായ്മകളെക്കുറിച്ച് അതൃപ്തനാകുന്ന നോവലിസ്റ്റ് ചരിത്രത്തിലെ സ്മരണീയ മുഹൂർത്തമോ വ്യക്തികളോ വർത്തമാനകാലത്തിനു പ്രചോദനമാവാം എന്നു കണ്ടെത്തിയേക്കാം.

> ഭൂതകാലവുമായുള്ള ബന്ധം വ്യക്തമാക്കുന്നതും അവിടെ വർത്തമാനകാലത്തിനു പ്രചോദകമായ ഒരു അനുഭൂതി കണ്ടെത്തുന്നതുമായ നോവലാണ് പൂർണ്ണാർത്ഥത്തിലുള്ള ചരിത്രനോവൽ[37]

പാരമ്പര്യ സ്മൃതി ഉണർത്തുകയും ഗുണപാഠം നൽകുകയും ചെയ്യുന്നവയാണ് കെ. എം. വറുഗീസിന്റെ ചരിത്രാഖ്യായികകൾ.

തിരുവിതാംകൂർ ചരിത്രവും ക്രൈസ്തവസമുദായ ചരിത്രവും പാശ്ചാത്തലമാക്കി കെ. എം. വർഗീസ് ചരിത്രനോവൽ രചിച്ചു. മാർ മാത്യൂസ് അത്താനാസ്യോസിന്റെ കുതിരയായ പഞ്ചകല്യാണിയെ കഥാപാത്രമാക്കി രചിച്ച നോവലിൽ കൊച്ചി

രാജകുടുംബവുമായി ക്രൈസ്തവസഭാതലവൻ പുലർത്തിയ ആരോഗ്യകരമായ ബന്ധം പരാമൃഷ്ടമായി. തിരുവിതാംകൂർ ചരിത്രത്തിൽ പ്രതിഷ്ഠ നേടിയ തച്ചിൽ മാത്തുതരകന്റെ ജീവിതം അനുവാചകർക്ക് ഉദ്ബോധകമാം വിധം അദ്ദേഹം അവതരിപ്പിച്ചു. വലിയ മാർദീവന്നാസ്യോസ്, രാജഗുരുവായ തരണനല്ലൂർ നമ്പൂതിരിപ്പാടും തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധം ദൃഢമാക്കിയ കഥ അദ്ദേഹം ഇതിവൃത്തമാക്കി. മലങ്കര ക്രൈസ്തവ സമുദായത്തിന വൈദേശികബന്ധം മൂലം അനുഭവിക്കേണ്ടിവന്ന യാതനകളുടെ കഥയാണ് അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവാ ഡച്ചുകാരുടെ പന്തീരായിരം. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ മഹാമനസ്കത വെളിപ്പെടുത്തുന്ന ആഖ്യായിക ആയിരുന്നു നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി. വേണാട്ടധിപനായിരുന്ന ഭൂതലകേരളവർമ്മയക്ക് രാജ്യസംരക്ഷണത്തിൽ സഹായകനായി ഭവിച്ച ഫ്രാൻസിസ് സേവ്യറുടെ ചരിത്രകഥ 'പുണ്യവാളനായ ശവരിയാറി' ൽ കെ. എം. വറുഗീസ് വരച്ചുചേർത്തു.

അദ്ദേഹത്തിന്റെ ചരിത്രാഖ്യായികകളിൽ മത്സരത്തിന്റെ മുഖങ്ങൾ പ്രത്യക്ഷപ്പെട്ടു. കൊച്ചിയിലെ തമ്പുരാക്കന്മാരും മാത്യൂസ് മാർ അത്താനാസ്യോസും, തരണനല്ലൂർ നമ്പൂതിരിപ്പാടും വലിയ മാർ ദീവന്ന്യാസ്യോസും, അഞ്ചാം മാർത്തോമ്മായും പരദേശി മെത്രാന്മാരും പോർട്ടുഗീസുകാരും, വേണാട്ടധിപനും ശൗര്യാർ പുണ്യവാളനും തുടങ്ങിയ പല ബന്ധങ്ങളും സംഘർഷങ്ങളിലൂടെ പാകപ്പെട്ട് ആദരണീയമായിത്തീർന്നു.

കെ. എം. വറുഗീസിന്റെ ചരിത്രനോവലുകളിലെ നായകകഥാപാത്രങ്ങൾ ഉന്നതശീർഷരായിരുന്നു. പ്രതിബന്ധങ്ങൾക്കവർ അടിമപ്പെട്ടില്ല. കഥാപാത്രങ്ങൾ സ്വന്തം കർമ്മങ്ങളിലൂടെയാണ് വെളിപ്പെടുന്നത്. കെ. എം. വറുഗീസ് അവതരിപ്പിച്ച നായകകഥാപാത്രങ്ങൾ ചിന്തയിലും വാക്കുകളിലും വിജയം നേടി നിൽക്കുന്നു. ഇവർ നോവലിസ്റ്റിന്റെ മനോഭാവത്തിന്റെ പ്രത്യക്ഷവതകരണമാണ്. ആഴമേറിയ ചരിത്ര

ബോധത്തിന്റെ ചൈതന്യം കെ. എം. വറുഗീസ് ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്നുണ്ട്. അതേ ചരിത്രജ്ഞാനമാണ് കഥാപാത്രങ്ങളുടെ വിജയത്തിനു നിദാനമാകുന്നത്.

> ജീവിതത്തിന്റെ ഓരോ പ്രധാനമുഹൂർത്തത്തിലും സ്വഭാവത്തിന്റെ സങ്കോചമോ വികാസമോ സുവ്യക്തമായി കാണാവുന്നതാണ്. അതുകൊണ്ടാണ് ജീവിതത്തിലെ ഓരോ പ്രധാന മൂഹൂർത്തത്തിലും കഥാപുരുഷന്മാർ എങ്ങനെ പ്രവർത്തിക്കുന്നുവെന്നു കാണിച്ച് നോവലിസ്റ്റുകൾ സ്വഭാവത്തെ ചിത്രീകരിക്കാറുള്ളത് [38]

മാത്യൂസ് മാർ അത്താനാസ്യോസ് ദൃഢചിത്തനും ധീരനും ആയിരുന്നു. രാജാക്കന്മാരുടെയും അധികാരികളുടെയും മുമ്പിൽ പതറാതെ നിൽക്കുവാൻ തക്ക വിജ്ഞാനവും സംഭാഷണചാതുര്യവും അദ്ദേഹത്തിന്റെ കരുത്തായിരുന്നു. വലിയ മാർദീവന്നാസ്യോസ് ആകാരഗാംഭീര്യവും ചരിത്രബോധവും തികഞ്ഞ വ്യക്തിയായിരുന്നു. അഞ്ചാം മാർത്തോമ്മായ്ക്ക് തപോബലവും സ്വസമുദായസ്നേഹവും ശക്തി നൽകി. തച്ചിൽമാത്തുത്തരകൻ അധികാരവും സമ്പത്തും പദവികളും ഒരുമിച്ചനുഭവിച്ച കഥാപാത്രമായിരുന്നു. ശൗര്യാർ പുണ്യവാളൻ ചരിത്രത്തിന്റെ താളുകളിൽ ശോഭിക്കുന്ന ചരിത്രപുരുഷനും, ഇന്നും കേടുകൂടാതെ സൂക്ഷിക്കപ്പെടുന്ന മൃതദേഹത്തിന്റെ ഉടമയുമാണ്. അദ്ദേഹം പോർട്ടുഗൽ-വിജയനഗര-വേണാട്ടധിപന്മാരുമായി ബന്ധം പുലർത്തിയ വ്യക്തിയുമായിരുന്നു. നെല്ലിമൂട്ടിൽ ഉണ്ണൂണ്ണിയമ്മ കുടുംബത്തിന്റെ ദീപമായിരുന്നു.

കെ. എം. വറുഗീസിന്റെ കഥാപാത്രങ്ങൾ പ്രതികാരനോഭാവം പുലർത്തിയിരുന്നു. അവർ അധികാരം നേടുമ്പോൾ, ശത്രുക്കളോട് പ്രതികാരം നിർവ്വഹിക്കുകയും മിത്രത്വം പുലർത്തിയവരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്തിരുന്നു.

ആദ്യകാല ചരിത്രനോവലുകളിൽ സി. വി. രാമൻപിള്ളയുടെ സ്വാധീനം പ്രകടമായിരുന്നു. ഭാഷയിൽ, സമസ്തപദപ്രയോഗരീതി കെ. എം. വറുഗീസ് സ്വീകരിച്ചു. സി. വി.യുടെ പ്രൗഢമായ ശൈലിയോടുള്ള താൽപര്യം അദ്ദേഹത്തിന്റെ നോവലുകളിൽ വ്യക്തമായിരുന്നു. വിധി മനുഷ്യജീവിതത്തെ നിയന്ത്രണവിധേയമാക്കി നിർത്തുന്നു എന്ന തത്വം അദ്ദേഹത്തിന്റെ ചരിത്രനോവലുകളുടെ നിയാമകശക്തി ആയിരുന്നു. ജീവിതത്തിലെ പതനാഭ്യുദയങ്ങൾ അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിന ഒരു പ്രത്യേക ക്രമമുണ്ടായിരുന്നു. മാർ മാത്യൂസ് അത്താനാസ്യോസ് കുറ്റം ചുമത്തപ്പെടുന്നു. മാനിക്കപ്പെടുന്നു. വലിയ മാർ ദിവന്നാസ്യോസ് കുറ്റം ആരോപിക്കപ്പെട്ട് രാജസന്നിധിവരെ എത്തുന്നു. പല്ലക്കിലേറ്റി യാത്രയയയ്ക്കപ്പെടുന്നു. തച്ചിൽ മാത്തുത്തരകൻ ദരിദ്രനായി കുത്തുപാള എടുക്കുന്നു. കനകപ്പല്ലക്കിൽ ആദരിക്കപ്പെടുന്നു. ഭരണതന്ത്രജ്ഞനായി ശോഭിക്കുന്നു. കാത് അറുക്കപ്പെടുന്നു. രാജാവ് പൊൻചെവി നൽകി ബഹുമാനിക്കുന്നു. ശൗര്യാർ പുണ്യാളൻ സന്യാസിയായി മാനിതനാകുന്നു. ചാരനായി തെറ്റിദ്ധരിക്കപ്പെട്ട് നിന്ദിക്കപ്പെടുന്നു. കഴുമരം വരെ എത്തുന്നു. രാജ്യസംരക്ഷണശ്രമത്താൽ വീണ്ടും മാനിതനാവുന്നു. അഭയാർത്ഥിയെ പരിപാലിച്ച ഉണ്ണൂണ്ണിയമ്മയ്ക്ക് മാർത്താണ്ഡവർമ്മ രാജോചിതമായ ബഹുമാനം നൽകുന്നു.

ക്രൈസ്തവ ജനതയുടെയും രാജ്യഭരണാധികാരികളുടെയും പാരസ്പര്യം തിരിച്ചറിഞ്ഞ് സ്വസമുദായങ്ങൾ നവചൈതന്യമാർജ്ജിച്ച് രാജ്യപുരോഗമനപ്രവർത്തനങ്ങളിൽ പങ്കാളികളാകണം എന്ന ലക്ഷ്യമാണ് ഈ ചരിത്രനോവലുകളുടെ രചനാഹേതു.

രാജഗുരുക്കന്മാരും മതമേലദ്ധ്യക്ഷന്മാരും ഇതരസമുദായാംഗങ്ങളും അല്പനീരസങ്ങളെ തിരുത്തി മൈത്രിയിലെത്തി മതസൗഹാർദ്ദത്തോടുകൂടി പ്രവർത്തിക്കുന്ന വസ്തുത സമകാലികർക്ക് ബോധ്യമാംവിധം അദ്ദേഹം അവതരിപ്പിച്ചു.

ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നുപോലും മനുഷ്യൻ മാറ്റിനിർത്തപ്പെട്ടിരുന്ന സമകാലീന ജീവിതാനുഭവങ്ങൾ കെ. എം. വറുഗീസിന്റെ മനസ്സിലുണർത്തിയ അസംതൃപ്തിയും അസഹിഷ്ണുതയും ചരിത്രത്തിൽ നിന്ന അനുരഞ്ജനത്തിന്റെ അനുഭവങ്ങൾ തെരഞ്ഞെടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മലയാള ചരിത്രനോവൽ രചനയുടെ പ്രാരംഭകാല രീതികൾ ഉൾക്കൊണ്ട് ചരിത്രസ്മരണകൾ പുതുക്കുന്നതിനും സംഘർഷങ്ങൾ സമാധാനപരമായ ബന്ധത്തിലെത്തിക്കുന്ന പ്രായോഗികതയ്ക്ക് ആഖ്യാനം നല്കുന്നതിലും കെ. എം. വറുഗീസിന്റെ ചരിത്രനോവലുകൾ സമർത്ഥമാകുന്നു.

അടിക്കുറിപ്പുകൾ

1, ബാലകൃഷ്ണൻ, കല്പറ്റ	ചരിത്ര നോവൽ മലയാളത്തിൽ –
	കേരള സാഹിത്യ അക്കാദമി, തൃശൂർ 1986 പു. 5
2. വില്യം ഹെന്റി ഹഡ്സൺ	സാഹിത്യപഠനത്തിന ഒരു ആമുഖം –
	പരിഭാഷ ഡോ. എസ്. കെ വസന്തൻ.
	വിജ്ഞാന മുദ്രണം പ്രസ് നളന്ദ,
	തിരുവനന്തപുരം 1993. പു. 147
3. ബാലകൃഷ്ണൻ കല്പറ്റ	ചരിത്രനോവൽ മലയാളത്തിൽ – കേരള
	സാഹിത്യ അക്കാദമി, തൃശൂർ 1986 പു. 21
4. റോബിൻ ജെഫ്രി ഡോ.	നായർ മേധാവിത്വത്തിന്റെ പതനം
	പരിഭാഷ – പുതുപ്പള്ളി രാഘവൻ &
	ചന്ദ്രശേഖരൻ എം. എസ്.
	ഡി.സി. ബുക്സ്, കോട്ടയം 1979 പു. 151
5. വറുഗീസ് കെ. എം.	'മലങ്കര നസ്രാണികളും പൂർവ്വ ചരിത്രസ്മരണകളും
	നസ്രാണി ദീപിക 1919 നവംബർ 14
6. ,,	മാർ മാത്യൂസ് അത്താനാസ്യോസിന്റെ
	പഞ്ചകല്യാണി. –എം.ഒ.സി. പബ്ലിക്കേഷൻസ്,
	കോട്ടയം, 1987 പു. 18
7. ,,	മാർ മാത്യൂസ് അത്താനാസ്യോസിന്റെ
	പഞ്ചകല്യാണി എം.ഒ. സി. പബ്ലക്കേഷൻസ്,
	കോട്ടയം, 1987 പു. 49

8. തരകൻ കെ. എം. ആധുനിക നോവൽ ദർശനം, നാഷണൽ ബുക്ക് സ്റ്റാൾ 1982 പു. 128

9. ശങ്കുണ്ണിമേനോൻ പി. തിരുവിതാംകൂർ ചരിത്രം- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം 1973 പു. 245

10. ബാലകൃഷ്ണൻ , കല്പറ്റ ചരിത്രനോവൽ മലയാളത്തിൽ കേരള സാഹിത്യ അക്കാദമി, തൃശൂർ 1986 പു. 117

11. വറുഗീസ് കെ. എം. തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ എം. ഒ. സി. പബ്ലിക്കേഷൻസ്, കോട്ടയം, പു 49

12. ,, ടി - 1987 പു. 69

13 ,, ടി - പു. 15

14 ,, ടി - പു. 45

15. ,, വലിയ മാർ ദിവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും എം.ഒ.സി. പബ്ലിക്കേഷൻസ് കോട്ടയം 1987 പു. 40

16. ,, ടി. പു. 14

17. ,, ടി. പു. 5

18. ,, ടി. പു. 28

19. ,, ടി. പു. 22

20. ,, ടി. പു. 22

21. ,, ടി. പു. 41

22. ,, അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവാ ഡച്ചുകാരുടെ പന്തീരായിരം എം. ഒ. സി. പബ്ലിക്കേഷൻസ് കോട്ടയം 1987 പു. 32

23. ,, ടി. പു. 34

24. ,, ടി. പു. 25

25. ,, ടി. പു. 41

26. ,, ടി. പു. 10

27. വറുഗീസ് കെ. എം. 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി' സാഹിത്യ അക്കാഡമി, തൃശൂർ 1927 പു. 1

28. ,, ടി. പു. 9

29. ,, ടി. പു. 12

30. ,, ടി. പു. 21

31. ,, ടി. പു. 1

32. വറുഗീസ് കെ.എം. പുണ്യവാളനായ ശവരിയാർ മലയാള മനോരമ, കോട്ടയം, പു. 53

33. ,, ടി. പു. 57

34. ,, ടി. പു. 63

35. ,, ടി. പു. 111

36. പോൾ എം. പി. നോവൽ സാഹിത്യം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട് 1991 പു. 66

37. സുരേന്ദ്രൻ കെ. നോവൽ സ്വരൂപം നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം, 1980 പു. 54

38. ബാലകൃഷ്ണപിള്ള, കേസരി രൂപമഞ്ജരി, കമലാലയ ബുക്ക് ഡിപ്പോ തിരുവനന്തപുരം 1937 പു. 32

അദ്ധ്യായം ഏഴ്

വ്യത്യസ്ത രചനകൾ

ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ സാഹിത്യസംഭാവനകളിൽ തൂലികാചിത്രങ്ങൾ, കവിതകൾക്കെഴുതിയ അവതാരികകൾ, കവിതകളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ എന്നിവ ശ്രദ്ധാർഹങ്ങളാകുന്നു.

7.1 തൂലികാ ചിത്രങ്ങൾ

മലയാള സാഹിത്യത്തിൽ അധികം വളർച്ച നേടുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ശാഖയാണ് തൂലികാ ചിത്രരചന. പ്രവർത്തനമേഖലകളിൽ ആത്മാർത്ഥതയും കർമ്മധീരതയും കരുത്താക്കിയ സമാദരണീയരായ ചില വ്യക്തികളെപ്പറ്റിയുള്ള കുറിപ്പുകളാണ് തൂലികാചിത്രങ്ങളിൽ ചേർത്തിരിക്കുന്നത്.

> കവിയുടെയും ചിത്രകാരന്റെയും ജീവചരിത്രകാരന്റെയും മർമ്മബോധം അപരിത്യാജ്യമായ തൂലികാചിത്രരചന വളരെയേറെ പ്രയാസപൂർണ്ണമായ ഒരു പ്രക്രിയയാണ്.[1]

ജന്മവാസനകളെ നിരന്തരപരിശ്രമത്തിലൂടെ പാരമ്യതയിലെത്തിച്ച കെ. എം. വറുഗീസിന കർമ്മോത്സുകരായ വ്യക്തികളോട് അമിതമായ ആദരവുണ്ടായിരുന്നു. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം നേടിയവരെയാണ് അദ്ദേഹം തൂലികയ്ക്കു വിഷയമാക്കിയത്.

1. ഭാരതകേസരി ശ്രീ മന്നത്തുപത്മനാഭപിള്ള

ഭാരതകേസരി ശ്രീ മന്നത്തുപത്മനാഭപിള്ളയുടെ ശതാഭിഷേക മഹാമഹത്തോടനുബന്ധിച്ച് കെ. എം. വറുഗീസ്, അദ്ദേഹത്തെപ്പറ്റി എഴുതി. നായർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപകനായ മന്നം ശക്തവും ഭദ്രവുമായ ഒരു സാമുദായിക സംഘടനയായി അതിനെ വളർത്തി. നായർസമുദായത്തിനെതിരെയുള്ള ചലനങ്ങളെ

വീക്ഷിച്ചുകൊണ്ട് സമുദായാംഗങ്ങളുടെ ഐക്യബോധത്തെയും പുരോഗമനകാംക്ഷ യെയും ശക്തിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചു. തന്റെ അന്തഃകരണത്തോടും നിഷ്ക്കളങ്കമായ സമുദായ സ്നേഹത്തോടും മാത്രമുള്ള കടപ്പാട് ഉള്ളിൽപേറി ക്കൊണ്ട് വിമർശനങ്ങളെയും അവഗണനകളെയും തൃണവൽഗണിച്ചുകൊണ്ട് പ്രവർത്തിച്ച ഒരു സമുദായ സേവകനായിരുന്നു മന്നത്തുപത്മനാഭപിള്ള. കെ. എം. വറുഗീസ് ഈ ചിത്രണത്തിൽ മേല്പറഞ്ഞ വസ്തുതയ്ക്ക് പ്രാധാന്യം നൽകുന്നു. നായർ സമുദായ ചരിത്രത്തിൽ മന്നത്തിനുള്ള പ്രാധാന്യം വിവരിച്ചുകൊണ്ട് രചന ആരംഭിക്കുന്നു.

വൈദിക പരമാധികാരനേതൃത്വദാഹത്തിൽനിന്ന് സംഘടനാനേതൃ ത്വമോഹത്തിലേക്ക് നായർസമുദായം കടന്നുചെല്ലുന്ന സാഹചര്യത്തിലാണ് മന്ന ത്തിന്റെ രംഗപ്രവേശത്തെ കെ.എം. വറുഗീസ് ദർശിക്കുന്നത്. കേരളീയനായർസ മാജം അസ്തഃ പ്രഭമായപ്പോൾ നായർഭൃത്യജനസംഘം ഉടലെടുത്തു. അത് നായർസർവ്വീസ് സൊസൈറ്റിയായി രൂപാന്തരപ്പെടുകയും മന്നത്തുപത്മനാഭപിള്ള ജനറൽസെക്രട്ടറിയായി നിയമിക്കപ്പെടുകയും ചെയ്തു. സമുദായാഭ്യുദയപ്രവർത്തന ങ്ങളിൽ ദത്തശ്രദ്ധനായിരുന്ന മന്നത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്നിൽ ചില പ്രത്യേക അഭിലാഷങ്ങൾ കെ. എം. വറുഗീസ് കണ്ടെത്തുന്നു.

1. ചരിത്രപരമായ കാരണങ്ങളാൽ നായർസമുദായത്തിന രാഷ്ട്രീയമായും സാമു ദായികമായും സിദ്ധിച്ചിട്ടുള്ള മേധാവിത്വത്തിന എങ്ങനെയും പരിപോഷണം നല്കുക.
2. രാഷ്ട്രീയ സ്വാതന്ത്ര്യബോധത്തിന്റെയും പൗരാവകാശവാദങ്ങളുടെയും ഫല മായി മുന്നേറുന്ന അവർണ്ണഹിന്ദുക്കൾക്ക് അവർ ആവശ്യപ്പെടുന്ന ചിലവ അനു വദിച്ചുകൊണ്ട് നായർസമുദായത്തിന്റെ സാഹോദര്യത്തിൽ ഒരു ഹൈന്ദവ ശക്തിയെ കെട്ടിപ്പടുക്കുക.

3. നായർ യുവാക്കന്മാർക്ക് സ്വന്തം കാലിൽ ഉറച്ചുനിന്ന് ജീവിതം പുലർത്തുന്നതിനുള്ള കെൽപ്പ് വാണിജ്യ വ്യവസായങ്ങളിലുള്ള പരിശീലനം വഴി സംസിദ്ധമാവുന്നതുവരേക്ക് സർക്കാർ ഉദ്യോഗങ്ങളിൽ അവർക്ക് മുൻഗണന സിദ്ധിക്കുക.
4. സാമുദായികമായും സാംസ്ക്കാരികമായും വർദ്ധിച്ചുവരുന്ന ക്രൈസ്തവസ്ഥാപനങ്ങൾക്കൊപ്പം നായർസമുദായത്തിലും തത്തുല്യമോ അതിലധികമോ സ്ഥാപനങ്ങൾ ഉടലെടുക്കുന്നതിലേക്ക് ഉറങ്ങിക്കിടക്കുന്ന നായർശക്തിയെ ഏതുവിധവും തട്ടിയുണർത്തി നായർസമുദായത്തെ കർമ്മക്ഷമമാംവണ്ണം പുനരുദ്ധരിക്കുക.[2]

മന്നത്തുപത്മനാഭപിള്ളയുടെ തൂലികാചിത്രം വരയ്ക്കുന്ന വറുഗീസ്, അദ്ദേഹത്തെ ചരിത്രത്തോടു ചേർത്തുനിർത്തി കാണാൻ ശ്രമിച്ചു. നായർവർഗ്ഗത്തെ ജനകീയനേതൃത്വത്തിന വഴങ്ങുന്ന ഒരു സമുദായമായി സംഘടിപ്പിച്ചാൽ അവരുടെ ഉന്നമനം ക്ഷിപ്രസാദ്ധ്യമാകുമെന്ന് ചിന്തിച്ച ഒരു സമുദായ സേവകനെ അദ്ദേഹത്തിൽ കെ. എം. വറുഗീസ് കണ്ടെത്തി. ജാത്യാഭിമാനമുള്ള വർഗ്ഗത്തിനു മാത്രമേ രാജ്യക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടാനാവൂ എന്ന് ചിന്തിച്ച വറുഗീസ്, സ്വസമുദായ പുരോഗമനം ലക്ഷ്യമാക്കുന്നത് ആകമാന സമൂഹത്തിന്റെ വളർച്ചയുടെ ഒരു പടവായി കരുതിയിരുന്നു. ഈ മനോഭാവത്തിന്റെ പ്രത്യക്ഷവത്കരണമായി കെ. എം. വറുഗീസ് രചിച്ച 'മാർമാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി' എന്ന ചരിത്രനോവലിന മന്നത്തു പത്മനാഭപിള്ള ഒരു നിരൂപണം എഴുതി. തിരുവിതാംകൂറിൽ ഈ കൃതിയും മറുകൃതിയും ഒച്ചപ്പാടുണ്ടാക്കി. എന്നാൽ അക്ഷരങ്ങൾക്കപ്പുറം പന്തലിച്ചുനിന്ന മമതാബന്ധം ഇരുവരും പുലർത്തിയിരുന്നുവെന്ന് ഈ ലേഖനം വെളിപ്പെടുത്തുന്നു. മന്നത്തുപത്മനാഭപിള്ളയുടെ വ്യക്തിപ്രഭാവം സ്ഫുടമാകുന്ന രേഖകൾ ചേർത്തുവച്ച് ഒരു പൂർണ്ണ വ്യക്തിത്വത്തെ അവതരിപ്പിച്ചു.

2 കെ. രാമകൃഷ്ണപിള്ള

കെ. രാമകൃഷ്ണപിള്ളയുടെ അസ്ഥികലശങ്ങൾ വഞ്ചിരാജ്യതലസ്ഥാനനഗരിയിൽ സംസ്ഥാപനം ചെയ്യുന്നതിനെ സംബന്ധിച്ച ചർച്ചകൾ ആധാരമാക്കി ഈ വ്യക്തിനിരൂപണം മനോരമയിൽ കെ. എം. വറുഗീസ് രചിച്ചു.

1098 ൽ കെ. എം. വറുഗീസ് ആത്മപോഷിണി മാസികയുടെ പത്രാധിപരായിരിക്കുമ്പോൾ രേഖപ്പെടുത്തിയ പത്രാധിപപ്രഭാഷണം ആമുഖമായി അവതരിപ്പിച്ചു.

> ഇന്നേയ്ക്കിതാ ഒരു പന്തീരാണ്ടു തികയുന്നു. തിരുവിതാംകൂറിലെ സ്വദേശാഭിമാനിയായ രാഷ്ട്രീയനേതാവും പൗരദ്രോഹികളുടെ പരമവൈരിയുമായ ധീരാത്മാ കെ രാമകൃഷ്ണപിള്ള ബി. എ. അവർകളെ ധർമ്മക്ഷേത്രവളപ്പിനുള്ളിൽ നിന്ന് ധർമ്മരാജ്യഗവൺമെന്റ് അന്യായമായി നിഷ്കാസനം ചെയ്തിട്ടുണ്ട്. പുണ്യസമ്പന്നമായ ഒരു രാഷ്ട്രീയയോദ്ധാവിന്റെ ജഡദേഹം തിരുവിതാംകൂറിനു വെളിയിൽ തള്ളപ്പെട്ടുവെങ്കിലും ആ ധർമ്മനിഷ്ഠന്റെ ആത്മാവ് ജന്മഭൂമിയിൽ വാരിവിതച്ചിരുന്ന ഉത്കൃഷ്ടാശയങ്ങൾ തിരുവിതാംകൂർ പൗരന്മാരുടെ ഹൃദയോദ്യാനത്തിൽ ഇപ്പോഴിതാ തെഴുത്തു വളർന്ന് പൂത്ത് പൂമൊട്ടിട്ടിരിക്കുന്നു.[3]

അന്തഃകരണത്തിന്റെ പരിശുദ്ധമായ പ്രേരണയ്ക്കൊത്തു മാത്രം സംസാരിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പരമോത്കൃഷ്ടമായ ജീവിതം ധനമാക്കിയ ആ രാഷ്ട്രീയ വീരപുരുഷന്റെ നിര്യാണം തിരുവിതാംകൂറിന് വലിയൊരു നഷ്ടമാണെന്ന് വറുഗീസ് കണക്കാക്കുന്നു. രണ്ട് കാരണങ്ങൾ അദ്ദേഹം കണ്ടെത്തുന്നു. രാജ്യത്തിലെ വിഭിന്ന സമുദായങ്ങളെ അന്യോന്യം യോജിപ്പിച്ചിരുന്ന കനകച്ചങ്ങല അദ്ദേഹമായിരുന്നു. സത്യവും ന്യായവും ഉള്ളിടത്ത് അദ്ദേഹത്തിന്റെ കണ്ണും കരളും നിക്ഷ്പക്ഷമായി പതിഞ്ഞിരുന്നു. ജാതിയോ മതമോ

നോക്കാതെ അനേകം ഗദ്യകാരന്മാരെയും പദ്യകാരന്മാരെയും അദ്ദേഹം വേണ്ടവിധം പ്രോത്സാഹിപ്പിച്ചിരുന്നു. ഈ ആദർശപുരുഷന്റെ നാടുകടത്തൽ ദിനത്തിന്റെ വാർഷികാചരണത്തിൽ രണ്ട് നിശ്ചയങ്ങൾ എടുത്തു. ഒന്ന് തിരുവനന്തപുരം നഗരത്തിൽ ഒരു സദനം സ്ഥാപിച്ച് അവിടെ ആ ശ്രേഷ്ഠ പുരുഷന്റെ അസ്ഥികലശം സ്ഥാപിക്കുക. രണ്ട് പൊതുജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഭരണരീതി തിരുവിതാംകൂറിൽ സ്ഥാപിതമാവുന്നതിന എല്ലാവരും ഏകോപിച്ച് ശ്രമിക്കുക.

കെ. രാമകൃഷ്ണപിള്ളയ്ക്ക് മലയേഷ്യാമലയാളികൾ കീർത്തിമുദ്രയും ബഹുമതിപത്രവും സമ്മാനിച്ചതിനെ ഈ ലേഖനത്തിൽ അനുസ്മരിച്ചു. അന്നത്തെ സമ്മേളനത്തിൽ എൻ. എസ്. എസ്. നായർ ചെയ്ത പ്രസംഗം ഉദ്ധരിക്കുകയും ചെയ്തു. നാടുകടത്തൽ ചരിത്രത്തിന്റെ വിവിധ വശങ്ങൾ ഇതിൽ സ്പർശിക്കപ്പെട്ടിരുന്നു. രാമകൃഷ്ണപിള്ളയുടെ മറുപടി പ്രസംഗവും ലേഖനത്തിൽ ചേർത്തു. അതിൽ അർത്ഥവത്തായ ചില ചിന്താധാരകളുണ്ട്.

> മനുഷ്യൻ ജനനാൽത്തന്നെ പല കടമകളോടു കൂടിയവനായിരിക്കുന്നുവല്ലോ. ഇവയിൽ അവനു സമുദായത്തോടുള്ള കടമ എത്രയും ഗൗരവപ്പെട്ടതും ആകുന്നു. അവന്റെ സമുദായോദ്ദേശ്യകരമായ കർത്തവ്യത്തെ ചെയ്യാതെ മനുഷ്യൻ എന്ന നിലയിൽ ജീവിപ്പാൻ അവനു സാധിക്കയില്ല.[4]

ഈ ധർമ്മപ്രമാണത്താൽ പ്രചോദിതനായി ഈശ്വരാജ്ഞയെ അനുസരിച്ചുള്ള കടമകളൊക്കെ മാത്രമാണ് താൻ ചെയ്തതെന്ന് കെ. രാമകൃഷ്ണപിള്ള പ്രസ്താവിച്ചു. ധർമ്മത്തെ ഉദ്ദേശിച്ച് മാത്രം ധർമ്മം അനുഷ്ഠിക്കുന്നവൻ തന്നെത്താൻ മറന്ന് പ്രവർത്തിക്കണമെന്നാണ് അദ്ദേഹത്തിന്റെ മതം. ജനങ്ങളുടെ ഹിതാവകാശസ്ഥാപനത്തിനുവേണ്ടി തിരുവിതാംകൂറിൽ നിന്ന കടന്നുപോകേണ്ടിവന്നതിൽ അദ്ദേഹം വ്യസനിക്കുന്നില്ല. കാരണം വസുധൈവകുടുംബകം ആയി ജീവിപ്പാൻ

മനുഷ്യനു സാധിക്കുമെങ്കിൽ അവൻ വീഴുന്നിടത്ത് അവന്റെ അസ്ഥികളും കിട ന്നോട്ടെ എന്നാണ് പറയുന്നത്. അവ്യതിചലിതമായ ചിത്തത്തോടുകൂടി സ്വധർമ്മത്തെ നിർവ്വഹിച്ചു പോരുവാൻ അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു

കെ. രാമകൃഷ്ണപിള്ളയെപ്പറ്റിയുള്ള അഭിപ്രായങ്ങളും രാമകൃഷ്ണപിള്ള യുടെ മറുപടിപ്രസംഗവും ചേർത്തുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിത്വം അവതരിപ്പി ക്കുവാൻ കെ. എം. വറുഗീസിനു കഴിഞ്ഞു.

3 ചട്ടമ്പിസ്വാമി തിരുവടികൾ

ചട്ടമ്പിസ്വാമികളുടെ ശതാബ്ദിജയന്തി സംബന്ധിച്ച് പ്രസിദ്ധീകരിച്ച ശ്രീ ചട്ട മ്പിസ്വാമി ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയ ഈ രൂപരേഖ ഗ്രന്ഥത്തിലെ ഇതര ഉപന്യാസങ്ങളിൽ നിന്ന് വ്യതിരിക്തമായിരുന്നു.

ശ്രദ്ധേയമായ ആമുഖം ഈ ഉപന്യാസത്തിന്റെ പ്രത്യേകത ആയിരുന്നു. കോഴിക്കോട് സാമൂതിരി മാനവിക്രമൻ ഏട്ടൻതമ്പുരാൻ സ്വാനുഭവത്തെ മുൻനിർത്തി മലയാളമനോരമയിൽ, ഒരു സിദ്ധയോഗിയുടെ പരകായപ്രവേശവൃത്താന്തം പ്രസിദ്ധ പ്പെടുത്തി. കെ. എം. വറുഗീസിന തപസ്വികളോടുള്ള ആദരവും അവരെപ്പറ്റി അറിയു വാനുള്ള ജിജ്ഞാസയും വളരുവാൻ ഇത് നിദാനമായി. ശ്രീനാരായണഗുരു തുട ങ്ങിയ സന്യാസിവര്യന്മാരിൽ അമാനുഷികമായ ശക്തി കെ. എം. വറുഗീസ അന്വേ ഷിച്ചു. ബാലഭാരതചട്ടമ്പിസ്വാമികളിൽ അലൗകികമായ സിദ്ധി ദർശിക്കാൻ കഴിഞ്ഞ വറുഗീസ് അദ്ദേഹത്തെപ്പറ്റി തനിക്കനുഭവവേദ്യമായ വസ്തുതകൾ നിര ത്തി. ഈ ലേഖനത്തിൽ, ചട്ടമ്പിസ്വാമികളുടെ രൂപരേഖ വറുഗീസ് അവതരിപ്പിക്കു ന്നുണ്ട്.

സാത്വികതേജസ്സ്, ചിന്മഹിമാവ്, അവധൂതൻ എന്നിപ്രകാരമാണ് വറുഗീസ് അദ്ദേഹത്തെ സംബോധന ചെയ്യുന്നത്. ചരിത്രപണ്ഡിതനായിരുന്ന സ്വാമികൾക്ക് ചിത്രകലാപാരമ്പര്യത്തിലും അഗാധമായ അവഗാഹം ഉണ്ടായിരുന്നുവെന്നും നൈപു

ണ്യമുള്ള ഒരു ചിത്രകലാനിരൂപകനായിരുന്നു അദ്ദേഹമെന്നും വറുഗീസ് രേഖപ്പെടുത്തി. ചട്ടമ്പിസ്വാമികളുടെ ആജ്ഞാനുസരണം ഉറുമ്പുകൾ അദ്ദേഹത്തിന്റെ പാദത്തിൽ വന്ന് പൊതിയുന്നതും തിരികെ പോകുന്നതും ദർശകന അത്ഭുതകാഴ്ച ആയിരുന്നു.[5] എങ്കിലും മനസ്സിന്റെ യോഗശക്തിയായി സ്വാമികൾ അതിനെ വിശദീകരിച്ചു. സമകാലികരായിരുന്ന സദാനന്ദസ്വാമികളെയും ചട്ടമ്പിസ്വാമികളെയും തമ്മിൽ ഈ ലേഖനത്തിൽ താരതമ്യപ്പെടുത്തി എത്തുന്ന നിഗമനം ഇതാണ്.

ചട്ടമ്പിസ്വാമികൾ ഒച്ചപ്പാടും ഉൽക്കർഷേച്ഛയും കൂടാതെ നിസ്സംഗനായി ഒരു ലക്ഷ്യസ്ഥാനത്തേക്ക് മന്ദംമന്ദം ചരിക്കുക മാത്രമായിരുന്നു. കേരളത്തിലെ ജാതിവ്യത്യാസത്തെ അസ്തമിപ്പിച്ച് ഉച്ചനീചത്വമില്ലാത്തതായി ഏകമതീഭാവത്തോടുകൂടിയ ഒരു നവീനഹിന്ദുസമുദായമണ്ഡലം കെട്ടിപ്പടുക്കണമെന്നുള്ളതായിരുന്നു ചട്ടമ്പിസ്വാമികളുടെ ലക്ഷ്യം. ജാതിവ്യവസ്ഥയും സ്വാമികളുടെ എതിർപ്പും പരിണിത ഫലങ്ങളും ശക്തമായ ഭാഷയിൽ വറുഗീസ് വിവരിച്ചു. നായർസമുദായത്തിലെ പല അധഃസ്ഥിത അവാന്തരവിഭാഗങ്ങൾക്കും ഉച്ചനീചത്വത്തെ ചവിട്ടിത്തള്ളുവാൻ സ്വാമികൾ നൽകിയ പ്രേരണയും ചരിത്രത്തിന്റെ ആധികാരികതയിൽ അദ്ദേഹം വ്യക്തമാക്കി.

4. സി. വി. കുഞ്ഞുരാമന്റെ സാഹിതീസേവനം

ഈഴവ സമുദായത്തിലെ സുപ്രധാന നേതാക്കന്മാരിൽ ഒരാളും പ്രസിദ്ധ ഗദ്യകാരനും ചരിത്രപണ്ഡിതനും 'കേരള കൗമുദി' പത്രാധിപരുമായിരുന്നു മയ്യനാട് സി. വി. കുഞ്ഞുരാമൻ. അദ്ദേഹത്തിന്റെ രചനകൾ ശ്രദ്ധിച്ച കെ. എം. വറുഗീസ് മലയാളത്തിലെ സുപ്രശസ്ത ഗദ്യകാരൻ സി. വി. കുഞ്ഞുരാമൻ ആണെന്ന് തന്റെ ലേഖനത്തിൽ ഉറപ്പിച്ചുപറഞ്ഞു. ഈഴവ സമുദായത്തിന്റെ അവകാശവാദങ്ങൾക്ക് തൈക്ഷ്ണ്യവും മൂർച്ചയും നല്കി വമ്പിച്ച പരിവർത്തനത്തിന അവരെ പ്രേരിപ്പിച്ച

വിദ്യുച്ഛക്തി സി.വി. കുഞ്ഞുരാമൻ ആണെന്ന അദ്ദേഹം കണ്ടെത്തി. അദ്ദേഹം എഴുതി.

> ന്യായവാദങ്ങളെക്കാൾ അസഹ്യതരമായിരുന്നത് അദ്ദേഹത്തിന്റെ ഫലിതോക്തികളായിരുന്നു. ഹാസ്യസാഹിത്യവും ഫലിതസാഹിത്യവും തമ്മിലുള്ള വ്യത്യാസം സാഹിത്യലോകത്തിൽ ശരിക്കു വെളിപ്പെടുത്തിക്കാണിച്ചത് സി. വി. ആയിരുന്നു.[6]

എതിരാളിയുടെ വാദമുഖങ്ങൾക്കു കോട്ടകെട്ടുന്ന സി.വി.യുടെ വാക്ചാതുര്യത്തെയും വിനയാന്വിതമായ പെരുമാറ്റരീതിയെയും സമന്വയിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സമഗ്രവ്യക്തിത്വത്തെ വറുഗീസ് അവതരിപ്പിച്ചു.

5. ഐ. സി. ചാക്കോ

സംസ്കൃത പണ്ഡിതനും വിവിധ ഭാഷാ പരിജ്ഞാനിയുമായിരുന്നു ഐ. സി. ചാക്കോ. എൺപത്തഞ്ചു വയസ്സുതികഞ്ഞ അദ്ദേഹത്തെ സന്ദർശിച്ചു തയ്യാറാക്കിയ ഒരു കുറിപ്പാണ് ഈ തൂലികാചിത്രം. കഥാപുരുഷന്റെ നാടായ പുളിങ്കുന്നിലേക്കുള്ള യാത്ര നദികളുടേയും ജലാശയങ്ങളുടേയും മനോഹാരിത കലർത്തി കാവ്യാത്മകമായി അവതരിപ്പിക്കുന്നു. ഐ. സി. ചാക്കോയുടെ ചിത്രം ഇപ്രകാരമാണ്.

> ഒരു മഹർഷിയുടെ വൈജ്ഞാനിക പ്രഭാവത്തോടും, ഒരു ശമാത്മകന്റെ അതിപ്രശാന്തതയോടും, ഒരു ധർമ്മകോവിദന്റെ ഗാംഭീര്യത്തോടും, ഒരു പണ്ഡിതമൂർദ്ധന്യന്റെ വിനയപ്രൗഢിയോടും, ചിന്തകന്റെ പരമപക്വതയോടും, ഒരു സാത്വികന്റെ തേജോപ്രസരത്തോടും കൂടി ചാരുകസേരയിൽ എഴുന്നേറ്റിരുന്ന ആ സർവ്വാർത്ഥതത്വജ്ഞതയെ ഞാൻ ഭക്തിപൂർവ്വം അഭിവാദനം ചെയ്തു[7]

എല്ലാ വൈജ്ഞാനികശാഖകളിലും വിവിധ ഭാഷകളിലും അദ്ദേഹം അറിവു നേടി 'പാണിനീയ പ്രദ്യോതം' എന്ന കൃതിക്ക് അവാർഡു ലഭിച്ചു. ''ഹേക്താ മൃതോ മേ ശ്വാ'' എന്ന വിലാപകാവ്യം അദ്ദേഹത്തിന്റെ സംസ്കൃത ഭാഷാപരിജ്ഞാനം പ്രകടമാക്കുന്നു. കവിതയെപ്പറ്റിയുള്ള വിശദമായ പഠനവും ഇതിലുണ്ട്. ഐ. സി. ചാക്കോയുടെ വ്യക്തിജീവിതം, വൈജ്ഞാനിക സമ്പത്ത്, സാഹിത്യവാസന, ശാസ്ത്രപരിജ്ഞാനം, ബാഹ്യരൂപം എന്നിവയെല്ലാം ഉൾപ്പെടുന്ന വിവരണം വറുഗീസ് നൽകുന്നു.

6. റാവു സാഹിബ് ഒ.എം. ചെറിയാൻ

കെ. എം. വറുഗീസിന്റെ സമകാലികനായിരുന്ന ഒരു ബഹുമുഖപ്രതിഭാശാലിയായിരുന്നു റാവുസാഹിബ് ഒ.എം. ചെറിയാൻ. പ്രൗഢഗദ്യനിബന്ധനങ്ങളും നോവലുകളും കവിതകളും മലയാളസാഹിത്യത്തിന അദ്ദേഹം സംഭാവന നൽകി. പ്രതിപാദ്യവും പ്രതിപാദനരീതിയും കൊണ്ട് ശ്രദ്ധിക്കപ്പെട്ട ഒരു കൃതിയാണ് 'ഹൈന്ദവ ധർമ്മസുധാകരം'. വിദ്യാഭ്യാസവകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം സമൂഹത്തിന അമൂല്യമായ സേവനങ്ങൾ നൽകി. റാവു സാഹിബ് ഒ.എം. ചെറിയാന്റെ നിര്യാണത്തെത്തുടർന്ന് മാവേലിക്കരയിൽ നടത്തിയ അനുശോചന യോഗത്തിൽ കെ. എം. വറുഗീസ് ചെയ്ത പ്രസംഗം പൗരപ്രഭയിൽ പ്രസിദ്ധപ്പെടുത്തി. കേരളീയകലാലോകത്തിനും സാഹിത്യലോകത്തിനും ഉള്ള ആത്മാർത്ഥമായ സ്നേഹാദരവുകൾ ഈ രചനയിൽ പ്രകാശിതമായി.

ഒ.എം. ചെറിയാന്റെ ഗദ്യരീതി ഒരു പ്രത്യേക സരണി മാത്രമാണെന്ന് വറുഗീസ് സമർത്ഥിക്കുന്നു. അന്തസ്സും പ്രൗഢിയും ഗാംഭീര്യവും പ്രഭുതയും തികഞ്ഞ ഒരു രാജന്യകന്യകയുടെ രാജകീയതാളമേളങ്ങളോടുകൂടിയ ഒരു നൃത്തകലാപ്രകടനത്തോട് അതിനെ താരതമ്യപ്പെടുത്തി. രസസ്ഫുടീകരണവിഷയത്തിൽ ഒ. എം.

ചെറിയാന്റെ നിലയെപ്പറ്റി അഭിനന്ദനപൂർവ്വം എഴുതി. മഹാവാഗ്മിയായ സ്മര്യപുരുഷ നെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തുന്നു.

> പൗരുഷശക്തിയുടെ പരമപീഠത്തിൽ നിന്നു ആഗ്നേയാവീര്യ വിപ്ളവപ്രളയം വൈദ്യുതപ്രവാഹശക്തി ചിതറിപ്പായിക്കുന്ന ഒരു വാഗ്മിത്വനയാഗ്രാ നിർത്ധരികയാണ് അദ്ദേഹത്തിന്റെ പ്രഭാഷണാഡംഭരതയിൽ മുഴങ്ങിയിരുന്നത്. നിറച്ചുവെച്ച നിമിഷവെടിത്തോക്കുകൾക്ക്, അണിനിരത്തിയ പീരങ്കിപടകൾക്ക്, അതിഭീകരമായ മഹായുദ്ധങ്ങൾക്ക് തുല്യമായ ആഗ്നേയപരമപദസമൂഹങ്ങൾ അദ്ദേഹത്തിന്റെ പ്രതിഭായന്ത്രകുടീരത്തിൽ ആവസിച്ചിരുന്നു.[8]

ക്രൈസ്തവസമുദായത്തിന്റെ അഭിമാനമായിരുന്നു ഒ.എം.ചെറിയാൻ. എല്ലാ ജനങ്ങളുടെയും സ്നേഹാദരവുകൾ സമ്പാദിച്ച് എല്ലാവരുടെയും പൊതുസ്വത്തായി ശാശ്വതയശ്ശഃകുബേരനായി കാലയവനികയിൽ നിത്യവിശ്രമം വരിച്ച റാവുസാഹിബ് ഒ.എം. ചെറിയാന്റെ വ്യക്തിത്വം കെ. എം. വറുഗീസിന്റെ തൂലികാചിത്രത്തിൽ പൂർണ്ണമാകുന്നു. വാഗ്മിയായ കഥാപുരുഷനെ അവതരിപ്പിക്കുമ്പോൾ വറുഗീസിന്റെ ഭാഷയും പ്രൗഢമാകുന്നു. സമസ്തപദങ്ങളും ദൈർഘ്യമേറിയ വാചകങ്ങളും ആശയസമ്പുഷ്ടമായ വാചകസമ്പത്തും ഈ ചിത്രണത്തിൽ തെളിയുന്നു.

7 കെ. സി. മാമ്മൻ മാപ്പിള

ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ രചനാവൈഭവത്തിന വളരുവാനുള്ള സരണി തെളിയിച്ചുകൊടുത്ത മലയാളമനോരമയുടെ അധിപനായിരുന്നു കെ. സി. മാമ്മൻ മാപ്പിള. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ കറ്റാനത്തുകൂടിയ സമ്മേളനത്തിൽ കെ. എം. വറുഗീസ് ചെയ്ത ഈ പ്രസംഗം മലയാളമനോരമ പ്രസിദ്ധപ്പെടുത്തി.

രാഷ്ട്രീയതാർക്കികന്മാർ, വിദ്വജ്ജനങ്ങൾ, വിദ്യാഭിക്ഷുക്കൾ എന്നിങ്ങനെ വിവിധ രൂപനിക്ഷിപ്തമായ ഒരു മഹാപ്രപഞ്ചത്തിന്റെ ആദരവുകൾക്ക് അർഹനായ മാമ്മൻമാപ്പിളയെ പ്രൗഢഗംഭീരനായി അവതരിപ്പിക്കുന്നിടത്ത് കാവ്യാത്മകമായ വർണ്ണന വറുഗീസിന് നഷ്ടപ്പെടുന്നില്ല.

കെ. സി. മാമ്മൻ മാപ്പിളയുടെ ജീവിതത്തിൽ ഗാഢമായി ശ്രദ്ധിക്കപ്പെടുന്ന അഞ്ചു സുപ്രധാന കാര്യങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ വിജ്ഞാനോപാസനം, വിദൂരവീക്ഷണനൈപുണ്യം, ഭാഷാസരണി, കലാപ്രോത്സാഹകത്വം, ആതിഥ്യമര്യാദ എന്നിവയാണ് പരിഗണിക്കപ്പെടുന്നത്. ചരിത്രം, രാജ്യതന്ത്രം, ധനശാസ്ത്രം, വ്യവസായം എന്നീ മേഖലകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന കാലികാവബോധത്തെയും നൂതനാശയങ്ങളേയും വറുഗീസ് എടുത്തുകാണിച്ചു.

> വായനകൊണ്ട് മനുഷ്യഹൃദയത്തിനു സിദ്ധിക്കാവുന്ന അപ്രമേയ വികാസവും സംസ്ക്കാരവൈപുല്യവും അമേയ ശക്തിയും എത്ര കണ്ടാണെന്ന് ശ്രീ മാമ്മൻ മാപ്പിളയുടെ ജീവിതവിജയത്തിൽ കവിഞ്ഞ ഒരു ലക്ഷ്യം ആവശ്യമില്ല.[9]

എന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

കെ. സി. മാമ്മൻ മാപ്പിളയുടെ വിദൂരവീക്ഷണനൈപുണ്യത്തിന ഉദാഹരണങ്ങൾ നിരത്തുന്നു. ജീവിതവലയത്തെയും സമുദായത്തെയും രാഷ്ട്രത്തെയും സംബന്ധിച്ച ഭവിഷ്യദ്ദർശനം ചരിത്രബോധത്തിന്റെ പശ്ചാത്തലത്തിൽ പ്രമാദരഹിതമായിരുന്നു. പത്രാധിപർ, ചിന്തകൻ, രാഷ്ട്രീയ നിരീക്ഷകൻ എന്നീ നിലകളിൽ കെ. സി. മാമ്മൻ മാപ്പിള അനുഷ്ഠിച്ച സേവനം വറുഗീസ് വിലയിരുത്തി. അയിത്താചരണബഹിഷ്ക്കരണം, പൗരസമത്വവാദം എന്നീ വിഷയങ്ങളിൽ അദ്ദേഹം ആലോചനയും നേതൃത്വവും നൽകി. തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും രാഷ്ട്രീയോന്നമന

ത്തിലും സാമ്പത്തികോൽക്കർഷത്തിലും സാമുദായിക സംവിധാനത്തിലും അദ്ദേഹം പരമാദരണീയമായ പങ്ക് വഹിച്ചു.

മാമ്മൻ മാപ്പിളയുടെ ഭാഷാസരണി മുഖപ്രസംഗങ്ങളിലും ലേഖനപരമ്പരകളിലും ശക്തമായിരുന്നു. സാമുദായികരംഗത്തും രാഷ്ട്രീയ രംഗത്തും കോളിളക്കങ്ങൾ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഓർത്തഡോക്സ് സഭാരംഗത്ത് പ്രസിദ്ധമായ വട്ടിപ്പണക്കേസിൽ മാമ്മൻമാപ്പിളയുടെ മുഖപ്രസംഗങ്ങൾ കരുത്തായിരുന്നു. കലാപ്രോത്സാഹകത്വപാരമ്പര്യം തികഞ്ഞ മാമ്മൻ മാപ്പിള കേരളഭാഷാലോകത്തിൽ കവികളെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിച്ചിരുന്നു. ലേഖനങ്ങൾക്ക് പ്രതിഫലം കൊടുക്കുന്ന ഏർപ്പാട് നടപ്പിൽവരുത്തിയത് മാമ്മൻമാപ്പിളയാണ്. ഇപ്രകാരം സംസ്കാരകുബേരത്വം തികഞ്ഞ വ്യക്തി എന്ന നിലയിൽ കെ. എം. വറുഗീസ് മാമ്മൻ മാപ്പിളയുടെ തൂലികാചിത്രം രചിച്ചു.

8 ചിത്രമെഴുത്തു മിസ്റ്റർ പി. മുകുന്ദൻതമ്പി

'ആധുനിക ഭാരതത്തിലെ സുപ്രശസ്ത ചിത്രകാരൻ'[10] എന്ന വിശേഷണത്തോടുകൂടി, ചിത്രകലയിൽ തന്റെ ഗുരുനാഥനായ പി. മുകുന്ദൻ തമ്പിയെ കെ. എം. വറുഗീസ് മലയാള മനോരമ പത്രത്തിൽ അവതരിപ്പിച്ചു. മാവേലിക്കര മണ്ണൂർ മഠത്തിൽ അവിട്ടം തിരുന്നാൾ ഉദയവർമ്മയുടെ പുത്രനായി ജനിച്ച മുകുന്ദൻ തമ്പി സർവ്വകലാകുശലനായിരുന്നു. സംഗീതം, പ്രതിമാനിർമ്മാണം, ചിത്രമെഴുത്ത്, ആശാരിപ്പണി എന്നിവയിൽ അദ്ദേഹം തന്റെ വൈദഗ്ദ്ധ്യം തെളിയിച്ചു. കഥകളി, ഇന്ദ്രജാലം, സംഗീതം, വീണാവദനം എന്നീ കലകളിലും അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. മദ്രാസ് ലളിതകലാ കോളേജിൽ പരിശീലനം നേടിയ മുകുന്ദൻ തമ്പി വരച്ച പി. രാജഗോപാലാചാരിയുടെ ചിത്രം മദ്രാസ് നിയമ നിർമ്മാണഹാളിൽ മദ്രാസ് ഗവർണ്ണർ അനാച്ഛാദനം ചെയ്തു. മുകുന്ദൻ തമ്പിയുടെ ചിത്രമെഴുത്തിന്റെ പ്രത്യേകതകൾ വറുഗീസ് പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു. തന്മ അഥവാ അന്യഭാവം

വർണ്ണസമ്മിശ്രണസൗകുമാര്യം, വർണ്ണാനുവർണ്ണയോജ്യത, രീതിസ്ഥായിത്വം, സജീവകോമളത്വം എന്നിവയെ അദ്ദേഹത്തിന്റെ ഏതൊരു ചിത്രങ്ങളും ശരിക്കു പ്രത്യക്ഷപ്പെടുത്തുന്നതാണ്. ഛായാചിത്ര രചനയുടെ സവിശേഷതകൾ വിവരിക്കുകയും മുകുന്ദൻ തമ്പിക്ക് ഛായാചിത്രരചനയിലും ഭാവനാചിത്ര രചനയിലും ഉള്ള വൈദഗ്ദ്ധ്യത്തെപ്പറ്റി രേഖപ്പെടുത്തുകയും ചെയ്യുന്നു. മുകുന്ദൻ തമ്പിയുടെ പെൻസിൽസ്കെച്ച്, വെറും കരിക്കട്ടകൊണ്ടുള്ള മനുഷ്യവ്യക്തിഛായാപ്രകടനം, സ്ഥലാകാശലേഖനം എന്നിവ വറുഗീസ് ശ്രദ്ധയിൽകൊണ്ടുവരുന്നു. നൈസർഗ്ഗികമായ വാസനാവൈഭവം, അപ്രതിഹതമായ വിഭാവനശക്തി, അനന്യഭാവപ്രകടനം, വർണ്ണസമ്മിശ്രണം, വർണ്ണ സൗകുമാര്യം, വർണ്ണവിലീനത്വം, സ്തോഭം, സാത്വിക സൗന്ദര്യപ്രകാശനം, അദ്ധ്യാത്മിക ചൈതന്യ പ്രഭാവം, രീതിസ്ഥായിത്വം, കവിത എന്നിവയിൽ ചിത്രമെഴുത്തു മുകുന്ദൻ തമ്പിയെ അജയ്യനായി അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പ്രശസ്തചിത്രമായ പരമശിവനൃത്തം വറുഗീസ് വാക്കുകളിൽ ചേർത്തിരിക്കുന്നു. വള്ളത്തോൾ, കുമാരനാശാൻ എന്നിവരോടൊപ്പം കേരളഭൂമിയുടെ അഭിമാനകനകസ്തംഭമായ മഹാചിത്രകാരന ആശംസകളോടെ ലേഖനം ഉപസംഹരിക്കുന്നു.

9. കഥകളി നടൻ കരിപ്പുഴ വേലുപ്പിള്ള ആശാൻ

ലേഖനത്തിൽ, മാവേലിക്കരയിലെ ചില കലാശില്പികളെ ആമുഖമായി പരിചയപ്പെടുത്തുന്നു. സംഗീതകലാചക്രവർത്തിയായ ഉത്സവമഠം കുഞ്ഞാരു രാജാ സർവ്വ കലാവല്ലഭൻ കൊച്ചുപിള്ളമഠത്തിൽ ഉദയവർമ്മ രാജാ, പാലസ് ആർട്ടിസ്റ്റ് പി. മുകുന്ദൻ തമ്പി, കണ്ടിയൂർമറ്റം കൊച്ചുകുഞ്ഞു ഭാഗവതർ എന്നീ പ്രഗത്ഭരുടെ നിരയിലാണ് കഥകളി നടൻ കരിപ്പുഴവേലുപ്പിള്ള ആശാനെ അവതരിപ്പിക്കുന്നത്.

വേലുപ്പിള്ള ആശാന്റെ ആകൃതിയും പ്രകൃതിയും പ്രാഥമിക വിദ്യാഭ്യാസവും വിശദമായി പ്രതിപാദിക്കുന്നു. സേതുലക്ഷ്മിയുടെ പള്ളിക്കെട്ടിനോടനുബന്ധിച്ച്

നടന്ന പ്രഹ്ളാദചരിതം കഥകളിയിൽ വേലുപ്പിള്ള ആശാൻ അവതരിപ്പിച്ച നരസിംഹവേഷം, ആശാന്റെ കീചകവേഷം, രാവണവേഷം, നാരദ വേഷം എന്നിവയെല്ലാം അതിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം പ്രകടമാക്കത്തക്കവിധം വറുഗീസ് രേഖപ്പെടുത്തിയിട്ടുണ്ട്.[11]

10. മെച്ചരു തരകൻ

പൗരാവകാശ സമത്വവാദത്തിന്റെ നാളുകളിൽ പുരാതനനസ്രാണി വീരന്മാരെ സ്മരിക്കുന്നത് ക്രിസ്ത്യാനികൾക്കു പ്രചോദകമാവും എന്ന വിശ്വാസത്തിൽ മെച്ചരു തരകന്റെ തൂലികാചിത്രം അദ്ദേഹം രചിച്ചു.[12]

മൂവാറ്റുപുഴത്താലൂക്കിൽ രാമമംഗലം പകുതിയിൽ ചൊള്ളോത്തി എന്നുപേരുള്ള ഒരു നസ്രാണിത്തറവാട്ടിൽ ആണ് മെച്ചരുതരകന്റെ ജനനം. കൊച്ചി രാജ്യസൈന്യത്തിൽ ഭടനായിരുന്ന മാത്തുനസ്രാണിക്ക രാജാവു നൽകിയ സ്ഥാനപ്പേരാണ് മെച്ചരുതരകൻ. അദ്ദേഹത്തിന്റെ രാജ്യസേവനപ്രവർത്തനങ്ങളെ മുൻനിർത്തി അധികാരമുദ്ര, പദവികൾ, ഭൂമി, വാൾ, മാസപ്പടി എന്നിവ രാജാവു നൽകിയിരുന്നു. അദ്ദേഹത്തിന്റെ രൂപഗാംഭീര്യം വിശദമായി വാക്കുകളിൽ വരച്ചുചേർക്കുന്നുണ്ട്.

7.2. അഭിപ്രായങ്ങളും അവതാരികകളും

കെ. എം. വറുഗീസിന്റെ അഭിപ്രായങ്ങൾ പല കവികൾക്കും സ്വീകാര്യമായിരുന്നു. സഹൃദയനും ചരിത്രബോധം തികഞ്ഞവനുമായ ഒരു ആസ്വാദകൻ എന്ന നിലയിലാണ് അദ്ദേഹം കവിതാസ്വാദനം തയ്യാറാക്കിയത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ചേർത്തിട്ടുള്ള ചില കൃതികൾ

1 മഗ്ദലനമറിയത്തിന്റെ അവതാരിക

വള്ളത്തോളിന്റെ മഗ്ദലനമറിയത്തിന എഴുതിയ അവതാരിക കെ. എം. വറുഗീസിനെ പ്രസിദ്ധനാക്കി. മഗ്ദലനമറിയത്തിന്റെ ടിപ്പണിക്കാരൻ, പ്രസാധകൻ എന്നീ നിലകളിലും അദ്ദേഹം ഈ കൃതിയോടു ബന്ധപ്പെട്ടിരുന്നു. 'കേരള കാളിദാസനായ

മഹാകവി വള്ളത്തോൾ നാരായണമേനോൻ' എന്ന വിശേഷണത്തോടുകൂടിയാണ് അവതാരികയുടെ ആരംഭം.

ഒരു യഥാർത്ഥ കവിയ്ക്ക് സ്വവ്യക്തിക്ക് യാതൊരു വ്യവർത്തനവും കൂടാതെ ഭൂലോകത്തിലെ വിവിധ ചർച്ചകളിൽപ്പെട്ട ഏതൊരു മനുഷ്യവ്യക്തിയായും, ഏതൊരു മതസ്ഥനായും രൂപാന്തരപ്പെടാൻ കഴിയുമെന്നതിന ഒരുത്തമ ലക്ഷ്യമായി മേനവനവർകളുടെ മേധാപുടത്തിൽ നിന്നു കേരളീയ ക്രിസ്ത്യൻ സമുദായത്തിന് ക്രിസ്തുമതസംബന്ധമായി ലഭിച്ചിട്ടുള്ള ഗാനാമൃത നിർത്ധരിയാണ് മഗ്ദലനമറിയം[13] എന്ന് കെ.എം. വറുഗീസ് രേഖപ്പെടുത്തി

കേരളത്തിലെ ശ്രേഷ്ഠ ഹിന്ദുക്കളിൽ നിന്ന് 1-ാം നൂറ്റാണ്ടിൽ മതപരിവർത്തനം ചെയ്തവരായ കേരളീയ നസ്രാണികൾക്ക് ബൈബിളിനെ ആസ്പദമാക്കി സാഹിത്യകൃതികൾ ദുർല്ലഭമാണ്. കേരളഭാഷാസാഹിത്യത്തിൽ ക്രിസ്തുമതദർശനങ്ങൾക്ക് പ്രചാരം സിദ്ധിക്കണമെങ്കിൽ ഈദൃശരചനകൾ ജന്മമെടുക്കേണ്ടതുണ്ട്. നസ്രാണികവികളിൽ നിന്നുപോലും മൂല്യവത്തായ കലാസൃഷ്ടികൾ രൂപം കൊള്ളാതിരിക്കുന്ന സാഹചര്യത്തിൽ ഹൈന്ദവനായ വള്ളത്തോൾ നാരായണമേനോന്റെ 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യരചന ഒരു മിഷനറിവേലതന്നെയാണെന്ന് അവതാരികാകാരൻ എഴുതി. വള്ളത്തോളിന്റെ 'മലയാളി ടാഗോർ' എന്ന അഭിധാനത്തെ ശക്തമാക്കിക്കൊണ്ട് ഈ പദ്യകൃതിയുടെ കാവ്യഭംഗി വറുഗീസ് സ്പഷ്ടമാക്കി.

ക്രിസ്ത്യൻ സമുദായവും ഹൈന്ദവസമുദായവും തമ്മിലുള്ള ബന്ധം, കാവ്യത്തിന്റെ പ്രമേയം, അവതരണഭംഗി, പ്രാധാന്യം, കവിവ്യക്തിത്വം എന്നിവ അവതാരികയിൽ ഉൾപ്പെടുത്തി. മഗ്ദലന മറിയത്തിന്റെ മുഖവുരക്കാരൻ[14] എന്ന് ഇ. വി. കൃഷ്ണപിള്ള രേഖപ്പെടുത്തക്കവിധം പ്രൗഢഗംഭീരമായിരുന്നു അവതാരിക.

2 വേദവിഹാരം

മഹാകവി കെ. വി. സൈമൺ രചിച്ച വേദവിഹാരത്തിന കെ. എം വറുഗീസ് എഴുതിയ അഭിപ്രായം കൃതിയിൽ ചേർത്തിട്ടുണ്ട്. ഹൈന്ദവസാഹിത്യരംഗത്തു മാർത്തോമ്മാനസ്രാണികൾക്കുള്ള ബന്ധം ആമുഖത്തിൽ വ്യക്തമാക്കുന്നു.

ശ്രീപരശുരാമക്ഷേത്രമായ മലബാർ തീരത്തെ പുരാതന മാർത്തോമ്മാനസ്രാണികൾ ഇവിടുത്തെ സവർണ്ണഹിന്ദുക്കളായ നമ്പൂതിരിമാരുടെയും നായന്മാരുടെയും ഔരസസന്താനങ്ങൾ എന്ന നിലയിൽ ഈ രാജ്യത്തോടു തികച്ചും രക്തബന്ധം അർഹിക്കുന്നുവെന്നു ചരിത്രം സ്പഷ്ടമായി തെളിയിക്കുന്നു.[15]

ദ്രാവിഡഭാഷയോടും കേരള ഭാഷാസാഹിത്യത്തോടും ഉള്ള നസ്രാണികളുടെ ബന്ധം അതിപുരാതനവും ദൃഢതരവുമത്രേ എന്ന് വറുഗീസ് ചരിത്ര സത്യങ്ങളുടെ പശ്ചാത്തലത്തിൽ രേഖപ്പെടുത്തുന്നു. പേർട്ടുഗീസാഗമനകാലത്ത് ക്രൈസ്തവ സാഹിത്യസമ്പത്ത് ക്രൂരമായി നശിപ്പിക്കപ്പെട്ടതിനാൽ ക്രൈസ്തവകവികളെയും കൃതികളെയും പറ്റിയുള്ള അറിവുകൾ ദുർല്ലഭമായി. കേരളീയ ക്രൈസ്തവസമുദായത്തിന നിത്യപാരായണത്തിനുതകുന്ന ഒരു മഹാഗീതയായി, കെ. വി. സൈമന്റെ വേദവിഹാരത്തെ അദ്ദേഹം അവതരിപ്പിച്ചു. വേദവ്യാസനും വാത്മീകിയും എഴുത്തച്ഛനും ജയദേവനും സാധിച്ചത് അദ്ദേഹവും സാധിച്ചു എന്ന വറുഗീസ് അഭിനന്ദിച്ചു. നസ്രാണി സമുദായത്തിന മഹാകവി കെ. വി. സൈമൺ മൂലം അഭിമാനം വർദ്ധിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. കവിതയെപ്പറ്റിയുള്ള അഭിപ്രായം രേഖപ്പെടുത്തുമ്പോൾ കാവ്യാത്മകമായ ശൈലി വറുഗീസിന്റെ സഹായത്തിനുണ്ട്.

3 രാജാരവിവർമ്മ

ചിത്രമെഴുത്തിൽ അഖിലലോകപ്രശസ്തിക്ക് പാത്രമായ രാജാരവിവർമ്മയുടെ ജീവചരിത്രം ശ്രീ. ജി. കൃഷ്ണപിള്ള രചിച്ചു. ഈ കൃതിക്ക് ചിത്രമെഴുത്ത് കെ. എം. വറുഗീസ് എഴുതിയ അഭിപ്രായം ചിത്രകലാരംഗത്തെപ്പറ്റി അദ്ദേഹത്തിനുള്ള

അവബോധം വ്യക്തമാക്കുന്നതായിരുന്നു. രാജാരവിവർമ്മ ആവിഷ്ക്കരിച്ച അലൗകിക സ്ത്രീസൗന്ദര്യം അദ്ദേഹത്തിന്റെ മഹത്വത്തിന് നിദാനമായി വറുഗീസ് ദർശിച്ചു. ഇതര ചിത്രകാരന്മാരുടെ പ്രസിദ്ധനായികമാർ അതതു കാലദേശാവസ്ഥകളുടെയും സാമുദായികഭാവനകളുടെയും പരിധിക്കുള്ളിൽ ഒതുങ്ങിക്കഴിയുമ്പോൾ ചിത്രമെഴുത്തുകോയിത്തമ്പുരാന്റെ പുരാണകഥാനായികമാർ ഏതുതരം കാലദേശാവസ്ഥകളെയും സാമുദായികമുദ്രാവായവ പ്രകൃതികളെയും അതിലംഘിച്ച് ലോകോത്തര സൗന്ദര്യദീപ്തിയിൽ തുംഗശ്രീപരിപൂർണ്ണകളായി നിലകൊള്ളുന്നു എന്നുള്ളതാണ് അവയ്ക്കുള്ള പ്രത്യേക മഹത്വം. ആഭ്യന്തരവും ബാഹ്യവുമായ ആത്യന്തിക സൗന്ദര്യം അവതരിപ്പിക്കുന്ന രവിവർമ്മഗുരുകുലത്തിന്റെ വ്യതിരിക്തത കെ. എം. വറുഗീസ് രചനയിൽ വ്യക്തമാക്കി. ജീവിതചരിത്രഗ്രന്ഥത്തിന്റെ രചനയിൽ ഗ്രന്ഥകർത്താവിനുള്ള വൈദഗ്ദ്ധ്യത്തെയും കെ. എം. വറുഗീസ് ശ്രദ്ധേയമാക്കി.

> ഒരു സന്തതസഹചാരിയുടെയും കലാരസികനായ ഒരു സൂക്ഷ്മനിരീക്ഷകന്റെയും നിലയിൽ ഒരു ചിത്രകലാകുതുകിക്ക് അനുകരണയോഗ്യമാംവണ്ണം രാജാരവിവർമ്മയുടെ ഓരോ കലാജീവിതഭാവങ്ങളെയും ഗ്രന്ഥകർത്താവ് ഈ ഗ്രന്ഥത്തിൽ സംക്ഷിപ്തരൂപത്തിൽ അതിസുന്ദരമായും അടുക്കടുക്കായും പ്രലേഖനം ചെയ്തിരിക്കുന്നു എന്നുള്ളത് ഈ ജീവിത ചരിത്രഗ്രന്ഥത്തിന് ഒരു പ്രത്യേക ഭൂഷണമത്രേ.[16]

ചിത്രകല എന്ന ശാഖയുടെ അഭ്യുദയത്തിന ഈ കൃതി പര്യാപ്തമാകും എന്ന പ്രതീക്ഷയിൽ ആണ് അദ്ദേഹം ഉപസംഹരിക്കുന്നത്.

4. പ്രേമസമ്രാട്ടായ ക്രിസ്തു

ശ്രീ. പി. ജി. എം. ദാസ് രചിച്ച 'പ്രേമസമ്രാട്ടായ ക്രിസ്തു' എന്ന ഖണ്ഡകൃതിയ്ക്ക് കെ. എം. വറുഗീസ് അവതാരിക രചിച്ചു. ലോകോദ്ധാരകനായ ശ്രീയേശു

ക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള വേദകഥ ഈ ലഘു കൃതിയിൽ ഉള്ളടക്കം ചെയ്തിരുന്നു. അവതാരികാകാരൻ എഴുതി.

> ഉത്കൃഷ്ടമായ കവിതാഹൃദയം മധുരരസനിഭൃതമായ പദസമ്പത്ത് പുളകോദ്ഗമകാരിയായ വിഭാവനാശകലങ്ങൾ എന്നിവയാൽ ആനന്ദസ്വരൂപിണിയായ കവിതാദേവി നിങ്ങളെ ഉള്ളഴിഞ്ഞ് അനുഗ്രഹിച്ചിട്ടുണ്ടെന്ന് വിശ്വസിച്ചാലും.[17]

അവതാരികയിൽ പദപ്രൗഢിയും കാവ്യത്തോടുള്ള ബന്ധവും നിലനിർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

5. അശ്രുധാര

മാവേലിക്കര വിളനിലത്ത് റവ. ഫാ. റ്റി. കെ. തോമസ് ബി. ഡി അവർകളുടെ അകാലചരമവൃത്താന്തം ജോസഫ് ചെറുവത്തൂർ 'അശ്രുധാര', എന്ന വിലാപകാവ്യത്തിൽ അവതരിപ്പിച്ചു. കാവ്യനിരൂപണമാതൃകയിൽ കെ. എം. വറുഗീസ് ഈ കൃതിയ്ക്ക് അഭിപ്രായം എഴുതി. അഭിപ്രായരചനയിൽ കഥാനായകൻ, കവി, കവിത എന്നീ മൂന്നു ഘടകങ്ങൾക്കും പ്രാധാന്യം നല്കിക്കൊണ്ടാണ് അദ്ദേഹം രചന നിർവ്വഹിച്ചത്.[18]

7.3 നിരൂപണങ്ങൾ

1. നൂർജിഹാൻ
2. പുല്ലേലിക്കുഞ്ചുവും ജാതിയും

1. നൂർജിഹാൻ

കെ. എം. വറുഗീസ് ആത്മപോഷിണി പത്രാധിപർ എന്ന സ്ഥാനം വഹിക്കുമ്പോൾ, സർദാർ കെ. എം. പണിക്കരുടെ 'നൂർജിഹാൻ' എന്ന സ്വതന്ത്രഗദ്യനാടകത്തിന ഗ്രന്ഥവിഹാരം എന്ന പംക്തിയിൽ ഒരു നിരുപണം രചിച്ചു. ഗദ്യനാടകകൃതികൾ അന്ന് വിരളമായിരുന്നു. മലയാളഭാഷയിൽ പദ്യസാഹിത്യത്തിലും ഗദ്യസാഹി

തൃത്തിലും പല പുതിയ പ്രസ്ഥാനങ്ങളെ അവതരിപ്പിച്ചിട്ടുള്ള സാഹിത്യമർമ്മജ്ഞനായ കെ. എം. പണിക്കരുടെ നാടകത്തെ വസ്തുനിഷ്ഠമായി അപഗ്രഥിച്ചുകൊണ്ടാണ് നിരൂപണം രചിച്ചത്. ഒരു ആസ്വാദകന്റെ പക്ഷത്തുനിന്നുകൊണ്ടായിരുന്നു അദ്ദേഹം നിരൂപണം നടത്തിയത്.

ഗദ്യനാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ നിശിതമായ പഠനത്തിനു വിഷയമായി. സലിം, നൂർജ്ജിഹാൻ, യോധാഭായി, എന്നീ കഥാപാത്രങ്ങൾക്കു സംഭവിച്ച ധാർമ്മികഭ്രംശം വിശദമാക്കിക്കൊണ്ട് തമോഗുണപ്രാധാന്യം കല്പിച്ചുകൊണ്ട് ഗ്രന്ഥകർത്താവ് ജനസമുദായത്തോടുള്ള തന്റെ ചുമതലയെ വിലംഘിച്ചിരിക്കുന്നുവെന്ന് വറുഗീസ് സൂചിപ്പിച്ചു. ധർമ്മവും പ്രേമവും തമ്മിലുള്ള പോരാട്ടം അവതരിപ്പിക്കുന്ന കെ. എം. പണിക്കർ പരിശുദ്ധമായ പ്രേമസങ്കല്പത്തെ വ്യാഖ്യാനിക്കുന്നതിൽ വഴിതെറ്റുന്നു എന്ന് നിരൂപകൻ ഉറപ്പിച്ചുപറഞ്ഞു.

> പ്രേമം എന്നുള്ളത് പരിശുദ്ധമായിട്ടുള്ള ഒന്നായതിനാൽ ഏതു നിലയിലുള്ള പ്രേമവും പരിശുദ്ധമാണെന്ന് ചിലർ വിചാരിക്കുന്നുണ്ട്. എന്നാൽ ഞങ്ങൾ ഇങ്ങനെ ഭ്രമിക്കുന്നില്ല. ധർമ്മനിഷ്ഠയിൽനിന്നും ധർമ്മാധിഷ്ഠിതമായ മതവിശ്വാസത്തിൽ നിന്നും സമുദായാചാരത്തിൽ നിന്നും വ്യതിചലിച്ചുയരുന്ന പ്രേമവ്യാപാരം ഒരു സാമുദായിക കൊലപാതകമാണെന്നാണ ഞങ്ങളുടെ വിശ്വാസം.[19]

എന്ന് കെ.എം. വറുഗീസ് എഴുതി

ധാർമ്മികോദ്ബോധനം ലക്ഷ്യമാക്കിയുള്ള കഥകൾ രചിച്ച കെ. എം. വറുഗീസിന 'നൂർജ്ജിഹാൻ' നാടകത്തിന്റെ ഇതിവൃത്തവുമായി പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. നിരൂപകന്റെ ദൃഷ്ടിയിൽ സലിം പിതൃദ്രോഹിയും വിഷയലമ്പടനും പരഭാര്യയായ നൂർജിഹാനെ സ്വന്തമാക്കുവാൻ കൊലപാതകം നടത്തിയവനുമാണ്. നൂർജി

ഹാൻ, ഭർത്താവായ കൂലിഖാനെ താൻ വിശ്വസ്തയും പതിവ്രതയും ആണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സലിമിനോടുള്ള അനുരാഗത്തിന വളർച്ച നൽകുന്നവളും. യോധാഭായി ഈ അപഥാനുരാഗത്തിന തുണനൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ കെ.എം. വറുഗീസ് പ്രാധാന്യം നൽകുന്ന പ്രമാദം ഇതാണ്. കൂലിഖാണിന്റെ ഭാര്യ എന്ന നിലയിൽ നായികയ്ക്കു ഭർത്തൃഭക്തിക്കും പാതിവ്രത്യനിഷ്ഠക്കും ഭംഗം വരുത്താതെ സലിമിലുള്ള പ്രേമത്തെ ധർമ്മകോടിയിൽ ഗണിപ്പാൻ വായനക്കാരെ പ്രേരിപ്പിക്കുന്നു. കഥാപാത്രങ്ങളെ സംബന്ധിച്ചിടത്തോളം കവിക്കുണ്ടായിരിക്കേണ്ട നിഷ്പക്ഷബുദ്ധിത്വത്തെ കൈവെടിഞ്ഞ് അവരുടെ അധർമ്മകൃത്യങ്ങളെ ഒരു അഭിഭാഷകന്റെ നിലയിൽ സാധൂകരിക്കാൻ ശ്രമിച്ചിട്ടുള്ളതായി ചില ഭാഗങ്ങൾ തെളിയിക്കുന്നുണ്ട്.

നൂർജിഹാൻ എന്ന ഗദ്യനാടകത്തിൽ നിന്ന് തന്റെ വാദഗതിക്കാസ്പദമായി ഉദ്ധരണികൾ കെ.എം. വറുഗീസ് നിരത്തുന്നുണ്ട്. അദ്ദേഹം അഭിപ്രായങ്ങൾ രേഖപ്പെടുത്തുമ്പോൾ വിശദമായ പഠനവും വിചിന്തനവും അതിന ശക്തിനൽകിയിരുന്നു. സർദാർ കെ.എം. പണിക്കരുടെ രചനകളെ തുടക്കത്തിലും ഒടുക്കത്തിലും ആദരിച്ചുകൊണ്ടാണ് തന്റെ വിപരീതാഭിപ്രായം അദ്ദേഹം രേഖപ്പെടുത്തുന്നത്. വായനക്കാരുടെ ധർമ്മബോധത്തിനു കളങ്കം വരുത്താതിരിപ്പാൻ വേണ്ടി അപകൃഷ്ടരായ കഥാപാത്രങ്ങൾക്ക് കാവ്യത്തിൽ പ്രാധാന്യം നല്കാൻ പാടില്ല എന്നതായിരുന്നു കെ. എം. വറുഗീസിന്റെ അഭിപ്രായം. കൃതിയിലെ ദോഷങ്ങളെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം തന്നെ ഗുണങ്ങളെ മാനിക്കുകയും ചെയ്യുന്ന നിരൂപണബോധം അദ്ദേഹം പ്രകടമാക്കി.

> ഗ്രന്ഥകർത്താവിനെപ്പറ്റി ഞങ്ങൾക്കുള്ള അതിയായ ബഹുമാനവും ഗൗരവവും നിമിത്തം കേവലം ദോഷൈകദൃഷ്ടിയോടുകൂടി ചില ദോഷങ്ങൾ പ്രസ്താവിച്ചുവെങ്കിലും അവയെല്ലാം

> തന്നെ ഈ ഗ്രന്ഥത്തിൽ ആപാദശീർഷം പ്രവഹിക്കുന്ന രസാത്മകമായ കാവ്യാമൃതത്തെ സംബന്ധിച്ചിടത്തോളം ഒരു ഓമനത്തങ്കക്കുഞ്ഞിന്റെ പുങ്കുരുന്നു മെയ്യിൽ തങ്കിയ പൂഴിപ്പൊടി കണക്കു നിസ്സാരകോടിയിൽ ഗണിപ്പാനുള്ളവ മാത്രമായിരിക്കും[20]

എന്ന് തന്റെ അഭിപ്രായഭേദസമർത്ഥനം നോവലിസ്റ്റിന ക്ഷതമേല്പിക്കാത്ത വിധം ഉപസംഹരിക്കുന്നു.

2. പുല്ലേലിക്കുഞ്ചുവും ജാതിയും

ആർച്ചുഡീക്കൻ കോശി രചിച്ച പുല്ലേലിക്കുഞ്ചു എന്ന നോവലിനെപ്പറ്റിയുള്ള ഒരു വിമർശനമാണ് കെ.എം. വറുഗീസ് എഴുതിയ പുല്ലേലിക്കുഞ്ചുവും ജാതിയും. മലയാളം ബൈബിൾ ഭാഷാകർത്താവായ ആർച്ചുഡീക്കൻ കോശി 1882 ൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയ 'പുല്ലേലിക്കുഞ്ചു' എന്ന ഗ്രന്ഥം ജാതിപരമായ ഒരു ശ്രേഷ്ഠവിമർശനകൃതിയാണെന്ന് കെ. എം. വറുഗീസ് അഭിപ്രായപ്പെടുന്നു.

> ആ പഴയകാലത്ത് യോഗക്ഷേമചിന്തകന്മാരുടെയും വേദവിത്തുകളായ വൈദികന്മാരുടെയും മറ്റു സവർണ്ണ ഹിന്ദുപ്രബലൻമാരുടെയും ഹിതാഹിതങ്ങളെ തൃണവൽഗണിച്ച് ജാതിരാക്ഷസിയുടെ കൊടുംശിരസ്സിൽ തപതനാരാചം തറയ്ക്കുവാൻ ഒരു നസ്രാണിപ്പട്ടക്കാരൻ കേരള ഭൂമാതാവിന്റെ അങ്കതലത്തിൽ നിന്നു പ്രേമപരിപൂർണ്ണതയോടുകൂടി സമുത്ഥാനം ചെയ്തുവെന്നുള്ള കഥ ഓർത്തിട്ട് അംഗങ്ങളിൽ കുളിർമ കോരിയിടുന്നു. [21]

കഥാപാത്രങ്ങൾ, ജാതിഭേദത്തെപ്പറ്റിയുള്ള പരാമർശം, സായ്പന്മാരുടെ ഉത്ഭവത്തെപ്പറ്റിയുള്ള ഐതിഹ്യം, അയിത്താചാരവും അയിത്ത നിയമങ്ങളും എന്നിവ അദ്ദേഹം ഈ കൃതിയുടെ അടിസ്ഥാനത്തിൽ വിചിന്തനം ചെയ്യുന്നു. മേൽജാതിയിൽപ്പെട്ടവരെന്ന് അഭിമാനിക്കുന്നവർക്ക് വിദ്യാഭ്യാസ വിഷയത്തിൽ ലഭി

ക്കുന്ന സൗകര്യങ്ങൾ അധഃകൃതവർഗ്ഗാംഗങ്ങൾക്കും സിദ്ധിക്കുന്നപക്ഷം തത്തുല്യ മായ ബുദ്ധിമനഃശക്തികൾ അചിരേണ അധഃകൃതർക്കും കൈവരുന്നതാണെന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തുന്നു. ജാതിവ്യവസ്ഥയുടെ ക്രൂരതയെപ്പറ്റി സംസാരിച്ച തിനുശേഷം പുല്ലേലിക്കുഞ്ചുപിള്ളയും രാമപ്പണിക്കരും മുതൽപ്പിടിക്കാരനും മിശ്ര ഭോജനം നടത്തിയ രംഗം പറഞ്ഞ് വറുഗീസ് അവസാനിപ്പിക്കുന്നു.

ഗ്രന്ഥത്തിലെ ഭാഷയും പഠനവിധേയമാക്കുന്നു. കേരളവർമ്മ വലിയ കോയി ത്തമ്പുരാന്റെ അക്ബർഭാഷയും സി. വി. രാമൻപിള്ളയുടെ ധർമ്മരാജാരീതിയും നിലനില്ക്കുമ്പോൾ പരിശുദ്ധി തികഞ്ഞ മലയാളഭാഷയാണ് കോശി ആർച്ചുഡീ ക്കൻ ഉപയോഗിക്കുന്നത്. ഹൃദയംഗമമായ ആശയം. മധുരകോമളമായ ഭാഷ! എന്നാണ് നിരൂപകന്റെ മതം.

മനുഷ്യനെ മനുഷ്യത്വത്തിൽ നിന്ന് അതിനീചമായ വിധം അധഃപതിപ്പിക്കുന്ന തായ ജാതിഭേദത്തിന്റെ ഘോരഫലങ്ങളെ യുക്തിയുക്തമായും കാര്യകാരണസഹി തവും പ്രായോഗികമായ രീതിയിൽ, ഹൃദയസ്പൃക്കായ വിധം വിവരിച്ചു കാണിക്കു കയും മിശ്രഭോജനപ്രസ്ഥാനത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്തവരിൽ പ്രമുഖൻ കോശി ആർച്ചുഡീക്കൻ അവർകളാണെന്ന് അദ്ദേഹം സമർത്ഥിച്ചു.

കെ.എം. വറുഗീസ് സുപരിചിതരായ വ്യക്തികളുടെ ജീവിതത്തെ ഒരു വിമർശകന്റെ വീക്ഷണത്തോടെ അവതരിപ്പിച്ചു. വിവിധ മേഖലകളിൽ ഗണ്യമായ പ്രവർത്തനങ്ങളിലൂടെ പ്രതിഷ്ഠ നേടിയ വ്യക്തികളുടെ ആത്മാവോളം കടന്നുചെന്ന് അവരുടെ തനിമ അനുവാചകർക്ക് സുവിദിതമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ഐ. സി. ചാക്കോയെ അവതരിപ്പിക്കുന്ന രീതി ഇതിന മാതൃകയാണ്.

ചരിത്രത്തിന്റെയും മതത്തിന്റെയും തത്വജ്ഞാനത്തിന്റെയും
ശാസ്ത്രത്തിന്റെയും കലകളുടെയും എന്നുവേണ്ടാ അറിയപ്പെട്ടി

> ട്ടുള്ള വൈജ്ഞാനികാന്തരീക്ഷത്തിന്റെ എല്ലാ ഭൂമികകളിലും അദ്ദേഹം യാത്രചെയ്തു.[22]

സമഗ്രമായ പഠനത്തിന്റെ ഉപദർശനമായിരുന്നു ഇത്

അദ്ദേഹത്തിന്റെ തൂലികാചിത്രരചനകൾക്ക് കവിതയുടെ ഹൃദ്യതയും ചിത്രത്തിന്റെ വൈശദ്യവും ജീവചരിത്രത്തിന്റെ പ്രയോജനവും നേടുവാൻ കഴിഞ്ഞു. കെ. എം. വർഗീസിന സാഹിത്യലോകത്തു നേടുവാൻ കഴിഞ്ഞ അംഗീകാരത്തിന്റെ പ്രതീകങ്ങളാണ് അഭിപ്രായങ്ങളും അവതാരികകളും. പ്രശസ്തരായ കവികൾ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ വിലമതിച്ചിരുന്നു. മഗ്ദലനമറിയത്തിന്റെ അവതാരിക അദ്ദേഹത്തെ ശ്രദ്ധേയനാക്കി

> ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ ചിത്രമെഴുത്തു കെ.എം. വർഗ്ഗീസിനെപ്പോലുള്ള സഹൃദയോത്തമന്മാർ ഈ കൃതിയെ കേരളത്തിൽ ക്രിസ്തീയസംസ്കാരത്തിനു തന്നെ വിലയേറിയൊരു നേട്ടമായി കാണുകയുണ്ടായി[23]

എന്ന് മുണ്ടശ്ശേരി എഴുതി. സർദാർ കെ. എം. പണിക്കർ, ആർച്ച്ഡീക്കൻ കോശി എന്നിവരുടെ കൃതികൾക്ക് രചിച്ച നിരൂപണങ്ങൾ നോവൽ എന്ന സാഹിത്യ രൂപത്തിന്റെ ഘടകങ്ങളെ അപഗ്രഥിച്ചുകൊണ്ടുള്ള സമഗ്രമായ അന്വേഷണമായിരുന്നു. ലബ്ധമായ അറിവുകളുടെയും ആർജ്ജിത സംസ്കാരത്തിന്റെയും സമന്വയമായിരുന്നു അദ്ദേഹത്തിന്റെ നിരൂപണങ്ങളും അഭിപ്രായങ്ങളും

അടിക്കുറിപ്പുകൾ

1. മീരാക്കുട്ടി. പി. അങ്കുരങ്ങൾ വിദ്വാൻ ബുക്ക് സ്റ്റാൾ, ആലുവ പു. 36
2. കെ.എം. വറുഗീസ്, ഭാരതകേസരി, ശ്രീമന്നത്തു പത്മനാഭൻ മലയാള മനോരമ ആഴ്ചപതിപ്പ് 1960 ഡിസംബർ 17
3. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, മലയാള മനോരമ, കോട്ടയം, 1948 സെപ്റ്റംബർ 27
4. ,, ,,
5. ,, കൺമുമ്പിൽ കാണുന്ന ചട്ടമ്പിസ്വാമിതിരുവടികൾ, ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥം 1129 ചിങ്ങം 11
6. കെ.എം. വറുഗീസ് സി. വി. കുഞ്ഞിരാമന്റെ സാഹിതീസേവനം, ദേശാഭിമാനി, 1124 മീനം
7. ,, ഐ.സി. ചാക്കോ മലയാള മനോരമ, കോട്ടം 1961, ഫെബ്രുവരി 15
8. ,, റാവു സാഹിബ് ഒ. എം. ചെറിയാൻ, പൗരപ്രഭ, കോട്ടയം 1944 ഫെബ്രുവരി 15
9. ,, കെ. സി. മാമ്മൻ മാപ്പിള, അനുശോചനയോഗം, കറ്റാനം, 1954 ഫെബ്രുവരി
10. ,, ചിത്രമെഴുത്തു പി. മുകുന്ദൻ തമ്പി അഥവാ ആധുനിക ഭാരതത്തിലെ സുപ്രശസ്ത ചിത്രകാരൻ മലയാളമനോരമ, കോട്ടയം, 1929 ജൂൺ 27, 28
11. ,, കഥകളി നടൻ കരിപ്പുഴ വേലുപ്പിള്ള ആശാൻ, മലയാളമനോരമ ആഴ്ചപ്പതിപ്പ്, 1957ഒക്ടോബർ26

12. കെ.എം. വറുഗീസ് — മെച്ചരു തരകൻ നസ്രാണിദീപിക, മാന്നാനം, 1094 മിഥുനം 20

13. കെ. എം. വറുഗീസ്, — അവതാരിക, മഗ്ദലനമറിയം, വള്ളത്തോൾ ഗ്രന്ഥാലയം ചെറുതുരുത്തി. 1096 മിഥുനം 5

14. ഇ.വി. കൃഷ്ണപിള്ള, — ആത്മപോഷിണി, 1097 ഇടവം മിഥുനം, കുന്നംകുളം, പുസ്തകം 13, ലക്കം 2, പുറം 88

15. കെ. എം. വറുഗീസ് — ശ്രീമാൻ ചിത്രമെഴുത്ത് കെ.എം. വറുഗീസ് അവർകളുടെ അഭിപ്രായം, വേദവിഹാരം 1931

16. ,, — അഭിപ്രായം രാജാ രവിവർമ്മ സർവ്വോദയം പ്രസ്, കോട്ടയം 1954

17. ,, — അവതാരിക, പ്രേമസമ്രാട്ടായ ക്രിസ്തു പബ്ലിക്കേഷൻ, ഫാ. സിറിയക് തുരുത്തിമാലിൽ, 1941

18. ,, — അഭിപ്രായം, അശ്രുധാര എം. ആർ. പി. പ്രസ്, കുന്നംകുളം, 1943

19. ,, — ഗ്രന്ഥവിചാരം, ആത്മപോഷിണി,കുന്നംകുളം 1943

20. ,, — ,,

21. ,, — പുല്ലേലിക്കുഞ്ചുവും ജാതിയും, ഭാഷാപോഷിണി, കോട്ടയം 1100 മകരം കുംഭം

22. ,, — ഐ.സി. ചാക്കോ, മലയാളമനോരമ ആഴ്ചപതിപ്പ്, കോട്ടയം, 1961, ഫെബ്രുവരി 11

23. ജോസഫ് മുണ്ടശ്ശേരി, — മുണ്ടശ്ശേരി കൃതികൾ, വാല്യം 3, കറന്റ് ബുക്സ്, കോട്ടയം,

ഉപസംഹാരം

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചിത്രമെഴുത്ത് കെ.എം. വറുഗീസിന്റെ സാഹിത്യസംഭാവനകളുടെ അപഗ്രഥനത്തിൽ അവ അമൂല്യമാണെന്ന് കാണാൻ കഴിഞ്ഞു. വിസ്മൃതിയിൽ ആണ്ടു പോയ അദ്ദേഹത്തിന്റെ സാഹിത്യരചനകളെക്കുറിച്ചുള്ള പഠനം പുതുതലമുറക്ക് വെളിച്ചം പകരുന്നു. ഗദ്യസാഹിത്യത്തിന്റെ അനന്തസാധ്യതകളെ തിരിച്ചറിഞ്ഞ അദ്ദേഹം സമകാലിക സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ തന്റെ ശ്രദ്ധപതിപ്പിച്ചു. രാജാക്കന്മാരുടെയും കവികളുടെയും പത്രാധിപന്മാരുടെയും സൗഹൃദം അദ്ദേഹം രചനാരംഗത്ത് വളരുവാൻ വഴിയൊരുക്കി. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പരിമിതികളെ മറികടന്ന് ഇംഗ്ലീഷ്, സംസ്കൃതം, ചരിത്രം എന്നിവകളിൽ അദ്ദേഹം അറിവ് നേടി. വിപുലമായ ഗ്രന്ഥപാരായണം അദ്ദേഹത്തിന്റെ കരുത്ത് ആയിരുന്നു. ആർജ്ജിതവിജ്ഞാനം അക്ഷരങ്ങളിലൂടെ പങ്കുവെയ്ക്കുവാനുള്ള കഴിവ് അദ്ദേഹത്തിന ജന്മസിദ്ധമായിരുന്നു. ചെറുകഥകൾ, ഗദ്യകവിതകൾ ലേഖനങ്ങൾ, ചരിത്രനോവലുകൾ, തൂലികാചിത്രങ്ങൾ, അവതാരികകൾ, അഭിപ്രായങ്ങൾ, നിരൂപണങ്ങൾ എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ അദ്ദേഹം നൽകിയ രചനകൾ ശ്രദ്ധാർഹങ്ങളായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മഹാകവിത്രയവും കേസരി മുതലായ നിരൂപകപ്രവരരും ചട്ടമ്പിസ്വാമി മുതലായ സാമുദായിക പരിഷ്കർത്താക്കളും സമൂഹത്തിന്റെ നവോന്മേഷകാരകന്മാരായി വർത്തിക്കുമ്പോൾ അവരോട് ബന്ധം പുലർത്തിയിരുന്ന ഒരു വ്യക്തി എന്ന നിലയിലും ചിത്രമെഴുത്ത് കെ.എം. വർഗീസ് പ്രസക്തി നേടുന്നു.

മലയാള സാഹിത്യത്തിലെ ആദ്യകാലചെറുകഥകളുടെ രൂപഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കെ.എം. വറുഗീസ് രചിച്ച ചെറുകഥകൾ സോദ്ദേശ്യ കഥകൾ ആണ്. അവ ധാർമ്മികോദ്ബോധനം ലക്ഷ്യമാക്കിയിരുന്നു. ചെറുകഥാസാഹിത്യ

ത്തിന്റെ വളർച്ചയിൽ അവ പരിഗണനനാർഹങ്ങൾ ആയിരുന്നു. എന്ന് കാണാൻ കഴി ഞ്ഞു.

ചിത്രകാരന്റെ സൂക്ഷ്മ വർണ്ണനാചാതുരിയും കവിയുടെ ആത്മാവിഷ്ക്കരണ തല്പരതയും ഗദ്യകവിതകളിൽ തെളിഞ്ഞു. വാക്യങ്ങൾക്ക് ചമൽക്കാരഭംഗി നൽകി മിസ്റ്റിക് ഭാവത്തിൽ ആശയപ്രകാശനം നടത്തുന്നവയായിരുന്നു കെ.എം. വറുഗീ സിന്റെ ഗദ്യകവിതകൾ. ഒരു പ്രസ്ഥാനത്തിന്റെ പ്രാരംഭകൻ എന്ന നിലയിൽ അദ്ദേ ഹം സ്മരണാർഹനാകുന്നു.

കെ.എം. വറുഗീസ് ലേഖനങ്ങളിൽ വിഷയവൈവിധ്യം പാലിച്ചു. ഗവേഷ ണാത്മകമായ ഉപന്യാസങ്ങൾ രചിച്ചു. ലേഖനങ്ങളിൽ വർത്തമാനകാലജീവിതത്തെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ഇരുത്തം വന്ന ഒരു ഗദ്യകാരനെ ദർശിക്കാൻ സാധി ക്കും യുക്തിയുടെയും സൗന്ദര്യബോധത്തിന്റെയും സമന്വയമായിരുന്നു അദ്ദേഹ ത്തിന്റെ ലേഖനങ്ങൾ.

വർത്തമാനകാലജീവിതത്തെപ്പറ്റിയുള്ള അതൃപ്തി മൂലം കെ.എം. വറുഗീസ് ഭൂതകാലത്തിൽ നിന്ന് പ്രചോദനാത്മകമായ അംശങ്ങൾ സ്വീകരിച്ച് അവതരിപ്പിച്ചു.. അദ്ദേഹത്തിന്റെ ചരിത്രനോവലുകളിൽ ഇത് ദൃശ്യമാകുന്നു.

വറുഗീസിന്റെ കാവ്യാത്മകതയും പാർശ്വവീക്ഷണസ്വഭാവവും വിവിധരചന കളിൽ പ്രകടമായി. സംസ്ക്കാരസമ്പന്നരും ശ്രദ്ധേയരുമായ വ്യക്തികളെ അവതരിപ്പി ക്കുമ്പോൾ അദ്ദേഹത്തിന്റെ ശൈലി കാവ്യാത്മകമായിരുന്നു. സ്മര്യപുരുഷന്റെ രേഖാരൂപം നൽകുവാൻ അക്ഷരങ്ങൾ മാധ്യമമാക്കി. ഒരു ജീവിതകാലം വാക്കുക ളിൽ നിറച്ചു. സംസ്കാരസമ്പന്നരും വാസനാധന്യരുമായ കവികളെ സർഗ്ഗാത്മക സംഭാവനകൾക്ക് പ്രേരിപ്പിക്കുകയും കവിതകളെ ചിന്താബന്ധുരങ്ങളും കാവ്യാത്മക ങ്ങളുമായ അവതാരികകളും അഭിപ്രായങ്ങളും കൊണ്ട് അലങ്കരിക്കുകയും ചെയ്ത ഒരു സാഹിത്യകാരനായിരുന്നു അദ്ദേഹം.

കെ.എം. വറുഗീസിന്റെ സാഹിത്യ സംഭാവനകളെപ്പറ്റിയുള്ള അപഗ്രഥനാത്മക പഠനത്തിൽ തെളിയുന്ന വസ്തുതകൾ.

1. ശാസ്ത്രാഭിമുഖ്യമുള്ള ഒരു കലാപ്രതിഭയായിരുന്നു ചിത്രമെഴുത്ത് കെ.എം. വറുഗീസ്.
2. ഒരു ചിത്രകാരന്റെ സൂക്ഷ്മാവലോകനപാടവവും സൗന്ദര്യബോധവും സമഗ്രാവതരണരീതിയും അദ്ദേഹത്തിന്റെ രചനകളിൽ നിറയുന്നു.
3. സമകാലിക സമൂഹത്തിന്റെ ഘടനയും പരിമിതികളും അദ്ദേഹം തിരിച്ചറിഞ്ഞു. വർത്തമാനകാല ജീവിതസമസ്യകളിൽ ഉൾക്കാഴ്ച നേടാൻ വേണ്ടിയുള്ള ധിഷണാപ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റെ ചരിത്ര പ്രതിപാദനം. ഒരു കാലഘട്ടത്തിലെ കേരളചരിത്രം അദ്ദേഹത്തിന്റെ കൃതികളിൽ തെളിയുന്നു.
5. സമൂഹത്തിലും സഭയിലും പൗരാവകാശം സംരക്ഷിക്കപ്പെടണമെന്നുള്ള വ്യഗ്രത അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ ചോദകശക്തി ആയിരുന്നു.
6. ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യനായകന്മാരുടെ സൗഹൃദവലയത്തിലുൾപ്പെട്ടിരുന്ന വറുഗീസ് കാലികപരിഗണന നേടിയിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ അദ്ദേഹം പ്രശസ്തനുമായിരുന്നു. സമഗ്ര പഠനത്തിന്റെ അഭാവം അദ്ദേഹത്തെ തലമുറകളുടെ സ്മൃതി പഥത്തിൽ ചിതറിയ രേഖകൾ ആക്കി നിർത്തി.
7. വറുഗീസിന്റെ ശൈലി വ്യതിരിക്തമായിരുന്നു. ലേഖനങ്ങളിൽ പ്രൗഢതയും യുക്തിബോധവും പാണ്ഡിത്യവും മിഴിവ് നൽകി..ഇതര രചനകളിൽ സൗന്ദര്യബോധവും സ്നിഗ്ധതയും കാവ്യാത്മകതയും തെളിഞ്ഞുനിന്നു.

8. ഗദ്യകവിതയുടെ ഉപജ്ഞാതാവ്, ചെറുകഥാകൃത്ത്, ചരിത്രപണ്ഡിതൻ, ചരിത്രനോവൽ രചയിതാവ്, സാഹിത്യവിമർശകൻ, ചിത്രകാരൻ, എന്നിങ്ങനെ ബഹുമുഖ പ്രതിഭാശാലിയായിരുന്നു കെ.എം. വർഗീസ്. അദ്ദേഹം അക്ഷരങ്ങളിലൂടെയും രേഖകളിലൂടെയും മലയാളസാഹിത്യത്തെ സമ്പന്നമാക്കി. അതിനാൽ ലബ്ധപ്രതിഷ്ഠ അർഹിക്കുന്നു.

കലാകാരൻ, ക്രൈസ്തവൻ, തിരുവിതാംകൂർ പൗരൻ എന്നീ തിരിച്ചറിവുകൾ ആണ് വർഗീസിന്റെ സ്മരണ തലമുറകൾക്കിപ്പുറവും നിലനിർത്തുന്നത്. ആ അഹംബോധം കാലഘട്ടത്തിന ചൈതന്യം പകരുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.. കലാപരതയും ശാസ്ത്രീയതയും ചരിത്രബോധവും നിറഞ്ഞ രചനകളെ കാലികപ്രസക്തിയോടെ അവതരിപ്പിക്കുവാനുള്ള ഉദ്യമം ഒരു കാലഘട്ടത്തിലെ ജനജീവിതത്തിന്റെ സമഗ്രപ്രതിഫലനം കൂടി സാദ്ധ്യമാക്കുന്നു. സംസ്കാരത്തിന്റെ രൂപവല്ക്കരണത്തിൽ വർത്തമാനകാല സമൂഹത്തിന അത് മാർഗ്ഗദർശകമാകാം.

ഗ്രന്ഥസൂചിക

1. അച്യുതൻ എം. ചെറുകഥ ഇന്നലെ ഇന്ന്. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. 1973

2. ,, പാശ്ചാത്യസാഹിത്യദർശനം. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. 1962

3. അച്യുതൻ എം. കവിതയും കാലവും. നാഷണൽ ബുക് സ്റ്റാൾ, കോട്ടയം. 1985.

4. അശോകൻ.കെ. നോവൽ മലയാളത്തിൽ. നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം, 1982.

5. എഴുത്തച്ഛൻ.കെ.എൻ.ഡോ. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ. 1990.

6. കരുണാകരൻ കെടാകുളം. ഉപന്യാസസാഹിത്യം. പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം. 1985.

7. കുട്ടികൃഷ്ണമാരാർ സാഹിത്യവിദ്യ മാരാർ സാഹിത്യപ്രകാശം ശ്രീകൃഷ്ണാശ്രമസന്നിധി കോഴിക്കോട്. 1982.

8. കുഞ്ഞികൃഷ്ണൻ പള്ളിപ്പാട്ട്. നമ്മുടെ സാഹിത്യകാരന്മാർ 14-ാം ഭാഗം നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം. 1964

9. കുഞ്ഞപ്പ, മൂർക്കോത്ത് മലയാള മനോരമ സംസ്കാര തരംഗിണി മലയാള മനോരമ പ്രിന്റേഴ്സ്, കോട്ടയം. 1973

10. കൃഷ്ണപിള്ള.എൻ. കൈരളിയുടെ കഥ. സാഹിത്യപ്രവർത്തക സഹകരണസംഘം. 1986.

11. കൃഷ്ണപിള്ള.ജി. രാജാരവിവർമ്മ. സർവോദയം പ്രസ്സ്. കോട്ടയം. 1954.

12. കൊടുപ്പുന്ന കാലഘട്ടത്തിന്റെ സാഹിത്യം. സാഹിത്യ പ്രവർത്തക സഹകരണ സംഘം കോട്ടയം. 1975.

13. കേരള ഹിസ്റ്ററി അസോസിയേഷൻ കേരളചരിത്രം. വാല്യം – 2, എറണാകുളം. 1974.

14. കോരുത് പി.സി. മഗ്ദലനമറിയം ഉത്ഭവചരിത്രം. പി.സി. ബുക്ക് സ്റ്റാൾ. കോട്ടയം. 1993.

15. ഗുപ്തൻനായർ.എസ്. ആധുനികസാഹിത്യം. സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം. 1967.

16. ഗോപാലകൃഷ്ണൻ നടുവട്ടം. ഡോ. ഗവേഷണരീതി ശാസ്ത്രം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2002.

17. ഗോവിന്ദപ്പിള്ള.പി. മലയാള ഭാഷാചരിത്രം. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. 1965.

18. ചുമ്മാർ.ടി.എം. ഭാഷാഗദ്യസാഹിത്യചരിത്രം. നാഷണൽ ബുക്ക്സ്റ്റാൾ. കോട്ടയം. 1973

19. ചുമ്മാർ.ടി.എം. പദ്യസാഹിത്യചരിത്രം. നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം. 1984.

20. ജയചന്ദ്രൻ.ടി.എൻ. നോവലിസ്റ്റിന്റെ ശില്പശാല. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. 1970.

21. ജഫ്രി റോബിൻ നായർ മേധാവിത്വത്തിന്റെ പതനം. വിവർത്തനം

പുതുപ്പള്ളി രാഘവൻ & എം.എസ്. ചന്ദ്രശേഖര

വാര്യർ. ഡി.സി. ബുക്സ്, കോട്ടയം. 1979.

22. ജോസഫ് ചെറുവത്തൂർ. അശ്രുധാര എം.ആർ.പ്രസ്. കുന്നംകുളം. 1943.

23. ജോസ്. എൻ.വി. നിവർത്തനചരിത്രം. വാല്യം 1. മാന്നാനം. 1956

24. ജോസഫ് മുണ്ടശ്ശേരി രൂപഭദ്രത. കറന്റ് ബുക്സ്. കോട്ടയം. 1981

25. ജോർജ് കെ.എം.ഡോ. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ

സാ.പ്ര.സ.സംഘം. കോട്ടയം. 1958

26. ജോർജ് കെ.എം.ഡോ. ഭാരതീയസാഹിത്യചരിത്രം.

കേരള സാഹിത്യ അക്കാഡമി. തൃശ്ശൂർ. 1982

27. ജോസഫ് മുണ്ടശ്ശേരി മുണ്ടശ്ശേരി കൃതികൾ. വാല്യം - 2

കറന്റ് ബുക്സ് കോട്ടയം. 1981.

28. ജോസഫ് മുണ്ടശ്ശേരി മുണ്ടശ്ശേരി കൃതികൾ. വാല്യം - 3

കറന്റ് ബുക്സ് കോട്ടയം. 1981.

29. ജോർജ്ജ് ഇരുമ്പയം മലയാള നോവൽ പത്തൊൻപതാം നൂറ്റാണ്ടിൽ

സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്

കേരള സർക്കാർ. 1997.

30. ജോർജ്ജ്.കെ.എം.ഡോ. ഭാരതീയ സാഹിത്യ ചരിത്രം. കേരള സാഹിത്യ

അക്കാഡമി, തൃശ്ശൂർ. 1982.

31. ജോസഫ് മുണ്ടശ്ശേരി കാവ്യപീഠിക. കറന്റ് ബുക്സ്, കോട്ടയം. 1971.

32. ജോസഫ്.എം.ഒ. നെടുംകുന്നം. കേരള ക്രിസ്ത്യാനികൾ. വിക്ടറി

ബുക്ക് ഹൗസ്, മൂവാറ്റുപുഴ. 1972.

33. ടാഗോർ ഗീതാഞ്ജലി. പരിഭാഷ നിത്യചൈതന്യയതി.

നിത്യാ ബുക്സ്, ഫെൺഹിൽസ്, തമിഴ്നാട്.

34. ടോൾസ് സ്റ്റോയി ലിയോ എന്താണ് കല?. വിവർത്തനം കെടാകുളം കരുണാകരൻ. സാഹിത്യ പ്രവർത്തക സഹകരണ സംഘം. കോട്ടയം. 1987.

35. ഡാനിയേൽ.കെ.എം. കലാദർശനം. സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം. 1969.

36. തോമസ്. പി.ജെ. ഡോ. മലയാളസാഹിത്യവും ക്രിസ്ത്യാനികളും ഡി.സി. ബുക്സ് കോട്ടയം. 1989.

37. തരകൻ.കെ.എം.പ്രൊഫ. ആധുനിക നോവൽ ദർശനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം. കോട്ടയം. 1982.

38. തരകൻ.കെ.എം.പ്രൊഫ. മലയാള നോവൽ സാഹിത്യ ചരിത്രം കേരളസാഹിത്യ അക്കാഡമി. തൃശ്ശൂർ. 1978.

39. തരകൻ കെ.എം. പ്രൊഫ. പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം. സാഹിത്യ പ്രവർത്തക സഹകരണ സംഘം. കോട്ടയം. 1977.

40. തുർഗ്ഗനേവ് കവിതകൾ ഗദ്യത്തിൽ. ഡോ.എ.റ്റി. മർക്കോസ് യൂണിവേഴ്സിറ്റി സെന്റർ, എറണാകുളം. 1966.

41. നാരായണമേനോൻ വള്ളത്തോൾ. മഗ്ദലനമറിയം. വള്ളത്തോൾ ഗ്രന്ഥാലയം ചെറുതുരുത്തി. 1962.

42. നാരായണൻ പോറ്റി ചെങ്ങാരപ്പള്ളി. മലയാളസാഹിത്യ സർവ്വസ്വം കേരളസാഹിത്യ അക്കാഡമി. തൃശ്ശൂർ. 1987

43. നാരായണപണിക്കർ.ആർ. കേരളഭാഷാ സാഹിത്യ ചരിത്രം. വാല്യം – 5. ബി.വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം. 1122

44. പത്മനാഭൻ മന്നത്ത് — മാർ അത്താനാസിയോസിന്റെ പഞ്ചകല്ല്യാണി ഒരു നിരൂപണം. ശ്രീരാമവിലാസം (മുദ്രണം) കൊല്ലം. 1929.

45. പത്മനാഭൻ.കെ.പി. — കൊച്ചിരാജ്യ ചരിത്രം. വാല്യം – 2 മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി കോഴിക്കോട്. 1989.

46. പരമേശ്വരൻനായർ. പി.കെ. മലയാള സാഹിത്യ ചരിത്രം കേന്ദ്രസാഹിത്യ അക്കാഡമി, ന്യൂഡൽഹി. 1969.

47. പരമേശ്വരൻനായർ പി.കെ. — സി.വി. രാമൻപിള്ള, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. 1973.

48. പരമേശ്വരയ്യർ ഉള്ളൂർ — കേരളസാഹിത്യ ചരിത്രം. കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്. 1955.

49. പരമേശ്വരയ്യർ ഉള്ളൂർ — കേരളസാഹിത്യ ചരിത്രം. വാല്യം – 4 കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്. 1955.

50. പരമേശ്വരയ്യർ ഉള്ളൂർ — കേരളസാഹിത്യ ചരിത്രം. വാല്യം – 5 കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്. 1955.

51. പി.ജി.എം. ദാസ് — പ്രേമസമ്രാട്ടായ ക്രിസ്തു. പബ്ലിക്കേഷൻ സിറിയക് തുരുത്തിമാലിൽ. 1941.

52. പ്രിയദർശൻ.ജി. — മൺമറഞ്ഞ മാസികകൾ. നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം. 1971.

53. പാറേട്ട്. സെഡ്.എം. — മലങ്കര നസ്രാണികൾ. വാല്യം – 3 ജേക്കബ് മാത്യൂസ്, ചെമ്മരപ്പള്ളി. കോട്ടയം. 1965

54. പാറേട്ട്. സെഡ്. എം. വക്രപ്പൂലിയും പെരുംപാറ്റായും, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം. 1961.

55. പോൾ മണലിൽ ചിത്രമെഴുത്തിന്റെ തെരഞ്ഞെടുത്ത രചനകൾ നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം. 1992

56. പോൾ എം.പി. ചെറുകഥാ പ്രസ്ഥാനം. സാഹിത്യ പ്രവർത്തക സഹകരണ സംഘം. കോട്ടയം. 1956.

57. പോൾ എം.പി. നോവൽസാഹിത്യം. പൂർണ്ണാ പബ്ലിക്കേഷൻസ് കോട്ടയം. 1991.

58.. പ്രിയദർശൻ. ജി. സാഹിത്യസംഭവങ്ങൾ. വിവേകോദയം പ്രസ്സ് ചെറുന്നിയൂർ. 1995.

59. പ്രഭാകരവാര്യർ.കെ.എം. ഗവേഷണപദ്ധതി. വള്ളത്തോൾ വിദ്യാപീഠം ശുകപുരം. 1982.

60. ബാലകൃഷ്ണൻ കരിപ്പറ്റ ചരിത്ര നോവൽ മലയാളത്തിൽ, കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ. 1986.

61. ബാലകൃഷ്ണൻ.പി.കെ. ജാതിവ്യവസ്ഥിതിയും കേരളചരിത്രവും സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം. 1983

62. ബാലകൃഷ്ണൻ.പി.കെ. നോവൽ സിദ്ധിയും സാധനയുംസാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം. 1978.

63. ബാലകൃഷ്ണമേനോൻ നെടിയംവീട്ടിൽ. നോവൽ പഠനങ്ങൾ. ഡി.സി. ബുക്സ്, കോട്ടയം. 1989.

64. ഭവത്രാതൻ നമ്പൂതിരിപ്പാട് മുത്തിരിങ്ങോട്. മറുപുറം.

65. ഭാസ്കരൻ ഉണ്ണി. പി. 19-ാം നൂറ്റാണ്ടിലെ കേരളം. കേരള സാഹിത്യ അക്കാഡമി. തൃശ്ശൂർ. 1988.

66. മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരകഗ്രന്ഥം. കോട്ടയം. 1950.

67. മാത്യൂ വർഗ്ഗീസ് പൗവ്വത്തിക്കുന്നേൽ-പാലയ്ക്കാമണ്ണിൽ കുടുംബ ചരിത്രം. പൗവ്വത്തികുന്നേൽ, മല്ലപ്പള്ളി. 1980.

68. മാമ്മൻ.കെ.വി. ചിത്രമെഴുത്ത് കെ.എം. വർഗീസ്. കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം. 1993.

69. മുഹമ്മദ്. എൻ.പി. വീരരസം സി.വി. കൃതികളിൽ. സി.വി. രാമൻപിള്ള നാഷണൽ ഫൗണ്ടേഷൻ, തിരുവന്തപുരം. 1988.

70. രമേശ് ചന്ദ്രൻ.വി. പൊറ്റക്കാടിന്റെ കഥാലോകം. കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ. 1990.

71. രാധാകൃഷ്ണൻനായർ.ഡി. ആഖ്യാനവിജ്ഞാനം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2000.

72. രാമൻപിള്ള. സി.വി. ധർമ്മരാജ. സാഹിത്യ പ്രവർത്തക സഹകരണ സംഘം. കോട്ടയം. 1973.

73. രാധാകൃഷ്ണൻ.പി.എസ്. ഡോ. കുട്ടികൃഷ്ണമാരാരുടെ സൗന്ദര്യദർശനം ഡി.സി. ബുക്സ് കോട്ടയം, 1999.

74. രാജശേഖരൻ.എസ്. കവിതയുടെ ജാതകം. സാഹിത്യപ്രവർത്തക സഹകരണ സംഘം. കോട്ടയം. 1984.

75. ലീലാവതി എം. ഡോ. കവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ. 1980.

76. ലോനപ്പൻ ഊക്കൻ.സി.സി. തച്ചിൽ മാത്തു തരകൻ, സെന്റ് ജോർജ്ജ് പ്രസ്സ് ഇരിങ്ങാലക്കുട, 1966.

77. വർക്കി പൊൻകുന്നം തിരുമുൽക്കാഴ്ച. ഡി.സി. ബുക്സ് കോട്ടയം. 1999.

78. വർക്കി എം.എം. ഓർമ്മകളിലൂടെ. നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം, 1974.

79. വർഗീസ. ടി.ഐ. ഫാ. മലങ്കര അന്ത്യോക്യൻ ബന്ധം 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടി. മലങ്കര സഭാദീപം പബ്ലിക്കേഷൻ, കോട്ടയം. 1997.

80. വർഗീസ് മാപ്പിള. കെ.ഐ. പുതുമഠം. കേരളാഭിമാനി ജേക്കബ് കുര്യൻ പടിഞ്ഞാറെതലയ്ക്കൽ കുടുംബപ്രാർത്ഥനായോഗം മാവേലിക്കര. 2000.

81. വർഗീസ്.കെ.എം. ഇടയാറമുള മഹാകവി കെ.വി. സൈമൺ ജന്മശതാബ്ദി സ്മരണിക, സെന്റ് ജോസഫ് പ്രസ്സ് തിരുവനന്തപുരം, 1984.

82. വർഗീസ്. കെ.എം. എന്റെ ജീവിത യാത്ര. ആത്മകഥ കൈയ്യെഴുത്ത് ഡയറി. 1981.

83. വർഗീസ്. കെ.എം. മാർ മാത്യൂസ് അത്താനാസിയോസിന്റെ പഞ്ചകല്ല്യാണി. എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. 1987.

84. വർഗീസ്. കെ.എം. തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. 1987.

85. വർഗീസ്. കെ.എം. അഞ്ചാം മാർത്തോമ്മായുടെ പീഡനം അഥവ ഡച്ചുകാരുടെ പന്തീരായിരം.

എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. 1987.

86. വർഗീസ്. കെ.എം. വലിയ മാർ ദിവന്ന്യാസ്യോസും തരണ നല്ലൂർ നമ്പൂതിരിപ്പാടും.
എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. 1987.

87. വർഗീസ്. കെ.എം. ചെങ്കോലും മുരളിയും. ജോൺ പീറ്റർ തോട്ടം, കലാവിലാസിനി പ്രസ്സ്, തിരുവനന്തപുരം. 1941.

88. വർഗീസ്. കെ.എം. സുചരിത മുകുരം, അഡ്വ. കെ.ഒ. മാത്യു വള്ളക്കാലിൽ, മാവേലിക്കര. 1950

89. വർഗീസ്. കെ.എം. ചിട്ടിത്തലയാൾ, പി.സി. കോരുത് കോട്ടയം. 1946.

90. വർഗീസ്. കെ.എം. പുണ്യവാളനായ ശൗര്യാർ.
മലയാള മനോരമ കോട്ടയം. 1955.

91. വർഗീസ്. കെ.എം. കേരളീയ നസ്രാണികളുടെ രാഷ്ട്രസേവനം.
കലാവിലാസിനി പ്രസ്സ്, തിരുവന്തപുരം. 1935.

92. വർഗീസ് കളത്തിൽ. ക്രിസ്ത്യാനികൾ. കേരള ചരിത്രം. ഒന്നാം വാല്യം
കേരള ഹിസ്റ്ററി അസോസിയേഷൻ. കൊച്ചി. 73.

93. വാസുദേവൻ കർത്ത.ആർ. കെ.സി. മാമ്മൻ മാപ്പിള വിദ്യാർത്ഥിമിത്രം
ബുക്ക് ഡിപ്പോ. കോട്ടയം. 1955.

94. വാലത്ത് വി.വി.കെ. എന്റെ കവിത. പൂർണ്ണാ പബ്ലിക്കേഷൻസ്.
കോഴിക്കോട്. 1986.

95. വാലത്ത് വി.വി.കെ. ഇടിമുഴക്കം. നാഷണൽ ബുക്സ് സ്റ്റാൾ. 1967.

96. വാലത്ത് വി.വി.കെ. ചക്രവാളത്തിനപ്പുറം. പ്രഭാത് ബുക്ക് ഹൗസ്
എറണാകുളം. 1957.

97. വില്ല്യം ഹെൻറി ഹഡ്സൻ സാഹിത്യപഠനത്തിന ഒരു ആമുഖം

പരിഭാഷാ. വസന്തൻ എസ്.കെ. ഡോ.

വിജ്ഞാനമുദ്രണം പ്രസ്സ്, നളന്ദ,

തിരുവന്തപുരം. 1993.

98. ശരത്ചന്ദ്രൻ.കെ.പി. നോവലുകളിലൂടെ. നാഷണൽ ബുക്സ് സ്റ്റാൾ

കോട്ടയം. 1973.

99. ശങ്കരക്കുറുപ്പ്. ജി. നിമിഷം. നാഷണൽ ബുക്സ് സ്റ്റാൾ. കോട്ടയം. 1987.

100. ശങ്കുണ്ണി മേനോൻ.പി. തിരുവിതാംകൂർ ചരിത്രം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ലാംഗ്വേജസ്. തിരുവനന്തപുരം. 1973.

101. ശ്രീധരമേനോൻ.എ. കേരള ചരിത്രം. സാഹിത്യ പ്രവർത്തക

സഹകരണസംഘം, കോട്ടയം. 1967.

102. സച്ചിദാനന്ദൻ.കെ. കവിതയും ജനതയും.ഡി.സി. ബുക്സ്

കോട്ടയം. 1984.

103. സഖറിയ. ടി.ജി. ഫാ. ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ. എം.ഓ.സി.

പബ്ലിക്കേഷൻസ്. കോട്ടയം.

104. സാമുവൽ, ചന്ദനപ്പള്ളി. ഡോ. റവ. ജോർജ്ജ് മാത്തൻ, കൃതികളും

പഠനവും. ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,

ചന്ദനപ്പള്ളി. 1992.

105. സാമുവേൽ ചന്ദനപ്പള്ളി.ഡോ. മഹാകവി. കെ.വി. സൈമൺ ഒരു പഠനം.

അനശ്വര പബ്ലിഷേഴ്സ്, ചന്ദനപ്പള്ളി. 1983.

106. സുരേന്ദ്രൻ.കെ. നോവൽ സ്വരൂപം. നാഷണൽ ബുക്സ് സ്റ്റാൾ

കോട്ടയം. 1968.

107. സൈമൺ. കെ.വി. വേദവിഹാരം. 1931.

108. സാഹിത്യകാര ഡയറക്ടറി.
കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ. 1976.

109. എം.ആർ.ബി. വളപ്പൊട്ടുകൾ. മംഗളോദയാ പ്രസ്. തൃശ്ശൂർ. 1968.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ

അരുണൻ ചെറുകഥാ സാഹിത്യം മാതൃഭൂമി ആഴ്ചപ്പതിപ്പ്
1942 ആഗസ്റ്റ് 16

അച്യുതൻ. എം. നോവലിന്റെ പാത്രസൃഷ്ടി. 19-ാം നൂറ്റാണ്ടിൽ
ഭാഷാപോഷിണി ഡിസംബർ 1979, ജനുവരി 1980.

ജോർജ്ജ് ഓണക്കൂർ ചരിത്രനോവലുകൾ മലയാളത്തിൽ
ഭാഷാപോഷിണി ഏപ്രിൽ - ജൂലൈ 1986
പുസ്തകം 9.40 ലക്കം 6.1.

തരകൻ.കെ.എം. കഥാപാത്രം എന്ത്? എങ്ങനെ?
ഭാഷാപോഷിണി 1979 ഡിസംബർ. 1980 ജനുവരി

തോമസ് തുമ്പമൺ മലയാളനോവൽ ഒരു സങ്കര സംസ്കാരോല്പന്നം.
ഭാഷാപോഷിണി ജൂൺ ജൂലൈ. 1982.

നായർ. സി.എസ്. വിദ്വാൻ 'ചെറുകഥകൾ' മാതൃഭൂമി ആഴ്ചപ്പതിപ്പ്.
1932 ഒക്ടോബർ 17.

ബാലകൃഷ്ണൻ നെടിയംവീട്ടിൽ നോവലിന്റെ വിഭാഗങ്ങൾ
ഭാഷാപോഷിണി ഇടവം 1092

രവി	ആധുനിക കഥാസാഹിത്യം. മാതൃഭൂമി. 1951 നവംബർ 18.
രോഹിണിരാധാകൃഷ്ണൻ.	ആദ്യകാല നോവലുകൾ. മാതൃഭൂമി ആഴ്ചപ്പതിപ്പ് ഫെബ്രുവരി 2. 1958
വറുഗീസ്. കെ.എം.	പുല്ലേലിക്കുഞ്ചുവും ജാതിയും ഭാഷാപോഷിണി മകരം–കുംഭം. 1100
വറുഗീസ്. കെ.എം.	ഐ.സി. ചാക്കോയും സംസ്കൃത ഭാഷയും മനോരമ ആഴ്ചപതിപ്പ്. 1961 ഫെബ്രുവരി 4 – 11
,,	–ശബരിമല ക്ഷേത്രനിർമ്മാണ ഭാരവാഹി മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരക ഗ്രന്ഥം. 1950.
,,	–സി.വി കുഞ്ഞിരാമന്റെ സാഹിത്യ സേവനം ദേശാഭിമാനി. മീനം. 1124.
,,	–മാപ്പിള പൗരപ്രഭ. 1944 ഡിസംബർ 23–30. 1945 ജനുവരി 30–31, ഫെബ്രുവരി 13–14.
,,	–റാവുസാഹിബ് ഒ.എം. ചെറിയാൻ പൗരപ്രഭ 1944 ഫെബ്രുവരി 15,
,,	–സ്വദേശാഭിമാനി രാമകൃഷ്ണപിള്ള മനോരമ സെപ്റ്റംബർ 27. 1948.
,,	–ചിത്രമെഴുത്ത് മിസ്റ്റർ മുകുന്ദൻ തമ്പി, മലയാള മനോരമ 1929 ജൂൺ 27–28, ജൂലൈ 1 ആധുനിക മലയാളത്തിന്റെ ആദ്യമാതൃകകൾ –അഥവ വയ്യാകരണൻ ഗീവർഗീസ് കത്തനാരും

അദ്ദേഹത്തിന്റെ ഗദ്യകൃതികളും. മലയാള മനോരമ 1928 ജൂലൈ

വറുഗീസ്. കെ.എം. -ഞാൻ കണ്ട കോഴഞ്ചേരി മഹായോഗം. മലയാള മനോരമ 1933 മാർച്ച് 11.

„ -സംഗീതസദസ്സിൽ സമാധിപൂണ്ട സർപ്പശ്രേഷ്ഠൻ. മലയാള മനോരമ 1952.

„ -പ്രതികാര വെള്ളിടി. മലയാള മനോരമ. മാർച്ച് 1957.

„ -അഭിനവ പരശുരാമന്റെ കേരളോദ്ധാരണം. മലയാള മനോരമ ആഴ്ചപ്പതിപ്പ്. 1960 ഡിസബർ 17.

„ -കഥകളി നടൻ കരിപ്പുഴ വേലുപ്പിള്ള ആശാൻ 1957 ഒക്ടോബർ 26.

„ -വെള്ളിപ്പണം. പൗരധ്വനി ശ്രീചിത്തിര തിരുന്നാൾ 84-ാമത് ആട്ടത്തിരുന്നാൾ വിശേഷാൽപ്രതി 1916 ഒക്ടോബർ 24.

„ -മഹർഷീ മന്ത്രണം, മലയാള മനോരമ വാർഷികപ്പതിപ്പ് 1960.

„ -ഒരു ധർമ്മനിഷ്ഠ മലയാള മനോരമ, 1928 ആഗസ്റ്റ് 1.

„ -മുട്ടത്ത് നമ്പൂതിരിയുടെ വ്യാജചരക്ക്. ഭാഷാപോഷിണി 1100 കന്നി. ലക്കം 2.

„ -ആകാശമണ്ഡലത്തിൽ നടന്ന അത്ഭുത സംഭവം 1937 സെപ്റ്റംബർ 17.

വറുഗീസ്. കെ.എം. -കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ 1097 മകരം 20.

,, – ഉഷഃപ്രകാശം. മനോരമ വിശേഷാൽപ്പതിപ്പ്
1938 ഏപ്രിൽ 7.

,, –എന്റെ സർക്കീട്ട. ഇടവകപത്രിക. 1084 വൃശ്ചികം
പുസ്തകം. 18. ലക്കം – 11

,, –ഹൈചർച്ചുകാരുടെ ഉരകല്ലിൽ യാക്കോബായ
വിശ്വാസാചാരങ്ങളുടെ മാറ്റ്. 1085 മകരം. പു. 19. ല. 1

,, –സഭാതാരകയും, പേരില്ലാ ലേഖകന്മാരും.
1084 കർക്കിടകം പുസ്തകം. 18.

,, –മർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങൾ
മലങ്കര സഭാമാസിക. 1948.

,, –നിലയ്ക്കലിൽ നിന്നുള്ള കുടിമാറ്റം, മലയാള
മനോരമ 1957 മാർച്ച് 26, 27, 28.

,, –മലങ്കര സഭയും ക്രൈസ്തവ തുർക്കികളും
മലയാള മനോരമ, 1931. ജൂലൈ 21.

,, –മലങ്കര സുറിയാനി സമുദായത്തിന്റെ
ഈടുവെയ്പും പുരാതന കൈയ്യെഴുത്തു
ബൈബിളും., മലയാള മനോരമ
1959 ഏപ്രിൽ 12.

വറുഗീസ്. കെ.എം. –കുഴിയാനകളുടെ ജീവിതദശ.
1084 കേരള ചിന്താമണി, തൃശ്ശൂർ.

,, –വിക്ക്. നസ്രാണി ദീപിക. 1919 സെപ്റ്റംബർ. 5

,, –ദീപികയിലെ മഹത് വാക്യങ്ങൾ

നസ്രാണി ദീപിക. 1914 മെയ് 12

,, -ആധ്യോയികയിൽ ചിത്രങ്ങൾ എന്തിന ചേർക്കപ്പെടുന്നു.

നസ്രാണി ദീപിക. 1914 ഒക്ടോബർ 20.

,, -ചിത്രമെഴുത്തിൽ ആര്യന്മാർക്ക് ഉണ്ടായിരുന്ന ആശയവിശേഷങ്ങൾ നസ്രാണി ദീപിക. 1913 ഫെബ്രുവരി.

,, -ഛായാകർഷണവിദ്യ

നസ്രാണി ദീപിക. 1913 ജൂലൈ 11.

വറുഗീസ്. കെ.എം. -പൗരസമത്വവാദവും രാജ്യോൽക്കർഷവും

നസ്രാണി ദീപിക. 1919 ഒക്ടോബർ 14-21

,, -മലങ്കര നസ്രാണികളും പൂർവ്വ ചരിത്ര സ്മരണകളും

നസ്രാണി ദീപിക. 1919 നവംബർ 14.

,, -പുരാതന സുറിയാനിക്കാരുടെ യുദ്ധവൈദഗ്ധ്യം

നസ്രാണി ദീപിക. 1918 ആഗസ്റ്റ് 1,13

,, -സുപ്രസിദ്ധമായ ഒരു പഴയ രേഖ

നസ്രാണി ദീപിക. 1919 ഏപ്രിൽ 15

,, -മലങ്കര നസ്രാണികളുടെ ജാത്യൗൽകൃഷ്ട്യം

നസ്രാണി ദീപിക. 1920 ജനുവരി 26, ഫെബ്രുവരി 3 10. മാർച്ച് 23.

,, -തിരുവിതാംകൂറിന വേണ്ടി രക്തമൊഴുക്കിയവർ ആരായിരുന്നു.

നവഭാരതി. 1932 ജനുവരി 15

വറുഗീസ്. കെ.എം.	-പെരുമ്പടപ്പ് നസ്രാണികളും ശർക്കരത്തട്ടയും
	മനോരമ 1932 ഏപ്രിൽ 30.
,,	-കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ
	മനോരമ 1922 ഫെബ്രുവരി 2
,,	-നസ്രാണി സമുദായത്തിന്റെ രാജകീയ പദവികൾ
	മനോരമ 1924 ഏപ്രിൽ 1, 7
,,	-ശിരോലിഖിതം ആത്മപോഷിണി 1914, കുന്നം കുളം
,,	-ശില്പിശാസ്ത്രവും ജലനിർദ്ദേശവും
	ആത്മപോഷിണി 1912
,,	-ഒരു സമർപ്പണം. ആത്മപോഷിണി. 1917.
,,	-കവിതാദേവി എവിടെ. ആത്മപോഷിണി. 1920
,,	-തൃപ്പൂത്താറാട്ട്. ആത്മപോഷിണി. 1919
വറുഗീസ്. കെ.എം.	-സുസ്വപ്നാമൃതം. ആത്മപോഷിണി. 1919.
,,	-അസ്വാതന്ത്ര്യ തമസ്സ്. ആത്മപോഷിണി. 1920
,,	-വിവാഹമംഗളം. ആത്മപോഷിണി. 1921
,,	-തിരുവിതാംകൂർ സമർപ്പണവാദം
	മനോരമ. കോട്ടയം, 1124 ഇടവം
,,	-മെച്ചരു തരകൻ, മാന്നാനം
	നസ്രാണിദീപിക 1948.
സുകുമാർ അഴീക്കോട്	നോവലിന്റെ ഉദയവികാസങ്ങൾ ഭാഷാപോഷിണി ജൂൺ - ജൂലൈ 1977

English Books

1. Achutha Menon, C., Cochin State Manual, Ernakulam, Govt. Press. 1911

2. Agur, C.M., Church History of Travancore, Madras, Mission Press, 1903.

3. Baker, Earnest. A., The History of the Novel Vols. 1 & 2, New York, Barnes and Noble Inc., 1960.

4. Brown, L.W., The Indian Christmas of St. Thomas, Cambridge, University Press, 1956.

5. Butterfield, H., The Historical Novel, Cambridge, The University Press, 1924.

6. Cherian C.V., A History of Christianity in Kerala, Trivandrum, Kerala Historical Society, 1973.

7. Chruch, Richard, The Growth of English Novel, London, Methuen & Co. 1951.

8. Daiches, David, The Novel and the Modern Man, Cambridge University Press, 1960.

9. Edgar Allan Poe, Review of Hawthorne -- Twice-Told Tales, from *Graham's Magazine*, May 1842, pp. 298-300.]

10. Edwin Muir The structure of the novel Nineth Impression The Hogarth Press London 1963

11. Eliot, T.S., Selected Prose, Penguin, 1965

12. Forster, E.M., Aspects of the Novel, Penguin, 1970.

13. Fox, Ralph, Alan, The Turn of the Novel, London, Oxford University Press, 1970.

14. Kettle, Arnold, An Introduction to the English Novel, Vols. 1 & 2, London, Arrow Books, 1972.

15. Kunjan Pillai, Elamkulam P.N. Studies in Kerala History, Kottayam. N.B.S., 1970.

16. Lodge, David (ed), Twentieth Centuray Literary Criticism, London, Longman group, 1972.

17. Lubbock, Percy, The Craft of Fiction, London, Jonathan Cape. 1965.

18. Priestly, J.B. The English Novel, London, Earnest Benn, 1960.

19. Sartre, Jean-Paul, What is Literature, London, Methuen & Co., 1967.

20. Scott-James, R.A., The Making of Literature, London, Secker & Earburg, 1970.

21. Spearman, Diana, The Novel and Society, London, Routledge & Kegan Paul, 1966.

22. Wilson, Colin, The Craft of the Noval, London, Victor Gollancz, 1977.

23. Krishna Chaithanya, A History of Malayalam Literature. W.H. Patwardhan. Orient Longman Ltd. New-Delhi.

24. Krishna Iyer. K.V. A Short History of Kerala. Kev. Pai & Co. Ernakulam. 1966

25. Stelle Kramrish. The Arts and Crafts of Kerala. Govt. of Kerala and Lalitha Kala Academy

26. Hudson, W.H., An Introduction to the Study of Literature, Ludhiana, Kalyani Publishers, 1971.

27. Sreedhara Menon, A., A Survey of Kerala History, Kottaym, National Book Stall, 1976.

അനുബന്ധം : 1

കുഴിയാനകളുടെ ജീവിതദശ

കുഴിയാനകൾ മിക്കവാറും ചുവരുകളുടെയും വരാന്തകളുടേയും സമീപത്തും ജനസഞ്ചാരം ഇല്ലാതെ ദ്രവിച്ചുകിടക്കുന്ന ചില പഴയ വീടുകളിലും വസിക്കുന്നു എന്നുമാത്രമല്ല അവ കൂട്ടം കൂട്ടം ആയി താമസിക്കുകയും ചെയ്യുന്നു. വെയിലും മഴയും നിമിത്തം തങ്ങൾക്കും തങ്ങളുടെ വസതികൾക്കും യാതൊതു നാശവും ഭവിക്കരുതെന്നുള്ള മഹദുദ്ദേശത്തോടുകൂടിയാണ് അവ മേൽപ്പറഞ്ഞ സ്ഥലങ്ങളിലും മറ്റും വസിക്കുന്നത്. തങ്ങളുടെ മാനത്തേയും ശരീരാവസ്ഥയേയും അഗണ്യമായി വിചാരിച്ചു എന്തും ചെയ്യാനും സന്നദ്ധന്മാരായ ഒരു വക ജീവികളെപ്പോലെ കുഴിയാനകൾ പ്രവർത്തിക്കുന്നില്ല. അവ സൂര്യകിരണങ്ങളിൽനിന്നും ഊക്കോട് കൂടിയുള്ള മഴത്തുള്ളികളുടെ വീഴ്ചയിൽ നിന്നും തങ്ങളുടെ മൃദുവായ കളേബരങ്ങൾക്കു വല്ല അത്യാപത്തും സംഭവിച്ചേക്കുമോ എന്നു കരുതി തങ്ങളുടെ പാർപ്പിടങ്ങളെ അതിസൂക്ഷ്മത്തോടുകൂടി പണിയുന്നതിനു പുറമെ തങ്ങളെത്തന്നെ അതിസൂക്ഷ്മത്തോടുകൂടി കാക്കുകയും ചെയ്യുന്നു.

കുഴിയാനകളുടെ നിറം ഏകദേശം സാധാരണ പൊടിമണ്ണിന്റെ നിറത്തോടു സംബന്ധമുള്ളതും അവകളുടെ വസതികൾ അവകളുടെ ശക്തിക്കും പ്രായത്തിനും അനുസരിച്ചു പണിയപ്പെട്ടിട്ടുള്ളതുമാകുന്നു.

കുഴിയാനകളുടെ ജീവപോഷണത്തിനായി അവകൾക്കുള്ള പ്രധാന അവയവം അതിന്റെ മുകൾഭാഗത്തുള്ളതും അറപ്പുവാളിന്റെ പല്ലിനോടു സാമ്യമുള്ളതുമായ ഒരു വക പല്ലുകളോടു കൂടിയതുമായ രണ്ടുനീണ്ട ചെറിയ കൊമ്പുകളും ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും മറ്റും സ്വയമേവ സംരക്ഷിക്കുന്നതിനുള്ള കൂർത്തതായ ചെറിയ പൃഷ്ഠഭാഗവും ആകുന്നു. സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്ന പക്ഷം

തങ്ങളുടെ ജീവപോഷണത്തിനായി അന്യ പ്രാണികളെ വഞ്ചിക്കുന്നതിനുള്ള സാമർത്ഥ്യം മറ്റൊരു പ്രാണികൾക്കുമില്ല. മറ്റു പ്രാണികൾക്ക് തങ്ങളെ കാണുവാൻ പാടില്ലാത്ത വിധത്തിൽ മേൽപ്പറഞ്ഞ കുഴികളുടെ അടിയിൽ കൊമ്പും വിടർത്തിവെച്ചുകൊണ്ടിരിക്കുന്ന കുഴിയാനകളുടെ വഞ്ചനയിൽ സാധുക്കളും നിരപരാധികളുമായ എത്ര ഉറുമ്പുകൾ വീഴുന്നുണ്ടെന്നുള്ളതിന യാതൊരു കണക്കും കയ്യുമില്ല. ഈ വക കൃത്രിമങ്ങൾ ഒന്നും തന്നെ മനസ്സിലാക്കാതെ തങ്ങളുടെ ഇരകൾക്കായി അങ്ങുമിങ്ങും ഇഴഞ്ഞു നടക്കുമ്പോൾ ഈ ദുഷ്ടന്റെ കെണിയിൽപെട്ടു വലയുന്ന എറുമ്പുകളുടെ സ്ഥിതി ശോചനീയം തന്നെ. തങ്ങളുടെ കുഴികളിൽ വല്ല പ്രാണികളും വീണിട്ടുണ്ടെന്നു കുഴിയാനകൾക്കു ടെലിഫോൺ കൊടുക്കുന്നത് ആ കുഴികളിൽ നിന്നും മേല്പോട്ടേക്കു കയറുവാൻ ശ്രമിക്കുന്ന എറുമ്പുകളുടെ പ്രരിഭ്രമാവസ്ഥ മൂലം അതിലെ മണ്ണുകൾക്കുള്ള ചലനമാണ്. ഉടൻതന്നെ അവകളെ തങ്ങളുടെ കൊമ്പിന്റെ ഇടയിൽ അമർത്തിക്കൊണ്ട് കീഴ്പോട്ടേക്കു താണുകളയുന്ന കുഴിയാനച്ചേട്ടന്മാരുടെ കൃത്രിമവും അതിശയിക്കത്തക്കതു തന്നെ. എറുമ്പുകളുടെ വീഴ്ചയെ ഈ വിധത്തിലുള്ള കമ്പിയില്ലാക്കമ്പിത്തപ്പാൽ മൂലം കുഴിയാനകൾ മനസ്സിലാക്കിക്കൊണ്ടു അവകളെ പിടിപ്പാനായി തങ്ങളുടെ കൊമ്പുകളെ മേല്പോട്ടു പൊന്തിക്കുമ്പോൾ മാത്രമേ കൃത്രിമരഹിതന്മാരായ എറുമ്പുകൾക്കും മറ്റും പ്രായേണ ഈ വിദ്യ മനസ്സിലാകുകയുള്ളൂ. ഉടൻതന്നെ ഈ പഞ്ചമപാതകന്മാരുടെ കൊമ്പുകളിൽ അകപ്പെടാതിരിക്കാൻവേണ്ടി സാധുക്കളായ എറുമ്പുകൾ മേല്പോട്ടേക്ക് എത്രതന്നെ കയറുവാൻ പരിശ്രമിച്ചാലും ഭക്ഷണത്തിനായി മോഹിച്ചു പരിശ്രമിക്കുന്ന കുഴിയാനകളുടെ കൊമ്പുകളുടെ ഇടയിൽ വീഴാതിരിക്കുകയില്ലെന്നതു നിശ്ചയമാണ്. തങ്ങളുടെ കുഴികളിൽ വീണ എറുമ്പുകളെയോ മറ്റോ കിട്ടുന്നതിനു അല്പം പ്രയാസമുള്ളതായി കുഴിയാനകൾക്കു തോന്നിയാൽ ഉടൻ തന്നെ അവകൾ തങ്ങളുടെ കുഴികളിൽ നിന്നു മണ്ണിനെ മേല്പോട്ടേക്കു പൊന്തിച്ചു തുടങ്ങും. അപ്പോൾ സ്വാതന്ത്ര്യാഹിതന്മാ

രായ എറുമ്പുകൾ കീഴ്പോട്ടേക്കു വീണ് ഈ കശ്മലന്റെ കൊമ്പുകളിൽ അകപ്പെടുന്നു. തങ്ങൾക്കു ലഭ്യമായ ഇരകളുടെ ജീവഹാനിക്കായി കുഴിയാനകൾ ചെയ്യുന്ന വേറൊരു സൂത്രം ആ പ്രാണികളെയും കൊണ്ടു മണ്ണിന്റെ അടിയിലേക്കു താഴുമ്പോൾ എറുമ്പുകൾ ചത്തുപോകുന്നതും അവ കുഴിയാനകൾക്ക് ആഹാരമായിത്തീരുന്നതുമാണ്.

ഇത്രമാത്രം സാമർത്ഥ്യമുള്ള കുഴിയാനകളുടെ ധൈര്യത്തെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ അവ '' വീട്ടിൽ പട്ടിയേ '' പോലെയാണെന്നു പറയാതിരിപ്പാൻ തരമില്ലാ. തങ്ങളുടെ കുഴികളിൽ നിന്നു മേൽഭാഗത്തേക്കു കുഴിയാനകൾ കയറിപ്പോയാൽ അവ മറ്റു പ്രാണികൾക്കു ആഹാരമായിപ്പോകും. കുഴിയാനകളേക്കാൾ നാലിരട്ടി വലിപ്പമുള്ള ഒരു പ്രാണിയെ അതിന്റെ കുഴിയിൽ വെച്ചു നിഷ്പ്രയാസമായി കൊല്ലുവാൻ കുഴിയാനകൾക്കു കഴിയും. എങ്കിലും ഉറച്ചതായ മണ്ണുള്ള സ്ഥലങ്ങളിൽ വെച്ചു കുഴിയാനയുടെ സാമർത്ഥ്യം അത്ര ശോഭിക്കയില്ലെന്നു തന്നെ പറയാം. ഉറച്ച മണ്ണുള്ളതായ സ്ഥലങ്ങളിൽ വെച്ചു കുഴിയാനയും എറുമ്പും തമ്മിൽ ചെയ്യുന്ന ദ്വന്ദയുദ്ധം കുറെ രസമാണ്. കുഴിയാനയുടെ പൃഷ്ഠഭാഗത്തു എറുമ്പിനു പിടികിട്ടിപ്പോയി എങ്കിൽ കുഴിയാനയുടെ കഥ കഴിഞ്ഞു എന്നു തന്നെ പറയാം. ഉടൻ തന്നെ എറുമ്പു കുഴിയാനയെ പോയി എടുത്തുകൊണ്ടു തന്റെ മാളത്തിലേക്കു സസന്തോഷം ഗമിക്കുന്നു. തനിക്കു യാതൊരു സ്വാതന്ത്ര്യവുമില്ലാതെ എറുമ്പു കൊമ്പുകളിൽ അകപ്പെട്ടിരിക്കുമ്പോൾ തന്നെ കുഴിയാന ഇളകിയ മണ്ണുള്ള സ്ഥലത്തെ പ്രത്യേകം നോക്കിക്കൊള്ളും. എവിടെയെങ്കിലും ഇളകിയ മണ്ണുള്ളതായി കുഴിയാനകൾക്കു തോന്നിയാൽ ഉടൻതന്നെ പിടിച്ചിരിക്കുന്ന എറുമ്പിനേയും കൊണ്ടു കീഴ്പോട്ടേക്കു താണുകളയും. ഉടനെ എറുമ്പു പിടിവിട്ടു പോകുകയോ കുഴിയാനകൾക്കു ഭക്ഷണമായിത്തീരുകയോ ചെയ്യും. തങ്ങളുട ജീവഹാനി വരുത്തുന്നവനും അദൃശ്യനും ആയ കുഴിയാനയെ തങ്ങളുടെ കൈവശം കിട്ടിപ്പോയി എന്നുവരികിൽ എറുമ്പുകൾ

എല്ലാം കൂട്ടമായി വന്ന് അവയെ തങ്ങളുടെ മാളത്തിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോകുന്നു. ഇതാണ് ''ആനയ്ക്കും അടി പിഴക്കും'' എന്നു പറയുന്നത്. വഞ്ചകന്മാർക്ക് ധൈര്യമില്ല എന്നു പറയുന്നത് കുഴിയാനകളെ സംബന്ധിച്ചിടത്തോളവും സത്യമാകുന്നു. കുഴിയാന വലിയ ദീർഘായുഷ്മാനാണെന്നു പറയാമെങ്കിലും അവർക്ക് ഒരു വക ആൾമാറാട്ടം ഉണ്ടെന്നുള്ളത് വാസ്തവമാകുന്നു. കുഴിയാനകളുടെ ആൾമാറാട്ടത്തെപ്പറ്റി പലരും സംശയിക്കുന്നുണ്ടെന്നുവരികിലും അവകൾക്ക് ആയത് ഇല്ല എന്നു പറയുവാൻ നിവൃത്തിയില്ല.

കുഴിയാനകൾ അണ്ഡജോത്ഭവമായ ഒരു പ്രാണിയാണെങ്കിലും അവ കുഴികളിൽ ഇരുന്നു വളരെ നാൾ കഴിയുമ്പോൾ ചിറകും മറ്റും മുളച്ചു നാം സാധാരണ കണ്ടുവരാറുള്ള ചിത്രശലഭമായിത്തീരുന്നു. ആയുഷ്ക്കാലം മുക്കാൽ ഭാഗവും വലുതായ പാപപ്രവൃത്തികൾ ചെയ്തശേഷം തങ്ങൾക്കു പിന്നീടു പ്രവൃത്തിക്കുവാനുള്ള അശക്തിമൂലം ചിലതൊക്കെ സന്യാസിവേഷം ചമഞ്ഞു നടക്കുന്നതായി കണ്ടിട്ടുണ്ട്. കുഴിയാനകളും അപ്രകാരം തന്നെയാണെന്നു പറയുന്നതിൽ പക്ഷാന്തരം ഉണ്ടാകാൻ കഴിയില്ലല്ലോ. കുഴിയാനകൾ ചിത്രശലഭമായിത്തീരുന്നതിനു മുമ്പു അവകൾക്ക് എറുമ്പുകളുടെ സിംഹം എന്നുകൂടി പേരുണ്ട്. പക്ഷേ സിംഹത്തിനു സ്വാഭാവികമായുള്ള ധൈര്യവും ക്രൂരതയും ഈ എറുമ്പുകളുടെ സിംഹത്തിന ഒട്ടുംതന്നെയില്ല. ഇപ്രകാരം അധൈര്യം മൂലം വഞ്ചന പ്രവൃത്തിക്കുന്ന കുഴിയാനയെ എന്റെ പ്രവൃത്തിയുടെ ഭലമാണെന്നു ഗണിക്കത്തക്കവണ്ണം ചിത്രശലഭമായിതീർന്നതിനു ശേഷം നീ ചിലന്തികളുടെ വലയിൽ അകപ്പെടുന്നു എന്നുള്ളതു നിനക്കുതന്നെ അനുഭവഗോചരമായ ഒരു സംഗതിയാണല്ലോ. 'പാപത്തിന്റെ കൂലി മരണമാണെന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളവും അസ്ഥാനത്തിലല്ലെന്നു എന്റെ അവസാനം തന്നെ വിളിച്ചുപറയുന്നുണ്ടല്ലോ. 'അഹിംസഃപരമോധർമ്മഃ' എന്നുള്ള ആപ്തവാക്യം നിനക്കൊരു പാഠമായിരിക്കട്ടെ.

അനുബന്ധം 2

വേദവിഹാരം

ശ്രീമാൻ ചിത്രമെഴുത്തു കെ.എം. വർഗീസ് അവർകളുടെ അഭിപ്രായം

ശ്രീ പരശുരാമക്ഷേത്രമായ മലബാർ തീരത്തെ പുരാതനമാർത്തോമ്മാ നസ്രാണികൾ ഇവിടുത്തെ സവർണ്ണ ഹിന്ദുക്കളായ നമ്പൂതിരിമാരുടേയും നായന്മാരുടേയും ഔരസസന്താനങ്ങൾ എന്ന നിലയിൽ ഈ രാജ്യത്തോടു തികച്ചും രക്തബന്ധം അർഹിക്കുന്നുവെന്നു ചരിത്രം സ്പഷ്ടമായി തെളിയിക്കുന്നു. ശരീരഘടന, ആചാരങ്ങൾ, വേഷം, ഭാഷ, സംസ്കാരം, ചിന്താഗതി എന്നിവയിൽ ഈ ഹൈന്ദവക്രിസ്ത്യാനികൾ ഇന്നും പച്ചകേരളീയത്വത്തെത്തന്നെ പ്രകാശിപ്പിച്ചുപോരുന്നു.

കേരളത്തോടെന്നവണ്ണം ദ്രാവിഡഭാഷയോടും കേരളഭാഷാ സാഹിത്യത്തോടും അവർക്കുള്ള ബന്ധം അതിപുരാതനവും ദൃഢതരവുമത്രേ.

സാമുദായിക വ്യക്തിചിന്തകൂടാതെ പച്ച ഹൈന്ദവമനസ്ഥിതിയോടുകൂടി അവർ തങ്ങളുടെ സവർണ്ണ സഹോദരങ്ങളുമായി കേരളഭാഷാസാഹിത്യക്കളരിയിൽ ബഹുകാലം സമ്മേളിച്ചുപോന്നിരുന്നതായി ചരിത്രം നമ്മെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. സുറിയാനി ക്രിസത്യാനികൾ നായർ ഗുരുക്കന്മാരുടെ അടുക്കൽ വാക്യം, പരല്പേര്, അമരകോശം, സിദ്ധരൂപം, കാവ്യങ്ങൾ മുതലായവ

പഠിച്ചിരുന്നതിനൊപ്പം നായന്മാർ തുടങ്ങിയുള്ളവർ നസ്രാണി ആശാന്മാരുടെ അടുക്കൽ അതേവിധം അഭ്യസനംതന്നെ നടത്തിവന്നിരുന്നുവെന്നു മാത്രമല്ല, നസ്രാണിഗുരുക്കന്മാർ തങ്ങളുടെ കളരികളിൽ വിദ്യാദേവതയായി പ്രതിഷ്ഠിച്ചിരുന്ന ഗണപതിവിഗ്രഹത്തേയും മറ്റു പരദേവതകളേയും, നായർ ശിഷ്യന്മാർ ഭക്തിപൂർവ്വം നമസ്ക്കരിക്കുകയും പൂജിക്കുകയും ചെയ്തുപോന്നു (Acts of the Synod of Diamper convened by Archbishop Men - ezes in 1599, Section 9, Decree 13) ഇന്നും ചില പഴയ നസ്രാണി ആശാന്മാർ ഓലവാർന്ന് മുറിച്ച് ഹരിഃ ശ്രീ ഗണപതയെ നമഃ എന്നിങ്ങനെ മംഗളാചരണം ദീക്ഷിച്ചുപോരുന്നത് ഇതിന്റെ ഒരു അവശിഷ്ടലക്ഷ്യമാണ്.

സുറിയാനി ക്രിസ്ത്യാനികളെ ഹൈന്ദവ സാഹിത്യ രംഗത്തുനിന്നും ആട്ടിപ്പായിക്കുന്നതിനു അവരുടെ പ്രബല ശത്രുക്കളായിരുന്ന പോർട്ടുഗീസുകാർ ഫലപ്രദമാംവണ്ണം പരിശ്രമിച്ചുവെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഇതു മതിയാവാഞ്ഞിട്ടെന്നപോലെ, പതിനഞ്ചു നൂറ്റാണ്ടുകാലത്തെ അവരുടെ സാമുദായിക സമ്പത്തായിരുന്ന മതപരവും സാഹിത്യപരവുമായ ഗ്രന്ഥങ്ങൾ രാജശക്തിയാൽശേഖരിച്ച് ഉദയമ്പേരൂർ പള്ളിമുറ്റത്തു കുന്നായി കൂട്ടി ചുട്ടുകളയുകയും, പറങ്കികൾ സഞ്ചരിച്ചതായ എല്ലാ പ്രധാന സ്ഥലത്തുമുള്ള ക്രൈസ്തവഗൃഹങ്ങളിൽനിന്നും ഗ്രന്ഥങ്ങൾ ശേഖരിച്ചു അഗ്നിക്കിരയാക്കി ത്തീർക്കുകയും ചെയ്തു. എന്നാൽ ഇതുപോലെയുള്ള ഒരു സാഹിത്യ നഷ്ടം

ഹിന്ദുക്കൾക്കു യാതൊരു കാലത്തും സംഭവിച്ചിട്ടില്ലായകയാൽ, ഹൈന്ദവകവികളെ സംബന്ധിച്ചും അവരുടെ സാഹിത്യകൃതികളെ സംബന്ധിച്ചും നമുക്കു വ്യക്തമായി ഗ്രഹിപ്പാൻ കഴിയുന്നതുപോലെ ക്രൈസ്തവകവികളേയും, അവരുടെ കൃതികളെയും സംബന്ധിച്ച് എന്തെങ്കിലും ഗ്രഹിക്കുക പ്രയാസമായിത്തീർന്നിരിക്കുന്നു.

സംസ്കൃത സാഹിത്യകാരന്മാരായ ആലങ്കാരികന്മാരുടെ നിബന്ധനകളെ അതിലംഘിച്ച് മലയാളഭാഷയിൽ ആദ്യമായും അതിസ്വതന്ത്രമായും ഒരു പ്രഹസനം നിർമ്മിക്കുകയും അതു അഭിനയിക്കുകയും ചെയ്തവർ 15 ാം ശതാബ്ദത്തിലെ മലനാട്ടു നസ്രാണികളായിരുന്നുവെന്നും കാണുന്നതുതന്നെ ക്രിസ്ത്യാനികൾക്കു ഭാഷാസാഹിത്യത്തോടുള്ള ചാർച്ചയേയും വേഴ്ചയേയും ഏതാണ്ടു ലക്ഷ്യപ്പെടുത്തുന്നു. (The Land of the Perumals P.232) ഞാൻ ഇത്രയും ഇവിടെ പ്രസ്താവിച്ചതു കേരളീയ നസ്രാണികളുടെ ക്രൈസ്തവത്വത്തിനും, കൈരളിദേവിക്കും ഏതാണ്ട് ഇയ്യിടയ്ക്കു മാത്രമാണ് പൊരുത്തം ആരംഭിച്ചിട്ടുള്ളതെന്നു ചിലർ ഭ്രമിച്ചുപോരുന്നതിന്റെ അടിസ്ഥാനരാഹിത്യത്തെ വിശദീകരിപ്പാൻ മാത്രമാണ്.

കേരളീയ ക്രൈസ്തവസമുദായത്തിനു നിത്യപാരായണ ത്തിനുപയുക്തമാകുമാറ് കവിതാപരിപൂർണ്ണമായ ഒരു മഹാഗീത ഉണ്ടായാൽ കൊള്ളാമെന്നു ഹൃദയപൂർവ്വം ആഗ്രഹിച്ചു മൺമറഞ്ഞ സഹൃദയന്മാരായ അനേകം

നസ്രാണിപ്രമാണികളുടെ ആത്മാക്കളെ ആനന്ദവാരിധിയിൽ തുടിപ്പിച്ചുകൊണ്ട് മ. രാ. രാ. കെ. വി. സൈമന്റെ തൂലികാധരത്തിൽനിന്നു വർഷിക്കുന്നസ്വർഗ്ഗീയ ഗാനാമൃതപ്രവാഹമാണ് എന്റെ ശ്രോത്രപുടത്തിൽ പതിക്കുന്നത്.

വിവിധവർണ്ണോജ്ജ്വലത്തായ സ്വർഗ്ഗസദനത്തിന്റെ തങ്കകല്പടികളിൽനിന്നു ഭൂതലത്തിലേക്കു, പാതാളഗർത്തത്തിന്റെ അടിത്തട്ടിൽനിന്നു പറുദീസയിലെ സുവർണ്ണോദ്യാനത്തിലേക്കും നീട്ടപ്പെട്ടിരിക്കുന്നതുമായ ഈ കാവ്യകനക ഗോവണിയിലൂടെ വേദവിഹാരികളായ മനുഷ്യാത്മാക്കളും, ദേവദൂതഗണങ്ങളും ഇടകലർന്നു ആനന്ദനർത്തനം ചെയ്യുന്നതായി ഞാൻ കാണുന്നു.

ഉൾപ്രവേശനത്തിനായി കൊതിച്ചു സ്വർഗ്ഗമണിസദനത്തിന്റെ കനകകവാടം കാത്തുനിന്നിരുന്ന കണ്ടത്തിൽ വർഗ്ഗീസുമാപ്പിളക്കും, നിധിയിരിക്കൽ മാണിക്കത്തനാർക്കും നിങ്ങളുടെ ഗാനാമൃതനിർഝരി ഒന്നുകൊണ്ടു മാത്രം ഇതാ ഈ നിമിഷത്തിൽ സ്വർഗ്ഗപ്രാപ്തി ഉണ്ടായിരിക്കുന്നു. നസ്രാണിസമുദായമാതാവിന്റെ കണ്ണുനീർ തുവർന്നു, അവളുടെ തല ഉയർന്നു.

ആനന്ദാധിക്യത്താൽ അവളുടെ കുചകലശം ചുരന്നൊഴുകുന്നുവല്ലോ.

ഭോ! കവിവര്യാ, ഉദ്ദണ്ഡശാസ്ത്രിയെ തോല്പിച്ച് കേരളത്തിന്റെ അഭിമാനം നിലനിർത്തുന്നതിനായി ഒരു കാക്കശ്ശേരി ഭട്ടതിരി ഉണ്ടായതിനൊപ്പം സുറിയാനി സമുദായ ജനനിയുടെ ശിരസ്സ് എക്കാലവും ഉയർത്തിപ്പിടിക്കുന്നതിലേക്കു വേദസ്വരൂപനായ വിശൈകമൂർത്തി നിങ്ങളെ ഒരുമൂർച്ചയേറിയ

ആയുധമാക്കിത്തീർക്കുവാൻ ഞാൻ സർവ്വേശ്വരനെ സർവ്വാത്മനാ പ്രാർത്ഥിക്കുന്നു. വേദവ്യാസനും, വാല്മീകിയും ജയദേവരും, എഴുത്തച്ഛനും സാധിച്ചതു എന്തൊന്നോ അതുതന്നെ ഭവാനും സാധിച്ചിരിക്കുന്നു. അതുകൊണ്ട് എന്റെ സമുദായം നിങ്ങളുടെ വിശിഷ്ടനാമത്തെ എന്നേക്കും അഭിമാനപൂർവ്വം കീർത്തിക്കും, ഞാനോ നിങ്ങളെ അതിജീവിക്കുന്നപക്ഷം (നിങ്ങൾ ചിരംജീവിയായി വർത്തിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ) നിങ്ങളുടെ ശവ കുടീരത്തിനു ചുറ്റും അഭിമാനാശ്രുക്കൾ പൊഴിക്കുകയും, കൃതജ്ഞതാനിശ്വാസപരമ്പരയാൽ അതിന്മേൽ അദൃശ്യപുഷ്പഹാരങ്ങൾ ചാർത്തുകയും, ചെയ്യും. ഞാൻ മാത്രമല്ല, പാവലിന്നും, പടവലത്തിനും വെള്ളം കോരി ഇളന്തോളുകൾ തളർന്നുകുഴഞ്ഞ പൂമൃദുമേനികളായ നസ്രാണി യുവതികൾ സർവ്വത്ര പാൽക്കതിർ പരത്തുന്ന പൂനിലാവിൽ, നിങ്ങളുടെ ധന്യശരീരം നിത്യ വിശ്രമം കൊള്ളുന്ന കന്മാടത്തിന്റെ മുമ്പിൽ പച്ചവിരിപ്പുൽക്കംബളത്തിലിരുന്ന് വേദവിഹാരത്തിലെ കവിതാകീർത്തനങ്ങൾ അതിമൃദുവായി ആലപിക്കുകയും വ്യവസായവീരന്മാരും സഹൃദയന്മാരുമായ ക്രൈസ്തവയുവാക്കൾ ഹൃദയശാന്തിക്കായി വിശുദ്ധവിചാരത്തോടെ വിഹരിക്കുകയും ചെയ്യും.

സുഹൃത്ത്,

പവ്വത്തിക്കുന്ന് — കെ.എം. വറുഗീസ് (ഒപ്പ്)

മാവേലിക്കര — (ചിത്രമെഴുത്ത്)

16-7-1917

അനുബന്ധം 3

ചില സന്ദേശങ്ങൾ

മാവേലിക്കര
29-9-113

രാജശ്രീ

മള്ളൂർ ഗോവിന്ദപിള്ള അവർകൾക്ക്.

സംപൂജ്യശ്രീമൻ,

ഇന്നല്ലോ ആധുനികതിരുവിതാകൂർ ചരിത്രത്തിലെ സുപ്രശസ്ത പുരുഷകേസരിയുടെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം. അത് എത്രയോ ആഹ്ളാദകരം.

സർവ്വകലാതന്ത്രകുശലനായുള്ളോവെ, ഒരു മഹാൻ ജന്മം എടുക്കേണ്ട വിധത്തിൽ അവിടുന്നു ജനിച്ചു. അങ്ങയുടെ ജീവിതമോ മനുഷ്യമഹാശക്തിയുടെ അതിമഹത്തായ ആഗ്നേയ വൈദ്യുതപ്രകടനമല്ലാതെ മറ്റെന്താണ്. ഝഡ്ഗമൂർച്ചയ്ക്കു തുല്യമായ ഊഷമളചിന്തകളും രാഷ്ട്രയന്ത്രങ്ങളെ കീഴ്മേൽ മറിപ്പാൻ പോരുന്ന ഊർജ്ജിതാശയങ്ങളും, അങ്ങയിൽ സദാ വ്യാപാരം കൊള്ളുന്നു. സമുദായത്തിലും സാഹിത്യത്തിലും രാജ്യത്തിലും സകല കലകളിലും അവിടുത്തെ ഹൃദയം വിപ്ലവോൽബുദ്ധമായ ഒരു മഹായുദ്ധഭൂമിയത്രേ. ജീവിതത്തിലെ അതിനിഗൂഢങ്ങളായ അഗാതതലങ്ങളിലും, ഇരുളടഞ്ഞ ഭയങ്കരമായ ഉള്ളറകളിലും മാത്രമല്ല, വെളിച്ചം പരക്കുന്നതായ എല്ലാ സമതലപ്രദേശങ്ങളിലും സുരഭിലസുന്ദരമായ പൂന്തോട്ടങ്ങളിലും അങ്ങയുടെ

തീക്ഷ്ണനേത്രങ്ങൾ പതിഞ്ഞിട്ടുള്ളതാണ്. അങ്ങനെ സ്വർഗ്ഗവും നരകവും അങ്ങേയ്ക്കു സുപരിചിതമത്രേ, ഭവാന ഒന്നും തന്നെ അജ്ഞാതമായിട്ടില്ല.

പക്ഷേ, ഈ ഗിരിനിർഝരങ്ങളുടെ അഗാധതലം, സുമധുരസംഗീതാത്മകമാണ്. ഈ അഗ്നിപ്രവാഹത്തിന്റെ അന്തരാഗം മുഴുവൻ മഞ്ഞുകട്ടിയാണ്.

ഈ ചുട്ടുപൊള്ളിക്കുന്ന തീത്തൈലത്തിന്റെ അന്തർഭാഗം മുഴുവൻ സുഗന്ധശീതളമായ ചന്ദനച്ചാറാണ്. അങ്ങയുടെ ചുറ്റുമുള്ള വായുമണ്ഡലം അധ്യക്ഷതയുടെ ഭയങ്കരതയാൽ സദാ വിറക്കൊള്ളുന്നവയെങ്കിലും, മാറത്തു തല അണച്ചാൽ പെറ്റമ്മയുടെ മഹനീയമാധുര്യം തുളുമ്പുന്ന വാത്സല്യനികേതനമത്രേ.

ബുദ്ധിശക്തിയുടേയും പൗരുഷത്തിന്റെയും വീറിന്റെയും മനുഷ്യശക്തിയുടെ വിപ്ലവമൂർത്തമായ സർവ്വവിധ മഹത്വത്തിന്റെയും മകുടം ചാർത്താനായി, അങ്ങേ ഷഷ്ട്യബ്ദപൂർത്തിമഹം ഒരു നവീന ജീവിതത്തിന്റെ കവാടോദ്ഘാടനം ഇന്നിതാ സാധിക്കുന്നു.

അത് ഒരു നവീന സങ്കേത പ്രവേശനമാണ്. ഒരു പിന്തിരിഞ്ഞു നോട്ടം. ഒരു ലാഭനഷ്ടപരിശോധനം. ഭൂതത്തിന്റെ സൂക്ഷ്മദർശിനിയിലൂടെ ഭാവിയുടെ ആകെത്തുകയെ കണ്ടുപിടിക്കുന്ന ഒരു അന്തർവീക്ഷണം. ഒരു തിരിഞ്ഞുപെറുക്കൽ, ഒരു വഴിയൊരുക്കൽ. സൃഷ്ടിപരമായ ഒരു നവീന കാര്യപരിപാടിയുടെ സമർത്ഥ

നിർമ്മാണം. ഭൂതലത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്കു ഒരു അഭ്യുത്ഥാനം. ഒരു ചിറകുവിരുത്തൽ.

അല്ലയോ, മഹാഭാഗൻ, പരപക്വമായ ബുദ്ധിശക്തിയോടും, പാകതതികഞ്ഞ ഹൃദയത്തോടും സുസൂക്ഷ്മമായ അന്തർനേത്യപ്രകാശത്തോടും കൂടിഭവാൻ ഒരു നവീന ജീവിതതരംഗത്തിലേക്കു കാൽവെച്ചിരിക്കുന്നതായ ഈ സുമംഗളവേളയിൽ തിരുവിതാംകൂറിലെ ആകമാനജനസഞ്ചയം അങ്ങയുടെ ഭാവികാര്യപരിപാടിയെ ആകാംക്ഷാഭാരത്തോടെ ഉറ്റു നോക്കുന്നു. അവർ അങ്ങേയക്ക് ലഭിച്ചിട്ടുള്ള താലന്തുകളിൽ വ്യാപാരം ചെയ്യാതെ ബാക്കിയിട്ടിട്ടുള്ളവയെ പുറത്തെടുക്കുവാൻ വാഞ്ഛിക്കുന്നു. അങ്ങോ അങ്ങേയ്ക്കു വേണ്ടിയും കലയ്ക്കു വേണ്ടിയും സ്വന്തം സമുദായത്തിനുവേണ്ടിയും ജീവിച്ചു. ഒരു ചുരുങ്ങിയ കേന്ദ്രത്തിൽ ഭവാൻ അങ്ങയുടെ ശക്തികളും താൽപര്യങ്ങളും നിക്ഷേപിച്ചു. അതായിരുന്നു അവിടത്തെ ആദർശം.

പക്ഷേ കാലം - ചരിത്രത്തെ തകിടം മറിച്ചിരിക്കുന്ന കാലം - സംസ്ക്കാരോന്മുഖമായ കാലം - അങ്ങയോട് ആവശ്യപ്പെടുന്നു. ധാർമ്മികപ്രചോദനം അങ്ങയോട് അർത്ഥിക്കുന്നു. അങ്ങേ ശക്തിയും നിഷ്ഠാദാർഢ്യവും വ്യക്തിപ്രഭാവവും ശരിക്കു ഗ്രഹിച്ചിട്ടുള്ള തിരുവിതാകൂറിലെ ആകമാന പൗരസഞ്ചയം അങ്ങയോട് അഭാഷിതഭാഷണം ചെയ്യുന്നു: - അല്ലയോ ആധുനികതിരുവിതാംകൂർ ചരിത്ര

ത്തിലെ വിദ്യോതമേധാശനായുള്ളോവെ, വന്നാലും: വന്നു ഞങ്ങളുടെ ആകമാനനാ യകത്വം കൈയേറ്റാലും! ഞങ്ങളുടെ അനഭിഷിക്തനാഥനായി ഞങ്ങളെ മുന്നോട്ടു നയിച്ചാലും. സാമുദായികങ്ങളായ സർവ്വഭിന്നതകളേയും പരസ്പരവിദ്വേഷത്തേയും നിർമ്മൂലമാക്കുന്നതായ ഒരു ദൃഢമൈത്രീശൃംഖലയാൽ ഞങ്ങളെ സുബന്ധിതരാക്കി യാലും. അവിടുത്തെ ശിഷ്ടായുസ്സ് തിരുവിതാംകൂറിലെ സമുദായമൈത്രീബന്ധന ത്തിനു മാത്രം ഇനി അവകാശപ്പെട്ടതായിരിക്കട്ടെ. അങ്ങനെ ഭവാൻ ഞങ്ങളുടെ പൊതു നായകനും പൊതുസ്വത്തും സർവ്വവുമായി പരിണമിച്ചാലും

രാജ്യത്തിന്റെയും സമുദായമൈത്രിയുടേയും കലയുടേയും ഉൽക്കർഷ ത്തിനായി സർവ്വശക്തനായ ജഗദീശ്വരൻ അവിടുത്തേക്കു ദീർഘായുസ്സും ആരോ ഗ്യവും അത്ര ധാരാളമായി നൽകുവാൻ ഞാൻ ഹൃദയനിർഭരതയോടെ ദൈവത്തെ പ്രാർത്ഥിക്കുകയും അങ്ങേ ഷഷ്ടിപൂർത്തിമഹോത്സവത്തിനു സർവ്വവിധ മംഗള ങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

വിനീതവിധേയൻ

കെ.എം.വറുഗീസ്

(ചിത്രമെഴുത്ത്)

അനുബന്ധം 4

പ്രസ്ഥാനസുധാലഹരി

സാഹിത്യപരിഷത്തിന്റെ അംഗീകാരം നേടിയ ഗദ്യകവിത.

സർവ്വചരാചരങ്ങളും ആനന്ദപുളകത്താൽ അഭിനവ ചൈതന്യത്തെ ആളുന്നതായ സുപ്രഭാതവേളയിൽ അഖിലേശ്വരനായ അവിടുന്ന് എന്നെ എന്റെ ചെറുതോണിയോടുകൂടി പ്രപഞ്ച തരംഗിണിയിലേക്കു വിട്ടു.

ഭൂഗോളമേഖലയെ വെള്ളിപൂശുന്നതായ അങ്ങേലോകമഹാദീപത്തിൽ നിന്ന് അവിച്ഛിന്നധാരയായി ബഹിർഗമിക്കുന്ന പ്രകാശവൈദ്യുതകിരണങ്ങളിൽ ഒന്നിനേയും അവിടുന്ന് ഈ ചെറുതോണിയുടെ തലയ്ക്കൽ ഘടിപ്പിച്ചു.

ഞാൻഅനിശ്ചിതസ്ഥിതിയിൽ മുന്നോട്ടേയ്ക്കു പോയി. ചെറുകമുകിൻ പാളയിൽ ഗർഭശയ്യാസൗഖ്യത്തെ അന്വേഷിച്ചു കൈപ്പൂന്തളിരുകൾ കുടഞ്ഞു കുതിച്ചിളകുന്ന കുരുന്നുപൂങ്കുഴന്തപോലെ പ്രസ്ഥാനകൗതുകത്തോടുകൂടി ഞാൻ എന്റെ കൈത്തണ്ടുകളെ സോന്മേഷം ചലിപ്പിച്ചു.

ചുറ്റുപാടും ആർപ്പുവിളി മുഴങ്ങി. പ്രകൃതികളകണ്ഠകാഹളങ്ങളിൽ നിന്ന് വിജയാഭിലാഷജനകങ്ങളായ മനോജ്ഞനാദങ്ങൾ പുറപ്പെട്ടു. നദീതരംഗങ്ങളെ ഹരിതപട്ടാംബരത്താൽ അഭിമണ്ഡനം ചെയ്യുന്ന വനദേവതാരത്നങ്ങൾ തങ്ങളുടെ

സുവർണ്ണലോലവിമോഹനമായ പൊൻ തുഞ്ചിറകുകൾ തട്ടിച്ചുകൊണ്ട് ഇതാ ചക്രവാളപരിധികളിൽ ആശാശ്യംചെലാഞ്ചലത്തെ ബന്ധിപ്പിക്കാനായി ശീഘ്രഗമനം ചെയ്യുന്നു. ഒരു ചെറുപക്ഷി എന്നു മധുരഗാനവർഷം ചെയ്തു. ഇച്ഛാസങ്കല്പിതമായ ശൂന്യാന്തരീക്ഷത്തിൽ രത്നസിംഹാസനം സ്ഥാപിപ്പാനായി ഓടിപ്പോകുന്ന ഒരു ചെറുകിടാവ് എന്നിങ്ങനെ മൃദുലകല്ലോലങ്ങൾ കളകളാരവം തൂകി. ഞാനോ മന്ദസ്മിതപൂർവ്വം ആനന്ദക്കുളിർകാറ്റിൽ ആടിക്കളിക്കുകമാത്രം ചെയ്തു. തോണി മുമ്പോട്ടേക്കും പോയി.

ഹാ! എന്റെ ചുറ്റും കാണപ്പെടുന്നതായ ഈ മനോഹരലോകം എന്താണ്. ഞാൻ കണ്ടിട്ടില്ലാത്തതും എന്റെ നേത്രേന്ദ്രിയത്തിനു വിഷയീഭവിച്ചിട്ടില്ലാത്തവയുമായ ഈ സംഖ്യാതീതങ്ങളായ മനോഹരവസ്തുക്കളെ ഞാൻ അങ്ങേ തിരുസന്നിധിയെ സമീപിക്കുംമുമ്പ് ഏതൊരു മുക്താസ്ഫോടനത്തിൽ സംഗ്രഹിച്ചിരുന്നു. സർവ്വ ജീവരാശികളേയും ആലോലഗീതാലാപത്താൽ താരാട്ടി ഉറക്കുന്നതായ ഈ ബ്രഹ്മാണ്ഡത്തൊട്ടിലിന്റെ വെള്ളിമച്ചുകളിൽ തൂങ്ങുന്ന വിലോലശുഭ്രനീരാളത്തൊങ്ങലുകളെ ആർ നിർമ്മിച്ചു? സർവ്വദിഗന്തങ്ങളിൽനിന്നും സംശുദ്ധവിലോ ലതയോടുകൂടി പ്രവഹിക്കുന്നതായ ഈ അനന്തഗാനസമൂഹത്തിന്റെ ഉല്പാദനകേന്ദ്രം എവിടെയാണ്. പ്രപഞ്ചവാഹിനിയുടെ ഏതെല്ലാം കൈവഴിയിൽകൂടി ഇവ തങ്ങളുടെ യാത്രയെ പിന്തുടരുന്നു. എനിക്കായി ഈ കാണുന്ന കളിപ്പാട്ടങ്ങളെയെല്ലാം ഏതൊരു യന്ത്രശാലയിൽ നിർമ്മിച്ചു.

അയ്യോ! ഞാൻ ഒന്നും അറിയാത്ത ഒരു ചെറുജീവി; ഒരു ചെറുകീടം. ഒഴുകിപ്പോകുന്ന ഒരു ശുഷ്കപത്രം; ഒരു പായൽപ്പുതപ്പു മാത്രം എന്റെ പിതാവെ, എന്റെ ജീവദാതാവായുള്ളോവെ, അങ്ങേ അനന്തകലാകുശലത്വം എന്റെ ചിന്താകേന്ദ്രത്തെ അതിവിവശമാക്കുന്നു. ഞാൻ അങ്ങയെ അറിവാൻ ശ്രമിക്കുന്തോറും അങ്ങ് എന്നിൽ നിന്നു പിന്നെയും പിന്നെയും അഗോചരത്വത്തിലേക്കു മറഞ്ഞുപോകുന്നു. ആകാശഗമനത്തേക്കാളധികം സ്വമാതൃപക്ഷമന്ദോഷ്ണതയെ സർവ്വസുഖാസ്പദമായി കരുതിയിരിക്കുന്ന കണ്ണുവിരിയാത്ത പ്രാപ്പിടക്കുഞ്ഞിനെപ്പോലെ അങ്ങേ പ്രേമോഷ്മളശക്തി ഒന്നുമാത്രം ഈ അല്പപ്രാണിക്കു ജീവതസർവ്വസ്വമായിരുന്നാൽ മതിയാവും.

എനിക്കു മുൻപ് ഒരു ജീവിതമുണ്ടായിരുന്നുവോ? മഴത്തുള്ളികൾ മേഘയവനികയിൽ മറഞ്ഞു ജീവിച്ചതു പോലെ ഏതൊരു നിഗൂഢ ലോകത്തിൽ ഞാൻ സ്വൈര ജീവിതം ചെയ്തിരുന്നു. ലോകചക്രം തിരിയുകയും, കാലനീരാളനിചോളം നീക്കപ്പെടുകയും, പ്രപഞ്ചഗർഭാശയകവാടം പ്രോൽഘാടനം ചെയ്യപ്പെടുകയും, ജന്മോത്സവഗീതങ്ങൾ മാറ്റൊലിക്കൊള്ളുകയും ചെയ്തതായ ആസ്പൃഹണീയസന്ദർഭത്തിൽ സംസാരകഥാചക്രത്തിന്റെ ഏതെല്ലാം അങ്കങ്ങളിൽ ഞാൻ ശൈശവരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അല്ലെങ്കിൽ ഞാൻ അങ്ങേ സ്വർഗ്ഗീയോദ്യാനത്തിലെ ഏതൊരു സുഗന്ധപുഷ്പസമ്പുടത്തിൽ സ്വർണ്ണപരാഗകണികയായി നടനം ചെയ്തു.

പ്രഭോ, ഞാൻ ഇവിടെയും അവിടെയും എവിടെയും വിശ്വവിശുദ്ധികരനായ നിന്തിരുമേനിയുടെ അനാദ്യന്തനവീനതയെ പ്രസ്പഷ്ടമാക്കുന്നതായ അങ്ങേതിരുമാറിടത്തിലെ വിമലകനകരത്നമുദ്രകളിൽ ഒന്നല്ലാതെ മറ്റെന്തു തന്നെയാണ്. നിമിഷം തോറും അവിടുത്തെ പ്രേമാരുണസുവർണ്ണതയെ സജീവനവവർണ്ണഗാഢത യോടുകൂടി വരച്ചു കാണിക്കുന്നതിനുള്ള തൂക്കൈത്തൂലികയായി അടിയൻ അവിടു ത്തെ പരിശുദ്ധ പാണിതലങ്ങളിൽ പരിലസിക്കുന്നു.

എന്നെക്കൂടാതെ അവിടുന്നു ജഗൽപിതാവായിരിക്കുമോ, എന്നെക്കൂടാതെ അവിടുന്നു സർവ്വേശ്വരനായിരിക്കുമോ, ഇല്ലില്ല. എന്നെക്കൂടാതെ അങ്ങേയ്ക്ക്, കരുണാസമ്പൂർണ്ണനായും, എന്നെക്കൂടാതെ അങ്ങേയ്ക്ക് അനശ്വരനായും വർത്തിപ്പാൻ കഴിയുന്നതെങ്ങനെയാണ്. ഞാൻ ഉണ്ടായിരിക്കുന്നിടത്തോളം അവിടുന്നും ഉണ്ടായിരിക്കും. ഞാൻ ഉള്ളിടത്തോളം മാത്രം അവിടുത്തെ പരിശുദ്ധപ്രേമവും ജീവിയ്ക്കും. ഞാനുണ്ടെന്നുള്ളതുമാത്രം അവിടുത്തെ അസ്തിത്വത്തിനുള്ള പരമ ലക്ഷ്യമായിരിക്കും.

എന്റെ ചെറുതോണി പോകുന്നിടത്തൊക്കയും ഞാനിതാ അങ്ങേ ദിവ്യസ്വരം കേൾക്കുന്നു. എന്റെ ജീവന്റെ സൂക്ഷ്മതന്ത്രികളെല്ലാം അങ്ങേ മനോജ്ഞമസൃണസ്വരം അതിമൃദുവായി മിടിക്കുകയും, തോണിപ്പടികളിലെ പായ്ക്കയറു

കളിൽ അവ സാവധാനം ഇരമ്പി പുഴവക്കിൽ ചായുന്ന നെല്ലിമുളന്തണ്ടുകളുടെ സന്തോഷസമ്മർദ്ദനമർമ്മരങ്ങളിൽ നീണ്ടു ലയിക്കുകയും ചെയ്യുന്നു.

ഞാൻ എന്റെ മാതാവിന്റെ പ്രേമകനകമൃണാളത്താൽ ബന്ധിതനാവുന്നതിനു മുൻപ് എന്നെ ഗർഭരത്നഹർമ്മ്യത്തിലേക്കു വഴിനടത്തിയതും, പ്രകൃതിയുടെ ജീവനാഡികളിൽ സ്വയംവികാസശക്തിയെ ഉല്പാദിപ്പിച്ചതും, ജ്യോതിർഗോളമധ്യത്തിൽ, ശാശ്വതപ്രണയത്തെ പ്രതിഷ്ടിച്ചതുമായ അങ്ങേ പിയൂഷ നിഷ്യന്ദിയായ മധുരസ്വരം എന്റെ രക്ഷകനായുള്ളോവെ, എന്റെ ഈ നവീനപ്രസ്ഥാനത്തിൽ സർവ്വദാ മുഴങ്ങിക്കൊണ്ടിരിക്കുമാറാകട്ടെ.

ദിവ്യശില്പമനോഹരമായ അങ്ങേ തൃക്കൈവളകളുടെ അഭൗമികശിഞ്ജാമൃതം മൃദുലകല്ലോലപുളകങ്ങളിൽ അറുതിയില്ലാത്ത ആനന്ദപ്പൂകുമിളകളെ അങ്കുരിപ്പിക്കുന്നു. സർവ്വജീവജാലങ്ങളേയും മൃദുസ്പർശത്താൽ തലോടി അനുഗ്രഹിക്കുന്നതായ അങ്ങേ തങ്കപ്പൂങ്കോമളഹസ്തങ്ങളിൽ നിന്ന് അവിരാമരമണീയമായ കുളിരണിക്കിങ്കിണി - കിണികിണിരവമാധുര്യത്തോടുകൂടി അലിഞ്ഞൊലിഞ്ഞൂർന്നൊഴുകുന്നതായ ഈ മധുരമംഗളഗീതത്തിൽ ആജ്ഞാപനത്തിന്റെയും പ്രബോധനത്തിന്റെയും ഒരു വിശിഷ്ടകവിത അന്തർഭവിച്ചിരിക്കുന്നുവല്ലോ.

എന്റെ യാത്രയുടെ ഉദ്ദേശ്യം എന്താണെന്നു ചോദിപ്പാൻ പ്രസ്ഥാനാരംഭത്തിൽ ഞാൻ എന്റെ ചെറുചുണ്ടുകൾ തിരുസന്നിധിയിൽ മന്ദം മന്ദം പിളർത്തി.

പ്രക്ഷോഭണ ചണതയോ, സുസ്ഫുടോച്ചാരണ പടുതയോ ഇല്ലാത്തതായ ഈ അധരകോരകത്താൽ തൃപ്പാദപത്മങ്ങളുടെ നിശബ്ദതാഗൗരവത്തെ ഭഞ്ജിപ്പാൻ ഞാൻ ഭയപ്പെട്ടു. എങ്കിലും എന്റെ പ്രേമനിധിയായ അങ്ങു സാന്ദ്രസ്മേരാരുണ സുന്ദരമായ അവിടുത്തെ പൂന്തേൻതളിർചുണ്ടുകൾ വിടർത്തി സൂര്യശുഭ്രപരിശുദ്ധമായ വെൺമുത്തുദന്തങ്ങളുടെ ധവളകോമളകിരണങ്ങളിലൂടെ ആരാധനത്തേയും സേവനത്തേയും വിഷയീകരിച്ചുള്ളതായ ഒരു മഹദാശയത്തെ എന്റെഅന്തരാത്മാവിൽ ഘടിപ്പിച്ചു.

പരമപവിത്രാത്മകനായ പിതാവേ, ഞാനുണ്ടായിരുന്നില്ലെങ്കിൽ അങ്ങു പ്രേമമാത്രസ്വരൂപനായ പ്രാണനായകനും അനല്പകരണോന്നതനായ ദൈവവുമാണെന്നു - പ്രേമിക്കപ്പെടുവാൻ തക്ക പാത്രമില്ലാതെ അവിടുന്നു ജഗൽപ്രേമകാരനാണെന്നു - പ്രകൃതിക്ക് എങ്ങനെ അറിവാൻ കഴിയുമായിരുന്നു. അങ്ങേ മഹാപ്രേമത്തെ അറിഞ്ഞാരാധിപ്പാനും, അങ്ങേ നിഷ്ക്കളങ്കപ്രേമത്തെ ശാശ്വതമായി നിക്ഷേപിപ്പാനുമുള്ള അക്ഷയപാത്രമയി അവിടുന്ന അടിയനെ അതുല്യകൃപാപൂർവ്വം തൃക്കൈത്തളിരിലേന്തി.

അല്ലയോ കൃപാലോ, നിരതിശയാനന്ദസ്വരൂപനായ ഭഗവൻ, ചിന്മാത്രവിഗ്രഹനായുള്ളോവെ, സർവ്വകാലാതിവർത്തിയായ നിന്തിരുമേനിയുടെ അചിന്ത്യവിസ്തൃതഹൃദയത്തിൽ കൃപാതരംഗതയോടെ തിളച്ചുയർന്നിളകുന്ന പ്രേമപ്പൂമ്പുഴ ഒന്നു

മാത്രം ഭവദ്ദാസന്റെ പഞ്ചേന്ദ്രിയമാർഗ്ഗേണ ചെറുകൈവഴികളായി പ്രകൃതിയിലേക്ക് ഒഴുകി ജീവിതത്തെ അതിന്റെ ആവർത്തനചക്രത്തിൽ അഭിരാമവും ആസ്വാദ്യത രവും അനുഗൃഹീതവുമാക്കിത്തീർക്കുന്നുവല്ലോ. ഈ യാനപാത്രത്തിൽ പ്രവേശിക്കു ന്നതിനു മുമ്പായി അവിടുന്ന് എന്നെ തൃപ്പാദാന്തികത്തിലേയ്ക്കു വിളിച്ചു. തങ്കത്താം ബാളത്തിൽ തങ്കിനിരന്ന കൊങ്കുനീലരത്നത്തരികൾപോലെ പൂനീലപേലവവും, ചാരുചലൽപ്രഭാലസിതവും, നിരർഗ്ഗളപരിമളകോമളവുമായ സ്നിഗ്ദ്ധരോമസമൂഹ ങ്ങളാൽ അത്യുത്ഭാസിതവും, ഭക്തകോകിലകളകൂജനങ്ങളാൽ നിരന്തരപരിസേവിത വുമായ നിന്തിരുമേനിയുടെ തനിത്തങ്കമാറിടത്തിൽ ഈ അല്പപ്രാണിയെ അതിഗാ ഢമായി വലിച്ചുചേർത്ത്, അക്ഷയാമൃതം വഴിഞ്ഞൊഴുകുന്നതായ സുസ്മേരമന്ദഹാ സത്തോടുകൂടി അവിടുന്നു ഭയവിവർണ്ണമായ എന്റെ അശുദ്ധകപോലതലത്തെ ചുംബനപരമ്പരയാൽ അഭിഷേകം ചെയ്തുവല്ലോ.

ഈ നികൃഷ്ടപ്രാണിയെ തിരുമാറോടണച്ചു ചുംബിക്കുന്നതിൽ അവിടുന്നു പ്രദർശിപ്പിച്ച അക്ഷാന്തിയും ആനന്ദാവേഗതയും അലംഭാവരാഹിത്യവും – അയ്യോ എനിക്ക് ഓർമ്മിക്കുവാൻ പോലും ലജ്ജയാവുന്നു. കടൽ നടുവിലേ അപകടത്തിൽ നിന്നു വീണ്ടുകിട്ടിയ സ്വന്തം ശിശുവിനെ തന്റെ കൊങ്കക്കുടങ്ങളോടു ചേർത്തണച്ചു വാത്സല്യപരവശയായ പ്രിയമാതാവു കണ്ണുനീർ ചിന്തിചുംബിക്കുന്നതുപോലെയും, ആശ്ലേഷസൗഖ്യത്തിൻ അവസരം ലഭിയാതെ നെടുവീർപ്പിട്ടു വലയുന്ന മുഗ്ദ്ധകാമു കൻ, അനവധി പ്രതിബന്ധങ്ങളുടെ നടുവിലെങ്കിലും തന്റെ പ്രാണപ്രേയസിയായ

പ്രിയതമയേ തഞ്ചം നോക്കി മാറിടത്തിൽ ചേർത്ത് ആനന്ദമൂർച്ഛിതനാവുന്നതുപോലെയും, പിന്നേയും പിന്നേയും വർദ്ധിക്കുന്നതായ പ്രേമദാഹവായ്പോടുകൂടി എന്റെ പരമപ്രേമത്തിനു വിഷയമായ അങ്ങ് ഒന്നല്ല, പത്തല്ല, നൂറല്ല, ആയിരം പതിനായിരം പ്രാവശ്യം എന്റെ കവിൾത്തടങ്ങളേയും ചുണ്ടുകളേയും അങ്ങേ തിരുവായ്ത്തളിരോടു ചേർത്തണച്ചു ചുംബിച്ചാനന്ദിച്ചുവല്ലോ.അങ്ങേ ചുംബനസുധാരസത്തിനായി കൊതിച്ചുകൊണ്ട് ആകാശമണ്ഡലത്തിൽ സൂര്യൻ സദാ ചുറ്റിത്തിരിയുന്നു. ചന്ദ്രന്റെ സുന്ദരാധരത്തിലൂടെ തൃഷ്ണാജന്യമായ ഉമിനീർത്തുള്ളികൾ ഉറന്നൊഴുകി വഴിയുന്നു. നക്ഷത്ര ഗോളങ്ങളുടെ ചെറുചുണ്ടുകളും ചുംബനകൗതുകത്താൽ താനെ വികസിച്ചു പോകുന്നു. എന്നാൽ മഹാനുഭാവനും പരമകാരുണികനുമായ നിന്തിരുമേനി ഇക്കാണുന്ന ജ്യോതിർഗ്ഗോളങ്ങളെയെല്ലാം ഉപേക്ഷിച്ച് ഈ നിസ്സാരനായ എളിയജീവിയുടെ അധരപുടത്തിൽമാത്രം അങ്ങേ ചുംബനകുങ്കുമത്തെ ശാശ്വതമായി നിക്ഷേപിച്ചു കൃതാർത്ഥപ്പെടുവാൻ കരൾക്കാമ്പലിഞ്ഞുവല്ലോ !

അല്ലയോ വിശ്വമഹാശക്തനായുള്ളോവെ, കൊടുങ്കാറ്റിന്റെ ബലിഷ്ഠപക്ഷങ്ങളിൽ പെരുന്നിലകൊള്ളുന്നവനേ, ഈ പൂഴിപ്പൊടിയെ ചുംബിച്ചാനന്ദിപ്പാൻ ഈ ഏഴ എന്തുള്ളൂ !

ഇടിമുഴക്കത്തിന്റെ രാജാവെ, ബൃഹൽപ്രവാഹശക്തിയാൽ ഘോരവനതല ങ്ങളെ തല്ലിത്തകർക്കുന്നവനേ, ഈ മൃൽപിണ്ഡത്തെ ഉമ്മവച്ചു കോൾമയിർക്കൊ ള്ളുവാൻ അടിയൻ എന്തുള്ളൂ!

ഗംഭീരപർവ്വതങ്ങളേ വിറവിറപ്പിക്കുന്ന മഹാബലശാലിൻ, ഭീമതരംഗങ്ങളിൽ ഭയങ്കരനടനം ചെയ്യുന്ന ഊർജ്ജിതപരാക്രമശാലിയായുള്ളോവെ, ഈ കുപ്പക്കൂമ്പാ രത്തെ തിരുമാറോടണച്ചോമനിപ്പാൻ അങ്ങേയ്ക്കുള്ള ആവശ്യം എന്തായിരിക്കും.

അഗ്നിപർവ്വതമുഖദ്വാരത്തിലൂടെ ഭയങ്കരനിശ്വാസം ചെയ്യുന്നവനും, മഹാ സ മുദ്രത്തിന്റെ അന്ധകാരാഗാധതയേ സ്വകരാംഗുലീചലനത്താൽ പ്രമഥനം ചെയ്യുന്ന വനുമായ നിന്തിരുമേനി ആർ? ഈ അശുദ്ധനായ മനുഷ്യത്തുരുമ്പ് ആർ? ഹാ! പ്രച ണ്ഡഭാനുബിംബമുകരത്തിലൂടെ കഠോരതപ്തവീക്ഷണം ചെയ്യുന്നവനും ചുഴലി ക്കാറ്റിൽ അട്ടഹസിക്കുന്നവാനുമായ നിന്തിരുവടി എവിടെ? ഈ നിന്ദ്യനായ മനുഷ്യ കീടം എവിടെ?

അയ്യോ! എന്റെ ഹൃദയം അതിവേദനകൊണ്ട് ആശ്ചര്യപാരവശ്യംകൊണ്ടു പൊട്ടുമാറായിരിക്കുന്നു. അങ്ങേ അറുതിയില്ലാത്ത മഹാശക്തിയെക്കുറിച്ചുള്ള സ്മര ണയാൽ അടിയൻ വല്ലാതെ പരിഭ്രമിക്കുകയും, അങ്ങേ പ്രേമചുംബനത്താൽ ഈ അല്പപ്രാണിക്കു ലഭിച്ച ഉൽക്കർഷത്തെ ഓർത്ത് എന്റെ ഹൃദയം വല്ലാതെ ചൂളിപ്പോ കുകയും ചെയ്യുന്നു.

എന്റെ ദൈവമേ ! എന്റെ നിർമ്മാതാവേ ! എന്റെ അശുദ്ധാധരത്തെ ആസ്വദിപ്പാൻ തിരുവുള്ളമലിഞ്ഞ തമ്പുരാനേ ! അങ്ങേ പ്രേമം എത്രയോ പ്രസിദ്ധം, എത്രയോ മഹത്തരം! അവിടുന്നു മുഴുവൻ പ്രേമമാണ്, പ്രേമം മാത്രമല്ലോ. പ്രേമത്തിൽ പ്രേമമായിരിക്കുന്നുവല്ലോ.

അങ്ങേ അധരച്ചെമ്പവിഴങ്ങളുടെ അക്ഷയാനർഘ്ഘമുദ്ര എന്റെ കവിൾത്തടങ്ങളിൽ പതിഞ്ഞപ്പോൾ സ്വർഗ്ഗലോകത്തിന്റെ കനകകവാടങ്ങളിൽ ഒന്ന് എന്റെ മുൻപിൽ തുറക്കപ്പെടുകയും സ്വർഗ്ഗാധിപതിയായ അങ്ങേസനാതനരത്നസിംഹാസനത്തിന്റെ ഒരു കോണിൽ എനിക്കായി ഒരു കനകനീരാളശയ്യ സജ്ജീകരിച്ചിരുന്നതിനെ എന്റെ നേത്രങ്ങൾ ദർശിക്കുകയും ചെയ്തു.

ഞാൻ അങ്ങയുടെ ശരി പ്രതിമയാണെന്ന് എനിക്ക് അപ്പോൾ തികച്ചു ബോധ്യമായി. സത്യമായിട്ടു ഞാൻ അങ്ങയോടൊപ്പം പരിപൂർണ്ണനും, സത്യമായിട്ടു ഞാൻ അങ്ങേയോടൊപ്പം അനന്യനുമാവുന്നു. അങ്ങേസർവ്വശക്തിയും സർവ്വവല്ലഭത്വവും എന്നിൽ ഒളിച്ചു വയ്ക്കപ്പെട്ടിരിക്കുന്നുവെന്നും ദേവദൂതഗണങ്ങളുടെ പൊൻവീണകളിൽ നിന്ന് ഒരു ലഘുസംഗീതശബ്ദം അപ്പോൾ ഭൂഗോളപരിധിയോളം പരന്നൊഴുകി.

എന്റെ ജീവിതൈകാവംലംബമായ അങ്ങേ അധരമാദ്ധ്വീമാധുര്യം എന്റെ അന്തർജ്ജിഹ്വയിലേക്ക് ഒഴുകിയപ്പോൾ സ്വാത്മവിസ്മൃതിയോടുകൂടി ഞാൻ

കോൾമയിർപ്രളയത്തിൽ താണുപോകയും എന്റെ ഹൃദയം കൃതജ്ഞാകുലതയാൽ തളർന്നുപോകുകയും ചെയ്തു. ആനന്ദാഹ്ലാദലഹരിയുടെ അത്യുച്ചാവസ്ഥയിൽ ഹൃദയമർമ്മത്തെത്തുടിപ്പിക്കുന്നതുമായ സന്താപമൃദുമൂർച്ഛയോടുകൂടി ഞാൻ അവിടുത്തെ തിരുമാറിടത്തെ മുറുകെ ചുറ്റിപ്പിടിച്ചുകൊണ്ട് എന്റെ പ്രാണനായുള്ളോവെ! എന്റെ ജീവിതസർവ്വസ്വമായുള്ളോവെ എന്ന് അവ്യക്തസ്വരത്തിൽ പ്രേമോൽഗാനം ചെയ്തു. ഒഴുകുന്നതിനോ താഴുന്നതിനോ കഴിയാതെ നിറഞ്ഞു കവിഞ്ഞു നിലച്ചു നിൽക്കുന്ന പുതുവെള്ളപ്പരപ്പിന്റെ ആനന്ദനിശ്ചലതപോലെ അടിയൻ തിരുമുഖത്തെ വീക്ഷിച്ച്കൊണ്ട് അങ്ങേ തങ്കാതലത്തിൽ നിശ്ശേഷ്ടനിർവൃതിയോടുകൂടി പറ്റിക്കിടക്കുന്നു.

എന്റെ അരുമനാഥനായുള്ളോവെ! അങ്ങേ മധുരചുംബനം പ്രേമത്തെ അതിന്റെ അഗാധവും അതിവിശാലവുമായ അർത്ഥത്തിൽ അനുപദവ്യാഖ്യാനം ചെയ്തുവല്ലോ. എനിക്കു പുറമെ എന്റെ പ്രേമത്തെ ആഗ്രഹിക്കുന്നതായ ഒരു ലോകമുണ്ടെന്നും, അങ്ങേ ഹൃദയവല്ലരിയിൽ ഘടിപ്പിച്ചിട്ടുള്ളതായ പ്രേമതന്ത്രികളെ ഞാൻ അങ്ങേ, തൃപ്പാദരജസ്സായി രൂപാന്തരപ്പെടുംവരെ പ്രളയാന്ത്യത്തോളം യഥാസ്ഥാനം വലിച്ചു ബന്ധിക്കണമെന്നും അടിയനോട് അങ്ങു തിരുവായ്മൊഴിഞ്ഞുവല്ലോ.

ഇക്കാണുന്നതെല്ലാം ഞാൻ തന്നെയാണെന്ന് അങ്ങ് എന്നോട് അരുളിച്ചെയ്തു. അങ്ങ് എന്റെ പ്രതിമയെ നാനാരൂപത്തിൽ അറുതിയില്ലാതെ പകർത്തിയി

രിക്കുന്നു. എനിക്ക് അവിടുന്ന് നൽകീട്ടുള്ള നാമങ്ങൾ അനവധിയത്രെ. കാളയെന്നും, കഴുതയെന്നും, പുഷ്പമെന്നും, പുൽച്ചെടിയെന്നും പല പേരുകളിലായി അങ്ങ് എന്നെ വിളിക്കയും ചെയ്യുന്നു. എല്ലാ നാമങ്ങളേയും അതിദീർഘമായ പ്രേമശൃംഖല യാൽ അവിടുന്നു ബന്ധിക്കയും ചെയ്തിരിക്കുന്നു. എല്ലായിടത്തും ഞാനുണ്ട്. എല്ലാ യിടത്തും അങ്ങുമുണ്ട്. എല്ലാം എന്നിൽ നിന്നാകുന്നു. എല്ലാം അങ്ങയിൽ നിന്നുമാ കുന്നു. തത്ത്വാവസ്ഥയിൽ തിരുമേനി സർവ്വവ്യാപി. നാമാവസ്ഥയിൽ അടിയൻ സർവ്വവ്യാപി. എല്ലാം അങ്ങേപിതൃത്വത്തിൽ നിന്നു പുറപ്പെട്ടിരിക്കയാൽ സ്രഷ്ടാ വായ അങ്ങും സൃഷ്ടിയായ ഞാനുമല്ലാതെ ഈ ദൃശ്യചിത്രത്തിൽ മറ്റാരാണുള്ളത്.

അങ്ങയിൽ എനിക്ക് അവസാനമായി ലഭിച്ചിട്ടുള്ള നിഗൂഢനിക്ഷേപം എന്റെ അശ്രുകണങ്ങൾ മാത്രമാണ്. അങ്ങേ സൗജന്യമഹാദാനമായ ഈ കണ്ണുനീർത്തുള്ളി കൾക്കുവേണ്ടി എന്റെ സ്വർഗ്ഗസ്ഥപിതാവേ, ഞാനിതാ തൃപ്പാദങ്ങളെ കൃതജ്ഞതാ ഞ്ജലിപൂർവ്വം സ്മരിക്കുന്നു. ഞാൻ ഈ സ്വർഗ്ഗീയ മുത്തുമണികളെ എന്റെ ചെറിയ ഭാണ്ഡത്തിൽ അത്യഭിമാനപൂർവ്വം സംഗ്രഹിച്ചിരിക്കുന്നു. ഞാൻ നിശ്ശേഷം മലിന നെങ്കിലും എന്റെ ഭാണ്ഡം തീരെ അഴുക്കടഞ്ഞതെങ്കിലും എന്റെ മഹാരാജവായ പ്രഭോ, അങ്ങേ ഈ സ്വർഗ്ഗീയമഹാദാനത്തെ മലിനമാക്കുവാൻ എനിക്ക് എങ്ങനെ കഴിയും. നിന്റെ പരിശുദ്ധസന്നിധിയിൽ എന്റെ അപാത്രതയ്ക്കുള്ള പ്രതിശാന്തി അങ്ങേ ഈ അത്യുൽകൃഷ്ടദാനം ഒന്നു മാത്രമാണ്; സത്യം.

അങ്ങേ പരിശുദ്ധവിഗ്രഹത്തെ ആരാധിപ്പാനായി ഞാൻ എന്റെ തോണിയുടെ ഉള്ളറയിലേക്കു പോയി, ഭക്തവത്സലനായ നിന്തിരുമേനിയുടെ തങ്ക വിഗ്രഹത്തിന്റെ കണ്ഠപ്രദേശത്തിൽ ഈ കണ്ണീർപ്പൂമാലയെ നിത്യവും പുതുതായി ചാർത്തി ആനന്ദിക്കും. സുഗന്ധവർദ്ധനത്തിനും ക്ഷണവികാസത്തിനുമായി മുല്ലമൊട്ടുകളെ കദളിവാഴത്താളുകളിൽ പൊതിഞ്ഞു വയ്ക്കുപോലെ അങ്ങേ തൃപ്പാദസൗരഭ്യത്തെ അതിന്റെ പരിപൂർണ്ണതയോടുകൂടി ആഘ്രാണിപ്പാൻ അവിടുത്തെ തങ്കക്കാൽപ്പൂക്കളെ ഞാൻ എന്റെ ശീതളാശ്രുപല്ലവങ്ങളിൽ പൊതിഞ്ഞുവയ്ക്കും.

മഹത്തും, അതിബൃഹത്തുമായ ഈ ബ്രഹ്മാണ്ഡഗോളം മുഴുവൻ അവയുടെ സർവ്വവിഭവസമൃദ്ധതയോടുംകൂടി വ്യക്താവ്യക്തിനിർമ്മാതാവും അജയ്യശക്തനുമായ നിന്തിരുവടിയുടെ ഉള്ളംകൈയ്യിൽ ഒരു കേവലക്രീഡാകന്ദുകം കണക്കു ചുറ്റിത്തിരിയുന്നുവെങ്കിലും, എന്റെ കണ്ണുനീർത്തുള്ളിയോളം വിലയേറിയതും, പ്രിയമേറിയതും, പരിശുദ്ധമേറിയതുമായ മറ്റു യാതൊന്നും സ്വർഗ്ഗപാതാളഭൂലോകങ്ങളിൽ എങ്ങുംതന്നെ ഇല്ലെന്നു സത്യസ്വരൂപനായ അങ്ങ്, അവിടുത്തെ സനാതനമഹത്വത്തേയും മഹാപരിശുദ്ധിയേയും ചൊല്ലി അടിയനോട് ആണയിട്ട് അരുളിച്ചെയ്തപ്പോൾ എന്റെ അന്തരംഗത്തിൽ അഭിമാനതരംഗങ്ങൾ ഊക്കോടുകൂടി അലച്ചുയരുകയും, എന്റെ ശരീരത്തിൽ രോമഹർഷപുഷ്പങ്ങൾ അറുതിയില്ലാതെ വികസിക്കുകയും ചെയ്തുവല്ലോ.

അല്ലയോ, വിശ്വപരിരക്ഷകനായ സ്വാമിൻ, അനന്തഗുണനികേതനമെ, അങ്ങേ പ്രേമഹൃദയതന്ത്രിയോടുള്ള സംഘടനയിൽ നിന്ന് എന്റെ ഹൃദയവിപഞ്ചീ തന്തു വിച്ഛേദിക്കപ്പെടുന്നതായ എല്ലാ വിനാഴികകളിലും ഞാൻ ഈ അമൂല്ല്യഘടക ദ്രാവകത്താൽ അവടെ ഒന്നായിച്ചേർത്തു വിളക്കുകയും എന്റെ ചെറുതോണിയുടെ വാതൽപ്പടികളെ ക്ഷാളനം ചെയ്ത് എന്റെ പ്രിയതമനായ അങ്ങയെ എന്റെ ഒഴിഞ്ഞ മണിയറയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനായി കൈവിളക്കുകളെയെല്ലാം ഉജ്ജ്വ ലിപ്പിക്കുകയും ചെയ്യും. ആനന്ദമൂർത്തിയായ എന്റെ ആത്മവല്ലഭന്റെ ആശ്ലേഷചുംബ നോഷ്മളതയാൽ എന്റെ ശരീരം സ്വേദമഹാജലധിയിൽ തികച്ചും മുങ്ങിപ്പോയി.

അയ്യോ! ഈ അശുദ്ധനായ എന്റെ മ്ലേച്ഛവദനത്തിൽനിന്നു പുറപ്പെട്ട വിയർപ്പുതുള്ളികൾ, എന്റെ അരുമനാഥന്റെ തിരുമുഖത്തു പറ്റിപ്പോയിരിക്കുമോ? അവന്റെ പൊൻതളിർ കവിളിണയെ അത് അശുദ്ധപ്പെടുത്തിയിരിക്കുമോ?

പൊൻതിരുവുടയാടയുടെ പരിമളബഹളമാധുര്യത്തെ അതു നഷ്ടപ്പെടുത്തി യിരിക്കയില്ലയോ? ഇനി ഒരിക്കൽകൂടി അവിടുന്ന് എന്നെ തിരുമാറിൽ ചേർത്തുകൊ ള്ളുമോ? അവിടുത്തെ വിമലാധരപിയൂഷത്തിന്റെ ഒരു ലഘുകണികയെങ്കിലും ഇനി എന്റെ നാവിലേയ്ക്കു പകർന്നു തരുവാൻ അവൻ ദയവുള്ളവനായിരിക്കുമോ? തിരു മുഖദർശനത്തിൽനിന്ന് ഇനി എന്നെന്നേക്കും അവിടുന്ന് എന്നെ അന്യനാക്കി ത്തീർക്കുമോ?

ഇല്ലില്ല. ഇവയെല്ലാം എന്റെ വെറും പ്രേമാശങ്കകൾ മാത്രമാണ്. എന്തെന്നാൽ എന്റെ പ്രാണനാഥനോളം പരമകാരുണികനും, അവിടുത്തോടൊപ്പം മഹാമന സ്കനും, അദ്ദേഹത്തോളം ദിഗ്ലക്ഷ്മിയും, തിരുമേനിയോളം പരമപരിശുദ്ധനുമാ യിട്ട് ആരുമില്ലെന്ന് എന്റെ മാതാവിന്റെ ഗർഭാശയത്തിൽ എന്നെ ചുറ്റിയിരുന്ന മൃദുല തന്തുക്കളിൽ നിഗൂഢസ്പന്ദനം ചെയ്തിരുന്നതായ ഒരു സ്വർഗ്ഗീയപ്രതിജ്ഞാഗീതം, എന്റെ കരൾക്കാമ്പിൽ ശാശ്വതമായി തറഞ്ഞുപോയിട്ടുള്ളതാണ്.

ഞാൻ അശുദ്ധനാണെങ്കിൽ അവിടുന്ന് എന്നെ വിശുദ്ധീകരിക്കും. ഞാൻമലിനനാണെങ്കിൽ അവിടുന്ന് എന്നെ കഴുകിക്കൊള്ളും. അന്ധകാരപൂരിത മായ നഭോതലത്തിലെ കരിംകൂരിരുൾച്ചെളിയിൽനിന്നു കുമാരസൂര്യബിംബത്തെ മുറ്റം കഴുകി വെൺമയാക്കുന്ന ആ പരിപാവനമൂർത്തിയായ എന്റെ ജീവാധിനാ യകന്റെ പരിശുദ്ധ സന്നിധിയിൽ, അല്ലെങ്കിൽത്തന്നെയും എന്റെ ഏതൊരു വിശുദ്ധി വിശുദ്ധിയായി പരിണമിക്കുന്നു.

എന്റെ പുരോഗതി മുഴുവൻ എന്റെ പ്രാണപ്രേഷ്ഠന്റെ തൃപ്പാദ ങ്ങളെസേവിക്കുന്നതിനായി മാത്രമാണ്. ആരാധനോത്സവത്തിനായുള്ള പൂജ്യോപ

കരണങ്ങളെ പ്രകൃതി എന്റെ ചുറ്റും നിരത്തിയിരിക്കുന്നു. മന്ദമാരുതൻ പൗരോഹിത്യാനുഷ്ഠാനത്തിനായി വിശുദ്ധ മന്ത്രോച്ചാരണപൂർവ്വം എന്റെ സമീപ ത്തേക്ക് അണഞ്ഞരുളുന്നു. തീരപ്രദേശത്തെ അലങ്കരിക്കുന്ന കുതിരവാലണിപ്പുല്ലു

കൾ സുഗന്ധകർപ്പൂരധൂളിയെ ചുറ്റുപാടും ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. കരിങ്കൂവള ക്കുമ്പിളുകളിൽ മരന്ദചന്ദനച്ചാറും, താമരയിലത്താംബാളങ്ങളിൽ പുഷ്പമാല്യങ്ങളും സംഭരിക്കപ്പെട്ടിരിക്കുന്നു.

ശംഖനാദം മുഴങ്ങട്ടെ. മൃദംഗനാദം വ്യാപിക്കട്ടെ. പൂജാമാഹാത്മ്യത്തെ കീർത്തിക്കുന്നതായ ചെറുഘണ്ടാനാദങ്ങൾ ഇടമുറിയാതെ പ്രവഹിക്കട്ടെ. അന്തരീ ക്ഷമണ്ഡലം മുഴുവൻ സ്തോത്രഗാനങ്ങളിൽ മറ്റൊലിക്കൊള്ളട്ടെ. ദീപശിഖക ളെല്ലാം എരിഞ്ഞെരിഞ്ഞു പ്രകാശിക്കട്ടെ.

കാർമ്മേഘജാലങ്ങളെ കടന്നുപോകുവിൻ. ഇടിമുഴക്കങ്ങൾ നിശ്ശബ്ദമായിരി ക്കട്ടെ. കൊടുങ്കാറ്റിന്റെ വിശാലഗർഭ ാശയം ചുരുങ്ങിപ്പോകുമാറാകട്ടെ. ഏകാഗ്രസമാ ധിയേ ഭഞ്ജിക്കുന്നതായ സർവ്വവും ഒന്നോടെ ഒഴിഞ്ഞുപോകുമാറാകട്ടെ. എന്തെ ന്നാൽ, ഇത് എന്റെ ജീവദാതാവിനെ ആരാധിപ്പാനും സംഖ്യാതീതങ്ങളായ എന്റെ ബഹുനാമങ്ങളേ ശുശ്രൂഷിപ്പാനുമുള്ള അസുലഭ സന്ദർഭം മാത്രമാണ്. ഇതിനായി ഞാൻ ഈ ചെറുതോണിയിൽ പ്രവേശിച്ചിരിക്കുന്നു. ഇതൊന്നു മാത്രം എന്റെ പരമ ധർമ്മമായി എന്റെ പ്രാണനാഥൻ എന്നിൽ ആരോപിച്ചിരിക്കുന്നു. ഈ ധർമ്മപഥ ത്തിൽ നിന്ന് അണുവും വ്യതിചലിയാതെ ഈ യാനപാത്രം ഇക്കാണായ ലോകമ ഹാവാഹിനിയെ വിജയവിലാസപൂർവ്വം തരണം ചെയ്യുമാറാകട്ടെ.

അനുബന്ധം 5
പുരാതനകാലത്തെ ചിത്രങ്ങൾ

ചിത്രകലയെ സംബന്ധിച്ച് കെ.എം. വർഗ്ഗീസ്
രേഖപ്പെടുത്തിയ ഒരു കുറിപ്പ് :-

ചിത്രങ്ങൾ ധർമ്മം, സന്തുഷ്ടി, നിർവൃതി എന്നിവയിലേക്കു നമ്മെ നയിക്കുന്നു. ക്രിസ്തുവിന പിമ്പ്, 4 -ാം നൂറ്റാണ്ടിൽ നിർമ്മിതമായ വിഷ്ണു പുരാണത്തിൽ 8 -ാം അദ്ധ്യായം ചിത്രമെഴുത്തിനെ സംബന്ധിച്ചാണ്.

ചാലൂക്യവംശത്തിലെ സോമദേവൻ മൂന്നാമൻ 12 -ാം ശതാബ്ദത്തിൽ എഴുതിയ അഭിലാഷിതാർത്ഥ ചിന്താമണി, കേരളീയനായ ശ്രീകുമാരൻ നിർമ്മിച്ച ശിവതത്ത്വരത്നാകരം എന്നീ ഗ്രന്ഥങ്ങളിലും ഇന്ത്യൻ ചിത്രമെഴുത്തിനെ സംബന്ധിച്ച് പലതും പ്രസ്താവിച്ചിട്ടുണ്ട്. കൗടില്യന്റെ അർത്ഥശാസ്ത്രം, വാല്മീകി രാമായണം, ഭരതന്റെ നാട്യശാസ്ത്രം, ഭാസന്റെ സ്വപ്നവാസവദത്തം, കാളിദാസന്റെ മാളവികാഗ്നിമിത്രം, വിശാഖദത്തന്റെ മുദ്രാരാക്ഷസം, ഭവഭൂതിയുടെ ഉത്തരരാമചരിതം എന്നീ ഗ്രന്ഥങ്ങളിൽ പൂർവ്വിക ചിത്രകലാവാസനയ്ക്ക് ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

കാമസൂത്ര ഗ്രന്ഥ വ്യാഖ്യാതാവായ യശോധരൻ ചിത്രകലയുടെ മൂലതത്ത്വങ്ങളായി രൂപഭേദം, പ്രമാണം, ഭാവം, ലാവണ്യസംയോജനം, സാദൃശ്യം,വാർണ്ണികഭാവം, എന്നിങ്ങനെ വ്യവഹരിക്കുന്നു. ആന്ധ്രാരാജാക്കൻമാരുടെ പ്രതാപകാലത്ത് - ക്രിസ്തുവിന മുൻപ് രണ്ടാം നൂറ്റാണ്ടിൽ - അജന്താ, ബാഘ്, ബാദാമി, സിത്താന്നവാശാൽ, കാഞ്ചീപുരം, തഞ്ചാവൂർ, എല്ലോറാ (ഗുഹകളിൽ), നാർത്തമല്ലാ, സോമപാള

യം, തിരുമല, പത്മനാഭപുരം എന്നീ സ്ഥലങ്ങളിലെ പുരാതന ഭിത്തിച്ചിത്രങ്ങൾ പ്രശസ്തങ്ങളാണ്. ചുവപ്പ്, മഞ്ഞ, നീലം, വെളുപ്പ്, കറുപ്പ്, ഇവ തനി നിറങ്ങൾ, ചായില്യം, മനയോല, അമരച്ചെടി, നീലം, ചപ്പങ്ങക്കഷായം ഇവകൾ പണ്ട് ഉപയോഗിച്ചിരുന്നു.

രവിവർമ്മ പാരമ്പര്യം

ചിത്രമെഴുത്തിൽ - മനുഷ്യരുടെ ചിത്രലേഖനത്തിൽ - ഞാൻ ദീർഘ കാലം ഉപയോഗിച്ച് വിശ്വാസസ്ഥൈര്യം സമ്പാദിച്ചിട്ടുള്ള എണ്ണച്ചായങ്ങളെ സംബന്ധിച്ച് ഇവിടെ രണ്ടു വാക്ക് പറയേണ്ടതുണ്ട്. ഓയിൽ കളേഴ്സ് എന്ന് ഇംഗ്ലീഷിൽ പേർ പറയുന്ന എണ്ണച്ചായങ്ങൾ നൂറ്റമ്പതു നിറങ്ങളോളം ഇപ്പോൾ നിർമ്മാതാക്കൾ പ്രചരിപ്പിച്ചിട്ടുണ്ട്. ചുവപ്പ്, പച്ച, മഞ്ഞ, നീലം, ഊതം എന്നിത്യാദി നിറങ്ങളിൽത്തന്നെ അനേകം ഉപനിറങ്ങൾ ഉള്ളതാണ്. ഇതിൽത്തന്നെ യാതൊരുവിധമായ ശീതോഷ്ണ സ്ഥിതികൊണ്ടും നിറവ്യത്യാസം സംഭവിക്കാതെ ദീർഘകാലം യഥാസ്ഥിതിയിൽ നിറം നിൽക്കുന്നു. സ്ഥിരചായങ്ങളും, എഴുതികുറച്ചു കാലംകഴിയുമ്പോൾ നിറംമാറി വേറെ നിറമായി പകർന്നുപോകുന്ന ചായങ്ങളും, എഴുതികുറച്ചു കഴിഞ്ഞശേഷം ഇരുണ്ടുകറുത്തുപോകുന്ന ചായങ്ങളും ഉണ്ട്. ലോഹങ്ങൾ, മണ്ണ്, ഇത്യാദികളിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന ചായങ്ങൾ എല്ലാം തന്നെ ഒന്നുപോലെ സ്ഥിരനിറങ്ങൾ ഉള്ളവയായിരിക്കുകയില്ല. മനുഷ്യനിറങ്ങൾ കൂട്ടുവാൻ ഉപയോഗിക്കുന്ന ചായങ്ങൾ തന്നെയും ഈ രണ്ടിലും പെട്ടിട്ടുണ്ട്. ചായങ്ങളുടെ രാസസംബന്ധമായ സ്ഥിരതയെപ്പറ്റി അനുഭവവിജ്ഞാനവും ആഴമായ പരിചയവും സമ്പാദിച്ചിട്ടില്ലാത്തവർ നിറങ്ങളുടെ താൽക്കാലിക മേന്മകണ്ട് കഥയറിയാതെ ഉപയോഗിക്കുകയും, ഒടുവിൽ കുറച്ചുകാലം കഴിയുമ്പോൾ ചിത്രത്തിന്റെ യഥാർത്ഥപ്രതിഭാസത്തിന് ന്യൂനത സംഭവിക്കുകയും ചെയ്യുന്നു. ഇംഗ്ലണ്ടിൽ ഉണ്ടാക്കുന്ന എണ്ണച്ചായങ്ങളാണ് ഞാൻഇത്രയും കാലം ഉപയോഗിച്ചുപോന്നിട്ടുള്ളത്. ഇവയിൽ പഠിപ്പുകൊണ്ടും ദീർഘപരിചയം

കൊണ്ടും പ്രസിദ്ധ ചിത്രമെഴുത്തുകാരുടെ ഉപയോഗസമ്പ്രദായത്തെക്കുറിച്ചുള്ള അറിവുകൊണ്ടും ഗുരുവിന്റെ ഉപദേശപ്രകാരവും മനുഷ്യനിറങ്ങൾകൂട്ടുന്നതിനായി ഞാൻ ഉപയോഗിക്കുന്ന ചായങ്ങളുടെ ഇംഗ്ലീഷ് നാമധേയങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും താഴെ ചേർക്കുന്നു.

1.	Flake White	നമ്പർ 1.	(ഫ്ളേക്ക് വൈറ്റ്)
2.	Flake White	നമ്പർ 2.	(എണ്ണ കൂടുതൽ ചേർത്ത് കടുപ്പം അൽപം കുറച്ചതുമുണ്ട്)
3.	Yellow Ochre		എല്ലോ ആക്കർ
4.	Light red		ലൈറ്റ് റെഡ്
4.	Rose Madder		റോസ് മേഡർ
5.	New Blue		ന്യൂ ബ്ളൂ
6.	Alizarin Crimson		അലിസാറിൻ ക്രിംസൻ
7.	Cobalt Blue		കോബാൾട്ടു ബ്ളൂ
8.	Vermilion		വെർമില്യൻ
9.	Vandyake Brown		വാൺഡേക്ക് ബ്രൗൺ (തലമുടി എഴുതുവാൻ മാത്രം)
10.	Burnt Umber		ബൺഡ് അമ്പർ

ബാക്ക് ഗ്രൗണ്ട് - അഥവാ - പശ്ചാത്തലം എഴുതുവാൻ Raw Umber ഉപയോഗിക്കുന്നു. റോ അമ്പർ, Oxide of Chromium (ഓക്സൈഡ് ഓഫ് ക്രോമിയം), ഐവറി ബ്ലാക്ക്, ഫ്ളെക്കു വൈറ്റ്, Cobalt Blue (കൊബാൾട്ടു ബ്ളൂ) എന്നിവ ഡിഗ്രി കൂട്ടിയും കുറച്ചും യഥായുക്തം ഉപയോഗിക്കുന്നു. ചിത്രത്തിന്റെ പകുതി പ്രാധാന്യം ബായ്ക്ക് ഗ്രൗണ്ടിനാണ്. സാധാരണ വെള്ളനിറം, ഇരുനിറം

എന്നിവയോടുകൂടിയ മനുഷ്യനിറത്തെ സംബന്ധിച്ച് - സാധാരണരീതിയ്ക്കുള്ള ബായ്ക്ക് ഗ്രൗണ്ടിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്.

റോ അമ്പർ, എല്ലോ ആക്കർ, ഓക്സൈഡ് ഓഫ് ക്രോമിയം, ബൺഡ് അമ്പർ, ലാമ്പ് ബ്ലാക്ക്, കോബാൾട്ടുഗ്രീൻ, വൈറ്റ് എന്നീ ചായങ്ങൾ യഥായുക്തം ഡിഗ്രി കൂട്ടിയും കുറച്ചും ഉപയോഗിക്കുന്നു. പശ്ചത്തലം എഴുതുവാൻ.

മനുഷ്യനിറം കൂട്ടുവാൻ ഉപയോഗിക്കുന്ന ചായങ്ങളുടെ കൂട്ടത്തിൽ Brown Madder, Purple Madder എന്നീ ചായങ്ങളും ബ്രൗൺ നിറം വരേണ്ടതായ കണ്ണിന്റെ സ്ഥാനങ്ങളിൽ ഉപയോഗിക്കാറുണ്ട്. അലിസാറീൻ ക്രിംസൻ, കൊബാൾട്ട് ബ്ളൂ, ലൈറ്റ് റെഡ് എന്നിവ കൊണ്ടു ഈ ചായത്തിന്റെ സ്തോഭം ഉണ്ടാക്കാം. ഇവയാണ് കൂടുതൽ ഉത്തമം.

ചിത്രമെഴുത്തു കോയിത്തമ്പുരാൻ (രാജാരവിവർമ്മ) ഉപയോഗിച്ചിരുന്നചായങ്ങൾ മുകളിൽ ഞാൻ കുറിച്ചതു തന്നെയാണ്. അദ്ദേഹത്തിന്റെ പുത്രൻ രാമവർമ്മ രാജാ ഉപയോഗിക്കുന്ന ചായങ്ങൾ താഴെ ചേർക്കുന്നു.

1. Flake white
2. Yellow Ochre
3. LIght Red
4. Rose Madder
5. Vermilion
6. Burnt Umber
7. French Ulteramarine
8. Purple Madder

സ്വർണ്ണ നിറത്തിനും കസവിനും --- (1) നേപ്പൾസ് എല്ലോ, (2) കാഡ്മിയം എല്ലോ, (3) നേപ്പിൾസ് എല്ലോ ഫ്രഞ്ചും ഉപയോഗിക്കും, ന്യൂ ബ്ളൂ, കോബാൾട്ട ബ്ളൂ എന്നിവയുടെ സ്ഥാനത്താണ് ഫ്രഞ്ച് അൾട്ടാ റാമറയിൻ ഉപയോഗിക്കുന്നത്.

സാധാരണയായി രണ്ട് കോട്ടിംഗും, ഫൈനൽ ടച്ചും കൊണ്ടും ചിത്രം പൂർത്തിയാക്കുന്നു. ആദ്യമായി (അത്യാവശ്യമുള്ളപക്ഷം) ബ്രൗൺ മേഡർ, ലൈറ്റ് എന്നീ ചായങ്ങൾ മാത്ര അനുസരിച്ച് ചേർത്ത് ക്യാൻവാസിൽ പെൻസിൽകൊണ്ട് ഔട്ട്ലൈൻ ഇട്ടഭാഗത്തും കട്ടിയായി ഷെയിഡ് ഉള്ള ഭാഗത്തും തെളിയിക്കുന്നു. ഈ നിലയിൽ ചിത്രം രണ്ടു ദിവസം വച്ചിരുന്ന ശേഷം ഫസ്റ്റ് കോട്ടിംഗ് (First coating) ചായം വയ്ക്കുന്നു. ഒന്നാമത്തെ കോട്ടിംഗിന ചൂടുള്ളവയും കട്ടിയുള്ളവയും പരുപരുപ്പുള്ളവയുമായ എല്ലോ ആക്കർ, ലൈറ്റർ റെഡ്, ന്യൂ ബ്ളൂ, ഫ്ളൈക്ക് വൈറ്റ് എന്നിവ മാത്രം ഉപയോഗിക്കുന്നു. രണ്ടാമത്തെ കോട്ടിംഗിന ഫ്ളൈക്ക് വൈറ്റും, എല്ലോ ആക്കറും, ലൈറ്റ് റെഡും, കോബാൾട്ടു ബ്ളൂവും റോസ് മേഡറും ഉപയോഗിക്കുന്നു. (പെൻസിൽ കൊണ്ട് ഔട്ട്ലൈൻ ഇട്ടതിന്മേൽ ചായംകൊണ്ടും ഔട്ട്ലൈൻ ഇടണമെന്ന് പറഞ്ഞത് ആദ്യഘട്ടങ്ങളിൽ തെറ്റു വരാതിരിപ്പാൻ മാത്രമാണ്. കുറച്ചു പരിചയം വന്നാൽ പിന്നീട് ഇവ ആവശ്യമില്ല.

പ്രയോഗരീതി

ഒന്നാമത്തെ കോട്ടിംഗിന ന്യൂബ്ളൂവും വെള്ളയും ചേർത്ത ഗ്രേ നിറം ഉണ്ടാക്കിവെക്കുന്നു. അടുത്തതായി ഫ്ളേക്ക് വൈറ്റും എല്ലോ ആക്കറും ചേർത്ത് അതിൽ ആവശ്യാനുസരണം ലൈറ്റ് റെഡും ചേർത്ത് ചായപ്പലകയിൽ വയ്ക്കുന്നു. രണ്ടാമതു പറഞ്ഞ നിറത്തോട് ഗ്രേകളർ കടുപ്പം കൂട്ടിയും കുറച്ചു ചേർത്ത് ഒന്നാമത്തെ കോട്ടിംഗ് ചേർക്കുന്നു. ഷെയിഡ് (shade) അധികമായി ആവശ്യമുള്ള സ്ഥാനത്ത് ന്യൂ ബ്ളൂവും ലൈറ്റ് റെഡും മാത്രം ആവശ്യാനുസരണം ചേർത്ത് ഉപയോഗിക്കണം. ഷെയിഡ് അധികമുള്ള എല്ലാ ഭാഗങ്ങളിലും ഇവവേണം ഉപയോഗിപ്പാൻ. ഒന്നാമത്തെ കോട്ടിംഗിന ഉപയോഗിക്കുന്ന നിറത്തിൽ (ഫ്ളൈക്ക് വൈറ്റ്, എല്ലോ ആക്കർ, ലൈറ്റ് റെഡ്) ഗ്രേ കലർത്തുന്തോറു നിറം ഇരുണ്ടു വരുന്നതാണ്.

ഒന്നാമത്തെ കോട്ടിംഗ് ചായം വെച്ചശേഷം മൂന്നുനാലു ദിവസം കഴിഞ്ഞ് ചായം നല്ലതിന്മണ്ണം ഉണങ്ങിക്കഴിഞ്ഞിട്ടു മാത്രം രണ്ടാം കോട്ടിംഗ് ചായം വയക്കുന്നു.

രണ്ടാമത്തെ കോട്ടിംഗിലാണ് സാക്ഷാൽ വരുത്തേണ്ടതായ മനുഷ്യനിറം വരുത്തേണ്ടത്. സാക്ഷാൽ വരുത്തേണ്ടതായ മനുഷ്യനിറം ഏതോ ആ നിറത്തേക്കാൾ ഇരുൾച്ച കൂടിയ നിറമായിരിക്കണം ഒന്നാം കോട്ടിംഗിനു വയ്ക്കേണ്ടത്.

രണ്ടാം കോട്ടിംഗ് വേലയക്ക് ഫ്ളൈക്ക് വൈറ്റ്, എല്ലോ ആക്കർ, ലൈറ്റ് റൈഡ്, കോബാൾട്ടു ബ്ളൂ, റോസ് മേഡർ എന്നിവ മാത്രം ഉപയോഗിക്കുന്നു. കോബാൾട്ടു ബ്ളൂവും, റോസ് മേഡറും നേരിയ (Transparent) ചായങ്ങളാണ്. അതായത് ഏതൊരു ചായപ്പണിയുടെ മീതെ ഈ ചായം വയ്ക്കുന്നുവോ. അടിയിൽ കിടക്കുന്ന ചായം മീതെ വയ്ക്കുന്ന ചായത്തിലൂടെ ദൃശ്യമാകുന്നുവെന്നു താൽപര്യം.

കോബാൾട്ടു ബ്ളൂവും ഫ്ളൈക്ക് വൈറ്റും ചേർത്ത് ഗ്രേകളർ ഉണ്ടാക്കിയഥാർത്ഥ നിറമായി ഉദ്ദേശിക്കുന്ന ത്വക്ക് വർണ്ണത്തിന്റെ സമീപത്തും ആ ഒരു നിറത്തിൽ കലർത്തിയും ഉപയോഗിക്കുക. ഈ ഗ്രേ കളറിൽ റോസ് മേഡർ ചേർത്തും കണ്ണിന്റെ സ്ഥാനത്തും ഇരുൾച്ച വേണ്ട ഭാഗത്തും തേക്കുന്നു. മനുഷ്യനിറത്തിന്റെ യാഥാർത്ഥ്യപ്രകാശനത്തിന ഒന്നാമത്തെ കോട്ടിംഗിന ന്യൂ ബ്ളൂ കൊണ്ടും, രണ്ടാമത്തെ കോട്ടിംഗിന കോബാൾട്ടു ബ്ളൂവ് കൊണ്ടുമുള്ള വേലയാണ് ആവശ്യം.

കണ്ണിന്റെ സ്ഥാനത്ത് കറുപ്പുനിറം വരുത്തുന്നത് പലതരത്തിൽ ദോഷകരമാണ്, കോബാൾട്ടു ബ്ളൂവിൽ വൈറ്റ് ചേർത്തുണ്ടാക്കുന്ന ഗ്രേകളറിൽ എല്ലോ ആക്കറും റോസ് മേഡറും ചേർത്ത് കണ്ണിന്റെ പരിസരങ്ങളും ദൃഷ്ടിയും എഴുതുക. അതിൽതന്നെ അൽപംകൂടി ഇരുണ്ടനിറം വരുത്തുന്നതിന റോസ് മേഡറിന്റെ സ്ഥാനത്ത് അലാസറിൻ ക്രിംസൺ ചേർക്കുക എന്നിവയാണ് അത്യുത്തമം.

ഒന്നാം കോട്ടിംഗ് നല്ലതിന്മണ്ണം ഉണങ്ങിക്കിട്ടുന്നതിനുമുമ്പ് രണ്ടാ കോട്ടിംഗ് ചായം വെച്ചാൽ ചിത്രം പിൽക്കാലത്ത് പൂപ്പ് പിടിച്ചതായിത്തീരുന്നതാണ്.

ചായത്തിൽ ലിനസിഡ് ഓയിൽ നിവൃത്തിയുള്ള പക്ഷം ചേർക്കരുത്. ചായം ക്യാൻവാസിൽ കട്ടിയായി വീണാലും ലിൻസിഡ് ഓയിൽ ചേർത്ത് ചായം ചാലിച്ച് തേച്ചാലും പഴക്കത്തിനു ചായം കറക്കുന്നതാണ്. ബാക്ക് ഗ്രൗണ്ട് എഴുതുമ്പോഴോ, ഉണക്കു നിമിത്തം ചായത്തിനു വേണ്ടത്ര അലിവു കിട്ടാത്തപ്പോഴോ അൽപം ലിൻസിഡ് ഓയിൽ തൊടുകയെ ചെയ്യാവൂ. ലിൻസിഡ് ഓയിലിനു പകരം പപ്പോമാ മീഡിയമാണെങ്കിൽ നിർഭയം ഉപയോഗിക്കാം. ലിൻസിഡ് ഓയിലിന്റെ ഉപ യോഗം എത്രയും കുറയ്ക്കുന്നുവോ അത്രയും നല്ലത്. ഓയിൽ പെയിന്റിംഗിന പപ്പോമാ മീഡിയം മാത്രമേ അമേരിക്കൻ ചിത്രകാരന്മാർ ഉപയോഗിക്കാറുള്ളൂ.

ഒരു നിറത്തെ യാഥാർത്ഥ്യമായി തോന്നിപ്പിക്കുന്നത് അതിന്റെ സമീപത്തു വീഴുന്ന നിറം കൊണ്ടു കൂടിയാണെന്നുള്ള തത്വം ഒരിക്കലു വിസ്മരിക്കരുത്. ബാക്ക് ഗ്രൗണ്ടിന്റെ സ്ഥിതികൊണ്ടാണ് നിറത്തിനു യാഥാർത്ഥ്യം തോന്നിപ്പിക്കുന്നതും ഐവറി ബ്ളാക്ക്, റാവുസിയന്നാ, ബൺഡ് സിയന്നാ, ക്രിംസൺലേക്ക് എന്നീ ചായ ങ്ങൾ മനുഷ്യനിറത്തിൻ ഉപയോഗിക്കയെ ചെയ്യരുത്. ഇവയെല്ലാം പഴക്കത്തിൻ നിറം കെട്ടും മറ്റൊന്നായി പരിണമിക്കും, പ്രഷ്യൻബ്ളൂവും ഇങ്ങനെതന്നെ.

മനുഷ്യനിറത്തിനുവേണ്ടി ചായങ്ങൾ സമ്മിശ്രപ്പെടുത്തുമ്പോഴും ചായങ്ങൾ ക്യാൻവാസിൽ വിന്യസിക്കുമ്പോഴും ഏതേതു ചായം ഉപയോഗിച്ചാലും ശരി, അവ യുടെ വിന്യാസത്തിൽ ടോൺ ശരിപ്പെട്ടിരിക്കണമെന്നു പ്രത്യേകം കരുതേണ്ടതാ ണ്.

കട്ടനിറം, മുഴച്ചുനിൽക്കുന്ന ഔട്ട് ലൈൻ,കട്ടികൂടിയ ഷെയിഡ്, കൃഷ്ണമ ണിക്ക് കറുപ്പ്, മുഖത്തേക്കാൾ ഇതരഭാഗത്തിനു തെളിച്ചം കൂട്ടുക, വേല ചെയ്തചായം നല്ലതിന്മണ്ണം ഉണങ്ങുന്നതിന മുമ്പ് പച്ചയ്ക്കു പച്ചയായി ചായം

പിന്നെയും പുറമെ തേക്കുക. (ഇതു കൊണ്ടാണ് ചിത്രം പൂക്കുക) പുരികത്തിനു കറുപ്പ് വർദ്ധിപ്പിക്കു, ലിൻസിഡ് ഓയിൽ ഒഴിച്ചുകൂടാത്ത അത്യാവശ്യത്തിൽ കവിഞ്ഞ് ഉപയോഗിക്കുക, എന്നിവയെല്ലാം എണ്ണച്ചായാ ചിത്രമെഴുത്തിൽ വർജ്ജനീയമത്രെ.

എത്രയും കുറച്ച് ചായങ്ങൾകൊണ്ട് ഫലസിദ്ധി ഉണ്ടാക്കുകയല്ലാതെ, ചായങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കരുത്. വൈയിറ്റ്, എല്ലോ ഓക്കർ, ലൈറ്റ് റെഡ്, കോബാൾട്ട് ബ്ളൂ, റോസ് മേഡർ, വെർ മില്യൻ എന്നിത്രയും ചായങ്ങൾ കൊണ്ട് ഏതു മനുഷ്യനിറവും ഉണ്ടാക്കുവാൻ കഴിയും.

ചിത്രങ്ങൾ എഴുതിത്തീർന്നശേഷം ഒരു ആറു മാസമെങ്കിലും കഴിഞ്ഞേ വാർണീഷ് വയ്ക്കാവൂ. ഉടനെ തന്നെ വച്ചാൽ കട്ടവെടിച്ച് കീറുന്നതുപോലെ ചായം വിണ്ടുവെടിക്കും. എത്രമാത്രം കട്ടികുറച്ച് വയ്ക്കാമോ അത്ര ലോലമായിട്ടു മാത്രമേ വാർണീഷ് വയ്ക്കാവൂ. കൂടുതൽ കട്ടിയായി വാർണീഷ് ഇട്ടാൽ ഒടുവിൽ വാർണീഷ് തന്നെ വിരിഞ്ഞ് വെടിച്ച് പൊരിയും. പിന്നീട് അവ മാറ്റുവാൻ സാദ്ധ്യമല്ല. ചിത്രം ആകപ്പാടെ മങ്ങിപ്പോകും. പഴക്കമുള്ള ചിത്രങ്ങൾ വാർണീഷ് വയക്കുന്നതിന മുമ്പ് സ്പഞ്ച് പെട്രോളിൽ മുക്കിതുടച്ചാൽ അഴുക്കും പൊടിയും നിശ്ശേഷം നീങ്ങും.

അനുബന്ധം 6
നിറങ്ങളുടെ ഉപയോഗം - ആത്മകഥയിൽ നിന്ന്

നിറങ്ങളുടെ പ്രയോഗം

ചിത്രമെഴുതുന്നതിലേക്കു മനുഷ്യനിറം കൂട്ടുവാൻ ആദ്യകാലത്ത് ഞാൻ പല ചായങ്ങൾ ഉപയോഗിച്ചിരുന്നു. ഇന്നാവട്ടെ എണ്ണച്ചായങ്ങളുടെ പട്ടികയിൽ ഏതാനും ചായങ്ങൾ മാത്രമേ ഞാൻ ഉപയോഗിക്കുന്നുള്ളൂ. പ്രകൃതിയിൽ കാണുന്നതായ ഒരു പദാർത്ഥത്തിന്റെ നിറം ക്യാൻവാസിൽ വരുന്നത് ആ നിറത്തെ ദ്യോതിപ്പിക്കുന്നതായ ഏതെങ്കിലും ഒരു നിറത്തിന്റെയോ അഥവാ ഒന്നിലധികം ചായങ്ങൾ കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതായ ഒരു നിറത്തിന്റേയോ സ്വതസിദ്ധമായ വ്യക്തിത്വം മൂലമല്ല എന്നും ആ നിറത്തിന ചിത്രത്തിന്റെ പശ്ചാത്തലത്തിൽ പ്രയോഗിക്കുന്ന ഇതരനിറങ്ങളുടെ സാമീപ്യത്താൽ മാത്രമാണ് സ്വതസിദ്ധമായ നിറം പ്രാധാന്യേന വന്നു ചേരുന്ന തെന്നും അനുഭവങ്ങൾ മുൻനിറുത്തി എനിക്കു ധൈര്യമായി പറയുവാൻ കഴിയും. ചായങ്ങളുടെ സമ്മിശ്രണത്തിലും അവയെ പ്രയോഗിക്കുന്ന രീതിയിലും അടിയുറച്ച പരിചയവും പ്രയോഗസുഗമത്വവും പ്രാപിച്ചതായ ചിത്രലേഖന രീതിയുടെ മാന ദണ്ഡം ഔട്ട്ലൈനിൽനിന്ന് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.

എന്റെ ഗുരുവായ ശ്രീ. മുകുന്ദൻതമ്പിയുടെ ഛായാചിത്രങ്ങൾ അടുത്തു നോക്കിയാൽ ഒന്നിന്റെ ഔട്ട്ലൈൻ എവിടെ ആരംഭിച്ചുവെന്നും എവിടെ അവസാനി ച്ചുവെന്നും ഒരു ചിത്രകാരനും പറവാൻ കഴിയുന്നതല്ല. സാമാന്യജനങ്ങളുടെ കാര്യം പറവാനുമില്ല. എന്നാൽ ഒരു മൂന്നോ നാലോ വാര അകലെ നിന്ന് നോക്കിയാൽ ഔട്ട്ലൈൻ വളരെ വ്യക്തമായി തെളിഞ്ഞുനിൽക്കുന്നതു കാണാം. ഹൃദയസ്പർശി യായ ഒരു കവിതയുടെ മധുരിമയാണ് അപ്പോൾ തോന്നുക. ഒരു അംഗവും, ഒരു ഭാവവും യാതൊന്നും കണ്ണിൽ തറച്ചുകൊള്ളാതെ എന്തെന്നില്ലാതെ കണ്ണിനും ഹൃദ

യത്തിനും അനിർവ്വചനീയമായ ഒരു കുളിർമ്മയെ പ്രദാനം ചെയ്തുകൊണ്ടാണ് ചിത്രം ഹൃദയത്തിൽ പതിയുക. വിവരിക്കവയ്യാത്ത ഒരു സുഖം മനസ്സിന്. ആത്യന്തികമായ ഒരു ആനന്ദമധുരിമ ചിന്തയ്ക്ക്. ഒരു ഓമൽകുളിർമ്മ കണ്ണിന്. ഒരു രോമാഞ്ചം ശരീരത്തിന്. പരിമൃദുലമായ ഒരു ശീതളിമയും മാധുര്യവും അങ്ങനെ ഒന്നുപോലെ ഹൃദയത്തിനും കണ്ണിനും അനുഭവപ്പെടുന്നു. നോക്കുന്നവരുടെ കണ്ണിൽ തറച്ചുകൊള്ളുന്ന ഒരു ഔട്ട്ലൈനും ചിത്രത്തിൽ കാണാനുണ്ടായിരിക്കുന്നതല്ല. എന്നാൽ ഔട്ട്ലൈൻ എല്ലാം ഉണ്ടായിരിക്കുന്നതുമാണ്. ദൃഢത കൂടുന്തോറും സൂക്ഷ്മത ചിത്രങ്ങളിൽ കുറഞ്ഞുപോകുന്നു. അടുത്തു നോക്കിയാൽ കണ്ണിന്റെ കൃഷ്ണമണിക്ക് പോലും ഔട്ട്ലൈൻ ഉണ്ടായിരിക്കുന്നതല്ല. ഗുരുവര്യന്റെ ഈ രീതി ചിരഭ്യാസത്താൽ ഞാൻ സ്വായത്തമാക്കിവരികയാണ്. ദൃഢതയിൽ കടുപ്പവും നോട്ടത്തെ - ദർശനശക്തിയെ - അകലേക്ക് ചീളെന്ന് തള്ളിനിൽക്കുന്ന പളപളപ്പുള്ള കടുംവെളിച്ചവും ഞാൻ ചിത്രത്തിൽ ഒരിക്കലും ഉപയോഗിക്കുമാറുമില്ല. കൂരിരുട്ടും കടുംവെളിച്ചവും സിനിമാപ്പടങ്ങൾക്കുള്ള പടപ്പരസ്യങ്ങൾക്കല്ലാതെ മുഖഛായാ ലേഖനങ്ങൾക്ക് ഒരിക്കലും പറ്റിയവയല്ല. നേരിയ ഇരുട്ടും തങ്ങളിൽ വിളക്കിച്ചേർക്കുന്ന നേരിയ വെളിച്ചവും അവയ്ക്കുള്ളിൽ തിളങ്ങി പ്രകാശിക്കേണ്ടിവരുന്ന കടും വെളിച്ചവും തമ്മിൽ വിളക്കിച്ചേർക്കുമ്പോൾ ലോലത്വം സൂക്ഷ്മമാക്കിത്തീർക്കുന്നതിൽ ഞാൻ എപ്പോഴും അത്യന്തം ശ്രദ്ധാലുവത്രെ. എന്റെ ചിത്രകലാലേഖനത്തിന്റെ വിജയം ഇവയിലത്രെ സ്ഥിതി ചെയ്യുന്നത്.

അനുബന്ധം 7

മലങ്കരനസ്രാണികളും പൂർവ്വചരിത്രസ്മരണകളും

(നസ്രാണിദീപിക 1919 നവംബർ 14)

വാഴ്ക വാഴ്ക നമ്മുടെ
പരിഷയെല്ലാം ഭൂമിമേൽ
വഴി കൂറായ് നടക്കവേണ്ടി
വന്തവരോ നാമെല്ലാം

അഞ്ഞൂറുകൊല്ലത്തിലധികം പഴക്കമുള്ള മാർഗ്ഗംകളിപാട്ടിലെ ഈ വരികളെഴുതുമ്പോൾ, ആ നസ്രാണിമഹാകവിയുടെ അന്തർഹൃദയം അഭിമാനാധിക്യത്താൽ ചാഞ്ചാടി നൃത്തം ചെയ്തുകൊണ്ടിരുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. അന്നത്തെ നസ്രാണികളുടെ ജാത്യൗൽകൃഷ്ടവും വീരപരാക്രമവും സ്ഥിരോത്സാഹവും നമ്മുടെ കവിക്ക് വേണ്ടതിലധികം ബോധ്യപ്പെട്ടിരുന്നതിനാൽ കേവലം വഴിയാധാരമായി നടക്കേണ്ട ഒരു പരിഷയല്ല നാമെന്ന് അദ്ദേഹം ധൈര്യപൂർവ്വം ഉച്ചരിക്കുന്നു. പിന്നെയോ പ്രതാപശാലികളായ മഹാരഥൻമാരുടെ സന്താനങ്ങൾ വിദേശസഞ്ചാരത്താലും കപ്പൽക്കച്ചവടത്താലും ബുദ്ധിസംസ്ക്കാരവും മനോവികാസവും സിദ്ധിച്ച ലോകപ്പെരുംചെട്ടികളുടെ അനന്തരഗാമികൾ, മുസലോപമങ്ങളായ ബലിഷ്ഠഹസ്തങ്ങളിൽ പോർവാൾ ചുഴറ്റി സ്വരാജ്യത്തിനും രാജാവിനും വേണ്ടി ശത്രുവർക്ഷത്തെ അരിഞ്ഞമർത്തിയ ധീരകേസരികളുടെ വാത്സല്യനിധികൾ, സത്യം, സമത, സാത്വികവൃത്തി, ദീനജനസംരക്ഷണം, എന്നിവയോടുകൂടി സദാ സദാചാരനിഷ്ഠൻമാരായി ജീവിച്ചുപോന്ന ഉത്കൃഷ്ടകുലജാതൻമാർ. കേരളത്തി

ലുള്ള ഉത്കൃഷ്ടകുലജാതന്മാർ, കേരളത്തിലുള്ള ഉത്കൃഷ്ടവംശരായ ബ്രാഹ്മണരോടൊപ്പം മഹിമപ്രതാപസൗഭാഗ്യങ്ങൾ അനുഭവിച്ചുപോന്ന ഒരു വിശിഷ്ടവർക്ഷം. ആധ്യാത്മിക ജീവിതാസക്തിയോടു കൂടി പാരമ്പര്യസിദ്ധമായ അന്താഃകരണപരിശുദ്ധിയെ സദാ പാലിക്കുന്നവരായി ഗംഭീരധീരത്വത്താലും, വീരതേജസ്സിനാലും ശൗര്യപ്രകടനങ്ങൾ കൊണ്ടും അസാമാന്യ പൗരുഷശാലികളായി മഹാരാജാക്കന്മാരുടെ അഭിനന്ദനവർഷങ്ങൾക്ക് അർഹന്മാരായി രാജ്യകാര്യാലോചനസംഘങ്ങളിൽ രാജാവിനോടൊപ്പം ഒരേ പരവതാനിയിൽ ഇരുന്ന് സ്വതന്ത്രാശയപ്രകടനങ്ങൾ കൊണ്ട് രാജ്യരക്ഷയെ നിർവ്വഹിച്ചിട്ടുള്ള രണതന്ത്രകുശലന്മാരായി, സിംഹളതുല്യരായി, പോരാളിവീരന്മാരായി, സർവ്വജനകീർത്തനീയന്മാരായി പ്രകാശിച്ചിരുന്ന ആ നസ്രാണി മഹാപുരുഷന്മാരുടെ കാൽച്ചുവടുകളെ അനുഗമിക്കേണ്ടവർ, അത്രേ നാമെന്ന് ആ കവിപുംഗവൻ അഭിമാനിക്കുന്നു.

മലങ്കര നസ്രാണിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പ്രഥമകവിപദത്തെ അലങ്കരിച്ചിരിക്കുന്ന ആ മഹാത്മാവ് ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഇന്നത്തെ നസ്രാണികളുടെ ജാത്യഭിമാനഹീനതയെ സംബന്ധിച്ച് അദ്ദേഹം എന്തുപറയുമായിരുന്നുവെന്ന് ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്.

കേരളത്തിൽ വാണിജ്യം, ആഭിജാത്യം, സ്വാമിഭക്തി, കപ്പൽസഞ്ചാരം, ശൗര്യവീര്യപരാക്രമം, ബുദ്ധിശക്തി, സദാചാരനിഷ്ഠ, രാജ്യക്ഷേമകാംക്ഷ എന്നിവയിൽ നസ്രാണിവർഗ്ഗത്തെ അതിശയിക്കുന്ന ഒരു ജാതി ഇന്നുവരെ ഉണ്ടായിട്ടില്ലെന്ന് പൂർവ്വചരിത്രങ്ങൾ മുക്തകണ്ഠം ഘോഷിക്കുന്നുണ്ട്. ഇത്ര ശ്രേഷ്ഠമായ ഒരു ജാതിയെ സംബന്ധിച്ച്, അതിന്റെ ഭണ്ഡാരത്തിൽ ചരിത്രസാമഗ്രികൾ ആവ്യാഖ്യേയങ്ങളായി കിടപ്പുള്ള സ്ഥിതിക്ക്, യാതൊരു ചരിത്രാഖ്യായികളും, ഇന്നുവരെ പുറപ്പെട്ടിട്ടില്ലല്ലോ എന്നുള്ള അഭിമാനഭംഗത്താൽ എന്റെ സ്നേഹിതന്മാരും പരിചിതന്മാരു

മായ ആയിരത്തിലധികം നസ്രാണിയുവാക്കളുടെ ഹൃദയം അതിതീവ്രമായി വ്രണപ്പെട്ടുകൊണ്ടിരിക്കുന്നതായി ഞാൻ അറിയുന്നുണ്ട്.

ജാത്യഭിമാനവും ആത്മാഭിമാനവും ഇല്ലാത്ത യാതൊരു ജാതിക്കും ജീവിതമത്സരത്തിൽ വിജയം പ്രാപിക്കാൻ സാധിക്കയില്ലെന്നുള്ളത് എത്രയോ സപഷ്ടമാണ്. അഭിമാനം ഒന്നു മാത്രമാണ് സ്വാതന്ത്ര്യബോധത്തെ ജനിപ്പിക്കുന്നത്. സ്വാതന്ത്ര്യകാക്ഷയില്ലാത്ത ഒരു ജനസമുദായത്തിനും പൗരാവകാശസമ്പാദനത്തിനായി മുന്നോട്ടിറങ്ങാൻ സാധിക്കുന്നില്ല. അതിനാൽ എല്ലാ ജനസമുദായങ്ങളും സ്വവർഗ്ഗത്തിന്റെ പൂർവ്വചരിത്രങ്ങളെ കനകദ്രാവകം പൂശി കാണിപ്പാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

പരിഷ്കൃതവർഗ്ഗക്കാരായ പാശ്ചാത്യന്മാർ ഈ പരമതത്വത്തെ മനസ്സിലാക്കി, ആത്മപൗരുഷദ്യോതകങ്ങളായ കവിതകൾ കൊണ്ടും, ചരിത്രാഖ്യായികൾ കൊണ്ടും, ചരിത്രങ്ങൾ അനന്തരസന്താനങ്ങളുടെ ആത്മനാളങ്ങളിൽ അഭിമാനവീര്യവികാരങ്ങളെ ഉത്തേജിപ്പിക്കുന്നു. കാഴ്ചബംഗ്ലാവുകൾ, പത്രകാര്യാലയങ്ങൾ, അഭ്യാസമത്സരങ്ങൾ, കേളിസ്ഥലങ്ങൾ, ശയന മന്ദിരങ്ങൾ, എന്നു വേണ്ട ദേവാരാധാനത്തിനായി സ്ഥാപിതങ്ങളായിരിക്കുന്ന ദേവാലയങ്ങളുടെ മതിലുകൾ കൂടിയും സ്വവർക്ഷപൗരുഷത്തെ പ്രദ്യോതിപ്പിക്കുന്നതായ ചരിത്ര പരമ്പരകളാൽ ആലംകൃതങ്ങളാണ്. ഈ വക ചിത്രങ്ങൾ പ്രസിദ്ധയുദ്ധരംഗങ്ങളിലെ ഭയങ്കര സംഭവങ്ങളെയും ശൗര്യവീര്യപരാക്രമങ്ങളെയും തത്തുല്യമായി പ്രകാശിപ്പിക്കുന്നു. ഇത്തരം ചിത്രങ്ങളും ചരിത്രാഖ്യായികകളും കവിതകളും കൊണ്ട് എല്ലാ മാതാപിതാക്കന്മാരും അദ്ധ്യാപകൻമാരും സ്വാതന്ത്ര്യാർജ്ജനാകാംക്ഷയെ യുവഹൃദയങ്ങളിൽ ഉദ്ദീപിപ്പിക്കുന്നുണ്ടെന്ന് കേൾക്കുമ്പോൾ ഒരു ജനസമുദായത്തിന്റെ ഉത്കർഷത്തിന അഭിമാനം എത്ര കണ്ടു സഹായിക്കുന്നുവെന്ന് നന്നായി തെളിയുന്നതാണ്.

തുടർച്ചയോടു കൂടിയ ഒരു ചരിത്രഘട്ടത്തിന്റെ പരസ്പര സംബന്ധത്തെ വഴിയാംവണ്ണം പ്രകാശിപ്പിപ്പാൻ ചിത്രങ്ങൾക്ക് കഴിയാത്തതിനാൽ ചരിത്രാഖ്യായികാ

നിർമ്മാണം വഴിക്ക് ആ മഹൽ കാര്യത്തെ പാശ്ചാത്യന്മാർ സാധിച്ചിരിക്കുന്നു. സ്വവർഗ്ഗത്തെ പുരസ്ക്കരിച്ചുള്ള എതെങ്കിലും ഒരു ചരിത്രാഖ്യായിക പാരായണ ത്താൽ അഭിമാനബോധത്തെ ഉജ്ജ്വലിപ്പിക്കാത്ത യാതൊരുവനും പാശ്ചാത്യജനസമു ദായത്തിൽ ഉണ്ടായിരിക്കില്ലെന്ന് തീർത്തുപറയാവുന്നതാണ്.

ഈ ഒരഭിമാനമാണ് സ്വാതന്ത്ര്യകാംക്ഷയേയും തന്മൂലം അവകാശവാദതല്പ രതയേയും സ്വജാതിപ്രണയത്തെയും തദ്വാരാ സ്വദേശ ഭക്തിയെയും രാജ്യക്ഷേമ കാംക്ഷയേയും ഉല്പാദിപ്പിക്കുന്നത്.

മലങ്കര നസ്രാണികളുടെ ചരിത്ര ഭണ്ഡാരത്തിൽ അസംഖ്യങ്ങളാ യികിടപ്പുള്ള ചരിത്രസാമഗ്രികളെ അനന്തര സന്താനങ്ങളുടെ ദൃഷ്ടിപഥത്തിൽ നിര ത്തിവെക്കാൻ ഉത്സാഹിക്കാത്തത് നസ്രാണിവർഗ്ഗത്തിനാകെ അപമാനകരമായിരിക്കു ന്നു. ഇതേപ്പറ്റി ഓർമ്മിക്കുമ്പോൾ സങ്കടം കൊണ്ട് എന്റെ കണ്ണുകളിൽ അശ്രുകണ ങ്ങൾ കെട്ടാറുണ്ടെന്നു കൂടി ഞാൻ വായനക്കാരുടെ അനുവാദത്തോടുകൂടി പറഞ്ഞു കൊള്ളുന്നു.

നമ്മുടെ മാന്യരായ നായർ സഹോദരങ്ങളെ ഞാൻ ഈ കാര്യത്തിൽ വളരെ ബഹുമാനിക്കുന്നു. മാർത്താണ്ഡവർമ്മ, ധർമ്മരാജാ,രാമരാജബഹദൂർ എന്നീ ചരി ത്രാഖ്യായികകൾ കൊണ്ട് പ്രസിദ്ധകവിയായ സി. വി. രാമൻപിള്ള അവർകൾ സ്വസ മുദായത്തിന്റെ പൂർവ്വമാഹാത്മ്യത്തെ തെളിയിച്ചിരിക്കുന്നു. രാമരാജബഹദൂർ, ധർമ്മ രാജാ ഈ കൃതികൾ വായിക്കുന്ന ഒരു നായരുടെ ഹൃദയം അഭിമാനാതിരേകത്താൽ ചാഞ്ചാടി ഇളകാത്ത പക്ഷം ആയാൾ ഒരു നായരല്ല. കേവലം ഒരു ശൂദ്രനാണെന്നു തന്നെ ഞാൻ അഭിപ്രായപ്പെടും. പ്രത്യുത നായരാണെങ്കിൽ പ്രസിദ്ധവീരന്മാരായ പൂർവ്വനായന്മാരെ ഓർത്ത് അയാൾ സന്തോഷിക്കാതിരിക്കയില്ലെന്നുള്ളത് നിശ്ചയമാ ണ്.

എന്നാൽ മേല്പറഞ്ഞ ചരിത്രാഖ്യായികാ നിർമ്മാണത്തിൽ നമ്മുടെ കവി, ചരിത്രകാരന്റെ കണ്ണിൽ ഈയിടെക്കു പൊടിമണ്ണു വാരിയിട്ടിട്ടുണ്ടെന്നു ഞാൻ സങ്കട ത്തോടു കൂടി പറഞ്ഞു കൊള്ളുന്നു. മാർത്താണ്ഡവർമ്മ എഴുതുന്ന കാലത്ത് കവി യുടെ മനോഗതി ഇന്നത്തെ വിധമല്ലായിരുന്നു എന്നുള്ളതിന പ്രസ്തുത ഗ്രന്ഥം തന്നെ ലക്ഷ്യമാണ്. മാർത്താണ്ഡവർമ്മയിൽ തിരുവിതാകൂർ രാജാവിന്റെ സൈന്യ ങ്ങളായി, ചാന്നാന്മാർ, മഹമ്മദീയർ, മറവന്മാർ ആദിയായവർക്കു പ്രവേശനം നല്കി യിട്ടുണ്ട്. എന്നാൽ ധർമ്മരാജാവിലും രാമരാജബഹദൂറിലുമാവട്ടെ, ഈ കൂട്ടർക്കു പ്രവേശനം അനുവദിച്ചിട്ടില്ല. തിരുവിതാംകൂർ സൈന്യങ്ങളിൽ നായകന്മാർ, ക്രിസ്ത്യാനികൾ, ഈഴവൻമാർ, മഹമ്മദീയർ, മറവർ, പറയർ ആദിയായി പല ജാതി മതസ്ഥരും ഉണ്ടായിരിക്കെ പ്രസ്തുതകൃതികളിൽ നായന്മാർക്കു മാത്രം പ്രവേശനം നൽകിയിരിക്കുന്നത് ഒട്ടും ഭംഗിയായിട്ടില്ല. ഇതിനും പുറമെ രാജാ കേശവദാസന്റെ ഗുരുവും ആ വീരകേസരിയെ ആയുധാഭ്യാസം പഠിപ്പിച്ച ദേഹവും തിരുവിതാകൂർ സൈന്യങ്ങളുടെ നായകസ്ഥാനം മരണപര്യന്തം വഹിച്ച് അനേകം ഭയങ്കരയുദ്ധ ങ്ങൾ നടത്തി ഇന്നത്തെ തിരുവിതാകൂർ രാജ്യത്തിന്റെ അതിരുകളെ വിസ്തീർണ്ണപ്പെ ടുത്തിയ പ്രസിദ്ധയോദ്ധാവുമായ ഡിലനോയിയെ മി. സി.വി. രാമൻപിള്ള അജ്ഞാ തസമുദ്രത്തിൽ കെട്ടിത്താഴ്ത്തിയതും ഒരു ഗ്രന്ഥകാരനുണ്ടായിരിക്കേണ്ട നിഷ്കർഷ ബുദ്ധിക്ക് ഒട്ടും തന്നെ യോജിച്ചതായിരിക്കുന്നില്ല. സാവിത്രിക്കുട്ടി ടിപ്പുവിനോടുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതായി പറയുകയോ, സുഭദ്ര ഒരു ജീവൽ പാത്രമാ ണെന്ന് നാളെയുള്ളവർ ഉദ്ഘോഷിക്കയോ ചെയ്തിരുന്നാലും ഒരു ചരിത്രാഖ്യായിക യുടെ വിശ്വാസ്യതയെ സംബന്ധിച്ചിടത്തോളം, കവിതയെക്കാൾ മെച്ചം ചരിത്രകാര നാണെന്നുള്ളത് നിസ്തർക്കമായ സംഗതിയാണ്.

അതിനാൽ ഭാവനാനിർമ്മാണവൈദഗ്ധ്യം കൈക്കൽ വേണ്ടുവോളമു ണ്ടെ ന്നുവിചാരിച്ച് ഒരു ചരിത്രാഖ്യായികയെ സംബന്ധിച്ചിടത്തോളം ഗ്രന്ഥകാരന സ്വീകാ

ര്യയോഗ്യമല്ലാത്തതായ അവാസ്തവകഥാംശങ്ങളെ ചരിത്രാഖ്യായികളിൽ ചുറ്റി വെച്ച് കഥാനിർമ്മാണത്തിനു തുനിയുന്ന പക്ഷം ആയത് ആ ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്ക് ഒരു കണ്ഠകോടാലിയായിരിക്കുമെന്ന് ഞാൻ എല്ലാ സമുദായങ്ങളോടും ഉപദേശിച്ചുകൊള്ളുന്നു. ചരിത്രകാരൻ ദയാപൂർവ്വം അനുവദിച്ചു തരുന്നതായ സീമയെ തട്ടി നിരത്താൻ തുനിയുന്ന പക്ഷം ചരിത്രാഖ്യായികാ കർത്താവിനു തന്നെ നിലയില്ലെന്നു വന്നു കൂടാവുന്നതാണ്.

അനുബന്ധം 8

ഛായാചിത്രങ്ങൾ

1. മലങ്കര ഇടവകയുടെ പുലിക്കോട്ടു മാർ ജോസഫ് ദിവന്നാസ്യോസ് മെത്രപ്പോലീത്തായുടെ ഒരു പൂർവ്വകായാചിത്രം.
2. ടി. മെത്രാപ്പോലീത്തായുടെ ഒരു പൂർണ്ണകായാചിത്രം.
3. 1909-ൽ ആലപ്പുഴ ചെട്ടികാട് കുരിശ്ശിങ്കൽ ലോനൻപിള്ളയുടെ പിതൃവര്യൻ ശൗര്യാർ പാദരിയുടെ ചിത്രം.
4. ടി. ലോനൻപിള്ളയുടെ അമ്മയുടെ ചിത്രം.
5. 1910-ൽ അനന്തപുരത്ത് മൂത്തകോയിത്തമ്പുരാന്റെ ചിത്രം.
6. വഞ്ചിപ്പുഴ തമ്പുരാന്റെ ചിത്രം.
7. റാന്നിയിൽ പുരയ്ക്കൽ കോർ എപ്പിസ്ക്കോപ്പായുടെ ചിത്രം.
8. കല്ലിശ്ശേരിൽ നെടിയുഴത്തിൽ കുരുവിളയുടെയും ഭാര്യയുടെ രണ്ടു ചിത്രങ്ങൾ.
9. കല്ലിശ്ശേരിൽ പുരയ്ക്കൽ ചാക്കോച്ചന്റെ ചിത്രം.
10. കല്ലിശ്ശേരിൽ താമരപ്പള്ളിൽ ഉണ്ണിട്ടന്റെ ഭാര്യയുടെ ചിത്രം.
11. കല്ലിശ്ശേരിൽ പുളിമൂട്ടിൽ കത്തനാരുടെ ചിത്രം.
12. ചങ്ങനാശ്ശേരി സി.ആർ.കൃഷ്ണപിള്ള. ബി.എ. എൽ.റ്റിയുടെ മതാപിതാക്കളുടെ രണ്ടു ചിത്രങ്ങൾ.
13. ആലപ്പുഴ ചെട്ടികാട് പൂങ്കാവ് പള്ളി വികാരിയായ കൊച്ചിക്കാരൻ ജോസഫ് ആലുങ്കൽ അച്ചന്റെ ചിത്രം.

14. പുലിക്കോട്ട് യൗസേഫ് ശെമ്മാശ്ശന്റെ ഒരു ചിത്രം.

15. മാവേലിക്കര പറമ്പിൽ പണിക്കർ കത്തനാരുടെ ഒരു ചിത്രം.

16. മാവേലിക്കര നടയ്ക്കാവിൽ പുത്തൻപുരയ്ക്കൽ വർക്കി വാദ്ധ്യാരുടെ ഭാര്യയുടെ ചിത്രം.

17. മുട്ടത്ത് ഊരുലേത്ത് കുഞ്ഞുപണിക്കന്റെ മാതാപിതാക്കളുടെ ചിത്രങ്ങൾ.

18. മുട്ടം കൊക്കാട്ടേത്ത് പപ്പു ചാന്നാരുടെ ചിത്രം.

19. മുട്ടത്ത് ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാരുടെ ചിത്രം.

20. തിരുവിതാംകൂർ ഗവ: ചീഫ് സെക്രട്ടറി സി.ഒ. മാധവന്റെ അച്ഛന്റെ ചിത്രം.

21. കീരിക്കാട്ട് കോട്ടൂർ ഗോവിന്ദൻ ചാന്നാരുടെ മാതാപിതാക്കളുടെ ചിത്രങ്ങൾ.

22. കോട്ടയം ചെറിയാൻ രജിസ്റ്റാറുടെ പിതാവിന്റെ ചിത്രം.

23. ആലാ വെളുത്തേരിയിൽ ശമുവേലിന്റെ അമ്മയുടെ ചിത്രം.

24. കീരിക്കാട്ട് ആലപ്പുഴത്ത് നമ്പൂതിരിയുടെ ചിത്രം.

25. കോട്ടയം മറ്റീത്ര മത്തായിചാണ്ടിയച്ഛന്റെ അമ്മാവി അപ്പന്റെ ചിത്രം.

26. ചെങ്ങന്നൂർ ആറാട്ടുപുഴ കിഴവൻ മൂപ്പിലെ ചിത്രം.

27. കോട്ടയം വെങ്കടത്ത് അച്ചന്റെ ചിത്രം.

28. നിരണത്ത് പട്ടമുക്കിൽ അച്ചന്റെ ചിത്രം.

29. വീയപുരം കുറിച്ചിയേത്ത് വലിയപ്പന്റെ ചിത്രം.

30. അന്ത്യോഖ്യാ പ്രതിനിധി മാർ ഒസ്താത്തിയോസ് മെത്രാന്റെ ചിത്രം കോട്ടയം പഴയ സെമിനാരിയിലേക്ക്.

31. പൊൻകുന്നം തമ്പലക്കാട്ട് പുതുമന യൗസേപ്പച്ചന്റെയും രണ്ട് സഹോദരങ്ങളുടെ ചിത്രങ്ങൾ.
32. കൊച്ചി മഹാരാജാവിന്റെ ചിത്രം.
33. കൊച്ചി ഇരിങ്ങാലക്കുട കരിയന്നൂർ കന്യകാമഠം മനേജർ അച്ചന്റെ ചിത്രം.
34. പാലാ ഇടമറ്റം കുരുവിനാ കുന്നേൽ തൊമ്മച്ചന്റെയും ഭാര്യയുടേയും രണ്ടു ചിത്രങ്ങൾ.
35. കോതമംഗലത്ത് ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിതൊമ്മന്റെ മാതാപിതാക്കളുടെ ചിത്രങ്ങൾ.
36. കോതമംഗലം കത്തോലിക്കാ പള്ളി വികാരിയുടെ ചിത്രം.
37. ചങ്ങനാശ്ശേരി ആനന്ദാശ്രമത്തിലേക്ക് ശ്രീനാരായണ ഗുരുവിന്റെ ചിത്രം.
38. അയിരൂർ കാങ്ങേറ്റുകര ശിവക്ഷേത്രത്തിലേക്ക് ശ്രീനാരായണ ഗുരുവിന്റെ ചിത്രം.
39. കാവാലം ഗോവിന്ദപ്പണിക്കരുടെ മാതാവിന്റെ ചിത്രം.
40. ചെങ്ങന്നൂർ അരീക്കര കൊച്ചുകളീക്കൽ പുരുഷോത്തമന്റെ ചിത്രം.
41. റാന്നിയിൽ കല്ലൻപറമ്പിൽ ചാക്കോച്ചന്റെയും ഭാര്യയുടെയും രണ്ട് ചിത്രങ്ങൾ.
42. റാന്നി വയല ചാക്കോച്ചന്റെ മകളുടെ ചിത്രം.
43. പുത്തൻകാവ് വലിയ പള്ളിയിലേക്ക് ആറാം മാർത്തോമ്മായുടെ ചിത്രം.
44. മാവേലിക്കര കിഴക്കേപറമ്പിൽ തോമസ് പണിക്കരുടെ ചിത്രം.
45. മാവേലിക്കര കോട്ടയ്ക്കകം ഗേൾസ് സ്കൂളിലേക്ക് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ചിത്രം.

46. മാന്നാർ അരികുപുറത്ത് പാപ്പിയുടെ അമ്മയുടെ ചിത്രം.

47. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ട് മാർ ദിവന്ന്യാസ്യോസിന്റെ മൂന്നമത് ഒരു ചിത്രം.

48. ചങ്ങനാശ്ശേരി മെത്രാൻ ഡോ. കുര്യാളശ്ശേരിയുടെ ഒരു ചിത്രം.

49. മോൺ. ഫാ. കണ്ടങ്കരി അച്ചന്റെ ഒരു ചിത്രം.

50. രണ്ടാം കാതോലിക്കാ വാകത്താനത്ത് മാർ പീലക്സിനോസ് മെത്രപ്പോലീത്താ യുടെ ഒരു ചിത്രം.

51. കണ്ടനാട്ട് മുറിമറ്റത്ത് മാർ ഈവാനിയോസിന്റെ ചിത്രം.

52. കുണ്ടറ സെമിനാരിയിലേക്ക് മാർ അബ്ദുൾ മിശിഹാ പാത്രയർക്കീസിന്റെ ചിത്രം.

53. കുണ്ടറ, പഴയ സെമിനാരി, തഴക്കര ഇംഗ്ലീഷ് സ്ക്കൂൾ, പരുമല സെമിനാരി എന്നിവിടങ്ങളിലേക്ക് മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിന്റെ നാല് ചിത്രങ്ങൾ.

54. കല്ലാശ്ശേരിയിൽ മാർ ഗ്രീഗ്രോറിയോസ് മെത്രാപ്പോലീത്തായുടെ ചിത്രം.

55. ടി. മെത്രാൻ കാതോലിക്കാ ആയതിന ശേഷം എഴുതിച്ച ചിത്രം.

56. ടി. കാതോലിക്കായുടെ മാതാപിതാക്കളുടെ ചിത്രങ്ങൾ.

57. മീനച്ചിൽ പൂഭരണയിൽ പാപ്പച്ചന്റെയും ഭാര്യയുടെയും ചിത്രങ്ങൾ.

58. സരസകവി മൂലൂർ. എസ്. പത്മനാഭപ്പണിക്കരുടെ രണ്ട് ചിത്രങ്ങൾ.

59. മീനച്ചിൽ കള്ളിവയലിൽ പാപ്പച്ചന്റെയും അമ്മയുടെയും ചിത്രങ്ങൾ.

60. കാത്തിരപ്പള്ളിയിൽ പൊട്ടൻകുളം സഖറിയാ അച്ചന്റെയും അനുജൻ തൊമ്മച്ചന്റെയും, വിൻസെന്റ് സായിപ്പിന്റെയും ചിത്രങ്ങൾ.

61. കോട്ടം സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ സി.കെ. തോമസിന്റെ ചിത്രം.

62. തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ട് പത്മനാഭ അയ്യരുടെ ചിത്രം.

63. തിരുവിതാംകൂർ സാനിറ്ററി കമ്മീഷണർ ജോൺ ചാണ്ടിയുടെയും ഭാര്യയുടെയും പിതാവിന്റെയും മൂന്ന് ചിത്രങ്ങൾ. കോട്ടയം.

64. ചെങ്ങന്നൂർ ബുധനൂർ ചെറുതിട്ട ഉണ്ണിത്താന്റെ ചിത്രം.

65. കൊല്ലം ലെണ്ടൻമിഷൻ ക്രേവൺ ഇംഗ്ലീഷ് സ്കൂളിലേക്ക് ഡബ്ലിയു.ജെ.എഡ്മണ്ട് സായിപ്പിന്റെ ചിത്രം.

66. വർക്കല ചാവർകോട്ട് കൊച്ചുചെറുക്കൻ വൈദ്യന്റെ ചിത്രം.

67. പുതിയാകാവ് ആലിന്റെ തെക്കതിൽ ഡോ. ദാനിയേലിന്റെ അമ്മയുടെ ചിത്രം.

68. തിരുനൽവേലി ബിഷോപ്പ് ഡോ. വെസ്റ്റന്റെ സഹോദരി മിസ്. വെസ്റ്റൺ മദാമ്മയുടെ ചിത്രം.

69. മലയാളം സ്കൂൾ ഇൻസ്പെക്ടർ കൊട്ടാരക്കര ആവിയോട് മാത്യുവിന്റെ ചിത്രം. (1931)

70. ചെങ്ങന്നൂർ പേരിശ്ശേരിൽ പുത്തൂർ ശങ്കരൻ കോൺട്രാക്ടറുടെ അച്ഛന്റെ ചിത്രം. (1923-ൽ)

71. വാളക്കുഴിയിൽ മാർ സേവേറിയോസ് മെത്രാന്റെ അമ്മയുടെ ചിത്രം. (തിരുവല്ല 1923-ൽ)

72. തിരുവല്ല ഇരുപള്ളിപ്ര ചട്ടാനുപ്പള്ളിൽ മിസ്സിസ് കെ.ഐ. വർഗീസ് മാപ്പിളയുടെയും ഭർത്താവായ മനോരമ പത്രാധിപർ പരേതനായ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെയും രണ്ടു ചിതങ്ങൾ.

73. ഉമ്പർനാട് ആശ്രമത്തിൽ കൂശ്മാണ്ടസ്വാമിയുടെ ചിത്രം. (1925)

74. കുറത്തികാട്ട് ചേരാവള്ളിയിൽ മാണികത്തനാരുടെ ചിത്രം. (1925)

75. ചങ്ങനാശ്ശേരി ബിഷോപ്പ് ഡോ. കാളാശ്ശേരിയുടെ ചിത്രം. (അരമന)

76. മേപ്രാൽ മണലേൽ കൺസർവേറ്റർ എം.സി. ചാണ്ടിയുടെ അമ്മയുടെ ചിത്രം.

77. കണിയാന്ത്ര ഡോ. അലക്സാണ്ടറിന്റെ പിതാമഹൻ തൊമ്മിക്കുഞ്ഞിന്റെ ചിത്രം.

78. ചെങ്ങന്നൂർ പെരിങ്ങാല കുളമുള്ളതിൽ ശ്രീധര സന്യാസിയുടെയും അച്ഛന്റെയും രണ്ടു ചിത്രങ്ങൾ.

79. തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ട് പത്മനാഭയ്യരുടെ ചിത്രം. (1941-ൽ)

80. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി കെ.കെ. ലൂക്കോസിന്റെയും ഭാര്യ തിരുവിതാംകൂർ ഡർബാർ ഫിസിഷ്യൻ മിസ്. പുന്നൻ ലൂക്കോസിന്റെയും ചിത്രം.

81. തിരുവനന്തപുരം ഹജൂർ സ്റ്റേഷനറി സൂപ്രണ്ട് അയ്യസ് നാരായണപിള്ളയുടെ ചിത്രം.

82. കോട്ടയം പാലാമ്പടം തോമസ് വക്കീലിന്റെ ചിത്രം.

83. ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലിന്റെ ചിത്രം.

84. ക്ലാബീസ് എന്ന അമേരിക്കന്റെ ചിത്രം.

85. ആലുവാ യു.സി. കേളേജ് പ്രിൻസിപ്പൽ ആയിരുന്ന എ.എം. വർക്കിയുടെ ചിത്രം.

86. മേജർ പി.സി. കോശിയുടെ മാതാപിതാക്കളുടെ ചിത്രം.

87. ചേപ്പാട്ട് പ്ലാന്റർ കൊച്ചുമ്മന്റെയും മാതാവിന്റെയും ചിത്രം.

88. കോട്ടയം മേച്ചേരിമഠം അനന്ത നാരായണയ്യരുടെ ചിത്രം.

89. ചെങ്ങന്നൂർ കോട്ടുരുത്തേ ചെറിയാച്ചന്റെ ചിത്രം.

90. കോട്ടയം ഡോ. പുന്നൻ ജേക്കബ്ബിന്റെ ചിത്രം.

91. കല്ലാശ്ശേരി ബാവായുടെ ചിത്രം.

92. തഴക്കര മർത്തോമ്മാ പള്ളി സ്കൂൾ കെട്ടിടത്തിലേക്ക് മലങ്കര മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ചിത്രം.

93. പരുമല മാർ ഗ്രീഗ്രോറിയോസ് മെത്രാപ്പോലീത്തായുടെ പുലിക്കോട്ടിൽ തിരുമേനിയുടെ ചിത്രങ്ങൾ.

94. കോഴഞ്ചേരി തേവർവേലിൽ പാപ്പിയുടെ ചിത്രം.

95. കോട്ടയം പാലാമ്പടം സി.കെ. കോശിയുടെ ചിത്രം.

96. മാവേലിക്കര നടയ്ക്കാവിൽ പി.സി. മാത്യു ഐ.സി.എസ്സിന്റെയും പിതാവിന്റെയും ചിത്രങ്ങൾ.

97. പുതിയകാവിൽ ആലിന്റെ തെക്കതിൽ ഡോ. ദാനിയേലിന്റെയും ഭാര്യയുടേയും ചിത്രങ്ങൾ.

98. പത്തനംതിട്ട കാതോലിക്കേറ്റ് ഇംഗ്ലീഷ് ഹൈസ്ക്കൂളിലേക്ക് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ചിത്രം.

99. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്ക് ചെറിയമഠത്തിൽ അച്ചന്റെ ചിത്രം.

100. മനോരമ പത്രാധിപർ കെ.സി. മാമ്മൻ മാപ്പിളയുടെ ചിത്രം.

101. മാമ്മൻമാപ്പിളയുടെ ഭാര്യയുടെ ചിത്രം.

102. ചേപ്പാട്ട് കിഴക്കേതിൽ മിസ്സിസ്. ഇ.കെ. കൊച്ചുമ്മന്റെ ചിത്രം.

103. കെ.സി. മാമ്മൻമാപ്പിളയുടെയും ഭാര്യയുടെയും ഒരുമിച്ചുള്ള ചിത്രം.

104. കോട്ടയം പാലാമ്പടം പി.റ്റി. തോമസ് വക്കീലിന്റെ ചിത്രം.

105. മാർ ഔഗേൻ തീമോത്തിയോസ് മെത്രപ്പോലീത്തായുടെ ചിത്രം.

106. പി.സി. മാത്യു ഐ.സി.എസ്സിന്റെ അമ്മയുടെ ചിത്രം.

107. മല്ലപ്പള്ളി പൗവ്വത്തികുന്നേൽ ഗീവർഗ്ഗീസ് ഐസക്കിന്റെ ചിത്രം.

108. വടക്കൻ മലബാറിൽ കോഴിക്കോട്ട് മുല്ലശ്ശേരി തറവാട്ടിലെ ഗൃഹനാഥയുടെ ചിത്രം.

109. മുട്ടത്ത് ജഡ്ജി പി.എ. ഉമ്മന്റെ പിതാവിന്റെ ചിത്രം.

110. പാലാമ്പടം കുടുംബാംഗങ്ങളായ ഏഴുപേരുടെ ഒറ്റചിത്രം.

111. തിരുവനന്തപുരം ഹജൂർ സ്റ്റേഷനറി അസിസ്റ്റന്റ് കൺട്രോളർ കെ. കരുണാകരന്റെ ചിത്രം.

112. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന നൈനാൻ എബ്രഹാമിന്റെ ചിത്രം.

113. കുണ്ടറ അലൂമിനിയം കമ്പനി പബ്ലിസിറ്റി ഓഫീസർ ആയിരുന്ന പാർത്ഥസാരഥിയുടെ ചിത്രം.

114. പരുമല കബറടങ്ങിയ ചാത്തുരുത്തിൽ തിരുമേനിയുടെ ചിത്രം.

115. ശ്രീ. കെ.സി. മാമ്മൻമാപ്പിളയുടെ രണ്ട് ചിത്രങ്ങൾ
(ആത്മകഥയിൽ രേഖപ്പെടുത്തിയത്)